(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കോർപ്പറേഷൻ ഓഡിറ്റ് കാര്യാലയം,
കൊച്ചി, എറണാകുളം
ഫോൺ : 0484 –2383994
ഇ-
മെയിൽ:corpkochi.ksad@kerala.gov.in

നം.കെ.എസ്.എ-കെ.സി.സി (എസ് 7) 1185/2018

തീയതി : 30.03.2019/29.04.2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ബഹു. മേയർ (സെക്രട്ടറി മുഖേന)

കൊച്ചി നഗരസഭ

സർ,

വിഷയം : കൊച്ചി നഗരസഭ - 2017-18 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട്
*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊച്ചി നഗരസഭയുടെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയും 3ലേയും ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 02.02.2018 ലെ കെ.എസ്.എ.13178/സിഎആർ.2/17 നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം തയ്യാറാക്കിയ പ്രവർത്തനാവലോകന റിപ്പോർട്ടും ഈ റിപ്പോർട്ടിന്റെ 3-63 ഖണ്ഡികയായി ഉൾപ്പെടുത്തുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭാ കൗൺസിൽ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997ലെ കേരള മുനിസിപ്പാലിറ്റി - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997ലെ കേരള മുനിസിപ്പാലിറ്റി - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

3) നഗരകാര്യ വകുപ്പ് ജോയന്റ് ഡയറക്ടർ, എറണാകുളം

4) കാര്യാലയ പകർപ്പ്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കോർപ്പറേഷൻ ഓഡിറ്റ് കാര്യാലയം,
കൊച്ചി, എറണാകുളം
ഫോൺ : 0484 –2383994
ഇ-മെയിൽ: corpkochi.ksad@kerala.gov.in

നം.കെ.എസ്.എ-കെ.സി.സി (എസ്7) 1185/2018

തീയതി :30.03.2019/29.04.2019

<u>എറണാകുളം ജില്ലയിലെ കൊച്ചി നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

*(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ കൊച്ചി നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 30.01.2017 മുതൽ 31.08.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾക്ക് അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയിട്ടുണ്ട്. കൂടാതെ 29.11.2018ൽ എക്സിറ്റ് മീറ്റിംഗ് നടത്തി റിപ്പോർട്ടിലെ പരാമർശങ്ങൾ കോർപ്പറേഷൻ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. 151 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 119 എണ്ണത്തിന് മറുപടി ലഭിച്ചു. മറുപടി കൂടി പരിഗണിച്ചാണ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമുണ്ടായിരിക്കുന്നതല്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി. സൗദാമിനി പി.വി, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01.02.2017മുതൽ 25.11.2018വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | രശ്മി. ആർ | ഓഡിറ്റ് ഓഫീസർ |
| | പ്രകാശ് കെ.എസ് | ഓഡിറ്റ് ഓഫീസർ |
| | ആശ എം.വി | ഓഡിറ്റ് ഓഫീസർ |
| | ശ്രീദേവി. പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | അജിമോൻ പി.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | സജിത സണ്ണി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | രമ്യ എസ് വിമലൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ബീന എ.ഡി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | സജിമോൾ വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | രാജേഷ് .റ്റി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ഇന്ദുകല സി.വി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | അഭിലാഷ് കെ നാരായണൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ഷാരിമോൾ കെ.ആർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ജോസ് ഫിജോയ് വി.ജെ. | ഓഡിറ്റർ |
| | സഫിയ എം | ഓഡിറ്റർ |
| | അലി .എ | ഓഡിറ്റർ |
| | ബെറ്റ്സി സി.എക്സ് | ഓഡിറ്റർ |
| | വാലന്റൈൻ കെ. ഗിൽബർട്ട് | ഓഡിറ്റർ |
| | ആൽബർട്ട് കെ.ജി. | ഓഡിറ്റർ |
| | നിലൂഫർ ബി.ഐ. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| മേയർ | : | ശ്രീമതി സൗമിനി ജെയിൻ | 1.4.17 മുതൽ 31.3.18വരെ |
| ഡെപ്യൂട്ടി മേയർ | : | ശ്രീ ടി.ജെ വിനോദ് | 1.4.17 മുതൽ 31.3.18വരെ |
| സ്ഥിരം സമിതി അദ്ധ്യക്ഷന്മാർ | | | |
| ക്ഷേമകാര്യകമ്മിറ്റി | : | ശ്രീ എ.ബി സാബു | 1.4.17 മുതൽ 31.3.18വരെ |

| | | | |
|---|---|---|---|
| വികസനകാര്യ കമ്മിറ്റി | : | ശ്രീമതി ഗ്രേസി ജോസഫ് | 1.4.17 മുതൽ 31.3.18വരെ |
| വിദ്യാഭ്യാസ – കായിക കാര്യ കമ്മിറ്റി | : | ഡോ. പൂർണ്ണിമ നാരായണൻ | 1.4.17 മുതൽ 31.3.18വരെ |
| ആരോഗ്യകാര്യ കമ്മിറ്റി | : | അഡ്വ. മിനിമോൾ വി.കെ | 1.4.17 മുതൽ 31.3.18വരെ |
| പൊതുമരാമത്ത് കാര്യ കമ്മിറ്റി | : | ശ്രീ പി.എം ഹാരിസ് | 1.4.17 മുതൽ 31.3.18വരെ |
| നഗരാസൂത്രണകാര്യ കമ്മിറ്റി | : | ശ്രീമതി ഷൈനി മാത്യു | 1.4.17 മുതൽ 31.3.18വരെ |
| നികുതി, അപ്പീൽ കാര്യ കമ്മിറ്റി | : | ശ്രീ കെ.വി.പി കൃഷ്ണകുമാർ | 1.4.17 മുതൽ 31.3.18വരെ |
| സെക്രട്ടറി | : | ശ്രീമതി.ഹരിത വി കുമാർ IAS | 29.1.17 മുതൽ 17.4.17വരെ |
| | | ശ്രീമതി അനുജ എ.എസ് (അഡീഷനൽ സെക്രട്ടറി ഇൻ ചാർജ് ഓഫ് സെക്രട്ടറി) | 18.4.17 മുതൽ 5.5.17വരെ |
| | | ശ്രീമതി അനുജ എ.എസ് | 6.5.17 മുതൽ 31.3.18വരെ |
| അഡീഷണൽ സെക്രട്ടറി | : | ശ്രീമതി അനുജ എ.എസ് | 1.4.17മുതൽ 5.5.17വരെ |
| | | ജീസസ് സി.സി (ഡി.എസ് )<br><br>ഇൻ ചാർജ് ഓഫ് അഡീഷനൽ സെക്രട്ടറി) | 6.5.17 മുതൽ 31.5.17 വരെ |
| | | ശ്രീമതി ഷാജിത യു.എസ്. (സെക്രട്ടറിയുടെ പി.എ.)ഇൻ ചാർജ് ഓഫ് അഡീഷനൽ സെക്രട്ടറി) | 1.6.17 മുതൽ 4.7.17 വരെ |
| | | ശ്രീമതി ഡി.ശ്രീകുമാരി (ഡി.എസ് ) ഇൻ ചാർജ് ഓഫ് അഡീഷനൽ സെക്രട്ടറി) | 5.7.17 മുതൽ 7.10.17 വരെ |
| | | ശ്രീ.പി.കെ. അബ്ദുൾ മജീദ്. (ഡി.എസ് ) ഇൻ ചാർജ് ഓഫ് അഡീഷനൽ സെക്രട്ടറി) | 8.10.17 മുതൽ 13.12.17 വരെ |
| | | ശ്രീ. സയ്ഫുദ്ദീൻ | 14.12.17 മുതൽ 31.3.18 വരെ |
| ഡെപ്യൂട്ടി സെക്രട്ടറി | | ശ്രീ. ജീസസ് സി.സി | 1.4.17മുതൽ 31.5.17 വരെ |
| | | ശ്രീ. ഡി. ശ്രീകമാർ | 5.7.17മുതൽ 7.10.17 വരെ |
| | | ശ്രീ. പി.കെ. അബ്ദുൾ മജീദ് | 8.10.17മുതൽ 31.1.18 വരെ |
| | | ശ്രീ. എ. ചന്ദ്രൻ നായർ | 14.2.18മുതൽ 31.3.18 വരെ |
| അക്കൗണ്ട്സ് ഓഫീസർ | : | ശ്രീ. ചന്ദ്രബാബു എം.എസ് | 1.4.17 മുതൽ 31.3.18വരെ |
| റവന്യൂ ഓഫീസർ | : | ശ്രീ. പോൾ എം. ഫിലിപ്പ് | 1.4.17മുതൽ 19.4.17വരെ |
| | | ശ്രീ. പി.പി. മോഹനൻ | 20.4.17 മുതൽ 30.6.17 വരെ |
| | | ശ്രീമതി ബിന്ദു എൻ.വി. (സൂപ്രണ്ട് | 1.7.17 മുതൽ |

| | | | |
|---|---|---|---|
| | | ശിവദാസൻ അഡി.ചാർജ്ജ്) | 22.10.17വരെ |
| | | ശ്രീ. പി.യു. മുഹമ്മദ് തമീം | 23.10.17 മുതൽ 30.11.17വരെ |
| | | ശ്രീമതി. ബിന്ദു എൻ.വി. (സൂപ്രണ്ട് ഇൻ.ചാർജ്ജ്) | 1.12.17 മുതൽ 5.2.18 വരെ |
| | | ശ്രീ. എ.ജെ. ഫ്രാൻസിസ് സേവ്യർ | 6.2.18മുതൽ 28.2.18 വരെ |
| | | ശ്രീമതി. ബിന്ദു എൻ.വി. (സൂപ്രണ്ട് ഇൻ.ചാർജ്ജ്) | 1.3.18മുതൽ 31.3.18 വരെ |
| <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u> | | | |
| പേര് | | ഉദ്യോഗപ്പേര് | കാലയളവ് |
| ശ്രീ കെ.എസ്. ശശികമാർ | | സൂപ്രണ്ടിംഗ് എഞ്ചിനീയർ | 1.4.17 മുതൽ 8.8.17 വരെ |
| ശ്രീ കെ.ഡി.അജയഘോഷ് | | | 9.8.17 മുതൽ 31.3.18 വരെ |
| ശ്രീ ജിജോ ജോൺ | | പ്രിൻസിപ്പാൾ, എസ്.ആർ.വി. വൊക്കേഷണൽ എച്ച്.എസ്.എസ്, എറണാകുളം | 1.4.17 മുതൽ 31.3.18വരെ |
| ശ്രീമതി. പി.വി. ഷൈലജ | | ഹെഡ് മിസ്ട്രസ്<br>ഗവ. ഗേൾസ് ഹൈസ്കൂൾ | 1.4.17 മുതൽ 31.3.18വരെ |
| ശ്രീമതി റഹ്മത്ത് | | ചൈൽഡ് ഡവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ ഐ.സി.ഡി.എസ്. I, മട്ടാഞ്ചേരി<br>കൊച്ചി അർബൻ - 1 | 1.4.17 മുതൽ 31.3.18വരെ |
| ശ്രീമതി പി.കെ.ഖദീജാമ്മ | | ചൈൽഡ് ഡവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ, ഐ.സി.ഡി.എസ്. II, തേവര<br>കൊച്ചി അർബൻ - 2 | 1.4.17 മുതൽ 31.3.18വരെ |
| ശ്രീമതി ലളിതമോൾ | | ചൈൽഡ് ഡവലപ്പ്മെന്റ് പ്രൊജക്ട്, ഓഫീസർ, ഐ.സി.ഡി.എസ്. III, വൈറ്റില<br>കൊച്ചി അർബൻ - 3 | 1.4.17 മുതൽ 31.3.18വരെ |
| ശ്രീമതി സ്മിത കെ.ബി. | | ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1.4.17 മുതൽ 31.3.18വരെ |
| ശ്രീ ഷാജഹാൻ കെ.എച്ച് | | ഷെഡ്യൂൾഡ് കാസ്റ്റ് ഡെവലപ്പ്മെന്റ് ഓഫീസർ (SCDO) | 1.4.17 മുതൽ 31.3.18വരെ |
| ശ്രീ. പി.കെ. ഉബൈദ് | | അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ, കൃഷി ഭവൻ, കാസർഗോഡ് | 1.4.17 മുതൽ 31.3.18വരെ |
| ശ്രീമതി നിസ. എ | | പ്രൊജക്ട് ഓഫീസർ,<br>യു.പി.എ.ഡി. നോർത്ത് | 1.4.17 മുതൽ 31.3.18വരെ |
| ശ്രീമതി ഹേമ പി. ജോസഫ് | | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ (IEO) | 1.4.17 മുതൽ 31.3.18വരെ |
| ശ്രീ. ബാലസുബ്രഹ്മണ്യൻ വി.സി., | | ഹെൽത്ത് ഓഫീസർ | 1.10.17 മുതൽ 31.3.18വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഖണ്ഡിക നം. | വിഷയം |
|---|---|---|
| ഭാഗം – 1 | | |
| | | |

| | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം -നികുതി നികുതിയേതര വരവുകളിലെ കുറവ് |
| 8 | 1-8 | തനതു വരുമാനം ഗണ്യമായി കുറയുന്നു - നഗരസഭ വായ്പ എടുക്കുന്നു |
| 9 | 1-9 | ബി-ഫണ്ട് ഇനത്തിലെ അപാകതകൾ |
| 10 | 1-10 | നഗരസഭയുടെ സ്ഥിരനിക്ഷേപം - കൃത്യമായ കണക്കും രേഖയുമില്ല |
| 11 | 1-11 | ആഭ്യന്തര നിയന്ത്രണം അപര്യാപ്തം |
| 12 | 1-12 | പൊതുമരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ |
| 13 | 1-13 | ക്ഷേമ പദ്ധതികൾ |
| 14 | 1-14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 15 | 1-15 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിലെ അപാകതകൾ |
| ഭാഗം - 2 | | |
| 16 | 2-1 | പ്രഥമ മേഖലയില്ല – വികസിത പ്രദേശങ്ങളിലെ കെട്ടിടങ്ങൾ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി വസ്തു നികുതിയിൽ ഇളവ് അനുവദിക്കുന്നു. |
| 17 | 2-2 | ഏകീകൃത സ്വഭാവമില്ലാതെ ഇളവ് അനുവദിച്ചതു വഴി വസ്തു നികുതിയിൽ നഷ്ടംഏകീകൃത സ്വഭാവമില്ലാതെ ഇളവ് അനുവദിച്ചതു വഴി വസ്തു നികുതിയിൽ നഷ്ടം |
| 18 | 2-3 | ചട്ടങ്ങൾ ലംഘിച്ച് ഫ്ലാറ്റ് നിർമ്മാണം - വസ്തു നികുതി അടവാക്കാത്തതിനാൽ നഷ്ടം |
| 19 | 2-4 | അൾട്രാ ടെക് സിമന്റ് ലിമിറ്റഡ് - അനധികൃതമായി നിർമ്മിച്ച കെട്ടിടം ക്രമവത്കരിച്ചു |
| 20 | 2-5 | വസ്തുനികുതി അസസ്സ്മെന്റ് രജിസ്റ്റർ ഡാറ്റാ എൻട്രി - പൂർത്തീകരിച്ചില്ല |
| 21 | 2-6 | നഗരസഭയിലെ വസ്തുനികുതി പരിഷ്കരണം - നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപ്പാക്കിയ പ്രവൃത്തികൾ |
| 22 | 2-7 | വസ്തു നികുതി കുടിശ്ശിക – ഡിമാന്റ് ചെയ്തിട്ടും ഈടാക്കിയില്ല |
| 23 | 2-8 | ഒരേ പ്രവേശന മാർഗ്ഗമുള്ള റോഡിലെ കെട്ടിടങ്ങൾക്ക് വ്യത്യസ്ത രീതിയിൽ നികുതി നിർണ്ണയിച്ച് നൽകി |
| 24 | 2-9 | വസ്തു നികുതി നിർണ്ണയം - ഈടാക്കിയത് കുറവ് |
| 25 | 2-10 | സ്വിമ്മിംഗ് പൂളിന്റെ വിസ്തീർണ്ണം ഉൾപ്പെടുത്താതെ വസ്തു നികുതി നിർണ്ണയം |
| 26 | 2-11 | ബി. എസ്. എൻ. എൽ കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല |
| 27 | 2-12 | വസ്തു നികുതി ഈടാക്കിയതിൽ കുറവ് - നഗരസഭയ്ക്ക് നഷ്ടം |
| 28 | 2-13 | വസ്തു നികുതി ഇളവ് അനുവദിച്ചത് ക്രമപ്രകാരമല്ല |
| 29 | 2-14 | അനധികൃതമായി മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നു - നടപടി സ്വീകരിക്കുന്നില്ല. |

| | | |
|---|---|---|
| 30 | 2-15 | അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല |
| ~~31~~ | ~~2-16~~ | തൊഴിൽ നികുതി - അപാകതകൾ |
| 32 | 2-17 | ചെക്ക് മുഖേനയുള്ള റവന്യു വരവ്- ചെക്ക് മടങ്ങിയത് നഗരസഭാ ഫണ്ടിന്റെ നഷ്ടം- 1,03,85,659/- രൂപ |
| 33 | 2-18 | രസീത് ബുക്ക് നഷ്ടപ്പെട്ടു - നഷ്ടടം നിർണ്ണയിക്കുവാൻ സാധിക്കുന്നില്ല |
| 34 | 2-19 | കാരണം രേഖപ്പെടുത്താതെ രശീതുകൾ റദ്ദ് ചെയ്യുന്നു. |
| 35 | 2-20 | രസീത് ബുക്ക് ഉപയോഗിക്കാതെയും റദ്ദ് ചെയ്യാതെയും കൈവശംവെയ്ക്കുന്നു |
| 36 | 2-21 | ബിൽഡിംഗ് പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്. |
| 37 | 2-22 | ഡി & ഒ ലൈസൻസ് ഫീസ് പിരിക്കൽ സംബന്ധിച്ച അപാകതകൾ |
| 38 | 2-23 | പാരാമെഡിക്കൽ രജിസ്ട്രേഷൻ ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 39 | 2-24 | ആശുപത്രി നടത്തിപ്പിന് ലൈസൻസ് അനുവദിക്കൽ - നടപടിക്രമങ്ങളിൽ അപാകത |
| 40 | 2-25 | നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ നിന്ന് വാടക പിരിക്കുന്നതിലെ വീഴ്ച |
| 41 | 2-26 | നഗരസഭയുടെ കലൂർ ബസ് സ്റ്റാന്റിലെ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയത് മാനദണ്ഡങ്ങൾ പാലിക്കാതെ |
| 42 | 2-27 | കമ്മ്യൂണിറ്റി ഹാളിന് നഗരസഭ വാടക നിർണ്ണയിക്കാതെ കുത്തകാവകാശം ലേലം ചെയ്തു |
| 43 | 2-28 | കടമുറികൾ മുറിച്ച് വാടകയ്ക്ക് നൽകുന്നു |
| 44 | 2-29 | വാടകയിനത്തിൽ ലഭിയ്ക്കേണ്ട തുക ലഭിയ്ക്കാതിരുന്നതുമൂലം നഗരസഭയ്ക്ക് 5,90,214 രൂപ നഷ്ടം |
| 45 | 2-30 | പോളക്കണ്ടം മാർക്കറ്റ് - യൂസർ ഫീസ് പിരിയ്ക്കാതിരുന്നതുമൂലം നഷ്ടം |
| 46 | 2-31 | നിർമ്മാണം പൂർത്തീകരിച്ച കടമുറികൾ ലേലം ചെയ്ത് നൽകിയിട്ടില്ല |
| 47 | 2-32 | സ്വകാര്യ പാർക്കിംഗ് ഏരിയ – ലൈസൻസ് ഫീ ഈടാക്കുന്നില്ല |
| 48 | 2-33 | എറണാകുളം മാർക്കറ്റ് മട്ടൻ സ്റ്റാൾ 3 വർഷത്തേക്ക് തുടർച്ചയായി ടെണ്ടർ ചെയ്തു കൊടുത്തു - വരുമാനത്തിൽ കുറവ് |
| 49 | 2-34 | കുത്തക പിരിക്കുന്നതിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തുന്നില്ല. |
| 50 | 2-35 | സുഭാഷ് പാർക്കിന് സമീപമുള്ള പാർക്കിംഗ് ഏരിയയിൽ അനധികൃത പാർക്കിംഗ് - ലേലത്തുകയിൽ വൻ കുറവ് |
| 51 | 2-36 | മട്ടാഞ്ചേരി മേഖലയിൽ നഗരസഭയുടെ 48 കടമുറികൾ സ്വകാര്യ വ്യക്തികൾ അനധികൃതമായി കൈവശം വച്ചിരിക്കുന്നു. |
| 52 | 2-37 | നഗരസഭയുടെ ശ്മശാനം നടത്തിപ്പ് കാര്യക്ഷമമല്ല |
| 53 | 2-38 | കളക്ഷൻ തുക അക്കൗണ്ടിൽ കൂടുന്നു - നഗരസഭയ്ക്ക് ഒന്നിലധികം സേവിംഗ്സ് അക്കൗണ്ടുകൾ |
| 54 | 2-39 | പള്ളുരുത്തി ഗ്രന്ഥശാല പ്രവർത്തനം - ജനങ്ങൾക്ക് പ്രയോജനപ്പെടുന്നില്ല |
| ഭാഗം - 3 | | |

| | | |
|---|---|---|
| 55 | 3-1 | ബില്ലിൽ നിന്ന് കോർപ്പറേഷൻ നൽകിയ ബിറ്റുമിന്റെ വില ഈടാക്കിയതിലെയും നികുതി ഈടാക്കിയതിലെയും അപാകത മൂലം കരാറുകാർക്ക് അധികം നൽകിയത് - 44,63,431രൂപ |
| 56 | 3-2 | മഴക്കാലപൂർവ്വ ശുചീകരണ പദ്ധതിയ്ക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ മറികടന്ന് കൂടുതൽ തുക അനുവദിച്ചു |
| 57 | 3-3 | പള്ളുരുത്തി നാൽപതടി റോഡിന് സ്ഥലമെടുപ്പ് - പൂർത്തീകരിച്ചില്ല - മറ്റ് അപാകതകൾ |
| 58 | 3-4 | ഇടക്കൊച്ചി - കണ്ണങ്ങാട്ട് പാലത്തിന്റെ അപ്രോച്ച് റോഡിനു വേണ്ടി സ്ഥലം വാങ്ങൽ - കെട്ടിട വിലയിൽ കാലപഴക്കത്തിനുള്ള തുക കുറവ് വരുത്തിയില്ല – അനധികൃത കെട്ടിടത്തിന് പണം നൽകി |
| 59 | 3-5 | സ്ഥലമെടുപ്പ് സ്പെഷ്യൽ തഹസിൽദാരുടെ ഓഫീസിനെ നിർജ്ജീവമാക്കി - നഗരസഭ നേരിട്ട് സ്ഥലം എറ്റെടുക്കുന്നു - എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് നൽകേണ്ടി വരുന്നു. |
| 60 | 3-6 | അരക്കോടിരൂപയുടെ ഡി.ഡി. 8 വർഷമായി ഓഫീസിൽ സൂക്ഷിച്ചു - നഗരസഭയ്ക്ക് സ്ഥലം നഷ്ടപ്പെട്ടു |
| 61 | 3-7 | കോടതി കേസുകളിൽ വിധികടം വീട്ടുന്നില്ല – നഗരസഭയ്ക്ക് പലിശ ബാധ്യത |
| 62 | 3-8 | നഗരത്തിലെ പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യൽ കരാർ - നഗരസഭയ്ക്ക് നഷ്ടം |
| 63 | 3-9 | നഗരത്തിലെ ഖര മാലിന്യ നീക്കം കൃത്യമായി നടക്കുന്നില്ല നഗരസഭയ്ക്ക് അധിക ബാദ്ധ്യത |
| 64 | 3-10 | ബ്രഹ്മപുരം മാലിന്യ പ്ലാന്റിൽ മാലിന്യം നീക്കം ചെയ്യുന്നതിന് എസ്കവേറ്റർ (JCB) – ടെണ്ടർ ക്ഷണിക്കാതെ വാടകയിനത്തിൽ ഉപയോഗിക്കുന്നു |
| 65 | 3-11 | മാലിന്യ നിർമാർജ്ജനത്തിന് റെഫ്യൂസ് കോംപാക്റ്റർ വാങ്ങൽ - നിലവിലുള്ള വാഹനങ്ങൾ പ്രവർത്തനക്ഷമമാക്കാൻ കാലതാമസം |
| 66 | 3-12 | വാഹനങ്ങൾ കഴുകുന്നതിന് പ്രഷർ പമ്പ് വാങ്ങൽ - ചെലവഴിച്ച 58,205 രൂപ പാഴായി |
| 67 | 3-13 | മട്ടാഞ്ചേരി ഡച്ച് പാലസ് കോമ്പൗണ്ടിലെ പുരാതന പൊതുകുളം നവീകരിയ്ക്കൽ പ്രവൃത്തിയിലെ അപാകതകൾ |
| 68 | 3-14 | പോളക്കണ്ടം മാർക്കറ്റ് നവീകരണം, ഡിവിഷൻ-24 - ട്രസ്സ് വർക്കിനും ഷട്ടർ മാറ്റ പ്രവൃത്തികൾക്കും നൽകിയ 5,07,892 രൂപയുടെ ചെലവുകൾ തടസ്സപ്പെടുത്തുന്നു. |
| 69 | 3-15 | RFID പദ്ധതി തൃപ്തികരമായ രീതിയിൽ നടപ്പിലാക്കുന്നില്ല |
| 70 | 3-16 | കൊച്ചി നഗരസഭ വികസന ഫണ്ട് ചെലവഴിച്ച് സ്വകാര്യ വ്യക്തികളുടെ ഭവനങ്ങളിൽ ടോയ്‌ലെറ്റ് നവീകരിച്ച് നൽകി - 17,21,377/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. |
| 71 | 3-17 | സർക്കാർ സ്കൂളുകളിൽ സ്ഥാപിച്ച സാനിറ്ററി നാപ്കിൻ വെന്റിംഗ് മെഷീൻ, ഇൻസിനറേറ്റർ - ലക്ഷ്യം കൈവരിച്ചില്ല |
| 72 | 3-18 | ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലെ കമ്പ്യൂട്ടർ സപ്ലൈ പ്രയോജന രഹിതം |

| | | |
|---|---|---|
| 73 | 3-19 | എ.എം.സി.- കമ്പ്യൂട്ടർ സർവ്വീസിംഗ് നടത്തിയ ബില്ലുകൾ ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു. |
| 74 | 3-20 | പഠനമുറി നിർമ്മാണം - അപാകങ്ങൾ |
| 75 | 3-21 | അംഗീകൃത ലൈബ്രറികൾക്ക് പുസ്തകവിതരണം - നിർവ്വഹണത്തിലെ അപാകതകൾ |
| 76 | 3-22 | ഹെൽത്ത് സെന്ററുകൾക്ക് ഫർണിച്ചർ - സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായ വാങ്ങൽ |
| 77 | 3-23 | മാലിന്യശേഖരണത്തിന് കൈവണ്ടികൾ വാങ്ങൽ - നിർവ്വഹണത്തിലെ അപാകതകൾ |
| 78 | 3-24 | ഗവൺമെന്റ് ആശുപത്രികൾക്കാവശ്യമായ മരുന്ന് വാങ്ങൽ- അപാകതകൾ |
| 79 | 3-25 | കൈമാറിക്കിട്ടിയ ഗവൺമെന്റ് ആശുപത്രികൾക്കാവശ്യമായ മരുന്ന് വാങ്ങൽ - അപാകതകൾ |
| 80 | 3-26 | സിറ്റിസെൻ ഡിജിറ്റൽ ഡയറി- പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ |
| 81 | 3-27 | ഇ-ജാലകം (ഓൺ ലൈൻ സേവനങ്ങൾ) - പ്രോജക്റ്റ് നിർവ്വഹണം |
| 82 | 3-28 | ചുഴലി പാലിയേറ്റീവ് രോഗികൾക്ക് പരിചരണം - നിർണയിക്കപ്പെട്ട രേഖകൾ സൂക്ഷിക്കുന്നില്ല |
| 83 | 3-29 | എസ്.സി./ എസ്.റ്റി. വിദ്യാർത്ഥികൾക്കുള്ള നൈപുണ്യ പരിശീലനം- നിർവ്വഹണത്തിലെ അപാകത (ഫയൽ നമ്പർ.ISO/CCPC.7/23186/17) |
| 84 | 3-30 | SSLC,+2 പരീക്ഷയിൽ 100% വിജയം നേടിയ സ്കൂളുകൾക്കും വിദ്യാർത്ഥികൾക്കും ആദരവ്- നിർവ്വഹണത്തിലെ അപാകതകൾ. |
| 85 | 3-31 | സോളാർ സിറ്റി പ്രോജക്റ്റ് - സമയബന്ധിതമായി പൂർത്തീകരിച്ചില്ല- നഗരസഭയ്ക്ക് ലഭിക്കേണ്ട കേന്ദ്രവിഹിതം നഷ്ടമാവാൻ സാദ്ധ്യത. |
| 86 | 3-32 | അംഗീകൃത നിരക്കിനേക്കാൾ കൂടുതൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് നൽകി |
| 87 | 3-33 | വീട് വാസയോഗ്യമാക്കൽ - പദ്ധതി നടത്തിപ്പിൽ അപാകതകൾ |
| 88 | 3-34 | കാർഷിക മേഖലയിലെ പ്രോജക്റ്റുകൾ - ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ ലഭ്യമായെന്ന് ഉറപ്പുവരുത്തുവാൻ സാധിക്കുന്നില്ല |
| 89 | 3-35 | മാനദണ്ഡങ്ങൾ പാലിക്കാതെ പൊതു സ്ഥലങ്ങളിലെ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് തുക ചെലവഴിക്കുന്നു |
| 90 | 3-36 | വിശാല കൊച്ചി വികസന അതോറിറ്റിയുടെ സ്ഥലത്ത് നഗരസഭ വികസന ഫണ്ട് ഉപയോഗിച്ച് ഹെൽത്ത് ക്ലബ് നിർമ്മിച്ചു. |
| 91 | 3-37 | വൈപ്പിൻ - ഫോർട്ട് കൊച്ചി റോ -റോ ജങ്കാർ നിർമ്മാണം - മാനദണ്ഡങ്ങൾ പാലിച്ചില്ല |
| 92 | 3-38 | ലീസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല |
| 93 | 3-39 | പുതിയ ഓഫീസ് കെട്ടിട നിർമ്മാണപ്രവൃത്തിയിൽ കാലതാമസം |
| 94 | 3-40 | സൂപ്പറാനുവേഷനുശേഷവും സേവനത്തിൽ തുടർന്നു. |
| 95 | 3-41 | അധിക ശമ്പളം അനുവദിച്ചതുവഴി നഗരസഭയ്ക്ക് നഷ്ടം |
| | | |

| | | |
|---|---|---|
| 96 | 3-42 | മാലിന്യ ശേഖരണത്തിനായുള്ള കവചിത വാഹനങ്ങളിലേക്ക് ഡ്രൈവർമാരെ സപ്ലൈ ചെയ്യൽ - അപാകതകൾ |
| 97 | 3-43 | കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ അംഗീകാരത്തിനായി രേഖകൾ ലഭ്യമാക്കുന്നതിലും പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിലും കാലതാമസം. |
| 98 | 3-44 | റെഗുലർ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കുന്നില്ല |
| 99 | 3-45 | പങ്കാളിത്ത പെൻഷൻ |
| 100 | 3-46 | കണ്ടിജന്റ് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് സൂക്ഷിപ്പിലെ അപാകതകൾ- തുക നൽകുന്നതിൽ കാലതാമസം |
| 101 | 3-47 | നിരീക്ഷണകാലം പൂർത്തീകരിക്കുന്നതിന് മുൻപ് സ്ഥാനക്കയറ്റം നൽകുന്നു |
| 102 | 3-48 | ജീവനക്കാരുടെ അവധികൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല, അവധികൾ പരിഗണിക്കാതെ ശമ്പളം നൽകിയതിനാൽ നഷ്ടം |
| 103 | 3-49 | വാഹനങ്ങളുടെ പരിപാലനവും കൈയൊഴിയലും - അപാകതകൾ |
| 104 | 3-50 | ജനറം കുടിവെള്ള പദ്ധതി (JNNURM) - നഗരസഭാവിഹിതം - പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല. |
| 105 | 3-51 | അമൃത് പദ്ധതി നഗരസഭ വിഹിതം - വിനിയോഗിക്കപ്പെടാതെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ സൂക്ഷിക്കുന്നു |
| 106 | 3-52 | കൊച്ചി സ്മാർട്ട് സിറ്റി |
| 107 | 3-53 | രാജീവ് ആവാസ് യോജന (RAY) |
| 108 | 3-54 | പ്രധാന മന്ത്രി ആവാസ് യോജന (പി.എം.എ.വൈ) |
| 109 | 3-55 | ലൈഫ് മിഷൻ പദ്ധതി - Livelihood Inclusion & Financial Empowerment (LIFE) |
| 110 | 3-56 | സ്വച്ഛ്ഭാരത് മിഷൻ [SBM] ODF (open defecation free) മിഷൻ - പ്രഖ്യാപനം വൈകുന്നു. |
| 111 | 3-57 | മുൻകൂറായി നല്കുന്ന തുകകൾ യഥാസമയം ക്രമീകരിച്ചിട്ടില്ല |
| 112 | 3-58 | ഡെപ്പോസിറ്റ് ജോലികൾ പൂർത്തീകരിച്ചിട്ടില്ല- 2,28,80,931/- ചെലവ് തടസ്സപ്പെടുത്തുന്നു |
| 113 | 3-59 | മുൻകൂർ അടച്ചിട്ടും തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിയ്ക്കാത്തതിനാൽ വൈദ്യുതി ചാർജിനത്തിൽ അധികച്ചെലവ് |
| 114 | 3-60 | ബിറ്റുമിൻ വാങ്ങിയതിന്റെ വിവരം ലഭ്യമാക്കിയില്ല. ചെലവ് തടസ്സപ്പെടുത്തുന്നു |
| 115 | 3-61 | തൊഴിൽരഹിത വേതന വിതരണം - അപാകതകൾ |
| 116 | 3-62 | സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം - അപാകതകൾ |
| ഭാഗം – 4 | | |
| 117 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 118 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 119 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 120 | 4-4 | സ്ഥിരനിക്ഷേപങ്ങൾ |

| | | |
|---|---|---|
| 121 | 4-5 | ഓഡിറ്റ് റിക്കവറി |
| 122 | 4-6 | വായ്പ/ വായ്പ തിരിച്ചടവ് |
| 123 | 4-7 | ഓഡിറ്റ് പ്രത്യവലോകനം |
| 124 | 4-8 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധങ്ങൾ | | |
| 125 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 126 | അനുബന്ധം-2 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് |
| 127 | അനുബന്ധം-3 | ചെക്ക് മുഖേനയുള്ള റവന്യൂ വരവ് - ചെക്ക് മടങ്ങിയതിന്റെ വിവരങ്ങൾ |
| 128 | അനുബന്ധം-4 | ഡി & ഒ ലൈസൻസ് ഫീസ് ഒടുക്കാത്ത സ്ഥാപനങ്ങളുടെ ലിസ്റ്റ് |
| 129 | അനുബന്ധം-5 | ക്രമീകരിക്കാത്ത മുൻകൂറുകൾ |
| 130 | അനുബന്ധം-6 | തൊഴിൽരഹിത വേതന വിതരണം - അപാകതകൾ |
| 131 | അനുബന്ധം-7 | വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2017-18 |
| 132 | അനുബന്ധം-8 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2017-18 |
| 133 | അനുബന്ധം-9 | ബാലൻസ് ഷീറ്റ് 2017-18 |


# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

ഓഡിറ്റ് വർഷത്തെ ബജറ്റ് 28.03.17-ാം തീയതിയിലെ കൗൺസിൽ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 27.3.2018ലെ 1-ാം നമ്പർ തീരുമാനം പ്രകാരം ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് വിവരം:

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥ ത്തിലുള്ളത് | വ്യത്യാസം | | ശതമാനം (+) (-) |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| വരവ് | 7156152126.64 | 4364131027 | | 2792021099.64 | (-)39% |
| ചെലവ് | 5943230081.60 | 4354686046 | | 1588544035.60 | (-)27% |

ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ വലിയ വ്യത്യാസമുണ്ട്. തനതുഫണ്ട് വകയിരുത്തി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബിൽ തുക കരാറുകാർക്ക് നൽകുന്നത് പ്രവൃത്തി നടത്തിയതിനുശേഷം രണ്ടും മൂന്നും വർഷങ്ങൾ കഴിഞ്ഞിട്ടാണ്. തനതുഫണ്ടിൽ പണമില്ലാത്തതിനാൽ രണ്ട് വർഷങ്ങൾക്ക് ശേഷവും ഇതിനായി വായ്പ എടുത്താണ് കുടിശ്ശിക തുക കൊടുത്തു തീർക്കുന്നത്. ഒരു പ്രവൃത്തിക്ക് ചെലവഴിക്കേണ്ടി വരുന്ന തുക ഉറപ്പുവരുത്തിയിട്ടാണ് പ്രവൃത്തിക്ക് ഭരണാനുമതി നൽകേണ്ടത്. ലഭിക്കാവുന്ന യഥാർത്ഥ വരവ് കണക്കിലെടുക്കാതെ പെരുപ്പിച്ച് തയ്യാറാക്കുന്ന ബജറ്റ് മൂലമാണ് ഈ സ്ഥിതി വിശേഷം ഉണ്ടാകുന്നത്. ബജറ്റ് യാഥാർത്ഥ്യബോധത്തോടു കൂടി തയ്യാറാക്കേണ്ടതാണ്.

ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ 8541669069.41 രൂപ വരവും 8222992285 രൂപ ചെലവും 168361784.41 രൂപ നീക്കിയിരുപ്പുമാണ് പ്രതീക്ഷിച്ചിട്ടുള്ളത്. 27.03.2018 ലെ 1-ാം നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റിൽ വരവ് 7156152126.64 രൂപയും ചെലവ് 5943230081.60 രൂപയും നീക്കിയിരുപ്പ് 1062607045.04 രൂപയുമാണ്.

**ബജറ്റ് റിവിഷൻ**

27.03.2018-ാം തീയതി അംഗീകരിച്ച 2017-18ലെ പുതുക്കിയ ബജറ്റ്, 2018-19 ബജറ്റിലെ പദ്ധതി രൂപീകരണത്തിലെ അപാകതകൾ സംബന്ധിച്ച് കൊച്ചി കോർപ്പറേഷൻ കൗൺസിലർമാർ 27.03.2018-ൽ തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി മുമ്പാകെ പരാതി സമർപ്പിക്കുകയുണ്ടായി. (ഫയൽ നം. MOA 13/42183/17) ഇതേ തുടർന്ന് തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ (നം. എ.സി. 3/100/2018/തസ്വഭവ തീയതി. 18.04.2018) നിർദ്ദേശാനുസരണം 21.04.2018-ന് സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറുടെ നേതൃത്വത്തിൽ കൊച്ചി കോർപ്പറേഷൻ ഓഫീസിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തി റിവൈസ്ഡ് ബജറ്റ് തയ്യാറാക്കി ഒരു മാസത്തിനകം വിവരം സർക്കാരിൽ സമർപ്പിക്കുവാൻ കോർപ്പറേഷൻ സെക്രട്ടറിക്ക് അഡീഷണൽ ചീഫ് സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുണ്ട്.

1. 2018 മാർച്ച് 31-ന് അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ കൂടി ഉൾപ്പെടുത്തി റിവൈസ്ഡ് ബജറ്റ് തയ്യാറാക്കി അംഗീകാരം നേടേണ്ടതാണ്.
2. സ്പിൽ ഓവർ പ്രോജക്ടുകളിൽ പ്രാമുഖ്യമുള്ളവ കണ്ടെത്തി 2018-19 വർഷത്തിൽ തുടരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. നവ കേരള മിഷൻ പ്രോജക്ടുകൾക്ക് ഊന്നൽ കൊടുക്കുന്ന തരത്തിൽ പദ്ധതികൾ രൂപീകരിക്കേണ്ടതാണ്.

4.7.2018-ലെ 1-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം തയ്യാറാക്കിയ 2018-19 വർഷത്തെ അന്തിമ പദ്ധതി രേഖ 2018-19 വർഷത്തെ ബജറ്റിന്റെ അനുബന്ധമായി ഉൾപ്പെടുത്തി ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്. എന്നാൽ 2017-18-ലെ അന്തിമ പദ്ധതിരേഖ പുതുക്കിയ ബജറ്റിന്റെ (2017-18) ഭാഗമാക്കിയിട്ടില്ല.

**ബജറ്റ് രൂപീകരണത്തിലെ പോരായ്മകൾ (2017-18)**

1. സ്പിൽ ഓവർ പദ്ധതികളും, വാർഷിക പദ്ധതികളും പുതുക്കിയ ബജറ്റിൽ ഉൾപ്പെടുത്തിയില്ല.

2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട വാർഷിക പദ്ധതികൾക്കും 2016-17ലെ സ്പിൽ ഓവർ പദ്ധതികൾക്കും 13.06.2017ലാണ് സി.പി.സി. അംഗീകാരം ലഭിച്ചിട്ടുള്ളത്. ആയതിനാൽ 28.03.2017-ൽ അംഗീകരിച്ച 2017-18 ബജറ്റിൽ ടി വിവരം ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. എന്നാൽ 27.3.2018-ലെ പുതുക്കിയ ബജറ്റിലും പ്രസ്തുത വിവരം ഉൾപ്പെടുത്തിയിട്ടില്ല. അംഗീകാരം ലഭിച്ച വാർഷിക പദ്ധതി കൂടി ബജറ്റ് പുതുക്കുമ്പോൾ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

2. വികസന ഫണ്ട് - ബജറ്റിൽ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല.

2017-18 സംസ്ഥാന ബജറ്റ് അനുബന്ധം 4 പ്രകാരം അനുവദിച്ചിട്ടുള്ള വികസന ഫണ്ട് തുക നഗരസഭ ബജറ്റിൽ ഉൾപ്പെടുത്തിയതിൽ പൊരുത്തക്കേട് നിലനിൽക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | ബജറ്റിൽ വകയിരുത്തിയ തുക | സംസ്ഥാന ബജറ്റ് അനുബന്ധം IV പ്രകാരം അനുവദിച്ചിട്ടുള്ള തുക |
|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 333486201 | 491417000 |
| വികസന ഫണ്ട് എസ്.സി.പി | 89403370 | 81480000 |
| വികസന ഫണ്ട് (ധനകാര്യ കമ്മീഷൺ ) | 644763513 | 496482317 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 337857793 | 206685000 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 189718104 | 113799000 |
| ആകെ | 1595228981 | 1389863317 |

സംസ്ഥാന ബജറ്റ് അനുബന്ധം - 4 പ്രകാരം അനുവദിച്ചിട്ടുള്ള തുകയാണ് കോർപ്പറേഷൻ ബജറ്റിൽ ഉൾപ്പെടുത്തേണ്ടത്. (2017-18 -ൽ അനുബന്ധം പ്രകാരമുള്ള മുഴുവൻ തുകയും നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ട്.)

3. പദ്ധതി വിഹിതം - മേഖല തിരിച്ചുള്ള (വിഷയാടിസ്ഥാനത്തിൽ) വകയിരുത്തലുകൾ - കേരള മുനിസിപ്പാലിറ്റി നിയമങ്ങളിലെ 1-ാം പട്ടിക)

പദ്ധതി വിഹിതം മേഖല തിരിച്ച് ബജറ്റിൽ വകയിരുത്തിയിട്ടില്ല. അന്തിമ പദ്ധതി രേഖ (2017-18) പ്രകാരമുള്ള പദ്ധതികളുടെ ലിസ്റ്റ് 13.06.2017-ന് ഡി.പി.സി. അംഗീകാരം ലഭിച്ചതാണെങ്കിലും 27.03.2018-ൽ അംഗീകാരം ലഭിച്ച പുതുക്കിയ ബജറ്റിലും, ടി പദ്ധതി ലിസ്റ്റ് ഉൾപ്പെടുത്തി പരിഷ്കരിച്ചിട്ടില്ല. അന്തിമ പദ്ധതി രേഖ ബജറ്റിന്റെ ഭാഗമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ മേഖലാടിസ്ഥാനത്തിലുള്ള ബജറ്റ് വകയിരുത്തൽ നടത്തിയിട്ടുള്ളത് സ്ഥാപനങ്ങളും പ്രാധാന്യം കണക്കാക്കിയല്ല.

2017-18 വർഷത്തെ അന്തിമ പദ്ധതി രേഖയിൽ കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ 1-ാം പട്ടിക പ്രകാരം മേഖലാടിസ്ഥാനത്തിൽ വകയിരുത്തിയ തുകയും യഥാർത്ഥ ചെലവ് തുകയും ചുവടെ ചേർക്കുന്നു.

| ഉപമേഖലാ വിഭജനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| കൃഷി | 7416620.00 | 2241442 |
| മൃഗസംരക്ഷണം | 13950000.00 | 2692770 |
| മത്സ്യ ബന്ധനം | 51252376.00 | 18327427 |
| പ്രാദേശിക സാമ്പത്തിക വികസനം | 31162465.00 | 6471763 |
| വിദ്യാഭ്യാസം, കായികം, യുവജനക്ഷേമം | 52015960.00 | 52369909 |
| ആരോഗ്യം | 47926380.00 | 82546859 |
| ശുചിത്വം, മാലിന്യ സംസ്കരണം | 163497277.00 | 41518439 |
| കുടിവെള്ളം | 15251500.00 | 53237514 |
| കല, സംസ്കാരം, പുരാവസ്തു സംരക്ഷണം | 44519857.00 | 30628466 |

| | | |
|---|---|---|
| വനിതാ വികസനം | 76204874.00 | 31256964 |
| പാർപ്പിടം, ദാരിദ്ര്യ ലഘൂകരണം, ചേരിപരിഷ്കരണം | 138222960.00 | 57684202 |
| സാമൂഹ്യ നീതി, പൊതുഭരണവും ധനകാര്യവും | 117523482.00 | 99600455 |
| ഗതാഗതം, വെള്ളക്കെട്ട് | 493446366.00 | 490867969 |
| ഊർജ്ജം/ പൊതു കെട്ടിടം, നഗരാസൂത്രണം | 138079536.00 | 128719424 |
| ആകെ | 1389469653.00 | 1098163603.00 |

കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ 1-ാം പട്ടിക പ്രകാരം വിവിധ മേഖലകൾക്കായി തുക വകയിരുത്തിയതിൽ, വിദ്യാഭ്യാസം, കായികം, യുവജനക്ഷേമം, ആരോഗ്യം, കുടിവെള്ളം എന്നീ മേഖലകളിൽ ബജറ്റ് വിഭാവനം ചെയ്തതിനേക്കാൾ കൂടുതൽ തുക ചെലവഴിക്കാനിടയായി. മേഖലാ പ്രാധാന്യം കണക്കാക്കി തുക വകയിരുത്തേണ്ടതാണ്. ബജറ്റ് തുകയിൽ നിന്നു കൊണ്ട് ചെലവ് ചെയ്യുന്നതിനും യാഥാർത്ഥ്യ ബോധം ഉൾക്കൊണ്ട് ബജറ്റ് തയ്യാറാക്കുന്നതിനും, സർക്കാർ ഉത്തരവുകൾ പാലിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

4. മേഖലാ വിഭജനം

ഉല്പാദന, പശ്ചാത്തല, സേവന മേഖലകളിലേയ്ക്കായി വകയിരുത്തിയ തുകയും യഥാർത്ഥത്തിൽ ചെലവഴിച്ച തുകയുടെയും വിവരം ചുവടെ ചേർക്കുന്നു.

| മേഖലാ വിഭജനം (2017-18) | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|
| ഉത്പാദനം | 83150000 | 29734403 | 35% |
| പശ്ചാത്തലം | 635659707 | 591659455 | 93% |
| സേവനം | 670659946 | 476769745 | 71% |
| | 1389469653 | 1098163603 | |

ഉല്പാദന മേഖലയിൽ വകയിരുത്തിയ തുകയുടെ 35% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

5. നിർബന്ധമായി വകയിരുത്തേണ്ട വിഭാഗങ്ങൾക്ക് വകയിരുത്തിയ തുകയുടെ വിവരം

അന്തിമ പദ്ധതി രേഖ (2017-18) പ്രകാരം നിർബന്ധമായി വകയിരുത്തേണ്ട വിഭാഗങ്ങൾക്കായി വകയിരുത്തിയ തുകയുടെയും യഥാർത്ഥ ചെലവ് വിവരവും ചുവടെ ചേർക്കുന്നു.

| | വിഭാഗം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| 1 | കുട്ടികൾ, ഭിന്നശേഷിക്കാർ, ഭിന്നലിംഗക്കാർ എന്നിവർക്കുള്ള പദ്ധതി | 103345138 | 79635639 | 77% |
| 2 | ശുചിത്വം, മാലിന്യ സംസ്കരണം | 163497277 | 41518439 | 25% |
| 3 | വനിതാ വികസനം | 76204874 | 31256964 | 4% |
| 4 | വയോജനങ്ങൾക്കുള്ള പദ്ധതി | 35347709 | 4863357 | 13% |

ഈ വിഭാഗത്തിൽ വയോജനങ്ങൾക്കായി വകയിരുത്തിയ തുകയിൽ 13% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്,

6. നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ ചെലവ് വിവരം ബജറ്റ് വകയിരുത്തലും തമ്മിൽ വൻ അന്തരം

വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥൻ | ബജറ്റിൽ വകയിരുത്തിയ തുക | യഥാർത്ഥ ചെലവ് തുക | ചെലവ് ശതമാനം (%) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | പ്രോജക്റ്റ് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജനം | 123480000 | 49499827 | 40% |
| 2 | വെറ്റിനറി സർജ്ജൻ & ഡയറി ഡവലപ്മെന്റ് ഓഫീസർ | 17526325 | 1365002 | 7.7% |
| 3 | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 2600000 | 1202473 | 46% |
| 4 | എസ്.സി. ഡെവലപ്മെന്റ് ഓഫീസർ | 52349845 | 15838078 | 30% |
| 5 | ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം | 40000000 | 10136423 | 25% |
| 6 | സബ് ഇൻസ്പെക്ടർ, ഫിഷറീസ് | 50000000 | 1499898 | 2.9% |
| 7 | കൃഷി ഓഫീസർ/ അഗ്രി. ഫീൽഡ് ഓഫീസർ | 6920000 | 1963765 | 28% |
| 8 | സി.ഡി.പി.ഒ. | 88360898 | 31673142 | 35% |
| 9 | ഹെൽത്ത് ഓഫീസർ | 58550000 | 23866497 | 40% |

ഫിഷറീസ് സബ് ഇൻസ്പെക്ടർ, വെറ്റിനറി സർജൻ, ഡയറി ഡെവലപ്മെന്റ് ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർക്കായി റിവൈസ്ഡ് ബജറ്റ് 2017-18 വകയിരുത്തിയ തുകയുടെ യഥാ ക്രമം 2.9%, 7.7% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അന്തിമ പദ്ധതി രേഖ പ്രകാരമുള്ള തുക ബജറ്റിൽ വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

7. <u>ബജറ്റ് വകയിരുത്തിയതിൽ കൂടുതൽ തുക ചെലവഴിച്ച</u>

2017-18 സാമ്പത്തിക വർഷം നടപ്പിലാക്കിയ പ്രൊജക്ടുകൾക്കായി പുതുക്കിയ ബജറ്റിൽ (2017-18) വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക ചെലവഴിക്കാനിടയായി.

ബജറ്റിൽ വകയിരുത്താതെയും ചെലവ് ചെയ്തതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | പ്രോജക്ടിന്റെ പേര് | ബജറ്റിൽ വകയിരുത്തിയ തുക | ചെലവ് തുക |
|---|---|---|---|
| 1 | പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് ചെലവുകൾക്കുള്ള പദ്ധതി | 509367 | 730281 |
| 2 | സർവ്വ ശിക്ഷാ അഭിയാൻ നഗരസഭാ വിഹിതം സ്കൂകൾ | ഇല്ല | 10,00,000 |

ബജറ്റ് വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക ചെലവഴിക്കാനിടയായ സാഹചര്യം വിശദമാക്കേണ്ടതാണ്. ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം മാത്രം തുക ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. കേരള മുനിസിപ്പൽ നിയമം 293(6)-ാം വകുപ്പ് പ്രകാരം ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത യാതൊരു തുകയും ചെലവ് ചെയ്യാൻ പാടില്ലാത്തതാണ്. (അനിവാര്യ അടിയന്തിര സാഹചര്യങ്ങളൊഴികെ)

ബജറ്റ് രൂപീകരണം മുൻ വർഷ വരവു ചെലവുകളെയും ലഭ്യമാകാത്ത തുകയുടെയും തയ്യാറാക്കിയ പദ്ധതികളും വിലയിരുത്തി - തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. 2017-18 വർഷത്തെ ബജറ്റ് റിവൈസ് ചെയ്തിരിക്കുന്നത് 27.03.2018നാണ്. സാമ്പത്തിക വർഷം അവസാനിക്കുന്ന സമയത്ത് ബജറ്റ് പരിഷ്കരിച്ചുവെങ്കിലും ആയത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല. ആയത് യഥാർത്ഥ വരവ് ചെലവിനെ അടിസ്ഥാനമാക്കി ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ അറിയിച്ച വിവരം | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 31.7.2018 | ഇല്ല | ഇല്ല |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| പ്രത്യേക സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല | | |

*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രിക, റസീറ്റ് ആന്റ് പേയ്മെന്റ് പത്രിക,*

*ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് (₹) | 1069274860.21 |
| വരവ്(₹) | 4364131027.00 |
| ആകെ (₹) | 5433405887.21 |
| ചെലവ് (₹) | 4354686046.00 |
| നീക്കിയിരിപ്പ് (₹) | 1078719841.21 |

# 1-5 ഫണ്ട് വിനിയോഗം

| ക്രമ നം. | ഫണ്ടിനം | മുൻ ബാക്കി (₹) | തൻ വർഷ വരവ് | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| 1 | വികസന ഫണ്ട് പൊതു വിഭാഗം | | 521168524 | 521168524 | 316911304 | | 60.81 |
| 2 | വികസന ഫണ്ട് എസ്.സി.പി | | 82867340 | 82867340 | 49428608 | | 59.65 |
| 3 | വികസന ഫണ്ട് എസ്.ടി | | | ഇല്ല | | | |
| 4 | സംരക്ഷണ ഗ്രാൻറ് റോഡ് | | 222353560 | 222353560 | 191871320* | | 86.29 |
| 5 | സംരക്ഷണ ഗ്രാന്റ് നോൺറോഡ് | | 122969930 | 122969930 | 92126625 | | 74.92 |
| 6 | 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 423681471 | 544205136 | 967886607 | 447825746 | 520060861 | 46.27 |
| 7 | അയ്യങ്കാളി തൊഴിലുറപ്പ് | | | | 3415577.35 | | |
| 8 | ബി ഫണ്ട് | | 54241905 | 54241905 | 57667482.35 | | |

(*)വാർഷിക കണക്ക പ്രകാരം 2017-18 സാമ്പത്തിക വർഷം സംരക്ഷണ ഗ്രാന്റ് (റോഡ്) ഇനത്തിൽ 191021385/- രൂപയാണ് (I-6, Head of A/c – 160100401) ചെലവായി കാണിച്ചിരിക്കുന്നത്. എന്നാൽ മേൽ സാമ്പത്തിക വർഷം ACR പ്രകാരം 191871320/- രൂപ ചെലവഴിച്ചതായി കാണുന്നു. മേൽ വ്യത്യാസ (849935/- രൂപ)ത്തിനുള്ള കാരണം ഓഡിറ്റ് എൻക്വയറി നം. 103/2017-18 തീയതി 29.10.2018 പ്രകാരം ആവശ്യപ്പെട്ടതിനു സെക്രട്ടറി നൽകിയ മറുപടിയിൽ AFS തയ്യാറാക്കുന്നതിനായി online Sankhya -യിൽ നിന്നും കൊച്ചി നഗരസഭയുടെ ലോക്കൽ സാംഖ്യയിലേക്ക് sink ചെയ്ത സമയം 849935/- രൂപ തെറ്റായി 160100211 എന്ന ഹെഡിലേക്ക് സ്പ്ലിറ്റ് ആയി എൻട്രി ആയതാണെന്നും സാംഖ്യ സോഫ്റ്റ്വെയർ നിയന്ത്രിക്കുന്ന ഐ.കെ.എംന്റെ സാങ്കേതിക തകരാർ മൂലമാണ് മേൽ തുക രണ്ട് ഹെഡുകളിലായി വരാൻ ഇടയായിട്ടുള്ളതെന്നും ടി തകരാർ ഐ.കെ.എംന്റെ സെന്ററൽ സർവർ-ൽ ആയതിനാൽ ലോക്കൽ സാംഖ്യയിൽ മാറ്റം വരുത്തുവാൻ സാധിച്ചിട്ടില്ല എന്നുമാണ് മറുപടി നൽകിയിരിക്കുന്നത്. മേൽ സാങ്കേതിക തകരാർ എത്രയും വേഗം ശരിയാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും വാർഷിക കണക്കിലെ തുകയിൽ വന്ന വ്യത്യാസം തിരുത്തേണ്ടതാണ്.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| | അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ % |
|---|---|---|---|---|---|
| പുതിയത് | 1045 | 325 | 102 | 618 | 31.10% |
| സ്പിൽ ഓവർ | 587 | 541 | ഇല്ല | 46 | 92.16% |
| ആകെ | 1632 | 866 | 102 | 663 | 53% |

# 1-7 തനത് വരുമാനം -നികുതി നികുതിയേതര വരവുകളിലെ കുറവ്

നഗരസഭയുടെ പ്രധാന നികുതി, നികുതിയേതര വരവുകൾ ഇവയാണ്.




| ഇനം | മുൻ വർഷം (₹) | തൻവർഷം (₹) | വ്യത്യാസം (₹) | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 1162054184 | 1150805341 | 11248843 | (-)0.96 |
| നികുതിയേതര വരവുകൾ | 291506800 | 344963744 | 89221761 | (+)30.6 |
| മറ്റുവരവുകൾ | 137093 | 35764817 | 35627724 | (+) |
| ആകെ | 1453698077 | 1531533902 | 136098328 | |

**വസ്തു നികുതി** – വാർഷിക കണക്കുകൾ പ്രകാരം തൻവർഷം 8,25,12,657/- രൂപയും കടിശിക 2,54,92,415/- രൂപയും ഈ ഇനത്തിൽ പിരിച്ച് എടുക്കേണ്ടതുണ്ട്. ഇത് ബോദ്ധ്യപ്പെടുന്നതിന് നിയമാനുസരണം സൂക്ഷിക്കേണ്ടതായ ഡിമാൻറ്റ് രജിസ്റ്റർ, കടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ നഗരസഭ കാലീകമായി എഴുതി സൂക്ഷിക്കാത്തതിനാൽ കണക്കുകളുടെ നിജസ്ഥിതിയും ആധികാരികതയും ഓഡിറ്റിന് ബോദ്ധ്യപ്പെടുന്നില്ല. അടിസ്ഥാന നികുതിയിൽ വർദ്ധനവ് വരുത്തുന്ന ഘടകങ്ങൾ, കെട്ടിടത്തിന്റെ ഉപയോഗം അടിസ്ഥാനപ്പെടുത്തിയ തരംതിരിവ് എന്നിവ തെറ്റായി കണക്കിലെടുക്കുന്നതുമൂലം ഈയിനത്തിൽ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. (ഖണ്ഡിക 2-3 മുതൽ 2-15 വരെ കാണുക).

നഗരസഭയിലെ വസ്തു നികുതി പരിഷ്കരണം പൂർത്തീകരിക്കാത്തതിനാൽ നികുതി വരുമാനം വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടില്ല. (ഖണ്ഡിക 2-1 കാണുക). ഓൺലൈൻ വഴി നികുതി സ്വീകരിക്കുവാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും നഗരസഭയ്ക്ക് ആയതിന് കഴിഞ്ഞിട്ടില്ല. കേരള മുനിസിപ്പാലിറ്റി നിയമം 235-ാം വകുപ്പ് പ്രകാരം നികുതി ഒഴിവാക്കിയ കെട്ടിടങ്ങളുടെ പട്ടികയും നഗരസഭയുടെ കൈവശമില്ലാത്തതാണ്. കൂടാതെ നഗരസഭയിലെ ഒരു പ്രദേശത്തെ പൂർണ്ണമായും പ്രഥമമേഖലയിൽ നിന്ന് ഒഴിവാക്കിയുള്ള നഗരസഭ കൗൺസിൽ തീരുമാനം ഗണ്യമായ വരുമാന ചോർച്ചയ്ക്ക് കാരണമായിട്ടുള്ളതാണ് (ഖണ്ഡിക 2-1, 2-2). നഗരസഭയിൽ ഏകീകൃത സ്വഭാവമില്ലാതെ വസ്തു നികുതിയിൽ ഇളവ് അനുവദിച്ചത് വരുമാന ചോർച്ചയ്ക്ക് കാരണമാകുന്നു. ചട്ടങ്ങൾ ലംഘിച്ച് CRZ മേഖലയിൽ ഫ്ലാറ്റ് നിർമ്മാണത്തിന് അനുമതി നൽകുകയും ആയത് അനധികൃത നിർമ്മാണത്തിനായി കണക്കാക്കി അസ്സസ് ചെയ്യുവെങ്കിലും വസ്തു നികുതി ഈടാക്കുവാൻ നഗരസഭയ്ക്ക് കഴിഞ്ഞില്ല. (ഖണ്ഡിക 2-5).

**തൊഴിൽ നികുതി** – വാർഷിക കണക്കുകൾ പ്രകാരം തൻ വർഷം 84,18,713/- രൂപയും കടിശിക 1,73,84,835/- രൂപയും ഈ ഇനത്തിൽ പിരിച്ച് എടുക്കേണ്ടതുണ്ട്. ഈ കണക്കുകൾ പരിശോധിക്കാൻ ഡിവിഷൻ തിരിച്ചുള്ള വ്യാപാരികളുടെ പട്ടിക നഗരസഭ കാലികമായും പൂർണ്ണമായും എഴുതിയിട്ടില്ല. നഗരപ്രദേശത്ത് പ്രവർത്തിക്കുന്ന വാണിജ്യ വ്യവസായ സ്ഥാപനങ്ങളുടേയും തൊഴിലാളികളുടെയും വിവരങ്ങൾ, പ്രൊഫഷണൽ ജോലിയിലുള്ളവർ, മാർക്കറ്റിംഗ് ഓഫീസുകൾ മുതലായവയുടെ വിവരങ്ങൾ ശേഖരിച്ച് ഓരോ അർദ്ധവർഷത്തിലും ലിസ്റ്റ് കാലികമാക്കി നികുതി പിരിവ് ഊർജ്ജിതമാക്കേണ്ടതാണ്. നികുതി അടവാക്കാത്തവർക്കെതിരെ നിയമാനുസൃതമായി നോട്ടീസ് നൽകേണ്ടതും 2005 ലെ കേരളാ മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 11, കേരളാ മുനിസിപ്പാലിറ്റി നിയമം 4-ാം പട്ടിക എന്നിവ പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതായി കാണുന്നില്ല. (ഖണ്ഡിക 2-16 കാണുക).

**പരസ്യ നികുതി** – ഈ ഇനത്തിൽ കടിശിക 3,07,15,067/- രൂപ പിരിച്ചെടുക്കേണ്ടതുണ്ട്. പരസ്യ നികുതി യഥാസമയം പിരിക്കാതിരുന്നതും അനധികൃത പരസ്യങ്ങൾ നീക്കം ചെയ്യാത്തതും ഇതിനു കാരണമാകുന്നു.

**ഫീസുകൾ** – നഗരസഭ നൽകുന്ന വിവിധ സേവനങ്ങൾക്കും അനുമതികൾക്കും ഈടാക്കേണ്ടതായ ഫീസിൽ 85,49,156/- രൂപ കിട്ടാനുണ്ട്. ഈടാക്കേണ്ട തുക ഈടാക്കാതെ സേവനങ്ങളും അനുമതിയും നൽകുന്ന പ്രവണതയാണ് ഇതിന് കാരണം. (ഖണ്ഡിക 2-22 മുതൽ 2-24, 2-30, 2-32 എന്നിവ കാണുക).

**വാടക വരുമാനം** – തൻ വർഷം 7,13,911/- രൂപയും കടിശിക 1,40,46,359/- രൂപയും ഈ ഇനത്തിൽ പിരിച്ച് എടുക്കേണ്ടതുണ്ട്. വാടകയ്ക്ക് കെട്ടിടങ്ങളും മറ്റുള്ളവയും നൽകുമ്പോൾ പാലിക്കേണ്ട 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 215, 2000 ലെ കേരള മുൻസിപ്പാലിറ്റി( വസ്തു ആർജിക്കലും കൈയൊഴിയലും) ചട്ടങ്ങളിലെ ചട്ടം 7 എന്നിവ പ്രകാരമല്ല വാടകയ്ക്ക് നൽകുന്നത്. കെട്ടിങ്ങൾ വാടകയ്ക്ക് നൽകുന്നത് 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 215 (2) എ പ്രകാരം നിർണ്ണയിക്കപ്പെട്ട രീതിയിൽ ആയിരിക്കണം അതിനായി ഇതേ നിയമത്തിലെ വകുപ്പ് 567 പ്രകാരം ബൈലോ ഉണ്ടാക്കുകയോ ഇതേ നിയമത്തിലെ വകുപ്പ് 572 പ്രകാരം അത് സ്ഥിരീകരിക്കുകയോ നാളിതുവരെ ചെയ്തിട്ടില്ല. മേൽ ചട്ടങ്ങളിലെ ചട്ടം 7 ൽ

നിഷ്കർഷിക്കുന്ന കരാർ മാതൃകയിൽ മാറ്റം വരുത്തി കീഴ് വാടകയ്ക്ക് നൽകുന്നതിന് വാടകക്കാരനെ വിലക്കുന്ന വ്യവസ്ഥ ഒഴിവാക്കി കരാർ ചമയ്ക്കുന്നു. വാണിജ്യ പ്രാധ്യാന്യം ഉള്ള വാടക സ്ഥലങ്ങൾ ഒഴിഞ്ഞു കിടക്കുന്നതും സൗജന്യമായി നൽകുന്നതുമായി കാണുന്നുണ്ട്. (ഖണ്ഡിക 2-25 മുതൽ 2-29 വരെ കാണുക).

<u>സേവന ഉപനികുതികളും സർവീസ് ചാർജ്ജും -</u> ജനസാന്ദ്രമായ കൊച്ചി നഗരത്തിൽ ശുചിത്വ പരിപാലനം, തെരുവുവിളക്ക്, ഡ്രെയ്നേജ് എന്നിവയ്ക്ക് പുതിയ സേവനങ്ങൾ ഏർപ്പെടുത്തുന്നതിനായി 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം സേവന ഉപനികുതി ചുമത്താവുന്നതാണ്. 235-ാം വകുപ്പ് പ്രകാരം വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത എല്ലാ കെട്ടിടങ്ങൾക്കും സേവന ഉപനികുതി ചുമത്താവുന്നതാണ്. ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് സർവീസ് ചാർജ് ഈടാക്കാവുന്നതാണ്.

# 1-8 തനതു വരുമാനം ഗണ്യമായി കുറയുന്നു - നഗരസഭ വായ്പ എടുക്കുന്നു

നഗരസഭയുടെ പ്രധാന വരുമാനങ്ങളായ വിനോദ നികതി, പരസ്യ നികുതി എന്നിവ ചരക്ക സേവന നികുതി നിലവിൽ വന്നപ്പോൾ നഗരസഭയ്ക്ക് നഷ്ടമായിട്ടുള്ളതാണ്. തന്മൂലം കേരളത്തിലെ മറ്റേത് നഗരസഭയേക്കാൾ വലിയ നഷ്ടം കൊച്ചി നഗരസഭയ്ക്ക് ഉണ്ടായിട്ടുണ്ട്. നഗരസഭ, അംഗീകരിച്ച പ്രോജക്ടുകൾ പ്രകാരം പദ്ധതികൾ നടപ്പാക്കുന്നതിനോടൊപ്പം തനത് വരുമാനത്തിൽ നിന്നും പ്രോജക്ടില്ലാതെ വളരെയധികം പ്രവൃത്തികൾ വരുമാനത്തിന് ആനുപാതികമല്ലാതെ തനതു ഫണ്ടിൽ നിന്ന് നടപ്പിലാക്കുന്നുണ്ട്. തന്മൂലം തനത് ഫണ്ടിൽ വലിയ കുറവ് ഉണ്ടാകുന്നു. പ്ലാൻ ഫണ്ടും തനത് ഫണ്ടും സംയോജിപ്പിച്ച് അംഗീകരിച്ച് പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുപകരം തനത് ഫണ്ടിൽ നിന്ന് പ്രോജക്ട് അംഗീകാരമില്ലാതെ തുക ചെലവഴിച്ച് പദ്ധതി നടപ്പിലാക്കുന്നത് പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.
പ്ലാൻ ഫണ്ട് ഉപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതു കൂടാതെ ഡിവിഷൻ ഫണ്ട് എന്ന പേരിൽ തനത് ഫണ്ട് ഉപയോഗിച്ച് ഓരോ ഡിവിഷനിലും പ്രത്യേകം പ്രവൃത്തികൾ നടപ്പിലാക്കുന്നു. വിവിധകാലയളവിൽ ഡിവിഷൻ ഫണ്ട് അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ നൽകുന്നു.

| വർഷം | ഒരു ഡിവിഷൻ അനുവദിച്ച തുക | 74 ഡിവിഷനിലും കൂടി | കരാറുകാർക്ക് കുടിശിക നൽകുവാനുള്ള തുക |
|---|---|---|---|
| 2016-17 | 75 ലക്ഷം | 55.50 കോടി | 13,23,07,203 രൂപ |
| 2017-18 | 60ലക്ഷം | 44.40 കോടി | 18,80,71,825 രൂപ |
| 2018-19 | 65ലക്ഷം | 48.10 കോടി | |

2017-18 കാലയളവിൽ 44.40 കോടി രൂപയാണ് തനത് ഫണ്ടിൽ നിന്ന് ഡിവിഷൻ ഫണ്ടിനത്തിൽ ചെലവഴിച്ചത്. തനത് ഫണ്ടിന്റെ വരവ് കണക്കിലെടുക്കാതെ പദ്ധതികളും നടപ്പാക്കി. ഡിവിഷൻ ഫണ്ട് അനുവദിക്കുമ്പോൾ തനത് ഫണ്ട് ശോഷിക്കുകയും നഗരസഭയുടെ കരാറുകാർക്ക് പണം നൽകുവാൻ വായ്പ എടുക്കേണ്ടതായും വരുന്നു. ഇത്തരത്തിൽ വായ്പ എടുക്കുമ്പോൾ തനത് ഫണ്ടിൽ നിന്ന് പലിശയും നഷ്ടമാകുന്നു. മേൽ പറഞ്ഞത് പ്രകാരം 2016-17, 2017-18 വർഷങ്ങളിലായി കരാറുകാർക്ക് 32,03,79,028 രൂപ കൊടുത്തു തീർക്കാനുണ്ട്. ഓഡിറ്റ് വർഷത്തിൽ കരാറുകാരുടെ കടിശ്ശിക തുക നൽകുന്നതിനുവേണ്ടി 10 കോടി രൂപ നഗരസഭ വായ്പ എടുത്തിട്ടുണ്ട് (സ.ഉ.(സാധ) 3195/2017/ത.സ്വ.ഭ.വ./4.10.2017). തന്മൂലം നഗരസഭയ്ക്ക് അടിയന്തിര സാഹചര്യങ്ങൾ നേരിടുവാൻ ഒരു സ്ഥിര നിക്ഷേപം കണ്ടെത്താൻ സാധിക്കുന്നില്ല. തനത് വരുമാനം ഗണ്യമായി കുറയുമ്പോൾ ആയത് കണക്കിലെടുക്കാതെ തനത് ഫണ്ട് ഉപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതിന്റെയും ഡിവിഷൻ ഫണ്ട് അനുവദിക്കുന്നതിന്റെയും കാരണം വ്യക്തമല്ല മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം. നം. 59/11.09.2018) മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതാണ്. കൂടാതെ 31.3.2018 വരെ തനത് ഫണ്ട് (ഡിവിഷൻ ഫണ്ട്) ഉപയോഗിച്ച് നടപ്പാക്കിയ പ്രവൃത്തികളിൽ കരാറുകാർക്ക് ഇനിയും നൽകുവാനുള്ള തുകയുടെ വിവരം കൂടി (വർഷം തിരിച്ച് ) ലഭ്യമാക്കുവാൻ അവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയിട്ടില്ലാത്തതാണ്.

# 1-9 ബി-ഫണ്ട് ഇനത്തിലെ അപാകതകൾ

1. ബി-ഫണ്ട് ACR (ISO/MOCP5(1)) പ്രകാരം Grant – in -aid to orphanage ഇനത്തിൽ 8548933/- രൂപ (1262565 + 7286368) യാണ് ചെലവഴിച്ചിരിക്കുന്നത്. എന്നാൽ വാർഷിക കണക്ക് പ്രകാരം 5422868/-രൂപയാണ് കാണിച്ചിരിക്കുന്നത്. വ്യത്യാസം 3126065/- രൂപ (I-14 Head of A/c – 250500502).
2. താഴെകൊടുക്കുന്ന 3 ഇനങ്ങളുടെ തുക വിതരണം ചെയ്തതായി ACR-ൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി തുകകൾ വാർഷിക അക്കൗണ്ടിൽ ചേർത്തതായി കാണുന്നില്ല.

| | | |
|---|---|---|
| മഹിളാ മന്ദിരം | - | 350000 |
| ഗവ. ഓൾഡേജ് ഹോം, തേവര | - | 549975 |
| പി.എച്ച് (Women) | - | 49998 |

മേൽ അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി നം. 103/2017-18 തീയതി. 29.10.2018 നൽകിയെങ്കിലും ഖണ്ഡിക (a), (b) ക്ക് കൃത്യമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-10 നഗരസഭയുടെ സ്ഥിരനിക്ഷേപം - കൃത്യമായ കണക്കും രേഖയുമില്ല

നഗരസഭയിൽ നിന്നും പരിശോധനയക്ക് ലഭ്യമാക്കിയ സ്ഥിരനിക്ഷേപ രജിസ്റ്ററും രസീതുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥിരനിക്ഷേപങ്ങൾ ഉള്ളതായി കാണുന്നു.

| | നിക്ഷേപം നടത്തിയ ബാങ്ക് | തുക | സ്ഥിരനിക്ഷേപ മെച്യൂരിറ്റി തീയതി |
|---|---|---|---|
| 1 | സിന്റിക്കേറ്റ് ബാങ്ക് ഷൺമുഖം റോഡ്, എറണാകുളം | 25,87,121 | 03.01.2017 |
| 2 | സിന്റിക്കേറ്റ് ബാങ്ക് ഷൺമുഖം റോഡ്, എറണാകുളം | 50,85,383 | 10.08.2016 |
| 3 | സിന്റിക്കേറ്റ് ബാങ്ക് ഷൺമുഖം റോഡ്, എറണാകുളം | 1,62,56,076 | 30.09.2016 |
| ആകെ | | 2,39,28,580 | |

മൂന്ന് നിക്ഷേപങ്ങളിലായി 2,39,28,580 രൂപ നഗരസഭയ്ക്ക് സ്ഥിരനിക്ഷേപമുള്ളതായി കാണുന്നു. എന്നാൽ നഗരസഭ ലഭ്യമാക്കിയ വാർഷിക കണക്കുപ്രകാരം (AFS) 4,78,01,071.35രൂപ സ്ഥിരനിക്ഷേപമുള്ളതായി കാണുന്നു. യഥാർത്ഥത്തിൽ നഗരസഭയ്ക്ക് എത്ര രൂപയുടെ സ്ഥിരനിക്ഷേപങ്ങൾ ഉണ്ടെന്നും, നിലവിൽ ഉള്ള സ്ഥിരനിക്ഷേപങ്ങളുടെ രേഖകൾ ലഭ്യമാക്കണം എന്നും ആവശ്യപ്പെട്ട് 63/17.09.2018 നമ്പർ ഓഡിറ്റ് അന്വേഷണം നൽകിയിരുന്നു. വാർഷിക കണക്കും യാഥാർത്ഥ്യവുമായി ഇത്രയും വലിയ അന്തരമുണ്ടായതിന്റെ കാരണം വ്യക്തമല്ല. ലഭ്യമാക്കിയ സ്ഥിരനിക്ഷേപങ്ങളുടെ കാലാവധി പൂർത്തീകരിച്ചിട്ടും പുതുക്കിയിട്ടില്ലാത്തതും പലിശ കൂടുതൽ ലഭിയ്ക്കുമോ എന്ന് പരിശോധിയ്ക്കാതെ സ്ഥിരമായി ഒരു ബാങ്കിൽ തന്നെ നിക്ഷേപിക്കുകയുമാണ് നഗരസഭ ചെയ്യുന്നത്. യഥാർത്ഥ സ്ഥിരനിക്ഷേപം വാർഷിക കണക്കിൽ കാണിച്ചിട്ടുള്ളതാണെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ 63/17.09.2018 നമ്പർ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ നഗരസഭയിലെ സ്ഥിര നിക്ഷപങ്ങൾ കൂടാതെ ബാങ്കുകളിൽ ചില അക്കൗണ്ടുകളിൽ നിന്ന് നിശ്ചിത പരിധിയ്ക്ക് മുകളിൽ വരുന്ന തുക ഓട്ടോമാറ്റിക്കായി ടേം ഡെപ്പോസിറ്റായി മാറ്റിയിട്ടുണ്ട്. വാർഷിക കണക്കിൽ 4,78,01,071.35രൂപ സ്ഥിരനിക്ഷേപമായി എൻട്രി വരുത്തിയതുമൂലമാണ് സ്ഥിരനിക്ഷേപം ഉള്ളതിനേക്കാൾ കൂടിയ തുക കാണിക്കുന്നതെന്നും തന്മൂലമാണ് വ്യത്യാസം വന്നതെന്നും സ്ഥിര നിക്ഷേപം ഓട്ടോ റിന്യൂവൽ ആയതിനാൽ പ്രത്യേകം പുതുക്കാത്തതെന്നും കൗൺസിൽ നിശ്ചയിക്കുന്ന ബാങ്കുകളിലാണ് പണം നിക്ഷേപിച്ചിട്ടുള്ളതെന്നും മറുപടിയിൽ പറയുന്നു. എന്നാൽ വാർഷിക കണക്കിൽ യഥാർത്ഥ സ്ഥിര നിക്ഷേപമായ 2,39,28,580 രൂപ കാണിച്ചിട്ടുമില്ല. ഈ സാഹചര്യത്തിൽ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) റൂൾസ് 2007 ചട്ടം 47 പ്രകാരമുള്ള നടപടികൾ നഗരസഭ നിർബന്ധമായി പാലിക്കേണ്ടതാണ്.

# 1-11 ആഭ്യന്തര നിയന്ത്രണം അപര്യാപ്തം

(i) <u>ഫയൽ ട്രാക്കിംഗ്</u>

സർക്കാർ ഓഫീസുകളുടെയും ജീവനക്കാരുടെയും പ്രവർത്തനങ്ങൾ സർക്കാർ വ്യവസ്ഥാപിതമാക്കിയ സംവിധാനത്തിൽ ആകേണ്ടതാണ്. അതിനായി സർക്കാരിന് നിയതമായ വ്യവസ്ഥകൾ ഉണ്ടെങ്കിലും കൊച്ചി നഗരസഭയിൽ ഇത് പൂർണ്ണമായും പാലിക്കപ്പെടുന്നില്ല. കൊച്ചി നഗരസഭയിൽ നിന്നും ജനങ്ങളിലെത്തേണ്ട സേവനങ്ങളിൽ ഓഫീസ് നടപടിക്രമങ്ങളിൽ വീഴ്ചകളും കാലതാമസവും പൊതുവെ നേരിടുന്ന സാഹചര്യം വിലയിരുത്തിയതിനെ തുടർന്ന് വിശദമായ അന്വേഷണത്തിനായി 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 11 പ്രകാരം 05/11/18 തീയതി 112/2017-18 നമ്പർ ഓഡിറ്റ് അന്വേഷണം രേഖാമൂലം നൽകിയെങ്കിലും അന്വേഷണവിഷയങ്ങളായ ജീവനക്കാരുടെ എണ്ണം, ഓരോ സെക്ഷനുകളുടെ ജോലിഭാരം, ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ, ഫയൽ ട്രാക്കിംഗ് സംവിധാനം, മേൽ ഉദ്യോഗസ്ഥരുടെ പരിശോധന, ഇന്റേണൽ ഇൻസ്പെക്ഷൻ സംവിധാനം തുടങ്ങിയവയിലൊന്നും യാതൊരു വിവരങ്ങളും നഗരസഭ നൽകിയില്ല.

(ii) <u>തൻപതിവേട് (Personal Register) - എഴുതി സൂക്ഷിക്കുന്നില്ല.</u>

കൊച്ചി നഗരസഭയിലെ വിവിധ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ട സംവിധാനങ്ങളില്ല. വിവിധ വിഭാഗങ്ങളിലെ സെക്ഷൻ ക്ലാർക്കുമാർ പേഴ്സണൽ രജിസ്റ്റർ എഴുതാറില്ല. ഒരു തപാൽ, ഓഫീസിൽ ആര് കൈകാര്യം ചെയ്തു എന്നത് മാത്രം വിഭാഗങ്ങളിൽ സൂക്ഷിക്കുന്ന ഇൻവേർഡ് രജിസ്റ്റർ പ്രകാരം അറിയാൻ കഴിയും. എന്നാൽ ഇതിന്റെ തീർപ്പാക്കൽ അതിന് എടുത്ത സമയം എന്നിവ പരിശോധിക്കുന്നതിന് കഴിയില്ല. ഇത് ജീവനക്കാരുടെ ഔദ്യോഗിക ഉത്തരവാദിത്വം സ്ഥിരീകരിക്കുന്നതിന് തടസ്സമാണ്.

**(iii) <u>നടപടിക്രമങ്ങളിൽ കാലതാമസം.</u>**

ക്ഷേമപെൻഷനുകൾ, ജനങ്ങളുടെ പരാതികൾ, ജീവനക്കാരുടെ പെൻഷൻ രേഖകളുടെ തീർപ്പാക്കൽ എന്നിവയ്ക്ക് കാലതാമസം നേരിടുന്നു. പൊതുജനങ്ങൾക്ക് നൽകുന്ന കൈപ്പറ്റ് ചീട്ടിൽ മുപ്പത് ദിവസമാണ് നടപടികൾക്ക് വേണ്ട സമയം എഴുതി ചേർത്തിരിക്കുന്നത്. നഗരകാര്യ വകുപ്പ് നഗരസഭയ്ക്ക് ബാധകമായ സേവനാവകാശ പ്രകാരമുള്ള പ്രഖ്യാപനത്തിൽ തത്സമയം കിട്ടേണ്ട സേവനം മുതൽ ഏതാനം ദിവസങ്ങൾക്കകം നൽകേണ്ട സേവനങ്ങൾ വരെ ഉണ്ട്. ഈ സാഹചര്യത്തിലാണ് നഗരസഭയുടെ ഈ നടപടി. പൊതുജനങ്ങൾക്കും മറ്റ് ഓഫീസുകളിലേയ്ക്കും മറ്റും അയയ്ക്കുന്ന

കത്തുകളുടെ സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞില്ല. കത്തുകൾ വിലാസക്കാർക്ക് അയയ്ക്കുന്നത് ഉറപ്പു വരുത്താൻ കഴിയുന്നില്ല.

(iv) ജീവനക്കാരുടെ ഹാജർ നിരീക്ഷണം

ഹാജർ നിരീക്ഷണത്തിന് ആധുനിക രീതിയിൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിയ ഇലക്ട്രോണിക്, ബയോമെട്രിക് പഞ്ചിംഗ് സംവിധാനങ്ങൾ ഇല്ല. 2012-ൽ സ്ഥാപിക്കുകയും, എന്നാൽ നാളിതുവരെ പ്രവർത്തന യോഗ്യമാകാത്തതുമായ ഹാജർ നിരീക്ഷണ സംവിധാനത്തിനുമായി നഗരസഭ 12,44,351/- രൂപ ചെലവഴിച്ചു.ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി ഓഫീസ് വിട്ടുപോകുന്ന ജീവനക്കാർ പ്രസ്തുത വിവരം രേഖപ്പെടുത്തി സൂക്ഷിക്കേണ്ട മൂവ്മെന്റ് രജിസ്റ്റർ നഗരസഭയുടെ ഒരു വിഭാഗത്തിലും സൂക്ഷിക്കുന്നില്ല.

(v) ഓൺലൈൻ സേവനങ്ങൾ - അപര്യാപ്തം

പൊതുസേവന രംഗത്ത് വിവരസാങ്കേതികവിദ്യ വ്യാപകമായ ഈ കാലത്ത് നഗരസഭയുടെ ഔദ്യോഗിക വെബ്സൈറ്റ് കാലികമല്ല. അപൂർണ്ണമായ വിവരങ്ങളാണ് കാണുന്നത്. ഫയൽ ട്രാക്കിംഗ് സംവിധാനം, ഓൺലൈൻ നികുതി അടയ്ക്കൽ എന്നിവ സാധ്യമല്ല. സംസ്ഥാന സർക്കാരിന്റെ ഇൻഫർമേഷൻ കേരള മിഷൻ ഏകദേശം 15-ഓളം സേവനങ്ങൾ ഓൺലൈൻ ആക്കിയിട്ടുണ്ട്. ഇതിൽ 4 എണ്ണം മാത്രമേ നഗരസഭയിൽ പ്രാവർത്തികമാക്കിയിട്ടുള്ളൂ.

(vi) രജിസ്റ്ററുകളുടെ സൂക്ഷിപ്പ് അപര്യാപ്തം

വിവരാവകാശ നിയമം, സേവനാവകാശ നിയമം എന്നിവയുടെ രജിസ്റ്ററുകൾ നഗരസഭയിൽ ഇല്ലാത്തതിനാൽ മേൽ നിയമങ്ങളുടെ പ്രഖ്യാപിത പ്രയോജനങ്ങൾ പൊതുസമൂഹത്തിന് പ്രാപ്യമാകുന്നത് നിരീക്ഷിക്കുന്നതിന് കഴിയുന്നില്ല.

നഗരസഭയിലെ മെയിൻ ഓഫീസിലും മറ്റ് മേഖല കാര്യാലയങ്ങളിലും വസ്തു നികുതി കുടിശ്ശിക രജിസ്റ്റർ, തൊഴിൽ നികുതി കുടിശ്ശിക രജിസ്റ്ററുകൾ എന്നിവ സൂക്ഷിക്കുന്നില്ല. റൂൾ 12 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തു നികുതി, കെട്ടിട ഉടമ നൽകിയ വസ്തുനികുതി റിട്ടേണിന്റെ അടിസ്ഥാനത്തിലോ സ്ഥലത്ത് പോയി വിവരം ശേഖരിച്ചതിന്റെ അടിസ്ഥാനത്തിലോ നിർണ്ണയിക്കുകയും വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു കഴിഞ്ഞാൽ അപ്രകാരമുള്ള നികുതി ഈടാക്കുന്നതിലേയ്ക്കായി ആവശ്യമായ വിവരങ്ങൾ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവനനികുതിയും) ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം-8ലുള്ള വസ്തു നികുതി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. നഗരസഭയിൽ ലഭിക്കേണ്ട വസ്തുനികുതിയുടെ ഡിമാന്റ്, വരവ്, കുടിശ്ശിക, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക വരവ് എന്നിവയെക്കുറിച്ച് വ്യക്തമായ കണക്ക് ലഭിക്കണമെങ്കിൽ ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചാൽ മാത്രമേ സാധിക്കൂ. ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

അതുപോലെ തൊഴിൽ നികുതി കുടിശ്ശിക രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഈ ഇനത്തിലുള്ള കുടിശ്ശിക എത്രയാണെന്ന് നിർണ്ണയിക്കുവാനും സാധിച്ചിട്ടില്ല. ഇത്തരം രജിസ്റ്ററുകൾ നഗരസഭ അടിസ്ഥാനപരമായും നിർബന്ധമായും സൂക്ഷിക്കേണ്ട രജിസ്റ്ററുകളാണ്. ആയതിനാൽ അവശ്യം സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ സൂക്ഷിക്കുവാനും ആയത് ശരിയായ രീതിയിൽ പരിപാലിക്കുവാനും ആവശ്യമായ നടപടികൾ നഗരസഭ നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് ശുപാർശകൾ

| | |
|---|---|
| 1. | നഗരസഭ ഓഫീസിന് ബാധകമായ മാനുവൽ ഓഫ് ഓഫീസ് പ്രൊസീഡ്ജർ നടപ്പിലാക്കുക. ഇതിൽ പറയുന്ന രീതിയിൽ പേഴ്സണൽ രജിസ്റ്റർ, ഫയൽ ഡിസ്പോസൽ എന്നിവ സെക്രട്ടറിയോ ഉത്തരവാദപ്പെട്ട സൂപ്പർവൈസറി ഓഫീസറോ ഉചിതമായ രീതിയിൽ നിരീക്ഷിക്കുകയും ഓഫീസ് പ്രവർത്തനങ്ങൾ പരിശോധിക്കുകയും ചെയ്യുക. |
| 2. | നഗരസഭ കേസുകൾക്ക് ഏകീകൃത സ്യൂട്ട് രജിസ്റ്റർ നിർദ്ദിഷ്ട മാതൃകയിൽ സൂക്ഷിക്കുക. വ്യവഹാരങ്ങളിൽ സമയ കൃത്യത പാലിക്കുന്നത് ശ്രദ്ധിക്കുക. |
| 3. | സർക്കാർ നിർദ്ദേശിക്കുന്ന ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുക. |
| 4. | ഇന്റേണൽ ഇൻസ്പെക്ഷൻ വിഭാഗം രൂപീകരിക്കുക. |
| 5. | വിവരാവകാശ നിയമവും സേവനാവകാശ നിയമവും വ്യവസ്ഥാപിതമായ രീതിയിൽ നടപ്പിലാക്കുക. |
| 6. | ജീവനക്കാരുടെ ഹാജർ, ഫീൽഡ് ഉദ്യോഗസ്ഥരുടെ ടൂർ ഡയറി എന്നിവ കർശനമാക്കുക. മൂവ്മെന്റ് രജിസ്റ്റർ, ഇലക്ട്രോണിക് പഞ്ചിംഗ് സംവിധാനം എന്നിവ നടപ്പിലാക്കുക. |

# 1-12 പൊതുമരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ.

കൊച്ചി കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ 2017-18വർഷം സ്പിൽ ഓവറായി നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ താഴെ കൊടുക്കുന്നു.

- **ബിറ്റുമിന്റെ വിലയും നികുതിയും ഈടാക്കിയതിൽ അപാകത**

2016 -17 വർഷത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ നിർവഹണം ആരംഭിച്ച്, 2017-18 വർഷത്തിൽ സ്പിൽ ഓവറായി പൂർത്തിയാക്കിയ ബിറ്റുമിൻ ഉൾപ്പെട്ട മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്ന് കോർപ്പറേഷൻ നൽകിയ ബിറ്റുമിന്റെ വില ഈടാക്കിയതിലെയും നികുതി ഈടാക്കിയതിലെയും അപാകത മൂലം

**44,63,431**രൂപ കരാറുകാർക്ക് അധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ വിശദമാക്കിയിട്ടുണ്ട്.

- **ടെണ്ടറിൽ പറയാതെ ബിറ്റുമിൻ വാങ്ങി നൽകുന്നതിനാൽ നഷ്ടം**

30 ലക്ഷം രൂപ വരെ അടങ്കലുള്ള പ്രവൃത്തികൾക്ക് ആവശ്യമെങ്കിൽ ബിറ്റുമിൻ വാങ്ങി നൽകുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതിയുള്ളതിനാൽ റോഡ് പ്രവൃത്തികൾക്ക് ആവശ്യമായ ബിറ്റുമിൻ കരാറുകാർക്ക് കോർപ്പറേഷൻ വാങ്ങി നൽകുന്നുണ്ട്. എന്നാൽ റോഡ് പ്രവൃത്തികളുടെ ടെണ്ടറിൽ കോർപ്പറേഷൻ ബിറ്റുമിൻ വാങ്ങി നൽകുന്നതാണെന്ന കാര്യം പറയുന്നില്ല. ഐറ്റം റേറ്റ് കോൺട്രാക്ട് ആയതിനാൽ ടെണ്ടർ ഷെഡ്യൂളിൽ ഓരോ ഇനത്തിനും എസ്റ്റിമേറ്റ് നിരക്ക് കാണിയ്ക്കുകയില്ല. കരാറുകാർ ഓരോ ഇനത്തിനുമുള്ള നിരക്ക് ക്വോട്ട് ചെയ്യുകയാണ് ചെയ്യുന്നത്. ഇക്കാരണത്താൽ ബിറ്റുമിൻ ഉൾപ്പെട്ട ഇനങ്ങൾക്ക് കരാറുകാർ ഉയർന്ന നിരക്ക് തന്നെ ക്വോട്ട് ചെയ്യുന്നു. (ഏതാനും പ്രവൃത്തികളിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ ഉയർന്ന നിരക്കാണ് കരാറുകാർ ക്വോട്ട് ചെയ്തിട്ടുള്ളത്. ഉദാ:

| ഇനം | എസ്റ്റിമേറ്റ് നിരക്ക് ₹/ച.മീ | ക്വോട്ട് ചെയ്ത നിരക്ക് | | | |
|---|---|---|---|---|---|
| | | ഈരവേലി റോഡ് | ദാറുസലാം റോഡ് | പൈപ്പ് ലൈൻ റോഡ് | റിവർ ലാന്റ് റോഡ് |
| പോട്ട് ഹോൾ ഫില്ലിംഗ് | 338.5 | 430 | | | |
| 20mm ടാറിംഗ് | 128.06 | 172 | 160 | 170 | 150 |
| പ്രൈം കോട്ട് | 26.4 | 30.5 | | | |
| ടാക്ക് കോട്ട് | 8.49 | 10 | 16 | 10 | 10 |

ബില്ലിൽ നിന്ന് ബിറ്റുമിന്റെ എസ്റ്റിമേറ്റ് നിരക്ക് മാത്രം കുറയ്ക്കുന്നതിനാൽ കരാറുകാർക്ക് അനർഹമായ നേട്ടവും കോർപറേഷന് നഷ്ടവുമുണ്ടാകുന്നു. ഇതിനു പുറമെ, എസ്റ്റിമേറ്റിൽ ബൾക്ക് ബിറ്റുമിന്റെ നിരക്ക് പ്രകാരമാണ് തുക കണക്കാക്കുന്നത്. എന്നാൽ വാങ്ങി നൽകുന്നത് പായ്ക്ക്ഡ് ബിറ്റുമിനാണ്. പായ്ക്ക്ഡ് ബിറ്റുമിന് ബൾക്ക് ബിറ്റുമിനെക്കാൾ ടണ്ണിന് 4700 രൂപയോളം അധികമാണ് വില. എസ്റ്റിമേറ്റ് നിരക്ക് മാത്രം കുറയ്ക്കുന്നതിനാൽ ഇവിടെയും കോർപ്പറേഷന് നഷ്ടവുമുണ്ടാകുന്നു.

സീൽ കോട്ട് എന്ന പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റ് നിരക്ക് ച.മീറ്ററിന് 57.53 രൂപയാണ്. ഇതിൽ ബിറ്റുമിന്റെ വില തന്നെ 33.57 രൂപ വരും. എന്നാൽ കുറെയധികം പ്രവൃത്തികളിൽ കരാറുകാർ ക്വോട്ട് ചെയ്തിട്ടുള്ളത് ച.മീറ്ററിന് വളരെ കുറഞ്ഞ നിരക്കാണ്.ഉദാ:

| പ്രവൃത്തി | എസ്റ്റിമേറ്റ് നിരക്ക് | കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്ക് |
|---|---|---|
| ഭഗത്സിംഗ് റോഡ് | 57.53/ ച.മീ | 14/ച.മീ |
| പൈപ്പ് ലൈൻ റോഡ് | 57.53/ ച.മീ | 20/ച.മീ |
| ജവഹർ നഗർ റോഡ് | 57.53/ ച.മീ | 10/ച.മീ |
| ദാറുസലാം റോഡ് | 57.53/ ച.മീ | 16/ച.മീ |
| കുറുങ്കോട്ട റോഡ് | 57.53/ ച.മീ | 20/ച.മീ |

ഈ നിരക്കിൽ നിന്ന് കോർപറേഷൻ നൽകുന്ന ബിറ്റുമിന്റെ വില ഈടാക്കുകയും ചെയ്യും. വളരെ അപ്രായോഗികമായ നിരക്ക് ക്വോട്ട് ചെയ്ത് കരാറുകാർ പ്രവൃത്തി നടപ്പാക്കുമ്പോൾ പ്രവൃത്തിയുടെ നിലവാരം എത്രത്തോളമുണ്ടാവുമെന്നത് ഊഹിയ്ക്കാവുന്നതേയുള്ളൂ. കോർപ്പറേഷൻ അധികൃതരുടെ ശ്രദ്ധ ഇക്കാര്യത്തിലേയ്ക്ക് ക്ഷണിക്കുന്നു.

- **ബിറ്റുമിൻ രജിസ്റ്റർ ശരിയായി എഴുതി സൂക്ഷിയ്ക്കുന്നില്ല.**

കോർപ്പറേഷന് കേന്ദ്രീകൃതമായ ഒരു മെയിൻ സ്റ്റോക്ക് യാർഡും സ്റ്റോക്ക് രജിസ്റ്ററും ഇല്ല. വാങ്ങിയ്ക്കുന്ന ബിറ്റുമിൻ വിവിധ മേഖലകളിലേയ്ക്ക് / കരാറുകാർക്ക് കമ്പനിയിൽ നിന്ന് നേരിട്ട് കൈമാറുകയാണ് ചെയ്യുന്നത്. സോണൽ ഓഫീസുകളിലെ സ്റ്റോക്ക് രജിസ്റ്ററിൽ ഇക്കാര്യം രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഒരു മെയിൻ സ്റ്റോക്ക് രജിസ്റ്റർ ഇല്ലാത്തതിനാൽ നൽകിയ പണത്തിന് മുഴുവനും ബിറ്റുമിൻ ലഭിച്ചോ എന്നും കോർപ്പറേഷന്റെ കൈവശം ബാക്കി എത്ര സ്റ്റോക്കുണ്ടെന്നും പരിശോധിയ്ക്കുക ബുദ്ധിമുട്ടാണ്. വാങ്ങിയ്ക്കുന്ന ബിറ്റുമിന്റെ ഇൻ വോയ്സ് പ്രകാരമുള്ള വില ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. കേന്ദ്രീകൃതമായ ഒരു മെയിൻ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ച്, വാങ്ങിയ്ക്കുന്ന ബിറ്റുമിന്റെ അളവും ഇൻ വോയ്സ് പ്രകാരമുള്ള വിലയും രേഖപ്പെടുത്തേണ്ടതും സോണൽ ഓഫീസുകളിലേയ്ക്ക് നൽകുന്ന ബിറ്റുമിന്റെ വിവരം രേഖപ്പെടുത്തേണ്ടതുമാണ്. സെൻട്രൽ സോണിലെ ബിറ്റുമിൻ രജിസ്റ്ററിൽ 2016-17, 2017-18 കാലഘട്ടത്തിൽ ബിറ്റുമിൻ ആർക്കാണ് നൽകുന്നതെന്ന് രേഖപ്പെടുത്തിയിട്ടില്ല. പകരം പ്രവൃത്തിയുടെ പേരും നൽകിയ ബിറ്റുമിന്റെ അളവും മാത്രമാണ് രേഖപ്പെടുത്തുന്നത്. ചില അവസരങ്ങളിൽ ഏത് പ്രവൃത്തിയ്ക്കെന്ന് പോലും രേഖപ്പെടുത്തിയിട്ടില്ല. ഇഷ്യൂഡ് എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. VG 30 ബിറ്റുമിൻ, RS എമൽഷൻ, SS എമൽഷൻ എന്നിവയ്ക്ക് വെവ്വേറെ സ്റ്റോക്ക് രേഖപ്പെടുത്തുന്നില്ല. അതിനാൽ ഇവയുടെ കണക്കും പരിശോധിയ്ക്കുക ബുദ്ധിമുട്ടാണ്. കൈപ്പറ്റുന്ന കരാറുകാരൻ സ്റ്റോക്ക് കൈപ്പറ്റിയതായി രജിസ്റ്ററിൽ ഒപ്പിടാത്തതിനാൽ എന്തെങ്കിലും നിയമപ്രശ്നമുണ്ടാകുന്നപക്ഷം കോർപ്പറേഷന് നിയമ പരിരക്ഷ ലഭിയ്ക്കുന്നതല്ല. പേജ് 46 ൽ ഇൻവോയ്സ് നം. 4143/12.04.2017 പ്രകാരമുള്ള 9.86 ടൺ VG

30 ബിറ്റുമിൻ തന്നെ രണ്ട് പ്രവൃത്തികൾക്ക് നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നു. ഫയൽ നം MOE/ 30519/16 പ്രകാരം പുല്ലേപ്പടി റോഡ്, പത്തുമുറി റോഡ് റീടാറിംഗിനും ഫയൽ നം MOE/ 30526/16 പ്രകാരം ആനാംതുരുത്ത് മുതൽ ചാക്കോള ജംങ്ഷൻ വരെയുള്ള റോഡ് റീടാറിംഗിനും 9.86 ടൺ വീതം നൽകിയതായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ 27 ബാരൽ SS1എമൽഷൻ 5 പ്രവൃത്തികൾക്കായി നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നു. ഓരോ പ്രവൃത്തിക്കും എത്ര വീതം നൽകിയെന്ന് രേഖപ്പെടുത്തിയിട്ടില്ല.

സ്റ്റോക്ക് രജിസ്റ്റർ എഴുതുന്നതിന്റെ ബാലപാഠം പോലും അറിവില്ലാത്ത രീതിയിലാണ് പള്ളുരുത്തി മേഖലാ ഓഫീസിൽ കൈകാര്യം ചെയ്യുന്ന സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തിയിരിക്കുന്നത്. ഓരോ ഇനവും ലഭിക്കുമ്പോൾ മുന്നിരുപ്പുകൂടി കൂട്ടി ആകെ എത്ര സ്റ്റോക്കുണ്ടെന്നും അതിൽ നിന്ന് കൊടുത്തു കഴിയുമ്പോൾ ബാക്കി എത്രയുണ്ടെന്നും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഇവിടെയും VG 30 ബിറ്റുമിൻ, RS എമൽഷൻ, SS എമൽഷൻ എന്നിവയ്ക്ക് വെവ്വേറെ സ്റ്റോക്ക് രേഖപ്പെടുത്തുന്നില്ല. അതിനാൽ ഓരോ ഇനവും എത്ര ബാക്കിയുണ്ടെന്ന് മനസ്സിലാക്കാൻ സാധിക്കുന്നില്ല. മാത്രമല്ല, ചില പ്രവൃത്തികളിൽ നോട്ട് ഫയൽ, അളവുപുസ്തകം എന്നിവയിലെ രേഖപ്പെടുത്തലുകൾ പ്രകാരം ഇഷ്യൂ ചെയ്ത ബിറ്റുമിന്റെയും എമൽഷന്റെയും വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഉദാ. കോണം കൊല്ലശ്ശേരി റോഡ് റീടാറിംഗിന് VG 30 ബിറ്റുമിൻ 24 ബാരൽ, RS എമൽഷൻ 2ബാരൽ, SS എമൽഷൻ 6ബാരൽ എന്നിവ നൽകിയതായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ SS എമൽഷൻ നല്കിയ വിവരം രേഖപ്പെടുത്തിയിട്ടില്ല. അതുപോലെ GCDA കോളനി റോഡ് റീടാറിംഗിന് നോട്ട് ഫയൽ പ്രകാരം 5.25 ബാരൽ RS എമൽഷനും 7.45ബാരൽ SS എമൽഷനുമാണ് നൽകിയിട്ടുള്ളത്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ പേജ് 106 ൽ 4ബാരൽ RS എമൽഷനും 4ബാരൽ SS എമൽഷനും പേജ് 107 ൽ 5.25 ബാരൽ RS എമൽഷനും 1.25 ബാരൽ SS എമൽഷനും ഈ പ്രവൃത്തിക്ക് നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നു. അതായത് ആകെ 9.25ബാരൽ RS എമൽഷനും 5.25ബാരൽ SS എമൽഷനും നൽകിയിട്ടുണ്ട്.

- **സാങ്കേതികാനുമതി നൽകുന്നതിലെ അപാകത.**

03.04.2017 ലെ പദ്ധതി മാർഗരേഖ സ.ഉ.(കൈ) 79/2017/ ത.സ്വ.ഭ.വ ഖണ്ഡിക 8.3 (14) (iii), 8.5 (7) (4) എന്നിവ പ്രകാരം സൂപ്രണ്ടിംഗ് എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായിട്ടുള്ള പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകേണ്ടത് എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയറാണ്. പുതുക്കിയ എസ്റ്റിമേറ്റിനും സാങ്കേതികാനുമതി നൽകേണ്ടത് എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയറാണ്. ഖ.8.5 (2) പ്രകാരം നിർവഹണോദ്യോഗസ്ഥന്, താൻ തന്നെ നിർവഹണം നടത്തുന്ന പ്രോജക്റ്റിന് ഒരു സാഹചര്യത്തിലും സാങ്കേതികാനുമതി നൽകാവുന്നതല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കൊച്ചി കോർപ്പറേഷനിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായിട്ടുള്ള പ്രവൃത്തികൾക്ക് പ്രോജക്റ്റ് അംഗീകാരം നൽകുന്നത് എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയറാണെങ്കിലും സാങ്കേതികാനുമതി നൽകുന്നത് സൂപ്രണ്ടിംഗ് എഞ്ചിനീയർ തന്നെയാണ്. എസ്റ്റിമേറ്റിൽ നിന്ന് വളരെയധികം വ്യതിചലിച്ച് പ്രവൃത്തി നടത്തിയാലും പുതുക്കിയ എസ്റ്റിമേറ്റ് തയാറാക്കി അംഗീകാരം വാങ്ങാതെ കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി നിർവഹണോദ്യോഗസ്ഥൻ തന്നെ സാക്ഷ്യപ്പെടുത്തുകയാണ് ചെയ്തുവരുന്നത്.

- **എസ്റ്റിമേറ്റിൽ നിന്നുള്ള വ്യതിചലനം, കോംപീറ്റന്റ് അതോറിറ്റിയുടെ അംഗീകാരമില്ല**

കൊച്ചി കോർപ്പറേഷനിൽ 2016-17 വർഷം നടപ്പാക്കിയ റോഡ് റീ ടാറിംഗും ടൈൽ വിരിക്കലും ഉൾപ്പെട്ട പല പ്രവൃത്തികളിലും റീ ടാറിംഗ് ഒഴിവാക്കി ആ തുകയ്ക്കു കൂടി ടൈൽ വിരിക്കൽ നടത്തുന്നതായി കാണുന്നു. ഉദാ.

1) ഫയൽ നം. CCPC6/FCE/29170/16,കെ.എം.മുഹമ്മദ് റോഡ് റീ ടാറിംഗ് & ടൈൽ വിരിക്കൽ.

പ്രോജക്റ്റ് നം. 312/18. (778/17)

2) ഫയൽ നം.KRE/29601/16, തൈക്കൂടം വിക്ടർ ലീനസ് ലെയ്ൻ, സെന്റ് ആന്റണി ലിങ്ക് റോഡ് റീടാറിംഗ്. പ്രോജക്റ്റ് നം. 463/18. (918/17)

പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപ് ഡിവിഷനിലെ പൊതുജനങ്ങളുടെ അഭിപ്രായം ആരായാതെയും സ്ഥലപരിശോധന നടത്താതെയും എസ്റ്റിമേറ്റ് തയാറാക്കുന്നതുമൂലമാണ് ഇപ്രകാരം സംഭവിക്കുന്നത്.

- **മതിയായ പരസ്യം നൽകാത്തതിനാൽ മൽസര സ്വഭാവമുള്ള ടെണ്ടറുകൾ കുറയുന്നു.**

പി ഡബ്ല്യു ഡി മാനുവൽ ചട്ടം 2006 പ്രകാരം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ അധികാര പരിധിയിൽ വരുന്ന പ്രവൃത്തികളുടെ പരസ്യം, വ്യാപക പ്രചാരമുള്ള രണ്ട് മലയാള പത്രങ്ങളിൽ നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പരസ്യങ്ങൾ താരതമ്യേന പ്രചാരം കുറഞ്ഞ ഒരു പത്രത്തിലാണ് നൽകി വരുന്നത്. അതിനാൽ രണ്ട് തവണ പരസ്യം നൽകിയിട്ടും ആരും ടെണ്ടർ സമർപ്പിക്കാത്ത സാഹചര്യം വരുകയും തുടർന്ന് ക്വട്ടേഷൻ ക്ഷണിച്ച് എസ്റ്റിമേറ്റ് നിരക്കിലോ, നാമമാത്രമായ കുറവിനോ (0.01% കുറവ്) പ്രവൃത്തി നടത്തുകയും ചെയ്യുന്നു. ഇത് കോർപ്പറേഷന്റെ സാമ്പത്തിക താൽപര്യങ്ങൾക്ക് വിരുദ്ധമാണ്.

# 1-13 ക്ഷേമ പദ്ധതികൾ

തൻവർഷം നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിതവേതനം | 98,760 | 205 |
| കർഷക തൊഴിലാളി പെൻഷൻ | 7,03,800 | 74 |
| വിധവാ പെൻഷൻ | 19,50,51,400 | 15062 |
| വാർദ്ധക്യകാല പെൻഷൻ | 3,24,75,900 | 22987 |
| വികലാംഗ പെൻഷൻ | 2,92,68,600 | 2850 |
| നിർദ്ധനരായ വിധവകളുടെ | 20,70,000 | 69 |

| | | |
|---|---|---|
| പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം | | |
| അവിവാഹിത പെൻഷൻ | 1,11,59,000 | 947 |

# 1-14 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.12.2017 മുതൽ 2.2.2018 വരെ | 2016-17 | 46/A1/2017/RPAO തീയതി. 20.6.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.2.2017 മുതൽ 7.4.2018 വരെ | 2016-17 | LBA (HQ)/I/LBA/III തീയതി 15.01.2018 |

# 1-15 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിലെ അപാകതകൾ

ഈ ഓഫീസിലെ 17.09.2018ലെ കെ.എസ്.എ-കെ.സി.സി (എസ്8) 744/18 നമ്പർ കത്ത് പ്രകാരം 2017-18 ലെ വാർഷിക കണക്ക് പരിശോധിച്ചതിൽ കാണപ്പെട്ട അപാകതകൾ നഗരസഭയെ അറിയിച്ചതും 5.10.2018ലെ കൊച്ചി നഗരസഭയുടെ എം.ഒ.എ12/10496/18 നമ്പർ കത്ത് പ്രകാരം അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളതുമാണ്. ചൂണ്ടിക്കാണിച്ച അപാകതകളിൽ താഴെപ്പറയുന്നവ ഒഴികെയുള്ള അപാകതകൾ പരിഹരിച്ചിട്ടുണ്ട്.

ബാലൻസ് ഷീറ്റിൽ കാണുന്ന ആസ്തികൾ ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി പരിശോധിക്കുന്നതിന് ആസ്തി രജിസ്റ്ററിന്റെ അഭാവത്തിൽ കഴിഞ്ഞിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിയ്ക്കുന്നില്ല.

വസ്തുനികുതി, തൊഴിൽ നികുതി എന്നിവയുടെ തൻവർഷ വരവും, കുടിശ്ശിക വരവും സാമ്പത്തിക വർഷാവസാനത്തിൽ കിട്ടാനുള്ള തുകയുടെ ആധികാരികതയും നിയമാനുസരണം സൂക്ഷിക്കേണ്ട രജിസ്റ്ററുകളുടെ അഭാവത്തിൽ പൊരുത്തപ്പെടുത്തി പരിശോധിക്കുന്നതിന് കഴിഞ്ഞിട്ടില്ല.

ഡിമാന്റ് രജിസ്റ്ററുകൾ, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ കാലികമാക്കി എഴുതി സൂക്ഷിയ്ക്കുന്നില്ല.

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 പ്രഥമ മേഖലയില്ല – വികസിത പ്രദേശങ്ങളിലെ കെട്ടിടങ്ങൾ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി വസ്തു നികുതിയിൽ ഇളവ് അനുവദിക്കുന്നു.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 230, 231(2), 233 എന്നീ വകുപ്പുകൾ പ്രകാരം കേരള സർക്കാർ 14.01.2011ൽ സർക്കാർ ഉത്തരവ് (അച്ചടി) നം. 18/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച ചട്ടങ്ങൾക്ക് വിധേയമായും കൊച്ചി നഗരസഭയിലെ 74 ഡിവിഷനുകളെ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ പ്രാഥമികം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തിരിച്ചിട്ടുള്ളതും തറവിസ്തീർണം കെട്ടിടത്തിന്റെ നിർമ്മാണ രീതി, ഉപയോഗം എന്നിവയെ അടിസ്ഥാനമാക്കി 14.01.2011ലെ 17/2011/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം വസ്തു നികുതി നിർണ്ണയിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിട്ടുള്ളതാണ്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ വസ്തു നികുതി നിരക്കുകൾ 1.4.2011 മുതൽ കൊച്ചി നഗരസഭയിൽ നടപ്പാക്കുന്നതിന് നഗരസഭ കൗൺസിൽ 1.11.2011ലെ 63-ാം നമ്പർ തീരുമാനവും 16.11.2011ലെ 12-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുള്ളതാണ്.

അപ്രകാരം നിശ്ചയിച്ച നിരക്കുകൾ മേഖലകൾ എന്നിവ സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം ഉള്ള പക്ഷം ആയത് അറിയിക്കുന്നതിനും ആവശ്യപ്പെട്ട് 16.11.2011ൽ നഗരസഭ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതും ഈ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ലഭിച്ച ആക്ഷേപങ്ങളും പരാതികളും കേട്ട് തീർപ്പാക്കിയ ശേഷം കൊച്ചി നഗരസഭ കൗൺസിൽ നിശ്ചയിച്ച മേഖല വിഭജനം അംഗീകരിച്ചുകൊണ്ടും വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ചു കൊണ്ടും 12.04.2012ലെ 115-ാം നമ്പർ തീരുമാന പ്രകാരം നഗരസഭ കൗൺസിൽ അംഗീകരിച്ചിട്ടുള്ളതുമാണ്.

| | | |
|---|---|---|
| പ്രഥമ മേഖലകൾ | : | 1 മുതൽ 11 വരെയും 28 മുതൽ 73 വരെയുള്ള ഡിവിഷനുകൾ<br>(63-ാം ഡിവിഷൻ ഒഴികെ) |
| ദ്വിതീയ മേഖല | : | 12, 13, 14, 16, 19, 20, 21, 22, 25 വരെ 63, 74 |
| തൃതീയ മേഖല | : | 15, 17, 18, 23, 24, 26, 27 |

ഭേദഗതി ചട്ടങ്ങൾ പ്രകാരം നഗരസഭ പ്രദേശത്തെ 5മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതും ഒന്നര മീറ്ററോ അതിൽ കുറവോ വീതിയുള്ള റോഡുകളിലെ കെട്ടിടങ്ങൾക്ക് 10% നികുതി ഇളവും പൊതുവഴി സൗകര്യമില്ലാത്ത കെട്ടിടങ്ങൾക്ക് 20% നികുതിയിളവും അനുവദിച്ചിട്ടുണ്ട്. 5 മീറ്ററിൽ കുറവും ഒന്നരമീറ്ററിൽ കൂടുതലും വീതിയുള്ള റോഡുകളിലെ കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതിയിൽ ഇളവോ വർദ്ധനവോ ഉണ്ടായിരിക്കുന്നതല്ലായെന്ന നഗരസഭ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്.

പള്ളുരുത്തി മേഖല ഓഫീസിനു കീഴിൽ 12 മുതൽ 22 വരെയുള്ള 10 ഡിവിഷനുകളാണുള്ളത്. ഈ ഡിവിഷനുകളെ ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തിരിച്ചിട്ടുണ്ട്. ഈ മേഖല ഓഫീസ് പരിധിയിൽ പ്രഥമ മേഖലയില്ല. പ്രഥമ മേഖലയിലെ കെട്ടിടങ്ങൾക്ക് ഒഴികെ മറ്റ് മേഖലയിൽ ഉൾപ്പെട്ടിട്ടുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതിയിൽ ഇളവ് അനുവദിക്കുന്നുണ്ട്. ദ്വിതീയ മേഖലയിൽ ഉള്ള കെട്ടിടങ്ങൾക്ക് 20% നികുതിയിളവുണ്ട്. പ്രഥമ മേഖലയില്ലാത്തതിനാൽ പള്ളുരുത്തി മേഖല ഓഫീസ് പരിധിയിൽ വരുന്ന എല്ലാ കെട്ടിടങ്ങൾക്കും വസ്തു നികുതിയിൽ ഇളവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ ഒരു കൗൺസിൽ തീരുമാനം ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 2/2018-19 20.04.2018ൽ നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതാണ്. തോപ്പുംപ്പടി BOT പാലം മുതൽ അരൂർ പാലം (ഇടക്കൊച്ചി - അരൂർ പാലം) വരെയുള്ള ദേശീയ പാത 66ന്റെ ഭാഗങ്ങൾ ( പഴയ NH47) പള്ളുരുത്തി മേഖല ഓഫീസിന് കീഴിൽ വരുന്ന ഡിവിഷനുകളാണ് അതായത് ദ്വിതീയ മേഖലയിൽ ഉൾപ്പെടുന്ന ഡിവിഷനുകളാണ്. ആയതനുസരിച്ച് ദേശീയ പാത 66ന് ഇരുവശത്തുമുള്ള കെട്ടിടങ്ങൾക്ക് ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി 10% ഇളവ് വസ്തു നികുതിയിൽ നൽകിയിട്ടുണ്ട്. എന്നാൽ നഗരസഭ പ്രദേശത്തെ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശനമാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധനവ് വരുത്തണമെന്ന് കൗൺസിൽ തീരുമാനമുള്ളപ്പോഴാണ് ദേശീയ പാതയുടെ ഇരു വശങ്ങളിലുമുള്ള കെട്ടിടങ്ങൾ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി 10% ഇളവ് അനുവദിച്ചിട്ടുള്ളതെന്ന് വിചിത്രമായ വസ്തുതയാണ്. ദേശീയപാതയുടെ ഇരുവശങ്ങളിലുമുള്ള കെട്ടിടങ്ങൾ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി 10% ഇളവ് നൽകിയതു വഴി നഗരസഭയ്ക്ക് 1.4.2011 മുതൽ കോടി കണക്കിന് രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. കേരളത്തിലെ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനവും ദേശീയ പാതയ്ക്ക് സമീപമുള്ള കെട്ടിടങ്ങൾക്ക് ഇളവ് അനുവദിക്കാറില്ലായെന്നമാത്രമല്ല ആയതിന് പ്രഥമ മേഖലയിൽ ഉൾപ്പെടുത്തുകയും ചെയ്യും. പള്ളുരുത്തി മേഖലാ ഓഫീസിന്റെ പരിധിയിലുള്ള പ്രധാന വാണിജ്യ സ്ഥാപനങ്ങളും ഫ്ലാറ്റുകളും ദേശീയപാത 66ന്റെ വശങ്ങളിൽ ആയതിനാൽ ആയത് ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി 10% ഇളവ് അനുവദിച്ചതു വഴി വസ്തു നികുതിയിൽ 2011 മുതൽ നഗരസഭയ്ക്കുണ്ടായ നഷ്ടം നിർണ്ണയിക്കാവുന്നതിനുമപ്പുറമാണ്.

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6ലാണ് അടിസ്ഥാന വസ്തു നികുതിയിന്മേൽ വരുത്തേണ്ട ഇളവുകളും വർദ്ധനവുകളെയുംപ്പറ്റി പ്രതിപാദിക്കുന്നത്. ഓരോ തരത്തിന്റെയും കാര്യത്തിൽ അടിസ്ഥാന വസ്തു നികുതിയുടെ എത്ര ശതമാനം ഇളവ് അല്ലെങ്കിൽ വർദ്ധനവ് വരുത്തേണ്ടതുണ്ട് എന്ന് 1 മുതൽ 9 വരെയുള്ള പട്ടികയിൽ വിവരിക്കുന്നു. ആയതിൽ പട്ടിക ഒന്നിലാണ് മേഖലാ അടിസ്ഥാനത്തിലുള്ള നികുതി ഇളവ്/വർദ്ധനവ് പ്രതിപാദിക്കുന്നത്. ആയതിൽ പ്രഥമ മേഖലയെന്ന് പറയുന്ന സ്ഥലം സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മാർക്കറ്റ്, ആശുപത്രി എന്നിവ കൂടുതലായി സ്ഥിതി ചെയ്യുന്ന പ്രദേശങ്ങൾ അല്ലെങ്കിൽ താരതമ്യേന വികസിതമായ പ്രദേശങ്ങൾ ആണ്. അതിനാൽ പ്രഥമ മേഖലയിൽ ഇളവുകൾ അനുവദിച്ചിട്ടില്ല. ബി.ഒ.റ്റി പാലം മുതൽ (12-ാം ഡിവിഷൻ) അക്വിനാസ് കോളേജ് വരെയുള്ള ഭാഗങ്ങളിൽ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ(SDPY സ്കൂളുകൾ) വില്ലേജ് ഓഫീസ്, കോളേജുകൾ, വാണിജ്യ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവ സ്ഥിതി ചെയ്യുകയും താരതമ്യേന വികസിത പ്രദേശങ്ങളുമാണ്. ഈ പ്രദേശങ്ങളെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തുക വഴി നഗരസഭയ്ക്ക് ലഭിക്കേണ്ട വരുമാനത്തിൽ നഷ്ടമുണ്ടാകുന്ന നടപടിയാണ് കൗൺസിൽ 115-ാം നമ്പർ തീരുമാനത്തിലൂടെ ഉണ്ടായിട്ടുള്ളത്.

# 2-2 ഏകീകൃത സ്വഭാവമില്ലാതെ ഇളവ് അനുവദിച്ചതു വഴി വസ്തു നികുതിയിൽ നഷ്ടം

പള്ളുരുത്തി മേഖല ഓഫീസിന് കീഴിലുള്ള പത്ത് ഡിവിഷനുകളെ ദ്വിതീയം, തൃതീയം എന്നീ മേഖലകളായി തരം തിരിച്ച് മേഖലാ അടിസ്ഥാനത്തിൽ ഗാർഹികമെന്നോ/ വാണിജ്യമെന്നോ പരിഗണന കൂടാതെ വസ്തുനികുതിയിൽ ഇളവ് അനുവദിച്ച വരുന്നതായി അസസ്സ്മെന്റ് രജിസ്റ്ററിലും ഫയലിലും പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6ലാണ് അടിസ്ഥാന വസ്തു നികുതിയിന്മേൽ വരുത്തേണ്ട ഇളവുകളും വർദ്ധനവുകളെയുംപ്പറ്റി പ്രതിപാദിക്കുന്നത്. ഓരോ തരത്തിന്റെയും കാര്യത്തിൽ അടിസ്ഥാന വസ്തു നികുതിയുടെ എത്ര ശതമാനം ഇളവ് അല്ലെങ്കിൽ വർദ്ധനവ് വരുത്തേണ്ടതുണ്ട് എന്ന് 1 മുതൽ 9 വരെയുള്ള പട്ടികയിൽ വിവരിക്കുന്നു. ആയതിൽ പട്ടിക ഒന്നിലാണ് മേഖലാ അടിസ്ഥാനത്തിലുള്ള നികുതി ഇളവ്/വർദ്ധനവ് പ്രതിപാദിക്കുന്നത്. ആയതിൽ പ്രഥമ മേഖലയെന്ന് പറയുന്ന സ്ഥലം സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മാർക്കറ്റ്, ആശുപത്രി എന്നിവ കൂടുതലായി സ്ഥിതി ചെയ്യുന്ന പ്രദേശങ്ങൾ അല്ലെങ്കിൽ താരതമ്യേന വികസിതമായ പ്രദേശങ്ങൾ ആണ്. ആയതു പ്രകാരം പ്രഥമ മേഖലയിൽ ഇളവുകൾ അനുവദിച്ചിട്ടില്ല. ദ്വിതീയ മേഖലയിൽ 10%വും തൃതീയ മേഖലയിൽ 20% നികുതിയിളവുണ്ട്. 10 ഡിവിഷനുകളിലെ അസസ്സ്മെന്റ് രജിസ്റ്ററുകൾ പരിശോധിച്ചതിലും വസ്തു നികുതി ഫയലുകൾ പരിശോധിച്ചതിലും ദ്വിതീയ മേഖലയിൽ ഉൾപ്പെട്ട പല കെട്ടിടങ്ങൾക്കും വസ്തു നികുതിയിൽ 20% ഇളവ് അനുവദിച്ചതായി കാണുന്നു. അതുപോലെ ത്രിതീയ മേഖലയിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് 10% വസ്തു നികുതി ഇളവ് അനുവദിച്ചതിന് ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം ഉപയോഗം | കെട്ടിട ഉടമയുടെ പേര് | വിസ്തീർണ്ണം | ഇളവ് |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 1 | 15/1282 A ഗാർഹികം | ജോൺസൺ | 52.81 $m^2$ | 10% |
| 2 | 15/325B ഗാർഹികം | ജിനു ജോസ് | 87.73$m^2$ | 10% |
| 3 | 15/325B(1) ഗാർഹികം | ജിനു ജോസ് | 87.73$m^2$ | 10% |
| 4 | 15/387 A1 ഗാർഹികം | ജിസ്മി ബിനിൽ | 145.65$m^2$ | 10% |
| 5 | 15/1836 A ഗാർഹികം | അബ്ദുൾ റഹിം | 48$m^2$ | 10% |
| 6 | 19/371 A ഗാർഹികം | സേവ്യർ | 112.10$m^2$ | 10% |
| 7 | 19/371 A(1) ഗാർഹികം | സേവ്യർ | 34.5$m^2$ | 10% |
| 8 | 18/1476 A ഗാർഹികം | ചിന്നാ മാധവൻ | 52.65$m^2$ | 10% |
| 9 | 18/974 A ഗാർഹികം | മനാഫ് | 52.65$m^2$ | 10% |
| 10 | 18/1395 A ഗാർഹികം | ഷിബു പി.പി | 52.65$m^2$ | 10% |
| 11 | 18/1395 A(1) ഗാർഹികം | ഷിബു പി.പി | 47.50$m^2$ | 10% |
| 12 | 15/334 A വാണിജ്യം | നെൽസൺ സേവ്യർ | 8.64$m^2$ | 10% |

ദ്വിതീയ മേഖലയിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് 20% വസ്തു നികുതി ഇളവ് അനുവദിച്ചതിന് ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് | വിസ്തീർണ്ണം | ഇളവ് |
|---|---|---|---|---|
| 1 | 18/773 B | ഷുക്കൂർ | 7129 $m^2$ | 20% |
| 2 | 18/1216 A | ഭഗത് & കണ്ണൻ ഭഗത് | 65.90 $m^2$ | 20% |
| 3 | 15/2364 A | മുഹമ്മദ് ആഷിക് സെയ്ത് | 26.68 $m^2$ | 20% |
| 4 | 15/2364 A1 | മുഹമ്മദ് ആഷിക് സെയ്ത് | 21$m^2$ | 20% |
| 5 | 15/109 B | സന്തോഷ് കുമാർ | 98.80 $m^2$ | 20% |
| 6 | 18/378 | ദിനേശൻ | 49.06 $m^2$ | 20% |

ദ്വിതീയ മേഖലയിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് 20% വസ്തു നികുതി ഇളവ് അനുവദിച്ചു വഴി നഗരസഭയ്ക്ക് വസ്തു നികുതിയിനത്തിൽ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. ചട്ടത്തിൽ പറയുന്ന വിധത്തിൽ വസ്തു നികുതി ഇളവ് അനുവദിക്കാത്തത് കാരണം നഗരസഭയ്ക്ക് നഷ്ടം ഉണ്ടായിട്ടുണ്ട്. ചട്ടത്തിൽ പറയുന്നതിൽ നിന്നും വ്യത്യസ്തമായി ഇളവ് അനുവദിച്ചതിന്റെ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 4/2017-18) തീയതി 21.4.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വസ്തുനികുതി രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ച് ചട്ടത്തിൽ പറഞ്ഞിട്ടുള്ളതിൽ നിന്നും വ്യത്യസ്തമായി ഇളവ് അനുവദിച്ചിട്ടുള്ള കെട്ടിടയുടമകളിൽ നിന്ന് വസ്തു നികുതിയിൽ ഉണ്ടായ നഷ്ടം തിരികെ ഈടാക്കേണ്ടതും തെറ്റായി ഇളവ് അനുവദിച്ചിട്ടുള്ളവ തിരുത്തേണ്ടതുമാണ്.

# 2-3 ചട്ടങ്ങൾ ലംഘിച്ച് ഫ്ലാറ്റ് നിർമ്മാണം - വസ്തു നികുതി അടവാക്കാത്തതിനാൽ നഷ്ടം

പള്ളുരുത്തി മേഖല കാര്യാലയത്തിന്റെ പരിധിയിൽ നാല് ഫ്ലാറ്റുകളാണ് നിർമ്മാണം പൂർത്തീകരിച്ച് വരുന്നത്. ഈ നാല് ഫ്ലാറ്റുകളും വേമ്പനാട് കായലിൽ (കൊച്ചി കായൽ) നിന്നും 50 മീറ്റർ താഴെ ദൂരപരിധിയിൽ സ്ഥിതി ചെയ്യുന്നവയാണ്. ആയതിനാൽ ഇവയെല്ലാം CRZ പരിധിയിൽ ഉൾപ്പെടുന്നവയാണ്. ഫ്ലാറ്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫ്ലാറ്റിന്റെ പേര് | ഫയൽ നം. | നിലകളുടെ എണ്ണം | ഡിവിഷൻ |
|---|---|---|---|---|
| 1 | ചോയ്സ് മറീന | SYP1/654/2011 | G+12 | 12 |
| 2 | ചാക്കോളാസ് ഹാബിറ്റാറ്റ് ലേക്ക് സൈഡ് | SYP1/901/2010 | G+15 | 16 |
| 3 | ചാക്കോളാസ് ഹാബിറ്റാറ്റ് ലേക്ക് സൈഡ് | SYP1/549/2009 | G+16 | 16 |
| 4 | കെന്റ് കൺസ്ട്രക്ഷൻ | SYP1/399/2014 | G+12 | 16 |

വേമ്പനാട് കായൽ കരയിൽ നിന്നും 50 മീറ്റർ ദൂരപരിധിയിൽ CRZ മേഖലയിൽ സ്ഥിതി ചെയ്യുന്ന മേൽപ്പറഞ്ഞ ഫ്ലാറ്റുകളിൽ കെന്റ് കൺസ്ട്രക്ഷന്റെ ഫ്ലാറ്റിനു മാത്രമേ ബഹു. ഹൈക്കോടതി CRZ പരിധിയിൽ ഇളവ് അനുവദിച്ചിട്ടുള്ളൂ. മേൽപ്പറഞ്ഞ എല്ലാ ഫ്ലാറ്റുകൾക്കും കൊച്ചി നഗരസഭ നിർമ്മാണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണാനുമതി നൽകിയ ഈ ഫ്ലാറ്റുകളിൽ പണി പൂർത്തീകരിച്ചവയുടെ എണ്ണത്തെക്കുറിച്ച് നഗരസഭയ്ക്ക് വ്യക്തതയില്ല. കംപ്ലീഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചതായോ ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയതായോ ഫയലിൽ കാണുന്നില്ല. കോസ്റ്റൽ മാനേജ്മെന്റ് അതോറിറ്റിയുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റുകളാണ് നാല് ഫ്ലാറ്റുകളും സമർപ്പിച്ചിട്ടുള്ളത്. എന്നാൽ CRZ സംബന്ധിച്ച് ചീഫ് ടൗൺ പ്ലാനറുടെ അനുമതിയോ/ നിർദ്ദേശങ്ങളോ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടില്ല.

കൂടാതെ ചോയ്സ് മറീന ഫ്ലാറ്റിന്റെ കുറച്ച് ഭാഗം പാട്ട ഭൂമിയിലാണ് സ്ഥിതി ചെയ്യുന്നത്. കൊച്ചി താലൂക്കിലെ രാമേശ്വരം വില്ലേജിലെ 1478, 1166 എന്നീ സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട 22.250 സെന്റ് സ്ഥലം ചോയ്സ് മറീന ഫ്ലാറ്റിന്റെ ഉടമയായ ജോസ് തോമസിന് സർക്കാർ പാട്ടത്തിന് അനുവദിച്ച റവന്യൂ ഭൂമിയാണ്. പാട്ടത്തിന് അനുവദിച്ച സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട ഭൂമിയിൽ ചോയ്സ് മറീന ഫ്ലാറ്റിന് നിർമ്മാണാനുമതി നൽകിയ സാഹചര്യം വ്യക്തമല്ല. അനധികൃത നിർമ്മാണം നടത്തിയ ഈ ഫ്ലാറ്റ് പൊളിച്ച് നീക്കുന്നതിന് റവന്യൂ വകുപ്പ് നിർദ്ദേശം നൽകിയെങ്കിലും നഗരസഭ യാതൊരു നടപടിയും സ്വീകരിച്ചില്ല. നഗരസഭ ഡിവിഷൻ 16ൽ സ്ഥിതി ചെയ്യുന്ന ചാക്കോളാസ് ഹാബിറ്റാറ്റ്(പ്രൈ) ലിമി. എന്ന സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ചാക്കോളാസ് ഹാബിറ്റാറ്റ് "ലേക്ക് സൈഡ്" എന്ന ഫ്ലാറ്റ് സമുച്ചയത്തിന് 16.04.2011ൽ നിർമ്മാണാനുമതി നൽകിയിട്ടുണ്ട്. 15.04.2014ൽ പെർമിറ്റ് കാലാവധി അവസാനിച്ചതിനെ തുടർന്ന് 16.09.2015ൽ കാലാവധി ദീർഘിപ്പിച്ച് 15.04.2017വരെ നൽകിയിട്ടുണ്ട്. എന്നാൽ നഗരസഭ SYR3/013/16-ാം നമ്പർ ഫയൽ പ്രകാരം 1.4.2014മുതൽ ഈ ഫ്ലാറ്റ് സമുച്ചയത്തിന് അനധികൃത നമ്പർ (U/A നമ്പ്ര) നൽകി വസ്തു നികുതി നിർണ്ണയിക്കുകയും ഡിമാന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. വസ്തു നികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്ത ഫ്ലാറ്റിന് 16.9.2015ൽ നിർമ്മാണാനുമതി ദീർഘിപ്പിച്ച് നൽകിയതിന്റെ കാരണം നഗരസഭ വിശദീകരിച്ചിട്ടില്ല. പള്ളുരുത്തി മേഖലാ ഓഫീസിലെ റവന്യൂ എഞ്ചിനീയറിംഗ് വിഭാഗങ്ങളുടെ ഏകോപനമില്ലായ്മയാണ് ഇത് സൂചിപ്പിക്കുന്നത്. ഇതേ ഡിവിഷനിലെ വാട്ടർ എഡ്ജ് എന്ന ഫ്ലാറ്റിന് ഒക്യുപൻസി സർട്ടിഫിക്കറ്റ് ലഭിക്കാതെ തന്നെ താമസം ആരംഭിച്ചിട്ടുള്ളതായി റവന്യൂ ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവയ്ക്ക് യു.എ. നമ്പർ നൽകി നികുതി നിർണ്ണയിച്ചിട്ടില്ല. ഇത്തരത്തിൽ ഒക്യുപൻസി സർട്ടിഫിക്കറ്റില്ലാതെ തന്നെ താമസം ആരംഭിച്ചിട്ടുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിക്കാത്തതുമൂലം വരുമാന ഇനത്തിൽ നഗരസഭയ്ക്ക് നഷ്ടമുണ്ടായിട്ടുണ്ട്. ഒക്യുപൻസി സർട്ടിഫിക്കറ്റ് ലഭിക്കാതെ താമസം ആരംഭിച്ചിട്ടുള്ള ഫ്ലാറ്റുകൾ/കെട്ടിടങ്ങൾക്ക് എതിരെ നഗരസഭ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകാതെ കെട്ടിടങ്ങൾക്ക് നഗരസഭ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകുകയില്ല. നഗരസഭ നൽകുന്ന ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് കെ.എസ്.ഇ.ബി, കെട്ടിടങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നത്. എന്നാൽ മേൽപ്പറഞ്ഞ ഫ്ലാറ്റുകൾക്ക് എല്ലാം തന്നെ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ട്. ആയതിനെകുറിച്ച് നഗരസഭ അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയങ്ങൾ ചൂണ്ടിക്കാണിച്ച് പള്ളുരുത്തി മേഖലാഫീസിൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 12/2017-18 തീയതി 26.04.2018) മറുപടി ലഭ്യമാക്കിയിട്ടില്ല.

# 2-4 അൾട്രാ ടെക് സിമന്റ് ലിമിറ്റഡ് - അനധികൃതമായി നിർമ്മിച്ച കെട്ടിടം ക്രമവത്കരിച്ചു

*ഫയൽ നം. WZR4/2174/17*

കൊച്ചി നഗരസഭയിലെ മട്ടാഞ്ചേരി റവന്യൂ മേഖലാ ഓഫീസ് പരിധിയിൽ വില്ലിംഗ്ടൺ ഐലന്റിൽ തോപ്പുംപടി വില്ലേജിൽ സർവ്വേ നമ്പർ 2578/4, 2578/4/2ൽ ഉൾപ്പെട്ട (ഡിവിഷൻ XXIX) അൾട്രാ ടെക് സിമന്റ് ലിമിറ്റഡ് എന്ന സ്ഥാപനം 3609.83 ചതുരശ്ര മീറ്റർ കെട്ടിടങ്ങൾ അനധികൃതമായി നിർമ്മിച്ച് ഉപയോഗിച്ചിട്ടുള്ളതാണ്. ഈ കെട്ടിടങ്ങൾക്ക് കേരള മുനിസിപ്പൽ ആക്ട് വകുപ്പ് 242 പ്രകാരം 1.10.2012 മുതൽ (397080 + ലൈബ്രറി സെസ് അർദ്ധവാർഷിക നികുതി) അനധികൃത കെട്ടിട നിർമ്മാണത്തിൽ ഉൾപ്പെടുത്തി യു.എ. കെട്ടിട നം. 24/2078 നൽകി 7,94,160/-രൂപ വാർഷിക നികുതി നിർണ്ണയിച്ചിട്ടുണ്ട്. ആയത് പ്രകാരം 5.5.2014-ാം തീയതിയിലെ 01/11415501077-ാം നമ്പരായി ഈ തുക അൾട്രാ ടെക് സിമന്റ്

ലിമിറ്റഡ് നഗരസഭയിൽ ഒടുക്കിയിട്ടുള്ളതാണ്. FCP2/561/16-ാം നമ്പർ ഓക്യുപൻസി പ്രകാരം കെട്ടിടത്തിന്റെ നിർമ്മാണം ക്രമവത്കരിച്ച് ഉത്തരവായതിനെ തുടർന്ന് 1.10.2012മുതൽ മുൻകാല പ്രാബല്യത്തോടെ നികുതി നിർണ്ണയിച്ച് നോട്ടീസ് നൽകിയിട്ടുള്ളതാണ്.

12.04.2017ൽ നൽകിയിട്ടുള്ള ഒക്വിപൻസി സർട്ടിഫിക്കറ്റിൽ 3609.83m$^2$ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഓരോ കെട്ടിടത്തിന്റെയും വിസ്തീർണ്ണം പ്രത്യേകം പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. കെട്ടിട ഉടമ, കെട്ടിടം നമ്പറിട്ട് വസ്തു നികുതി ചുമത്തുന്നതിനായി അപേക്ഷ നൽകിയിട്ടുള്ളത് 3.5.2017ലാണ്. അപേക്ഷ പരിഗണിച്ച നഗരസഭ 1.10.2012ൽ അനധികൃതമായി നിർമ്മിച്ച് കേരള മുനിസിപ്പൽ ആക്ട് വകുപ്പ് 242 പ്രകാരം വസ്തു നികുതി നിർണ്ണയിച്ച കെട്ടിടത്തിന് മുൻകാല പ്രാബല്യത്തോടെ ക്രമവത്കരിച്ച നികുതി നിർണ്ണയിക്കുവാനുണ്ടായ സാഹചര്യം വ്യക്തമല്ല. കേരള മുനിസിപ്പൽ ആക്ടിലെ ഏത് വകുപ്പ് പ്രകാരമാണ് മുൻകാല പ്രാബല്യത്തോടെ നിർണ്ണയിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതെന്നും വ്യക്തമല്ല.

ബഹു. കേരള ഹൈക്കോടതിയിൽ WP(C) 29814/14 നമ്പരായി അൾട്രാ ടെക് ഫയൽ ചെയ്ത കേസ്സിൽ നഗരസഭ നൽകിയ ഡിമാന്റ് നോട്ടീസിന്മേലുള്ള തുടർനടപടികൾ സ്റ്റേ ചെയ്തതിട്ടുള്ളതും ഈ കേസ്സ് കോടതിയിൽ ഇപ്പോഴും പെന്റിംഗായി തുടരുന്ന സാഹചര്യത്തിൽ അദാലത്തിൽ ഈ കെട്ടിടം ക്രമവത്കരിച്ച നൽകുവാൻ വേണ്ടി കമ്മറ്റി ഫയൽ പരിഗണിച്ചിട്ടുള്ളത് ശരിയായ നടപടിയല്ല. കെട്ടിട ഉടമ വസ്തുനികുതി ചുമത്തുവാൻ അപേക്ഷിക്കുന്ന അന്നു മുതൽ മാത്രമേ സാധാരണ വസ്തു നികുതി നിർണ്ണയിക്കുകയുള്ളൂ. 1.10.2012ൽ അനധികൃത കെട്ടിടമായി കേരള മുനിസിപ്പൽ ആക്ട് വകുപ്പ് 242 പ്രകാരം വസ്തു നികുതി നിർണ്ണയിച്ച കെട്ടിടത്തിന് കെട്ടിട ഉടമ വസ്തുനികുതി നിർണ്ണയിക്കുവാൻ ആവശ്യപ്പെട്ട 3.05.2017വരെ ആ കെട്ടിടം അനധികൃത കെട്ടിടമായി വേണം പരിഗണിക്കുവാൻ. അതായത് 1.10.2012 മുതൽ 3.5.2017 വരെ നിലവിലുള്ള വസ്തു നികുതിയും ആയതിന്റെ രണ്ട് ഇരട്ടി തുകയുമാണ് നികുതിയായി ഈടാക്കേണ്ടത്. ആ കാലയളവിൽ സാധാരണ നികുതിയ്ക്ക് അർഹതയില്ല. കെട്ടിടം ക്രമപ്പെടുത്തുന്ന പക്ഷം ക്രമപ്പെടുത്തുവാൻ അപേക്ഷ നൽകിയ അന്നുമുതലാണ് സാധാരണ നികുതി ഈടാക്കേണ്ടത്. ഇതു പ്രകാരം 1.10.12 മുതൽ 31.3.17 വരെ ലൈബ്രറി സെസ് ഉൾപ്പെടെ ലഭിയ്ക്കേണ്ട നികുതി 76,21,232 രൂപയാണ്. ഈ കെട്ടിടം മുൻകാല പ്രാബല്യത്തോടെ ക്രമപ്പെടുത്തുമ്പോൾ നഗരസഭയ്ക്ക് വസ്തു നികുതിയിൽ 50,80,815 രൂപ നഷ്ടം സംഭവിക്കും. ഇത്തരത്തിൽ മുൻകാല പ്രാബല്യം നൽകി വസ്തു നികുതി നിർണ്ണയിക്കുവാനുണ്ടായ കാരണം അന്വേഷിച്ച് നൽകിയ 97-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ 12.4.2017ൽ ടൗൺ പ്ലാനിംഗ് സെക്ഷനിൽ നിന്ന് നൽകിയിട്ടുള്ള ഒക്വപ്പെൻസി സർട്ടിഫിക്കറ്റിൽ 3609.83 ച.മീ എന്ന് രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് റവന്യു വിഭാഗം വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ളതെന്നും 2013-14 ഒന്നാം അർദ്ധവർഷമുതൽ ഈ കെട്ടിടം U/A കെട്ടിടമായി അസ്സസ് ചെയ്തിട്ടുള്ളതും പ്രതിവർഷം 7,94,160/-രൂപയായി നികുതി ചുമത്തിയിട്ടുള്ളതുമാണ്. 2016-17രണ്ടാം അർദ്ധവർഷം വരെയുള്ള വസ്തുനികുതി ഒടുക്കിയിട്ടുണ്ടെന്നും മറുപടിയിൽ പറയുന്നു. എന്നാൽ നഗരസഭയിൽ 100 ച.മീ. മുകളിലുള്ള ഗോഡൗണുകൾക്ക് ച.മീറ്ററിന് 120/-രൂപയാണ്. ആയതനുസരിച്ച് 3609.83 ച.മീ കെട്ടിടത്തിന് 4,33,180/-രൂപ വസ്തു നികുതിയും 21,660 രൂപ ലൈബ്രറി സെസ്സും വരും ആയതിന്റെ മൂന്നിരട്ടി തുകയെന്നത് 13,64,516/-രൂപയാണ് ഒരു അർദ്ധവർഷം ഈ കെട്ടിടത്തിൽ നിന്ന് ഈടാക്കേണ്ട തുക. അപ്പോൾ നഗരസഭ പ്രതിവർഷം 7,94,160/-രൂപയായി നികുതി ചുമത്തിയെന്നും തന്മൂലം നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടില്ലായെന്നും പറയുന്നു. എന്നാൽ നഗരസഭ ലഭ്യമാക്കിയ മറുപടി വസ്തുതകൾക്ക് നിരക്കാത്തതും കൃത്യതയില്ലാത്തതുമാണ്. ആയതിനാൽ നഗരസഭയ്ക്കുണ്ടായിട്ടുള്ള നഷ്ടം സ്ഥാപനത്തിൽ നിന്ന് പലിശ സഹിതം ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കുവാൻ ഭരണവകുപ്പ് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-5 വസ്തുനികുതി അസസ്സ്മെന്റ് രജിസ്റ്റർ ഡാറ്റാ എൻട്രി - പൂർത്തീകരിച്ചില്ല (ഫയൽ നമ്പർ. ISO/ MOR.6/ 38455/16)

വസ്തു നികുതി പരിഷ്കരണത്തിനായി അസസ്സ്മെന്റ് രജിസ്റ്ററുകളുടെ ഡാറ്റാഎൻട്രി നടത്തുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ MOR.6/38455/16-ാം നമ്പർ ഫയൽ പ്രകാരം സ്വീകരിച്ചിട്ടുണ്ട്. 25.1.2017 ൽ നടത്തിയ ടെണ്ടറിൽ ജോബ് ഇന്ത്യാ കൺസൾട്ടൻസി എന്ന സ്ഥാപനത്തിന്റെ ഓഫർ ( ഒരു അസസ്സമെന്റിന് 4.50 രൂപ) മാത്രമാണ് ലഭിച്ചത്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ 57/7.2.2017നമ്പർ പ്രകാരം റീടെണ്ടർ ചെയ്യുന്നതിന് തീരുമാനിച്ചു. തുടർന്ന് 7.3.2017ൽ നടത്തിയ റീടെണ്ടറിൽ ഏറ്റവും കുറഞ്ഞ നിരക്ക്( ഒരു അസസ്സമെന്റിന് 3 രൂപ) രേഖപ്പെടുത്തിയ ടെക് നെറ്റ് സോഫ്റ്റ് വെയേഴ്സ് എന്ന സ്ഥാപനത്തിനെ പ്രവൃത്തി ഏൽപ്പിക്കുകയും (9.5.2017ലെ കരാർ) ചെയ്തു. ഇത് സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ താഴെ ചേർക്കുന്നു.

1. **കരാറുകാരന് പ്രവൃത്തി നടത്തുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുത്തില്ല :**

9.5.17 ലെ കരാർ വ്യവസ്ഥ പ്രകാരം കമ്പ്യൂട്ടറുകൾ മറ്റ് അനുബന്ധസാമഗ്രികൾ എന്നിവ കരാറുകാരൻ തന്നെ ലഭ്യമാക്കി അതത് മേഖലാ ഓഫീസുകളിൽ വച്ച് ഒരേ സമയം പ്രവൃത്തി ചെയ്തു തീർക്കേണ്ടതാണ്. പ്രവൃത്തി കരാർ അംഗീകരിച്ച തീയതി മുതൽ ഒരു മാസത്തിനകം പൂർത്തീകരിക്കേണ്ടതുമാണ്. വിവിധ മേഖലാ കാര്യാലയങ്ങളിൽ പ്രവൃത്തി നടത്തുന്നതിന് ആവശ്യമായ സ്ഥലസൗകര്യം പവർ സപ്ലൈ എന്നിവ ഒരുക്കി നൽകണമെന്ന് ആവശ്യപ്പെട്ട് കരാറുകാരൻ 20.05.2017ൽ റവന്യൂ ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്.തുടർന്ന് 06.06.17, 12.06.17, 20.06.17, 21.07.17, 24.7.17, 01.08.17 തീയതികളിലും ഇതേ ആവശ്യം ഉന്നയിച്ച് കരാറുകാരൻ കത്ത് നൽകിയിട്ടുണ്ടെങ്കിലും ആയത് പരിഗണിച്ചതായി ഫയലിൽ രേഖപ്പെടുത്തലുകളില്ല. പകരം രണ്ടാം നിരക്കുകാരനോട് പ്രവൃത്തി ചെയ്യുവാൻ ആവശ്യപ്പെടുകയും ടിയാൻ പ്രവൃത്തി ഏറ്റെടുക്കാത്ത സാഹചര്യത്തിൽ ദിവസവേതന വ്യവസ്ഥയിൽ ആളെ നിയമിച്ച് പ്രവൃത്തി നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

2. **സർക്കാർ അനുമതി ഇല്ലാതെ ദിവസവേതനവ്യവസ്ഥയിൽ 17 പേരെ നിയമിക്കുന്നതിന് ശുപാർശ ചെയ്തു:**

റിവിഷൻ നടപടികൾ 31.03.2018നകം പൂർത്തീകരിക്കേണ്ടതിനാൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രതിദിന നിരക്കിൽ ഡാറ്റാ എൻട്രി നടത്തുന്നതിനായി 17 പേരെ നിയമിക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി 27/ 5.3.2018-ം നമ്പർ തീരുമാനപ്രകാരം കൗൺസിലിലേക്ക് ശുപാർശ ചെയ്തിട്ടുണ്ട്. ആയതിന് മേയർ മുൻകൂർ അനുമതി നൽകിയിട്ടുമുണ്ട്. 16.12.2015 ലെ സ.ഉ.(എം.എസ്) 358/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ഒരു എൻട്രിക്ക് 2രൂപ നിരക്കിൽ അനുവദിക്കാമെന്ന് നിർദ്ദേശമുണ്ട്. ഈ സാഹചര്യത്തിൽ ദിവസവേതന അടിസ്ഥാനത്തിൽ ആളെ നിയമിക്കുന്നത് നഗരസഭയ്ക്ക് സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്ന നടപടി ആണ്. മാത്രമല്ല 26.02.2016ലെ സ.ഉ.(പി) 28/2016/ധന. നമ്പർ ഉത്തരവ് പ്രകാരം സർക്കാരിൽ നിന്നുള്ള സ്പഷ്ടമായ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമേ ദിവസവേതന/ കരാർ നിയമനങ്ങൾ നടത്താവൂ എന്നും വ്യവസ്ഥയുണ്ട്. മേൽ തീരുമാനം ഈ വ്യവസ്ഥകൾക്ക് വിരുദ്ധമായിട്ടുള്ളതാണ്.

3. **ഡാറ്റാ എൻട്രി പൂർത്തീകരിച്ചതായി കാണുന്നില്ല:**

5.3.2018ലെ തീരുമാനപ്രകാരം ഡാറ്റാഎൻട്രിക്കായി ആളുകളെ നിയമിച്ച് പ്രവൃത്തി 31.03.2018നകം പൂർത്തീകരിച്ചതായി കാണുന്നില്ല. ഡാറ്റാ എൻട്രിക്കായി ആളുകളെ നിയമിച്ചതിന്റെയും പ്രവൃത്തി പൂർത്തീകരിച്ചതിന്റെയും വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കിയില്ല. മാത്രമല്ല ഇതിനായി നഗരസഭാ ഫണ്ടിൽ നിന്നും വിനിയോഗിച്ചിട്ടുള്ള തുകയുടെ വിവരവും ലഭ്യമല്ല.

മേൽ പരാമർശങ്ങൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 70/22.09.2018 -ം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

# 2-6 നഗരസഭയിലെ വസ്തുനികുതി പരിഷ്കരണം - നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപ്പാക്കിയ പ്രവൃത്തികൾ

14-01-2001 ലെ സർക്കാർ ഉത്തരവ് (അ) നം. 17/2011/തസ്വഭവ അടിസ്ഥാനത്തിൽ 16.11.2011ലെ 12-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം കൊച്ചി നഗരസഭയിൽ വസ്തു നികുതി പരിഷ്കരണം നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയും, അതിനായി നഗരസഭയെ 74 ഡിവിഷനുകളായി തിരിച്ചുകൊണ്ട് ടൗൺപ്ലാനിംഗ് കമ്മിറ്റി തയ്യാറാക്കിയ മാപ്പും, റോഡുകളുടെ ലിസ്റ്റും, നികുതി പരിഷ്കരണ നിരക്കുകളും കൗൺസിൽ അംഗീകരിക്കുകയും ചെയ്തു. അനുപ്രകാരം 2013 ഫെബ്രുവരി മാസം മുതൽ പുതിയ കെട്ടിടങ്ങൾക്ക് പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ നികുതി ചുമത്തി ഈടാക്കി തുടങ്ങി.15.03.2013 പ്രാബല്യത്തോടെ നികുതി പരിഷ്കരണം നടപ്പിലാക്കുന്നതിന് 14.06.2013ലെ 98-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം തീരുമാനിച്ചു. തുടർന്ന് കെട്ടിടങ്ങൾക്ക് നമ്പർ പതിക്കൽ, ഫോറം നമ്പർ 2 വിതരണം എന്നിവ 31.03.2014-ൽ തന്നെ പൂർത്തീകരിച്ചു. നികുതിദായകരിൽ നിന്നും തിരികെ ലഭിച്ച ഫോറം നമ്പർ 2ന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിച്ച് ഫോറം നമ്പർ 5, 7, 9 എന്നിവ തയ്യാറാക്കി നികുതിദായകർക്ക് നൽകി തുടങ്ങി. ഇതേ തുടർന്ന് പൊതുജനങ്ങളിൽ നിന്നും വ്യാപക പരാതികൾ ഉണ്ടായതിനാൽ വിഷയം കൗൺസിലിൽ പ്രമേയമായി അവതരിപ്പിക്കുകയും, വസ്തു നികുതി നിർണ്ണയം - ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് അഭ്യർത്ഥിച്ചുകൊണ്ട് 17.06.2014-ന് സർക്കാരിലേയ്ക്ക് കത്ത് നല്കുകയും, സർക്കാരിൽ നിന്നും സ്പഷ്ടീകരണം ലഭിക്കുന്നതുവരെ നികുതിദായകർക്ക് ഡിമാന്റ് നോട്ടീസ് നൽകുന്നത് നിർത്തിവെയ്ക്കുകയും ചെയ്തു.

27.04.2015ലെ സ.ഉ. (എം.എസ്) നമ്പർ 144/15/തസ്വഭവ ഭേദഗതി ഉത്തരവിനടിസ്ഥാനത്തിൽ നികുതി പരിഷ്കരണം പുനരാരംഭിക്കുന്ന വിഷയം 04.08.2015-ൽ ധനകാര്യ സ്റ്റാ.കമ്മിറ്റിക്ക് സമർപ്പിക്കുകയും, 19.08.2015ലെ ധനകാര്യ സ്റ്റാ.കമ്മിറ്റി 144/15/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ പരാമർശങ്ങളിൽ ചിലതിന് വ്യക്തത ആവശ്യമായതിനാലും, ടി ഉത്തരവിലെ നിർദ്ദേശങ്ങളുമായി മുന്നോട്ടുപോയാൽ നഗരസഭയ്ക്ക് കനത്ത സാമ്പത്തിക നഷ്ടം ഉണ്ടാകുവാൻ സാധ്യത ഉണ്ടെന്ന് കണ്ടെത്തുകയും, ആയതിനാൽ ടി ഉത്തരവിൽ ചില ഭേദഗതികൾക്കായി കൗൺസിൽ അംഗീകാരത്തോടെ സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു. 25.01.2017ലെ പ്രത്യേക കൗൺസിൽ നികുതി പരിഷ്കരണം സംബന്ധിച്ച എല്ലാ ഉത്തരവുകളും വിശദമായി ചർച്ച ചെയ്ത് അവ നടപ്പിലാക്കുമ്പോൾ നഗരസഭയ്ക്ക് ഭീമമായ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതാണ് എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഭേദഗതി നിർദ്ദേശങ്ങൾ സഹിതം സർക്കാർ പരിഗണനയ്ക്ക് അയ്ക്കുന്നതിന് തീരുമാനിക്കുകയും 25.02.2017ന് സർക്കാരിന് കത്ത് നൽകുകയും ചെയ്തു. എന്നാൽ സർക്കാരിൽ നിന്നും സ്പഷ്ടീകരണം ലഭിക്കാതിരുന്നതിനാൽ 31.01.2018, 29.05.2018 എന്നീ തീയതികളിൽ വീണ്ടും സർക്കാരിലേയ്ക്ക് കത്തുകൾ അയച്ചിട്ടുണ്ട്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനതു വരുമാനത്തിൽ പ്രധാനമായ വസ്തു നികുതി കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപ്പാക്കിയ വസ്തു നികുതി പരിഷ്കരണ ചട്ടങ്ങളും ഉത്തരവുകളും പാലിക്കുന്നതിൽ കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി നഗരസഭ കൈവരിച്ച പുരോഗതി ചുവടെ ചേർക്കുന്നു.

| വർഷം | ആകെ നികുതി വരുമാനം | വസ്തു നികുതി | ശതമാനം |
|---|---|---|---|
| 2013-14 | 145,12,46,984 | 65,30,80,793 | 45% |
| 2014-15 | 110,57,51,541 | 54,40,51,141 | 49.2% |
| 2015-16 | 117,58,85,847 | 60,87,46,058 | 51.76% |
| 2016-17 | 111,65,97,858 | 69,49,26,768 | 62.23% |
| 2017-18 | 107,94,30,370.75 | 71,64,64,840 | 66.37% |

ആധുനികവത്കരണത്തിന്റെ ഭാഗമായി വസ്തു നികുതി രേഖകളുടെ ഡിജിറ്റലൈസേഷൻ, ഡിവിഷൻ തിരിച്ചിട്ടുള്ള കെട്ടിടങ്ങളുടെ വിശദാംശങ്ങളുടെ ഡാറ്റ എൻട്രി എന്നിവയുടെ പുരോഗതി ലഭ്യമാക്കേണ്ടതാണ്. അതായത് വസ്തു നികുതി നിർണ്ണയിച്ചതിനു ശേഷം കെട്ടിടങ്ങൾക്ക് നമ്പർ പതിപ്പിക്കൽ, കെട്ടിടങ്ങളുടെ എണ്ണം, തരം, നികുതി, നികുതി കുടിശ്ശിക, പഴയ കെട്ടിട നമ്പർ, പുതിയ കെട്ടിട നമ്പർ, പേര്, വിലാസം, പഴയ നികുതിയും ലൈബ്രറി സെസ്സും, അസസ്സ്മെന്റ് വർഷം, നികുതി നിർണ്ണയിച്ചത് ARV/പ്ലിന്ത് അടിസ്ഥാനത്തിലാണോ എന്നിവയുടെ ഡിജിറ്റൽ ഡേറ്റാ ബേസിന്റെ പുരോഗതി, ഫോം 2ലും ഫോം 6ലും രേഖപ്പെടുത്തിയ വിവരങ്ങൾ തമ്മിലുള്ള അന്തരങ്ങൾ ഭൗതിക പരിശോധന നടത്തി നഗരസഭ ഉറപ്പുവരുത്തിയാണോ ഡാറ്റ എൻട്രി നടത്തിയതെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ ഡിമാന്റ് രജിസ്റ്ററും വസ്തു നികുതി റിട്ടേൺ രജിസ്റ്ററും തയ്യാറാക്കിയിട്ടുണ്ടോ എന്നും നികുതി വിവരങ്ങൾ ഡേറ്റ എൻട്രി നടത്തിയതിന്റെ കൃത്യത റവന്യൂ വിഭാഗം 100% പരിശോധന നടത്തുന്നുണ്ടോ എന്നും ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആരാണെന്നും നഗരസഭ വ്യക്തമാക്കിയിട്ടില്ലാത്തതാണ്.

നഗരസഭയ്ക്ക് കീഴിലുള്ള വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങളിൽ ചിലത് 100ച.മീ. താഴെയുള്ള ചെറിയ മുറികളായി തിരിച്ച് വാടകയ്ക്ക് നൽകിയിട്ടുള്ളതായി റവന്യൂ ഇൻസ്പെക്ടർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നും കേരള മുനിസിപ്പാലിറ്റി നിയമം 235-ാം വകുപ്പിൽ പറയുന്ന കെട്ടിടങ്ങൾക്കല്ലാതെ നികുതി ഒഴിവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നും ആവശ്യപ്പെട്ട നൽകിയ

ഓഡിറ്റ് അന്വേഷണത്തിന് വസ്തു നികുതി പരിഷ്കരണ നടപടി പൂർത്തിയാക്കാത്തതിനാൽ കൃത്യമായ മറുപടി നൽകുവാൻ സാധിക്കില്ല എന്ന് നഗരസഭ അറിയിച്ചിരിക്കുന്നു *(ഫയൽ നം. ISO/CER4/2247/2015 തീയതി. 2.11.18).* 2018ജൂലൈ 31-നകം നികുതി പരിഷ്കരണം പൂർത്തിയാക്കി ഓൺലൈൻ വഴി നികുതി സ്വീകരിക്കുന്നതിന് നിർദ്ദേശം ലഭിച്ചിരുന്നെങ്കിലും പൂർത്തീകരിച്ചിട്ടില്ലാത്തതാണ്.

കൊച്ചി നഗരസഭയിൽ ഐ.കെ.എം. സോഫ്റ്റ്‌വെയറായ സഞ്ചയ ഉപയോഗിക്കുന്നില്ല. നഗരസഭയിൽ CMAS സോഫ്റ്റ്‌വെയർ ആണ് ഉപയോഗിച്ചു വരുന്നതെന്നും നഗരസഭ അറിയിച്ചിട്ടുണ്ട്. വിനോദനികുതി ഈടാക്കുന്നത് നഗരസഭയുടെ അധികാരപരിധിയിൽ നിന്ന് ഒഴിവാക്കിയതുമൂലമാണ് വസ്തുനികുതിയിനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും ആകെ നികുതി വർദ്ധിക്കാത്തതിന്റെ കാരണമായി നഗരസഭ ചൂണ്ടിക്കാണിക്കുന്നത് കൊച്ചി മെട്രോയുടെ കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ എന്ന അന്വേഷണത്തിന് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല.

# 2-7 വസ്തു നികുതി കുടിശ്ശിക – ഡിമാന്റ് ചെയ്തിട്ടും ഈടാക്കിയില്ല

(എ) <u>ചോയ്സ് മറീന</u>

പള്ളുരുത്തി മേഖല കാര്യാലയത്തിന്റെ പരിധിയിൽ 12-ാം ഡിവിഷനിൽ സ്ഥിതി ചെയ്യുന്ന ശ്രീ. ജോയ് തോമസിന്റെ ഉടമസ്ഥതയിലുള്ള ചോയ്സ് മറീന എന്ന ഫ്ലാറ്റിന് SYP1/731/07 ഫയൽ പ്രകാരം 15.04.2008ൽ നിർമ്മാണാനുമതി നൽകുകയും ആയത് 21.10.2013വരെ ദീർഘിപ്പിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. പണി പൂർത്തീകരിച്ചതായി ഫ്ലാറ്റ് ഉടമകൾ റിപ്പോർട്ട് ചെയ്യുകയോ എഞ്ചിനീയറിംഗ് വിഭാഗം ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകുകയോ ചെയ്തതിട്ടില്ല. എന്നാൽ ഫ്ലാറ്റുകളിൽ താമസം ആരംഭിച്ചതായി അറിഞ്ഞതിനെ തുടർന്ന് കോർപ്പറേഷൻ 2014-15 അർദ്ധ വർഷം മുതൽ അനധികൃത നമ്പ്ര നല്കി വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്. ഗാർഹിക കെട്ടിടങ്ങൾക്കുള്ള അടിസ്ഥാന വസ്തു നികുതി നഗരസഭ നിശ്ചയിച്ചിട്ടുള്ള ചതുരശ്ര അടിയ്ക്ക് 20 രൂപ നിരക്കിൽ ആയതിന്റെ 3 ഇരട്ടി (20 x 3) തുകയാണ് കണക്കാക്കിയിരിക്കുന്നത്. വസ്തു നികുതി നിർണ്ണയം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | വസ്തു നികുതി | ലൈബ്രറി സെസ് | ആകെ |
|---|---|---|---|
| 12/22 B10 വരെ<br>11 ഫ്ലാറ്റുകൾ | 39308 x 11 = 432388 | 1965 x 11 = 21615 | 454003 |
| 12/22 C10വരെ<br>11 ഫ്ലാറ്റുകൾ | 39308 x 11 = 432388 | 1965 x 11 = 21615 | 454003 |
| ആകെ (22 ഫ്ലാറ്റുകൾ) | 864776 | 43230 | 908006 |

കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 242 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് നികുതി ഈടാക്കൽ വ്യവസ്ഥ പ്രകാരമാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഈ ഫ്ലാറ്റുകളിൽ നിന്ന് നാളിതുവരെ നികുതി ഈടാക്കിയിട്ടില്ലാത്തതാണ്. 2017-18 വർഷത്തെ വസ്തു നികുതി ഈടാക്കുവാനുണ്ട്. അതായത് (908006 x 4) 36,32,024 രൂപയും ആയതിന്റെ പലിശയും ഈടാക്കുവാനുണ്ട്. പള്ളുരുത്തി മേഖലാ ഓഫീസിൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ കുടിശ്ശികയായി ഈ തുക ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാത്ത ഈ ഫ്ലാറ്റ് അസസ്സ് ചെയ്ത കാരണവും വ്യക്തമല്ല. മേൽ വിഷയങ്ങൾ ചൂണ്ടിക്കാണിച്ച് പള്ളുരുത്തി മേഖലാഫീസിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 18/2017-18 തീയതി 26.04.2018) മറുപടി ലഭ്യമാക്കിയിട്ടില്ല.

**(ബി) ചാക്കോളാസ് ലേക്ക് സൈഡ്**

ഡിവിഷൻ 16ൽ സ്ഥിതി ചെയ്യുന്ന ചാക്കോളാസ് ലേക്ക് സൈഡ് എന്ന ഫ്ലാറ്റ് സമുച്ചയത്തിന് (G+15) SYP2/901/2010/16.4.2011 പ്രകാരം നിർമ്മാണാനുമതി നഗരസഭ നൽകിയിട്ടുണ്ട്. 15.04.2014ൽ പെർമിറ്റ് കാലാവധി അവസാനിച്ചതിനെ തുടർന്ന് 16.09.2015ൽ കാലാവധി ദീർഘിപ്പിച്ച് 15.04.2017 വരെ നൽകിയിട്ടുണ്ട്. എന്നാൽ റവന്യൂ വിഭാഗത്തിലെ SYR3/013/2016-ാം നമ്പർ ഫയൽ പ്രകാരം 1.4.2014 മുതൽ അനധികൃത നമ്പർ നല്കി വസ്തു നികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്തിട്ടുണ്ട്. 16.09.2015 വരെ നിർമ്മാണാനുമതി ദീർഘിപ്പിച്ച് നൽകുകയും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാത്തതുമായ ഈ ഫ്ലാറ്റിന്റെ വസ്തു നികുതി റവന്യൂ വിഭാഗം നിർണ്ണയം നടത്തിയതിന്റെ കാരണം വ്യക്തമല്ല. 19.05.2016ൽ അനധികൃത നമ്പർ നല്കി 2014-15 ആദ്യ അർദ്ധ വർഷം മുതൽ (1.4.2014മുതൽ) വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്.

| കെട്ടിട നം. | വസ്തു നികുതി (₹) | ലൈബ്രറി സെസ് (₹) | ആകെ (₹) |
|---|---|---|---|
| 16/1843 A1, A2<br>B1, B3, C1, C2, D1,<br>D2, E1, E2, F1, F2,<br>G1, G2, H1, H2, J1,<br>J2, K1, K2, L1, L2, | 22098 X 24<br>= 530352 | 1105 X 24<br>=26520 | 556872 |

| | | | |
|---|---|---|---|
| M1, M2 | | | |
| 16/1843 B11,C, D<br>E, F, G, H, J, K,<br>L, M | 14602 X 11<br>= 160622 | 730 X 11<br>= 8030 | 15332 X 11<br>= 168652 |
| 16/1843 N, P, R, S | 25662 X 4<br>= 102648 | 1283 X 4<br>= 5132 | 26945 X 4<br>= 107780 |
| ആകെ | 7,93,622 | 39,682 | 8,33,304 |

| കുടിശ്ശിക | വാർഷിക വസ്തു നികുതി (₹) | ലൈബ്രറി സെസ് (₹) | ആകെ (₹) |
|---|---|---|---|
| 2014-15 | 7,93,622 | 39,682 | 8,33,304 |
| 2015-16 | 7,93,622 | 39,682 | 8,33,304 |
| 2016-17 | 7,93,622 | 39,682 | 8,33,304 |
| 2017-18 | 7,93,622 | 39,682 | 8,33,304 |
| ആകെ | 31,74,488 | 1,58,728 | 33,33,216 |

ഫയൽ പ്രകാരം വസ്തു നികുതി ഈടാക്കിയതായി കാണുന്നില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ തുക കുടിശ്ശികയായി രേഖപ്പെടുത്തിയിട്ടുമില്ല. നഗരസഭ നിയമാനുസൃതമല്ലാതെയാണ് നികുതി ചുമത്തിയതെന്നാരോപിച്ച് ബഹു. കേരള ഹൈക്കോടതിയിൽ WP(C) 35768/16 നമ്പർ കേസ്സ് ഉള്ളതായി ഫയലിൽ കാണുന്നു. വസ്തു നികുതി നിർണ്ണയിച്ചതിൽ ഈ ഫ്ലാറ്റിലെ കെട്ടിടങ്ങൾക്കും ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി 10% ഇളവ് അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഇളവ് അനുവദിക്കാനുണ്ടായ കാരണവും മേൽ കേസ്സിനെതിരെ നഗരസഭ സ്വീകരിച്ച നടപടികൾ വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 19/2017-18 തീയതി 26.04.2018) മറുപടിയിൽ ഫ്ലാറ്റ് ഉടമ കേസ്സ് ഫയൽ ചെയ്തിട്ടുള്ളതിനാൽ നികുതി പിരിച്ചെടുക്കാൻ സാധിച്ചിട്ടില്ലാത്തതാണെന്നും അന്തിമ വിധി വന്നിട്ടില്ലാത്തതിനാൽ നിജ സ്ഥിതി അന്വേഷിച്ച് ലീഗൽ സെല്ലിന് കുറിപ്പ് നൽകിയിട്ടുണ്ടെന്നും മേഖലാടിസ്ഥാനത്തിലുള്ള 10% നികുതി ഇളവ് മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്. പ്രഥമ മേഖലയിൽ ഉൾപ്പെടുത്തേണ്ട പ്രദേശത്തെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി നികുതി ഇളവ് നൽകിയത് ഉചിതമല്ല. കേസ്സിന്റെ സ്റ്റേ അടക്കമുള്ളവ നീക്കം ചെയ്ത് വസ്തു നികുതി ഈടാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-8 ഒരേ പ്രവേശന മാർഗ്ഗമുള്ള റോഡിലെ കെട്ടിടങ്ങൾക്ക് വ്യത്യസ്ത രീതിയിൽ നികുതി നിർണ്ണയിച്ച് നൽകി

2017-18 സാമ്പത്തിക വർഷം വൈറ്റില മേഖല ഓഫീസ് പരിധിയിലെ ഡിവിഷൻ 46ന്റെ നികുതി നിർണ്ണയ രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ, ഫയൽ നം. KRR8/3026/17 പ്രകാരം, ശ്രീ. സബീർ കെ.ബി, ടി.എച്ച്. അൻസാർ എന്നിവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള 46/2769 C (92.53m$^2$), 46/2769 D (92.53m$^2$), 46/2769 E (104.37m$^2$), 46/2769 F (104.37m$^2$) എന്നീ കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചപ്പോൾ, വിവേകാനന്ദ റോഡിൽ നിന്നുള്ള പ്രവേശന മാർഗ്ഗം കണക്കാക്കി, സ്ഥലപരിശോധന നടത്തിയ റവന്യു ഇൻസ്പെക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, വഴി സൗകര്യത്തിന് 20% വർദ്ധനവ് ഈടാക്കിയിട്ടുണ്ട്.

എന്നാൽ ഫയൽ നം. KRR8/3834/17 പ്രകാരം, രാമചന്ദ്രൻ കർത്ത, ജയലക്ഷ്മി കുഞ്ഞമ്മ, അമ്പാടി, പൊന്നുരുന്നി എന്നവരുടെ ഉടമസ്ഥതയിലുള്ള 46/2777 B(വാണിജ്യാവശ്യം) എന്ന കെട്ടിടത്തിന് വസ്തു നികുതി നിർണ്ണയിച്ച് നൽകിയപ്പോൾ വഴി സൗകര്യത്തിന് ബാധകമായ 20% വർദ്ധനവ് ചുമത്തിയിട്ടില്ല. ഈ കെട്ടിടത്തിലേയ്ക്കും വിവേകാനന്ദ റോഡിൽ നിന്നു തന്നെയാണ് പ്രവേശന മാർഗ്ഗം. പ്രസ്തുത കെട്ടിടത്തിന് നികുതി നിർണ്ണയിച്ച് നൽകിയത് ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| കെട്ടിട നം. | - | 46/2777 B | |
| തറവിസ്തീർണ്ണം | - | 263.43<br>(വാണിജ്യാവശ്യം) | |
| അടിസ്ഥാന വസ്തു നികുതി | - | 263.43 x 120 | 31612 |
| 15% വർദ്ധനവ് (തറ നിർമ്മിതി) | - | | 4742 |
| ആകെ | - | | 36354 |
| ലൈബ്രറി സെസ് | - | | 1818 |
| ആകെ നിർണ്ണയിച്ച വസ്തു നികുതി | - | | 38172 |

**നിർണ്ണയിക്കേണ്ട നികുതി ചുവടെ ചേർക്കുന്നു**

| | | | |
|---|---|---|---|
| അടിസ്ഥാന വസ്തു നികുതി | - | 263.43 x 120 | 31612 |
| 15% വർദ്ധനവ് (തറ നിർമ്മിതി) | | | 4742 |
| 20% വർദ്ധനവ് (വഴി സൗകര്യം) | - | | 6322 |
| ആകെ | - | | 42676 |
| ലൈബ്രറി സെസ് | - | | 2134 |
| ആകെ നിർണ്ണയിക്കേണ്ട വസ്തു നികുതി | - | | 44810 |
| ആകെ നികുതി നിർണ്ണയിച്ചതിലെ കുറവ് | | | 6322 |
| ലൈബ്രറി സെസ് നിർണ്ണയിച്ചതിലെ കുറവ് | | | 316 |
| ആകെ കുറവ് | | | 6638 |

ഒരേ പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് വ്യത്യസ്ത രീതിയിൽ നികുതി നിർണ്ണയിച്ച് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് വൈറ്റില മേഖലാ കാര്യാലയത്തിൽ 05/27.04.2018 പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

ആയതിനാൽ നികുതി പുനർനിർണ്ണയിച്ച് ഈടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം സ്ഥലപരിശോധന നടത്തി റിപ്പോർട്ട് ചെയ്ത റവന്യൂ ഇൻസ്പെക്ടറിൽ നിന്നും ഈടാക്കേണ്ടതാണ്.

# 2-9 വസ്തു നികുതി നിർണ്ണയം - ഈടാക്കിയത് കുറവ്

എ) 2017-18 സാമ്പത്തിക വർഷം വൈറ്റില മേഖല ഓഫീസ് പരിധിയിലെ ഡിവിഷൻ 48ന്റെ നികുതി നിർണ്ണയ രജിസ്റ്റർ, KRR3/7182/17 നം. ഫയൽ എന്നിവ പരിശോധിച്ചതിൽ, ശ്രീമതി. ബ്ലൂമി സുരേഷ്, പള്ളിപ്പുറം ഹൗസ്, കലൂർ എന്നയാളുടെ ഉടമസ്ഥതയിലുള്ള 48/574B, 48/574 C എന്നീ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ച് നൽകിയതിൽ കുറവ് വന്നിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇന വിവരം | | നികുതി നിർണ്ണയത്തിന്റെ വിശദാംശങ്ങൾ | ആകെ രൂ. |
|---|---|---|---|
| 48/574 B നം. ഗ്രൗണ്ട് ഫ്ലോർ കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം | - | 351 $m^2$ | |
| നിർണ്ണയിച്ച് നൽകിയ അടിസ്ഥാന വസ്തു നികുതി | - | 351 x 120 | 42120 |
| ഇളവ് 10% (മേൽക്കൂര) | - | | 4212 |
| 20% വർദ്ധനവ് (വഴി സൗകര്യം) | - | | 8424 |
| 15% വർദ്ധനവ് (തറ നിർമ്മിതി) | - | | 6318 |
| ആകെ | - | 42120+8424+6318 | 56862 |
| | | 56862-4212 | 52650 |
| ലൈബ്രറി സെസ് | - | | 2633 |
| ആകെ നിർണ്ണയിച്ച് നൽകിയ നികുതി | - | | 55283 |

351 $m^2$ തറ വിസ്തീർണ്ണമുള്ള ഈ ഗ്രൗണ്ട് ഫ്ലോർ കെട്ടിടത്തിന് 278.46$m^2$ തറവിസ്തീർണ്ണത്തിൽ 48/574 C എന്ന നമ്പരിൽ ഫസ്റ്റ് ഫ്ലോർ കെട്ടിടഭാഗമുണ്ട്. എന്നിരിക്കെ 48/574Bയ്ക്ക് കുറഞ്ഞതരം മേൽക്കൂരയുടെ അടിസ്ഥാനത്തിൽ ഇളവ് അനുവദിച്ചത് ക്രമപ്രകാരമല്ല. ആയത് ഒഴിവാക്കി താഴെചേർക്കും പ്രകാരം നികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

| ഇന വിവരം | | നികുതി നിർണ്ണയത്തിന്റെ വിശദാംശങ്ങൾ | ആകെ രൂ. |
|---|---|---|---|
| അടിസ്ഥാന വസ്തു നികുതി | - | 351 x 120 | 42120 |
| 20% വർദ്ധനവ് | - | | 8424 |

| | | | |
|---|---|---|---|
| (വഴി സൗകര്യം) | | | |
| 15% വർദ്ധനവ് (തറ നിർമ്മിതി) | - | | 6318 |
| ആകെ | - | | 56862 |
| ലൈബ്രറി സെസ് | - | | 2843 |
| ആകെ നിർണ്ണയിക്കേണ്ട നികുതി | - | | 59705 |
| ആകെ നികുതിയിലെ കുറവ് | - | 56862-52650 | 4212 |
| ലൈബ്രറി സെസിലെ കുറവ് | - | 2843-2633 | 210 |
| ആകെ കുറവ് | - | | 4422 |

278.46m$^2$ ഫസ്റ്റ് ഫ്ലോർ കെട്ടിടത്തിന് (48/574 C) നികുതിയിനത്തിൽ 41,768രൂപ, ലൈബ്രറി സെസ് 2,088രൂപ എന്നിവ ചേർത്ത് ആകെ വസ്തു നികുതി 43,856/-രൂപ നിർണ്ണയിച്ച് നൽകിയത് ശരിയാണ്. എന്നാൽ പ്രസ്തുത കെട്ടിടങ്ങളുടെ അംഗീകരിച്ച പ്ലാൻ പ്രകാരം, 29.32 m$^2$ പാർക്കിംഗ് ഏരിയയുണ്ട്. എന്നാൽ ആയതിന് നികുതി നിർണ്ണയിച്ച് നൽകിയിട്ടില്ല. 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) പ്രകാരം, കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കി വെച്ചിട്ടുണ്ടെങ്കിൽ, ആ ഭാഗത്തിന്റെ തറവിസ്തീർണ്ണം ആനുപാതികമായി മറ്റ് ഭാഗങ്ങളുടെ തറവിസ്തീർണ്ണത്തോട് കൂട്ടിചേർത്ത് ആ ഭാഗങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്.

<u>**നികുതി നിർണ്ണയിക്കാൻ അവശേഷിക്കുന്നതിന്റെ വിവരം ചുവടെ ചേർക്കുന്നു**</u>

| **ഇന വിവരം** | | **നികുതി നിർണ്ണയത്തിന്റെ വിശദാംശങ്ങൾ** | **ആകെ രൂ.** |
|---|---|---|---|
| തറവിസ്തീർണ്ണം (പാർക്കിംഗ് ഏരിയ) | - | 29.32 m$^2$ | |
| അടിസ്ഥാന വസ്തു നികുതി | - | 29.32 x 120 | 3518 |
| 20% വർദ്ധനവ് (വഴി സൗകര്യം) | - | | 704 |
| 15% വർദ്ധനവ് (തറ നിർമ്മിതി) | - | | 528 |
| ആകെ | - | | 4750 |
| ലൈബ്രറി സെസ് | - | | 238 |
| ആകെ നിർണ്ണയിക്കേണ്ട നികുതി | - | | 4988 |

48/574B എന്ന കെട്ടിടത്തിന് നികുതി നിർണ്ണയിച്ച് നൽകിയപ്പോൾ, 4,452 രൂപ കുറവ് വന്നതിനും, 29.32 m$^2$ പാർക്കിംഗ് ഏരിയയ്ക്ക് നികുതി നിർണ്ണയിക്കാതിരുന്നതിനും വിശദീകരണം ആവശ്യപ്പെട്ട് 7/28.04.2018 നമ്പർ പ്രകാരം വൈറ്റില മേഖല കാര്യാലയത്തിൽ നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പ്രസ്തുത കെട്ടിടങ്ങൾക്ക് നികുതി പുനർനിർണ്ണയിച്ച് ഈടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം സ്ഥലപരിശോധന നടത്തി റിപ്പോർട്ട് ചെയ്ത റവന്യൂ ഇൻസ്പെക്ടറിൽ നിന്നും ഈടാക്കേണ്ടതാണ്.

**ബി)** FCR4/813/18 നമ്പർ ഫയൽ പരിശോധിച്ചതിൽ, ആന്റണി വിൻകർ, പള്ളിപ്പറമ്പിൽ, ഫോർട്ട് കൊച്ചി എന്നയാളുടെ ഉടമസ്ഥതയിലുള്ള 26/308 എ (പാർപ്പിടാവശ്യം) എന്ന കെട്ടിടത്തിന്, കൊച്ചി കോർപ്പറേഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി നൽകിയ ഒക്യുപെൻസി സർട്ടിഫിക്കറ്റ് പ്രകാരം കെട്ടിടം പൂർത്തീകരിച്ച തീയതി 7.6.2008 ആണ്. ഫയലിലെ രേഖകൾ പ്രകാരം, 19.12.17ൽ മാത്രമാണ് ശ്രീ. ആന്റണി വിൻകർ വസ്തു നികുതി നിർണ്ണയത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത കെട്ടിടത്തിന് 25.01.2018ന് വസ്തുനികുതി നിർണ്ണയിച്ച് നൽകിയതിൽ കുറവുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| **ഇന വിവരം** | | **നികുതി** | **ആകെ** |
|---|---|---|---|

| | | നിർണ്ണയത്തിന്റെ വിശദാംശങ്ങൾ | രൂ. |
|---|---|---|---|
| കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം | - | 298.91 $m^2$ | |
| നിർണ്ണയിച്ച് നൽകിയ അടിസ്ഥാന വസ്തു നികുതി | - | 298.91 x 20 | 5978 |
| മേഖലയുടെ അടിസ്ഥാനത്തിലെ ഇളവ് (10%) | - | | 598 |
| തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ് (15%) | - | | 897 |
| ഇളവിനും വർദ്ധനവിനും ശേഷം നിർണ്ണയിച്ച് നൽകിയ നികുതി | - | | 6278 |
| ലൈബ്രറി സെസ് | - | | 314 |
| ആകെ നിർണ്ണയിച്ച് നൽകിയ നികുതി | - | | 6592 |

ടിയാന്റെ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള അംഗീകരിച്ച പ്ലാനിലും, സ്ഥലപരിശോധന നടത്തിയ റവന്യൂ ഇൻസ്പെക്ടറുടെ ഫാറം 2ലെ രേഖപ്പെടുത്തലും പ്രകാരം പ്രസ്തുത കെട്ടിടത്തിലേയ്ക്കുള്ള പ്രവേശന മാർഗ്ഗം 5 മീറ്ററിൽ കൂടുതൽ വീതിയുള്ള ജനതാ റോഡിൽ നിന്നുമാണ്. എന്നാൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവ് നികുതി നിർണ്ണയിച്ച് നൽകിയപ്പോൾ ചുമത്തിയിട്ടില്ല. ഈടാക്കേണ്ട നികുതിയുടെ വിവരം താഴെ ചേർക്കുന്നു.

| ഇന വിവരം | | നികുതി നിർണ്ണയത്തിന്റെ വിശദാംശങ്ങൾ | ആകെ രൂ. |
|---|---|---|---|
| അടിസ്ഥാന വസ്തു നികുതി | - | 298.91 x 20 | 5978 |
| മേഖലയുടെ അടിസ്ഥാനത്തിലെ ഇളവ് (10%) | - | | 598 |
| തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ് (15%) | - | | 897 |
| വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് (20%) | - | | 1196 |
| ഇളവിനും വർദ്ധനവിനും ശേഷം നിർണ്ണയിക്കേണ്ട നികുതി | - | | 7473 |
| ലൈബ്രറി സെസ് | - | | 374 |
| ആകെ നിർണ്ണയിക്കേണ്ട നികുതി | - | | 7847 |
| നിർണ്ണയിച്ച് നൽകിയ നികുതിയിലെ കുറവ് | - | 7473-6278 | 1195 |
| നിർണ്ണയിച്ച് നൽകിയ ലൈബ്രറി സെസിലെ കുറവ് | - | 374-314 | 60 |
| ആകെ കുറവ് | - | 1195 + 60 | 1255 |

ഫയൽ പരിശോധിച്ചതിൽ, 1.4.2008 പ്രാബല്യത്തിൽ ടിയാന് നികുതി അടവാക്കാൻ നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും, നാളിതുവരെ തുക അടവാക്കിയിട്ടില്ല. നികുതി നിർണ്ണയിച്ച് നൽകിയപ്പോൾ കുറവ് വന്നതിനും, ടിയാനിൽ നിന്നും നാളിതുവരെ നികുതി ഈടാക്കാത്തതിനും

വിശദീകരണം ആവശ്യപ്പെട്ട് 12.06.2018 തീയതിയിൽ ഫോർട്ട്കൊച്ചി മേഖലാ കാര്യാലയത്തിൽ നൽകിയ 7-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. നികുതി പുനർനിർണ്ണയിച്ച്, ടിയാനിൽ നിന്നും ആയത് ഈടാക്കാൻ ആവശ്യമായ അനന്തരനടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം സ്ഥലപരിശോധന നടത്തി റിപ്പോർട്ട് ചെയ്ത റവന്യൂ ഇൻസ്പെക്ടറിൽ നിന്നും ഈടാക്കേണ്ടതാണ്.

**സി)** 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട്, FCR4/818/18 നമ്പർ ഫയൽ പരിശോധിച്ചതിൽ, ജോസഫ് കുഞ്ഞ്, അറക്കൽ ഹൗസ്, മുണ്ടംവേലി പി.ഒ, ഫോർട്ട് കൊച്ചി എന്നയാളുടെ ഉടമസ്ഥതയിലുള്ള പാർപ്പിടാവശ്യത്തിനുള്ള 24/54എ, 24/54എ1 എന്നീ കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ച് നൽകിയപ്പോൾ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവ് ചുമത്തിയിട്ടില്ല. അംഗീകരിച്ച പ്ലാനും റവന്യൂ ഇൻസ്പെക്ടറുടെ സാക്ഷ്യപ്പെടുത്തലും പ്രകാരം, ടി കെട്ടിടത്തിലേക്കുള്ള പ്രവേശനമാർഗ്ഗം 5 മീറ്ററിൽ കൂടുതൽ വീതിയുള്ള ചെല്ലാനം - പാണ്ടിക്കുടി പി.ഡബ്ല്യൂ.സി. റോഡിൽ നിന്നുമാണ്.

**നിർണ്ണയിച്ച് നൽകിയ നികുതിയുടെ വിവരം ചുവടെ ചേർക്കുന്നു**

(എ)

| **ഇന വിവരം** | | **നികുതി നിർണ്ണയത്തിന്റെ വിശദാംശങ്ങൾ** | **ആകെ രൂ.** |
|---|---|---|---|
| കെട്ടിട നമ്പർ | | 24/54എ | |
| കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം (ഗ്രൗണ്ട് ഫ്ലോർ) | - | 39.70 x 20 | 794 |
| മേഖലയുടെ അടിസ്ഥാനത്തിലെ ഇളവ് (10%) | | | 79 |
| നിർണ്ണയിച്ച് നൽകിയ നികുതി | - | | 716 |
| ലൈബ്രറി സെസ് | - | | 36 |
| നിർണ്ണയിച്ച് നൽകിയ ആകെ നികുതി | - | | 752 |

(ബി)

| **ഇന വിവരം** | | **നികുതി നിർണ്ണയത്തിന്റെ വിശദാംശങ്ങൾ** | **ആകെ രൂ.** |
|---|---|---|---|
| കെട്ടിട നമ്പർ | | 24/54എ1 | |
| കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം (ഗ്രൗണ്ട് ഫ്ലോർ) | - | 39.70 x 20 | 794 |
| മേഖലയുടെ അടിസ്ഥാനത്തിലെ ഇളവ് (10%) | | | 79 |
| നിർണ്ണയിച്ച് നൽകിയ നികുതി | - | | 716 |
| ലൈബ്രറി സെസ് | - | | 36 |
| നിർണ്ണയിച്ച് നൽകിയ ആകെ നികുതി | - | | 752 |

**<u>നിർണ്ണയിക്കേണ്ട നികുതി താഴെ ചേർക്കുന്നു</u>**

(എ)

| **ഇന വിവരം** | | **നികുതി** | **ആകെ** |
|---|---|---|---|

| | | | |
|---|---|---|---|
| | | നിർണ്ണയത്തിന്റെ വിശദാംശങ്ങൾ | രൂ. |
| കെട്ടിട നമ്പർ | | 24/54എ | |
| അടിസ്ഥാന വസ്തു നികുതി | - | 39.70 x 20 | 794 |
| മേഖലയുടെ അടിസ്ഥാനത്തിലെ ഇളവ് (10%) | | | 79 |
| വഴി സൗകര്യം വർദ്ധനവ് (20%) | | | 159 |
| ഇളവുകൾക്കും വർദ്ധനവിനും ശേഷം നിർണ്ണയിക്കേണ്ട നികുതി | | | 874 |
| ലൈബ്രറി സെസ് | - | | 44 |
| നിർണ്ണയിക്കേണ്ട ആകെ നികുതി | - | | 918 |
| നിർണ്ണയിച്ച നികുതിയിലെ കുറവ് | | 874-716 | 158 |
| ലൈബ്രറി സെസിലെ കുറവ് | | 44-36 | 8 |
| ആകെ കുറവ് | | | 166 |

(ബി)

| ഇന വിവരം | | നികുതി നിർണ്ണയത്തിന്റെ വിശദാംശങ്ങൾ | ആകെ രൂ. |
|---|---|---|---|
| കെട്ടിട നമ്പർ | | 24/54എ1 | |
| അടിസ്ഥാന വസ്തു നികുതി | - | 39.70 x 20 | 794 |
| മേഖലയുടെ അടിസ്ഥാനത്തിലെ ഇളവ് (10%) | | | 79 |
| വഴി സൗകര്യം വർദ്ധനവ് (20%) | | | 159 |
| ഇളവുകൾക്കും വർദ്ധനവിനും ശേഷം നിർണ്ണയിക്കേണ്ട നികുതി | | | 874 |
| ലൈബ്രറി സെസ് | - | | 44 |
| നിർണ്ണയിക്കേണ്ട ആകെ നികുതി | - | | 918 |
| നിർണ്ണയിച്ച നികുതിയിലെ കുറവ് | | 874-716 | 158 |
| ലൈബ്രറി സെസിലെ കുറവ് | | 44-36 | 8 |

| | | | |
|---|---|---|---|
| ആകെ കുറവ് | | | 166 |

നികുതി നിർണ്ണയിച്ച് നൽകിയപ്പോൾ കുറവ് വന്നതിന് വിശദീകരണം ആവശ്യപ്പെട്ട് 12.06.2018 ൽ ഫോർട്ട് കൊച്ചി മേഖലാ കാര്യാലയത്തിൽ നൽകിയ 8-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. നികുതി പുനർനിർണ്ണയിച്ച്, ടിയാനിൽ നിന്നും ആയത് ഈടാക്കാൻ ആവശ്യമായ അനന്തരനടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം റവന്യ ഇൻസ്പെക്ടറിൽ നിന്നും ഈടാക്കേണ്ടതാണ്.

# 2-10 സ്വിമ്മിംഗ് പൂളിന്റെ വിസ്തീർണ്ണം ഉൾപ്പെടുത്താതെ വസ്തു നികുതി നിർണ്ണയം

കൊച്ചി കോർപറേഷന്റെ ഇടപ്പള്ളി മേഖലാ ഓഫീസിന്റെ പരിധിയിൽ ഉൾപ്പെടുന്ന 33-ാം ഡിവിഷനിലെ 1798A നമ്പർ റെസിഡൻഷ്യൽ കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ചതിൽ ചുവടെ ചേർക്കുന്ന അപാകത കാണുന്നു.

പ്രസ്തുത കെട്ടിടത്തിന്റെ താഴത്തെ നിലയിൽ ഏകദേശം 40 $m^2$ വരുന്ന ഒരു നീന്തൽ കുളം നിർമ്മിച്ചിട്ടുള്ളതായി കെട്ടിടത്തിന്റെ പ്ലാനിൽ വ്യക്തമായി കാണിച്ചിട്ടുണ്ട്. 1994ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 233-ാം വകുപ്പ് 3-ാം ചട്ട പ്രകാരം ഒരു കെട്ടിടത്തോടനുബന്ധിച്ച് ഒരു സ്വിമ്മിംഗ് പൂൾ നിർമ്മിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിസ്തീർണം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ പ്രസ്തുത കെട്ടിടത്തിൽ നിർമ്മിച്ചിരിക്കുന്ന നീന്തൽക്കുളത്തിന്റെ ഡെക്ക് ഏരിയ ഒഴിച്ചുള്ള ഭാഗവും, ഒന്നാം നിലയിൽ ഉൾപ്പെടുന്ന കുളത്തിന്റെ കവറിംഗ് ഏരിയയുടെ ഭാഗവും ആകെയുള്ള തറവിസ്തീർണ്ണത്തിൽ ചേർത്തിട്ടില്ല. അതിനാൽ വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് വന്നിട്ടുണ്ട്. ഇപ്രകാരം നികുതി കുറവായി നിർണ്ണയിച്ചതിനുള്ള കാരണം വ്യക്തമാക്കുന്നതിന് ഇടപ്പള്ളി മേഖലാ കാര്യാലയത്തിൽ നൽകിയ 10/25.04.2018നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ പ്രസ്തുത കെട്ടിടത്തോട് ചേർന്ന് സ്വിമ്മിംഗ് പൂൾ ഉള്ളതായി സ്ഥലം സന്ദർശിച്ചപ്പോൾ റവന്യ ഇൻസ്പക്ടറുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണെന്നും ഇപ്പോൾ നിലവിലെ ചട്ട പ്രകാരം പൂൾ അസസ് ചെയ്തിട്ടുള്ളതും അംഗീകാരത്തിനായി നഗരസഭ ഡെപ്യൂട്ടി സെക്രട്ടറി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതുമാണ് എന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് നികുതി അടയ്ക്കാൻ കക്ഷിക്ക് നോട്ടീസ് നൽകി തുക അടയ്ക്കുന്നതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# 2-11 ബി. എസ്. എൻ. എൽ കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 9.12.2004 ലെ സർക്കുലർ നമ്പർ 43657/ബി4/തസ്വഭവ പ്രകാരം ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ് ആയി രൂപാന്തരപ്പെട്ട മുൻ ടെലിഫോൺ വകുപ്പിന്റെ സ്ഥാപനങ്ങളിൽ നിന്നും അവ രൂപീകൃതമായ സമയം മുതൽ വസ്തു നികുതി ഈടാക്കുവാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

കൊച്ചി നഗരസഭയുടെ കീഴിൽ വരുന്ന ബി. എസ്. എൻ. എൽ കെട്ടിടങ്ങളിൽ നിന്നും 2017-18ലേയും മുൻകാല കുടിശ്ശികയും ഉൾപ്പെടെ വസ്തു നികുതി ഈടാക്കുന്നത് സംബന്ധിച്ച 22.10.2018ലെ ഓഡിറ്റ് എൻക്വയറി 95 ന് ലഭിച്ച മറുപടിയിൽ കൊച്ചി നഗരസഭയുടെ കീഴിൽ വരുന്ന ബി. എസ്. എൻ. എൽ കെട്ടിടങ്ങളിൽ നിന്നും നാളിതു വരെയായി നികുതി ഈടാക്കിയിട്ടില്ല എന്നു വ്യക്തമാക്കിയിട്ടുണ്ട്.

കമ്പനീസ് ആക്ട് പ്രകാരം P & T വകുപ്പിന്റെ കീഴിൽ നിന്നും മാറ്റി കമ്പനി ആക്കിയതിനാൽ ബി.എസ്.എൻ.എൽ ഒരു കേന്ദ്ര സർക്കാർ സ്ഥാപനമല്ലെന്നും അതു കൊണ്ടു തന്നെ നികുതി ഇളവ് അനുവദിക്കാൻ സാധ്യമല്ലെന്നും റവന്യൂ വകുപ്പിന്റെ 05.01.2005 ലെ സർക്കുലർ നമ്പർ 72936/SLMC2/04/RD പ്രകാരം ഉത്തരവായിട്ടുണ്ട്.

മേൽ ഉത്തരവുകളുടെ വെളിച്ചത്തിൽ നഗരസഭയിൽ സ്ഥിതി ചെയ്യുന്ന എല്ലാ ബി.എസ്.എൻ.എൽ കെട്ടിടങ്ങളുടെയും നികുതി നിർണ്ണയം നടത്തേണ്ടതും ഡിമാന്റ് നോട്ടീസ് നൽകി വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 2-12 വസ്തു നികുതി ഈടാക്കിയതിൽ കുറവ് - നഗരസഭയ്ക്ക് നഷ്ടം

മട്ടാഞ്ചേരി മേഖലയിലെ ട്രോപ്പിക്കാനാ ലിക്വിഡ് സ്റ്റോറേജ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയതിൽ കുറവ് സംഭവിച്ചതായി കാണുന്നു. WZR-4/2373/17 നമ്പർ ഫയൽ പരിശോധിച്ചതിൽ നിന്നും ട്രോപ്പിക്കാനാ ലിക്വിഡ് സ്റ്റോറേജ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ 30/452 A2 എന്ന വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടം വിഭജിച്ച് പല നമ്പരുകൾ നൽകിയിട്ടുണ്ട്. (പ്ലിന്ത് ഏരിയ 167.6$m^2$, 2014-15 രണ്ടാം അർദ്ധ വർഷം മുതൽ നിർണ്ണയിക്കപ്പെട്ട വസ്തു നികുതി - 20,112രൂപ) കുണ്ടന്നൂർ ഐലൻഡ് റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള ഈ കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ചപ്പോൾ അഞ്ചുമീറ്ററിലധികം ഉള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ, അടിസ്ഥാന വസ്തുനികുതിയിന്മേൽ വരുത്തേണ്ട 20% വർദ്ധനവ് വരുത്തിയിട്ടില്ല. ടി വിഷയം സംബന്ധിച്ച് മട്ടാഞ്ചേരി മേഖല കാര്യാലയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14/17-18) ലഭ്യമാക്കിയ മറുപടി പ്രകാരം ടി കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയത്തിലെ അപാകത ചുവടെ ചേർക്കുന്നു

| ക്രമ നം. | കെട്ടിട നം. | തറ വിസ്തീർണ്ണം | അടിസ്ഥാന വസ്തു നികുതി (രൂ.) | വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലെ വർദ്ധനവ് 20% (രൂ.) | ആകെ വസ്തു നികുതി (രൂ.) | ലൈബ്രറി സെസ്സ് (രൂ.) | നിർണ്ണയിച്ച വസ്തു നികുതി (രൂ.) | ലൈബ്രറി സെസ്സ് (രൂ.) | വസ്തു നികുതിയിൽ വന്ന കുറവ് (രൂ.) | ലൈബ്രറി സെസ്സ് (രൂ.) |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 1 | 452 A2 (A) | 14.98 $m^2$ | 1798 | 360 | 2158 | 108 | 1798 | 90 | 360 | 18 |
| 2 | 452 A2 (B) | 14.98 $m^2$ | 1798 | 360 | 2158 | 108 | 1798 | 90 | 360 | 18 |
| 3 | 452 A2 (C) | 14.98 $m^2$ | 1798 | 360 | 2158 | 108 | 1798 | 90 | 360 | 18 |
| 4 | 452 A2 (D) | 14.98 $m^2$ | 1798 | 360 | 2158 | 108 | 1798 | 90 | 360 | 18 |
| 5 | 452 A2 (E) | 14.98 $m^2$ | 1798 | 360 | 2158 | 108 | 1912 | 96 | 246 | 12 |
| 6 | 452 A2 (F) | 17.07$m^2$ | 2048 | 410 | 2458 | 123 | 2048 | 102 | 410 | 21 |
| 7 | 452 A2 (G) | 16.36$m^2$ | 1964 | 393 | 2357 | 118 | 1964 | 98 | 393 | 20 |
| 8 | 452 A2 (H) | 21.96$m^2$ | 2636 | 527 | 3163 | 158 | 2636 | 132 | 527 | 26 |
| 9 | 452 A2 (J) | 21.96$m^2$ | 2636 | 527 | 3163 | 158 | 2636 | 132 | 527 | 26 |
| 10 | 452 A2 (K) | 14.40$m^2$ | 1728 | 346 | 2074 | 104 | 1728 | 86 | 346 | 18 |
| | | | | | | | | | 3889 | 195 |
| ആകെ കുറവ് | | | | | | | | | 4084 | |

ടി കെട്ടിടങ്ങളുടെ വസ്തു നികുതി കൃത്യമായി നിർണ്ണയിച്ച്, ലഭിക്കാനുള്ള കുടിശ്ശിക സഹിതം ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത കെട്ടിടത്തിന്റെ സ്ഥലപരിശോധന നടത്തി റിപ്പോർട്ട് ചെയ്ത റവന്യൂ ഇൻസ്പെക്ടറിൽ നിന്നും 4,084 രൂപ ഈടാക്കേണ്ടതാണ്. ചട്ടപ്രകാരമുള്ള വർദ്ധനവ് ചുമത്തി കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കാത്തത് തുടർന്നുള്ള വർഷങ്ങളിലും നഗരസഭയുടെ വരുമാനത്തെ ഗണ്യമായി ബാധിക്കുമെന്നതിനാൽ ടി വിഷയത്തിന്മേൽ അധികൃതർ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 2-13 വസ്തു നികുതി ഇളവ് അനുവദിച്ചത് ക്രമപ്രകാരമല്ല

27.07.2013ലെ വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച അന്തിമ വിജ്ഞാപന പ്രകാരവും 12.04.2012ലെ 115-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരവും 5 മീറ്ററിൽ കുറവും ഒന്നരമീറ്ററിൽ കൂടുതലും വീതിയുള്ള വഴികളിലെ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതിയിൽ ഇളവോ വർദ്ധനവോ ഉണ്ടായിരിക്കുന്നതല്ലയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗാർഹികാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിന് ച. മീറ്ററിന് 20 രൂപയാണ് മേൽ തീരുമാന പ്രകാരം നഗരസഭ നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ താഴെപ്പറയുന്ന കെട്ടിടങ്ങൾ 5 മീറ്ററിൽ കുറവും ഒന്നരമീറ്ററിൽ കൂടുതലും വീതിയുള്ള വഴി ഉള്ളവയാണ്. ആയതിന് 10% വസ്തു നികുതി ഇളവ് അനുവദിച്ചതിന് ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം കെട്ടിട ഉടമയുടെ പേര് | ഉപയോഗം/ തറവിസ്തീർണ്ണം | ഇളവ്/ വർദ്ധനവ് ശേഷം നിർണ്ണയിച്ച അടിസ്ഥാന നികുതി | നിർണ്ണയിച്ച ലൈബ്രറി സെസ്സ് | ആകെ നികുതി | നിർണ്ണയിക്കേണ്ട നികുതി | നിർണ്ണയിക്കേണ്ട ലൈബ്രറി സെസ് | കുറവ് |
|---|---|---|---|---|---|---|---|---|
| 1 | 19/1635A റോക്കി | ഗാർഹികം 76.01 $m^2$ | 1368 | 68 | 1436 | 76.01 x 20 = 1520 (തൃതീയ) | 76 | 160 |
| 2 | 19/1147 B | ഗാർഹികം 131.44$m^2$ | 2892 | 145 | 3037 | 131.44 x 10% x 10% = 3155 | 158 | 276 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 3 | 18/1583 B | ഗാർഹികം<br>108.16m$^2$<br>2163 | 1732 | 87 | 1819 | 108.16 x 20-10%<br>= 1947<br>(തൃതീയ) | 97 | 225 |
| 4 | 20/2041 B | ഗാർഹികം<br>60.35m$^2$<br>1207 | 966 | 48 | 1014 | 60.35 x 20-10%<br>= 1086<br>(തൃതീയ) | 54 | 126 |
| 5 | 19/708 B<br>നൗഷാദ് | ഗാർഹികം<br>58.45m$^2$<br>1370 | 1054 | 53 | 1107 | 58.45 x 20 – 10%<br>1169<br>(റോഡിന്റെ വർദ്ധനവ്) | 58 | 120 |
| 6 | 19/2587 A<br>ജോർജ്ജ് | ഗാർഹികം<br>68.5m$^2$ | 1234 | 62 | 1269 | 68.5 x 20 – 10%<br>=1370<br>(റോഡിന്റെ വർദ്ധനവ്) | 69 | 170 |
| 7 | 19/876 A | ഗാർഹികം<br>62.20m$^2$ | 996 | 50 | 1046 | 62.20 x 20-10%<br>= 1120<br>(റോഡിന്റെ വർദ്ധനവ്) | 56 | 130 |
| 8 | 12/2027 A<br>വാഹിദ | ഗാർഹികം<br>55.39m$^2$ | 886 | 44 | 930 | 55.39 x 20 – 10%<br>= 997<br>(തൃതീയ, റോഡിന്റെ വർദ്ധനവ്) | 50 | 117 |
| 9 | 12/2293 A<br>രാമചന്ദ്രൻ എ.കെ | ഗാർഹികം<br>86.14m$^2$ | 1378 | 69 | 1447 | 86.14 x 20 – 10%<br>= 1551<br>(റോഡിന്റെ വർദ്ധനവ്) | 78 | 182 |
| 10 | 12/1040 A<br>ഷാജി & ഷൈനി | ഗാർഹികം<br>148.05m$^2$ | 2370 | 119 | 2489 | 148.05 x 20 – 10%<br>= 2665<br>(തൃതീയ, റോഡിന്റെ വർദ്ധനവ്) | 133 | 309 |
| 11 | 12/2189 A<br>ബാബു | ഗാർഹികം<br>137.48m$^2$<br>2780 | 2200 | 110 | 2310 | 137.48 x 20-10%<br>= 2475<br>(തൃതീയ, റോഡിന്റെ വർദ്ധനവ്) | 124 | 289 |
| 12 | 14/1896 B<br>സെയ്ദ് | ഗാർഹികം<br>43.71 m$^2$ | 700 | 36 | 736 | 43.71 x 20 -10%<br>=787<br>(തൃതീയ, റോഡിന്റെ വർദ്ധനവ്) | 39 | 90 |
| 13 | 14/2186<br>മുഹമ്മദാലി | ഗാർഹികം<br>44.88 m$^2$ | 718 | 36 | 754 | 44.88 x 20-10%<br>= 808<br>(തൃതീയ, റോഡിന്റെ വർദ്ധനവ്) | 40 | 94 |
| 14 | 14/1934 A<br>നസീറ ഇക്ബാൽ | ഗാർഹികം<br>74.28m$^2$<br>1486 | 1190 | 60 | 1250 | 74.28 x 20-10%<br>= 1337<br>(തൃതീയ, റോഡിന്റെ വർദ്ധനവ്) | 67 | 154 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 15 | 14/1856 B<br>ഷഹീർ | ഗാർഹികം<br>85.26 $m^2$ | 1366 | 69 | 1435 | 85.26 x 20-10%<br>= 1535<br>(തൃതീയ, റോഡിന്റെ വർദ്ധനവ്) | 77 | 1312 |
| 16 | 14/1108 A<br>ജസീല | ഗാർഹികം<br>106.21 $m^2$ | 1702 | 86 | 1788 | 106.21 x 20-10%<br>= 1912<br>(തൃതീയ, റോഡിന്റെ വർദ്ധനവ്) | 96 | 220 |
| 17 | 12/1118 A<br>നിതാ മോൾ | ഗാർഹികം<br>59.45$m^2$ | 952 | 48 | 1000 | 59.45 x 20-10%<br>= 1070<br>(തൃതീയ, റോഡിന്റെ വർദ്ധനവ്) | 54 | 124 |
| 18 | 12/2189 A<br>ബാബു | ഗാർഹികം<br>137.48 $m^2$<br>2760.60 | 2200 | 110 | 2310 | 137.48 x 20-10%<br>= 2475<br>(തൃതീയ, റോഡിന്റെ വർദ്ധനവ്) | 124 | 289 |
| 19 | 17/2419 A<br>സത്യപാലൻ | ഗാർഹികം<br>130.44$m^2$<br>2809 | 2088 | 105 | 2193 | 130.44 x 20-10%<br>= 2348<br>(തൃതീയ, റോഡിന്റെ വർദ്ധനവ്) | 117 | 272 |
| 20 | 17/1034 A<br>ജോസഫ് കെ.എ | ഗാർഹികം<br>120.24 $m^2$<br>2405 | 1924 | 97 | 2021 | 12.24 x 20-10%<br>= 2165<br>(തൃതീയ, റോഡിന്റെ വർദ്ധനവ്) | 108 | 252 |
| 21 | 17/960 A<br>ആൽഫ്രഡ് ആന്റണി | ഗാർഹികം<br>54.79 $m^2$<br>1096 | 888 | 45 | 933 | 54.79 x 20-10%<br>= 987<br>(തൃതീയ, റോഡിന്റെ വർദ്ധനവ്) | 50 | 104 |
| 22 | 13/1955 A<br>സ്റ്റെല്ലാ ആന്റണി | ഗാർഹികം<br>50.73 $m^2$<br>1015 | 812 | 41 | 854 | 50.73x 20-10%<br>= 914<br>(തൃതീയ, റോഡിന്റെ വർദ്ധനവ്) | 46 | 106 |
| 23 | 13/2471<br>ജോർജ്ജ് പി.എക്സ് | ഗാർഹികം<br>69.77$m^2$<br>1395 | 1117 | 56 | 1173 | 69.77 x 20-10%<br>= 1256<br>(തൃതീയ, റോഡിന്റെ വർദ്ധനവ്) | 63 | 146 |
| 24 | 13/918 A<br>വിജയൻ | ഗാർഹികം<br>59.32$m^2$ | 950 | 47 | 997 | 59.32 x 20-10%<br>= 1068<br>(തൃതീയ, റോഡിന്റെ വർദ്ധനവ്) | 53 | 124 |
| 25 | 13/446 B<br>ദീപു & ഷൈനി | ഗാർഹികം<br>55.68$m^2$ | 892 | 45 | 932 | 55.68 x 20-10%<br>= 1003<br>(തൃതീയ, റോഡിന്റെ വർദ്ധനവ്) | 50 | 121 |
| | | | | | | | ആകെ | 5512 |

എല്ലാ ഡിവിഷനുകളിലെയും ഇപ്രകാരമുള്ള ന്യൂനത കണ്ടെത്തി നികുതി പരിഷ്കരിക്കേണ്ടതാണ്.

# 2-14 അനധികൃതമായി മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നു - നടപടി സ്വീകരിക്കുന്നില്ല.

മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ വസ്തുനികുതി നിർണ്ണയിക്കപ്പെട്ട് പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| മെയിൻ ഓഫീസ് | - | 33 |
| വൈറ്റില മേഖല | - | 44 |
| ഇടപ്പള്ളി മേഖല | - | 18 |
| പച്ചാളം മേഖല | - | 7 |
| ഫോർട്ട് കൊച്ചി മേഖല | - | 6 |
| മട്ടാഞ്ചേരി മേഖല | - | 3 |
| പള്ളുരുത്തി മേഖല | - | 0 |
| ആകെ | - | 111 |

മൊബൈൽ ടവറുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ ഒന്നും തന്നെ കോർപ്പറേഷൻ ഓഫീസിലും മേഖല ഓഫീസുകളിലും സൂക്ഷിക്കുന്നില്ല. ഇത് സംബന്ധിച്ച് 11.10.2018ൽ 87-ാം നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭിച്ച മറുപടി പ്രകാരവും വിവിധ മേഖലാ കാര്യാലയങ്ങളിൽ നിന്നും ലഭിച്ച മറുപടി പ്രകാരവും വസ്തുനികുതി അസസ് ചെയ്യാതെ അനധികൃതമായി മൊബൈൽ ടവറുകൾ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| I. പച്ചാളം മേഖല | | | |
|---|---|---|---|
| 1 | 46/1375 C, C1, D, D1 നമ്പർ കെട്ടിടത്തിനു മുകളിൽ | - | ബോട്ട് ജെട്ടി റോഡ് |
| 2 | 31/288 നമ്പർ കെട്ടിടത്തിനു സമീപം | - | കളത്തിപറമ്പ് റോഡ് |
| 3 | 32/1047 നമ്പർ കെട്ടിടത്തിനു മുകളിൽ | - | ചിറ്റൂർ റോഡ്, വടുതല |
| 4 | 32/1395 നമ്പർ കെട്ടിടത്തിനു മുകളിൽ | - | ബി.എസ്.എൻ.എൽ എക്സ്ചേഞ്ചിനു മുകളിൽ |
| 5 | 69/637 | - | അക്കാരിയ ആർക്കേഡ്, അയ്യപ്പൻകാവ് |
| 6 | 69/3175 | - | റിലയൻസ് ജിയോ |
| 7 | 69/3737 | - | എസ്ആർഎം റോഡ് |
| 8 | 73/2552 | - | കർഷക റോഡ് |
| 9 | 73/1152 നമ്പർ കെട്ടിടത്തിനു മുകളിൽ | - | ലൂർദ്ദ് ഹോസ്പിറ്റലിന് എതിർവശം |
| 10 | 73/1958 നമ്പർ കെട്ടിടത്തിനു മുകളിൽ | - | മാർജിൻ ഫ്രീ |
| 11 | 73/1201 സി ചിറ്റൂർ റോഡ് | - | പച്ചാളം പാലത്തിന് സമീപം |
| 12 | 73/2544 നമ്പർ കുടുംബി സേവാ സംഘം കെട്ടിടത്തിനു മുകളിൽ | - | |
| 13 | 73/2393 ബി.എസ്.എൻ.എൽ ടവർ | - | പത്മാവതി അമ്മയുടെ കെട്ടിടത്തിന് മുകളിൽ |
| 14 | 69/1755 ഇൻഫോ സർവ്വീസ് | - | |
| 15 | 69/561 ഭാരതി എയർടെൽ | - | |

| | | | |
|---|---|---|---|
| 16 | 69/3083എ ഭാരതി എയർടെൽ | - | |
| 17 | 46/673(എ) റിലയൻസ് ഇൻഫോ | - | |
| II. ഫോർട്ട് കൊച്ചി മേഖല | | | |
| 18 | 1/211 സിയിൽ ഫിലോമിനയുടെ ഉടമസ്ഥതയിലുള്ള കെട്ടിടം - റിലയൻസ് ടവർ | - | സീ ബ്ലൂ ഷിപ്പ്‌യാർഡിനു സമീപം |
| 19 | 1/343, ബി.എസ്.എൻ.എൽ, എയർടെൽ, വോഡഫോൺ | - | ബേ വ്യൂ അപ്പാർട്ട്മെന്റിന് മുകളിൽ |
| 20 | 1/114 ൽ മാക്സി ജോണിന്റെ പ്രോപ്പർട്ടിയിൽ ഇൻഡസ് ടവർ | - | കുന്നുംപുറം |
| 21 | 1/1903 (ഓൾഡ്) കുന്നുംപുറം ബിനാലെ ഓഫീസ് കോമ്പൗണ്ടിൽ ബി.എസ്.എൻ.എൽ ടവർ | - | കുന്നുംപുറം |
| 22 | 17/1286 ലീന ബെവേയുടെ പ്രോപ്പർട്ടി ബി.എസ്.എൻ.എൽ ടവർ | - | കോമത്ത് ഹാൾ |
| 23 | 26/179 | - | നസ്രത്ത് എക്സോസ്ഡ് സ്കൂളിന് സമീപം |
| 24 | 2/1039 സി.എൽ.ബറിഡ് ചിറ്റിലപ്പിള്ളി, ബി.എസ്.എൻ.എൽ ടവർ | - | വൈ.എം.സി.എ റോഡ് |
| III മട്ടാഞ്ചേരി മേഖല | | | |
| 25 | 29/1678 ബി.എസ്.എൻ.എൽ ടവർ | - | പോർട്ട് ട്രസ്റ്റ് ഹോസ്പിറ്റലിന് സമീപം |
| 26 | 9/624 | - | ഗൗതം ഹോസ്പിറ്റൽ |
| 27 | 9/537 – കൊച്ചിൻ ഫ്രോസ്റ്റ് ഐസ്ക്രീം ഷോപ്പിന് സമീപം | - | ചുള്ളിക്കൽ ജംഗ്ഷൻ |
| 28 | 10/970 – DDRC SRL ഡയഗനോസ്റ്റിക്സ് സർവ്വീസ് | - | ആർ.കെ. പിള്ള. റോഡ് |
| 29 | 10/357 – ന്യൂ ടാറ്റാ ഓട്ടോമൊബൈൽ ഷോപ്പ് | - | ചുള്ളിക്കൽ ജംഗ്ഷൻ |
| 30 | ബി.എസ്.എൻ.എൽ ടവർ | - | |
| 31 | 12/98 | - | ഓൾഡ് ബി.എസ്.എൻ.എൽ ടവർ |
| 32 | 5/520 ബി.എസ്.എൻ.എൽ | | വിശ്വനാഥൻ & വേണുഗോപാൽ<br><br>മട്ടാഞ്ചേരി (വെസ്റ്റ്) |
| 33 | ഡിവിഷൻ 5<br><br>മൊബൈൽ പോൾ നം. 1241124 | | ഇൻഡസ് ടവർ<br><br>പാലാരിവട്ടം |
| 34 | 5/745 ടവർ വിഷൻ | | രാഹുൽ അങ്കിതാ എന്റർപ്രൈസസ് |
| 35 | 6/1120 ടവർ വിഷൻ | | പി.ജെ. അഹമ്മദ് |

| | | | |
|---|---|---|---|
| | | | ഫാസിൽ |
| 36 | എയർ ടെൽ കണക്ഷൻ (GTL)<br>7/1291 to 1316 | | മഹേഷ്,<br>ഊർമ്മിള മഹേഷ് |
| 37 | ബിൽഡിംഗ് നം.7/1291 to 1316<br>എയർ ടെൽ ഇൻഡസ് | | മഹേഷ്,<br>ഊർമ്മിള മഹേഷ് |
| 38 | ഡിവിഷൻ 7<br>എയർടെൽ ഇൻഡസ്<br>(നിയർ ജിയോ ബിൽഡിംഗ് 1138) | | മഹേഷ്,<br>ഊർമ്മിള മഹേഷ് |
| 39 | ഡിവിഷൻ 8<br>ബിൽഡിംഗ് നം.12/98<br>ബി.എസ്.എൻ.എൽ ടവർ | | |
| 40 | ഡിവിഷൻ 8<br>9/1323<br>എയർടെൽ ഇൻഡസ് | | |
| 41 | റിലയൻസ് 10/1359<br>(ഇൻഡസ്) | | |
| 42 | ഡിവിഷൻ 10<br>ബി.എസ്.എൻ.എൽ 14/55 G | | |
| 43 | ഡിവിഷൻ 11<br>ബി.എസ്.എൻ.എൽ<br>(BOT പാലത്തിന് എതിർവശം ) | | |
| 44 | ഡിവിഷൻ 11<br>കെ.എസ്.എഫ്.ഇ ബിൽഡിംഗ് | | |
| 45 | ഡിവിഷൻ 11<br>എൽ ജി ടവർ (ഐഡിയ, റിലയൻസ്, ബി.എസ്.എൻ.എൽ) | | |
| 46 | ഡിവിഷൻ 11<br>കഴുത്തുമുട്ട് ജംഗ്ഷൻ<br>(വടക്ക് വശം) | | തൈക്കൂട്ടത്തിൽ ബിൽഡിംഗ് |
| IV. പള്ളുരുത്തി സോണൽ | | | |
| 47 | 12/75 തുടങ്ങി 12/81വരെ- വോഡഫോൺ, എയർടെൽ | | സെന്റ്. മേരീസ് സിറിയൻ ചർച്ച് |
| 48 | റിലയൻസ് ടവർ | | മരുന്നുകട |
| 49 | റ്റാറ്റ വെയോമെ വയർലെസ് ടി.ടി. ഇൻഫോ സർവ്വീസ് ലിമിറ്റഡ് | | പാമ്പായിമൂല ജംഗ്ഷൻ |
| 50 | 15/1740 – കണ്ണങ്കാട്ട് റോഡിൽ ബി.എസ്.എൻ.എൽ, എയർടെൽ | | കണ്ണങ്കാട്ട് റോഡ് |

| | | | |
|---|---|---|---|
| 51 | 22/1607 – എയർടെൽ (ഇൻഡസ്) | | പാമ്പായിമൂല |
| 52 | റിലയൻസ് ടവർ | | പാമ്പായിമൂല |
| 53 | 16/1720 - റിലയൻസ് ടവർ - മുല്ലേപ്പറമ്പിൽ ജോസ് ലോറൻസിന്റെ പുരയിടത്തിൽ | | ഇടക്കൊച്ചി ബസ് സ്റ്റാന്റിന് സമീപം |
| 54 | 16/1638 – എയർടെൽ, കണച്ചക്കനാട് സ്റ്റീഫൻ മെൻഡസിന്റെ പുരയിടത്തിൽ | | ഇടക്കൊച്ചി സെന്റ് ലോറൻസ് ചർച്ചിന് പുറകിൽ |
| 55 | റിലയൻസ് ജിയോ - കളപ്പുരക്കൽ വിർജിനാ മാത്യൂസിന്റെ പുരയിടത്തിൽ | | സെന്റ് ലോറൻസ് സ്കൂളിന് എതിർവശം |
| 56 | 16/1945 ബി.എസ്.എൻ.എൽ ടവർ-സജിത് എന്ന വ്യക്തിയുടെ പുരയിടത്തിൽ | | ഗവ. ഹോമിയോ ഡിസ്പെൻസറിയുടെ എതിർവശം |
| 57 | 16/474(1) – ഇൻഡസ് ടവർ, എ.എം. ചന്ദ്രബോസിന്റെ പുരയിടത്തിൽ | | ശാന്തി ഭവന് സമീപം |
| 58 | 17/16 മുതൽ 17/21 വരെയുള്ള കെട്ടിടങ്ങൾ, ടവർ വിഷൻ, പ്രസന്നകുമാർ, ഗീത എന്നിവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടം | | കുമ്പളങ്ങി വഴി ജംഗ്ഷൻ |
| 59 | 17/1204 എ(21/698 ബി പഴയത്) റിലയൻസ് ജിയോ, കൊവേന്ത മാർക്കറ്റിന് സമീപം വേണു, എം.എ. ശ്രീകുമാർ എന്നിവരുടെ കെട്ടിടം | | കൊവേന്ത മാർക്കറ്റിന് സമീപം |
| 60 | 20/2731 (എ) റിലയൻസ് സ്റ്റെല്ല കാസ്പർ എന്നിവരുടെ കെട്ടിടം | | തച്ചപ്പള്ളി ഹൗസ് |
| 61 | 19/150 – വോഡഫോൺ, കെ.ആർ. ലാലൻ, കുട്ടുങ്കൽ എന്നവരുടെ കെട്ടിടം | | കച്ചേരിപ്പടി ജംഗ്ഷൻ വില്ലേജ് ഓഫീസിന് തെക്കുവശം |
| 62 | 19/161-എയർടെൽ, കെ.ആർ.ബാബു കുട്ടുങ്കലിന്റെ കെട്ടിടം | | കച്ചേരിപ്പടി ജംഗ്ഷന് സമീപം |
| 63 | 19/2403 (20/2199(സി)) ബി.എസ്.എൻ.എൽ ടവർ നവീൻ ഫ്രാൻസിസ് എന്നവരുടെ കെട്ടിടം | | കുമ്പളങ്ങി വഴി ജംഗ്ഷൻ തെക്കുവശം |
| 64 | 20/65 (19/2263) റ്റാറ്റ കമ്പനി എ.കെ. സന്തോഷ്, അറക്കത്തറയുടെ കെട്ടിടം | | നമ്പ്യാപുരം റോഡിൽ |
| 65 | 20/722 (19/2054 ബി) എയർടെൽ, വോഡഫോൺ, സേവ്യർ ജോസഫ്, കുന്നേൽ | | എസ്.സി.പി.വൈ റോഡ് ജംഗ്ഷൻ |

| | | | |
|---|---|---|---|
| | ഹൗസ് എന്നവരുടെ കെട്ടിടം | | |

ഓഡിറ്റ് എൻക്വയറികളള്ള മറുപടിയിൽ, അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ടവറുകൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് കുറിപ്പ് നൽകിയിട്ടുണ്ടെന്നും, അനധികൃതമായി നിർമ്മിച്ചിട്ടുള്ള എല്ലാ ടവറുകളും യു.എ. നമ്പരായി നികുതി ചുമത്തി അസസ്മെന്റിൽ ഉൾപ്പെടുത്തുന്നതിന് റവന്യു ഇൻസ്പെക്ടർമാർക്ക് കുറിപ്പ് നൽകിയിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയത്. 2017-18 വർഷം പെർമിറ്റ് അനുവദിച്ച് നൽകിയ മൊബൈൽ ടവറുകളുടെ വിവരം ലഭ്യമാക്കിയിട്ടുമില്ല. മേൽ സൂചിപ്പിച്ച മൊബൈൽ ടവറുകളുടെ വസ്തു ഉടമകളിൽ നിന്ന് 14.1.2011ലെ സർക്കാർ ഉത്തരവ് നം. 17/2011 പ്രകാരമുള്ള ച. മീറ്ററിന് 500രൂപ നിരക്കിൽ വസ്തു നികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി, ടവറുകൾ നിലവിൽ വന്ന തീയതി മുതലുള്ള വസ്തുനികുതി കുടിശ്ശിക ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വിശദാംശങ്ങൾ, അവയക്ക് നിർണ്ണയിച്ച വസ്തു നികുതി മുതലായ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 2-15 അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല

കേരള മുനിസിപ്പാലിറ്റി സെക്ഷൻ 242 പ്രകാരം ഒരു കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടാൽ, കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ട നികുതിയും, അതിന്റെ രണ്ടിരട്ടിയും ചേർന്ന തുക വസ്തു നികുതിയായി കെട്ടിട ഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്. വസ്തു നികുതി പിരിവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ അനധികൃത കെട്ടിട ഉടമകളിൽ നിന്നും വസ്തുനികുതി ഈടാക്കാത്തതിനാൽ നികുതിയിനത്തിൽ തുക കുടിശ്ശികയാവുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ഫോർട്ട് കൊച്ചി

| ക്രമ നം. | ഡിവിഷൻ നം/ കെട്ടിട നം. | ഉടമയുടെ പേര് | ഈടാക്കേണ്ട UA ടാക്സ് | കുടിശ്ശിക കാലയളവ് |
|---|---|---|---|---|
| 1 | P/UA 2191/37 | 20. റ്റി.ആർ. ജോസഫ് | 384 | 2004-05 മുതൽ |
| 2 | P/UA 2191/38 | 20. സുരേഷ് | 456 | 2004-05 മുതൽ |
| 3 | P/UA 2191/39 | 20. റീത്ത ജോർജ്ജ് | 600 | 2004-05 മുതൽ |
| 4 | P/UA 1500 A | 20. സി.എം. വിൻസെന്റ് | 1576 | 2013-14 മുതൽ |
| 5 | P/UA 1500 B | 20. മേരി ഫ്രാൻസിസ് | 1366 | ,, |
| 6 | P/UA 2191/13 | 20. കെ. യു. വിൽസൺ | 204 | 2014-15 മുതൽ |
| 7 | P/UA 2191/14 | 20. സുനിൽ ജോസഫ് | 204 | ,, |
| 8 | P/UA 2191/15 | 20. കെ.വി. ജോയ് | 180 | 20. ,, |
| 9 | P/UA 2191/16 | 20. രാജമ്മ അശോകൻ | 216 | ,, |
| 10 | P/UA 2191/17 | 20. നിക്കോളാസ് | 216 | ,, |
| 11 | P/UA 2191/18 | 20. മാഗി ഐസക്ക് | 216 | ,, |
| 12 | P/UA 2191/19 | 20. പോളി ബാബു | 216 | ,, |
| 13 | P/UA 2191/20 | 20. വർഗ്ഗീസ് | 216 | ,, |
| 14 | P/UA 2191/21 | 20. റോബർട്ട് | 216 | ,, |
| 15 | P/UA 2191/22 | 20. റോബിൻസൺ | 216 | ,, |
| 16 | P/UA 2191/23 | 20. ഫ്രാൻസിസ് | 216 | ,, |
| 17 | P/UA 2191/24 | 20. ജേക്കബ്ബ് | 216 | ,, |
| 18 | 26/1692/P/UA/1 | 20. കെ.എ. സ്റ്റാൻലി | 420 | 2012-13 മുതൽ |
| 19 | 26/1692/P/UA/3 | 20. ടി.വൈ. നിക്സൺ | 600 | 2014-15 മുതൽ |
| 20 | 26/1692/P/UA/4 | 20. പി.ബി. അലോഷ്യസ് | 384 | 2012-13 മുതൽ |
| 21 | 26/1692/P/UA/6 | 20. കെ.ജി. സൈമൺ | 384 | 2014-15 മുതൽ |
| 22 | 26/1692/P/UA/12 | 20. ചിന്നമ്മ സേവ്യർ | 288 | 2012-13 II half മുതൽ |
| 23 | 26/1692/P/UA/23 | 20. സ്റ്റാൻലി ഔസേഫ് | 336 | 2012-13 മുതൽ |
| 24 | 26/1692/P/UA/24 | 20. ക്ലമന്റ് റോയ് | 336 | 2012-13 മുതൽ |

| | | | | |
|---|---|---|---|---|
| 25 | 26/1692/P/UA/25 | 20. കെ.ജി. ക്ലീറ്റസ് | 336 | 2012-13 മുതൽ |
| 26 | 26/1692/P/UA/31 | 20. യുവാന റോബർട്ട് | 420 | 2013-14 മുതൽ |
| 27 | 26/1692/P/UA/40 | 20. പി.എം. ഗഫൂർ | 456 | 2014-15 മുതൽ |
| 28 | 26/1692/P/UA/46 | 20. കെ.ഡി. ജോസഫ് | 504 | 2013-14 മുതൽ |
| 29 | P/UA 2191/1 | 20. റാപ്പി സെബാസ്റ്റ്യൻ | 336 | 2004-05 മുതൽ |
| 30 | P/UA 2191/3 | 20. ബേബി അലക്സ് | 216 | 2004-05 മുതൽ |
| 31 | P/UA 2191/4 | 20. ട്രീസ തങ്കച്ചൻ | 180 | 2004-05 മുതൽ |
| 32 | P/UA 2191/5 | 20. ആൽബർട്ട് | 216 | 2004-05 മുതൽ |
| 33 | P/UA 2191/27 | 20. യേശുദാസ് | 216 | 2014-15 മുതൽ |

**പച്ചാളം**

| ക്രമ നം. | ഉടമയുടെ പേര് | ഡിവിഷൻ/ ഡോർ നം. | അർദ്ധ വാർഷിക വസ്തുനികുതി | അടാവാക്കാനുള്ള കുടിശ്ശിക തുക |
|---|---|---|---|---|
| 1 | സി.വി. അനിൽകുമാർ | 69/6900A/UA | 18,000 | 18000 x 4=72,000 [2014-15 മുതൽ 2017-18 വരെ |

എല്ലാ ഡിവിഷനുകളിലെയും വസ്തു നികുതി പരിഷ്കരിച്ചതിന് ശേഷം അനധികൃത കെട്ടിടങ്ങളുടെ നികുതി കുടിശ്ശിക പരിഷ്കരിച്ച നിരക്കിൽ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 2-16 തൊഴിൽ നികുതി - അപാകതകൾ

(എ) <u>തൊഴിൽ നികുതി കുറവ് അടവാക്കിയത്.</u>

കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിൽ, ചട്ടം 6 പ്രകാരം വ്യക്തികളിൽ /കമ്പനികളിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ 8 സ്ലാബുകളിലായി തിരിച്ചിരിക്കുന്ന അതിൽ ഏറ്റവും കുറഞ്ഞത് 120 രൂപയും കൂടിയത് 1250 രൂപയുമായി നിശ്ചയിച്ചിരിക്കുന്നു. എന്നാൽ അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ, തൊഴിൽ നികുതി അടവാക്കിയിരിക്കുന്നത് കുറവായിട്ടാണ്. നഗരസഭയിലെയും വിവിധ മേഖലാ ഓഫീസുകളിലെയും ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഒന്നും രണ്ടും അർദ്ധ വാർഷിക തൊഴിൽ നികുതി കുറവായിട്ടാണ് അടവാക്കിയത്. ഈ ഇനത്തിൽ ആകെ **1,82,506/-** രൂപയുടെ നഷ്ടം നഗരസഭക്ക് വന്നിട്ടുണ്ട്. അനുബന്ധം 2കാണുക.

ഈ ഇനത്തിൽ നഗരസഭക്ക് നഷ്ടം വന്ന തുക ചുവടെ ചേർക്കുന്നു.

| **സ്ഥാപനം** | **ഒന്നാം അർദ്ധവർഷം** | **രണ്ടാം അർദ്ധവർഷം** | **ആകെ** |
|---|---|---|---|
| മെയിൻ ഓഫീസ് | 59237.00 | 6681.00 | 65518.00 |
| ഇടപ്പള്ളി മേഖലാ ഓഫീസ് | 4670.00 | 7375.00 | 12045.00 |
| ഫോർട്ട് കൊച്ചി മേഖലാ ഓഫീസ് | 4880.00 | 4213.00 | 9093.00 |
| പച്ചാളം മേഖലാ ഓഫീസ് | | 2640.00 | 2640.00 |
| മട്ടാഞ്ചേരി മേഖലാ ഓഫീസ് | 6250.00 | 16200.00 | 22450.00 |
| പള്ളുരുത്തി മേഖലാ ഓഫീസ് | | | 70760.00 |
| **ആകെ** | | | **182506** |

**(ബി) പണമാക്കാതെ മടക്കിയ ചെക്കുകൾക്ക് പകരം തുക അടവാക്കിയിട്ടില്ല :**

വൈറ്റില മേഖല ഓഫീസ് പരിധിയിലുള്ള ചില സ്ഥാപനങ്ങൾ ചെക്കുകൾ മുഖേന തൊഴിൽ നികുതി അടവാക്കിയത് വിവിധ കാരണങ്ങളാൽ പണമാക്കാതെ മടങ്ങിയിട്ടുണ്ട്. വൈറ്റില മേഖല ഓഫീസിൽ നൽകിയ 2/23.4.2018 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി തൃപ്തികരമല്ല. വിശദവിവരം താഴെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | അടച്ച തൊഴിൽ നികുതി | | | ചെക്ക് മടങ്ങിയതിനെ തുടർന്ന് നൽകി നോട്ടീസ് നമ്പർ |
|---|---|---|---|---|
| | തുക | ചെക്ക് നം / തീയതി | അർദ്ധ വർഷം | |
| ലോട്ടസ് ഐ ഹോസ്പിറ്റൽ ആന്റ് ഇൻസ്റ്റിറ്റ്യൂട്ട് ലിമിറ്റഡ്, കടവന്ത്ര | 31700<br>1250 | 463323/ 31.03.18<br>463323/ 31.03.18 (ഫെഡറൽ ബാങ്ക് ) | II | കെ.ആർ.ആർ.7/ 3177/18 /18.5.18 |
| ഡെമാ ടെക്ക് സൊല്യൂഷൻസ് പ്രൈ.ലി., വൈറ്റില | 13655 | 25906/ 13.10.17 (ഫെഡറൽ ബാങ്ക് ) | I | കെ.ആർ.ആർ. 7/ 6240/ 17/1.11.17 (ഈ സ്ഥാപനത്തിന്റെ രണ്ടാം അർദ്ധ വർഷത്തെ നികുതിയും ലഭിച്ചിട്ടില്ല) |
| സർക്കാർ ജില്ലാ ഹോമിയോ ഹോസ്പിറ്റൽ, കലൂർ | 300 | 3546664/ 10.4.17 (ടി.എസ്.ബി) | I | കെ.ആർ.ആർ. 7/ 2986/ 17/22.8.17 |

**(സി) ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങൾ - തുടർ നടപടി സ്വീകരിച്ചിട്ടില്ല**

നഗരസഭയിലെ പല സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാത്തത് 2005ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 9 അനുസരിച്ച്, ബന്ധപ്പെട്ട സ്ഥാപനമേധാവി / തൊഴിൽ ദാതാവ് എന്നിവരോട് തൊഴിൽ നികുതി തിട്ടപ്പെടുത്തി അടക്കുവാൻ ആവശ്യപ്പെടുകയോ നികുതി അടക്കുന്നതിന് വീഴ്ച വരുത്തുന്നവർക്കെതിരെ ചട്ടം 11 പ്രകാരമുള്ള നടപടികൾ കൈക്കൊള്ളുകയോ ചെയ്തിട്ടില്ല.

കൊച്ചി നഗരസഭയിലും മേഖലാ ഓഫീസുകളിലും 2017-18 സാമ്പത്തിക വർഷത്തെ ഒന്നാം അർദ്ധ വർഷത്തെയും രണ്ടാം അർദ്ധ വർഷത്തേയും തൊഴിൽ നികുതി ഈടാക്കിയത് പരിശോധിച്ചതിൽ കേരള മുനിസിപ്പാലിറ്റി നിയമങ്ങളിലെ തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം നിർദ്ദിഷ്ട ഫോമിൽ അല്ല തൊഴിൽ നികുതി സ്വീകരിച്ചിരിക്കുന്നത്. ആയതിനാൽ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

**(ഡി) തൊഴിൽ നികുതി ഈടാക്കിയതിൽ വിമുക്ത ഭടന്മാരായ ജീവനക്കാരെ ഒഴിവാക്കിയത്**

കൊച്ചി നഗരസഭയിലെയും അതിന്റെ കീഴിലുള്ള വിവിധ മേഖല ഓഫീസുകളുടെയും പരിധിയിലുള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന വിമുക്ത ഭടന്മാരായ ജീവനക്കാരെ ഒഴിവാക്കിയാണ് സ്ഥാപന മേധാവികൾ തൊഴിൽ നികുതി അടവാക്കിയിരിക്കുന്നത്. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പുകളിലോ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലോ തൊഴിൽ നികുതി അടയ്ക്കുന്നതിൽ നിന്നും വിമുക്ത ഭടന്മാരായ ജീവനക്കാർക്ക് ഇളവ് അനുവദിക്കുന്നില്ല. കൊച്ചി കോർപ്പറേഷന്റെ മെയിൻ ഓഫീസിന്റെയും വിവിധ മേഖല ഓഫീസുകളുടെയും പരിധിയിലുള്ള ബാങ്കുകളിൽ ജോലി ചെയ്യുന്ന വിമുക്ത ഭടന്മാരായ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ഇത് തൊഴിൽ നികുതി പിരിച്ചെടുക്കാൻ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള കൃത്യവിലോപമാണ്. ഈ സ്ഥാപന മേധാവികൾക്ക് ഡിമാന്റ് നോട്ടീസ് നല്കി ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുത്ത് നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതാണ്. ആയതിനാൽ വിമുക്ത ഭടന്മാരായ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതും ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 2-17 ചെക്ക് മുഖേനയുള്ള റവന്യു വരവ്- ചെക്ക് മടങ്ങിയത് നഗരസഭാ ഫണ്ടിന്റെ നഷ്ടം- 1,03,85,659/- രൂപ

കൊച്ചി കോർപ്പറേഷന് ലഭിക്കേണ്ട വിവിധയിനം റവന്യൂ വരുമാനങ്ങളിൽ കൂടുതലും ചെക്ക് മുഖേന സ്വീകരിക്കുമ്പോൾ, ആ തുകയ്ക്കുള്ള രസീത് നൽകുകയും ചെക്ക് റീസീവ്ഡ് രജിസ്റ്ററിൽ ചേർത്ത്, നഗരസഭയുടെ അക്കൗണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനായി ബാങ്കിന് കൈമാറുകയാണ് ചെയ്യുന്നത്.എന്നാൽ ചെക്ക് ചെക്ക് റിസീവ്ഡ് രജിസ്റ്ററിലെ Date of Deposit, Date of realisation, Whether returned or not എന്നീ കോളങ്ങളിൽ വിവരം രേഖപ്പെടുത്താതെയാണ് പ്രസ്തുത രജിസ്റ്റർ പരിപാലിക്കുന്നത്. ഇത് ചെക്ക് മുഖേനയുള്ള റവന്യൂ വരവ് പൂർണ്ണമായും നഗരസഭാ അക്കൗണ്ടിൽ മുതൽക്കൂട്ടപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പാക്കുന്നതിന് തടസ്സമാകുന്നു. നഗരസഭയിൽ ചെക്ക് മുഖേന വന്ന തുക മുഴുവനും അക്കൗണ്ടിൽ വന്നിട്ടുണ്ട് എന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. ബാങ്ക്, ചെക്ക് കളക്ഷൻ ചാർജ്ജ് ഈടാക്കിയതുമൂലം നഗരസഭാ ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ ആ തുക

ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കിയിട്ടുണ്ടോ എന്നും പരിശോധിച്ച് ഉറപ്പാക്കാനാകുന്നില്ല. (റൂൾ 89a Note 3, കേരള ട്രഷറി കോഡ് വോള്യം.1 പ്രകാരം കമ്മീഷൻ ചാർജ്ജ് പാർട്ടിയാണ് വഹിക്കേണ്ടത്.)

മതിയായ നീക്കിയിരിപ്പില്ലാതെ ബാങ്കിൽ നിന്നും മടങ്ങിവരുന്ന ചെക്ക്, ചീഫ് ക്യാഷ്യർ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി ബന്ധപ്പെട്ട സബ് ഓഫീസുകളിലേക്ക് മടക്കി നൽകുന്നതായിട്ടാണ് കാണുന്നത്. എന്നാൽ വണ്ടിചെക്ക് നൽകി നഗരസഭയെ കബളിപ്പിച്ചവർക്കെതിരെ തുടർനടപടികൾ എടുത്തത് സംബന്ധിച്ചോ, പ്രസ്തുത തുക ഈടാക്കിയത് സംബന്ധിച്ചോ ഉള്ള വിവരം ലഭ്യമല്ല. ചെക്ക് ലഭിക്കുമ്പോൾ തന്നെ രസീത് നല്കുകയും ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യുന്നതിനാൽ ചെക്ക് മടങ്ങുന്നതിലൂടെ നഗരസഭ ഫണ്ടിനുണ്ടാവുന്ന നഷ്ടം ശ്രദ്ധിക്കപ്പെടാതെ പോകുവാൻ സാദ്ധ്യതയുണ്ട്.മേൽ സൂചിപ്പിച്ച കാര്യങ്ങൾ ഒന്നും തന്നെ അധികാരപ്പെട്ട ഒരു ഉദ്യോഗസ്ഥനും ഒരു ഘട്ടത്തിലും ഉറപ്പുവരുത്തുന്നില്ല.

01.04.2017മുതൽ മടങ്ങിയ ചെക്കുകളുടെ വിവരങ്ങളടങ്ങിയ ലിസ്റ്റ് **അനുബന്ധം 3**ആയി ചേർക്കുന്നു. ലിസ്റ്റിൽ പരാമർശിച്ചിട്ടുള്ള മടങ്ങിയ ചെക്കുകൾ സമർപ്പിച്ചവർ പിന്നീട് പണമടച്ചിട്ടുണ്ടെങ്കിൽ രശീത് നമ്പറും തീയതിയും സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണെന്നും മാത്രമല്ല പലിശ സഹിതം പിഴ, ബാങ്ക് ഈടാക്കിയ ഹാന്റലിംഗ് ചാർജ്, സർവ്വീസ് ടാക്സ് എന്നിവ കൂടി ഇതോടൊപ്പം ഈടാക്കിയിട്ടുണ്ടോയെന്ന് അറിയിക്കേണ്ടതാണെന്നും കാണിച്ചുകൊണ്ട് 3 ഓഡിറ്റ് എൻക്വയറികൾ (നം.05/17-18 തീയതി 21.02.18, 23/17-18 തീയതി 19.05.18, 35/17-18 തീയതി 02.07.18) നൽകിയിരുന്നു. ആയതിന് റവന്യൂ ഓഫീസർ നൽകിയ മറുപടികൾ പ്രകാരം ആകെ മടങ്ങിയ 247 ചെക്കുകളിൽ 27 ചെക്കുകളുടെ പിഴയും ബാങ്ക് ചാർജ്ജുകളും ഈടാക്കിയിട്ടുണ്ട്. ബാക്കിയുള്ള 220 ചെക്കുകളുടെ ആകെ തുകയായ **1,03,85,659/-** രൂപയും പിഴപ്പലിശയും ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്. ചെക്ക് റിസീവ്ഡ് രജിസ്റ്ററിൽ വിവരങ്ങളെല്ലാം കൃത്യമായി രേഖപ്പെടുത്തി ചെക്ക് മുഖേനയുള്ള റവന്യൂ വരവ് പൂർണ്ണമായും നഗരസഭാ അക്കൗണ്ടിൽ മുതൽ കൂട്ടപ്പെട്ടിട്ടുണ്ടെന്ന് റവന്യൂ ഓഫീസർ ഉറപ്പാക്കേണ്ടതാണ്.

# 2-18 രസീത് ബുക്ക് നഷ്ടപ്പെട്ടു - നഷ്ടം നിർണ്ണയിക്കുവാൻ സാധിക്കുന്നില്ല.

പള്ളുരുത്തി മേഖല കാര്യാലയത്തിലെ രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 39701 മുതൽ 39800 വരെയുള്ള രസീതുകൾ അടങ്ങിയ 398-ാം നമ്പർ രസീത് ബുക്ക് കണ്ടെത്തുവാനോ പരിശോധനയ്ക്ക് ലഭ്യമാക്കുവാനോ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. 398-ാം നമ്പർ രസീത് ബുക്ക് 1.8.2017ൽ റവന്യൂ ഇൻസ്പെക്ടർ ശ്രീമതി. മേരി. ഗ്രേസ് എന്നിവർ സ്റ്റോക്ക് രജിസ്റ്ററിൽ ഒപ്പിട്ട് കൈപ്പറ്റിയിട്ടുള്ളതായി കാണുന്നു (പേജ് നം.33 സ്റ്റോക്ക് രജിസ്റ്റർ). നഗരസഭയിലെ CLR ജീവനക്കാരിയായ ശ്രീമതി. ശ്രീജ എൻ.പി.യ്ക്ക് വേണ്ടിയാണ് റവന്യൂ ഇൻസ്പെക്ടർ രസീത് ബുക്ക് വാങ്ങിയിട്ടുള്ളത്. രസീത് ബുക്ക് നഷ്ടപ്പെട്ടുപ്പോയതിനാൽ ഓഡിറ്റ് പരിശോധിച്ചിട്ടില്ലാത്തതാണ്. CLR ജീവനക്കാരി ശ്രീമതി. ശ്രീജ എൻ.പി.യുടെ കളക്ഷൻ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കാണും വിധം പിരിവ് നടത്തിയിട്ടുള്ളതാണ്.

398-ാം നമ്പർ രസീത് ബുക്കിൽ നിന്ന് 30.08.2017വരെ ആകെ 58 രസീതുകളിലായി 28929/-രൂപ പിരിച്ച് ക്യാഷ് കൗണ്ടറിൽ അടച്ചിട്ടുള്ളതായി വ്യക്തമാകുന്നു. എന്നാൽ 39759 മുതൽ 39800 വരെയുള്ള രസീതുകളിൽ പിരിവ് നടത്തിയതായോ റദ്ദാക്കിയതായോ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ല. 42 രസീതുകളിൽ പിരിവ് നടത്തുവാനുള്ളപ്പോഴാണ് രസീത് ബുക്ക് നഷ്ടപ്പെട്ടിട്ടുള്ളത്. എന്നാൽ ബുക്ക് ഏത് തീയതിയിൽ ഏതു സ്ഥലത്ത് വച്ച് നഷ്ടപ്പെട്ടു എന്നതിന് വ്യക്തതയില്ല. ഈ രസീത് ബുക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ഒപ്പിട്ട് കൈപ്പറ്റിയ റവന്യൂ ഇൻസ്പെക്ടർ ശ്രീമതി. മേരി. ഗ്രേസ് സർവ്വീസിൽ നിന്ന് വിരമിച്ചിട്ടുള്ളതാണ്. ഈ രസീത് ബുക്ക് ഉപയോഗിച്ച് കളക്ഷൻ നടത്തിവന്നിരുന്ന CLR ജീവനക്കാരി ശ്രീമതി. ശ്രീജ എൻ.പി. രസീത് ബുക്ക് നഷ്ടപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ രസീത് ബുക്ക് ഏതു സ്ഥലത്ത് വച്ച് നഷ്ടപ്പെട്ടു എന്നത് വ്യക്തമാക്കിയിട്ടില്ല. രസീത് ബുക്ക് നഷ്ടപ്പെട്ടത് സംബന്ധിച്ച് മുഖ്യകാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കണമെന്നും, പോലീസിൽ ഇത് സംബന്ധിച്ച് പരാതി നൽകാതിരുന്നതിന്റെ കാരണം അന്വേഷിച്ചും രസീത് ബുക്ക് നഷ്ടപ്പെട്ടതിന്റെ ആധികാരികമായ സ്ഥിരീകരണം സംബന്ധിച്ച് പള്ളുരുത്തി മേഖല കാര്യാലയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 7/2017-18 തീയതി 24.4.2018). താൽക്കാലിക ജീവനക്കാരെ ഉപയോഗിച്ച് പണം പിരിവ് നടത്തുമ്പോൾ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. രസീത് ബുക്ക് നഷ്ടപ്പെട്ടത് സംബന്ധിച്ച് നഗരസഭ അന്വേഷണം നടത്തേണ്ടതാണ്.

# 2-19 കാരണം രേഖപ്പെടുത്താതെ രശീതുകൾ റദ്ദ് ചെയ്യുന്നു

റവന്യൂ ഇൻസ്പെക്ടർമാർ രേഖാമൂലം കൈപ്പറ്റി കൈമാറുന്ന രസീത് ബുക്കുകളാണ് വൈറ്റില മേഖല ഓഫീസിൽ നികുതി പിരിവിനായി നിയമിക്കപ്പെടുന്ന CLR ജീവനക്കാർ ഉപയോഗിച്ചുവരുന്നത്. ഇപ്രകാരം ഇവർ ഉപയോഗിച്ച വന്ന രശീത് ബുക്കുകളിലെ നിരവധി രശീതുകൾ 2018 മെയ് മാസം 28-ാം തീയതിക്ക് ശേഷം കാരണം രേഖപ്പെടുത്താതെ റദ്ദ് ചെയ്തിട്ടുണ്ട്. ഒരു സാമ്പത്തിക വർഷത്തിൽ ഉപയോഗിച്ച തുടങ്ങുന്ന രസീത് ബുക്കുകളിലെ രസീതുകൾ കാരണം രേഖപ്പെടുത്തി, ബന്ധപ്പെട്ട മേലാധികാരി സാക്ഷ്യപ്പെടുത്തിവേണം റദ്ദ് ചെയ്യേണ്ടത്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 24.10.2018 തീയതിയിൽ വൈറ്റില മേഖല കാര്യാലയത്തിൽ നൽകിയ 01/2017-18 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. റദ്ദാക്കപ്പെട്ട രസീതുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | രസീത് ബുക്ക് നം. | രസീത് കൈപ്പറ്റിയ ജീവനക്കാരൻ | റദ്ദ് ചെയ്ത രസീതുകൾ | റദ്ദ് ചെയ്യപ്പെട്ട ആകെ എണ്ണം |
|---|---|---|---|---|
| 1 | 937 | ജമീല.ബി.എം., ബി.ഐ. | 93690 - 93700 | 11 |
| 2 | 941 | ജമീല.ബി.എം., ബി.ഐ. | 94099 - 94100 | 2 |
| 3 | 942 | ജമീല.ബി.എം., ബി.ഐ. | 94197 - 94200 | 4 |
| 4 | 944 | ജമീല.ബി.എം., ബി.ഐ. | 94351 - 94400 | 50 |
| 5 | 939 | ഷാജി.എൻ.കെ., | 93890 - | 11 |

| | | | | |
|---|---|---|---|---|
| | | ബി.ഐ | 93900 | |
| 6 | 943 | ഷാജി.എൻ.കെ., ബി.ഐ | 94252 - 94300 | 49 |
| ആകെ എണ്ണം | | | | 127 |

കാരണം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്താതെ രസീതുകൾ റദ്ദ് ചെയ്യുന്നതും രസീത് ബുക്ക് പൂർണ്ണമായും ഉപയോഗിക്കാതെ പുതിയ രസീത് ബുക്ക് അനുവദിക്കുന്നതും 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 74ന് വിരുദ്ധമാണ്. അകാരണമായി രസീത് ബുക്ക് റദ്ദാക്കിയ ജീവനക്കാരോട് വിശദീകരണം ആവശ്യപ്പെടേണ്ടതാണ്.

രസീത് ബുക്കുകളുടെ കാര്യത്തിലുള്ള ആഭ്യന്തരനിയന്ത്രണം കാര്യക്ഷമമല്ലാത്ത അവസ്ഥ രസീതുകളുടെ ദുരുപയോഗത്തിന് കാരണമാകും എന്നതിനാൽ നഗരസഭയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

# 2-20 രസീത് ബുക്ക് ഉപയോഗിക്കാതെയും റദ്ദ് ചെയ്യാതെയും കൈവശംവെയ്ക്കുന്നു

കൊച്ചി നഗരസഭ മട്ടാഞ്ചേരി മേഖല ഓഫീസിന്റെ കീഴിൽ ചുള്ളിക്കൽ പ്രദേശത്ത് പ്രവർത്തിക്കുന്ന എം.കെ. രാഘവൻ മെമ്മോറിയൽ ലൈബ്രറിയിൽ കളക്ഷൻ എടുക്കുന്നതിന് 31.05.2014ൽ 16801 മുതൽ 16900 വരെയുള്ള രസീതുകൾ അടങ്ങിയ 169-ാം നമ്പർ രസീത് ബുക്ക് ലൈബ്രറിയുടെ ചുമതലയുള്ള ലൈബ്രേറിയൻ നഗരസഭയിൽ നിന്നും കൈപ്പറ്റിയിട്ടുള്ളതാണ്. എന്നാൽ 7 രസീതുകളിലായി 960 രൂപ കളക്ട് ചെയ്ത് അടച്ചിട്ടുണ്ടെങ്കിലും ബാക്കിയുള്ള രസീതുകൾ റദ്ദ് ചെയ്ത് തിരികെ ഏൽപ്പിച്ചിട്ടില്ലാത്തതാണ്. ഇതു സംബന്ധിച്ച് മട്ടാഞ്ചേരി മേഖല കാര്യാലയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 5/07.06.2018 നുള്ള മറുപടിയിൽ രസീത് ബുക്ക് റദ്ദ് ചെയ്ത് തിരികെ ഏൽപ്പിക്കുവാൻ മറന്നുപോയിട്ടുള്ളതാണെന്നാണ് അറിയിച്ചത്. 2014-15കാലയളവിലെ രസീത് ബുക്ക് 4 വർഷം വരെ റദ്ദ് ചെയ്യാതെയും തിരികെ നൽകാതെയും കൈവശം വച്ചിരുന്നത് ഗുരുതരമായ കൃത്യവിലോപമാണ്. ആയത് അടിയന്തിരമായി റദ്ദ് ചെയ്യേണ്ടതാണ്.

# 2-21 ബിൽഡിംഗ് പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്.

കൊച്ചി കോർപ്പറേഷന്റെ ഫോർട്ട് കൊച്ചി മേഖലാ ഓഫീസിന്റെ പരിധിയിലുള്ള കെട്ടിടങ്ങളുടെ പെർമിറ്റ് ഫീസ് ഈടാക്കിയതിൽ താഴെ പറയും പ്രകാരം കുറവ് വന്നിട്ടുണ്ട്.

| | | |
|---|---|---|
| 1) | ഫയൽ നം. P1/540/17 സെബാസ്റ്റ്യൻ ഡുറോം. (താമസത്തിനുള്ള കെട്ടിടം) | |
| | തറ വിസ്തീർണം. | GF . 171.71 ച.മീ.<br>FF . 171.71 ച.മീ. |
| | ആകെ | 343.42 ച.മീ |

പെർമിറ്റ് എടുക്കാതെ 10/05/2017ൽ നിർമാണം പൂർത്തിയാക്കിയ കെട്ടിടത്തിന് 16/10/2017ൽ ക്രമവൽക്കരിച്ചാണ് പെർമിറ്റ് നൽകിയത്. ക്രമവൽക്കരിയ്ക്കുന്നതിന് കോംപൗണ്ടിംഗ് ഫീസുൾപ്പെടെ, 150 ച.മീറ്ററിൽ കൂടുതലായതിനാൽ ച.മീറ്ററിന് 10 രൂപ നിരക്കിന്റെ 3 മടങ്ങ് ഈടാക്കേണ്ടതിന് പകരം 150 ച.മീറ്ററിൽ കുറവുള്ള കെട്ടിടങ്ങളുടെ നിരക്കായ5 രൂപ നിരക്കിന്റെ 3 മടങ്ങാണ് ഈടാക്കിയത്.

ഈടാക്കിയതും ഈടാക്കേണ്ടതുമായ ഫീസിന്റെ വിവരം താഴെ കൊടുക്കുന്നു.

ഈടാക്കിയത് - 344 x 5 x 3 = 5160 (രസീത് നമ്പർ - 06/112285/15.11.2017)

ഈടാക്കേണ്ടത് - 343.42 x 10 x 3 = 10303

**കുറവ് - 10303 – 5160 = 5143 രൂപ -------------------- (i)**

| | | |
|---|---|---|
| 2) | ഫയൽ നം. P2/385/17 . വി ബാലകൃഷ്ണ പ്രഭു. (താമസത്തിനുള്ള കെട്ടിടം) | |
| | തറ വിസ്തീർണം. | GF 125.32 ച.മീ<br>FF 125.32 ച.മീ<br>SF 15.08 ച.മീ |
| | ആകെ | 265.72ച.മീ |

എന്നാൽ ആകെ തറ വിസ്തീർണം 165.72 ച.മീ എന്നാണ് ഫയലിൽ രേഖപ്പെടുത്തിയത്. ഇതനുസരിച്ച് ച.മീറ്ററിന് 10 രൂപ പ്രകാരം 1660 രൂപയാണ് ഈടാക്കിയത്.

(രസീത് നം. 6/11702109063/20.09.20170)

ച. മീറ്ററിന് 10 രൂപ പ്രകാരം 265.72 ച.മീറ്ററിന് 2657 രൂപയാണ് ഈടാക്കേണ്ടിയിരുന്നത്.

**കുറവ് - 997 രൂപ ---------------------(ii)**

| | | |
|---|---|---|
| 3) | ഫയൽ നം. P1/492/17 റവ. ഫാദർ മരിയൻ അറയ്ക്കൽ (വർക്ക് ഷോപ്പ് - വിദ്യാഭ്യാസാവശ്യത്തിനുള്ള കെട്ടിടം) | |
| | തറ വിസ്തീർണം. | GF 135 ച.മീ |
| | ആകെ | 135ച.മീ |

ഈടാക്കിയ ഫീസ് @ 10/ ച.മീറ്റർ = 1350 രൂപ.

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 11(3) പട്ടിക II പ്രകാരം ഗ്രൂപ്പ് A1 ഒഴികെയുള്ള ഗണത്തിൽ പെടുന്ന, വിദ്യാഭ്യാസാവശ്യത്തിനുള്ള കെട്ടിടത്തിന് ച . മീറ്ററിന് 15 രൂപ നിരക്കിലാണ് ഫീസ് ഈടാക്കേണ്ടത്. ഇതനുസരിച്ച് 135 x 15 = 2025 രൂപയാണ് ഈടാക്കേണ്ടത്.

**കുറവ് - 2025 – 1350 = 675 രൂപ ------------------ (iii)**

| | | |
|---|---|---|
| 4) | ഫയൽ നം. പി 2/68/18. ആന്റണി സോണി ( ഷോപ്പിംഗ് കം റസിഡന്റ്സ് കെട്ടിടം) | |
| | തറവിസ്തീർണം | GF – 27.6 ച.മീ (ഷോപ്പ്) GF – 49.23 ച.മീ (താമസം)<br>FF – 76.83 ച.മീ (താമസം) |

ഈടാക്കിയ ഫീസ് 28 x 15 + (50 + 77) x 5 = 1055 രൂപ (രസീത് നം. 615962 / 16.02.2018)

ഈടാക്കേണ്ട ഫീസ് 27.6 x 15 + (49.23 + 76.83) x 10 = 1675 രൂപ

**കുറവ് - 1675 - 1055 = 620 രൂപ ------------- (iv)**

| | | |
|---|---|---|
| 5) | ഫയൽ നം. പി 2/267/17 സജീവൻ<br>( റസിഡൻസ് + ഷോപ്പ് + ഡോർമറ്ററി) | |
| | തറവിസ്തീർണം | ഷോപ്പ് - 30.16 ച. മീ<br>ഡോർമറ്ററി - 74.89 ച. മീ<br>താമസം - 44.73 ച. മീ |

ഈ കെട്ടിടത്തിന്റെ ഒന്നാം നിലയിൽ 74. 89 ച.മീ വിസ്തീർണമുള്ള ഡോർമറ്ററിയാണ്. ഗണം A2 ൽ വരുന്ന ഡോർമറ്ററിയ്ക്ക് ച.മീറ്ററിന് 15 രൂപ നിരക്കിലാണ് പെർമിറ്റ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ച.മീറ്ററിന് 10 രൂപ നിരക്കിലാണ് ഫീസ് ഈടാക്കിയത്.

ഈടാക്കിയത് - 31 x 15 + (75 +45) x 10 = 1665രൂപ (രസീത് നം. 5758 / 14.07.2017)

ഈടാക്കേണ്ടത് - (30.16 + 74.89) 15 + 44.73 x 10 = 2023 രൂപ

**കുറവ് - 2023 – 1665 = 358 രൂപ ------------- (v)**

| | |
|---|---|
| 6) | ഫയൽ നം. പി 2/35/18 പീ ജെ ഗ്ലാഡിസ്, (വാണിജ്യാവശ്യം) |

ശ്രീ പി ജെ ഗ്ലാഡിസ്, നിലവിലെ കെട്ടിടത്തിൽ നവീകരണത്തിനാണ് പെർമിറ്റിന് അപേക്ഷിച്ചിരിയ്ക്കുന്നത്. പ്ലാൻ പ്രകാരം 5 ഷട്ടറുകൾ മാറ്റി സ്ഥാപിയ്ക്കുന്നുണ്ട്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമാണ ചട്ടങ്ങളിലെ ഷെഡ്യൂൾ രണ്ട് പ്രകാരം ഷട്ടറുകൾ മാറ്റി സ്ഥാപിയ്ക്കുന്നതിന് കോർപറേഷൻ പരിധിയിൽ ഒരു യൂണിറ്റിന് 500 രൂപ നിരക്കിലാണ് പെർമിറ്റ് ഫീസ് . ഇതനുസരിച്ച് 5 x 500 = 2500 രൂപ ഫീസ് അടയ്ക്കേണ്ടതുണ്ട്. എന്നാൽ ഈ ഇനത്തിൽ ഫീസ് ഒന്നും ഈടാക്കിയിട്ടില്ല.

**കുറവ് - 2500 രൂപ ------------------(vi)**

ഇത് സംബന്ധിച്ച് ഫോർട്ട് കൊച്ചി മേഖലാ കാര്യാലയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് ( എൻക്വയറി നം. 1/ 07.06.2018 & 4/ 07.06.2018) മറുപടിയായി, തുക അടയ്ക്കുവാൻ ആവശ്യപ്പെട്ട് ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നൽകിയെന്നും തുക ഈടാക്കി അടച്ച കൊള്ളാമെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകിയെങ്കിലും നാളിതുവരെ തുക അടച്ച വിവരം അറിയിച്ചിട്ടില്ല. അതിനാൽ മേൽ പറഞ്ഞ 6 ഇനങ്ങളിലായി ആകെ കുറവ് വന്ന 10,293 രൂപ ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ അടവാക്കേണ്ടതാണ്.

# 2-22 ഡി & ഒ ലൈസൻസ് ഫീസ് പിരിക്കൽ സംബന്ധിച്ച അപാകതകൾ

**(എ) ഡി & ഒ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു**

1994 -ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 447ഉം അനുബന്ധ വ്യവസ്ഥകളും അനുസരിച്ച് മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ ഒരു സ്ഥലത്തും ഏതെങ്കിലും ഒന്നോ അതിൽകൂടുതലോ ആവശ്യങ്ങൾക്കോ, അല്ലെങ്കിൽ മറ്റേതെങ്കിലും വ്യാപാരമോ, ലൈസൻസ് കൂടാതെയും അതിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്ക് അനുസൃതമായിട്ടല്ലാതെയും ഉപയോഗിക്കാൻ പാടില്ല. കൊച്ചി നഗരസഭയുടെ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃതമായി ഡി & ഒ ലൈസൻസ് ഫീസ് ഒടുക്കുന്നുണ്ടെന്ന് ഉത്തരവാദപ്പെട്ട ഹെൽത്ത് ഓഫീസറും ഹെൽത്ത് ഇൻസ്പെക്ടർമാരും ഉറപ്പു വരുത്തേണ്ടതാണ്.

സെക്ഷൻ 257 പ്രകാരം സൂക്ഷിക്കേണ്ട ഡിമാന്റ് രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിയ്ക്കേണ്ടതും ഡി & ഒ ലൈസൻസ് രജിസ്റ്ററിലെ ഓരോ പേജിലും അടക്കേണ്ട തുകയും അടച്ച തുകയും കൃത്യമായി കൂട്ടിയിടുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതുമാണ്. അതുപോലെ രജിസ്റ്ററിന്റെ അവസാന പേജിൽ ഡിമാൻറ്, കളക്ഷൻ, ബാലൻസ് എന്നിവ കൃത്യമായി കണക്കാക്കി സംഗ്രഹമെഴുതി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. തൻമൂലം പിരിച്ചെടുക്കേണ്ട കുടിശ്ശിക ലൈസൻസ് ഫീസിനെ സംബന്ധിച്ച് കൃത്യമായ കണക്കുകളില്ല.

കൊച്ചി നഗരസഭയുടെ വിവിധ ഹെൽത്ത് സർക്കിളുകളിലെ ഡി & ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2016-17 വർഷം ലൈസൻസ് എടുത്തിരുന്ന ഏതാനും സ്ഥാപനങ്ങളിൽ നിന്നും 2017-18 വർഷം ഫീസ് ഈടാക്കിയതായി കാണുന്നില്ല. ഇവ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതാണെങ്കിൽ നിയമനടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു മൂലമുള്ള നഷ്ടം താഴെ കൊടുക്കുന്നു.

| **ഹെൽത്ത് സർക്കിൾ** | **തുക ₹** |
|---|---|
| മെയിൻ ഓഫീസ് | |
| 11 | 8285 |
| 15 | 35210 |
| 16 | 22350 |
| 17 | 24625 |
| 18 | 1750 |
| 21 | 2800 |
| മട്ടാഞ്ചേരി | |
| 4 | 13695 |
| 6 | 500 |
| 8 | 12795 |
| പള്ളുരുത്തി | |
| | 3000 |
| **ആകെ** | **125010** |

ഡി & ഒ ലൈസൻസ് ഫീസ് ഒടുക്കാത്ത സ്ഥാപനങ്ങളുടെ ലിസ്റ്റ് **അനുബന്ധം -3** ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃതമായ ലൈസൻസ് ഫീസ് ഈടാക്കി ക്രമപ്പെടുത്തുന്നതിന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിയ്ക്കേണ്ടതാണ്. നഗരസഭയ്ക്ക് നഷ്ടം വന്ന 125010/-രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും പിഴ സഹിതം ഈടാക്കേണ്ടതാണ്.

**(ബി) ഡി&ഒ ലൈസൻസ് രജിസ്റ്റർ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല.**

ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കൽ സംബന്ധിച്ച് ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒന്നാണ് ഡി&ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ യഥാവിധി സൂക്ഷിക്കുക എന്നത്, പള്ളുരുത്തി മേഖലാ ഓഫീസിലെ ഡിവിഷനുകളിലെ ഡി&ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്ററുകളിൽ സ്ഥാപനങ്ങളുടെ ദിവസേനയുള്ള ശരാശരി വിറ്റുവരവ്, പ്രവർത്തിപ്പിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കുതിരശക്തി എത്രയെന്ന് രേഖപ്പെടുത്താത്തതിനാൽ ഈടാക്കിയ ലൈസൻസ് ഫീസിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 257 പ്രകാരം സൂക്ഷിക്കേണ്ട ഡിമാന്റ് രജിസ്റ്റർ സൂക്ഷിയ്ക്കേണ്ടതും ഡി & ഒ ലൈസൻസ് രജിസ്റ്ററിലെ ഓരോ പേജിലും അടക്കേണ്ട തുകയും അടച്ച തുകയും കൃത്യമായി കൂട്ടിയിടുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതുമാണ്. അതുപോലെ രജിസ്റ്ററിന്റെ അവസാന പേജിൽ ഡിമാൻറ്, കളക്ഷൻ, ബാലൻസ് എന്നിവ കൃത്യമായി കണക്കാക്കി സംഗ്രഹമെഴുതി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. തൻമൂലം പിരിച്ചെടുക്കേണ്ട കുടിശ്ശിക ലൈസൻസ് ഫീസിനെ സംബന്ധിച്ച് കൃത്യമായ കണക്കുകളില്ല.

**(സി) ലൈസൻസ് ഇല്ലാതെയും പുതുക്കാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു**

മട്ടാഞ്ചേരി ആരോഗ്യവിഭാഗം ലഭ്യമാക്കിയ വിവിധ രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചതിൽ വിവിധ സർക്കിളുകളിൽ ഉൾപ്പെട്ട വിവിധ സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് ഇല്ലാതെയും പുതുക്കാതെയും പ്രവർത്തിക്കുന്നു. **അനുബന്ധം 3** കാണുക. പള്ളുരുത്തി മേഖലയിലെ സെന്റ് വിൻസെന്റ് പള്ളോട്ടി കോളേജ് (22/132 എ) എന്ന സ്ഥാപനം 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ലൈസൻസ് പുതുക്കിയിട്ടില്ല. ലൈസൻസ് പുതുക്കാതെ സ്ഥാപനം നടത്തുന്നതിനെതിരെ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

**(ഡി) ലൈസൻസ് ഫീസ് കുറവായി ഈടാക്കുന്നു.**

പല സ്ഥാപനങ്ങളിൽ നിന്നും വളരെ കുറഞ്ഞ തുകയാണ് ഡി&ഒ ലൈസൻസ് ഫീസിനത്തിൽ ചുമത്തിയിട്ടുള്ളത്. മനുഷ്യ ജീവനോ ആരോഗ്യത്തിനോ വസ്തു വകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാക്കുന്നതോ ഉണ്ടാകുവാൻ സാധ്യതയുള്ളതോ ആയ ഏതെങ്കിലും കാര്യങ്ങൾക്ക് ( ഈ കാര്യങ്ങൾ ചട്ടങ്ങളുടെ പട്ടിക III-ൽ പറയുന്നു). പറയുന്ന തുകയേക്കാൾ വളരെ കുറഞ്ഞ തുകയാണ് ഐസ് പ്ലാന്റുകളിൽ നിന്ന് ഈടാക്കിയിട്ടുള്ളത്. പട്ടിക രണ്ട് പ്രകാരം 40 മുതൽ 50 വരെ കുതിര ശക്തിയുള്ള യന്ത്രങ്ങൾ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് 500/-രൂപയാണ് ലൈസൻസ് ഫീസിനത്തിൽ ഈടാക്കേണ്ടത്. ആയതിലും കുറഞ്ഞ തുകയാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്. സർക്കിൾ 8ൽ രാജീവ് സേവ്യർ എന്നയാളുടെ ഉടമസ്ഥതയിലുള്ള ത്രീ സ്റ്റാർ ബാർ ഹോട്ടലിന് 1060/-രൂപയാണ് (രസീത് നം.24926/20.2.17) ഈടാക്കിയിരിക്കുന്നത്. പട്ടിക I പ്രകാരം സ്റ്റാർ ഹോട്ടലുകളുടെ ലൈസൻസ് ഫീസ് 10,000രൂപയായിരിക്കെ ഇത്രയും കുറഞ്ഞ തുക ഈടാക്കിയതിന്റെ കാരണം വ്യക്തമല്ല. അതുപോലെ ഫൈസൽ കാസിമിന്റെ ഉടമസ്ഥതയിലുള്ള സൂപ്പർ മാർക്കറ്റിൽ നിന്നും 1125/- രൂപ (രസീത് നം. 6219/28.2.17) യാണ് ഈടാക്കിയിട്ടുള്ളത്. വിൽക്കുന്ന ഉത്പന്നങ്ങളുടെ തരത്തിനനുസരിച്ചാണ് തുക നിർണ്ണയിക്കേണ്ടത്. ഓരോ ഉത്പന്നത്തിനും ഷെഡ്യൂളിൽ പറയുന്ന തുക ഈടാക്കേണ്ടതും അവയുടെ ആകെ തുകയാണ് ഡി&ഒ ലൈസൻസ് ഫീസായി ഈടാക്കേണ്ടതും. സാധാരണ സൂപ്പർ മാർക്കറ്റിൽ ചുരുങ്ങിയത് 75 മുതൽ 150 വരെ ഐറ്റങ്ങൾ ഉണ്ടാകും. ഇങ്ങനെ കുറഞ്ഞ ലൈസൻസ് ഫീസ് നിർണ്ണയിച്ചതിന്റെ കാരണം വിശദീകരിച്ചിട്ടില്ല. കൂടാതെ ബിന്ദു അർജുൻ എന്നയാളുടെ ഉടമസ്ഥതയിലുള്ള പെട്രോൾ പമ്പിൽ നിന്ന് 2017-18 കാലയളവിൽ 250/-രൂപയാണ് ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നത്. വളരെ കുറഞ്ഞ തുകയാണ് നിശ്ചയിച്ചിരിക്കുന്നത്. ഇത്തരം സ്ഥാപനങ്ങളിൽ പട്ടിക I പ്രകാരമുള്ള ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്. കുറഞ്ഞ തുക നിശ്ചയിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

സർക്കിൾ 6-ന്റെ പ്രവർത്തന പരിധിയിലുള്ള കെ.എം. അജിത്ത് കുമാറിന്റെ ഉടമസ്ഥതയിലുള്ള M/s കുമാർ ഫ്യൂവൽസ് എന്ന സ്ഥാപനത്തിൽ നിന്നും 1000/- രൂപയാണ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്.

**സർക്കിൾ 3ലെ 2017-18 കാലയളവിലെ ഡി&ഒ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. നിലവിൽ ജോലി ചെയ്യുന്നവർ ഈ കാലയളവിൽ ഇല്ലാതിരുന്നവരാണെന്നും രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്തതാണെന്നും ആയത് തയ്യാറാക്കി ഹാജരാക്കാമെന്നും മറുപടിയിൽ പറയുന്നു. എന്നാൽ നാളിതുവരെ ഈ രജിസ്റ്റർ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 2017 മാർച്ച് മാസത്തിൽ സ്വീകരിച്ച ഡി&ഒ ലൈസൻസ് ഫീസ് നാളിതുവരെ പോസ്റ്റ് ചെയ്ത് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കാതിരുന്നത് ഗുരുതരമായ കൃത്യവിലോപമാണ്. നഗരസഭ ഹെൽത്ത് ഓഫീസർ ഇക്കാര്യത്തിൽ ജാഗ്രത പുലർത്തേണ്ടതാണ്.**

# 2-23 പാരാമെഡിക്കൽ രജിസ്ട്രേഷൻ ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നു

മട്ടാഞ്ചേരി പൊതുജനാരോഗ്യവിഭാഗം ലഭ്യമാക്കിയ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ ഹെൽത്ത് സർക്കിളുകളിൽ താഴെപ്പറയുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2017-18 കാലയളവിൽ രജിസ്ട്രേഷൻ പുതുക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. നഗരസഭ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കേരള മുനിസിപ്പൽ ആക്ട് ചട്ടം 313-ാം വകുപ്പിനനുസൃതമായി രജിസ്ട്രേഷനുള്ള അപേക്ഷ നൽകാത്ത പക്ഷം വകുപ്പ് 314 പ്രകാരമുള്ള നടപടി നഗരസഭ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ബന്ധപ്പെട്ട സർക്കിളിലെ ഹെൽത്ത് ഇൻസ്പെക്ടറുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര്/ മേൽവിലാസം |
|---|---|
| 1 | സ്പാർക്കിൾ ഡെന്റൽ കെയർ, ചുള്ളിക്കൽ |
| 2 | ന്യൂ സാജ് ക്ലിനിക്കൽ ലബോറട്ടറി, മട്ടാഞ്ചേരി |
| 3 | ഡോ. റിയാസ് ദന്തൽ ക്ലിനിക്, ഓടംമ്പരത്തി |
| 4 | ആയൂർവേദിക്ക് സാങ്ങ്റ്റം, കുന്നുംപുറം |
| 5 | ചാന്ദി ക്ലിനിക്, കപ്പലണ്ടിമുക്ക് |
| 6 | ഫാത്തിമ ദന്തൽ ക്ലിനിക്, ഇടക്കൊച്ചി |
| 7 | വെൽനെസ്സ് ഡയഗനോസ്റ്റിക്സ് സെന്റർ, ഇടക്കൊച്ചി |
| 8 | സംഗീത് ഹോസ്പിറ്റൽ, ചെറമ്പായി |
| 9 | ഡോ. മേനോൻസ് മാധവ ആയൂർവേദ ഹോസ്പിറ്റൽ, മട്ടാഞ്ചേരി |
| 10 | ഗ്രേസ് ഐ & ദന്തൽ ക്ലിനിക്, കഴുത്തുമുട്ട് |
| 11 | എബ്രഹാംസ് ദന്തിസ്റ്റി, ഫോർട്ട് കൊച്ചി |
| 12 | രാഘവൻ മെമ്മോറിയൽ ഹോസ്പിറ്റൽ, മട്ടാഞ്ചേരി |
| 13 | കൊച്ചിൻ ലാബ്, തോപ്പുംപടി |
| | |

| | |
|---|---|
| 14 | ഡോ. ബാബുരാജ് ഹോമിയോ ക്ലിനിക്, തോപ്പുംപടി |
| 15 | ലക്ഷമി ഹോസ്പിറ്റൽ, മട്ടാഞ്ചേരി |

ഇതു സംബന്ധിച്ച് മട്ടാഞ്ചേരി മേഖല കാര്യാലയത്തിൽ നൽകിയ 11/7.6.2018 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 2-24 ആശുപത്രി നടത്തിപ്പിന് ലൈസൻസ് അനുവദിക്കൽ - നടപടിക്രമങ്ങളിൽ അപാകത

ഡോ. ലൂയിസ് ജോർജ്ജിന്റെ ഉടമസ്ഥതയിലുള്ള " ഔവർ ലേഡീസ് ഹോസ്പിറ്റൽ, പള്ളുരുത്തി കൊച്ചിൻ എന്ന ആശുപത്രി നടത്തിപ്പിലേയ്ക്കായി കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയുമായി ചമച്ച കരാർ പ്രകാരം ആശുപത്രിയിൽ ഉണ്ടാകുന്ന ഖര, ദ്രവ മാലിന്യങ്ങൾ യഥാവിധി നീക്കം ചെയ്യേണ്ടതുണ്ട്. എന്നാൽ ഹെൽത്ത് ഇൻസ്പെക്ടറുടെ റിപ്പോർട്ട് പ്രകാരം പ്ലാസ്റ്റിക് മാലിന്യങ്ങൾ, പേപ്പർ, ഡിസ്പോസിബിൾ സിറിഞ്ച് എന്നിവ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ ഗോസ് ഇക്കോ ഫ്രണ്ട്‌ലി (ഇമേജ്) എന്ന സ്ഥാപനത്തിന് കൈമാറാതെ അലക്ഷ്യമായി കത്തിക്കുന്നതായി ബോദ്ധ്യപ്പെട്ടതിനാൽ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതി പത്രം ഹാജരാക്കിയാൽ മാത്രമേ ലൈസൻസിനുള്ള അപേക്ഷ പരിഗണിക്കുവാൻ സാധിക്കു എന്ന് നഗരസഭയുടെ മട്ടാഞ്ചേരി മേഖല ആരോഗ്യ വിഭാഗത്തിലെ WZH5/946/17 തീയതി. 19.07.17 നമ്പർ കത്ത് പ്രകാരം ആശുപത്രി അധികൃതരെ അറിയിച്ചിട്ടുള്ളതായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ടി സ്ഥാപനത്തിന്റെ ലൈസൻസ് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്താത്തത് സംബന്ധിച്ച് പള്ളുരുത്തി മേഖല കാര്യാലയത്തിൽ ഓഡിറ്റ് അന്വേഷണം (നം.15/2017-18 തീയതി.26.04.2018) നൽകിയതിനെ തുടർന്ന് സർക്കിൾ 9ലെ ഹെൽത്ത് ഇൻസ്പെക്ടർ ടി സ്ഥാപനത്തിന്റെ ലൈസൻസ് സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായി (ക്രമ നം. 58, ലൈസൻസ് നം. (9/58/2017-18/14.09.17).

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിന്നും സ്ഥാപനത്തിന്റെ ഉടമസ്ഥൻ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതി പത്രവും ലഭിച്ചതിനു ശേഷമാണ് ലൈസൻസ് നൽകിയത് എന്ന് ഉറപ്പുവരുത്തിയിട്ടില്ല. മാലിന്യ സംസ്കരണത്തിന് ഇമേജ് എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല. സ്ഥാപനത്തിന് ലൈസൻസ് നൽകാവുന്നതാണെന്ന് ബന്ധപ്പെട്ട ഹെൽത്ത് ഓഫീസർ ഫയലിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ലൈസൻസ് നൽകിയ വിവരം ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത വിഷയം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ടി സ്ഥാപനത്തിന് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതി പത്രമില്ലാതെയാണോ ലൈസൻസ് നൽകിയത് എന്ന് അധികൃതർ പരിശോധിക്കേണ്ടതാണ്. സെക്രട്ടറിയുമായി ചമച്ച കരാർ പ്രകാരമുള്ള നിബന്ധനകൾ സ്ഥാപനം പാലിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് വിവരം അറിയിക്കേണ്ടതാണ്.

# 2-25 നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ നിന്ന് വാടക പിരിക്കുന്നതിലെ വീഴ്ച

നഗരസഭയുടെ ഉടമസ്ഥതയിലുള്ള നിരവധി കെട്ടിടങ്ങളിലെ വാടക ഓഡിറ്റ് കാലയളവിൽ പിരിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| കടമുറി നം. | വാടകക്കാരന്റെ പേര് | കുടിശ്ശിക തുക |
|---|---|---|
| തേവര മാർക്കറ്റ് സ്റ്റാൾ/ മത്സ്യ മാർക്കറ്റ് | | |
| 8 | ലീമ ജോഷി | 10476 |
| 3 | കെ.പി. ആന്റണി | 4800 |
| 4 | കെ.പി. ക്ലിറ്റസ് | 4800 |
| 5 | എം.എ. നൗഷാദ് | 3200 |
| മത്സ്യ സ്റ്റാൾ | | |
| GF1 | ലീമ ജോഷി | 2017-18ൽ വാടക അടച്ചിട്ടില്ല. |
| 2 | ലീമ ജോഷി | 2017-18ൽ വാടക അടച്ചിട്ടില്ല. |
| 3 | എം.എ. അൻസാരി | 2017-18ൽ വാടക അടച്ചിട്ടില്ല.(51000) |
| 4 | കെ.ആർ. രതീഷ് | 2017-18ൽ വാടക അടച്ചിട്ടില്ല.(69300) |
| 5 | പി.എ. അബൂബക്കർ | 88105 |
| 6 | സ്റ്റാൻലി. മാക്സിൻ | 89775 |
| 7 | പി.എ. നവാസ് | 79295 |
| 8 | പി.എ. അബൂബക്കർ | 88105 |
| ഇടപ്പള്ളി മാർക്കറ്റ് സ്റ്റാൾ | | |
| 8 | പി.ജെ. ഹനീഫ | 1790 |
| എറണാകുളം മാർക്കറ്റ് ചിക്കൻ സ്റ്റാൾ | | |
| 4 | കെ.എം. ബഷീർ | 686 |
| 5 | പി.എം. ഷാജി | 796 |

തേവര മാർക്കറ്റിലും തേവര മത്സ്യ സ്റ്റാളിലും നിന്നാണ് ഏറ്റവും കൂടുതൽ വാടക കടിശ്ശിക ലഭിക്കുവാനുള്ളത്. ആയത് പിരിച്ച് എടുക്കുന്നതിന് കാലതാമസം വരുത്തുന്നതും, തേവര മാർക്കറ്റിലും വടുതല മാർക്കറ്റിലും കടമുറികൾ ഒഴിഞ്ഞുകിടക്കുന്നത് സംബന്ധിച്ച അന്വേഷണത്തിനുള്ള (73/24.09.2018) മറുപടിയിൽ കടമുറികൾ ടെണ്ടർ, റീ-ടെണ്ടർ, ഓഫർ എന്നിവ ക്ഷണിച്ചെങ്കിലും ആരും സ്റ്റാൾ വാടകയ്ക്ക് എടുക്കുന്നതിന് അപേക്ഷകൾ സമർപ്പിച്ചിട്ടില്ല എന്നും നിലവിൽ കടിശ്ശിക വരുത്തിയ സ്റ്റാൾ ലൈസൻസികൾ കടിശ്ശിക നോട്ടീസിനു നൽകിയ മറുപടിയിൽ ഈ സ്റ്റാളുകൾ കച്ചവടം നടത്തുന്നതിന് അനുയോജ്യമായ രീതിയിൽ നഗരസഭ ഒരുക്കി നൽകിയിട്ടില്ലെന്നും ആയതിനാൽ കച്ചവടം ആരംഭിക്കുവാൻ സാധിച്ചിട്ടില്ലെന്നും ഈ സ്റ്റാളുകളുടെ മുൻപിലുള്ള ലേല സ്റ്റാളുകളിൽ മൊത്തകച്ചവടം നടത്തുന്നതിനാൽ പുറകിലുള്ള സ്റ്റാളുകളിൽ കച്ചവടസാധ്യതയില്ലാതായതിനാൽ റെൻറ് ഡെപ്പോസിറ്റ്, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഒടുക്കിയത് തിരികെ തരണമെന്ന് കച്ചവടക്കാർ ആവശ്യപ്പെട്ടിരിക്കുകയുമാണെന്ന് മറുപടിയിൽ പറയുന്നു. കൂടാതെ നിലവിലുള്ള പഴയകെട്ടിടം പുതുക്കി പണിയുന്നതിനും അനധികൃത കച്ചവടക്കാരെ ഒഴിപ്പിക്കുന്നതിനും ഫിഷറീസ് വകുപ്പ് നിർമ്മിച്ച് നഗരസഭയ്ക്ക് കൈമാറിയ കെട്ടിടത്തിലെ തറയിലെ ടൈലുകൾ വഴുക്കലുണ്ടാക്കുന്നത് അപകടമുണ്ടാക്കുമെന്നതിനാൽ ഗ്രിപ്പുള്ള ടൈലുകൾ വിരിച്ചശേഷം മാത്രം ടെണ്ടർ നടപടികൾ സ്വീകരിച്ചാൽ മതിയെന്ന് 09/08/2017 ലെ 145- ാംനമ്പർ തീരുമാനപ്രകാരം ബഹു.കൗൺസിൽ തീരുമാനിച്ചിട്ടുള്ളതാണെന്നും വടുതല മാർക്കറ്റിൽ ടെണ്ടർ റീ-ടെണ്ടർ ഓഫർ എന്നിവ ക്ഷണിച്ചെങ്കിലും അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ലാത്തതാണെന്നും മറുപടിയിൽ പറയുന്നു.

കടമുറിയുടെ ലൈസൻസ് യഥാർത്ഥ അലോട്ടിയിൽ നിന്ന് മറ്റൊരാൾക്ക് കൈമാറുമ്പോൾ നഗരസഭ ട്രാൻസ്ഫർ ഫീസ് ഈടാക്കിയതായി കാണുന്നില്ല. കടമുറിയുടെ ലൈസൻസ് അവകാശം കൈമാറുമ്പോൾ നിലവിലുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് നഗരസഭ ഫണ്ടിൽ ലയിപ്പിച്ചും വാടക പുതുക്കിയും പുതുക്കിയ വാടകയുടെ ആറുമാസത്തെ വാടകയ്ക്ക് തുല്യമായ തുക അഡ്വാൻസായും ഒരുവർഷത്തെ വാടകയുടെ തുല്യമായ തുക ഡെപ്പോസിറ്റായും ഈടാക്കിയാണ് ലൈസൻസ് അവകാശം മാറ്റി നൽകുന്നതെന്നും ട്രാൻസ്ഫർ ഫീസ് ഈടാക്കുന്ന വിഷയം ധനകാര്യ കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതുമാണെന്ന് മറുപടിയിൽ പറയുന്നു. എന്നാൽ ലൈസൻസ് മറ്റൊരാൾക്ക് കൈമാറുമ്പോൾ കടമുറി പുനർലേലം നടത്താത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ലാത്തതാണ്.

## 2-26 നഗരസഭയുടെ കലൂർ ബസ് സ്റ്റാന്റിലെ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയത് മാനദണ്ഡങ്ങൾ പാലിക്കാതെ

കൊച്ചി നഗരസഭയുടെ കലൂർ ബസ് സ്റ്റാന്റിലെ കെട്ടിടങ്ങൾ ഓരോ വർഷത്തേയ്ക്കാണ് വാടകയ്ക്ക് നല്കിയിട്ടുള്ളത്. താഴെച്ചേർക്കുന്ന കെട്ടിടങ്ങൾ വാടകയ്ക്ക് എടുത്തിട്ടുള്ളവർ 2017-18 കാലയളവിൽ നഗരസഭയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ചില വാടകക്കാർ വർഷങ്ങളായി കരാറിൽ ഏർപ്പെട്ടിട്ടില്ല. എഗ്രിമെന്റില്ലാതെ നഗരസഭ വക കെട്ടിടം ഉപയോഗിക്കുന്നത് കേരള മുനിസിപ്പാലിറ്റീസ് ആക്റ്റിലെ വകുപ്പ് 215 (3)ലെ വ്യവസ്ഥകൾക്ക് എതിരാണ്.

| കടമുറി നം. | ഫയൽ നം. | വാടകക്കാരന്റെ പേര് |
|---|---|---|
| 1 | MOR3-9637/77 | അബ്ദുൾ ഗഫൂർ |
| 2 | MOR3-9638/77 | അബ്ദുൾ സലാം |
| 3 | MOR3-7318/94 | വത്സലാ ജോർജ്ജ് |
| 4 | MOR3-21714/79 | പി.എം. മുഹമ്മദ് |
| 5 | MOR3-15709/80 | വി.കെ. അനില |
| 6 | MOR3-9642/97 | അറുമുഖം |
| 7 | MOR3-9647/77 | എം.വി. ജെയിംസ് |
| 8 | MOR3-9646/77 | ജെ. സുഭാഷ് |
| 8A | MOR3-27628/80 | ജെ. സുഭാഷ് |
| 10 | MOR3-9648/77 | റ്റി.ജെ. അക്കൻ |
| 11 | MOR3-9649/77 | റ്റി.ജെ. അക്കൻ |
| 12 | MOR3-6236/88 | സബിത ഹംസ, റഹിം .പി |
| 13 | MOR3-27724/04 | പി.ബി. നഗേഷ് |
| 14 | MOR3-14921/95 | പി.കെ. പീറ്റർ |

| | | |
|---|---|---|
| 15 | MOR3-9645/77 | വി. രാജഗോപാൽ |
| ഹാൾ 1 | MOR3-3065/78 | എസ്.പി. സോമൻ |
| ഹാൾ 2 | MOR3-21386/78 | എസ്.പി. സോമൻ |
| ഹാൾ 5 | MOR3-2468/94 | കെ.കെ. വർഗ്ഗീസ് & സൺസ് |

11.07.2017ലെ 30-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം സ്ക്വയർ ഫീറ്റ് അടിസ്ഥാനത്തിൽ വാടക പുതുക്കി നിശ്ചയിക്കുവാൻ തീരുമാനിച്ചിട്ടുള്ളതാണ്. കൗൺസിൽ തീരുമാനപ്രകാരം 01.04.2017മുതൽ വാടക വർദ്ധനവ് വരുമെന്നുള്ളതിനാൽ നഗരസഭ 2017-18സാമ്പത്തിക വർഷത്തിൽ ആരുമായും കരാറിൽ ഏർപ്പെട്ടില്ലാത്തതാണ്. വാടക വർദ്ധനവുമായി ബന്ധപ്പെട്ട് ധരാളം ലൈസൻസികൾ കേസുകൾ ഫയൽ ചെയ്യുകയും പരാതികൾ നൽകുകയും ചെയ്തിട്ടുണ്ട്. ആയതിനാലാണ് കരാർ വെയ്ക്കാത്തതെന്ന് മറുപടിയിൽ അറിയിച്ചു.

കലൂർ ബസ് സ്റ്റാന്റ് ബിൽഡിംഗിലെ 6, 15 എന്നീ നമ്പർ കടമുറികൾ 31.03.2015ലെ 41, 43 എന്നീ നമ്പർ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തീരുമാന പ്രകാരം ലൈസൻസികളുടെ പാർട്ട്ണർമാർക്ക് കൈമാറിയിട്ടുണ്ട്. ഇവരിൽ നിന്ന് നിലവിലുള്ള ഡെപ്പോസിറ്റ് തുക വാടക, അഡ്വാൻസ് എന്നിവ നഗരസഭ ഫണ്ടിൽ ലയിപ്പിക്കുന്നതിനും രണ്ട് ലക്ഷം രൂപ ഡെപ്പോസിറ്റായി ഈടാക്കുന്നതിനും പ്രതിമാസവാടകയിൽ 100% വർദ്ധനവ് വരുത്തുന്നതിനും ആറ് മാസത്തെ വാടക അഡ്വാൻസായി ഈടാക്കുന്നതിനും കമ്മറ്റി തീരുമാനിച്ചു. അതുപോലെ ഇതേ ബിൽഡിംഗിലെ ഷോപ്പ് നം. 3, 3A (300 ച.അടി) കടമുറികളുടെ ലൈസൻസികൾ മരണമടഞ്ഞതിനെ തുടർന്ന് ഈ മുറികളുടെ കുത്തകാവകാശം അവരുടെ അനന്തരവകാശികൾക്ക് കൈമാറുന്നതിന് 18.10.2016ലെ 54-ാം നമ്പർ കമ്മറ്റി തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഈ കമ്മറ്റി തീരുമാന പ്രകാരം നിലവിലുള്ള ഡെപ്പോസിറ്റ് തുക നഗരസഭ ഫണ്ടിൽ ലയിപ്പിക്കുന്നതിനും നിലവിലുള്ള വാടക 25% വർദ്ധിപ്പിക്കുന്നതിനും 6 മാസത്തെ വാടക അഡ്വാൻസായി ഈടാക്കുന്നതിനും ഒരു വർഷത്തെ വാടകയ്ക്ക് തുല്യമായ തുക ഡെപ്പോസിറ്റായി സ്വീകരിച്ചും കടമുറികൾ ലൈസൻസികളുടെ അനന്തരവകാശികൾക്ക് കൈമാറാനും തീരുമാനിച്ചു. എന്നാൽ 2017-18 ൽ ചില കടമുറികൾ കൈമാറിയപ്പോൾ ലൈസൻസികളിൽ നിന്ന് ഇത്തരത്തിൽ തുക ഈടാക്കിയതായി കാണുന്നില്ല. ഇത്തരത്തിൽ കടമുറികൾ കൈമാറുന്നതിന്റെ അടിസ്ഥാനം വ്യക്തമല്ല ആയതിന് നഗരസഭ ബൈലോ തയ്യാറാക്കിയിട്ടില്ലാത്തതാണ്.നിലവിലുള്ള ഡെപ്പോസിറ്റ് തുക, വാടക, അഡ്വാൻസ് എന്നിവ നഗരസഭ ഫണ്ടിൽ ലയിപ്പിക്കാതെയും ഡെപ്പോസിറ്റ് ഈടാക്കാതെയും ആർക്കും കടമുറികൾ കൈമാറിയിട്ടില്ലാത്താണെന്നും ബഹു.ധനകാര്യ സ്റ്റാൻറിംഗ് കമ്മറ്റിയുമായി ചർച്ച ചെയ്ത് ബൈലോ തയ്യാറാക്കുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുന്നതാണെന്നും നഗരസഭ മറുപടിയിൽ അറിയിച്ചു.

മിക്കവാറും കടമുറികൾ കൈമാറുന്നത് പാർട്ട്ണർമാർക്കാണെന്നാണ് ലൈസൻസികൾ അപേക്ഷയിൽ കാണിക്കുന്നത്. എന്നാൽ ഇവർ തമ്മിലുള്ള പാർട്ട്ണർഷിപ്പ് ഡീഡിന്റെ പകർപ്പ് ഇത്തരത്തിൽ കൈമാറിയ കടമുറികളുടെ ഫയലുകളിൽ ഒന്നും തന്നെ കാണുന്നില്ല. പാർട്ട്ണർഷിപ്പ് ഡീഡിന്റെ പകർപ്പ് ലഭ്യമല്ലാതെ കൈമാറിയ വ്യക്തിയും ലൈസൻസിയും പാർട്ട്ണർമാരാണെന്ന് നഗരസഭ എങ്ങനെയാണ് ഉറപ്പുവരുത്തുന്നതെന്ന് വ്യക്തമല്ല.

ഈ കെട്ടിടത്തിലെ ഒന്നാം നിലയിൽ ശ്രീ. എസ്.പി. സോമൻ എന്നയാൾക്ക് വാടകയ്ക്ക് അനുവദിച്ച നൽകിയിട്ടുള്ള 1, 2 നമ്പർ ഹാളുകൾ 1997 മുതൽ 2016 വരെ എഗ്രിമെന്റ് ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നത്. ഓഡിറ്റ് കാലയളവിലും ഈ സ്ഥാപനം കരാറില്ലാതെ പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. എഗ്രിമെന്റ് ഇല്ലാതെ നഗരസഭവക കെട്ടിടം ഉപയോഗിക്കുന്നത് കേരള മുനിസിപ്പാലിറ്റീസ് ആക്ടിലെ വകുപ്പ് 215(3)ലെ വ്യവസ്ഥകൾക്ക് എതിരാണെന്ന് നഗരസഭയ്ക്ക് അറിയാമായിരുന്നിട്ടും 20 വർഷ കാലം കരാറില്ലാതെ വാടകയ്ക്ക് നൽകിയിട്ടുണ്ട്. വാടക കുടിശ്ശികയടക്കം വീഴ്ചകൾ വരുത്തുന്നവർക്കെതിരെ കരാർ വയ്ക്കാത്തതുമൂലം നടപടികൾ സ്വീകരിയ്ക്കാൻ സാധിയ്ക്കാതെ വരുന്നതിന് പുറമെ മുദ്രപത്ര/ രജിസ്ട്രേഷൻ ഫീസ് ഇനങ്ങളിൽ സർക്കാരിന് നഷ്ടമുണ്ടാകുകയും ചെയ്യുന്നു.

# 2-27 കമ്മ്യൂണിറ്റി ഹാളിന് നഗരസഭ വാടക നിർണ്ണയിക്കാതെ കുത്തകാവകാശം ലേലം ചെയ്തു

കൊച്ചി നഗരസഭ വക കൂവപ്പാടത്തുള്ള ശാന്തി നഗർ കമ്മ്യൂണിറ്റി ഹാൾ 2017-18 കാലയളവിൽ കുത്തകാവകാശം നൽകുന്നതിന് 25.03.2017ൽ റീ-ടെണ്ടർ ചെയ്ത് 1,41,000/-രൂപയ്ക്ക് ശ്രീ. ശെൽവരാജ് എന്നയാൾക്ക് നൽകിയിട്ടുള്ളതാണ്. 24.4.2017ൽ 669, 670 എന്നീ രസീതുകളിലായി ശ്രീ. സെൽവരാജ് 1,41,000/-രൂപ നഗരസഭയിൽ ഒടുക്കിയിട്ടുള്ളതാണ്. എന്നാൽ നഗരസഭ പുറപ്പെടുവിച്ച ടെണ്ടർ നോട്ടീസിൽ പൊതു ജനങ്ങളിൽ നിന്ന് എത്ര രൂപ പ്രതിദിന – വാടകയിനത്തിൽ കുത്തകകാരൻ ഈടാക്കണമെന്ന് നിർണ്ണയിച്ച് നൽകിയിട്ടില്ല. നഗരസഭ ഒരു നിശ്ചിത തുക നിർണ്ണയിച്ചു നൽകാത്ത സാഹചര്യത്തിൽ കുത്തകകാരൻ ഉയർന്ന വാടക പൊതു ഇനങ്ങളിൽ നിന്ന് ഈടാക്കുന്നതിനുള്ള അവസരം ഉണ്ടായിട്ടുണ്ട്. 10.03.2017ൽ ആദ്യ ടെണ്ടർ ക്ഷണിച്ചപ്പോൾ താഴെപ്പറയുന്ന മൂന്ന് പേർ ടെണ്ടറിൽ പങ്കെടുത്തിരുന്നു.

| | പേര് | ക്വോട്ട് ചെയ്ത തുക |
|---|---|---|
| 1 | ആർ. രാജേന്ദ്രൻ | 65,000 |
| 2 | എം.ആർ. ഷഹീർ | 1,50,000 |
| 3 | ക്രിസ്റ്റി | 60,000 |

എം.ആർ. ഷഹീർ 2016-17 കാലയളവിലെ കുത്തക തുകയായ 1,30,000/- രൂപയെക്കാൾ ഉയർന്ന തുക ക്വാട്ട് ചെയ്തിട്ടും സ്വീകരിക്കാതെ റീ-ടെണ്ടർ ചെയ്തപ്പോൾ 1,50,000/- രൂപയിലും കുറഞ്ഞ തുകയായ 1,41,000/- രൂപയ്ക്കാണ് ലേലം കൊണ്ടത്. ആദ്യ ലേല തുകയേക്കാൾ കുറഞ്ഞ തുകയാണ് റീ-ടെണ്ടർ നടത്തിയപ്പോൾ ലഭിച്ചത്. ഇതു സംബന്ധിച്ച് മട്ടാഞ്ചേരി മേഖല കാര്യാലയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (9/6.6.2018) മറുപടിയിൽ ടെണ്ടർ സമർപ്പിച്ച ശ്രീ. എം.ആർ. ഷഹീർ നിരതദ്രവ്യ തുക മാത്രമേ ഹാജരാക്കിയുള്ളൂവെന്നകാരണത്താൽ 10.03.2017 ൽ ബഹു. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ടി ടെണ്ടർ പരിഗണിക്കാതെ റീ-ടെണ്ടർ നടത്തുവാൻ തീരുമാനിക്കുകയായിരുന്നു എന്ന് അറിയിച്ചു. ടെണ്ടറിനോടൊപ്പം

നിരതദ്രവ്യമല്ലാതെ മറ്റെന്താണ് സമർപ്പിക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടില്ല. വ്യക്തമായ കാരണം ഇല്ലാതെ ആദ്യ ടെണ്ടർ നിരസിച്ചതു മൂലം നഗരസഭയ്ക്ക് 9,000/-രൂപ നഷ്ടമായിട്ടുണ്ട്. ആയതിനാൽ നഗരസഭയ്ക്ക് ഉണ്ടായ 9000/-രൂപയുടെ നഷ്ടം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ നിന്നും ഈടാക്കേണ്ടതാണ്. ലേല ഫയൽ പരിശോധിച്ചതിൽ ലേല നിബന്ധനയിൽ പൊതു ജനങ്ങളിൽ നിന്നും വാങ്ങേണ്ട വാടക തുക ഉൾപ്പെടുത്തിയിട്ടില്ല. ആയത് ഉൾപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-28 കടമുറികൾ മുറിച്ച് വാടകയ്ക്ക് നൽകുന്നു

*(ഫയൽ നം. SYR4/701/2005-2509/17)*

പള്ളുരുത്തി ഷോപ്പിംഗ് കോംപ്ലക്സിലെ 1 മുതൽ 11 വരെയുള്ള കടമുറികളും, 12-ാം ഡിവിഷനിലെ പള്ളിച്ചാൽ പാലത്തിനു സമീപമുള്ള നാല് കടമുറികൾ ഉൾപ്പെടെ 15 കടമുറികളാണ് പള്ളുരുത്തി മേഖല ഓഫീസിനു കീഴിലുള്ളത്. പള്ളുരുത്തി ഷോപ്പിംഗ് കോംപ്ലക്സിലെ പല കടമുറികളും നിലവിൽ യഥാർത്ഥ അലോട്ടികളല്ല ഉപയോഗിക്കുന്നത്. യഥാർത്ഥ അലോട്ടികൾ കടമുറികൾ മുറിച്ച് വാടകയ്ക്ക് നൽകിയിട്ടുള്ളതായി കാണുന്നു.

| ഷോപ്പ് നം | അലോട്ടിയുടെ പേര് | നിലവിൽ കച്ചവടം ചെയ്യുന്ന വ്യക്തി | കച്ചവട സ്വഭാവം |
|---|---|---|---|
| 1 | കെ.എസ്. സുധ | സലി | തട്ടുകട |
| 2 | പി.കെ. നർമ്മദ | മിൽട്ടൻ | മൊബൈൽ ഫോൺ ഷോപ്പ് |
| 3 | കെ.എസ്. അജിത്ത് പ്രസാദ് | കെ.എഫ്. ആന്റണി | മെഡിക്കൽ സ്റ്റോർ |
| 4 | പി.ജെ. ജോൺ | സുധൻ | പലചരക്ക് വ്യാപാരം |

യഥാർത്ഥ അലോട്ടികൾ കുറഞ്ഞ തുകയ്ക്ക് നഗരസഭയിൽ നിന്നും ഷോപ്പുകൾ വാടകയ്ക്ക് എടുത്ത് ഉയർന്ന വാടകയ്ക്ക് മറിച്ചു നൽകുന്നത് കേരള മുനിസിപ്പൽ ആക്ടിന് വിരുദ്ധമാണ്. അതുപോലെ ഈ ഷോപ്പിംഗ് കോംപ്ലക്സിലെ 7, 8 എന്നീ മുറികളിൽ പള്ളുരുത്തി മണ്ഡലം സർവ്വീസ് സഹകരണ ബാങ്കിന്റെ ഉടമസ്ഥതയിലുള്ള ഇക്കോ ഷോപ്പ് എന്ന പച്ചക്കറി വിൽപ്പന സ്റ്റാളാണ് പ്രവർത്തിക്കുന്നത്. രണ്ട് ഷട്ടറുകളുള്ള കടമുറികളുടെ മദ്ധ്യഭാഗത്തെ ഇടഭിത്തി പൊളിച്ച് ഒറ്റകടമുറിയാക്കി രൂപമാറ്റം വരുത്തി ഒരു കടമുറിയുടെ വാടകയായ 6133/- രൂപയാണ് അടയ്ക്കുന്നത്.

മേൽ വിഷയങ്ങൾ ചൂണ്ടിക്കാണിച്ച് പള്ളുരുത്തി മേഖല കാര്യാലയത്തിൽ 26.04.2018ൽ നൽകിയ 20/17-18 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ യഥാർത്ഥ ലൈസൻസികൾ അല്ലാതെ കച്ചവടം നടത്തുന്ന കച്ചവടക്കാർക്ക് കടമുറി ഒഴിഞ്ഞുപോകുവാൻ നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. കൂടാതെ PMSC ബാങ്കിന്റെ ഉടമസ്ഥതയിലുള്ള ഇക്കോ ഷോപ്പ് ആദ്യം മുതലേ ഒറ്റ വാടകയാണ് അടയ്ക്കുന്നതെന്നും പറയുന്നു. ആയതിനാൽ നഗരസഭ ഇത്തരം വിഷയത്തിൽ അടിയന്തിര ശ്രദ്ധ പതിപ്പിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

# 2-29 വാടകയിനത്തിൽ ലഭിയ്ക്കേണ്ട തുക ലഭിയ്ക്കാതിരുന്നതുമൂലം നഗരസഭയ്ക്ക് 5,90,214 രൂപ നഷ്ടം

കൊച്ചി കോർപ്പറേഷന്റെ പള്ളുരുത്തി മേഖലാ ഓഫീസിന്റെ പരിധിയിൽ വരുന്ന കച്ചേരിപ്പടി മോഡേൺ ഹൈജിനിക് മാർക്കറ്റിന്റെ പ്രവർത്തനം 1.8.2016 മുതൽ ആരംഭിച്ചിട്ടുള്ളതാണ്. ഫിഷറീസ് വകുപ്പിൽ നിന്നും കൈമാറിക്കിട്ടിയ ഈ മാർക്കറ്റിൽ 49 സ്റ്റാളുകളും 4 മുറികളുമാണുള്ളത്. ഓഫറിൽ പങ്കെടുത്തവരിൽ നിന്നും 5000 രൂപ ഇ.എം.ഡിയും മൂന്ന് മാസ വാടക അഡ്വാൻസും (സെക്യൂരിറ്റി ഡെപ്പോസിറ്റ്) അടച്ച് നഗരസഭയുമായി മൂന്നു വർഷത്തേയ്ക്ക് കരാറിലേർപ്പെടുന്നവർക്കാണ് സ്റ്റാളുകൾ അനുവദിച്ച് നൽകിയിട്ടുള്ളത്. 8/2016-ൽ സ്റ്റാളുകൾ ഏറ്റെടുത്തിട്ടുള്ള വാടകക്കാർ, 9/2016 മുതലുള്ള പ്രതിമാസ വാടക അടച്ചു തുടങ്ങേണ്ടതാണ്. വാടക രജിസ്റ്റർ പ്രകാരം ഭൂരിഭാഗം മാർക്കറ്റ് സ്റ്റാൾ ഉടമകളും പ്രതിമാസ വാടക അടയ്ക്കുന്നില്ല. വാടക കുടിശ്ശികയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്റ്റാൾ നം. | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക | വാടക ഈടാക്കാത്ത കാലയളവ് | ഈടാക്കാത്ത വാടക |
|---|---|---|---|---|---|
| 1 | 9/1109 B | പി.എം. ജാക്സൺ | 2100 | 2/17-3/18 14 മാസം (2100 x 14) | 29400 |
| 2 | 9/1109 B1 | കനകാ ശക്തീധരൻ | 800 | 3/17-3/18 13 മാസം (800 x 13) | 10400 |
| 3 | 9/1109 B2 | പി.എ. ഷെഫീക്ക് | 800 | 3/17-3/18 13 മാസം (800 x 13) | 10400 |

| | | | | | |
|---|---|---|---|---|---|
| 4 | 9/1109 B3 | ശാന്താ മനോഹരൻ | 800 | 3/17-3/18<br>13 മാസം (800 x 13) | 10400 |
| 5 | 9/1109 B4 | ജലീൽ എം.എച്ച് | 800 | ഒഴിഞ്ഞു കിടക്കുന്നു. | |
| 6 | 9/1109 B5 | സി.എ. ബാബു | 300 | 9/16-3/18<br>19 മാസം (300 x 19) | 5700 |
| 7 | 9/1109 B6 | -ടി- | 300 | 9/16-3/18<br>19 മാസം (300 x 19) | 5700 |
| 8 | 9/1109 B7 | -ടി- | 300 | -ടി- | 5700 |
| 9 | 9/1109 B8 | -ടി- | 300 | -ടി- | 5700 |
| 10 | 9/1109 B9 | ഒഴിഞ്ഞു കിടക്കുന്നു. | | | |
| 11 | 9/1109 B10 | പി.എ. സെയ്ദ് | 800 | 4/17-3/18<br>12 മാസം (800 x 12) | 9600 |
| 12 | 9/1109 B11 | പി.എ. അനീഷ് | 1300 | 9/16-3/18<br>19 മാസം (1300 x 19) | 24700 |
| 13 | 9/1109 B12 | റഹിം എ.എ | 1500 | 9/16-3/18<br>19 മാസം (1500 x 19) | 28500 |
| 14 | 9/1109 B13 | അഫ്സൽ ബാബു | 750 | 9/17-3/18<br>7 മാസം (750 x 7) | 5250 |
| 15 | 9/1109 B14 | അനിൽകുമാർ എ.എ. | 1313 | 9/17-3/18<br>7 മാസം (1313 x 7) | 9191 |
| 16 | 9/1109 B15 | ഒഴിഞ്ഞു കിടക്കുന്നു. | | | |
| 17 | 9/1109 B16 | ഒഴിഞ്ഞു കിടക്കുന്നു. | | | |
| 18 | 9/1109 B17 | കെ. മുഹമ്മദ് | 1000 | 9/16-3/18<br>19 മാസം (1000 x 19) | 19000 |
| 19 | 9/1109 B18 | ഹസീന | 1001 | 9/16-3/18<br>19 മാസം (1001 x 19) | 19019 |
| 20 | 9/1109 B19 | വി.വി. ആന്റണി<br>(w.e.f-11/17) | 1751 | 11/17-3/18<br>5 മാസം (1751 x 5) | 8755 |
| 21 | 9/1109 B21 | എ.എ. അനിൽ കുമാർ | 1313 | 5/17-3/18<br>11 മാസം (1313x 11) | 14443 |
| 22 | 9/1109 B22 | ഒഴിഞ്ഞു കിടക്കുന്നു. | | | |

| | | | | | |
|---|---|---|---|---|---|
| 23 | 9/1109 B23 | ഒഴിഞ്ഞു കിടക്കുന്നു. | | | |
| 24 | 9/1109 B24 | ഒഴിഞ്ഞു കിടക്കുന്നു. | | | |
| 25 | 9/1109 B25 | നസീർ | 2000 | 9/16-3/18<br>19 മാസം<br>(2000 x 19) | 38000 |
| 26 | 9/1109 B26 | ഒഴിഞ്ഞു കിടക്കുന്നു. | | | |
| 27 | 9/1109 B27 | ഒഴിഞ്ഞു കിടക്കുന്നു. | | | |
| 28 | 9/1109 B28 | ഒഴിഞ്ഞു കിടക്കുന്നു. | | | |
| 29 | 9/1109 B30 | ഷീബ | 1000 | 9/16-3/18<br>19 മാസം<br>(1000 x 19) | 19000 |
| 30 | 9/1109 B31 | ഷീബ | 1000 | 9/16-3/18<br>19 മാസം<br>(1000 x 19) | 19000 |
| 31 | 9/1109 B32 | ഹംസ റ്റി.വി | 1300 | 9/16-3/18<br>19 മാസം<br>(1300 x 19) | 24700 |
| 32 | 9/1109 B33 | ഫ്രീസർ സ്ഥാപിച്ചിരിക്കുന്നു | | | |
| 33 | 9/1109 B34 | ഫ്രീസർ സ്ഥാപിച്ചിരിക്കുന്നു | | | |
| 34 | 9/1109 B35 | ഹംസ റ്റി.വി | 1300 | 9/16-3/18<br>19 മാസം<br>(1300 x 19) | 24700 |
| 35 | 9/1109 B36 | സ്റ്റാലിൻ ജേക്കബ്ബ് | 1800 | 3/17-3/18<br>13 മാസം<br>(1800 x 13) | 23400 |
| 36 | 9/1109 B37 | അനീഷ് പി.എ | 1500 | 9/16-3/18<br>19 മാസം<br>(1500 x 19) | 28500 |
| 37 | 9/1109 B38 | അനൂജ് | 1300 | 9/16-3/18<br>19 മാസം<br>(1300 x 19) | 24700 |
| 38 | 9/1109 B39 | അൻസാർ | 1300 | 9/16-3/18<br>19 മാസം<br>(1300 x 19) | 24700 |
| 39 | 9/1109 B40 | മുസമ്മിൽ | 1700 | 9/16-3/18<br>19 മാസം<br>(1700 x 19) | 32300 |
| 40 | 9/1109 B41 | ഒഴിഞ്ഞു കിടക്കുന്നു. | | | |
| 41 | 9/1109 B42 | ഒഴിഞ്ഞു കിടക്കുന്നു. | | | |
| 42 | 9/1109 B43 | ആസാദ് | 1300 | 9/16-3/18<br>19 മാസം<br>(1300 x 19) | 24700 |

| | | | | | |
|---|---|---|---|---|---|
| 43 | 9/1109 B44 | മുഹമ്മദ് അഫ്സൽ | 1000 | 9/16-3/18<br>19 മാസം<br>(1000 x 19) | 19000 |
| 44 | 9/1109 B45 | അനിൽകുമാർ | 1324 | 9/16-3/18<br>19 മാസം<br>(1324 x 19) | 25156 |
| 45 | 9/1109 B46 | പി.എം. സെയ്ദ് | 1500 | 11/16-3/18<br>17 മാസം<br>(1500 x 17) | 25500 |
| 46 | 9/1109 B47 | കെ.എ. റിയാസ് | 1000 | 1/17-3/18<br>15 മാസം<br>(1000 x 15) | 15000 |
| 47 | 9/1109 B48 | ഒഴിഞ്ഞു കിടക്കുന്നു. | | | |
| 48 | 9/1109 B49 | ഒഴിഞ്ഞു കിടക്കുന്നു. | | | |
| 2016-17ലെ ആകെ നഷ്ടം : 170975<br>2017-18ലെ ആകെ നഷ്ടം : 419239<br>വാടകയിനത്തിൽ നഷ്ടം ആകെ | | | | | 590214 |

വാടക കുടിശ്ശിക സംബന്ധിച്ച് പള്ളുരുത്തി മേഖല കാര്യാലയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/2017-18 തീയതി. 26.04.2018) മറുപടിയായി മാർക്കറ്റിൽ 5 സ്റ്റാളുകൾ മാത്രമാണ് പ്രവർത്തിക്കുന്നതെന്നും സാമൂഹ്യ വിരുദ്ധരുടെ ശല്യവും ആവശ്യമായ സൗകര്യങ്ങൾ ഇല്ലാത്തതിനാലും ബാക്കിയുള്ള സ്റ്റാളുകൾ ഏറ്റെടുത്തിട്ടുള്ളവർ കച്ചവടം ചെയ്യുന്നില്ലെന്നുമാണ് അറിയിച്ചിട്ടുള്ളത്.

30.01.2016- തീയതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 3-ാം നമ്പർ തീരുമാന പ്രകാരം സ്റ്റാളിന്റെ പരിസരത്തുള്ള അനധികൃത വിൽപ്പനകൾ ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഹെൽത്ത് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തുവാൻ തീരുമാനമെടുത്തിട്ടുണ്ട്. വാട്ടർ കണക്ഷനും, വൈദ്യുതി കണക്ഷനും ലഭ്യമാക്കുന്നതിന് പള്ളുരുത്തി അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തി കൊണ്ട് തീരുമാനമെടുത്തിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ മാർക്കറ്റിനോടനുബന്ധിച്ചുള്ള ഒരു മുറി ഹെൽത്ത് സർക്കിൾ എച്ച്.ഐക്ക് മാർക്കറ്റിലെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സ്റ്റാന്റിംഗ് കമ്മറ്റിയുടെ തീരുമാന പ്രകാരമുള്ള സുരക്ഷ ക്രമീകരണങ്ങൾ വേണ്ട രീതിയിൽ നടത്തിയിരുന്നെങ്കിൽ മാർക്കറ്റ് സ്റ്റാളും പരിസരവും സാമൂഹ്യ വിരുദ്ധരുടെ ശല്യം മൂലം കച്ചവടം ചെയ്യാൻ സാധിക്കാത്ത അവസ്ഥ ഉണ്ടാകുമായിരുന്നില്ല. ആവശ്യമായ സൗകര്യങ്ങൾ ഏർപ്പാടാക്കാതിരുന്നതും (വാട്ടർ കണക്ഷനും, വൈദ്യുതി കണക്ഷനും), സുരക്ഷാ ക്രമീകരണങ്ങൾ നടപ്പിലാക്കാതിരുന്നതും നഗരസഭയുടെ ഭാഗത്തു നിന്നുണ്ടായ പോരായ്മയാണ്. സ്റ്റാളുകളുടെ പ്രവർത്തനം പുനരാരംഭിക്കേണ്ടതിനും വാടക കുടിശ്ശിക ഈടാക്കി നഗരസഭയ്ക്കുണ്ടായ നഷ്ടം പരിഹരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 30.01.2016-ൽ തീരുമാനമെടുത്ത് ഹെൽത്ത് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയിട്ടും വാട്ടർ കണക്ഷനും വൈദ്യുതി കണക്ഷനും ഏർപ്പെടുത്താതിരുന്നതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കേണ്ടതാണ്.

# 2-30 പോളക്കണ്ടം മാർക്കറ്റ് - യൂസർ ഫീസ് പിരിയ്ക്കാതിരുന്നതുമൂലം നഷ്ടം

മട്ടാഞ്ചേരി മേഖല ഓഫീസ് പരിധിയിൽ സ്ഥിതി ചെയ്യുന്ന പോളക്കണ്ടം മാർക്കറ്റിന്റെ കുത്തക കാലാവധി 31.3.2018ൽ അവസാനിച്ചിട്ടുള്ളതാണ്. WRZ11/922-E/17-ാം നമ്പർ ഫയൽ പ്രകാരം 2017-18 കാലയളവിൽ ഈ മാർക്കറ്റ് ലേലത്തിൽ എടുത്തിരുന്നത് ശ്രീ. സി.എ. വിൻസെന്റാണ്. ടിയാന്റെ കുത്തക കാലയളവ് അവസാനിച്ചതിനെതുടർന്ന് മാർക്കറ്റിലെ കുത്തക അവസാനിക്കുമ്പോൾ വീണ്ടും കുത്തക ലേലം ചെയ്ത് പുതിയ കുത്തകയ്ക്ക് അനുവദിക്കേണ്ടതാണ്. എന്നാൽ 2018-19 കാലയളവിലേക്ക് പോളക്കണ്ടം മാർക്കറ്റ് ലേലം നടത്തിയില്ല. അതിനുപകരം 2018 ഏപ്രിൽ മുതൽ മാർക്കറ്റ് ഉപയോഗിക്കുന്നവരിൽ നിന്ന് യൂസർ ഫീസ് പിരിക്കുന്നതിന് മേൽ ഫയൽ പ്രകാരം 2018 മെയ് 18 മുതൽ നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടർ ശ്രീമതി. പി.എ. രജനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ പ്രതിദിനം 1500/- രൂപ ലഭിക്കുന്നുണ്ട് എന്നാൽ 2018 ഏപ്രിൽ 1 മുതൽ മെയ് 18 വരെ ദിനം പ്രതിയുള്ള യൂസർ ഫീസ് പിരിക്കാത്തതുമൂലം നഗരസഭയ്ക്ക് പ്രതിദിനം 1500 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. കൂടാതെ നഗരസഭ പിരിച്ചു തുടങ്ങിയ 18.05.2018 മുതൽ പ്രതിദിന കളക്ഷൻ ഈടാക്കുന്നതല്ലാതെ GST ഈടാക്കിയിരുന്നില്ല. 29.5.2018 മുതൽ GST ഈടാക്കിയിട്ടുണ്ട്. മേൽ വിഷയങ്ങൾ ചൂണ്ടിക്കാണിച്ച് മട്ടാഞ്ചേരി മേഖല കാര്യാലയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 10/14.06.2018 നുള്ള മറുപടിയിൽ പൊതു ടെണ്ടറിലും റീ ടെണ്ടറിലും ആരും മാർക്കറ്റ് ഏറ്റെടുക്കാത്ത സാഹചര്യത്തിലാണ് കുത്തക നഗരസഭ നേരിട്ട് പിരിക്കുവാൻ റവന്യൂ ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയത് എന്നറിയിച്ചു. കുത്തക പിരിക്കുന്നവരിൽ നിന്ന് GST പിരിക്കുവാൻ മെയിൻ ഓഫീസിൽ നിന്ന് നിർദ്ദേശമുണ്ടായതിനെ തുടർന്നാണ് ഈടാക്കിയിട്ടുള്ളതെന്നും മറുപടിയിൽ അറിയിച്ചു. ഉത്തരവ് ലഭിച്ച അന്നുമുതൽ കുത്തക പിരിക്കുവാൻ തുടങ്ങിയതായി റവന്യൂ ഇൻസ്പെക്ടർ അറിയിച്ചിട്ടുണ്ട്. നഗരസഭ യഥാസമയം കുത്തക പിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതു മൂലം 48 ദിവസത്തെ കളക്ഷൻ തുക നഷ്ടപ്പെട്ടിട്ടുണ്ട്.

# 2-31 നിർമ്മാണം പൂർത്തീകരിച്ച കടമുറികൾ ലേലം ചെയ്ത് നൽകിയിട്ടില്ല

*(ഫയൽ നം. SYR4/7898/14)*

കൊച്ചി കോർപ്പറേഷൻ പള്ളുരുത്തി - പെരുമ്പടപ്പ് മത്സ്യ മാർക്കറ്റിലെ സ്റ്റാൾ നം. 21/11A വലിയ ഹാൾ 5 മുറികളാക്കി മാറ്റുന്നതിന് ബഹു. നഗരസഭ കൗൺസിൽ 5.10.15-ൽ അംഗീകാരം നൽകിയിട്ടുണ്ട്. കടമുറികളുടെ നിർമ്മാണ പൂർത്തീകരണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/17-18 തീയതി. 26.04.2018) മറുപടിയായി ഈ മുറികളുടെ നിർമ്മാണം ഏതാണ്ട് പൂർത്തീകരിച്ചിട്ടുള്ളതായി അറിയാൻ കഴിഞ്ഞതായാണ് റവന്യൂ സൂപ്രണ്ട് അറിയിച്ചിട്ടുള്ളത്. എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിച്ചാലുടൻ തന്നെ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഈ കടമുറികൾ ടെണ്ടർ നടപടികളിലൂടെ നൽകി നഗരസഭയ്ക്ക് വരുമാനമുണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-32 സ്വകാര്യ പാർക്കിംഗ് ഏരിയ – ലൈസൻസ് ഫീ ഈടാക്കുന്നില്ല

*ഫയൽ നം. ISO/SYR4/1603/18*

നഗരസഭാ വരുമാന സ്രോതസ്സ് വിപുലീകരിക്കുന്നതിന്റെ ഭാഗമായി കേരള മുനിസിപ്പാലിറ്റീസ് ആക്ട് 475-ാം വകുപ്പ് പ്രകാരം സ്വകാര്യ പാർക്കിംഗ് പ്ലേസുകൾക്ക് ലൈസൻസ് ഫീ ഈടാക്കുന്നതിനായി 26.11.2009ലെ 43-ാം നമ്പർ തീരുമാനം പ്രകാരം കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ട്. നഗരസഭയുടെ ലൈസൻസില്ലാതെ സ്വകാര്യ പേ & പാർക്ക് നടത്തി വരുന്ന പള്ളുരുത്തി 13-ാം ഡിവിഷനിലെ ശ്രീ. അജയൻ എന്നയാൾക്ക് 21.03.2018-ാം തീയതിയിലെ നം. ISO/SYR4/1603/18 കത്ത് പ്രകാരം അറിയിപ്പ് നൽകിയിട്ടുണ്ടെങ്കിലും ലൈസൻസ് ഫീ അടച്ചിട്ടില്ല. ലൈസൻസ് ഫീ ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/17-18 തീയതി 27.04.2018) മറുപടിയായി ലൈസൻസ് ഫീ ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഫീസ് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-33 എറണാകുളം മാർക്കറ്റ് മട്ടൻ സ്റ്റാൾ 3 വർഷത്തേക്ക് തുടർച്ചയായി ടെണ്ടർ ചെയ്തു കൊടുത്തു - വരുമാനത്തിൽ കുറവ്

*(ഫയൽ നം. MOR4- 37640/16)*

എറണാകുളം മാർക്കറ്റിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള മട്ടൻസ്റ്റാൾ 104, 105, 106 എന്നിവ 2017-18 മുതൽ തുടർച്ചയായി മൂന്ന് വർഷത്തേക്ക് കുത്തക പിരിക്കുന്നതിന് ലേലം ചെയ്ത് നൽകിയിട്ടുള്ളതാണ്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| സ്റ്റാൾ നം. | കുത്തക എടുത്തയാളുടെ പേര് | 3 വർഷത്തേക്ക് ലഭിച്ച തുക |
|---|---|---|
| 104 | റ്റി.ജെ. ജോഷി | 120000 |
| 105 | എ.എം. മുഹമ്മദ് അൻവർ | 182000 |
| 106 | റ്റി.ജെ. ജോഷി | 165100 |

മേൽപ്പറഞ്ഞ സ്റ്റാളുകൾ ഓരോ വർഷത്തേക്ക് ലേലം ചെയ്തിരുന്നെങ്കിൽ അതാത് വർഷത്തെ കുത്തക തുകയേക്കാൾ ഉയർന്ന തുകയ്ക്ക് ടെണ്ടർ ലഭിക്കുമായിരുന്നു. അതുവഴി നഗരസഭയ്ക്ക് ഉയർന്ന വരുമാനം ലഭിക്കുമായിരുന്നു. അതുപോലെ 2016-17 വർഷത്തിൽ ലഭിച്ച തുകയിൽ നിന്നും വലിയ വ്യത്യാസമില്ലാത്ത തുകയ്ക്കാണ് മൂന്ന് വർഷത്തേക്ക് കുത്തക നൽകിയിരിക്കുന്നത് ഉദാഹരണമായി സ്റ്റാൾ നം. 106, 2016-17 വർഷത്തിൽ 55000/- (ഒരു വർഷത്തേക്ക്) രൂപയ്ക്കാണ് കുത്തക നൽകിയത്. എന്നാൽ മൂന്ന് വർഷത്തേക്ക് കുത്തക നൽകിയപ്പോൾ 165100/- രൂപയാണ് ലഭിച്ചത്. അതായത് മൂന്ന് വർഷത്തേക്ക് തുടർച്ചയായി കുത്തക നൽകിയിട്ടും നഗരസഭയ്ക്ക് അധിക വരുമാനം ലഭിച്ചില്ല. ഓരോ വർഷത്തേയ്ക്ക് കുത്തക നൽകിയിരുന്നെങ്കിൽ അധിക വരുമാനം ലഭിക്കുമായിരുന്നു. തുടർച്ചയായി മൂന്ന് വർഷത്തേയ്ക്ക് അധിക വരുമാനം ലഭ്യമല്ലാതിരുന്നിട്ടും 3 വർഷത്തേയ്ക്ക് ടെണ്ടർ വിളിച്ചതിന്റെയും കുത്തക നൽകിയതിന്റെയും കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം. 61/15.09.2018) മറുപടിയിൽ കൊച്ചി നഗരസഭയിലെ 2017-18 ലെ ടെണ്ടർ വ്യവസ്ഥകൾ അംഗീകരിക്കുന്നതിനായി ബഹു.ധനകാര്യ കമ്മറ്റി മുൻപാകെ സമർപ്പിച്ച അവസരത്തിൽ മേൽ മട്ടൺ സ്റ്റാളുകളുടെ കാലാവധി മൂന്ന് വർഷത്തേക്ക് നൽകുന്ന കാര്യം ബഹു ധനകാര്യകമ്മറ്റി 29.12.2016 ലെ 65-ാം നമ്പരായി ബഹു കൗൺസിലേക്ക് ശുപാർശ ചെയ്യുകയും ബഹു കൗൺസിൽ 10.02.17ലെ 12-ാം നമ്പരായി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കുത്തകക്കാർ രേഖപ്പെടുത്തിയ ടെണ്ടർ നിരക്ക് ബഹു.ധനകാര്യ കമ്മറ്റി നെഗോസിയേഷൻ നടത്തി വർദ്ധിപ്പിച്ച് ബഹു കൗൺസിലേക്ക് ശുപാർശ ചെയ്യുകയും 26.04.2017ൽ 35-ാം നമ്പരായി അംഗീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഈ സ്റ്റാളുകൾ 3 വർഷത്തേക്ക് കുത്തകയ്ക്ക് നൽകിയിട്ടുള്ളതെന്നും അന്വേഷണത്തിൽ ഉന്നയിച്ചിട്ടുള്ള പരാമർശങ്ങൾ ബഹു ധനകാര്യകമ്മറ്റിയുടേയും ബഹു കൗൺസിലിന്റേയും ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്നും മറുപടിയിൽ പറയുന്നു

# 2-34 കുത്തക പിരിക്കുന്നതിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തുന്നില്ല.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ മാർക്കറ്റുകൾ, പാർക്കിംഗ് ഏരിയ, ശ്മശാനം തുടങ്ങിയ സ്ഥലങ്ങൾ ടെണ്ടർ നടപടിയിലൂടെ കുത്തക പിരിക്കാൻ ഏൽപ്പിക്കുമ്പോൾ കുത്തക തുകയിൽ കാലാനുസൃതമായ വർദ്ധനവ് നഗരസഭയ്ക്ക് ലഭിക്കുന്നില്ല.2017-18 വർഷത്തിൽ ഒരു ശതമാനത്തിൽ താഴെ മാത്രമാണ് വർദ്ധനവ് ഉണ്ടായിട്ടുള്ളത്. തന്മൂലം നഗരസഭയുടെ വരുമാനത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ടെണ്ടർകാരന്റെ പേര് | മുൻ വർഷം ലഭിച്ച തുക | ഈ വർഷം ലഭിച്ച തുക | വർദ്ധനവ് % |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | എറണാകുളം മാർക്കറ്റ് മട്ടൺ സ്റ്റാൾ 106 മൂന്ന് വർഷത്തേയ്ക്ക് | ടി.ജെ. ജോഷി | 55000 പ്രതി വർഷം (165000/-) | 165100 3 വർഷത്തേക്ക് | 0.06% |
| 2 | ഇടപ്പള്ളി മാർക്കറ്റ് പിരിവ് | ലിജോ പി.ജെ. | 28500 | 28500 | 0% |
| 3 | തേവര മാർക്കറ്റ് | ക്രിസ്റ്റഫർ പി.ആർ. | 80000 | 80000 | 0% |
| 4 | വണ്ടിപ്പേട്ട പിരിവ് | സെക്രട്ടറി എറണാകുളം ടോൾ വർക്കേഴ്സ് സൊസൈറ്റി ലി.മി. | 40,10,000 | 40,15,000 | 0.12% |
| 5 | കലൂർ അറവുശാല | ജലാൽ റ്റി.എം. | 23,00,000 | 23,12,500 | 0.54% |

മേൽപ്പറഞ്ഞ കുത്തക നിരക്കുകൾ പരിശോധിച്ചാൽ കാലാനുസൃതമായ വർദ്ധനവുകൾ ഉണ്ടായിട്ടില്ലായെന്ന് വ്യക്തമാണ്. പല കരാറുകാരെയും നെഗോഷ്യേറ്റ് ചെയ്താണ് കുത്തക തുക ചെറുതായി ഉയർത്തുന്നത്. ചെലവുകൾ ഉയരുമ്പോഴും നഗരസഭയുടെ വരുമാനത്തിൽ കാലത്തിനനുസരിച്ചുള്ള വർദ്ധനവ് ഉണ്ടായിട്ടില്ല. കുത്തക തുക കാലാനുസൃതമായി വർദ്ധിപ്പിക്കാത്തതിന്റെ കാരണം വിശദീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ കരാറുകാർ രേഖപ്പെടുത്തുന്ന ടെണ്ടർ നിരക്കുകൾ ബഹു.ധനകാര്യകമ്മറ്റി നെഗോഷ്യേറ്റ് ചെയ്ത് നിരക്ക് വർദ്ധിപ്പിക്കുകയും ആയത് ബഹു.കൗൺസിൽ അംഗീകരിക്കുകയും ചെയ്തതിനുശേഷമാണ് കുത്തകകാരനിൽ നിന്ന് തുക ഈടാക്കുന്നതെന്നും കുത്തകതുകയിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തുന്നതിന് ഈ ഓഡിറ്റ് അന്വേഷണം ബഹു.ധനകാര്യകമ്മറ്റിയുടേയും ബഹു.കൗൺസിലിന്റേയും മുൻപാകെ സമർപ്പിച്ച് ബോദ്ധ്യപ്പെടുത്തുന്നതാണ് എന്ന് അറിയിച്ചു.

# 2-35 സുഭാഷ് പാർക്കിന് സമീപമുള്ള പാർക്കിംഗ് ഏരിയയിൽ അനധികൃത പാർക്കിംഗ് - ലേലത്തുകയിൽ വൻ കുറവ്

2017-18ൽ സുഭാഷ് പാർക്കിന് മുൻവശമുള്ള പാർക്കിംഗ് ഫീസ് പിരിവ് കരാർ എടുത്തിട്ടുള്ളത് ശ്രീ. വി. സബീർ ആണ്. പാർക്കിംഗ് പ്രദേശത്ത് നടപ്പാത നിർമ്മിക്കുന്നതിനാൽ പാർക്കിംഗ് ഫീസ് ഈടുക്കുവാൻ സാധിക്കുന്നില്ലായെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2017-18 കാലയളവിൽ 5,30,000/-രൂപയായിരുന്നു കുത്തക തുക. നിലവിൽ സുഭാഷ് പാർക്കിന്റെ മുൻവശങ്ങളിലെ പാർക്കിംഗ് സ്ഥലത്തിന്റെ പകുതിയിലധികം സ്ഥലം വീതികൂടിയ നടപ്പാത നിർമ്മിക്കുകയും പൂന്തോട്ടങ്ങൾ നിർമ്മിക്കുകയും ചെയ്തിട്ടുള്ളതാണ്. ആയതിനാൽ ഈ സ്ഥലങ്ങൾ പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് അനുവദിക്കുവാൻ സാധിക്കാതെ വരുകയും അനുവദിച്ചാൽ തന്നെ 2017-18 കാലയളവിലെ കുത്തക തുക ലഭിക്കുന്നതുമല്ല. എന്നാൽ വഴിയോരകച്ചവടക്കാരും ഇരുചക്രവാഹനക്കാരും മറ്റും ഈ നടപ്പാതയിലാണ് കച്ചവടം, പാർക്കിംഗ് എന്നിവ ചെയ്യുന്നത്. 2017-18 ൽ 5,30,000/- രൂപ ലഭിച്ച ഈ പാർക്കിംഗ് സ്ഥലത്തിന് 2018-19ൽ 2,62,000/-രൂപ മാത്രമാണ് ലഭിച്ചത്. ഇത് നഗരസഭയുടെ തനത് വരുമാനത്തിൽ ഗണ്യമായ കുറവ് വരുത്തിയിട്ടുണ്ട്. എന്നാൽ പൊതുജനങ്ങൾക്ക് നടപ്പാതയുടെ ഗുണം ലഭിക്കുന്നുമില്ല. ആയതിനാൽ ഇത്തരക്കാരെ ഒഴിപ്പിച്ച് നടപ്പാത സുഗമമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും കരാറുകാരൻ ഈ നടപ്പാത ഉപയോഗിക്കുന്നവരിൽ നിന്ന് ഫീസ് ഈടാക്കുന്നുണ്ടോയെന്നും അന്വേഷിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ വഴിയോര കച്ചവടക്കാരെയും ബൈക്കുകാരേയും നടപ്പാതയിൽ നിന്ന് ഒഴിപ്പിക്കുന്നത് നഗരസഭയുടെ ഹെൽത്ത് വിഭാഗം ആണ്. ഈ ഓഡിറ്റ് അന്വേഷണത്തിൻെറ പകർപ്പ് ഹെൽത്ത് വിഭാഗത്തിന് നൽകിയിട്ടുണ്ടെയെന്നും പറയുന്നു.വഴിയോരകച്ചവടക്കാരെയും ബൈക്കുകാരേയും നടപാതയിൽ നിന്ന് ഒഴിപ്പിക്കുവാൻ ആവശ്യമായ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

# 2-36 മട്ടാഞ്ചേരി മേഖലയിൽ നഗരസഭയുടെ 48 കടമുറികൾ സ്വകാര്യ വ്യക്തികൾ അനധികൃതമായി കൈവശം വച്ചിരിക്കുന്നു.

മട്ടാഞ്ചേരി മേഖലാ ഓഫീസിനു കീഴിൽ 116 കടമുറികൾ ഉണ്ട്. ആയത് വർഷങ്ങളായി ഉപയോഗിക്കുന്നത് ഒരേ കുത്തകക്കാരാണ്. നഗരസഭയുടെ കൈവശമുള്ള രജിസ്റ്ററുകൾ പരിശോധിച്ചതിൽ ആദ്യം കടമുറികൾ ലഭിച്ച അലോട്ടികൾ തന്നെയാണ് നിലവിലും ഉപയോഗിക്കുന്നതായി കാണുന്നത്. ലഭ്യമായ വിവരങ്ങളും രേഖകളും പരിശോധിച്ചതിൽ 68 കുത്തകകൾ മാത്രമാണ് നഗരസഭയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. ബാക്കി 48 കടമുറികളുടെ കുത്തകകൾ നഗരസഭയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. അതിനാൽ രജിസ്റ്റർ പ്രകാരമുള്ളവർ തന്നെയാണോ നിലവിൽ കടമുറികൾ ഉപയോഗിക്കുന്നതെന്ന് നഗരസഭയ്ക്ക് വ്യക്തതയില്ല.

10.06.2017 ലെ MOR3/4917/15- ാം നമ്പർ ഫയൽ പ്രകാരം വിവിധ മാർക്കറ്റുകളിലേയും ഷോപ്പിംഗ് കോംപ്ലക്സിലേയും കടമുറികൾ സ്റ്റാളുകൾ എന്നിവയുടെ വാടക ചതുരശ്ര അടിയുടെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കടമുറികൾക്ക് ചതുരശ്രഅടിയ്ക്ക് 20 രൂപാ നിരക്കിൽ വാടക നിശ്ചയിച്ചു. എന്നാൽ മട്ടാഞ്ചേരി മേഖലയിലെ ചില കടമുറികൾക്ക് നിലവിൽ തുടർന്നു വരുന്ന പ്രതിമാസ വാടകയും 5% വാർഷിക വർദ്ധനവും നടത്തിയാൽ മതിയെന്നും തീരുമാനിച്ചു. ഇത്തരത്തിൽ ഏകീകൃത സ്വഭാവമില്ലാതെ വാടക നിർണ്ണയിച്ചതിന്റെ കാരണം വ്യക്തമല്ല. കൂടാതെ നഗരസഭയുടെ 90% കടമുറികളും വർഷങ്ങളായി ഒരേ കുത്തകകളാണ് ഉപയോഗിക്കുന്നത്. ആയതിനാൽ വർഷാവർഷം ലേലം നടത്തി പുതിയ അലോട്ടിയ്ക്ക് കടമുറി അനുവദിക്കേണ്ടി വരുന്നില്ല. ചതുരശ്ര അടിയുടെ അടിസ്ഥാനത്തിൽ വാടക നിർണ്ണയിക്കുമ്പോൾ വാടക ഒരു നിശ്ചിത കാലത്തിനു ശേഷം പുനർ നിർണ്ണയിക്കുമെന്നോ അല്ലെങ്കിൽ ഇത്ര കാലയളവ് വരെയാണ് ഈ നിരക്ക് എന്നോ കരാറിൽ

രേഖപ്പെടുത്തേണ്ടതാണ്. കുത്തകകാരുമായി കരാറിൽ ഏർപ്പെടുമ്പോൾ ആയത് രേഖപ്പെടുത്തിയതായി കാണുന്നില്ല. മേൽ വിഷയങ്ങൾ ചൂണ്ടിക്കാണിച്ച് മട്ടാഞ്ചേരി മേഖലാ കാര്യാലയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.03/05.06.2018നുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സമീപത്തുള്ള സ്വകാര്യ വ്യക്തികളുടെ കടമുറികളുടെ വാടക കൂടി പരിഗണിച്ച് നഗരസഭയുടെ കടമുറികൾക്ക് ഗ്രേഡിംഗ് നടത്തി ഏകീകൃത വാടക നിർണ്ണയിക്കേണ്ടതാണ്.

മട്ടാഞ്ചേരി ബോട്ട് ജെട്ടി ഷോപ്പിംഗ് സെന്ററിലെ കടമുറി നം. 7/885 ശ്രീ. പി.എസ്. ബഷീർ എന്നയാൾക്കാണ് അനുവദിച്ചിട്ടുള്ളത്. മാന്ത്ര ഷോപ്പ് എന്ന സ്ഥാപനം നടത്തുന്ന ടിയാൻ 1,67,547രൂപ കുടിശ്ശിക 22.1.2018 വരെ വരുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള 2-ാം നമ്പർ അന്വേഷണത്തിന് ശ്രീ. പി.എസ്. ബഷീർ മരണപ്പെട്ടു പോയിട്ടുള്ളതും ടിയാന്റെ ഭാര്യ ശ്രീമതി. സുബൈദ ഈ കടമുറി മറിച്ച് വാടകയ്ക്ക് നൽകിയതുമായി ബന്ധപ്പെട്ട് കേസ് നിലവിലുണ്ട് എന്ന് അറിയിച്ചു. 2013 ഒക്ടോബർ മുതൽ വാടക അടച്ചിട്ടില്ലാത്തതാണ്. പലപ്രാവശ്യം നോട്ടീസ് നൽകിയിട്ടും വാടക കുടിശ്ശിക അടച്ചിട്ടില്ലാത്തതാണ്. കട അടച്ച് സീൽ ചെയ്യണമെന്ന് സൂപ്രണ്ട് നിർദ്ദേശിച്ചിരുന്നെങ്കിലും കോടതിയിൽ കേസ് ഉള്ളതിനാൽ നിയമോപദേശം സ്വീകരിച്ച് തുടർനടപടികൾ സ്വീകരിച്ചാൽ മതിയെന്ന് റവന്യ ഓഫീസർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ നിയമോപദേശം തേടിയതായി കാണുന്നില്ല. വാടക കുടിശ്ശിക സംബന്ധിച്ചല്ല കേസുള്ളത്. കടമുറി മറിച്ച് വാടകയ്ക്ക് നൽകിയതു സംബന്ധിച്ചാണ്. ആയതിനാൽ വാടക കുടിശ്ശിക തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് തടസ്സമില്ല. അല്ലാത്തപക്ഷം നഗരസഭയ്ക്ക് ഈ തുക നഷ്ടപ്പെടുവാൻ സാധ്യതയുണ്ട്.
മട്ടാഞ്ചേരി മേഖലാ കാര്യാലയത്തിന് കീഴിൽ നഗരസഭയ്ക്കുള്ള 116 കടമുറികളിൽ 13 കടമുറികളുടെ കുത്തകകാർ വാടകകുടിശ്ശിക വരുത്തിയതായി കാണുന്നു.വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മാർക്കറ്റിന്റെ പേര് | അലോട്ടിയുടെ പേര് | കുടിശ്ശിക തുക |
|---|---|---|---|
| 1 | പോളക്കണ്ടം മാർക്കറ്റ് | എം.പി. ലൈല | 7148 |
| | | എ.എ. അബ്ദുൾ ലത്തീഫ് | 2957 |
| 2 | കൂവപ്പാടം മാർക്കറ്റ് | | |
| | 12/199 G | ദിനേശ് എസ്. പൈ | 3465 |
| | 12/199 M | പി.ഐ. നവാസ് | 1065 |
| | 12/199 N | പി.ഐ. നവാസ് | 2451 |
| 3 | ഹാർബർ മാർക്കറ്റ് | | |
| | 7/489 | റ്റി.ആർ. റഫീക്ക് | 1627 |
| | 7/490 | കെ.എച്ച്. താജുദ്ദീൻ | 1627 |
| | 7/497 D | താഹ .എം. | 765 |
| | 7/683 | സി.ജി. രാധാകൃഷ്ണൻ | 1340 |
| 4 | ഐലന്റ് സൂപ്പർ മാർക്കറ്റ് | | |
| | 11 | അലോട്ട് ചെയ്തിട്ടില്ല | |
| | 12 | ഖത്താബ് പി.എ | 8508 |
| 5 | പാലസ് റോഡ് മാർക്കറ്റ് | | |
| | 5/945 D | ഫിറോസ് ബാബു | 6700 |
| | 5/945 D1 | എ.എ. റഫീക്ക് | 1005 |
| ആകെ | | | 38658 |

**മട്ടാഞ്ചേരി മേഖലാ ഓഫീസിന്റെ പരിധിയിൽ 2017-18 വർഷത്തിൽ വാടകയിനത്തിൽ 38658/- രൂപ വാടക കുടിശ്ശികയുണ്ട്. ഐലന്റ് സൂപ്പർ മാർക്കറ്റിലെ 11-ാം നമ്പർ കടമുറി കേടുപാടുകൾ ഉള്ളതിനാൽ ലേലം നടത്തിയിട്ടില്ല. കൂടാതെ ദാറുസലാം റോഡിലുള്ള 4 പുതിയ കടമുറികൾ ലേലം നടത്തിയിട്ടില്ലാത്തതാണ്. വാടക കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കേണ്ടതാണ്. ലേലം ചെയ്യാത്ത കടമുറികൾ അറ്റകുറ്റപണികൾ നടത്തി ലേലം ചെയ്യേണ്ടതാണ്.**

# 2-37 നഗരസഭയുടെ ശ്മശാനം നടത്തിപ്പ് കാര്യക്ഷമമല്ല

*(ഫയൽ നം. MOR4-18212/17)*

നഗരസഭയുടെ ഉടമസ്ഥതയിലുള്ള പച്ചാളം ശ്മശാനം 2017-18 കാലയളവിൽ നടത്തിപ്പിനു വേണ്ടി 236000/- രൂപയ്ക്ക് ശ്രീ. വി.എം. ചന്ദ്രശേഖരൻ എന്നയാൾക്ക് ലേലത്തിൽ നൽകിയിട്ടുള്ളതാണ്. ടിയാനുമായുള്ള കരാറിൽ ശവ സംസ്കാരത്തിന് നഗരസഭ നിശ്ചയിച്ച തുക എത്രയാണെന്ന് കരാറിൽ പറഞ്ഞിട്ടില്ല. കൂടാതെ നഗരസഭ നിർണ്ണയിച്ച തുക കരാറുകാരന്റെ ചെലവിൽ ശ്മശാനത്തിൽ പൊതുജനങ്ങൾ കാണത്തക്കവിധത്തിൽ പ്രദർശിപ്പിക്കേണ്ടതാണെന്ന വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടില്ല. തന്മൂലമാണ് ഒരു ചൈനീസ് വിദേശ സഞ്ചാരിയുടെ

മൃതദേഹം ഉയർന്ന തുക ഈടാക്കി ദഹിപ്പിച്ചതെന്ന പരാതിയുണ്ടായിട്ടുള്ളത്. ഇത്തരത്തിൽ നഗരസഭ നിശ്ചയിച്ച തുക കരാറിൽ കൃത്യമായി കണക്കാക്കാതിരുന്നതിന്റെയും ആയത് പ്രദർശിപ്പിക്കാതിരുന്നതിന്റെയും കാരണം വ്യക്തമല്ല. കൂടാതെ നഗരസഭയുടെ സീൽ പതിപ്പിച്ച രസീത് മാത്രമേ പൊതുജനങ്ങൾക്ക് നൽകാവൂയെന്ന് കരാറിൽ പറഞ്ഞിട്ടുണ്ട്. ഈ തുക പിരിക്കുവാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ ശവം സംസ്കരിക്കുന്നതിനുള്ള ഫീസ് കുത്തകകാരനാണ് പിരിക്കുന്നത്.

പച്ചാളം ശ്മശാനത്തിന്റെ 2019-20 ലെ ടെണ്ടർ വ്യവസ്ഥയിൽ ബൈലോയിലെ പ്രസക്ത ഭാഗങ്ങൾ കൂടി ഉൾക്കൊള്ളിച്ച് ടെണ്ടർ വ്യവസ്ഥകൾ തയ്യാറാക്കുന്നതാണെന്നും നഗരസഭയുടെ ഉടമസ്ഥതയിലുള്ള പള്ളുരുത്തി, ഇടപ്പള്ളി, രവിപുരം ശ്മശാനങ്ങൾ ലേലം ചെയ്യതിട്ടില്ലാത്തതാണെന്നും ഇടപ്പള്ളി, രവിപുരം എന്നീ ശ്മശാനങ്ങൾ പ്രവർത്തനയോഗ്യമാക്കുന്നതിന് എഞ്ചിനിയറിംഗ് വിഭാഗത്തോട് ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെന്നും പള്ളുരുത്തി ശ്മശാനം ടെണ്ടർ നടപടി സ്വീകരിച്ചെങ്കിലും ഒരു വ്യക്തി മാത്രമാണ് ടെണ്ടറിൽ പങ്കെടുത്തത് എന്നതിനാൽ റീടെണ്ടർ നടപടി സ്വീകരിച്ചുവരുന്നുവെന്നും മറുപടിയിൽ പറയുന്നു. കൂടാതെ നഗരസഭയുടെ അധീനതയിലുള്ള ഇടപ്പള്ളി, വാത്തുരുത്തി, ഫോർട്ട് കൊച്ചി, വെളി, കുവപ്പാടം, എന്നീ ശ്മശാനങ്ങളുടേയും ചുള്ളിക്കലുള്ള ബറിയൽ ഗ്രൗണ്ടിന്റെയും നടത്തിപ്പ് കുത്തകയ്ക്ക് നൽകുന്നതിനായി 23.10.2018 ലെ കൗൺസിൽ യോഗത്തിൽ തീരുമാനിച്ചതായും മറുപടിയിൽ പറയുന്നു. എന്നാൽ നഗരസഭയുടെ കൈവശമുള്ള മുഴുവൻ ശ്മശാനങ്ങളുടെയും ഫയലുകൾ ഓഡിറ്റിൽ ലഭ്യമാക്കണം എന്നാവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയിട്ടില്ലാത്തതാണ്. നഗരസഭയുടെ ഉടമസ്ഥതയിലുള്ള രവിപുരം, ഇടപ്പള്ളി എന്നീ ശ്മശാനങ്ങൾ തലസ്ഥാന നഗരിയിലെ ശാന്തികവാടം മാതൃകയിലേക്ക് ഉയർത്തിക്കൊണ്ടുവരുവാൻ നഗരസഭയുടെ ശ്രദ്ധ പതിയേണ്ടതാണ്.

## 2-38 കളക്ഷൻ തുക അക്കൗണ്ടിൽ കൂടുന്നു - നഗരസഭയ്ക്ക് ഒന്നിലധികം സേവിംഗ്സ് അക്കൗണ്ടുകൾ

മട്ടാഞ്ചേരി, പള്ളുരുത്തി, ഫോർട്ട് കൊച്ചി എന്നീ മേഖല ഓഫീസുകളിലെ പ്രതിദിന കളക്ഷൻ തുക മട്ടാഞ്ചേരി സോണൽ ഓഫീസ് വഴി യുകോ(UCO) ബാങ്കിന്റെ മട്ടാഞ്ചേരി ബ്രാഞ്ചിലാണ് ഒടുക്കുന്നത്. കൊച്ചി നഗരസഭ സെക്രട്ടറിയുടെ പേരിലുള്ള 01090110012758-ാം നമ്പർ അക്കൗണ്ടിൽ 5.6.2018ൽ 5,74,16,762/- രൂപ ബാലൻസ് ഉണ്ട്.

ഒരു നഗരസഭയുടെ തനതുഫണ്ടിന് ഒരു സേവിംഗ്സ് അക്കൗണ്ട് മാത്രമേ പാടുള്ളൂ (സർക്കാർ സർക്കുലർ നം. 58725/എഫ്.എം.3/2008/തസ്വഭവ തീയതി. 26.05.2011). അക്കൗണ്ടിൽ ഉള്ള തുകയ്ക്ക് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് പലിശ മാത്രമേ നഗരസഭയ്ക്ക് ലഭിക്കുന്നുള്ളൂ. സേവിംഗ്സ് അക്കൗണ്ടിൽ ഉള്ള ഉയർന്ന തുക ഒരു നിശ്ചിത കാലയളവിലേയ്ക്ക് സ്ഥിര നിക്ഷേപമാക്കി മാറ്റുകയും ആവശ്യമുള്ളപ്പോൾ പിൻവലിക്കുകയും ചെയ്യാവുന്നതാണ്. അത്തരം നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ ലഭിയ്ക്കുകയും ചെയ്യുന്നു. ഇതിനെയാണ് സ്വീപ്-ഇൻ-സ്വീപ് ഔട്ട് എന്ന് പറയുന്നത്. സ്വീപ്-ഇൻ-സ്വീപ് ഔട്ട് സ്കീമിൽ കൂടിയ തുകയ്ക്ക് ഉയർന്ന പലിശ ലഭിക്കുമെന്നിരിക്കെ ഈ സ്കീമിലേക്ക് മാറാത്തതുമൂലം 2ശതമാനത്തിന് മുകളിൽ പലിശ നഗരസഭയ്ക്ക് നഷ്ടമായിട്ടുണ്ട്. മേഖല ഓഫീസുകളിൽ പ്രത്യേക സേവിംഗ്സ് അക്കൗണ്ട് പാടില്ലായെന്നും സ്വീപ്-ഇൻ-സ്വീപ് ഔട്ട് സ്കീമിൽ തുക നിക്ഷേപിച്ചാൽ ഉയർന്ന പലിശ ലഭിക്കുമെന്നുള്ള വിവരവും കൗൺസിലിനെ അറിയിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് മട്ടാഞ്ചേരി മേഖല കാര്യാലയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 04/05.06.2018 നുള്ള മറുപടിയിൽ അറിയിച്ചു. മട്ടാഞ്ചേരി സോണൽ ഓഫീസിലെ പ്രതിദിന കളക്ഷൻ തുക അന്നുതന്നെ കോർപ്പറേഷന്റെ മെയിൻ ഓഫീസിൽ ഹെഡ് വൈസ് ഡീറ്റെയ്ൽസ് സഹിതം അടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് ഉചിതം.

## 2-39 പള്ളുരുത്തി ഗ്രന്ഥശാല പ്രവർത്തനം - ജനങ്ങൾക്ക് പ്രയോജനപ്പെടുന്നില്ല

കൊച്ചി കോർപ്പറേഷൻ പള്ളുരുത്തി ഗ്രന്ഥശാലയും റീഡിംഗ് റൂമും 15 വർഷങ്ങളായി അടഞ്ഞു കിടന്നിരുന്നതിനു ശേഷം 2016-ാമാണ്ടോടെ പ്രവർത്തനം പുനരാരംഭിച്ചു. 2016- സെപ്റ്റംബർ 29-ാം തീയതി മുതൽ പുതിയ ലൈബ്രേറിയനെ നിയമിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ രസീതു പരിശോധനയിൽ, ലൈബ്രറിയിൽ നിന്നുള്ള തൻവർഷ വരവ് തുക 1000 രൂപ മാത്രമാണ്. 2017-18 സാമ്പത്തിക വർഷത്തിൽ ആകെ 5 പേർ മാത്രമാണ് ലൈബ്രറിയിൽ മെമ്പർഷിപ്പ് എടുത്തിട്ടുള്ളത്. (5 x 200 = 1000 രൂപ) ആകെ 10-ൽ താഴെ മെമ്പർമാർ മാത്രമാണ് ഈ ലൈബ്രറിയിൽ അംഗങ്ങളായിട്ടുള്ളത്. ലൈബ്രറിയും റീഡിംഗ് റൂമും ജനങ്ങൾ പ്രയോജനപ്പെടുത്താത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 26/2017-18) മറുപടിയായി ഭൗതിക സാഹചര്യങ്ങളുടെ പോരായ്മയാണെന്ന് ലൈബ്രേറിയൻ അറിയിച്ചിട്ടുണ്ട്.

ലൈബ്രറിയുടെ ഭൗതിക സാഹചര്യങ്ങളുടെ പോരായ്മ 2016-17 ഓഡിറ്റ് റിപ്പോർട്ടിലും പ്രതിപാദിച്ചിട്ടുള്ളതാണ്. നിലവിലും ലൈബ്രറിയുടെ അവസ്ഥയ്ക്ക് മാറ്റം സംഭവിച്ചിട്ടില്ല. ഗ്രന്ഥശാലകളുടെ നടത്തിപ്പ് നഗരസഭയുടെ പൊതു ചുമതലകളിൽ ഉൾപ്പെടുത്തി 06.08.2010ൽ 776/2010 നമ്പരായി വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്.

മേൽ സൂചിപ്പിച്ച ന്യൂനതകൾ പരിഹരിച്ച് ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ബില്ലിൽ നിന്ന് കോർപറേഷൻ നൽകിയ ബിറ്റുമിന്റെ വില ഈടാക്കിയതിലെയും നികുതി ഈടാക്കിയതിലെയും അപാകത മൂലം കരാറുകാർക്ക് അധികം നൽകിയത് - 44,63,431രൂപ

2016 -17 വർഷത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ നിർവഹണം ആരംഭിച്ച്, 2017 18 വർഷത്തിൽ സ്പിൽ ഓവറായി പൂർത്തിയാക്കിയ ബിറ്റുമിൻ ഉൾപ്പെട്ട മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്ന് കോർപറേഷൻ നൽകിയ ബിറ്റുമിന്റെ വില ഈടാക്കിയതിലെയും നികുതി ഈടാക്കിയതിലെയും അപാകത

മൂലം **44,63,431രൂപ** കരാറുകാർക്ക് അധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ബിറ്റുമിൻ ഉൾപ്പെട്ട റോഡ് പ്രവൃത്തികൾക്ക് ബിറ്റുമിനും എമൽഷനും കോർപറേഷനിൽ നിന്ന് കരാറുകാർക്ക് നൽകിയിട്ടുണ്ട്. ബിറ്റുമിന്റെ ഷെഡ്യൂൾ നിരക്കിന്മേൽ ഓവർഹെഡ് ചാർജ്ജും കരാറുകാരന്റെ ലാഭവും ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയാറാക്കിയിട്ടുള്ളത്. ബില്ലിൽ നിന്ന് ഈ തുകയാണ് കുറയ്ക്കേണ്ടത്. എന്നാൽ ഷെഡ്യൂൾ നിരക്കിൽ നിന്ന് ഓവർഹെഡ് ചാർജ്ജും കരാറുകാരന്റെ ലാഭവും കുറവു ചെയ്തുള്ള തുകയാണ് ബില്ലിൽ നിന്നും ഈടാക്കിയിട്ടുള്ളത്. കൂടാതെ, ആകെ പ്രവൃത്തി മൂല്യത്തിൽ നിന്നും ബിറ്റുമിന്റെ വില കുറച്ചുള്ള തുകയിന്മേലാണ് നികുതികൾ കണക്കാക്കിയിട്ടുള്ളത്. ഇക്കാരണങ്ങളാൽ കരാറുകാരന് അധിക തുക നൽകാനിടയാകുകയും നികുതിയിനത്തിൽ സർക്കാരിന് നഷ്ടമുണ്ടാകുകയും ചെയ്തിട്ടുണ്ട്. താഴെ പറയുന്ന **31**പ്രവൃത്തികളിലായി **44,63,431രൂപ** കരാറുകാർക്ക് അധികം നൽകിയിട്ടുണ്ട്. കരാറുകാരന് അധികം നൽകിയ തുക ഈടാക്കി, നികുതിയിനത്തിൽ ബാക്കി അടവാക്കാനുള്ള തുകകൾ (വാറ്റ്- 3,96,299 രൂപ, ആദായനികുതി - 1,63,709 രൂപ, നിർമാണതൊഴിലാളി ക്ഷേമനിധി വിഹിതം - 99,074 രൂപ) അതത് സ്ഥാപനങ്ങളിലേയ്ക്ക് അടവാക്കേണ്ടതും ശേഷിയ്ക്കുന്ന തുക സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതുമാണ്.കൂടാതെ, ബിറ്റുമിന്റെ എസ്റ്റിമേറ്റ് നിരക്കും മാർക്കറ്റ് വിലയും തമ്മിലുള്ള വ്യത്യാസം മൂലം, പ്രോജക്റ്റിൽ, ബിറ്റുമിൻ വാങ്ങിയതിന് ശേഷമുള്ള തുകയിൽ ലിമിറ്റ് ചെയ്ത് കരാറുകാരന് തുക നൽകിയതിനാൽ ക്രമ നമ്പർ 4, 5, 7, 9, 18, 22, 25, 26, 31 പ്രകാരമുള്ള പ്രവൃത്തികളിലായി കരാറുകാർക്ക് യഥാക്രമം 54,172 രൂപ, 64,299രൂപ,63407 രൂപ, 2,09,346 രൂപ, 67,326 രൂപ, 1,60,224 രൂപ, 9520 രൂപ, 95,444 രൂപ, 43,741 രൂപ വീതം കൂടി നൽകാനുള്ളതായി ( ആകെ 7,67,479 രൂപ) അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കരാറുകാരിൽ നിന്ന് നഗരസഭ നഷ്ടം ഈടാക്കുമ്പോൾ ഈ തുക ക്രമപ്പെടുത്തേണ്ടതാണ്.

1)

| | | |
|---|---|---|
| ഫയൽ നം. | | CCPC6/SYE/29215/16 |
| പ്രോജക്ട് | : | ഡിവിഷൻ 15ലെ ഭഗത്സിംഗ് റോഡും കുട്ടികൃഷ്ണൻ റോഡും റീടാറിംഗ് |
| പ്രോജക്ട് നം. | : | S 359/18 (S 836/17) |
| കരാറുകാരൻ | : | വർക്കി പത്രോസ് & സൺസ് |
| അളവുപുസ്തകം | : | 285/16-17 |
| കരാറുകാരന് നൽകിയ തുകയുടെ വിവരം | | 3,85,401 രൂപ, ബിൽ റഫറൻസ് നം. 249440, 13.07.2017<br>9174 രൂപ, ചെക്ക് നം.685946/ 18.04.18 |

ഈ പ്രവൃത്തിയ്ക്ക് കരാറുകാരന് കോർപറേഷൻ നൽകിയതിൽ ഉപയോഗിച്ച ബിറ്റുമിന്റെ വിവരം താഴെ കൊടുക്കുന്നു.

| | ഉപയോഗിച്ചത് (കി.ഗ്രാം) | ഷെഡ്യൂൾ നിരക്ക് ₹/ടൺ | എസ്റ്റിമേറ്റ് നിരക്ക് ₹/ടൺ (10% OH & 10% CP ഉൾപ്പെടെ) | എസ്റ്റിമേറ്റ് നിരക്കിൽ ഈടാക്കേണ്ട തുക ₹ |
|---|---|---|---|---|
| ബിറ്റുമിൻ (വി.ജി 30) | 7296.8 | 28304.26 | 34248.15 | 2,49901.90 |
| എമൽഷൻ (ആർ.എസ് 1) | 590.10 | 28471.84 | 34,450.92 | 20,329.48 |
| എമൽഷൻ (എസ്.എസ് 1) | 2016 | 28818.97 | 34,870.95 | 70299.83 |
| ആകെ | | | | 3,40,531 |

മേൽപ്പറഞ്ഞ റോഡുകളുടെ റീടാറിംഗ് പ്രവൃത്തിയുടെ ആകെ പ്രവൃത്തി മൂല്യം 6,74,363രൂപയാണ്. അളവുപുസ്തകപ്രകാരം, കോർപ്പറേഷൻ നൽകിയ ബിറ്റുമിന്റെയും എമൽഷന്റെയും വില കുറയ്ക്കേണ്ടത് എസ്റ്റിമേറ്റ് നിരക്കിൽ 3,40,531രൂപയാണ്. എന്നാൽ ഉപയോഗിച്ച ബിറ്റുമിന്റെയും എമൽഷന്റെയും വില ബില്ലിൽ നിന്ന് കുറച്ചത് 232525 രൂപയാണ്. മാത്രമല്ല 232525 രൂപ കുറച്ചിട്ടുള്ള തുകയായ 441838 രൂപയ്ക്കാണ് നികുതികൾ കണക്കാക്കിയത്. ഇതിന് പുറമെ, കരാറുകാരന് നൽകിയ ബിറ്റുമിനിൽ ഉപയോഗിയ്ക്കാതെ ബാക്കിയുള്ളവ സ്റ്റോക്കിൽ എടുത്തതായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഇവയ്ക്ക് മാർക്കറ്റ് നിരക്കിൽ വില ഈടാക്കേണ്ടതാണ്. ഈയിനത്തിൽ ഈടാക്കേണ്ട തുക താഴെ കൊടുക്കുന്നു.

| നൽകിയത് (കി.ഗ്രാം) | ഉപയോഗിച്ചത് (കി.ഗ്രാം) | ബാക്കി (കി.ഗ്രാം) | ഇൻവോയ്സ് പ്രകാരം മാർക്കറ്റ് നിരക്ക് ₹/കി.ഗ്രാം | ഈടാക്കേണ്ട തുക ₹ |
|---|---|---|---|---|
| VG 30 - 7442.8 | 7296.8 | 146 | 34.22 | 4996.12 |
| SS1 എമൽഷൻ - 2181.36 | 2016 | 165.36 | 65.72 | 10867.46 |
| RS 1 | 590.10 | 9.9 | 36.21 | 358.48 |

| | | | | |
|---|---|---|---|---|
| എമൽഷൻ - 600 | | | | |
| ആകെ | | | | 16222 |

**ഇക്കാരണങ്ങളാൽ കരാറുകാരന് അനർഹമായി 1,40,505 രൂപ അധികം നൽകി.** ആയതിന്റെ വിവരം താഴെകൊടുക്കുന്നു.

അളവുപുസ്തക പ്രകാരം നൽകേണ്ട തുക കണക്കാക്കേണ്ടത് ഇപ്രകാരമാണ്.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 6,74,363 |
| വാറ്റ് @ 4% (-) | 26975 |
| ആദായ നികുതി @2% (-) | 13487 |
| നിർമ്മാണ തൊഴിലാളി വിഹിതം @1% (-) | 6744 |
| ബിറ്റുമിൻ വില (-) | 3,40,531 |
| ഉപയോഗിയ്ക്കാത്ത ബിറ്റുമിൻ വില (-) | 16222 |
| ബാരൽ വില + കടത്തുകൂലി (നഗരസഭ കണക്കാക്കിയ നിരക്കിൽ ) (-) | 15250+1084 = 16334 |
| കരാറുകാരന് നൽകേണ്ടത് | 2,54,070 |

**നഗരസഭ കണക്കാക്കിയത്**

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 6,74,363 |
| ഉപയോഗിച്ച ബിറ്റുമിൻ വില കുറച്ചത് (-) | 2,32,525 |
| ബിറ്റുമിൻ വില കുറച്ചതിന് ശേഷമുള്ള മൂല്യം (ഇതിന്മേലാണ് നികുതികൾ കണക്കാക്കിയത്) | 4,41,838 |
| ബാരൽ വില (-) | 15,250 |
| വാറ്റ് @ 4% (-) | 17,674 |
| ആദായ നികുതി (-) | 8,837 |
| നിർമ്മാണ തൊഴിലാളി വിഹിതം (-) | 4,418 |
| കടത്തുകൂലി (-) | 1,084 |
| കരാറുകാരന് നൽകിയത് | 3,94,575 |
| കരാറുകാരന് അധികം നൽകിയത് | 3,94,575-2,54,070 = 1,40,505 രൂപ |
| വാറ്റ് കുറവ് ഈടാക്കിയത് | 26975 – 17,674 =9301 |
| ആദായ നികുതി കുറവ് ഈടാക്കിയത് | 13487 – 8,837 =4650 |
| നിർമ്മാണ തൊഴിലാളി വിഹിതം കുറവ് ഈടാക്കിയത് | 6744 – 4,418 = 2326 |

**2)**

| | | |
|---|---|---|
| ഫയൽ നം. | | CCPC6/EYE/30712/16 |
| പ്രോജക്ട് | : | ഡിവിഷൻ 43 ൽ ജവാൻ ക്രോസ്സ് റോഡ്, LBS റോഡ്,പാലയ്ക്കപ്പറമ്പ് റോഡ് റീ ടാറിംഗ് |
| പ്രോജക്ട് നം. | : | 417/18 (886/17) |
| കരാറുകാരൻ | : | റ്റി ജെ മത്തായി & കമ്പനി |
| അളവുപുസ്തകം | : | 259/16-17 |
| കരാറുകാരന് നൽകിയ തുകയുടെ വിവരം | | 7,38,938 രൂപ, ബിൽ റഫറൻസ് നം. 248273/ 12.07.2017<br>1,18,479 രൂപ, ചെക്ക് നം.686010, തി.24.04.18 |

ഈ പ്രവൃത്തിയ്ക്ക് കരാറുകാരന് കോർപറേഷൻ നൽകിയതിൽ ഉപയോഗിച്ച ബിറ്റുമിന്റെ വിവരം താഴെ കൊടുക്കുന്നു.

| | ഉപയോഗിച്ചത് | ഷെഡ്യൂൾ | എസ്റ്റിമേറ്റ് | എസ്റ്റിമേറ്റ് |
|---|---|---|---|---|

| | (കി.ഗ്രാം) | നിരക്ക് ₹/ടൺ | നിരക്ക് ₹/ടൺ (10% OH & 10% CP ഉൾപ്പെടെ) | നിരക്കിൽ ഈടാക്കേണ്ട തുക ₹ |
|---|---|---|---|---|
| ബിറ്റുമിൻ (വി.ജി 30) | ~~17471.94~~ | 28304.26 | 34248.15 | 5,98,381.62 |
| എമൽഷൻ (ആർ.എസ് 1) | 1383 | 28471.84 | 34,450.92 | 47,645.62 |
| എമൽഷൻ (എസ്.എസ് 1) | 230.07 | 28818.97 | 34,870.95 | 8,022.76 |
| ആകെ | | | | 6,54,050 |

മേൽപ്പറഞ്ഞ റോഡുകളുടെ റീടാറിംഗ് പ്രവൃത്തിയുടെ ആകെ പ്രവൃത്തി മൂല്യം 14,11,751 രൂപയാണ്. അളവുപുസ്തകപ്രകാരം, കോർപ്പറേഷൻ നൽകിയതിൽ ഉപയോഗിച്ച ബിറ്റുമിന്റെയും എമൽഷന്റെയും വില കുറയ്ക്കേണ്ടത് എസ്റ്റിമേറ്റ് നിരക്കിൽ 6,54,050രൂപയാണ്. എന്നാൽ ഉപയോഗിച്ച ബിറ്റുമിന്റെയും എമൽഷന്റെയും വില ബില്ലിൽ നിന്ന് കുറച്ചത് 4,46,628 രൂപയാണ്. മാത്രമല്ല 4,46,628 രൂപ കുറച്ചിട്ടുള്ള തുകയായ 9,65,122 രൂപയ്ക്കാണ് നികുതികൾ കണക്കാക്കിയത്. ഇക്കാരണങ്ങളാൽ **കരാറുകാരന് അനർഹമായി 2,38,685 രൂപ അധികം നൽകി.** ആയതിന്റെ വിവരം താഴെകൊടുക്കുന്നു.

അളവുപുസ്തക പ്രകാരം നൽകേണ്ട തുക കണക്കാക്കേണ്ടത് ഇപ്രകാരമാണ്.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 14,11,751 |
| വാറ്റ് @ 4% (-) | 56,470 |
| ആദായ നികുതി @2% (-) | 28,235 |
| നിർമ്മാണ തൊഴിലാളി വിഹിതം 1% (-) | 14,118 |
| ബിറ്റുമിൻ വില (-) | 6,54,050 |
| ഉപയോഗിക്കാത്ത ബിറ്റുമിന്റെ വില + ബാരൽ വില + കടത്തുകൂലി (നഗരസഭ കണക്കാക്കിയ നിരക്കിൽ ) (-) | 8857+29250+2039 = 40146 |
| കരാറുകാരന് നൽകേണ്ടത് | 6,18,732 രൂപ |

**നഗരസഭ കണക്കാക്കിയത്**

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 14,11,751 |
| ഉപയോഗിച്ച ബിറ്റുമിൻ വില കുറച്ചത് (-) | 4,46,628 |
| ബിറ്റുമിൻ വില കുറച്ചതിന് ശേഷമുള്ള മൂല്യം (ഇതിന്മേലാണ് നികുതികൾ കണക്കാക്കിയത്) | 9,65,123 |
| ഉപയോഗിക്കാത്ത ബിറ്റുമിൻ (-) | 8,857 |
| ബാരൽ വില (-) | 29,250 |
| വാറ്റ് @ 4% (-) | 38,605 |
| ആദായ നികുതി 2% (-) | 19,302 |
| നിർമ്മാണ തൊഴിലാളി വിഹിതം (-) | 9,651 |
| കടത്തുകൂലി ) (-) | 2,039 |
| കരാറുകാരന് നൽകിയത് | 8,57,417 രൂപ (857419 ന് പകരം) |
| കരാറുകാരന് അധികം നൽകിയത് | 8,57,417 - 6,18,732 = 2,38,685 രൂപ |
| വാറ്റ് കുറവ് ഈടാക്കിയത് | 56,470 – 38,605 =17,865 |
| ആദായ നികുതി കുറവ് ഈടാക്കിയത് (-) | 28,235-19,302 = 8,933 |

| | |
|---|---|
| നിർമ്മാണ തൊഴിലാളി വിഹിതം കുറവ് ഈടാക്കിയത് (-) | 14,118 -9,651 = 4,467 |

**3)**

| | | |
|---|---|---|
| ഫയൽ നം. | | CCPC6/MOE/30516/16 |
| പ്രോജക്ട് | : | കലാഭവൻ റോഡ് റീടാറിംഗ്, |
| പ്രോജക്ട് നം. | : | 404/18 (873/17) |
| കരാറുകാരൻ | : | ടി ജെ മത്തായി & കമ്പനി |
| അളവുപുസ്തകം | : | 361/16-17 |
| കരാറുകാരന് നൽകിയ തുകയുടെ വിവരം | | 5,87,207 രൂപ, ബിൽ റഫറൻസ് നം.248113/ 12.07.2017 |

ഈ പ്രവൃത്തിയ്ക്ക് കരാറുകാരന് കോർപറേഷൻ നൽകിയതിൽ ഉപയോഗിച്ച ബിറ്റുമിന്റെ വിവരം താഴെ കൊടുക്കുന്നു.

| | ഉപയോഗിച്ചത് (കി.ഗ്രാം) | ഷെഡ്യൂൾ നിരക്ക് ₹/ടൺ | എസ്റ്റിമേറ്റ് നിരക്ക് ₹/ടൺ (10% OH & 10% CP ഉൾപ്പെടെ) | എസ്റ്റിമേറ്റ് നിരക്കിൽ ഈടാക്കേണ്ട തുക ₹ |
|---|---|---|---|---|
| ബിറ്റുമിൻ (വി.ജി 30) | 7626.19 | 30832.44 | 37,307.25 | 2,84,512.18 |
| എമൽഷൻ (ആർ.എസ് 1) | 480.74 | 32394.24 | 39,197.03 | 18,843.58 |
| എമൽഷൻ (എസ്.എസ് 1) | 461.13 | 33864.84 | 40,976.45 | 18,895.47 |
| ആകെ | | | | 3,22,251 |

മേൽപ്പറഞ്ഞ റോഡുകളുടെ റീടാറിംഗ് പ്രവൃത്തിയുടെ ആകെ പ്രവൃത്തി മൂല്യം 8,76,529 രൂപയാണ്. അളവുപുസ്തകപ്രകാരം, കോർപ്പറേഷൻ നൽകിയതിൽ ഉപയോഗിച്ച ബിറ്റുമിന്റെയും എമൽഷന്റെയും വില കുറയ്ക്കേണ്ടത് എസ്റ്റിമേറ്റ് നിരക്കിൽ 3,22,251രൂപയാണ്. എന്നാൽ ഉപയോഗിച്ച ബിറ്റുമിന്റെയും എമൽഷന്റെയും വില ബില്ലിൽ നിന്ന് കുറച്ചത് 2,20,061 രൂപയാണ്. മാത്രമല്ല 2,20,061 രൂപ കുറച്ചിട്ടുള്ള തുകയായ 6,56,468രൂപയ്ക്കാണ് നികുതികൾ കണക്കാക്കിയത്. ഇക്കാരണങ്ങളാൽ **കരാറുകാരന് അനർഹമായി 1,17,593 രൂപ അധികം നൽകി.** ആയതിന്റെ വിവരം താഴെകൊടുക്കുന്നു.

അളവുപുസ്തക പ്രകാരം നൽകേണ്ട തുക കണക്കാക്കേണ്ടത് ഇപ്രകാരമാണ്.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 8,76,529 |
| വാറ്റ് @ 4% (-) | 35061 |
| ആദായ നികുതി @2% (-) | 17,531 |
| നിർമ്മാണ തൊഴിലാളി വിഹിതം 1% (-) | 8,765 |
| ബിറ്റുമിൻ വില (-) | 3,22,251 |
| ഉപയോഗിയ്ക്കാത്ത ബിറ്റുമിന്റെ വില + ബാരൽ വില + കടത്തുകൂലി (നഗരസഭ കണക്കാക്കിയ നിരക്കിൽ ) (-) | 8,631+13,750+926 = 23,307 |
| കരാറുകാരന് നൽകേണ്ടത് | 4,69,614രൂപ |

**നഗരസഭ കണക്കാക്കിയത്**

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 8,76,529 |
| ഉപയോഗിച്ച ബിറ്റുമിൻ വില കുറച്ചത് (-) | 2,20,061 |
| ബിറ്റുമിൻ വില കുറച്ചതിന് ശേഷമുള്ള മൂല്യം (ഇതിന്മേലാണ് നികുതികൾ കണക്കാക്കിയത്) | 6,56,468 |
| ഉപയോഗിക്കാത്ത ബിറ്റുമിൻ (-) | 8,631 |
| ബാരൽ വില (-) | 13750 |

| | |
|---|---|
| വാറ്റ് @ 4% (-) | 26,259 |
| ആദായ നികുതി 2% (-) | 13,130 |
| നിർമ്മാണ തൊഴിലാളി വിഹിതം 1% (-) | 6,565 |
| കടത്തുകൂലി (-) | 926 |
| കരാറുകാരന് നൽകിയത് | 5,87,207 |
| കരാറുകാരന് അധികം നൽകിയത് | 5,87,207 – 4,69,614 = 1,17,593 രൂപ |
| വാറ്റ് കുറവ് ഈടാക്കിയത് | 35061-26,259 =8,802 |
| ആദായ നികുതികുറവ് ഈടാക്കിയത് | 17,531-13,130= 4,401 |
| നിർമ്മാണ തൊഴിലാളി വിഹിതം കുറവ് ഈടാക്കിയത് | 8,765- 6,565 =2200 |

**4)**

| | | |
|---|---|---|
| ഫയൽ നം. | | CCPC6/MOE/30542/16 |
| പ്രോജക്ട് | : | ഇരട്ടക്കുളങ്ങര റോഡ് ഉയർത്തി റീ ടാറിംഗ് |
| പ്രോജക്ട് നം. | : | 500/18, (954/17) |
| കരാറുകാരൻ | : | ടി ജെ മത്തായി & കമ്പനി |
| അളവുപുസ്തകം | : | 307/16-17 |
| കരാറുകാരന് നൽകിയ തുകയുടെ വിവരം | | 833951 രൂപ, ബിൽ റഫറൻസ് നം. 992975, 09.02.2018 |

ഈ പ്രവൃത്തിയ്ക്ക് കരാറുകാരന് കോർപറേഷൻ നൽകിയതിൽ ഉപയോഗിച്ച ബിറ്റുമിന്റെ വിവരം താഴെ കൊടുക്കുന്നു.

| | ഉപയോഗിച്ചത് (കി.ഗ്രാം) | ഷെഡ്യൂൾ നിരക്ക് ₹/ടൺ | എസ്റ്റിമേറ്റ് നിരക്ക് ₹/ടൺ (10% OH & 10% CP ഉൾപ്പെടെ) | എസ്റ്റിമേറ്റ് നിരക്കിൽ ഈടാക്കേണ്ട തുക ₹ |
|---|---|---|---|---|
| ബിറ്റുമിൻ (വി.ജി 30) | 13095.38 | 28304.26 | 34248.15 | 4,48,492.53 |
| എമൽഷൻ (ആർ.എസ് 1) | 1059.48 | 28471.84 | 34,450.92 | 36,500 |
| എമൽഷൻ (എസ്.എസ് 1) | 756 | 28818.97 | 34,870.95 | 26,362.44 |
| ആകെ | | | | 5,11,355 |

മേൽപ്പറഞ്ഞ റോഡുകളുടെ റീടാറിംഗ് പ്രവൃത്തിയുടെ ആകെ പ്രവൃത്തി മൂല്യം 13,80,006രൂപയാണ്. കോർപ്പറേഷൻ നൽകിയ ബിറ്റുമിന്റെയും എമൽഷന്റെയും വിലകുറയ്ക്കേണ്ടത് എസ്റ്റിമേറ്റ് നിരക്കിൽ 5,11,355 രൂപയാണ്. എന്നാൽ ഉപയോഗിച്ച ബിറ്റുമിന്റെയും എമൽഷന്റെയും വില ബില്ലിൽ നിന്ന് കുറച്ചത് 3,83,096രൂപയാണ്. മാത്രമല്ല 3,83,096 രൂപ കുറച്ചിട്ടുള്ള തുകയായ 9,96,910 രൂപയ്ക്കാണ് നികുതികൾ കണക്കാക്കിയത്.ഇത് പ്രോജക്ടിൽ, ബിറ്റുമിൻ വാങ്ങിയതിന് ശേഷമുള്ള തുകയായ 9,05,343 രൂപയായി ലിമിറ്റ് ചെയ്തു. ഇക്കാരണങ്ങളാൽ **കരാറുകാരന് അനർഹമായി 1,00,905 രൂപ അധികം നൽകി.** ആയതിന്റെ വിവരം താഴെകൊടുക്കുന്നു.

അളവുപുസ്തക പ്രകാരം നൽകേണ്ട തുക കണക്കാക്കേണ്ടത് ഇപ്രകാരമാണ്.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 13,80,006 |
| വാറ്റ് @ 4% (-) | 55,200 |
| ആദായ നികുതി @2% (-) | 27,600 |
| നിർമ്മാണ തൊഴിലാളി വിഹിതം 1%(-) | 13,800 |
| | |

| | |
|---|---|
| ബിറ്റുമിൻ വില (-) | 5,11,355 |
| ഉപയോഗിയ്ക്കാത്ത ബിറ്റുമിന്റെ വില + ബാരൽ വില + കടത്തുകൂലി (നഗരസഭ കണക്കാക്കിയ നിരക്കിൽ ) (-) | 14,396+23,000+1609 = 39,005 |
| കരാറുകാരന് നൽകേണ്ടത് | 7,33,046 രൂപ |

**നഗരസഭ കണക്കാക്കിയത്**

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 13,80,006 |
| ഉപയോഗിച്ച ബിറ്റുമിൻ വില കുറച്ചത് (-) | 3,83,096 |
| ബിറ്റുമിൻ വില കുറച്ചതിന് ശേഷമുള്ള മൂല്യം (ഇതിന്മേലാണ് നികുതികൾ കണക്കാക്കിയത്) | 9,96,910 |
| ഉപയോഗിക്കാത്ത ബിറ്റുമിൻ (-) | 14,396 |
| ബാരൽ വില (-) | 23,000 |
| മേൽ പറഞ്ഞ കുറവുകൾക്ക് ശേഷമുള്ള പ്രവൃത്തി മൂല്യം | 9,59,515 . ഇത് 9,05,343 രൂപയിൽ ലിമിറ്റ് ചെയ്തു |
| വാറ്റ് @ 4% (-) | 39,876 |
| ആദായ നികുതി (-) | 19,938 |
| നിർമ്മാണ തൊഴിലാളി വിഹിതം (-) | 9,969 |
| കടത്തുകൂലി (-) | 1,609 |
| കരാറുകാരന് നൽകിയത് | 8,33,951 രൂപ |
| കരാറുകാരന് അധികം നൽകിയത് | 8,33,951 – 7,33,046=1,00,905 രൂപ |
| വാറ്റ് കുറവ് ഈടാക്കിയത് | 55,200-39,876 = 15,324 |
| ആദായ നികുതി കുറവ് ഈടാക്കിയത് | 27,600-19,938 = 7662 |
| നിർമ്മാണ തൊഴിലാളി വിഹിതം കുറവ് ഈടാക്കിയത് | 13,800-9,969 =3831 |

**5)**

| | | |
|---|---|---|
| പദ്ധതി | : | കെ.പി.എ.സി. റോഡ് മുതൽ കൃഷ്ണൻ നായർ റോഡ് വരെയും ചെറളായി റോഡും (ഡിവിഷൻ.4) |
| പ്രോജക്ട് നം. | : | 776/17, 310/18 |
| കരാറുകാരൻ | : | ഷബിൻ .എ. |
| അടങ്കൽ | | ₹13,00,000, 2014 ലെ നിരക്ക് , കോസ്റ്റ് ഇൻഡക്സ് - 44.76% |
| അളവുപുസ്തകം | | 330/16-17 |
| നിർവഹണം | | സൂപ്രണ്ടിംഗ് എഞ്ചിനീയർ |
| കരാറുകാരന് തുക നൽകിയതിന്റെ വിവരം | | 763024 രൂപ. ബിൽ റഫറൻസ് നം. 531276 തി. 10.10.2017 |
| ഓഡിറ്റ് എൻക്വയറി നം1,00,905 . | | 134/17-18, തി. 24.11.2018 |

ഈ പ്രവൃത്തിയ്ക്ക് കരാറുകാരന് കോർപറേഷൻ നൽകിയതിൽ ഉപയോഗിച്ച ബിറ്റുമിന്റെ വിവരം താഴെ കൊടുക്കുന്നു.

| | ഉപയോഗിച്ചത് (കി.ഗ്രാം) | ഷെഡ്യൂൾ നിരക്ക് ₹/ടൺ | എസ്റ്റിമേറ്റ് നിരക്ക് ₹/ടൺ | എസ്റ്റിമേറ്റ് നിരക്കിൽ |
|---|---|---|---|---|

| | | | (10% OH & 10% CP ഉൾപ്പെടെ) | ഈടാക്കേണ്ട തുക ₹ |
|---|---|---|---|---|
| ബിറ്റുമിൻ (വി.ജി 30) | 11,164.53 | 28304.26 | 34248.15 | 3,82,364.5 |
| എമൽഷൻ (ആർ.എസ് 1) | 848.9 | 28471.84 | 34,450.92 | 29,245.38 |
| എമൽഷൻ (എസ്.എസ് 1) | 630 | 28818.97 | 34,870.95 | 21,968.7 |
| ആകെ | | | | 4,33,579 |

മേൽപ്പറഞ്ഞ റോഡുകളുടെ റീടാറിംഗ് പ്രവൃത്തിയുടെ ആകെ പ്രവൃത്തി മൂല്യം 1206597 രൂപയാണ്. എസ്റ്റിമേറ്റ് നിരക്ക് പ്രകാരം ഉപയോഗിച്ച ബിറ്റുമിന്റെ വില കുറയ്ക്കേണ്ടത് എസ്റ്റിമേറ്റ് നിരക്കിൽ 4,33,579എന്നാൽ ഉപയോഗിച്ച ബിറ്റുമിന്റെയും എമൽഷന്റെയും വില ബില്ലിൽ നിന്ന് കുറച്ചത് 296041 രൂപയാണ്. മാത്രമല്ല 296401 രൂപ കുറച്ചിട്ടുള്ള തുകയായ 910556 രൂപയ്ക്കാണ് നികുതികൾ കണക്കാക്കിയത്. ഇത് പ്രോജക്ടിൽ, ബിറ്റുമിൻ വാങ്ങിയതിന് ശേഷമുള്ള തുകയായ 819009 രൂപയായി ലിമിറ്റ് ചെയ്തു. ഇക്കാരണങ്ങളാൽ **കരാറുകാരന് അനർഹമായി 89649 രൂപ അധികം നൽകി.** ആയതിന്റെ വിവരം താഴെകൊടുക്കുന്നു.

അളവുപുസ്തക പ്രകാരം നൽകേണ്ട തുക കണക്കാക്കേണ്ടത് ഇപ്രകാരമാണ്.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 1206597 |
| വാറ്റ് @ 4% (-) | 48264 |
| ആദായ നികുതി 1% (-) | 12066 |
| നിർമ്മാണ തൊഴിലാളി വിഹിതം 1%(-) | 12066 |
| ബിറ്റുമിൻ വില (-) | 4,33,579 |
| ഉപയോഗിയ്ക്കാത്ത ബിറ്റുമിന്റെ വില + ബാരൽ വില + കടത്തുകൂലി (നഗരസഭ കണക്കാക്കിയ നിരക്കിൽ ) (-) | 6397+19500+ + 1351 = 27248 |
| കരാറുകാരന് നൽകേണ്ടത് | 6,73,375 രൂപ |

**നഗരസഭ കണക്കാക്കിയത്**

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 1206597 |
| ഉപയോഗിച്ച ബിറ്റുമിൻ വില കുറച്ചത് (-) | 296041 |
| ബിറ്റുമിൻ വില കുറച്ചതിന് ശേഷമുള്ള മൂല്യം (ഇതിന്മേലാണ് നികുതികൾ കണക്കാക്കിയത്) | 9,10,556 |
| ഉപയോഗിക്കാത്ത ബിറ്റുമിൻ (-) | 6397 |
| കടത്തുകൂലി (-) | 1351 |
| ബാരൽ വില (-) | 19500 |
| മേൽ പറഞ്ഞ കുറവുകൾക്ക് ശേഷമുള്ള പ്രവൃത്തി മൂല്യം | 883308. ഇത് 819009 രൂപയായി ലിമിറ്റ് ചെയ്തു. |
| വാറ്റ് @ 4% (-) | 36422 |
| ആദായ നികുതി 1% (-) | 9106 |
| നിർമ്മാണ തൊഴിലാളി വിഹിതം1% (-) | 9106 |
| കടത്തുകൂലി (ഇത് വീണ്ടും കുറച്ചിട്ടുണ്ട്) (-) | 1351 |
| കരാറുകാരന് നൽകിയത് | 763024 |
| കരാറുകാരന് അധികം നൽകിയത് | 763024 -6,73,375 =89649 രൂപ |
| വാറ്റ് കുറവ് ഈടാക്കിയത് | 48264- |

| | |
|---|---|
| | 36422=11842 |
| ആദായ നികതി കറവ് ഈടാക്കിയത് | 12066-9106=2960 |
| നിർമ്മാണ തൊഴിലാളി വിഹിതംകറവ് ഈടാക്കിയത് | 12066-9106=2960 |

6)

| | | |
|---|---|---|
| ഫയൽ നം. | | CCPC6/SYE/29554/16 |
| പ്രോജക്ട് & നം | : | ശങ്കരനാരായണ ടെംപിൾറോഡ് റീ ടാറിംഗ്. 377/18, (852/17) |
| അളവുപുസ്തകം | : | 283/16-17 |
| കരാറുകാരൻ | : | വർക്കി പത്രോസ് & സൺസ് |
| കരാറുകാരന് നൽകിയ തുകയുടെ വിവരം | | 326901 രൂപ, ബിൽ റഫറൻസ് നം. 247619/ 12.07.2017<br>70949 രൂപ, ചെക്ക് നം. 685946/ 18.04.2018 |

ഈ പ്രവൃത്തിയ്ക്ക് കരാറുകാരന് കോർപറേഷൻ നൽകിയതിൽ ഉപയോഗിച്ച ബിറ്റുമിന്റെ വിവരം താഴെ കൊടുക്കുന്നു.

| | ഉപയോഗിച്ചത് (കി.ഗ്രാം) | ഷെഡ്യൂൾ നിരക്ക് ₹/ടൺ | എസ്റ്റിമേറ്റ് നിരക്ക് ₹/ടൺ (10% OH & 10% CP ഉൾപ്പെടെ) | എസ്റ്റിമേറ്റ് നിരക്കിൽ ഈടാക്കേണ്ട തുക ₹ |
|---|---|---|---|---|
| ബിറ്റുമിൻ (വി.ജി 30) | 6962.45 | 28304.26 | 34248.15 | 2,38,451 |
| എമൽഷൻ (ആർ.എസ് 1) | 550 | 28471.84 | 34,450.92 | 18,948 |
| എമൽഷൻ (എസ്.എസ് 1) | 1938.2 | 28818.97 | 34,870.95 | 67,586.88 |
| ആകെ | | | | 3,24,985.88 =3,24,986രൂപ |

മേൽപ്പറഞ്ഞ റോഡുകളുടെ റീടാറിംഗ് പ്രവൃത്തിയുടെ ആകെ പ്രവൃത്തി മൂല്യം 6,66,690 രൂപയാണ്. അളവുപുസ്തകപ്രകാരം, കോർപ്പറേഷൻ നൽകിയതിൽ ഉപയോഗിച്ച ബിറ്റുമിന്റെയും എമൽഷന്റെയും വില കുറയ്ക്കേണ്ടത് എസ്റ്റിമേറ്റ് നിരക്കിൽ 3,24,986 രൂപയാണ്. എന്നാൽ ഉപയോഗിച്ച ബിറ്റുമിന്റെയും എമൽഷന്റെയും വില ബില്ലിൽ നിന്ന് കുറച്ചത് 2,21,905 രൂപയാണ്. മാത്രമല്ല 2,21,905 രൂപ കുറച്ചിട്ടുള്ള തുകയായ 4,44,785 രൂപയ്ക്കാണ് നികുതികൾ കണക്കാക്കിയത്. ഇക്കാരണങ്ങളാൽ **കരാറുകാരന് അനർഹമായി 1,36,407 രൂപ അധികം നൽകി.** ആയതിന്റെ വിവരം താഴെകൊടുക്കുന്നു.

അളവുപുസ്തക പ്രകാരം നൽകേണ്ട തുക കണക്കാക്കേണ്ടത് ഇപ്രകാരമാണ്.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 6,66,690 രൂപ |
| വാറ്റ് @ 4% (-) | 26,668 രൂപ |
| ആദായ നികുതി @2% (-) | 13,334 രൂപ |
| നിർമ്മാണ തൊഴിലാളി വിഹിതം 1@(-) | 6,667 രൂപ |
| ബിറ്റുമിൻ വില (-) | 3,24,986 |
| ഉപയോഗിയ്ക്കാത്ത ബിറ്റുമിന്റെ വില + ബാരൽ വില + കടത്തുകൂലി (നഗരസഭ കണക്കാക്കിയ നിരക്കിൽ ) (-) | 17791+14750+1050= 33,591 |
| കരാറുകാരന് നൽകേണ്ടത് | 2,61,444 രൂപ |

**നഗരസഭ കണക്കാക്കിയത്**

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 6,66,690 |
| ഉപയോഗിച്ച ബിറ്റുമിൻ വില കുറച്ചത് (-) | 2,21,905 |

| | |
|---|---|
| ബിറ്റുമിൻ വില കുറച്ചതിന് ശേഷമുള്ള മൂല്യം (ഇതിന്മേലാണ് നികുതികൾ കണക്കാക്കിയത്) | 4,44,785 |
| ബാരൽ വില (-) | 14750 |
| വാറ്റ് @ 4% (-) | 17791 |
| ആദായ നികുതി @2% (-) | 8896 |
| നിർമ്മാണ തൊഴിലാളി വിഹിതം 1@ (-) | 4448 |
| കടത്തുകൂലി (-) | 1049 |
| കരാറുകാരന് നൽകിയത് | 3,97,850 രൂപ |
| കരാറുകാരന് അധികം നൽകിയത് | 3,97,851 – 2,61,444 = 1,36,407 രൂപ |
| വാറ്റ് കുറവ് ഈടാക്കിയത് | 26,668 – 17791= 8,877 രൂപ |
| ആദായ നികുതി കുറവ് ഈടാക്കിയത് | 13,334 – 8896 =4,438 രൂപ |
| നിർമ്മാണ തൊഴിലാളി വിഹിതം കുറവ് ഈടാക്കിയത് | 6667 – 4448 = 2,219 രൂപ |

7)

| | | |
|---|---|---|
| ഫയൽ നം. | | CCPC6/FCE/29175/16 |
| പ്രോജക്ട് & നം | : | ഡിവിഷൻ 7 ലെ ടി ഡി ഈസ്റ്റ് റോഡ്,എ കെ റോഡ് & പള്ളിയറക്കാവ് റോഡ് റീടാറിംഗ്.317/18 (783/17) |
| കരാറുകാരൻ | : | വർക്കി പത്രോസ് & സൺസ്. |
| അളവുപുസ്തകം | : | 93/ 16-17 |
| കരാറുകാരന് നൽകിയ തുകയുടെ വിവരം | | 5,59,303രൂപ , ബിൽ റഫറൻസ് നം.248461/ 13.07/2017 |

ഈ പ്രവൃത്തിയ്ക്ക് കരാറുകാരന് കോർപറേഷൻ നൽകിയ തിൽ ഉപയോഗിച്ച ബിറ്റുമിന്റെ വിവരം താഴെ കൊടുക്കുന്നു.

| | ഉപയോഗിച്ചത് (കി.ഗ്രാം) | ഷെഡ്യൂൾ നിരക്ക് ₹/ടൺ | എസ്റ്റിമേറ്റ് നിരക്ക് ₹/ടൺ (10% OH & 10% CP ഉൾപ്പെടെ) | എസ്റ്റിമേറ്റ് നിരക്കിൽ ഈടാക്കേണ്ട തുക ₹ |
|---|---|---|---|---|
| ബിറ്റുമിൻ (വി.ജി 30) | 12626.02 | 28304.26 | 34248.15 | 4,32,417.83 |
| എമൽഷൻ (ആർ.എസ് 1) | 975 | 28471.84 | 34450.92 | 33,589.65 |
| എമൽഷൻ (എസ്.എസ് 1) | ഇല്ല | - | - | |
| ആകെ | | | | 4,66,007 |

മേൽപ്പറഞ്ഞ റോഡുകളുടെ റീടാറിംഗ് പ്രവൃത്തിയുടെ ആകെ പ്രവൃത്തി മൂല്യം 10,24,271രൂപയാണ്. അളവുപുസ്തകപ്രകാരം, കോർപ്പറേഷൻ നൽകിയതിൽ ഉപയോഗിച്ച ബിറ്റുമിന്റെയും എമൽഷന്റെയും വില കുറയ്ക്കേണ്ടത് എസ്റ്റിമേറ്റ് നിരക്കിൽ 4,66,007 രൂപയാണ്. എന്നാൽ ഉപയോഗിച്ച ബിറ്റുമിന്റെയും എമൽഷന്റെയും വില ബില്ലിൽ നിന്ന് കുറച്ചത് 3,18,225 രൂപയാണ്. മാത്രമല്ല 3,18,225 രൂപ കുറച്ചിട്ടുള്ള തുകയായ 7,06,046 രൂപയ്ക്കാണ് നികുതികൾ കണക്കാക്കിയത്. ഇക്കാരണങ്ങളാൽ **കരാറുകാരന് അനർഹമായി 1,06,650 രൂപ അധികം നൽകി.** ആയതിന്റെ വിവരം താഴെകൊടുക്കുന്നു.

അളവുപുസ്തക പ്രകാരം നൽകേണ്ട തുക കണക്കാക്കേണ്ടത് ഇപ്രകാരമാണ്.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 10,24,271 |
| | |

| | |
|---|---|
| വാറ്റ് @ 4% (-) | 40,971 |
| ആദായ നികതി @2% (-) | 20,485 |
| നിർമ്മാണ തൊഴിലാളി വിഹിതം 1% (-) | 10,243 |
| ബിറ്റുമിൻ വില (-) | 4,66,007 |
| ഉപയോഗിയ്ക്കാത്ത ബിറ്റുമിന്റെ വില + ബാരൽ വില + കടത്തുകൂലി (നഗരസഭ കണക്കാക്കിയ നിരക്കിൽ ) (-) | 10,441+22,000+1471 = 33912 |
| കരാറുകാരന് നൽകേണ്ടത് | 4,52,653 രൂപ |

**നഗരസഭ കണക്കാക്കിയത്**

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 10,24,271 |
| ഉപയോഗിച്ച ബിറ്റുമിൻ വില കുറച്ചത് (-) | 3,18,225 |
| ബിറ്റുമിൻ വില കുറച്ചതിന് ശേഷമുള്ള മൂല്യം (ഇതിന്മേലാണ് നികുതികൾ കണക്കാക്കിയത്) | 7,06,046 |
| ഉപയോഗിക്കാത്ത ബിറ്റുമിൻ (-) | 10,441 |
| ബാരൽ വില (-) | 22,000 |
| മേൽ പറഞ്ഞ കുറവുകൾക്ക് ശേഷമുള്ള പ്രവൃത്തി മൂല്യം | 6,73,605. ഇത് 6,10,198 രൂപയിൽ ലിമിറ്റ് ചെയ്തു. |
| വാറ്റ് @ 4% (-) | 28,242 |
| ആദായ നികുതി 2% (-) | 14,121 |
| നിർമ്മാണ തൊഴിലാളി വിഹിതം 1% (-) | 7061 |
| കടത്തുകൂലി (-) | 1471 |
| കരാറുകാരന് നൽകിയത് | 5,59,303 രൂപ |
| കരാറുകാരന് അധികം നൽകിയത് | 5,59,303 - 4,52,653 = 1,06,650 രൂപ |
| വാറ്റ് കുറവ് ഈടാക്കിയത് | 40,971 – 28,242= 12,729രൂപ |
| ആദായ നികുതി കുറവ് ഈടാക്കിയത് | 20,485 - 14,121 = 6,364രൂപ |
| നിർമ്മാണ തൊഴിലാളി വിഹിതംകുറവ് ഈടാക്കിയത് | 10,243 – 7061 = 3,182രൂപ |

**8)**

| | | |
|---|---|---|
| ഫയൽ നം. | | CCPC6/FCE/29186/16 |
| പ്രോജക്ട് & നം | : | റ്റി &ആർ ക്രോസ്സ് റോഡ് റീടാറിംഗ്, 328/18 (794/17) |
| കരാറുകാരൻ | : | വർക്കി പത്രോസ് & സൺസ്. |
| അളവുപുസ്തകം | : | 359/16-17 |
| കരാറുകാരന് നൽകിയ തുകയുടെ വിവരം | | 5,27,452 രൂപ,ബിൽ റഫറൻസ് നം. 158315/16.06.2017 |

ഈ പ്രവൃത്തിയ്ക്ക് കരാറുകാരന് കോർപറേഷൻ നൽകിയ തിൽ ഉപയോഗിച്ച ബിറ്റുമിന്റെ വിവരം താഴെ കൊടുക്കുന്നു.

| | ഉപയോഗിച്ചത് (കി.ഗ്രാം) | ഷെഡ്യൂൾ നിരക്ക് ₹/ടൺ | എസ്റ്റിമേറ്റ് നിരക്ക് ₹/ടൺ | എസ്റ്റിമേറ്റ് നിരക്കിൽ ഈടാക്കേണ്ട തുക ₹ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | (10% OH & 10% CP ഉൾപ്പെടെ) | |
| ബിറ്റുമിൻ (വി.ജി 30) | 11,536.26 | 28304.26 | 34248.15 | 3,95,095.56 |
| എമൽഷൻ (ആർ.എസ് 1) | 3240 | 28471.84 | 34450.92 | 1,11,620.98 |
| എമൽഷൻ (എസ്.എസ് 1) | ഇല്ല | - | - | - |
| ആകെ | | | | 5,06,717 |

മേൽപ്പറഞ്ഞ റോഡുകളുടെ റീടാറിംഗ് പ്രവൃത്തിയുടെ ആകെ പ്രവൃത്തി മൂല്യം 9,87,037രൂപയാണ്. അളവുപുസ്തകപ്രകാരം, കോർപ്പറേഷൻ നൽകിയതിൽ ഉപയോഗിച്ച ബിറ്റുമിന്റെയും എമൽഷന്റെയും വില കുറയ്ക്കേണ്ടത് എസ്റ്റിമേറ്റ് നിരക്കിൽ 5,06,717 രൂപയാണ്. എന്നാൽ ഉപയോഗിച്ച ബിറ്റുമിന്റെയും എമൽഷന്റെയും വില ബില്ലിൽ നിന്ന് കുറച്ചത് 3,47,578രൂപയാണ്. മാത്രമല്ല 3,47,578 രൂപ കുറച്ചിട്ടുള്ള തുകയായ 6,39,459രൂപയ്ക്കാണ് നികുതികൾ കണക്കാക്കിയത്. ഇക്കാരണങ്ങളാൽ **കരാറുകാരന് അനർഹമായി 1,83,468 രൂപ അധികം നൽകി.** ആയതിന്റെ വിവരം താഴെകൊടുക്കുന്നു.

അളവുപുസ്തക പ്രകാരം നൽകേണ്ട തുക കണക്കാക്കേണ്ടത് ഇപ്രകാരമാണ്.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 9,87,037 |
| വാറ്റ് @ 4% (-) | 39,481 |
| ആകെ | | | | 1,65,744 |

മേൽപ്പറഞ്ഞ റോഡുകളുടെ റീടാറിംഗ് പ്രവൃത്തിയുടെ ആകെ പ്രവൃത്തി മൂല്യം .... രൂപയാണ്. അളവുപുസ്തകപ്രകാരം, കോർപ്പറേഷൻ നൽകിയതിൽ ഉപയോഗിച്ച ബിറ്റുമിന്റെയും എമൽഷന്റെയും വില കുറയ്ക്കേണ്ടത് എസ്റ്റിമേറ്റ് നിരക്കിൽ1,65,744 രൂപയാണ്. എന്നാൽ ഉപയോഗിച്ച ബിറ്റുമിന്റെയും എമൽഷന്റെയും വില ബില്ലിൽ നിന്ന് കുറച്ചത് 113252രൂപയാണ്. മാത്രമല്ല 113252 രൂപ കുറച്ചിട്ടുള്ള തുകയായ 473749 രൂപയ്ക്കാണ് നികുതികൾ കണക്കാക്കിയത്. ഇക്കാരണങ്ങളാൽ **കരാറുകാരന് അനർഹമായി 24,234 രൂപ അധികം നൽകി.** ആയതിന്റെ വിവരം താഴെകൊടുക്കുന്നു.

അളവുപുസ്തക പ്രകാരം നൽകേണ്ട തുക കണക്കാക്കേണ്ടത് ഇപ്രകാരമാണ്.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 5,86,901 |
| വാറ്റ് @ 4% (-) | 23,476 |
| ആദായ നികുതി 2% (-) | 11,738 |
| നിർമ്മാണ തൊഴിലാളി വിഹിതം 1% (-) | 5869 |
| ബിറ്റുമിൻ വില (-) | 1,65,744 |
| ഉപയോഗിയ്ക്കാത്ത ബിറ്റുമിന്റെ വില + ബാരൽ വില + കടത്തുകൂലി (നഗരസഭ കണക്കാക്കിയ നിരക്കിൽ ) (-) | 3206 + 7500 +523 = 11229 |
| കരാറുകാരന് നൽകേണ്ടത് | 3,68,845 രൂപ |

**നഗരസഭ കണക്കാക്കിയത്**

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം ₹ | 5,86,901 |
| ഉപയോഗിച്ച ബിറ്റുമിൻ വില കുറച്ചത് (-) | 113152 |
| ബിറ്റുമിൻ വില കുറച്ചതിന് ശേഷമുള്ള മൂല്യം (ഇതിന്മേലാണ് നികുതികൾ കണക്കാക്കിയത്) | 473749 |
| ഉപയോഗിക്കാത്ത ബിറ്റുമിൻ (-) | 3206 |
| ബാരൽ വില (-) | 7500 |
| മേൽ പറഞ്ഞ കുറവുകൾക്ക് ശേഷമുള്ള പ്രവൃത്തി മൂല്യം | 463043. ഇത് 426765 രൂപയിൽ ലിമിറ്റ് ചെയ്തു |
| വാറ്റ് @ 4% (-) | 18950 |
| ആദായ നികുതി 2% (-) | 9475 |
| നിർമ്മാണ തൊഴിലാളി വിഹിതം1% (-) | 4738 |
| കടത്തുകൂലി (-) | 523 |
| കരാറുകാരന് നൽകിയത് | 393079 രൂപ |
| കരാറുകാരന് അധികം നൽകിയത്<br>(393079 -3,68,845) | 24,234 |
| വാറ്റ് കുറവ് ഈടാക്കിയത്<br>(23,476 -18950) | 4526 |
| ആദായ നികുതി കുറവ് ഈടാക്കിയത്<br>(11738 - 9475 ) | 2263 |
| നിർമ്മാണ തൊഴിലാളി വിഹിതം കുറവ് ഈടാക്കിയത് (5869 - 4738) | 1131 |

**29)**

| | | |
|---|---|---|
| ഫയൽ നം. | | CCPC6/FCE/29196/16 |
| പ്രോജക്ട് & നം | : | സെന്റ് ജോസഫ് റോഡും അനുബന്ധ റോഡും കാന, ടൈൽ & റീടാറിംഗ്, 342/18, (805/17) |
| കരാറുകാരൻ | : | വർക്കി പത്രോസ് & സൺസ് |
| അളവുപുസ്തകം | : | 353/16-17 |
| കരാറുകാരന് നൽകിയ തുകയുടെ വിവരം | | 27,42,968 രൂപ .ബിൽ റഫറൻസ് നം. 158268, 16.06.2017 |

ഈ പ്രവൃത്തിയ്ക്ക് കരാറുകാരന് കോർപറേഷൻ നൽകിയ തിൽ ഉപയോഗിച്ച ബിറ്റുമിന്റെ വിവരം താഴെ കൊടുക്കുന്നു.

| | ഉപയോഗിച്ചത് (കി.ഗ്രാം) | ഷെഡ്യൂൾ നിരക്ക് ₹/ടൺ | എസ്റ്റിമേറ്റ് നിരക്ക് ₹/ടൺ (10% OH & 10% CP ഉൾപ്പെടെ) | എസ്റ്റിമേറ്റ് നിരക്കിൽ ഈടാക്കേണ്ട തുക ₹ |
|---|---|---|---|---|
| ബിറ്റുമിൻ (വി.ജി 30) | 1100.84 | 28304.26 | 34248.15 | 37,701.73 |
| എമൽഷൻ (ആർ.എസ് 1) | 78.4 | 28471.84 | 34450.92 | 2700.95 |
| എമൽഷൻ (എസ്.എസ് 1) | 0 | 28818.97 | 34,870.95 | |
| ആകെ | | | | 40,403 |

മേൽപ്പറഞ്ഞ റോഡുകളുടെ റീടാറിംഗ് പ്രവൃത്തിയുടെ ആകെ പ്രവൃത്തി മൂല്യം 29,89,914 രൂപയാണ്. അളവുപുസ്തകപ്രകാരം, കോർപ്പറേഷൻ നൽകിയതിൽ ഉപയോഗിച്ച ബിറ്റുമിന്റെയും എമൽഷന്റെയും വില കുറയ്ക്കേണ്ടത് എസ്റ്റിമേറ്റ് നിരക്കിൽ 40,403രൂപയാണ്. എന്നാൽ ഉപയോഗിച്ച ബിറ്റുമിന്റെയും എമൽഷന്റെയും വില ബില്ലിൽ നിന്ന് കുറച്ചത് 27,096 രൂപയാണ്. മാത്രമല്ല 27,096 രൂപ കുറച്ചിട്ടുള്ള തുകയായ 29,62,818 രൂപയ്ക്കാണ് നികുതികൾ കണക്കാക്കിയത്. ഇക്കാരണങ്ങളാൽ **കരാറുകാരന് അനർഹമായി 15,206 രൂപ അധികം നൽകി.** ആയതിന്റെ വിവരം താഴെകൊടുക്കുന്നു.

അളവുപുസ്തക പ്രകാരം നൽകേണ്ട തുക കണക്കാക്കേണ്ടത് ഇപ്രകാരമാണ്.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 29,89,914 |
| വാറ്റ് @ 4% (-) | 11,95,97 |
| ആദായ നികുതി 2% (-) | 59,798 |
| നിർമ്മാണ തൊഴിലാളി വിഹിതം 1% (-) | 29,899 |
| ബിറ്റുമിൻ വില (-) | 40,403 |
| ഉപയോഗിയ്ക്കാത്ത ബിറ്റുമിന്റെ വില + ബാരൽ വില + കടത്തുകൂലി (നഗരസഭ കണക്കാക്കിയ നിരക്കിൽ ) (-) | 10,053 + 2250 + 152 = 12,455 |
| കരാറുകാരന് നൽകേണ്ടത് | 27,27,762 രൂപ |

**നഗരസഭ കണക്കാക്കിയത്**

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം ₹ | 29,89,914 |
| ഉപയോഗിച്ച ബിറ്റുമിൻ വില കുറച്ചത് (-) | 27096 |
| ബിറ്റുമിൻ വില കുറച്ചതിന് ശേഷമുള്ള മൂല്യം (ഇതിന്മേലാണ് നികുതികൾ കണക്കാക്കിയത്) | 29,62,818 |
| ഉപയോഗിക്കാത്ത ബിറ്റുമിൻ (-) | 10053 |
| ബാരൽ വില (-) | 2250 |
| വാറ്റ് @ 4% (-) | 118513 |
| ആദായ നികുതി 2% (-) | 59256 |
| നിർമ്മാണ തൊഴിലാളി വിഹിതം1% (-) | 29628 |
| കടത്തുകൂലി (-) | 152 |
| കരാറുകാരന് നൽകിയത് | 27,42,968 |
| കരാറുകാരന് അധികം നൽകിയത് ( 27,42,968 - 27,27,762) | 15,206 രൂപ |
| വാറ്റ് കുറവ് ഈടാക്കിയത് (11,95,97 - 118513) | 1084 |
| ആദായ നികുതി കുറവ് ഈടാക്കിയത് (59798 - 59256) | 542 |
| നിർമ്മാണ തൊഴിലാളി വിഹിതം കുറവ് ഈടാക്കിയത് (29899 _ 29628) | 271 |

**30)**

| | | |
|---|---|---|
| ഫയൽ നം. | | CCPC6/EYE/30708/16 |
| പ്രോജക്ട് & നം | : | മനയ്ക്കപ്പറമ്പ് റോഡ്, ബൈലെയ്നുകളുടെ ടാറിംഗ്, കാന പുനരുദ്ധാരണം. 409/18, (880/17) |
| കരാറുകാരൻ | : | ബെനീഷ് കെ.ആർ |
| അളവുപുസ്തകം | : | 412/16-17, ,427/16-17 |
| കരാറുകാരന് നൽകിയ തുകയുടെ വിവരം | | 22,52,470 രൂപ .ബിൽ റഫറൻസ് നം. 1585/ 29.03.2017 |

ഈ പ്രവൃത്തിയ്ക്ക് കരാറുകാരന് കോർപറേഷൻ നൽകിയതിൽ ഉപയോഗിച്ച ബിറ്റുമിന്റെ വിവരം താഴെ കൊടുക്കുന്നു.

| | ഉപയോഗിച്ചത് (കി.ഗ്രാം) | ഷെഡ്യൂൾ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് | എസ്റ്റിമേറ്റ് നിരക്കിൽ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | ₹/ടൺ | ₹/ടൺ (10% OH & 10% CP ഉൾപ്പെടെ) | ഈടാക്കേണ്ട തുക ₹ |
| ബിറ്റുമിൻ (വി.ജി 30) | 10,837.76 | 28304.26 | 34248.15 | 3,71,173.23 |
| എമൽഷൻ (ആർ.എസ് 1) | 827.5 | 28471.84 | 34450.92 | 28508.14 |
| എമൽഷൻ (എസ്.എസ് 1) | 0 | 28818.97 | 34,870.95 | 0 |
| ആകെ | | | | 3,99,681 |

മേൽപ്പറഞ്ഞ റോഡുകളുടെ റീടാറിംഗ് പ്രവൃത്തിയുടെ ആകെ പ്രവൃത്തി മൂല്യം 26,96,411 രൂപയാണ്. അളവുപുസ്തകപ്രകാരം, കോർപ്പറേഷൻ നൽകിയതിൽ ഉപയോഗിച്ച ബിറ്റുമിന്റെയും എമൽഷന്റെയും വില കുറയ്ക്കേണ്ടത് എസ്റ്റിമേറ്റ് നിരക്കിൽ3,99,681രൂപയാണ്. എന്നാൽ ഉപയോഗിച്ച ബിറ്റുമിന്റെയും എമൽഷന്റെയും വില ബില്ലിൽ നിന്ന് കുറച്ചത് 2,72,933രൂപയാണ്. മാത്രമല്ല 2,72,933 രൂപ കുറച്ചിട്ടുള്ള തുകയായ 24,23,478 രൂപയ്ക്കാണ് നികുതികൾ കണക്കാക്കിയത്. ഇക്കാരണങ്ങളാൽ കരാറുകാരന് അനർഹമായി 1,43,123 രൂപ അധികം നൽകി. ആയതിന്റെ വിവരം താഴെകൊടുക്കുന്നു.

അളവുപുസ്തക പ്രകാരം നൽകേണ്ട തുക കണക്കാക്കേണ്ടത് ഇപ്രകാരമാണ്.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 26,96,411 |
| വാറ്റ് @ 4% (-) | 1,07,856 |
| ആദായ നികുതി 1% (-) | 26,964 |
| നിർമ്മാണ തൊഴിലാളി വിഹിതം 1% (-) | 26,964 |
| ബിറ്റുമിൻ വില (-) | 3,99,681 |
| ഉപയോഗിയ്ക്കാത്ത ബിറ്റുമിന്റെ വില + ബാരൽ വില + കടത്തുകൂലി (നഗരസഭ കണക്കാക്കിയ നിരക്കിൽ ) (-) | 6344 + 18000 + 1255 = 25,599 |
| കരാറുകാരന് നൽകേണ്ടത് | 21,09,347 രൂപ |

**നഗരസഭ കണക്കാക്കിയത്**

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം ₹ | 26,96,411 |
| ഉപയോഗിച്ച ബിറ്റുമിൻ വില കുറച്ചത് (-) | 2,72,933 |
| ബിറ്റുമിൻ വില കുറച്ചതിന് ശേഷമുള്ള മൂല്യം (ഇതിന്മേലാണ് നികുതികൾ കണക്കാക്കിയത്) | 24,23,478 |
| ഉപയോഗിക്കാത്ത ബിറ്റുമിൻ (-) | 6344 |
| ബാരൽ വില (-) | 18000 |
| വാറ്റ് @ 4% (-) | 96,939 |
| ആദായ നികുതി 1% (-) | 24,235 |
| നിർമ്മാണ തൊഴിലാളി വിഹിതം1% (-) | 24,235 |
| കടത്തുകൂലി (-) | 1,255 |
| കരാറുകാരന് നൽകിയത് | 22,52,470 |
| കരാറുകാരന് അധികം നൽകിയത് ( 22,52,470-21,09,347) | 1,43,123 രൂപ |
| വാറ്റ് കുറവ് ഈടാക്കിയത് (1,07,856 - 96,939) | 10,917 |
| ആദായ നികുതി കുറവ് ഈടാക്കിയത് (26,964 - 24,235) | 2729 |
| നിർമ്മാണ തൊഴിലാളി വിഹിതം കുറവ് ഈടാക്കിയത് (26,964 - 24,235) | 2729 |

31)

| | | |
|---|---|---|
| ഫയൽ നം. | | CCPC6/MOE/30533/16 |
| പ്രോജക്ട് & നം | : | പുഴയോരം റോഡ്, വേട്ടശ്ശേരി റോഡ്, ജനകീയ റോഡ്, സെ, പീറ്റേഴ്സ് റോഡ് ടാറിംഗ്.490/18, 945/17 |
| കരാറുകാരൻ | : | ഫൈസൽ എ.വി |
| അളവുപുസ്തകം | : | 900/16-17 |
| കരാറുകാരന് നൽകിയ തുകയുടെ വിവരം | | 7,84,831രൂപ.ബിൽ റഫറൻസ് നം. 329765, 05/08/2017 |

ഈ പ്രവൃത്തിയ്ക്ക് കരാറുകാരന് കോർപറേഷൻ നൽകിയ തിൽ ഉപയോഗിച്ച ബിറ്റുമിന്റെ വിവരം താഴെ കൊടുക്കുന്നു.

| | ഉപയോഗിച്ചത് (കി.ഗ്രാം) | ഷെഡ്യൂൾ നിരക്ക് ₹/ ടൺ | എസ്റ്റിമേറ്റ് നിരക്ക് ₹/ ടൺ (10% OH & 10% CP ഉൾപ്പെടെ) | എസ്റ്റിമേറ്റ് നിരക്കിൽ ഈടാക്കേണ്ട തുക ₹ |
|---|---|---|---|---|
| ബിറ്റുമിൻ (വി.ജി 30) | 14791.014 | 30832.44 | 37307.25 | 5,51,811.9 |
| എമൽഷൻ (ആർ.എസ് 1) | 1180.52 | 32394.24 | 39197.03 | 46,272.88 |
| എമൽഷൻ (എസ്.എസ് 1) | 380.8 | 33864.84 | 40976.45 | 15,603.83 |
| ആകെ | | | | 6,13,689 |

മേൽപ്പറഞ്ഞ റോഡുകളുടെ റീടാറിംഗ് പ്രവൃത്തിയുടെ ആകെ പ്രവൃത്തി മൂല്യം 13,59,364രൂപയാണ്. അളവുപുസ്തകപ്രകാരം, കോർപ്പറേഷൻ നൽകിയതിൽ ഉപയോഗിച്ച ബിറ്റുമിന്റെയും എമൽഷന്റെയും വില കുറയ്ക്കേണ്ടത് എസ്റ്റിമേറ്റ് നിരക്കിൽ6,13,689രൂപയാണ്. എന്നാൽ ഉപയോഗിച്ച ബിറ്റുമിന്റെയും എമൽഷന്റെയും വില ബില്ലിൽ നിന്ന് കുറച്ചത് 4,19,034 രൂപയാണ്. മാത്രമല്ല 4,19,034 രൂപ കുറച്ചിട്ടുള്ള തുകയായ 9,40,330 രൂപയ്ക്കാണ് നികുതികൾ കണക്കാക്കിയത്. ഇക്കാരണങ്ങളാൽ കരാറുകാരന് അനർഹമായി 1,76,098 രൂപ അധികം നൽകി. ആയതിന്റെ വിവരം താഴെകൊടുക്കുന്നു.

അളവുപുസ്തക പ്രകാരം നൽകേണ്ട തുക കണക്കാക്കേണ്ടത് ഇപ്രകാരമാണ്.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 13,59,364 |
| വാറ്റ് @ 4% (-) | 54,375 |
| ആദായ നികുതി 1% (-) | 13,594 |
| നിർമ്മാണ തൊഴിലാളി വിഹിതം 1% (-) | 13,594 |
| ബിറ്റുമിൻ വില (-) | 6,13,689 |
| ഉപയോഗിയ്ക്കാത്ത ബിറ്റുമിന്റെ വില + ബാരൽ വില + കടത്തുകൂലി (നഗരസഭ കണക്കാക്കിയ നിരക്കിൽ ) (-) | 27,523 + 26,000+ 1816 = 55,339 |
| കരാറുകാരന് നൽകേണ്ടത് | 6,08,773 രൂപ |

**നഗരസഭ കണക്കാക്കിയത്**

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം ₹ | 13,59,364 |
| ഉപയോഗിച്ച ബിറ്റുമിൻ വില കുറച്ചത് (-) | 4,19,034 |
| ബിറ്റുമിൻ വില കുറച്ചതിന് ശേഷമുള്ള മൂല്യം (ഇതിന്മേലാണ് | 9,40,330 |

| | |
|---|---|
| നികുതികൾ കണക്കാക്കിയത്) | |
| ഉപയോഗിക്കാത്ത ബിറ്റുമിൻ (-) | 27,523 |
| ബാരൽ വില (-) | 26,000 |
| മേൽ പറഞ്ഞ കുറവുകൾക്ക് ശേഷമുള്ള പ്രവൃത്തി മൂല്യം | 8,86,807 രൂപ. ഇത് 8,43,066 രൂപയിൽ ലിമിറ്റ് ചെയ്തു |
| വാറ്റ് @ 4% (-) | 37,613 |
| ആദായ നികുതി 1% (-) | 9403 |
| നിർമ്മാണ തൊഴിലാളി വിഹിതം1% (-) | 9403 |
| കടത്തുകൂലി (-) | 1816 |
| കരാറുകാരന് നൽകിയത് | 7,84,831 |
| കരാറുകാരന് അധികം നൽകിയത് (784831-608773) | 1,76,098 |
| വാറ്റ് കുറവ് ഈടാക്കിയത് (54375-37613) | 16762 |
| ആദായ നികുതി കുറവ് ഈടാക്കിയത് (13594-9403) | 4191 |
| നിർമ്മാണ തൊഴിലാളി വിഹിതം കുറവ് ഈടാക്കിയത് (13594-9403) | 4191 |

**മേൽ പറഞ്ഞ 31 പ്രവൃത്തികളിലായി കരാറുകാർക്ക് അധികം നൽകിയ 44,63,431രൂപ ഈടാക്കി, നികുതിയിനത്തിൽ ബാക്കി അടവാക്കാനുള്ള തുകകൾ അതത് സ്ഥാപനങ്ങളിലേയ്ക്ക് അടവാക്കേണ്ടതും ശേഷിയ്ക്കുന്ന തുക സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതുമാണ്.**

**മേൽ പറഞ്ഞ 31 പ്രവൃത്തികളിലായി വിവിധ സ്ഥാപനങ്ങളിലേയ്ക്ക് ബാക്കി അടവാക്കേണ്ട തുകകളുടെ വിവരം താഴെ കൊടുക്കുന്നു.**

| വാറ്റ് ₹ | ആദായനികുതി ₹ | തൊഴിലാളി ക്ഷേമനിധി വിഹിതം ₹ |
|---|---|---|
| **3,96,299** | **1,63,709** | **99,074** |

# 3-2 മഴക്കാലപൂർവ്വ ശുചീകരണ പദ്ധതിയ്ക്ക് മാർഗ്ഗ നിർദ്ദേശ്ശങ്ങൾ മറികടന്ന് കൂടുതൽ തുക അനുവദിച്ചു

**(എ) ഫയൽ നം. ISO/MOH6/47436/17**

തദ്ദേശസ്വയഭരണ (സി.ഡി) വകുപ്പിന്റെ 8.5.2017 ലെ ഉത്തരവ് (സാധാ) നം.1485/2017/തസ്വഭവ പ്രകാരം മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് കോർപ്പറേഷനുകൾക്ക് വാർഡ് ഒന്നിന് 20,000/-രൂപ ശുചിത്വമിഷൻ മുഖേന നൽകേണ്ടതാണെന്നും 2017-18 സാമ്പത്തികവർഷത്തിൽ മഴക്കാല പൂർവ്വ ശുചീകരണപ്രവർത്തനങ്ങൾക്കായി ബജറ്റിൽ വകയിരുത്തിയ തുക ലഭ്യമാക്കുവാൻ കാലതാമസം നേരിടുമെന്നതിനാൽ കോർറേഷനുകൾ അവരുടെ പദ്ധതി വിഹിതത്തിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ തുക ചിലവഴിച്ച് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനം നടത്തുവാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്.

2017-18 സാമ്പത്തിക വർഷത്തെ ശുചിത്വമിഷൻ വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിക്കുവേണ്ടി ചെലവഴിച്ച തുക റീ-ഇംബേഴ്സ് ചെയ്യുന്നതാണെന്നും റീ-ഇംബേഴ്സ് ചെയ്യുന്നതിന് 2017ലെ വിനിയോഗ്യസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണെന്നും ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ 16.3.2017 ലെ 127/2017/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം കോർപ്പറേഷൻ വാർഡ് ഒന്നിന് പരമാവധി ചെലവഴിക്കാവുന്ന തുക 35000/-രൂപയാണ് ( ശുചിത്വ മിഷൻ വിഹിതം 20000/- NRHM വിഹിതം 10000/- തനത് ഫണ്ട് 5000/- അങ്ങനെ ആകെ 35000/-) എന്നാൽ 19.12.17ലെ CR No. 1 (D) തീരുമാനപ്രകാരം കൊതുക നിവാരണ പ്രവർത്തനങ്ങൾക്കായി സാനിറ്റേഷൻ ഫണ്ടായി 50,000/-രൂപ വീതം എല്ലാ ഡിവിഷനുകളിലേയ്ക്കും അനുവദിക്കുന്നതിന് നഗരസഭ കൗൺസിൽ തീരുമാനിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ നഗരസഭ സെക്രട്ടറിയുടെ 18.01.2018ലെ ISO/MOH 6/ 47436/17പ്രകാരം 74 ഡിവിഷനുകളിലേയ്ക്കും വാർഡ് സാനിറ്റേഷൻ കമ്മറ്റി ചെയർമാൻ, കൺവീനർ എന്നിവരുടെ പേരിലുള്ള സംയുക്ത അക്കൗണ്ടിലേയ്ക്ക് വൗച്ചർ നം. 21705042 (ചെക്ക് നം. 412970) തീയതി. 17.01.2018ൽ 37,00,000 രൂപ കൈമാറിയിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം ഒരു ഡിവിഷനിലേക്ക് 35000/-രൂപ ചെലവഴിക്കുവാൻ നിർദ്ദേശിച്ചപ്പോൾ നഗരസഭ 50,000 രൂപ ഓരോ ഡിവിഷനിലേക്കും അനുവദിച്ചിട്ടുണ്ട്.

74 ഡിവിഷനുകൾക്ക് ഓരോന്നിനും അനുവദിച്ച 50,000 രൂപയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടുണ്ട്. ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യ പത്രത്തിനോടൊപ്പം 50,000 രൂപ ചെലവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല ആയതിൽ ജെ.എച്ച്.ഐ/ എച്ച്.ഐ എന്നിവർ മാത്രമേ ഒപ്പ് വച്ചിട്ടുള്ളൂ. ഡിവിഷൻ കൗൺസിലറുടെ സാക്ഷ്യ പത്രം ലഭ്യമാക്കേണ്ടതാണ്. ആകെ ചെലവ് മാത്രമാണ്

ലഭ്യമാക്കിയിട്ടുള്ളത്. തൊഴിലാളികളെ ഉപയോഗിച്ച് പ്രവൃത്തി നടത്തിയെന്ന് അറിയിച്ചിട്ടുള്ളതിൽ മസ്റ്റർ റോൾ, കൂലി കൈപ്പറ്റ് രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

ഈ പ്രവൃത്തികൾ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം ചെയ്യാതിരുന്നതിനുള്ള കാരണം വ്യക്തമല്ല. മേൽ വിഷയം സംബന്ധിച്ച സെക്രട്ടറി ഇറക്കിയ നടപടിക്രമങ്ങളിൽ പറയുന്ന വിഷയങ്ങളിൽ നിന്ന് വ്യതിചലിച്ച് കാന ക്ലീനിംഗ് ചെയ്തിട്ടുള്ളതാണ്. കാന ക്ലീനിംഗ് ചെയ്യുന്നത് എഞ്ചിനീയറിംഗ് വിഭാഗമാണ്. എന്നാൽ ചില സർക്കിളുകൾ മഴക്കാലപൂർവ്വ ശുചീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി കാന കോരിയിട്ടുള്ളതാണ്. ആയതിന്റെ കാരണം നഗരസഭ വ്യക്തമാക്കിയിട്ടില്ല. മേൽ വിഷയങ്ങൾ കാണിച്ച് നൽകിയ106-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് കുറിപ്പ് നൽകിയിട്ടുണ്ടെന്നും സാനിട്ടേഷൻ സമതിയുടെ തീരുമാനപ്രകാരമാണ് കാന കോരിയതെന്നും അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം ശുചീകരണപ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കുമോയെന്ന വിഷയം സാനിട്ടേഷൻ സമിതികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണെന്നും പറയുന്നു.

2018-19 കാലയളവിൽ ശുചിത്വ പ്രവർത്തനങ്ങൾക്കായി അനുവദിച്ച NRHM ഫണ്ടായ 740000/-രൂപ സെക്രട്ടറിയുടെ അക്കൗണ്ട് ആയ 43002010047635 ( Syndicate Bank) ൽ നിന്നും 10000/-രൂപ വീതം 74 ഡിവിഷനുകളിലേക്ക് 21.08.2018 ലെ 21802514-ാം വൗച്ചർ (ചെക്ക് നം437944./21.08.2018) പ്രകാരം നൽകിയിട്ടുണ്ട്. അതുപോലെ പ്രസ്തുത കാലയളവിൽ ശുചിത്വ മിഷനിൽ നിന്നും അനുവദിച്ച് 14,80,000/- രൂപ (74 x20000) 11.07.2018 ലെ 21801979 -ാം വൗച്ചർ പ്രകാരവും (ചെക്ക് നം.437611/24.06.2017) നൽകിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളുടെ വിഹിതം ലഭ്യമാകാതിരുന്നതിനാൽ തനതുഫണ്ടിൽ നിന്നും നേരത്തെ തന്നെ മുൻകൂറായി സർക്കാർ നിർദേശപ്രകാരം ഡിവിഷനുകൾക്ക് അനുവദിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ തനത് ഫണ്ടിലേക്ക് ഈ തുക തിരികെ അടവാക്കുന്നതിന് പകരം വീണ്ടും ഡിവിഷൻ സാനിട്ടേഷൻ സമിതികൾക്ക് അനുവദിച്ചിരിക്കുകയാണ് ചെയ്തിട്ടുള്ളത്. അതായത് ഒരു ഡിവിഷനിൽ 35000/-രൂപ ചെലവാക്കേണ്ടതിനുപകരം 80000/- രൂപ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ മറികടന്ന് ചെലവ് ചെയ്തു.

ഈ സാഹചര്യത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ മറികടന്ന് തനത് ഫണ്ടിൽ നിന്നും അധികമായി അനുവദിച്ച 1110000/- ( 15000/-രൂപ x 74)രൂപയും ഓരോ ഡിവിഷനിലും അനുവദിച്ച ശുചിത്വ മിഷൻ വിഹിതം 20000 രൂപയും NRHMവിഹിതമായ 10000/-രൂപയും റീ-ഇമ്പേഴ്സ് ചെയ്യാതെ 74 ഡിവിഷനിലേക്കും നൽകിയ ആകെ 2220000 (74x30000) രൂപയും ഉൾപ്പെടെ 33,30,000രൂപയുടെ ചെലവ് ഓഡിറ്റ് നിരാകരിക്കുന്നു.

**(ബി) മഴക്കാലപൂർവ്വ ശുചീകരണത്തിന് അനുവദിക്കുന്ന ഫണ്ട് യഥാസമയം ചെലവ് ചെയ്യുന്നില്ല**

ലഭ്യമാക്കിയ വിനിയോഗസാക്ഷ്യപത്രങ്ങൾ പരിശോധിച്ചതിൽ പലതിലും പുല്ലുവെട്ടി, കൊതുകുനിവാരണം നടത്തി, കാന ക്ലീൻ ചെയ്തു, റോഡ് ക്ലീൻ ചെയ്തു എന്നിങ്ങനെ വെള്ള പേപ്പറിൽ എഴുതി ഹെൽത്ത് ഇൻസ്പെക്ടർ സാക്ഷ്യപ്പെടുത്തി സമർപ്പിച്ചിട്ടുള്ളവയാണ്. മേൽ പ്രവർത്തികൾ നടത്തിയത് തെളിയിക്കുന്നതിനാവശ്യമായ യാതൊരു രേഖകളും സാക്ഷ്യപത്രത്തിന്റെ കൂടെ ഉൾപ്പെടുത്തിയിട്ടില്ല. ആവശ്യമായ രേഖകൾ സഹിതം സാനിട്ടേഷൻ സമതിയുടെ അംഗീകാരത്തോടെ വേണം വിനിയോഗസാക്ഷ്യപത്രം സമർപ്പിക്കേണ്ടത്. അല്ലാത്തപക്ഷം ഈ പ്രവർത്തി നടത്തിയിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുവാൻ നിർവ്വാഹമില്ല. ഡിവിഷൻ 67ൽ 2017-18, 2018-19 എന്നീ കാലയളവിൽ വാർഡ് സാനിറ്റേഷൻ സമതി ചെലവ് ചെയ്തിട്ടില്ല. മഴക്കാല പൂർവ്വ ശുചീകരണപ്രവർത്തനങ്ങൾക്ക് വേണ്ടി രണ്ട് സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുക യഥാസമയം ചെലവ് ചെയ്തിട്ടില്ല. ഈ ഡിവിഷനിലെ സാനിറ്റേഷൻ സമതിയുടെ ബാങ്ക് പാസ്സ് ബുക്ക് (അക്കൗണ്ട് നം. 67074592731)പരിശോധിച്ചതിൽ 31.3.2018ൽ 88,297/-രൂപയുടെ നീക്കിയിരുപ്പും 26.9.2018 ൽ 1,20,000/-രൂപ നീക്കിയിരുപ്പുമുണ്ട്.

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് വേണ്ടി അനുവദിക്കുന്ന തുക യഥാസമയം വിനിയോഗിക്കാതെ, ബാങ്കുകളിൽ പണം നിക്ഷേപിച്ച് പലിശ ഉൾപ്പെടെയുള്ള തുക ഹെൽത്ത് ഇൻസ്പെക്ടർമാർ ചെലവഴിക്കുന്നു. എന്നാൽ 22.10.2018ൽ 1,18,000/-രൂപ ചെലവ് ചെയ്തതായി വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. സർക്കിൾ 12ൽ നിന്നും ലഭ്യമാക്കിയ 55, 54, 63 എന്നീ ഡിവിഷനുകളിലെ വിനിയോഗസാക്ഷ്യപത്രത്തിൽ മുഴുവൻ തുകയും ചെലവാക്കിയിട്ടുണ്ടെന്നും കൈവശം ബാക്കി തുകയില്ലായെന്നും മാത്രം കാണുന്നു. തുക എന്ന് ചിലവാക്കിയെന്നോ എന്തെല്ലാം ആവശ്യങ്ങൾക്ക് ചെലവ് ചെയ്തെന്നോ രേഖപ്പെടുത്തിയിട്ടില്ലാത്തതും മതിയായ ചെലവ് രേഖകൾ വെച്ചിട്ടില്ലാത്തതും 1/18ൽ അനുവദിച്ച തുക 63-ാം ഡിവിഷൻ 11/18ലും 54-ാം ഡിവിഷൻ 8/18ലും 55-ാം ഡിവിഷൻ 7/18ലുമാണ് ചെലവ് ചെയ്തിട്ടുള്ളതുമാണ്. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കുവേണ്ടി അനുവദിച്ച തുക മഴക്കാലത്തിന് ശേഷമാണ് ഉപയോഗിക്കുന്നത് എന്നതിന്റെ ഉത്തമ ഉദാഹരണമാണിത്. കൂടാതെ 17.7.18 ൽ അനുവദിച്ച ശുചിത്വമിഷൻ വിഹിതമായ 20,000/-രൂപ നാളിതുവരെ ചെലവ് ചെയ്തിട്ടില്ലാത്തതായി 63-ാം ഡിവിഷനിലെ ഹെൽത്ത് ഇൻസ്പെക്ടർ (സർക്കിൾ-12)23-10-18ൽ ലഭ്യമാക്കിയ മറുപടിയിൽ പറയുന്നു. മേൽ പറഞ്ഞ പോരായ്മകൾ നഗരസഭയുടെ ആരോഗ്യവിഭാഗത്തിന്റെ അനാസ്ഥയാണ് കാണിക്കുന്നത്.

# 3-3 പള്ളുരുത്തി നാൽപതടി റോഡിന് സ്ഥലമെടുപ്പ് - പൂർത്തീകരിച്ചില്ല - വിവിധ കാരണങ്ങളാൽ 3,19,35,805 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

(I) ഫയൽ നമ്പർ. ISO/CCPC.6/SYE/ 29567/16

| | | | |
|---|---|---|---|
| പ്രോജക്ടിന്റെ പേര് | : | പള്ളുരുത്തി നാൽപതടി റോഡിന് സ്ഥലമെടുപ്പ് | |
| പ്രോജക്ട് നമ്പർ | : | എസ്.555/18 | |
| അടങ്കൽ | : | 3,18,48,183/- (ധനകാര്യക്കമ്മീഷൻ ഗ്രാന്റ്) | |
| ചെലവ് | : | ബിൽ റഫറൻസ് | തുക |

| | | | | |
|---|---|---|---|---|
| വിവരം | | നമ്പർ | | |
| | | 17110147000100455324/15.09.17 | 1,85,92,216/- | 1,68,49,566/-രൂപ 12 സ്ഥല ഉടമകളുടെ അക്കൗണ്ടിലേക്കും 17,42,650/- രൂപ രജിസ്ട്രേഷൻ നടപടികൾക്കായി നഗരസഭയുടെ അക്കൗണ്ടിലേക്കുമാണ് നൽകിയിട്ടുള്ളത്. |
| | | 17110147000101289652/24.03.18 | 1,31,40,895/- | 1,19,25,775/-രൂപ 3 സ്ഥല ഉടമകളുടെ അക്കൗണ്ടിലേക്കും 12,15,120/- രൂപ രജിസ്ട്രേഷൻ നടപടികൾക്കായി നഗരസഭയുടെ അക്കൗണ്ടിലേക്കുമാണ് നൽകിയിട്ടുള്ളത്. |
| | | ആകെ | 3,17,33,111/- | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സെക്രട്ടറി, കൊച്ചി നഗരസഭ | | |

2017-2018 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടാണിത്. പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. **മുൻകൂർ തുക ക്രമീകരിച്ചതായി കാണുന്നില്ല:**

   പള്ളുരുത്തി മേഖല കാര്യാലയത്തിന്റെ പരിധിയിലുള്ള 40 ഫീറ്റ് റോഡിനുവേണ്ടി നമ്പ്യാപുരം മുതൽ പെരുമ്പടപ്പ് വരെയുള്ള 18, 19 എന്നീ ഡിവിഷനുകളിൽ ഉൾപ്പെട്ട സ്ഥലമേറ്റെടുക്കുന്നതിന് പ്രോജക്ട് നം. എസ് 23/2016 പ്രകാരം പ്ലാൻ ഫണ്ടിൽ നിന്ന് 4 കോടി രൂപ 2015-16 ൽ വകയിരുത്തിയിട്ടുണ്ട്. SYP2/866/11-ാം നമ്പർ ഫയൽ പ്രകാരം 6.4.2016ൽ 30,97,993/-രൂപയും ISO/CCPC6/SYE/29567/16 നമ്പർ ഫയൽ പ്രകാരം 11.01.2018ൽ 17,42,650/-രൂപയും പള്ളുരുത്തി മേഖലാ ഓഫീസിലെ എഞ്ചിനീയറിംഗ് വിഭാഗം ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീ. കെ.എൻ. ജയകുമാറിന്റെ പേരിൽ മുൻകൂർ നല്കിയിട്ടുണ്ട്. കൊച്ചി നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് പ്രത്യേക തഹസിൽദാരുടെ നേതൃത്വത്തിൽ ഒരു ഓഫീസ് പ്രവർത്തിക്കുമ്പോൾ നഗരസഭ ബിൽഡിംഗ് ഇൻസ്പെക്ടറുടെ പേരിൽ മുൻകൂർ അനുവദിച്ച് 40 ഫീറ്റ് റോഡിനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിന്റെ കാരണം വ്യക്തമല്ല. സ്പെ. തഹസിൽദാരുടെ ഓഫീസിന്റെ ഭരണചെലവ് മുഴുവൻ വഹിക്കുന്നത് നഗരസഭയുടെ ഫണ്ടിൽ നിന്നാണ്. പ്രതിവർഷം ലക്ഷകണക്കിന് രൂപ ഈ ഓഫീസിന്റെ ഭരണ ചെലവിന് ചെലവഴിക്കുമ്പോൾ ഇത്തരത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് ബിൽഡിംഗ് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയത് ഉചിതമല്ല. ഈ ആവശ്യത്തിന് വേണ്ടി അനുവദിച്ചിട്ടുള്ള മുൻകൂർ നാളിതുവരെ ക്രമപ്പെടുത്തിയിട്ടില്ല. മുൻകൂർ അനുവദിച്ച് 3 മാസത്തിനുള്ളിൽ ക്രമപ്പെടുത്താത്തതിനാൽ KFC ആർട്ടിക്കിൾ 99 പ്രകാരം 18% പലിശയടക്കം തുക തിരിച്ചടയ്ക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ബാദ്ധ്യസ്ഥരാണ്. ഈ സാഹചര്യത്തിൽ മേൽ വിഷയങ്ങൾ കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 17/2017-18 തീയതി 26.04.2018) നഗരസഭ ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. മുൻകൂർ സംബന്ധിച്ചുള്ള മറുപടികൾ ബന്ധപ്പെട്ട ബിൽഡിംഗ് ഇൻസ്പെക്ടർ വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ തൃപ്തികരമായ മറുപടി നൽകുന്നതിന് സാവകാശം ആവശ്യപ്പെടുകയാണ് നഗരസഭ ചെയ്തിട്ടുള്ളത്. ആയതിനാൽ മേൽപ്പറഞ്ഞ ക്രമീകരിക്കാത്ത തുകയ്ക്ക് 18% പലിശ എഞ്ചിനീയറിംഗ് വിഭാഗം ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീ. കെ.എൻ. ജയകുമാറിൽ നിന്ന് ഈടാക്കേണ്ടതാണ്.

2. **സ്ഥലം രജിസ്റ്റർ ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമല്ല:**

   റോഡ് വികസനത്തിനായി സ്ഥലം നൽകുന്ന 15 സ്ഥലഉടമകൾക്ക് 2,87,75,341/- രൂപ അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് മാറ്റിനൽകിയിട്ടുണ്ട്. എന്നാൽ ചിലആളുകളുടെ വസ്തുക്കൾ മാത്രമേ നഗരസഭയുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. പൂർണ്ണമായും രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആധാര നമ്പരും തീയതിയും, പോക്ക് വരവ് നടത്തിയതിന്റെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. പണംനൽകപ്പെട്ട സ്ഥലഉടമകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥലഉടമയുടെ പേര് | നൽകിയ തുക | രജിസ്ട്രേഷൻ വിവരം |
|---|---|---|---|
| 1 | നിസ്സാം.കെ.കെ. | 18,89,062 | നടത്തിയിട്ടില്ല |
| 2 | സ്വപ്ന | 50,000 | പൂർത്തീകരിച്ചു |
| 3 | പുത്തൻപുരക്കൽ ജോൺ അഗസ്റ്റിൻ | 16,08,750 | പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| 4 | ബേബി വിൻസെന്റ് | 18,25,625 | പൂർത്തീകരിച്ചു |
| 5 | പടിപ്പുര ആന്റണി സീനമാനവൽ | 7,27,835 | പൂർത്തീകരിച്ചു |
| 6 | ജോയ്സ് ജോസഫ് | 31,87,669 | പൂർത്തീകരിച്ചു |
| 7 | അബു കുഞ്ഞുബീവി | 1,115,625 | നടത്തിയിട്ടില്ല |
| 8 | സാജിദ് അബ്ദുൽ ഹമീദ് | 10,58,750 | നടത്തിയിട്ടില്ല |
| 9 | നസിം മുഹമ്മദ് | 10,58,750 | നടത്തിയിട്ടില്ല |
| 10 | ഇരഞ്ഞിക്കത്ത് സെയ്ദാലി അബ്ദുൽഗഫൂർ | 10,58,750 | നടത്തിയിട്ടില്ല |
| 11 | പി.എ.സഫിയ | 19,43,125 | നടത്തിയിട്ടില്ല |
| 12 | ടി.പി.ഷൗക്കത്തലി | 13,25,625 | പൂർത്തീകരിച്ചു |
| | **ആകെ** | **1,68,49,566** | 455324/15.09.17-ാം നമ്പർ ബിൽപ്രകാരം ഉള്ള തുക |
| 1 | സുധീർ.കെ.എസ്. | 49,17,025 | |
| 2 | റോസിലി പോൾ | 14,56,875 | |
| 3 | ബോണി സേവ്യർ | 55,51,875 | |
| | **ആകെ** | **1,19,25,775** | 289652/24.03.18-ാം നമ്പർ ബിൽപ്രകാരം ഉള്ള തുക |

3. **മറ്റ് ചെലവുകൾക്കായി മാറിയതുകയുടെ വിനിയോഗവിവരം ലഭ്യമല്ല:** 24.03.2018 ൽ രജിസ്ട്രേഷൻ നടപടികൾക്കായി നഗരസഭയുടെ അക്കൗണ്ടിലേക്ക മാറ്റിയിട്ടിട്ടുള്ള 12,15,120/- രൂപയുടെ വിനിയോഗവിവരം ലഭ്യമല്ല. ഈ തുക മുൻകൂറായി ഏതെങ്കിലും ഉദ്യോഗസ്ഥന് അനുവദിച്ചിട്ടുണ്ടെങ്കിൽ ആ വിവരവും അതിന്റെ ക്രമീകരണ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

4. **ലാന്റ് അക്വിസിഷൻ തഹസിൽദാരുടെ സേവനം ഉപയോഗപ്പെടുത്തിയില്ല:** കൊച്ചി മുനിസിപ്പൽ കോർപ്പറേഷനുവേണ്ടി സ്ഥലം ഏറ്റെടുത്ത് കൈമാറുന്നതിനായി മാത്രമായി പ്രത്യേക തഹസിൽദാരുടെ ഓഫീസ് വൈറ്റിലയിൽ പ്രവർത്തിക്കുന്നുണ്ട്. ഈ ഓഫീസിന്റെ സേവനം ഉപയോഗപ്പെടുത്താതെ നാൽപതടി റോഡിനുവേണ്ടി സ്ഥലം നഗരസഭ നേരിട്ട് ഏറ്റെടുക്കുവാൻ നടപടി സ്വീകരിച്ച സാഹചര്യം എന്തെന്ന് വ്യക്തമല്ല. പ്രസ്തുത ഓഫീസ് മുഖാന്തിരമുള്ള സ്ഥലമെടുപ്പിന് ലഭിക്കുന്ന സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് ഇളവ് ഉപയോഗപ്പെടുത്തിയില്ല.

5. നാൽപതടി റോഡിനുവേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശിച്ചിരുന്ന ആകെ സ്ഥലത്തിന്റെ അളവ്, നാളിതുവരെ ഏറ്റെടുത്തിട്ടുള്ള ആകെ സ്ഥലത്തിന്റെ അളവ് എന്നിവയും ഇതുവരെ ഏറ്റെടുത്തിട്ടുള്ള എന്തെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ ആ വിവരങ്ങളും ലഭ്യമല്ല.

6. റോഡിനുവേണ്ടി ഏറ്റെടുത്തിട്ടുള്ള സ്ഥലം നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. ആസ്തിരജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമല്ല.

ഈ പരാമർശങ്ങൾ സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് 81/05.10.2018-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ഖണ്ഡിക (I) 4നുള്ള മറുപടി മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ഈ സാഹചര്യത്തിൽ 3,17,33,111 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**(II) ഫയൽ നമ്പർ.CCPC.4/SYP.2/ 4003/16**

| | | | | |
|---|---|---|---|---|
| പ്രോജക്ടിന്റെ പേര് | : | നാൽപതടി റോഡിന് സ്ഥലമെടുപ്പ് | | |
| പ്രോജക്ട് നമ്പർ | : | എസ്.1499/18 | | |
| അടങ്കൽ | : | 10,00,000/- (ധനകാര്യക്കമ്മീഷൻ ഗ്രാന്റ്) | | |
| ചെലവ് | : | ബിൽ റഫറൻസ് | തുക | |

| | | | | |
|---|---|---|---|---|
| വിവരം | | നമ്പർ | | |
| | | 1711014700010130821 3/26.03.2018 | 2,02,694/- | 1,79,700/-രൂപ സ്ഥല ഉടമ എ.റ്റി.മാതൃവിന്റെ അക്കൗണ്ടിലേക്കും 22,994/- രൂപ രജിസ്ട്രേഷൻ നടപടികൾക്കായി നഗരസഭയുടെ അക്കൗണ്ടിലേക്കുമാണ് നൽകിയിട്ടുള്ളത്. |
| | | ആകെ | 2,02,694/- | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സെക്രട്ടറി, കൊച്ചി നഗരസഭ | | |

1. **<u>സ്ഥലം രജിസ്റ്റർ ചെയ്യതിന്റെ വിവരങ്ങൾ ലഭ്യമല്ല:</u>** ശ്രീ.എ.റ്റി.മാതൃ എന്നയാളുടെ ഉടമസ്ഥതയിൽ 988/11-ം നമ്പർ ആധാരപ്രകാരം ഉള്ള 0.12 ആർ സ്ഥലം റോഡ്നിർമ്മാണത്തിനായി ഏറ്റെടുക്കുന്നതിനായി സ്ഥലഉടമയ്ക്ക് 179700/- രൂപ നൽകിയിട്ടുണ്ട്. കൂടാതെ സ്ഥലം രജിസ്റ്റർ ചെയ്യുന്നതിനായി 22994/- രൂപ ( മുദ്രപ്പത്രം 14400 + രജിസ്ട്രേഷൻ ചാർജ്ജ് 3594 + ആധാരം എഴുത്തുകൂലി 5000) നഗരസഭാഅക്കൗണ്ടിലേക്കും മാറ്റിയിട്ടുണ്ട്. എന്നാൽ സ്ഥലം രജിസ്റ്റർ ചെയ്ത് ഏറ്റെടുത്തതായോ ഏറ്റെടുത്ത സ്ഥലം അസറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയതായോ കാണുന്നില്ല.

2. **<u>റോഡുവികസനത്തിന് ആവശ്യമുള്ള മുഴുവൻ സ്ഥലവും ഏറ്റെടുത്തില്ല:</u>** 40അടി റോഡ് കൊല്ലാശ്ശേരി റോഡ് കോണം സ്കൂൾ വരെ വികസിപ്പിക്കുന്നതിന് താഴെ പറയും പ്രകാരം അഞ്ച് സ്ഥലമുടമകളിൽ നിന്നും സ്ഥലം ഏറ്റെടുക്കുന്നതിനായി ലിസ്റ്റ് ചെയ്തിട്ടുണ്ട്. ഇതിൽ ശ്രീ.എ.റ്റി.മാതൃവിന്റെ സ്ഥലം ഏറ്റെടുക്കുന്നതിന് മാത്രമാണ് പണം നൽകിയിട്ടുള്ളത്. ബാക്കി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല.

| ക്രമ നം. | ഉടമയുടെ പേര് | സ്ഥലത്തിന്റെ അളവ് |
|---|---|---|
| 1 | ശ്രീമതി.ആനി & ശ്രീ.ബോണി | 0.423 ആർ |
| 2 | ശ്രീമതി.റോസിലി പോൾ | 0.0111ആർ |
| 3 | ശ്രീമതി.ഗീതേശ്വരി | 0.0026 ആർ |
| 4 | ശ്രീ.എ.റ്റി.മാതൃ | 0.0012 ആർ |
| 5 | ശ്രീ.സുധീർ.കെ.എസ് | 0.0340 ആർ |

3. **<u>ലാന്റ് അക്വിസിഷൻ തഹസിൽദാരുടെ സേവനം ഉപയോഗപ്പെടുത്തിയില്ല:</u>** കൊച്ചി മുനിസിപ്പൽ കോർപ്പറേഷനുവേണ്ടി സ്ഥലം ഏറ്റെടുത്ത് കൈമാറുന്നതിന് മാത്രമായി പ്രത്യേക തഹസിൽദാരുടെ ഓഫീസ് വൈറ്റിലയിൽ പ്രവർത്തിക്കുന്നുണ്ട്. ഈ ഓഫീസിന്റെ സേവനം ഉപയോഗപ്പെടുത്താതെ നാൽപതടി റോഡിനുവേണ്ടി സ്ഥലം നഗരസഭ നേരിട്ട് ഏറ്റെടുക്കുവാൻ നടപടി സ്വീകരിച്ച സാഹചര്യം എന്തെന്ന് വ്യക്തമല്ല.

മേൽ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 89/15.10.2018 -ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ 2,02,694/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-4 ഇടക്കൊച്ചി - കണ്ണങ്ങാട്ട് പാലത്തിന്റെ അപ്രോച്ച് റോഡിനു വേണ്ടി സ്ഥലം വാങ്ങൽ - കെട്ടിട വിലയിൽ കാലപഴക്കത്തിനുള്ള തുക കുറവ് വരുത്തിയില്ല – അനധികൃത കെട്ടിടത്തിന് പണം നൽകി

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | : | മധുരക്കമ്പനി കണ്ണങ്ങാട്ട് അപ്രോച്ച് റോഡിനു വേണ്ടി സ്ഥലം വാങ്ങൽ |
| പ്രോജക്ട് നമ്പർ | : | എസ്. 1490/18 |
| ഫയൽ നമ്പർ | : | ISO/SYP1-160/2010 |

| | | |
|---|---|---|
| അടങ്കൽ തുക | : | വികസന ഫണ്ട് : 40,00,000/-<br><br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് : 40,00,000/- |

പള്ളുരുത്തി മേഖല ഓഫീസിന്റെ പരിധിയിലുള്ള ഇടക്കൊച്ചി കണ്ണങ്ങാട്ട് മധുരക്കമ്പനി പാലത്തിന്റെ അപ്രോച്ച് റോഡിന് വേണ്ടി ഇടക്കൊച്ചി വില്ലേജിലെ 28 പേരിൽ നിന്ന് ഒരു ആറിന് കൊച്ചി തഹസിൽദാർ നിശ്ചയിച്ച 10,35,000/- രൂപ നിരക്കിൽ ഭൂമി വാങ്ങുന്നതിന് തീരുമാനിച്ചു (24.02.2016ലെ 3-ാം നമ്പർ കൗൺസിൽ തീരുമാനം). 5.1.2018ലെ 49-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം 25% അധിക വർദ്ധനവ് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ 28 പേരിൽ രണ്ട് കക്ഷികളായ ശ്രീ. കെ.എ. പീറ്ററിൽ നിന്ന് കൊച്ചി താലൂക്ക് ഇടക്കൊച്ചി വില്ലേജിലെ സർവ്വേ നം. 400/1, 400/2ലെ 02.02 ആർ സ്ഥലവും, ശ്രീമതി. ഷിജിയിൽ നിന്ന് 01.01 ആർ സ്ഥലവും ഏറ്റെടുത്തിട്ടുള്ളതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കക്ഷിയുടെ പേര് | നല്കിയ തുക | തുക നൽകിയതിന്റെ വിവരം |
|---|---|---|---|
| 1 | കെ.എ. പീറ്റർ | സ്ഥലവില -26,13,375<br><br>കെട്ടിട വില – 6,94,332 | വികസന ഫണ്ട് - 33,07,707 |
| 2 | ഷിജി | സ്ഥലവില - 13,06,688<br><br>കെട്ടിട വില – 81,305<br><br>(നമ്പരിടാത്ത കെട്ടിടം) | വികസന ഫണ്ട് + ധനകാര്യ കമ്മീഷൻ ഗ്രാന്റ് -13,87,993 |
| | | രജിസ്ട്രേഷൻ ചാർജ്ജ്<br><br>- 4,84,700 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

ശ്രീമതി. ഷിജിയുടെ സ്ഥലത്ത് ഉള്ളതായിപ്പറയുന്ന ഷെഡിന്റെ വാല്യുവേഷൻ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ലാത്തതും, കൊച്ചി കോർപ്പറേഷന്റെ കെട്ടിട നമ്പരിടാത്തതും എന്ത് മെറ്റീരിയൽ കൊണ്ടാണ് നിർമ്മിച്ചതാണെന്ന് വ്യക്തമല്ലാത്തതുമായ ഷെഡിന് 81,305/- രൂപ നൽകിയിട്ടുള്ളത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല.

ശ്രീ. കെ.എ. പീറ്ററിൽ നിന്നും ഏറ്റെടുത്ത സ്ഥലത്തുള്ള 23/485 (15/731 പുതിയത്) നമ്പർ കെട്ടിടത്തിന് 774 ച.അടി വിസ്തീർണ്ണവും 30 വർഷം പഴക്കമുള്ളതായി വാല്യുവേഷൻ റിപ്പോർട്ടിൽ പറയുന്നു. എന്നാൽ 774 ച.അടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള മൂല്യമാണ് നിർണ്ണയിച്ചിട്ടുള്ളത്. ഇത് 2012 ഷെഡ്യൂൾ നിരക്ക് പ്രകാരമാണ് തയ്യാറാക്കിയിരിക്കുന്നത്. ആയത് പ്രകാരം 6,94,332/-രൂപ വില നിശ്ചയിച്ച കെട്ടിടത്തിന് 0.7379 ശതമാനം തേയ്മാനം കുറച്ച് 512348 രൂപ വില നിശ്ചയിച്ചിട്ടുള്ളതാണ്. എന്നാൽ 30 വർഷത്തെ തേയ്മാനം കുറവ് ചെയ്യാതെയാണ് 6,94,332/-രൂപ നൽകിയിട്ടുള്ളത്. അധികം നൽകിയത് 1,81,984രൂപ.

2004ൽ ശ്രീ. കെ.എ. പീറ്റർ സ്ഥലവും കെട്ടിടവും വാങ്ങിയപ്പോൾ ആധാരപ്രകാരം (Document No. 1711/04) 20,000/- രൂപ വില നിർണ്ണയിച്ച കെട്ടിടത്തിനാണ് 2017-18ൽ 6,94,332/-രൂപ നൽകിയിട്ടുള്ളത്. മേൽ വിഷയങ്ങൾ കാണിച്ച് നൽകിയ 114-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിനുള്ള നഗരസഭയുടെ മറുപടിയിൽ ഈ പ്രോജക്ടിനു വേണ്ടി 2,13,48,475 രൂപ ചെലവായിട്ടുണ്ടെന്നും 45.950 സെന്റ് സ്ഥലം വാങ്ങിയിട്ടുണ്ടെന്നും പദ്ധതി പൂർത്തീകരിച്ചിട്ടില്ലാത്തതും വാങ്ങിയ സ്ഥലങ്ങൾ നഗരസഭ സെക്രട്ടറിയുടെ പേരിൽ കൂട്ടി ചേർത്ത് പോക്ക് വരവ് നടത്തിയിട്ടില്ലാത്തതാണെന്നും പറയുന്നു. കൂടാതെ മറുപടിയോടൊപ്പം ബന്ധപ്പെട്ട ഉത്തരവുകളുടെയും വാല്യുവേഷൻ റിപ്പോർട്ടിന്റേയും കൗൺസിൽ തീരുമാനത്തിന്റേയും പകർപ്പുകൾ ലഭ്യമാക്കുന്നുണ്ടെന്ന് പറയുന്നുണ്ടെങ്കിലും ആയത് മറുപടിയോടൊപ്പം ലഭ്യമാക്കിയിട്ടില്ലത്തതാണ്. ഈ സാഹചര്യത്തിൽ വാല്യുവേഷൻ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ലാത്തതും കൊച്ചി കോർപ്പറേഷന്റെ കെട്ടിട നമ്പരിടാത്തതുമായ കെട്ടിടത്തിന് ശ്രീമതി. ഷിജിയ്ക്ക് നൽകിയ തുകയായ 81,305/- രൂപയും വാല്യുവേഷൻ റിപ്പോർട്ട് പ്രകാരം തേയ്മാനം കുറവ് ചെയ്യാത്തതിനാൽ ശ്രീ. കെ.എ. പീറ്ററിന്റെ കെട്ടിടത്തിന് അധികമായി നൽകിയ 1,81,984/-രൂപയും ഉൾപ്പടെ ആകെ 2,63,289/-രൂപയുടെ ചെലവ് ഓഡിറ്റ് നിരാകരിക്കുന്നു. വാല്യുവേഷൻ റിപ്പോർട്ട് തയ്യാറാക്കാതെയും തേയ്മാനം കുറവ് ചെയ്യാതെയും തുക അനുവദിക്കാൻ നിർദ്ദേശിച്ച 2017-18 കാലയളവിലെ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറും തുക അനുവദിച്ച സെക്രട്ടറിയും ഈ വിഷയത്തിൽ നഷ്ടോത്തരവാദികളാണ്.

രണ്ട് പേരിൽ നിന്ന് സ്ഥലം രജിസ്റ്റർ ചെയ്യുന്നതിന് മാത്രം 4,84,700/-രൂപ നഗരസഭയ്ക്ക് ചെലവുണ്ടായിട്ടുണ്ട്. ഇപ്രകാരം 28 പേരിൽ നിന്നും സ്ഥലം വാങ്ങുമ്പോൾ രജിസ്ട്രേഷൻ ചാർജിനത്തിൽ നഗരസഭയ്ക്ക് എഴുപത് ലക്ഷം രൂപയോളം ചെലവ് വരും. നഗരസഭയ്ക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കുവാൻ പ്രത്യേക തഹസിൽദാരുടെ കീഴിൽ ഒരു ഓഫീസ് പ്രവർത്തിക്കുകയും ആയതിന്റെ ഭരണചെലവ് നഗരസഭ വഹിക്കുകയും ചെയ്യുമ്പോൾ നഗരസഭ നേരിട്ട് ഭൂമി വാങ്ങിയതിന്റെ കാരണം വ്യക്തമല്ല.

ലാന്റ് അക്വസിഷൻ എന്നാണ് നഗരസഭ ഫയലിൽ രേഖപ്പെടുത്തുന്നതും കൗൺസിലിനെ ധരിപ്പിക്കുന്നതും. എന്നാൽ നേരിട്ടുള്ള വാങ്ങലാണ് ചെയ്യുന്നത്. പൊന്നും വില നടപടിക്രമം വഴി സ്ഥലം ഏറ്റെടുക്കുവാൻ റവന്യൂ വകുപ്പിനാണ് അധികാരം. ലാന്റ് അക്വസിഷൻ എന്നതുകൊണ്ട് നഗരസഭ ഉദ്ദേശിക്കുന്നത് എന്താണെന്ന് വ്യക്തമല്ല. നാളിതുവരെ ഈ പദ്ധതിയ്ക്കുവേണ്ടി ചെലവഴിച്ച തുക, വാങ്ങിയ സ്ഥലം, പോക്ക് വരവ് നടത്തി നഗരസഭയുടെ പേരിൽ ചേർത്തിട്ടുണ്ടോയെന്ന വിവരം എന്നിവ വ്യക്തമാക്കിയിട്ടില്ലാത്തതാണ്. കൂടാതെ ഈ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമല്ല.

# 3-5 സ്ഥലമെടുപ്പ് സ്പെഷ്യൽ തഹസിൽദാരുടെ ഓഫീസിനെ

# നിർജ്ജീവമാക്കി - നഗരസഭ നേരിട്ട് സ്ഥലം എറ്റെടുക്കുന്നു - എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് നൽകേണ്ടി വരുന്നു.

*ഫയൽ നം. MOP2-6647/13*

കൊച്ചി നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിന് പൊന്നുംവില പ്രത്യേക തഹസിൽദാരുടെ നേതൃത്വത്തിലുള്ള ഓഫീസ് വൈറ്റില മേഖല ഓഫീസിന് സമീപം പ്രവർത്തിക്കുന്നുണ്ട്. ഈ ഓഫീസിന്റെ ഭരണ ചെലവ് നഗരസഭയാണ് വഹിക്കുന്നത്. ബഹു. നഗരസഭ കൗൺസിലിന്റെ 31.08.2016ലെ 4-ാം നമ്പർ തീരുമാനപ്രകാരം 66,29,076/- രൂപ 2014-15 വരെയുള്ള ഭരണ ചെലവ് കുടിശ്ശിക ഇനത്തിൽ ഈ ഓഫീസിന് അനുവദിക്കാൻ തീരുമാനിച്ചിട്ടുള്ളതാണ്. ഈ തുക ഒന്നായി അടക്കുവാൻ നഗരസഭയുടെ സാമ്പത്തിക സ്ഥിതി അനുവദിക്കാത്തതിനാൽ തുക രണ്ട് ഗഡുക്കളായി അടയ്ക്കുവാനും തീരുമാനിച്ചുപ്രകാരം 17.10.17ലെ 686490 ചെക്ക് നമ്പർ (വൗച്ചർ നം. 21763382) പ്രകാരം 30,00,000രൂപയും 23.10.18ലെ 606768 ചെക്ക് നമ്പർ (വൗച്ചർ നം. 21803923) പ്രകാരം 36,29,076/- രൂപയും സർക്കാരിലേയ്ക്ക് അടച്ചിട്ടുണ്ട്.

ലഭ്യമായ ഫയലുകൾ പരിശോധിച്ചതിൽ 40 അടി റോഡ്, കണ്ണങ്ങാട്ട് മധുര കമ്പനി പാലം അപ്രോച്ച് റോഡ് തുടങ്ങി നിരവധി വികസന പ്രവർത്തനങ്ങൾക്ക് സ്ഥലം ഏറ്റെടുക്കുന്നത് നഗരസഭ നേരിട്ടാണ്. തഹസിൽദാരുടെ ഓഫീസ് മുഖേന സ്ഥലമേറ്റെടുത്തിരുന്നെങ്കിൽ രജിസ്ട്രേഷൻ ഫീസ്, മുദ്രപത്ര വില, ആധാര ചെലവ് എന്നിവ നഗരസഭയ്ക്ക് ലാഭിയ്ക്കാമായിരുന്നു. നിലവിൽ ഈ ഓഫീസ് നഗരസഭയുടെ ഏതെല്ലാം പദ്ധതികൾക്ക് വേണ്ടിയാണ് സ്ഥലങ്ങൾ ഏറ്റെടുക്കുന്ന പ്രവർത്തികൾ ചെയ്യുന്നതെന്ന് വ്യക്തമല്ല. 2019 ആഗസ്റ്റ് വരെ ഈ ഓഫീസിന് നഗരസഭയുടെ അപേക്ഷ പ്രകാരം സർക്കാരിൽ നിന്നും തുടർച്ചാനുമതി ലഭിച്ചിട്ടുണ്ട്. നിലവിൽ സ്ഥലമേറ്റെടുപ്പ് പ്രവൃത്തികൾ ഒന്നുമില്ലെങ്കിൽ ഭീമമായ തുക ചെലവഴിച്ച് ഈ ഓഫീസ് നിലനിർത്തുവാൻ തുടർച്ചാനുമതി നൽകുന്നതിന്റെ കാരണം നഗരസഭ വിശദീകരിച്ചിട്ടില്ല. മേൽ വിഷയങ്ങൾ കൂടാതെ 66,29,076/- രൂപ കുടിശ്ശികയുടെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (128/22.11.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ നഗരസഭ പൊന്നുംവില പ്രത്യേക തഹസിൽദാരുടെ ഓഫീസ് മുഖാന്തിരമാണ് ഭൂമി വാങ്ങുന്നതെങ്കിൽ നഗരസഭയുടെ സാമ്പത്തിക താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ഉത്തമമായിരിക്കും.

# 3-6 അരക്കോടിരൂപയുടെ ഡി.ഡി. 8 വർഷമായി ഓഫീസിൽ സൂക്ഷിച്ചു - നഗരസഭയ്ക്ക് സ്ഥലം നഷ്ടപ്പെട്ടു

| | | |
|---|---|---|
| പ്രോജക്റ്റിന്റെ പേര് | : | ഭൂരഹിത പട്ടികജാതിക്കാരുടെ പുനരധിവാസം |
| പ്രോജക്റ്റ് നമ്പർ | : | എസ്. 264/08, എസ്. 599/08 |
| ഫയൽ നമ്പർ | : | CCPC3/28874/07 |
| അടങ്കൽ തുക | : | 2,80,02,426/- |

2007-08 കാലയളവിൽ ഭൂരഹിത പട്ടികജാതിക്കാർക്ക് ഫ്ലാറ്റ് പണിയുവാൻ സ്ഥലം വാങ്ങുന്നതിന് 2,80,02,426രൂപ അടങ്കൽ തുകയായി നിശ്ചയിച്ചിട്ടുള്ള ഈ പദ്ധതിയ്ക്ക് 29.02.2008-ൽ ഡി.പി.സി. അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ പ്രോജക്റ്റിന് ആവശ്യമായ സ്ഥലം വിശാല കൊച്ചി വികസന അതോറിറ്റിയിൽ നിന്ന് ലഭ്യമാക്കുന്നതിന് ജില്ലാ കളക്ടറോട് സ്ഥല വില നിർണ്ണയിച്ച് നൽകണമെന്ന് നഗരസഭ ആവശ്യപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ 03.02.2009ൽ സെന്റ് ഒന്നിന് 1,40,000 രൂപ പ്രകാരം തോപ്പുംപടി വില്ലേജിൽ 1192/2 എ, 3എ, 3 ബി എന്നീ സർവ്വെ നമ്പരിൽ ഉൾപ്പെട്ട 1.45 ഏക്കർ സ്ഥലം വാങ്ങുന്നതിന് 2,03,00,000 രൂപ ചെലവ് നിശ്ചയിച്ചിട്ടുള്ളതാണ്. മേയറുടെ 9.4.2008ലെ മുൻകൂർ അനുമതി പ്രകാരം 09.04.2008-ൽ 1,16,00,000 രൂപ (രസീത് നം.46561/5.5.2008) ജി.സി.ഡി.എയിൽ അടച്ചു. ആയതിന് 25.9.2008ലെ ഒന്നാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ഇതേ തീരുമാനപ്രകാരം 24.08.2010ൽ 87,00,000 രൂപയും(DD No.388120/24.8.2010) അടക്കം 203,00,000 രൂപയും വിശാല കൊച്ചി വികസന അതോറിറ്റിയ്ക്ക് കൈമാറിയിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ ഈ സ്ഥലം വിശാല കൊച്ചി വികസന അതോറിറ്റി നഗരസഭയുടെ പേർക്ക് രജിസ്റ്റർ ചെയ്ത് നൽകിയിട്ടില്ല. ആയതിനാൽ നഗരസഭയ്ക്ക് സ്ഥലം ലഭിച്ചിട്ടുമില്ല. 2010-11 കാലയളവിൽ പദ്ധതിപണം ലാപ്സ് ആകുമെന്ന് കണ്ട് രജിസ്ട്രേഷൻ നടപടികൾക്കായി നേരിട്ട് ചെലവഴിക്കാവുന്ന തുക 26.03.2011-ൽ ട്രഷറിയിൽ നിന്ന് പിൻവലിച്ച് ഡി.ഡി. ആയി മാറ്റിയിട്ടുണ്ട്. ഇപ്രകാരം 48,67,750 രൂപയ്ക്കുള്ള 06.04.2011ലെ ഡി.ഡി. നം. 59109 (എസ്.ബി.റ്റി) നമ്പരായി സെക്രട്ടറി, കൊച്ചി നഗരസഭയുടെ പേരിൽ എടുത്തിട്ടുള്ളത് നാളിതുവരെ രജിസ്ട്രേഷൻ നടപടികൾക്കായി വിനിയോഗിക്കാതെ നഗരസഭ ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നു. രജിസ്ട്രേഷൻ നടത്താത്തതിന്റെ കാരണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. തൽഫലമായി നഗരസഭയ്ക്ക് തുക ഫണ്ടിൽ നിന്ന് കുറയുകയും നാളിതുവരെയുള്ള പലിശ നഷ്ടപ്പെടുകയും ചെയ്തു.

2007-08-കാലയളവിൽ നടപ്പാക്കേണ്ടിയിരുന്ന പദ്ധതി പത്ത് വർഷങ്ങൾക്ക് ശേഷവും നടപ്പിലാക്കാൻ സാധിക്കാതെ വന്ന എന്നതിലുപരിയായി സ്ഥലത്തിനുവേണ്ടി നൽകിയ തുക പാഴ്ചെലവായിമാറിയെന്നതാണ് വാസ്തവം. ആദ്യം നിശ്ചയിച്ച വിലയ്ക്ക് ജി.സി.ഡി.എ സ്ഥലം ലഭ്യമാക്കുവമാൻ ഇനി സാദ്ധ്യതയില്ലായെന്നവിവരം ഫയലിൽ നിന്ന് വ്യക്തമാണ്. മുൻകൂറായി മുഴുവൻ തുകയും നൽകിയിട്ടും

നഗരസഭയ്ക്ക് സ്ഥലം ലഭിക്കാതിരിക്കുന്നതിനാൽ ആയതിൽ വീഴ്ച വരുത്തിയവർക്കെതിരെ കർശന നടപടിയെടുക്കേണ്ടതും എത്രയും വേഗം സ്ഥലം കോർപ്പറേഷന് ലഭ്യമാക്കുന്നതിന് നടപടിയെടുക്കേണ്ടതുമാണ്.

# 3-7 കോടതി കേസുകളിൽ വിധികടം വീട്ടുന്നില്ല – നഗരസഭയ്ക്ക് പലിശ ബാധ്യത

കൊച്ചി നഗരത്തിലെ സഹോദരൻ അയ്യപ്പൻ റോഡ് വികസനവുമായി ബന്ധപ്പെട്ട് പൂണിത്തുറ വില്ലേജ് സർവ്വേ നമ്പർ 935/4, 0.0020 ആർ വിസ്തീർണ്ണത്തിൽ ശ്രീ. എലിയാസ് എബ്രഹാമിന്റെ ഭൂമി ലാന്റ് അക്വിസിഷൻ നടപടിക്രമത്തിലൂടെ ഏറ്റെടുത്തതിനെ തുടർന്ന് ടിയാൻ എറണാകുളം സബ് കോടതിയിൽ നിന്ന് നഷ്ടപരിഹാരം ലഭിക്കുന്നതിന് വിധി സമ്പാദിച്ചതിനെത്തുടർന്ന് വിധികടം കൊച്ചി നഗരസഭ LA സ്പെഷ്യൽ തഹസിൽദാർ 20.07.2012ൽ തിട്ടപ്പെടുത്തിയ കാൽക്കുലേഷൻ ഷീറ്റ് അനന്തരനടപടികൾക്കായി നഗരസഭയ്ക്ക് സമർപ്പിച്ചു. മേൽ വിധികടം ഒടുക്കുന്നതിന് 04.10.2012ൽ 88-ാം നമ്പർ ജനറൽ കൗൺസിൽ തീരുമാനമുള്ളതാണ്. നഗരസഭ ഉദ്യോഗസ്ഥൻ കൗൺസിൽ തീരുമാനം നടപ്പാക്കാത്തതിനാൽ കാലതാമസം ഉണ്ടായതിനാൽ 1849 ദിവസത്തെ 15% പലിശയ്ക്ക് ( കാൽക്കുലേഷൻ ഷീറ്റ് പ്രകാരമുള്ളത്) പകരം 3661 ദിവസത്തെ 15% പലിശ ഒടുക്കുന്നതിന് സാഹചര്യം ഉണ്ടാവുകയും വൗച്ചർ നമ്പ്ര 21803922 പ്രകാരം 1,13,983 രൂപ ചെക്ക് നമ്പർ 606767 തീയതി 23.10.18 പ്രകാരം ചെലവഴിക്കുകയും ചെയ്തു. (ഇത് 17.07.17 വരെ മാത്രമുള്ള പലിശ തുക കണക്കാക്കിയതാണ്. തുക ഒടുക്കിയത് വൈകിയതിനാൽ തുടർന്നുള്ള ദിവസങ്ങളിലെ പലിശയും നൽകേണ്ടിവരാവുന്നതാണ്. )

മേൽ വിവരിക്കുന്ന കാരണങ്ങളാൽ വിധികടം തീർക്കാൻ കാലതാമസം വരുത്തിയതിനുള്ള കാരണവും ആയത് മൂലം നഗരസഭയ്ക്ക് അധിക പലിശ ബാധ്യത ഉണ്ടാക്കിയ സാഹചര്യവും, ഉദ്യോഗസ്ഥരുടെ വിവരവും 1997ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനങ്ങളും) ചട്ടങ്ങളിലെ ചട്ടം 22 പ്രകാരം ബാധ്യത തിട്ടപ്പെടുത്തിയതിന് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 11 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല.

# 3-8 നഗരത്തിലെ പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യൽ കരാർ - നഗരസഭയ്ക്ക് നഷ്ടം ഫയൽ നം. ISO/MOH5/016744/17

നഗരത്തിലെ പ്ലാസ്റ്റിക് മാലിന്യം തൂക്കത്തിന്റെ അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയിച്ച് നീക്കം ചെയ്യുന്നതിന് ലോറികൾ(ഡ്രൈവർ ഉൾപ്പടെ) ലഭ്യമാക്കുന്നതിന് ടെണ്ടർ വഴി കരാർ എടുത്തിട്ടുള്ളത് ശ്രീ. എം. എ. താഹയാണ്. പൂർവ്വ മേഖലയിൽ കിലോയ്ക്ക് 0.77 രൂപയും പശ്ചിമ മേഖലയിൽ കിലോയ്ക്ക് 2.10രൂപയുമാണ് നഗരസഭ കരാർ നല്കിയിട്ടുള്ളത്. 1 മുതൽ 10 വരെയുള്ള സർക്കിളുകൾ ഉൾപ്പെടുന്ന10സർക്കിളുകളാണ് പടിഞ്ഞാറൻ മേഖല. 11 മുതൽ 21 വരെ ഉൾപ്പെടുന്ന 11 സർക്കിളുകളാണ് കിഴക്കൻ മേഖലയിൽ ഉൾപ്പെടുന്നത്. പ്ലാസ്റ്റിക് മാലിന്യം നീക്കുവാൻ 2008ന് ശേഷമുള്ള മോഡൽ കവചിത ലോറികളാകണം എന്നതാണ് വ്യവസ്ഥ.

ബ്രഹ്മപുരം പ്ലാന്റിൽ വിവിധ സർക്കിളുകളിൽ നിന്ന് ശേഖരിച്ച് എത്തുന്ന പ്ലാസ്റ്റിക് മാലിന്യ ലോറികളിൽ പ്ലാസ്റ്റിക് ഇതര അജൈവ മാലിന്യങ്ങളും കയറ്റി വരുന്നതായി പ്ലാന്റിന്റെ ചുമതലയുള്ള എച്ച്.ഐ. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലോറികളിൽ പ്ലാസ്റ്റിക് കവറിലാക്കി വരുന്ന മാലിന്യത്തിന്റെ കൂടെ ഇതര അജൈവ മാലിന്യവും (സോളിഡ് വേസ്റ്റ്) കടന്നുവരുന്നതും പ്ലാസ്റ്റിക് മാലിന്യമായി കണക്കാക്കുന്നതിനാൽ പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവും തൂക്കവും വർദ്ധിക്കുന്നു. പ്ലാന്റിൽ വെച്ച് മാലിന്യം വേർതിരിച്ച് തൂക്കുന്നതിന് സൗകര്യമില്ലാത്തതിനാലും പ്രായോഗികമല്ലാത്തതിനാലും തൂക്കം അളന്ന് മാലിന്യത്തിന് പ്രതിഫലം നൽകുന്നത് നഗരസഭയ്ക്ക് നഷ്ടം ഉണ്ടാകുന്നുണ്ട്. പ്ലാസ്റ്റിക് മാലിന്യത്തിന് കിലോക്ക് 0.77 രൂപ, 2.10 രൂപ എന്നീ നിരക്കിൽ തുക നൽകുമ്പോൾ നഗരസഭയ്ക്ക് ഭീമമായ നഷ്ടമുണ്ടാകുന്നു.

10 ടൺ ശേഷിയുള്ള വാഹനത്തിൽ പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്തതിന് 1/18ലും 2/18ലും യഥാക്രമം 4155 കിലോ, 3475 കിലോ തൂക്കം വീതം കുറവ് ചെയ്താണ് കരാറുകാരന് നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 91/16.10.2018നുള്ള മറുപടിയിൽ തൂക്കം കുറവ് ചെയ്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. പ്ലാസ്റ്റിക് മാലിന്യവും ഖരമാലിന്യവും വേർതിരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് കവറുകളിൽ കെട്ടി വരുന്ന മറ്റ് മാലിന്യങ്ങൾ പ്ലാസ്റ്റിക് മാലിന്യമായി കണക്കാക്കുന്നതിനാലാണ് തൂക്കം വർദ്ധിക്കുന്നത്. പ്ലാസ്റ്റിക്കും ജൈവ മാലിന്യവും വേർതിരിച്ച് നൽകുവാൻ സൗകര്യം ഏർപ്പെടുത്തുകയോ അല്ലാത്തപക്ഷം കരാറിൽ വേണ്ട മാറ്റങ്ങൾ വരുത്തുകയോ ചെയ്യേണ്ടതാണ്.

# 3-9 നഗരത്തിലെ ഖര മാലിന്യ നീക്കം കൃത്യമായി നടക്കുന്നില്ല നഗരസഭയ്ക്ക് അധിക ബാദ്ധ്യത ഫയൽ നം. ISO/MOH5/40613/15

നഗരത്തിലെ സോളിഡ് മാലിന്യം (ഖര മാലിന്യം) തൂക്കത്തിന്റെ അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയിച്ച് നീക്കം ചെയ്യുന്നതിന് ലോറികൾ(ഡ്രൈവർ ഉൾപ്പടെ) ലഭ്യമാക്കുന്നതിന് ടെണ്ടർ വഴി കരാർ എടുത്തിട്ടുള്ളത് ശ്രീ. എൻ. ആർ. ഷാജി, ആർ.എസ്.പി. കൺസ്ട്രക്ഷൻ, കാക്കനാട് ആണ്. 12.05.2017 മുതൽ 11.05.2019 വരെയാണ് കരാർ കാലാവധി. പൂർവ്വ മേഖലയിൽ കിലോയ്ക്ക് 0.45 രൂപയും പശ്ചിമ മേഖലയിൽ കിലോയ്ക്ക് 0.55 രൂപയുമാണ് നഗരസഭ കരാർ നല്കിയിട്ടുള്ളത്. പ്രതിമാസം കിഴക്കൻ മേഖലയിലെ ഖരമാലിന്യം നീക്കം ചെയ്യുന്നതിന് ഏകദേശം 19 ലക്ഷത്തോളം രൂപ ചെലവ് വരുന്നുണ്ട്. അതുപോലെ പടിഞ്ഞാറൻ മേഖലയിൽ 10 ലക്ഷത്തോളം രൂപ ചെലവും വരുന്നുണ്ട്. മാലിന്യം നീക്കുവാൻ 2008ന് ശേഷമുള്ള 10 ടൺ ശേഷിയുള്ള മോഡൽ കവചിത ലോറികളായിരിക്കുമെന്നതാണ് കരാറിലെ ഒരു വ്യവസ്ഥ. 2008ന് ശേഷമുള്ള ടിപ്പറുകളാണെന്നും കവചിത വാഹനങ്ങളാണെന്നും ഹെൽത്ത് ഇൻസ്പെക്ടർ ഉറപ്പുവരുത്തേണ്ടതാണ്. ഡ്രൈവർ, ഇന്ധനം മറ്റ് അനുബന്ധ ചെലവുകൾ കരാറുകാർ വഹിക്കേണ്ടതാണ്. കൊച്ചി നഗരത്തിൽ നിന്നും ശേഖരിക്കുന്ന മാലിന്യം നഗരസഭയുടെ ബ്രഹ്മപുരം പ്ലാന്റിൽ എത്തിക്കുന്നതിനും നഗരസഭയിലെ ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്ന മുറയ്ക്ക് ടിപ്പർ ലോറികൾ ലഭ്യമാക്കേണ്ടതാണെന്നുമാണ് കരാർ. ബ്രഹ്മപുരം പ്ലാന്റിൽ ഈ മാലിന്യം തൂക്കി അളവ് രേഖപ്പെടുത്തേണ്ട ചുമതല ഒരു എച്ച്.ഐക്കും ജെ.എച്ച്.ഐക്കുമാണ്.

കരാർ നൽകിയ ആദ്യ മാസങ്ങളായ 2017 മെയ്- ജൂൺ മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങളിൽ 2008ന് മുൻപ് രജിസ്ട്രേഷനുള്ള വാഹനങ്ങൾ മാലിന്യ നീക്കത്തിന് ഉപയോഗിച്ചതുമൂലം മാലിന്യങ്ങൾ കുന്നുകൂടി. അത്തരം വാഹനങ്ങൾക്ക് മാലിന്യം വഹിക്കുവാനുള്ള ശേഷി കുറവായിരുന്നു. ഇത്തരത്തിൽ കരാർ ലംഘനം നടത്തിയിട്ടും നഗരസഭ കരാറുകാരനെതിരെ നടപടി സ്വീകരിക്കാതെ ബില്ലുകൾ മാറി നൽകിയിട്ടുള്ളതാണ്. കരാറുകാരൻ ബ്രഹ്മപുരം പ്ലാന്റിൽ ലഭ്യമാക്കിയ സോളിഡ് വേസ്റ്റിന്റെ തൂക്കം കിലോ അടിസ്ഥാനത്തിൽ കണക്കാക്കി മാലിന്യ പ്ലാന്റിന്റെ ചുമതലയുള്ള എച്ച്.ഐ.യും ജെ.എച്ച്.ഐ.യും അതാത് ദിവസം ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ആകെ എത്ര കിലോ ഖരമാലിന്യമാണ് ഒരു മാസം കരാറുകാരൻ പ്ലാന്റിൽ ലഭ്യമാക്കിയതെന്ന് ചുമതലപ്പെട്ട എച്ച്.ഐ.യും ജെ.എച്ച്.ഐ.യും നഗരസഭയിൽ അറിയിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ഓരോ മാസവും തുക നൽകുന്നത്. എന്നാൽ പല മാസങ്ങളിലും കരാറുകാൻ ലഭ്യമാക്കിയ കണക്കനുസരിച്ചാണ് തുക നൽകിയിട്ടുള്ളത്. കൂടാതെ ഫയലിൽ കരാറുകാരൻ ലഭ്യമാക്കിയ മാലിന്യത്തിന്റെ അളവുകളാണ് കാണുന്നത്. പശ്ചിമ മേഖലയിൽ പ്രതിദിനം 8 വണ്ടിയും കിഴക്കൻ മേഖലയിൽ 16 വണ്ടിയും ലഭ്യമാക്കുന്നുണ്ടെന്നും പ്രതിദിനം ഒരു സർക്കിളിൽ നിന്ന് ഒരു ലോഡ് മാലിന്യം നീക്കം ചെയ്യുന്നുണ്ടെന്നും കരാറുകാരൻ പറയുന്നു. എന്നാൽ പല സർക്കിളുകളിലും ലോഡ് കൊണ്ടു പോകുവാൻ വണ്ടികൾ ലഭ്യമല്ലായെന്ന് എച്ച്.ഐ. മാരും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പലപ്പോഴും രാവിലെ ഒരു ലോഡ് മാലിന്യം മാത്രമാണ് നീക്കം ചെയ്യുന്നത്. മാലിന്യം കൂടുതലുള്ള സർക്കിളുകളിൽ രണ്ടാമത് വണ്ടി ലഭ്യമാക്കുന്നില്ല.

2018 ഫെബ്രുവരി മാസത്തിൽ ഖരമാലിന്യം നീക്കം ചെയ്യുവാൻ വാഹനം ലഭ്യമാക്കിയില്ലായെന്ന് സർക്കിൾ 12, 13, 17, 22 എന്നിവയുടെ ചുമതലയുള്ള എച്ച്.ഐ.മാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മാലിന്യം നീക്കം ചെയ്യുവാൻ വാഹനങ്ങൾ ലഭ്യമാക്കാത്ത കരാറുകാരനെതിരെ നഗരസഭ നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതാണ്.

മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി രണ്ട് ട്രിപ്പ് (ദിവസ വാടകയിൽ) എന്നുള്ളതിൽ നിന്ന് മാറി ടണ്ണേജ് (തൂക്കത്തിന്റെ അടിസ്ഥാനത്തിൽ) കണക്കിൽ മാലിന്യ നീക്കം എന്ന തീരുമാനത്തിൽ എത്തിച്ചേരുവാനുണ്ടായ കാരണം വ്യക്തമല്ല. ഫയൽ പ്രകാരം ബ്രഹ്മപുരത്തെ മാലിന്യം തൂക്കി നോക്കുന്നതിന് സ്ഥാപിച്ചിട്ടുള്ള Weigh Bridge ന് പലപ്പോഴും കേട്പാടുകൾ ഉള്ളതായി കാണുന്നു. ഈ കാലയളവിൽ മാലിന്യത്തിന്റെ തൂക്കം നിർണ്ണയിച്ചത് എപ്രകാരമായിരുന്നുവെന്ന് വ്യക്തമല്ല കാലാകാലങ്ങളിൽ സംസ്ഥാന ലീഗൽ മെട്രോളജി വകുപ്പിൽ നിന്നും Weigh Bridge മുദ്രണം നടത്തിയിട്ടില്ലാത്തതും Weigh Bridgeന്റെ വാർഷിക മുദ്രണം നടത്തിയ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതുമാണ്. എച്ച്.ഐ. മാരുടെയും വെഹിക്കിൾ എച്ച്.ഐ. മാരുടേയും റിപ്പോർട്ടും, മാസാന്ത്യ സ്റ്റേറ്റ്മെന്റും പരിശോധിച്ച് കരാർ തുക ശുപാർശ ചെയ്യേണ്ടത് ഹെൽത്ത് ഓഫീസറാണ്. എന്നാൽ ഫയലിൽ അത്തരം രേഖപ്പെടുത്തലുകൾ കാണുന്നില്ല. മാലിന്യം നീക്കുന്നതിനായി RSP കൺസ്ട്രക്ഷൻ ലഭ്യമാക്കുന്ന ടിപ്പർ വാഹനങ്ങൾക്ക് പുറമേ നഗരസഭയുടെ 23 ടിപ്പർ ലോറികൾ ഉപയോഗിക്കുന്നുണ്ടോയെന്ന് ഫയലിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. മാലിന്യം നീക്കുന്നതിന് നഗരസഭയ്ക്ക് ടിപ്പർ ലോറികൾ, കവചിത വാഹനങ്ങൾ, മറ്റ് ചെറിയ വാഹനങ്ങൾ എന്നിവ ഉണ്ടായിരിക്കെ ഇത്രയും വലിയ തുക ചെലവ് ചെയ്ത് മാലിന്യം നീക്കം ചെയ്യുവാൻ കരാർനൽകിയിട്ടുള്ളതാണ്. ISO/MOH5/42888/17-ാം നമ്പർ ഫയലിൽ 15.02.2018 തീയതിയിലെ 1-ാം നമ്പർ ഹെൽത്ത് കമ്മറ്റി തീരുമാനം ചുവടെ ചേർക്കുന്നു.

കമ്മറ്റി ഇതുവരെയുള്ള കണക്കുകൾ പരിശോധിച്ചതിൽ മാലിന്യ നീക്കം നടത്തുന്നതിന് മുൻവർഷങ്ങളിൽ ലോറികൾ ലഭ്യമാക്കുന്നതിനുള്ള കരാർ ദിവസ വാടകയിൽ നിന്ന് തൂക്കത്തിന്റെ അടിസ്ഥാനത്തിലേക്ക് മാറിയപ്പോൾ മുൻ വർഷങ്ങളിൽ നിന്ന് ഏകദേശം ഒരു കോടി രൂപ നഗരസഭയ്ക്ക് അധിക ബാദ്ധ്യത വന്നിട്ടുള്ളതായി കമ്മറ്റിയ്ക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. മാലിന്യ നീക്കത്തിനായി നഗരസഭ ആവശ്യപ്പെടുമ്പോൾ കരാറുകാരനായ ശ്രീ. എൻ.ആർ ഷാജി വീഴ്ച വരുത്തിയതായും കമ്മറ്റിയ്ക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. നഗരസഭ വൻ തുക ചെലവ് ചെയ്തിട്ടും മാലിന്യ നീക്കം കൃത്യമായി നടക്കുന്നില്ലായെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. മാലിന്യ നീക്കത്തിന് വാടക ലോറികൾ എടുക്കുന്നതിന് പകരം നഗരസഭയ്ക്ക് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തുന്ന ടണ്ണേജിലേക്ക് മാറിയതിന്റെ കാരണം കമ്മറ്റിയ്ക്കുപോലും ബോധ്യപ്പെട്ടില്ല. കൂടാതെ ഈ കരാർ നഗരസഭയ്ക്ക് നഷ്ടമാണെന്ന് ഹെൽത്ത് സ്റ്റാന്റിംഗ് കമ്മറ്റിയ്ക്ക് ബോധ്യപ്പെട്ടിട്ടും കരാർ വ്യവസ്ഥകൾ പുനഃപരിശോധിക്കുവാനോ റദ്ദാക്കുവാനോ നഗരസഭ തയ്യാറായിട്ടില്ല.

പടിഞ്ഞാറൻ മേഖലയിലെ മാലിന്യം നീക്കം ചെയ്യുന്നതിന് കിലോയ്ക്ക് 0.55 രൂപ നിരക്കിലാണ്. 2017 ഒക്ടോബർ സെപ്റ്റംബർ മാസങ്ങളിൽ മാലിന്യത്തിന്റെ യഥാർത്ഥ തൂക്കത്തിന് പകരം ശരാശരി തൂക്കം കണക്കാക്കി കരാറുകാരന് തുക നൽകിയതായി കാണുന്നു. ബാക്കി മാസങ്ങളിൽ മുഴുവൻ തൂക്കത്തിനുമാണ് തുക നൽകിയിട്ടുള്ളതാണ്. ഈ രണ്ടു മാസങ്ങളിൽ ശരാശരി തൂക്കത്തിന്റെ അടിസ്ഥാനത്തിൽ തുക നൽകുവാനുണ്ടായ കാരണം നഗരസഭ വ്യക്തമാക്കിയിട്ടില്ല.മേൽ വിഷയങ്ങൾ കാണിച്ച് നൽകിയ 90ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ 2008ന് മുൻപ് രജിസ്ട്രേഷനുള്ള വാഹനങ്ങൾ ഉപയോഗിച്ചതിനും മാലിന്യനീക്കത്തിന് ലോറികൾ ലഭ്യമാക്കാത്തതിനും കരാരുകാരന് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ടെന്നും സർക്കിൾ ഹെൽത്ത് ഇൻസ്പെക്ടർമാർ അസിസ്റ്റൻറ് ഹെൽത്ത് ഇൻസ്പെക്ടർമാർ തുടങ്ങിയവരുടെ റിപ്പോർട്ട് സഹിതമാണ് ബിൽ തുക അനുവദിക്കുന്നതെന്നും പറയുന്നു കൂടാതെ Weigh Mzchineതുടർച്ചയായി തകരാറിൽ ആകുന്നത് പഴക്കമേറിയതിനാലാണെന്നും മാലിന്യവുമായി വരുന്ന കരാർ ലേറികൾ തൂക്കം എടുക്കാൻ കഴിയാതെ വരുന്ന സന്ദർഭങ്ങളിൽ ട്രിപ്പുകൾ മുടങ്ങാതിരിക്കുവാൻ കരുകാരൻ തന്നെ ടെക്നീഷ്യനുള്ള ഫീസ് നൽകി മെഷ്യൻ പ്രവർത്തക്ഷമമാകുന്നുവെന്നും പുതിയ വേയിംഗ് മെഷ്യൻ സ്ഥാപിക്കുന്നതിന് നഗരസഭ തീരുമാനമെടുത്തിട്ടുണ്ടെന്നും കമ്പ്യൂട്ടർ സംവിധാനം നിലവിൽ വരുമ്പോൾ തൂക്കത്തിൻെറ കൃത്യത ഉറപ്പാക്കാമെന്നും നാളിതുവരെ ലീഗൽ മെട്രോളജി വകുപ്പിൽ നിന്നും Weigh Bridge മുദ്രണം നടത്തിയിട്ടില്ലാത്തതുമാണെന്നും കരാറ് വാഹനങ്ങൾക്കൊപ്പം നഗരസഭവാഹനങ്ങളും ഓടുന്നുണ്ടെന്നും 23 വാഹനങ്ങളിൽ മൂന്ന് കോംപാക്ടറും, ഒൻപത് കവേഡ് ടിപ്പറുകളും ഓടുന്നുണ്ടെന്നും ബാക്കിയുള്ളവ തകരാറിലാണെന്നും തകരാറിലായ വാഹനങ്ങൾ എഞ്ചിനിയറിംഗ് വിഭാഗം റിപ്പയർ ചെയ്ത് തരുന്നില്ലെന്നും കരാറിലെ അപാകത പരിഹരിക്കുന്നതാണെന്നും യഥാർത്ഥ തൂക്കത്തിന്ുമാത്രമാണ് തുകനൽക്നതെന്നും മറുപടിയിൽ പറയുന്നു. .കരാർ നഗരസഭയ്ക്ക് നഷ്ടമാണെന്ന് കൗൺസിലിനുവരെ ബോധ്യപ്പെട്ടിട്ടും തുടർ നടപടികൾ സ്വീകരിക്കുവാൻ നഗരസഭ വൈമുഖ്യം കാണിക്കുന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ലാത്തതാണ്.

## 3-10 ബ്രഹ്മപുരം മാലിന്യ പ്ലാന്റിൽ മാലിന്യം നീക്കം ചെയ്യുന്നതിന് എസ്കവേറ്റർ (JCB) – ടെണ്ടർ ക്ഷണിക്കാതെ വാടകയിനത്തിൽ ഉപയോഗിക്കുന്നു ഫയൽ നം. ISO/MOH5/041103/15

കൊച്ചി നഗരസഭയിലെ ബ്രഹ്മപുരം പ്ലാന്റ്, പൂർവ്വ മേഖല, പശ്ചിമ മേഖല എന്നിവിടങ്ങളിലെ മാലിന്യ നീക്കവുമായി ബന്ധപ്പെട്ട 25.07.2016ൽ കൂടിയ കൗൺസിലിന്റെ 64, 65, 66 നമ്പർ തീരുമാന പ്രകാരം ജെ.സി.ബി/ഹിറ്റാച്ചി എന്നിവ ലഭ്യമാക്കുന്നതിന് ശ്രീ. എൻ.ആർ.ഷാജി,

ആർ.എസ്.പി. കൺസ്ട്രക്ഷൻ, കാക്കനാട് എന്നയാൾക്ക് 08.08.2016 മുതൽ 07.08.2017 വരെ കരാർ നൽകിയിട്ടുള്ളതാണ്. ജെ.സി.ബിയ്ക്ക് മണിക്കൂറിൽ 580 രൂപ നിരക്കിലും ഹിറ്റാച്ചി മണിക്കൂറിൽ 1000/-രൂപ നിരക്കിലും വാടകയ്ക്ക് ലഭ്യമാക്കുന്നതിനാണ് കരാർ. ബ്രഹ്മപുരത്ത് പ്രതിമാസം ഓരോ ഹിറ്റാച്ചിയും ശരാശരി 250 മണിക്കൂർ പ്രവർത്തിക്കുന്നുണ്ട്. ഫയൽ പരിശോധിച്ചതിൽ ബ്രഹ്മപുരം പ്ലാന്റിൽ EX 120, EX 110 ഹിറ്റാച്ചി മാത്രമാണ് പ്രവർത്തിക്കുന്നത്. ജെ.സി.ബി. ഉപയോഗിക്കുന്നില്ല. വാടകയിനത്തിൽ പ്രതിമാസം അഞ്ച് ലക്ഷത്തോളം രൂപ കരാറുകാരന് നൽകുന്നുണ്ട്.

ഹിറ്റാച്ചിയുടെ പ്രവർത്തന സമയം, മീറ്റർ റീഡിംഗ് എന്നിവ കരാറുകാരൻ ലഭ്യമാക്കുന്നതായിട്ടാണ് ഫയലിൽ കാണുന്നത്. നഗരസഭയിലെ ബ്രഹ്മപുരം പ്ലാൻറിന്റെ ചുമതലയുള്ള എച്ച്.ഐ. മീറ്റർ റീഡിംഗ് എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും, ഫയലിൽ രേഖപ്പെടുത്തുന്നത് കരാറുകാരൻ ലഭ്യമാക്കിയ റീഡിംഗ് ആണ്. ഇത് പ്രകാരമാണ് തുക നൽകുന്നതും. 07.08.2017ൽ ടെണ്ടർ കാലാവധി കഴിഞ്ഞ ശേഷവും പുതിയ ടെണ്ടർ ക്ഷണിക്കാതെ നിലവിലുള്ള കരാറുകാരനെ തുടരുവാൻ കൗൺസിൽ തീരുമാനം ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 12.10.2018ൽ നൽകിയ 88-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയായി പഴയ കരാർ തുടരുന്നതിനായി മേയർ അനുമതി നൽകിയിട്ടുള്ളതും 11.9.2018ൽ 61-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ഇതിന് സാധൂകരണം നൽകിയിട്ടുള്ളതുമാണെന്ന് അറിയിച്ചിട്ടുണ്ട്. പുതിയ ടെണ്ടർ വിളിക്കാത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. കൂടാതെ ബ്രഹ്മപുരം പ്ലാന്റിൽ ജെ.സി.ബി. ഉപയോഗിക്കാതെ വാടക കൂടിയ ഹിറ്റാച്ചി മാത്രം ഉപയോഗിച്ചാണ് മാലിന്യം നീക്കുന്നത്. പുതിയ ടെണ്ടർ വിളിച്ച് കരാർ നൽകുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-11 മാലിന്യ നിർമാർജ്ജനത്തിന് റെഫ്യൂസ് കോംപാക്റ്റർ വാങ്ങൽ - നിലവിലുള്ള വാഹനങ്ങൾ പ്രവർത്തനക്ഷമമാക്കാൻ കാലതാമസം

കൊച്ചി നഗരസഭയിൽ നിലവിൽ ആകെ പത്ത് റെഫ്യൂസ് കോംപാക്ടറുകൾ ഉള്ളതിൽ ഏഴ് എണ്ണവും കേടുപാടായി പ്രവർത്തിക്കാതെ കിടക്കുന്ന സാഹചര്യത്തിൽ 2016-17 വർഷം 48,36,474/- (15801536 / 29.3.2017) ചെലവഴിച്ച് മാലിന്യ നിർമാർജ്ജനത്തിന് 3 റെഫ്യൂസ് കോംപാക്ടറുകൾ കൂടി വാങ്ങിച്ചു. 2017-18 വർഷത്തെ ജനകീയാസൂത്രണ പദ്ധതികൾ ഉൾപ്പെടുത്തി 50,02,395 രൂപ (ബിൽ നം.1711014701580133171 8/ 27.3.2018) കൂടി ഈ വാഹനങ്ങൾക്ക് വേണ്ടി ചെലവഴിച്ചിട്ടുണ്ട്. ഈ മൂന്ന് വാഹനങ്ങളും നിലവിൽ പ്രവർത്തന രഹിതമായി കിടക്കുന്നു. നിലവിൽ പഴയ 3 വാഹനങ്ങൾ മാത്രമാണ് പ്രവർത്തിയ്ക്കുന്നത്. ഓരോ വാഹനവും പ്രവർത്തനം നിർത്തിവെച്ച തീയതി താഴെകൊടുക്കുന്നു.

| ക്രമ നം. | രജിസ്ട്രേഷൻ നം. | പ്രവർത്തനം നിർത്തിയ തീയതി | കാരണം |
|---|---|---|---|
| 1 | KL-7 CN 6028 | 27.10.18 | ഹൈഡ്രോളിക് സിസ്റ്റം തകരാർ |
| 2 | KL-7CN 5350 | 31.10.18 | |
| 3 | KL-7 CN 5396 | 3.10.18 | |
| 4 | KL-07CA 6662 | 12.7.18 | |
| 5 | KL-07CA 7491 | 2.11.18 | |
| 6 | KL-07CA 7537 | 13.11.18 | |
| 7 | KL-07CA 7534 | 4.8.18 | സി.എഫ്. ടെസ്റ്റ് നടത്താനുള്ള പ്രവർത്തികൾക്ക് വർക് ഷോപ്പിൽ |
| 8 | KL-07CA 6145 | 3.8.18 | |
| 9 | KL-07CA 7503 | 29.12.16 | |
| 10 | KL-07CA 7527 | 18.06.18 | |

നിലവിലുള്ള സാഹചര്യത്തിൽ റെഫ്യൂസ് കോംപാക്ടറുകൾ പോലെയുള്ള ആധുനിക സാങ്കേതിക വിദ്യയോടുകൂടിയ യന്ത്രങ്ങൾ പരിപാലിക്കുന്നതിന് ഭരണ സംവിധാനം ഉത്തവാദിത്വം കാണിയ്ക്കുന്നില്ല.

കൈവശമുള്ള വാഹനങ്ങൾ അടിയന്തിരമായി പ്രവർത്തനക്ഷമമാക്കി ഉപയോഗിയ്ക്കുവാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. ഉപയോഗക്ഷമമാക്കാൻ കഴിയാത്ത വിധം തകരാറുള്ളവയാണെങ്കിൽ പുതുതായി വാഹനങ്ങൾ വാങ്ങുന്നതിന് പകരം ഇത്തരത്തിൽ ഉള്ള

ഉപകരണങ്ങൾ പ്രവ്യത്തിപ്പിക്കുന്നതിന് യോഗ്യതയും കഴിവുമുള്ള ഏജൻസികളെ ഉപയോഗപ്പെടുത്തുന്നത് മാലിന്യ നീക്കത്തിന് ഉപകരിക്കും എന്ന് വിലയിരുത്തുന്നു.

# 3-12 വാഹനങ്ങൾ കഴുകുന്നതിന് പ്രഷർ പമ്പ് വാങ്ങൽ - ചെലവഴിച്ച 58,205 രൂപ പാഴായി ,(ഫയൽ നം. MOV2-13873/15)

കൊച്ചി നഗരസഭയുടെ വാഹനങ്ങൾ കഴുകുന്നതിന് സ്ഥലസൗകര്യവും വാട്ടർകണക്ഷനും ഇലക്ട്രിക് കണക്ഷനും മറ്റ് ഭൗതിക സാഹചര്യങ്ങളും പരിഗണിച്ച് ആവശ്യമായ മുന്നൊരുക്കം നടത്താതെ വൗച്ചർ നമ്പ്ര 21700808 തീയതി 26.5.2017, 21700809 തീയതി 26.05.2017 പ്രകാരം യഥാക്രമം 8,354 രൂപയും 14851 രൂപയും ചെലവഴിച്ച് പമ്പ് വാങ്ങലിനായി ടെണ്ടർ നടപടികൾ നടത്തി. തുടർന്ന് വൗച്ചർ നമ്പർ 21700810 തീയതി 26.05.2017 പ്രകാരം 35,000രൂപയും ചെലവഴിച്ച് (ഒരെണ്ണത്തിന് 17,500 രൂപ) രണ്ട് പോർട്ടബിൾ പ്രഷർ പമ്പ് ഗ്ലോബൽ പവർ മെയ്ക്ക് കാർ വാഷർ (മോഡൽ നമ്പർ. എഎം-2500) വാങ്ങി എങ്കിലും ഉപയോഗിക്കാതെ വെഹിക്കിൾ സെൽ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒരു വർഷത്തിലധികം കൈവശം വെച്ചു. തുടർന്ന് 11.10.2018ൽ MOV2-13873/15 കത്ത് പ്രകാരം ഇത് ഹെൽത്ത് സൂപ്പർവൈസറോട് കൈപ്പറ്റാൻ ആവശ്യപ്പെട്ടതായി കാണുന്നു. എന്നാൽ ഹെൽത്ത് സൂപ്പർവൈസർ കൈപ്പറ്റിയതായി കാണുന്നില്ല. നിലവിൽ യന്ത്രം ഉപയോഗിക്കുന്നില്ല. മെഷീൻ ഉപയോഗിയ്ക്കാത്ത പക്ഷം 58205 രൂപയുടെ പാഴ്ച്ചെലവിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉത്തരവാദിയായിരിയ്ക്കുന്നതാണ്. അടിയന്തിരമായി മെഷീൻ ഉപയോഗിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. പണം ചെലവഴിക്കുന്നത് ആവശ്യത്തിന് വേണ്ടിയായിരിക്കണം എന്ന അടിസ്ഥാന സാമ്പത്തിക തത്വം പരിഗണിക്കാതിരുന്നതാണ് മേൽ സാഹചര്യം ഉണ്ടാക്കിയത്.

# 3-13 മട്ടാഞ്ചേരി ഡച്ച് പാലസ് കോമ്പൗണ്ടിലെ പുരാതന പൊതുകുളം നവീകരിയ്ക്കൽ പ്രവൃത്തിയിലെ അപാകതകൾ

| | | |
|---|---|---|
| പദ്ധതി | : | മട്ടാഞ്ചേരി ഡച്ച് പാലസ് കോമ്പൗണ്ടിലെ പുരാതന പൊതുകുളം നവീകരിച്ച് സംരക്ഷിക്കുക |
| നിർവഹണം | | കെ.എസ് ശശികുമാർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ |
| പ്രോജക്റ്റ് നം. | : | 583/17, 135/18 |
| ഫയൽ നം. | : | CCPC7/28303/16 |
| പദ്ധതി അടങ്കൽ | : | 10 ലക്ഷം രൂപ, T.S.No 49064/10-17 22.05.2017<br>DSoR 2014, CI 44.76% |
| കരാറുകാരൻ | : | എം.എം. അലക്സ് റോയ് |
| അളവു പുസ്തകം | : | 851/16-17, 801/2002-03 |
| സേവന നികുതിയടക്കം ആകെ പ്രവൃത്തി മൂല്യം | : | 9,52,166 രൂപ |
| നികുതികൾ കിഴിച്ച് കരാറുകാരന് നൽകിയത് | | 9,00,464 രൂപ (ബിൽ നം. 588870, C/o 30.10.2017) |
| ഓഡിറ്റ് എൻക്വയറി നം. | | 58/17-18, തി. 11.09.2018 |

ഈ പ്രവൃത്തിയുടെ നടത്തിപ്പിൽ കാണപ്പെട്ട അപാകതകൾ താഴെകൊടുക്കുന്നു.

1. കുടിവെള്ള മേഖലയിൽപ്പെടുത്തി ചെയ്ത ഈ പ്രവൃത്തിയ്ക്ക് 10.5% സേവനനികുതി (90477 രൂപ) അടച്ചിട്ടുണ്ട്. കേന്ദ്ര ധനകാര്യ വകുപ്പിന്റെ 20.06.2012ലെ 25/2012 & 1.3.2015ലെ 6/2015 (സേവനനികുതി) വിജ്ഞാപനങ്ങൾ ഖണ്ഡിക. 12 ബി പ്രകാരം ചരിത്ര സ്മാരകങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തികളെ സേവനനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. മാത്രമല്ല ഡാമുകൾ, കനാലുകൾ, ഇറിഗേഷനു വേണ്ടിയുള്ള പ്രവൃത്തികൾ എന്നിവയെയും സേവനനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പൈതൃകപട്ടികയിൽപെട്ട കുളം സംരക്ഷണ പ്രവൃത്തിയ്ക്ക് സേവനനികുതി നൽകിയതുമൂലം 90477 രൂപ കോർപ്പറേഷന് അധികചെലവായിട്ടുണ്ട്. 11.09.2018 ൽ നൽകിയ 58ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയിൽ, കരാറുകാരന് നൽകാനുള്ള തുകയിൽ നിന്നാണ് സേവന നികുതി ഈടാക്കിയത് എന്നാണ് അറിയിച്ചത്. എന്നാൽ ഇത് ശരിയല്ല. ആകെ പ്രവൃത്തി മൂല്യമായ 861689രൂപയോട് സേവന നികുതിയിനത്തിൽ 90477 രൂപ കൂട്ടിയതിന് ശേഷമാണ് ബിൽ തയാറാക്കിയിരിയ്ക്കുന്നത്. ഇതിൽ നിന്നാണ് നികുതികൾ കുറച്ചിരിയ്ക്കുന്നത്. അതിനാൽ 90477 കോർപ്പറേഷന് അധികചെലവായിട്ടുണ്ട്.
2. Extra ഇനം 6 ആയി സംരക്ഷണ ഭിത്തിയുടെ മുകളിൽ 7.5 cm കനത്തിൽ 1:1.5:3 അനുപാതത്തിൽ കോൺക്രീറ്റിംഗ് നടത്തിയിട്ടുണ്ട്. എക്സ്ട്രാ ഇനം 7 ആയി 8mm കമ്പി ഉപയോഗിച്ച് റീ ഇൻഫോഴ്സ്മെന്റ് നടത്തിയിട്ടുണ്ട്. ഇതിന് 10238.5രൂപ ചെലവായിട്ടുണ്ട്. സംരക്ഷണ ഭിത്തിയുടെ മുകളിലുള്ള

ബെൽറ്റിന് റീ ഇൻഫോഴ്സ്മെന്റിന്റെ ആവശ്യകത എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയിൽ, മണ്ണും വെള്ളവുമൊക്കെ ഒഴുകിയിറങ്ങി കരിങ്കല്ല് ഇളകിപ്പോകാതിരിയ്ക്കാനാണ് റീ ഇൻഫോഴ്സ്മെന്റ് നൽകിയതെന്നാണ് അറിയിച്ചത്. ഇത് ശരിയല്ല. ഈ ഉദ്ദേശ്യത്തിനാണ് ബെൽറ്റ് വാർക്കുന്നത്. മുകളിലേയ്ക്ക് തുടർന്ന് നിർമാണമില്ലാത്തതിനാൽ റീ ഇൻഫോഴ്സ്മെന്റ് അധികച്ചെലവാണ്.

3. 29.1x0.45x0.180 അളവിൽ 8 സ്റ്റെപ്പുകൾ കെട്ടുന്നതിന് എസ്റ്റിമേറ്റ് ഉണ്ടായിരുന്നെങ്കിലും ഇത് കെട്ടിയതായി കാണുന്നില്ല. എന്നാൽ സ്റ്റെപ്പുകൾക്ക് മുകളിൽ 0.05m കനത്തിൽ താഴെ പറയുന്ന അളവിൽ കോൺക്രീറ്റിംഗ് നടത്തിയതായി കാണുന്നു.

| എണ്ണം | നീളം.(മീ) | വീതി.(മീ) | കനം.(മീ) | വോള്യം.(ഘ.മീ.) |
|---|---|---|---|---|
| 4 | 40.5 | 0.42 | 0.05 | 3.402 |
| 4 | 19.7 | 0.42 | 0.05 | 1.654 |
| 4 | 19.4 | 0.42 | 0.05 | 1.629 |
| ആകെ | | | | 6.685 ഘ.മീ. |

ഫയലിലുള്ള ഫോട്ടോകളിൽ നിന്ന് കുളത്തിൽ ഒരു വശത്ത് സംരക്ഷണ ഭിത്തി കെട്ടിയതേ കാണുന്നുള്ളൂ. സ്റ്റെപ്പുകൾ പുതുതായി കെട്ടിയതായി രേഖകളിൽ കാണുന്നില്ല.( MB. 851/16-17, P-12) കുളം വറ്റിച്ചപ്പോൾ പഴയ സ്റ്റെപ്പുകൾ കാണപ്പെട്ടെന്നും ഇളകിപ്പോയ കല്ലുകൾ അടുക്കിവച്ച് മുകളിൽ കോൺക്രീറ്റിംഗ് നടത്തിയതാണെന്നുമാണ് എൻക്വയറിയ്ക്ക് മറുപടി നൽകിയത്. എന്നാൽ ഇക്കാര്യം ഫയലിലൊരിടത്തും രേഖപ്പെടുത്തിയിട്ടില്ല.

4. ഈ കുളം കൊച്ചി കോർപ്പറേഷന്റെ ആസ്തിയിൽ പെട്ടതല്ലെന്നാണ് ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുള്ളത്.പഴയന്നൂർ ക്ഷേത്രത്തിന്റെ അധീനതയിലുള്ള കുളമാണെന്നാണ് മറുപടി നൽകിയത്. പൊതു കുളമല്ലാത്തതിനാൽ ഇതിനായി കോർപറേഷൻ ഫണ്ട് ചെലവഴിയ്ക്കുന്നത് ഉചിതമല്ല.

# 3-14 പോളക്കണ്ടം മാർക്കറ്റ് നവീകരണം, ഡിവിഷൻ-24. ട്രസ്സ് വർക്കിനും ഷട്ടർ മാറ്റ പ്രവൃത്തികൾക്കും നൽകിയ 5,07,892 രൂപയുടെ ചെലവുകൾ തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| പദ്ധതി | : | പോളക്കണ്ടം മാർക്കറ്റ് ശുചിമുറി, ടാങ്ക്, മോട്ടോർ എന്നിവ സ്ഥാപിച്ച് നവീകരണം |
| നിർവഹണം | : | കെ.എസ് ശശികുമാർ,<br>സൂപ്രണ്ടിംഗ് എഞ്ചിനീയർ |
| പ്രോജക്ട് നം. | : | എസ്. 272/17, 11/18 |
| ഫയൽ നം. | : | CCPC3/FCE/28367/16 |
| പദ്ധതി അടങ്കൽ | : | 14,00,000 |
| കരാറുകാരൻ | : | സന്തോഷ് .എസ് |
| അളവു പുസ്തകം | : | 973/16-17 |
| സേവന നികുതിയടക്കം ആകെ പ്രവൃത്തി മൂല്യം | : | 1395481 രൂപ |
| നികുതികൾ കിഴിച്ച് കരാറുകാരന് നൽകിയത് | | 1319707 രൂപ<br>(ബിൽ നം. 447309/ 13.09.2017) |
| ഓഡിറ്റ് എൻക്വയറി നം. | | 72/17-18, തീയതി. 24.09.2018 |

ഈ പ്രവൃത്തിയുടെ നടത്തിപ്പിൽ കാണപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1) ഈ പ്രവൃത്തിയുടെ ഇനം 3, DSR ഇനം 10.16.1 പ്രകാരം സ്ക്വയർ ട്യൂബ്, പൈപ്പ് എന്നിവ ഉപയോഗിച്ചുള്ള ട്രസ്സ് വർക്കാണ്. DSOR2014, cost index 44.76% പ്രകാരം കി.ഗ്രാമിന് 148.96 രൂപയാണ് നിരക്ക് നൽകിയിരിയ്ക്കുന്നത്. 2657.23 കിലോ ഗ്രാമിന് ഇത് പ്രകാരം 395821രൂപ നൽകിയിട്ടുണ്ട്.. ഈ പ്രവൃത്തിയ്ക്ക് കി.ഗ്രാമിന് 148.96 രൂപ നിരക്ക് കണക്കാക്കിയിരിയ്ക്കുന്നത് താഴെ പറയുന്ന ഡാറ്റ പ്രകാരമാണ്.

DSR ഇനം 10.16.1 പ്രകാരം സ്ക്വയർ ട്യൂബ്, പൈപ്പ് എന്നിവ ഉപയോഗിച്ചുള്ള 8 മീറ്റർ നീളമുള്ള 119 കി.ഗ്രാം ഭാരമുള്ള സ്പാനിന് വേണ്ട ഡാറ്റ

| ഇനം | നിരക്ക് | തുക |
|---|---|---|
| | | |

| | | |
|---|---|---|
| 50 മി.മീ.ഡയ. ടൈ ബീം 8മീ.+<br>2 x 4.3മീ. പ്രിൻസിപ്പൽ റാഫ്റ്റർ = 16.6 മീ. @ 5.16 കി.ഗ്രാം /മീ. = 84.66 കി.ഗ്രാം &<br>40മി.മീ.ഡയ. പൈപ്പ് കഷണങ്ങൾ 2(0.454+1.25+0.9+2.15) = 9.5 മീ. @ 3.61കി.ഗ്രാം /മീ.= 34.66 കി.ഗ്രാം<br>ആകെ 118.96 കി.ഗ്രാം + 5% വെയ്സ്റ്റേജ്<br>= 125 കി.ഗ്രാം. | | |
| 125 കി.ഗ്രാം. പൈപ്പ് | 55 രൂപ/ കി.ഗ്രാം | 6875 |
| ,, കടത്തുകൂലി | @94.65 | 11.83 |
| പ്രൈം കോട്ടിംഗ് 2.8 ച.മീ | @27 | 75.6 |
| വെൽഡിംഗ് ചാർജ് (4 റാഫ്റ്ററുകൾ, 2 ടൈസ്, 16 കഷണങ്ങൾ എന്നിവയ്ക്ക്) 3.57 മീ. | 200/ മീ. | 714 |
| ലേബർ ചാർജ് - ബ്ലാക്ക്സ്മിത്ത് 1.5 | @435/ ദിവസം | 652.5 |
| ഫിറ്റർ 0.75 | @ 363/ ദിവസം | 272.25 |
| കൂലി 5.5 | @ 329/ ദിവസം | 1809.5 |
| പലവക ( DSR പ്രകാരം) 80.73 | @ 1.78 | 143.70 |
| ആകെ | | 10554.38 |
| വാട്ടർ ചാർജ് | | 104.79 |
| സി പി + ഓവർഹെഡ് ചാർജ് | | 1587.54 |
| 119 കി.ഗ്രാമിന് ആകെ | | 12246.71 |
| ഒരു കി.ഗ്രാമിന് നിരക്ക് -12246.71/ 119 = | | 102.90 |
| (+) കോസ്റ്റ് ഇൻഡക്സ് @44.76% | | 46.06 |
| ഒരു കി.ഗ്രാമിന് | | 148.96 രൂപ |

ഇത്രയും പ്രവൃത്തികൾ ചെയ്യുമ്പോഴാണ് കി.ഗ്രാമിന് 148.96 രൂപ നൽകാവുന്നത്. എന്നാൽ നിലവിലുണ്ടായിരുന്ന ആസ്ബസ്റ്റോസ് ഷീറ്റ് പൊളിച്ചുമാറ്റി, നിലവിലുണ്ടായിരുന്ന തടി കൊണ്ടുള്ള ഫ്രെയിമിലാണ് ജി.ഐ. ഷീറ്റ് സ്ഥാപിച്ചിട്ടുള്ളത്. ഇതിന് സപ്പോർട്ടിനായി സ്ക്വയർ ട്യൂബുകൾ പട്ടികയോട് ചേർത്ത് നീളത്തിൽ സ്ഥാപിക്കുക മാത്രമാണ് ചെയ്തതെന്ന് ഫയലിലെ ഫോട്ടോയിൽ നിന്നും അളവുപുസ്തകത്തിൽ നിന്നും (പേജ് 4) വ്യക്തമാകുന്നു.

അളവുപുസ്തകപ്രകാരം ചെയ്ത പ്രവൃത്തി താഴെ പറയുന്നു.

| ചെയ്ത പ്രവൃത്തി | അളവ് | | | | നിരക്ക് | പ്രവൃത്തി മൂല്യം |
|---|---|---|---|---|---|---|
| | എണ്ണം | നീളം | തൂക്കം/മീ | ആകെ തൂക്കം | | |
| 40 x40 മി.മീ പൈപ്പ് ഉപയോഗിച്ച് ട്രസ്സ് വർക്ക് | 11 x 2 | 21.93 മീ. | 2.82 കി.ഗ്രാം | 1360.537കി.ഗ്രാം | | 395820.98 |
| | 11 x 2 | 9.14 ,, | 2.82 ,, | 567.046 ,, ,, | | |
| | 17 x 1 | 15.22 ,, | 2.82 ,, | 729.647 ,, ,, | | |
| ആകെ | | | | 2657.23 ,, | 148.96 രൂപ/ കി.ഗ്രാം | |

പ്രവൃത്തിയിലെ ലേബർ കമ്പൊണന്റ് നോക്കുമ്പോൾ ഇപ്രകാരമുള്ള പ്രവൃത്തിയ്ക്ക് DAR10.16.1 പ്രകാരമുള്ള നിരക്ക് അധികമായി കാണുന്നു. ലേബർ കമ്പൊണന്റ് കുറവുള്ള DAR10.1പ്രകാരമുള്ള ഡാറ്റ ആയിരുന്നെങ്കിൽ കി.ഗ്രാമിന് 98 രൂപ പ്രകാരം 2657.23 കി.ഗ്രാമിന് 2,60,409രൂപയേ ചെലവുവരുമായിരുന്നുള്ളൂ. യഥാർത്ഥത്തിൽ ചെയ്യാത്ത ട്രസ്സ് വർക്കിന് കോർപ്പറേഷന് അധികചെലവ് 3,95,821-2,60,409=1,35,412 രൂപ.

2) പ്രവൃത്തിയുടെ ഇനം 1പ്രകാരം 18 ഷട്ടറുകൾ മാറ്റി സ്ഥാപിച്ചിട്ടുള്ളതായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ളവ പൊളിച്ചുമാറ്റി പുതിയത് സ്ഥാപിക്കുന്നതായാണ് എസ്റ്റിമേറ്റ് റിപ്പോർട്ട്. എന്നാൽ പഴയവ പൊളിച്ചുമാറ്റുന്നതിനുള്ള ചെലവ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല പൊളിച്ചുമാറ്റിയവ എന്തുചെയ്തു എന്നും രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി, ദ്രവിച്ച ഷട്ടറുകൾ സൈറ്റിൽ സൂക്ഷിയ്ക്കുന്നത് അപകടകരമായതിനാൽ സൈറ്റിൽ നിന്ന് നീക്കം ചെയ്തു എന്നാണ് അറിയിച്ചത്. എന്നാൽ 22.11.2018 ന് കോർപറേഷൻ അധികാരികളുമായി ചേർന്ന്

നടത്തിയ സംയുക്ത സ്ഥല പരിശോധനയിൽ സൈറ്റിൽ നിന്ന് മാറ്റിയ ഷട്ടറുകൾ കണ്ടെത്താനായില്ല. മാത്രമല്ല, പുതുതായി സ്ഥാപിച്ചതായി പറഞ്ഞിട്ടുള്ള ഷട്ടറുകൾ പുതുതായി പെയിന്റടിച്ച നിലയിലായിരുന്നെങ്കിലും പലതും തുരുമ്പ് പിടിച്ചും ദ്രവിച്ചും കാണപ്പെട്ടു. ഇവ പെയിന്റടിയ്ക്കുന്നതിനുള്ള ഇനം എസ്റ്റിമേറ്റിൽ ഇല്ലാതിരുന്നിട്ടും പെയിന്റടിച്ച നിലയിൽ കാണപ്പെട്ടതിനെക്കുറിച്ച് ആരാഞ്ഞപ്പോൾ, കരാറുകാരൻ സ്വന്ത നിലയ്ക്ക് ചെയ്തതാണെന്ന മറുപടിയാണ് ലഭിച്ചത്. ഷട്ടറുകൾ പുതുതായി മാറ്റിയതാണെന്ന് ഉറപ്പുവരുത്തുന്നതു വരെ ഇതിനായി ചെലവഴിച്ച 3,72,480രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (120.12 ച.മീ ഷട്ടറിന് ച.മീറ്ററിന് 3100.90 രൂപ നിരക്കിൽ 3,72,480രൂപ )

3) മാർക്കറ്റിൽ ശുചിമുറി, ടാങ്ക്, മോട്ടോർ എന്നിവ സ്ഥാപിച്ച് പൂർണ്ണമായ നവീകരണത്തിനായിരുന്നു പ്രോജക്ട്. എന്നാൽ ഇവയൊന്നും ചെയ്തിട്ടില്ല. 15ഇനങ്ങളിൽ 10 ഇനവും ചെയ്യാതെയാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റിൽ നിന്ന് ഇത്രയും വ്യതിയാനങ്ങൾ പ്രവൃത്തിയിൽ ഉണ്ടായിട്ടും നിർവഹണോദ്യോഗസ്ഥൻ തന്നെ സാക്ഷ്യപ്പെടുത്തിയ ഒരു കംപാരറ്റീവ് സ്റ്റേറ്റ്മെന്റാണ് ഫയലിലുള്ളത്. പ്രോജക്ട് പൂർത്തീകരണപത്രത്തിലും മോണിറ്ററിംഗ് കമ്മിറ്റിയുടെ സാക്ഷ്യപത്രത്തിലും എസ്റ്റിമേറ്റനുസരിച്ചുള്ള പ്രവൃത്തികൾ തൃപ്തികരമായി പൂർത്തീകരിച്ചു എന്നാണ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. 03.04.2017 ലെ പദ്ധതി മാർഗരേഖ സ.ഉ.(കൈ) 79/2017/ ത.സ്വ.ഭ.വ ഖണ്ഡിക 8.3 (14) (iii), 8.5 (7) (4) എന്നിവ പ്രകാരം സൂപ്രണ്ടിംഗ് എഞ്ചിനീയർ നിർവണോദ്യോഗസ്ഥനായിട്ടുള്ള പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകേണ്ടത് എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയറാണ്. പുതുക്കിയ എസ്റ്റിമേറ്റിനും സാങ്കേതികാനുമതി നൽകേണ്ടത് എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയറാണ്. ഖ.8.5 (2) പ്രകാരം നിർവഹണോദ്യോഗസ്ഥന്, താൻ തന്നെ നിർവഹണം നടത്തുന്ന പ്രോജക്ടിന് ഒരു സാഹചര്യത്തിലും സാങ്കേതികാനുമതി നൽകാവുന്നതല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

4)പശ്ചാത്തല മേഖലയിലുൾപ്പെട്ട ഈ പ്രവൃത്തിയ്ക്ക് മത്സ്യബന്ധന മേഖലയിൽ ഉൽപ്പാദന മേഖലയിൽപ്പെടുത്തിയാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്.

5) അളവുപുസ്തകത്തിൽ അവസാനമായി അളവുകൾ രേഖപ്പെടുത്തിയിട്ടുള്ളത് 28.06.2017നാണ്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റിന് T.S. ലഭിച്ചിട്ടുള്ളത് 07.08.2017ലാണ്. പ്രവൃത്തി തുടങ്ങുന്നതിനായി 5.5.2017ൽ സ്ഥലം സന്ദർശിച്ചപ്പോൾ A.C. ഷീറ്റുകളും ഷട്ടറുകളും ദ്രവിച്ചിരിയ്ക്കുന്നതിനാൽ ഇവ മാറ്റേണ്ടത് അത്യാവശ്യമാണെന്ന് കൗൺസിലർ അറിയിച്ചതിനെ തുടർന്നാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് ഉണ്ടാക്കിയത് എന്നാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രവൃത്തി ഒന്നും തുടങ്ങാത്ത സാഹചര്യത്തിൽ (ആദ്യ അളവ് രേഖപ്പെടുത്തിയിരിയ്ക്കുന്നത് 1.06.2017ലാണ്) recast എസ്റ്റിമേറ്റായിരുന്നു തയ്യാറാക്കേണ്ടിയിരുന്നത്.(PWD മാനുവൽ . ഖ.1601.1.4).

മേൽ പറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 24.09.2018ൽ നൽകിയ 72-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചെങ്കിലും ട്രസ്സ് വർക്ക്, ഷട്ടർ മാറ്റം എന്നിവയ്ക്ക് ലഭിച്ച മറുപടി, ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ അപര്യാപ്തമായതിനാൽ പ്രവൃത്തികൾ ഒരു വിദഗ്ധ സംഘം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് വിധേയമായി ട്രസ്സ് വർക്കിന് നൽകിയതിൽ അധികമായി കണക്കാക്കിയ 1,35,412 രൂപയുടെയും ഷട്ടറുകൾ മാറ്റി സ്ഥാപിച്ചത് എന്ന ഇനത്തിലുള്ള 3,72,480 രൂപയുടെയും ഉൾപ്പെടെ 5,07,892 രൂപയുടെ ചെലവുകൾ തടസ്സപ്പെടുത്തുന്നു.

# 3-15 RFID പദ്ധതി തൃപ്തികരമായ രീതിയിൽ നടപ്പിലാക്കുന്നില്ല

| | | |
|---|---|---|
| ഫയൽ നം. | : | MOP5/32257/14<br>MOP5/38833/14 |
| ചെലവ് | : | തുക 4475800 രൂപ<br>വൗച്ചർ നം. 21705620 / 2017-18<br>ചെക്ക് നം. 413210 / 8.2.2018 |
| നിർവ്വഹണം | : | കോർപ്പറേഷൻ എഞ്ചിനീയർ |

കൊച്ചി നഗര പ്രദേശത്ത് അനധികൃത പരസ്യ ബോർഡുകൾ കണ്ടെത്തുക എന്ന ഉദ്ദേശ്യത്തോടുകൂടി അധികൃതമായ പരസ്യ ബോർഡുകളെ തിരിച്ചറിയുന്നതിന് കെൽട്രോണുമായി കരാർ വെച്ച് ചെയ്തതും ജി.പി.എസ്. സംവിധാനത്തിലൂടെ പ്രവർത്തിക്കുന്നതുമായ ഉപകരണമാണ് RFID. ഈ പ്രവൃത്തി കരാറുകാരനായ കെൽട്രോൺ M/s മാക്സാസ് സോഫ്റ്റ്വെയർ കമ്പനിയെ എൽപ്പിക്കുകയാണ് ഉണ്ടായത്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ WP(C) 8872/15 റിട്ട് ഹർജിയും ആയതിന്മേൽ നഗരസഭ ഫയൽ ചെയ്ത റിട്ട് അപ്പീൽ നം. WA 2032/16ൽ 10.11.2016ൽ വിധിന്യായമുണ്ടായിട്ടുണ്ട്. 2012ൽ തന്നെ പ്രവൃത്തി പൂർത്തിയാക്കിയതായും ഉപകരണം പ്രവൃത്തിക്കുന്നതുമായി കോടതി നിരീക്ഷിച്ചതായി ബന്ധപ്പെട്ട കേസ് ഫയലുകൾ പരിശോധിച്ചതിൽ കാണുന്നു. നഗരസഭ ഫയൽ ചെയ്ത WA 2032/16 റിട്ട് അപ്പീലിൽ M/s മാക്സാസ് സോഫ്റ്റ്വെയർ ഇന്ത്യ പ്രൈ.ലിമി. കമ്പനിയും കൊച്ചി നഗരസഭയും തമ്മിൽ കരാർ നിയമതത്വം ആയ "പ്രിവിറ്റി ഓഫ് കോൺട്രാക്ട്" ഇല്ല എന്നതാണ് പ്രധാനമായും നഗരസഭ ഉന്നയിച്ചത്. ഉപകരണത്തിന്റെ ഗുണനിലവാരത്തെക്കുറിച്ചും ഉപകരണം ഇൻസ്റ്റാൾ ചെയ്തിട്ടില്ല എന്നത് സംബന്ധിച്ചും നഗരസഭ കോടതിയെ അറിയിച്ചിട്ടില്ല. ആയതിനാൽ ഉപകരണം നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്നതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 146/2017-18 തീയതി. 07.12.2018 പ്രകാരം രേഖാമൂലം നഗരസഭയോട് ആവശ്യപ്പെട്ടുവെങ്കിലും ഉപകരണത്തിന്റെ പ്രവർത്തനം സംബന്ധിച്ച് പരിശോധന നടത്തി നഗരസഭ ഓഡിറ്റിന് വിശദീകരണം ഒന്നും നൽകിയിട്ടില്ല. തുടർന്ന് ഉപകരണത്തിന്റെ നിലവിലെ സ്ഥിതി ബോദ്ധ്യപ്പെടുന്നതിനായി 17.12.2018ൽ നഗരസഭയും ഓഡിറ്റ് വകുപ്പും RFID ഉപകരണത്തിന്റെ ഭൗതിക പരിശോധന നടത്തി. RFID ഉപകരണങ്ങളുടെ പരസ്യ ബോർഡിൽ ഭാഗങ്ങളും അനുബന്ധ സാമഗ്രികളും ഘടിപ്പിക്കേണ്ടതായ ടൗൺപ്ലാനിംഗ് ഓഫീസിൽ ലാമിനേഷൻ കവർ മാറ്റാത്ത നിലയിലും ഇതിനോടൊപ്പം ഉപയോഗിക്കേണ്ടതായ എട്ട് 150 AH ആമറോൺ സ്റ്റോറേജ് ബാറ്ററികളും ഒരു UPS യൂണിറ്റും ഉപയോഗിക്കാത്ത നിലയിലും കണ്ടെത്തി. നഗരസഭയുടെ നിഷ്ക്രിയാസ്തികൾ സംബന്ധിച്ച 2014-15 വർഷത്തെ റിപ്പോർട്ട് നം. എൽ.എഫ്.സി.എൻ.(എസ്1) 212/2015 തീയതി. 24.03.2015 (ഖണ്ഡിക IX (2)) ൽ ഇത് സംബന്ധിച്ച വിശദമായി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ RFID ഉപകരണങ്ങൾ നിലിവിൽ ഉപയോഗിക്കുന്നില്ല എന്നും ഇതിനായി ചെലവഴിച്ച തുകയായ 44,75,800രൂപ പാഴാക്കിയതായും ബോദ്ധ്യപ്പെടുന്നു. വിലപിടിപ്പുള്ള ഉപകരണം ഉപയോഗിക്കാത്ത നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയായി കാണേണ്ടതാണ്.

ഈ സാഹചര്യത്തിൽ നഗര പ്രദേശത്തുള്ള അനധികൃത പരസ്യങ്ങൾ കണ്ടെത്തുന്നതിനും നിയമപരമായ തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി, നഗരസഭ കൈവശം വെച്ചുപോരുന്ന RFID ഉപകരണം തൃപ്തികരമായ രീതിയിൽ ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-16 കൊച്ചി നഗരസഭ വികസന ഫണ്ട് ചെലവഴിച്ച് സ്വകാര്യ വ്യക്തികളുടെ ഭവനങ്ങളിൽ ടോയ്‌ലെറ്റ് നവീകരിച്ച് നൽകി - 17,21,377/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

| | | |
|---|---|---|
| ഫയൽ നം. | : | ISO/CCPC5/021220/17 |
| പ്രോജക്ട് | : | പൊതുടോയ്‌ലെറ്റുകളുടെ നവീകരണം |
| പ്രോജക്ട് നം. | : | എസ് 1169/18 |
| അടങ്കൽ | : | 20,00,000 രൂപ |
| ഫണ്ട് | : | വികസന ഫണ്ട് |
| ചെലവ് | : | 17,21,377 രൂപ |
| ബിൽ നം. | : | 1178 തീയതി 26.3.18<br>ജില്ലാ ട്രഷറി, എറണാകുളം |
| അളവ് പുസ്തകം | : | 497/2017-18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | കെ. ഉണ്ണി<br>എക്സിക്യൂട്ടീവ് എഞ്ചിനിയർ (തസ്വഭവ) |

കൊച്ചി നഗരസഭ ഡിവിഷൻ 5-ൽ പൊതു സ്ഥലങ്ങളിൽ പൊതുജനങ്ങൾക്ക് ഉപയോഗത്തിനായി നിർമ്മിച്ചിരിക്കുന്ന പൊതു ടോയ്‌ലെറ്റുകളുടെ നവീകരണത്തിന് 20,00,000 രൂപ അടങ്കലിൽ 2017-18 വർഷത്തിൽ പദ്ധതി (നം. എസ്. 1169/18) തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന പൊതുസ്ഥലങ്ങളിലെ പ്രവർത്തിയ്ക്ക് പകരം കൊച്ചി നഗരസഭ സൂപ്രണ്ടിംഗ് എഞ്ചിനീയർ മട്ടാഞ്ചേരി പ്രദേശത്തുള്ള ചെറുകാട് പറമ്പ്, വലിയ പറമ്പ്, കൊച്ചു പറമ്പ് എന്നിവിടങ്ങളിലെ സ്വകാര്യ വ്യക്തികളുടെ ഭവനങ്ങളിൽ നിലവിലുള്ള ടോയ്‌ലെറ്റുകളിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തിയതായി ഓഡിറ്റ് വകുപ്പും നഗരസഭ ഉദ്യോഗസ്ഥരും ചേർന്ന് നടത്തിയ പ്രാദേശിക ഭൗതീക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ടി പ്രവർത്തിയുടെ അളവു പുസ്തകം നം. 497/2017-18ലെ രേഖപ്പെടുത്തലും പ്രാദേശിക പരിശോധന കണ്ടെത്തിയ വസ്തുതകളും പൊരുത്തമില്ലാത്തതിനാൽ കൂടുതൽ അന്വേഷണത്തിനായി 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 11 പ്രകാരം അന്വേഷണ നടപടികൾക്കായി 19.09.2018ൽ (ഓഡിറ്റ് എൻക്വയറി നം. 68/2017-18) രേഖാമൂലം കൊച്ചി നഗരസഭ സെക്രട്ടറിയോട് എങ്ങനെയാണ് ക്രമവിരുദ്ധമായി ഗുണഭോക്താക്കളെ നഗരസഭ എഞ്ചിനീയർ കണ്ടെത്തിയതെന്നും ഇത്തരത്തിൽ ഗുണഭോക്താക്കളെ കണ്ടെത്തിയതിന് രേഖകൾ ഇല്ലെന്നും എന്നുമുള്ള വിവരങ്ങൾ നഗരസഭയുടെ അറിവും സമ്മതവും ഉള്ളതാണോ എന്ന അന്വേഷണത്തിന്റെ ഭാഗമായി 01.10.2018നകം മേൽ ചെലവുകൾ വ്യവസ്ഥാപിതവും ഉചിതമാണോ എന്ന് പരിശോധിച്ച് വിശദീകരണം നൽകുന്നതിന് ഓഡിറ്റ് ആവശ്യപ്പെട്ടു.

CCPC5/32440/12.A എന്ന നമ്പരിൽ തീയതി രേഖപ്പെടുത്താതെയും ഓഫീസ് മുദ്രയോ പേരോ രേഖപ്പെടുത്താതെയും എക്സിക്യൂട്ടീവ് എഞ്ചിനീയർ എഴുതി സമർപ്പിച്ച മറുപടി പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയത് പൊതു ടോയ്‌ലെറ്റുകൾക്കാണെന്നും ആയത് കരാറുകാരൻ ഏറ്റെടുത്തതാണെന്നും കാണുന്നു.

മേൽ വസ്തുതകളുടെയും വിശദാംശങ്ങളുടെയും അടിസ്ഥാനത്തിൽ പൊതു പണം രേഖകളുമായി ക്രമപ്പെടാത്ത രീതിയിൽ ചെലവഴിച്ച് സ്വകാര്യ വ്യക്തികൾക്ക് നേട്ടം ഉണ്ടാക്കുകയും ആയത് അന്വേഷിക്കുന്നതിനും ക്രമപ്പെടുത്തുന്നതിനും ഓഡിറ്റ് ചൂണ്ടിക്കാണിച്ചിട്ടും ശ്രമിച്ചില്ല എന്നതിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥരും നഗരസഭാ സെക്രട്ടറിയും മേൽ നടപടികളിൽ ബോധപൂർവ്വമായി വീഴ്ച വരുത്തിയെന്ന നിഗമനത്തിലെത്തുന്നു. ആയതിനാൽ പൊതു അധികാര സ്ഥാപനം പൊതു പണം പൊതുരേഖ ചമച്ച് സ്വകാര്യ വ്യക്തിയ്ക്ക് നേട്ടമുണ്ടാക്കിയതായി വ്യക്തമാകുന്നു. ജില്ലാ ആസൂത്രണ സമിതിയിൽ നിന്നും പ്രോജക്ട് അംഗീകാരം തേടി മറ്റൊരു പ്രവർത്തി നടപ്പാക്കിയതിലൂടെ സർക്കാർ നിഷ്കർഷിക്കുന്ന പദ്ധതി നിർവ്വഹണ പ്രക്രിയയെ കൊച്ചി നഗരസഭ മറികടന്നുകൊണ്ട് 17,21,327 രൂപ

സ്വകാര്യ വ്യക്തികൾക്ക് നേട്ടമുണ്ടാക്കുന്നതിനായി ചെലവഴിച്ചു. അംഗീകരിച്ച പ്രോജക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് പ്രവൃത്തി നടത്താത്തതിനാൽ ചെലവ് തുക നിരാകരിക്കുന്നു. തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-17 സർക്കാർ സ്കൂളുകളിൽ സ്ഥാപിച്ച സാനിറ്ററി നാപ്കിൻ വെന്റിംഗ് മെഷീൻ, ഇൻസിനറേറ്റർ - ലക്ഷ്യം കൈവരിച്ചില്ല

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | സർക്കാർ സ്കൂളുകളിൽ സാനിറ്ററി നാപ്കിൻ വെന്റിംഗ് മെഷീൻ, ഇൻസിനറേറ്റർ എന്നിവ സ്ഥാപിക്കൽ. | |
| പ്രോജക്ട് നം. | S 0565/17 | |
| നിർവ്വഹണോദ്യോഗസ്ഥൻ | ജിജോ ജോൺ, പ്രിൻസിപ്പാൾ, SRV Govt. (M)VHSS, എറണാകുളം | |
| അടങ്കൽ തുക | 27,00,000/- | |
| ചെലവ് | ബിൽ നം.156214/30.06.17 | **വൊക്കേഷണൽ ഹയർസെക്കൻഡറി വിഭാഗം26,90,051/-** |

സ്കൂൾ വിദ്യാർത്ഥിനികൾക്ക് സൗജന്യമായി സാനിട്ടറി നാപ്കിനുകൾ വിതരണം ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ സഹായത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് "ഷീ പാഡ്" പദ്ധതി. ഈ പദ്ധതി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി നടപ്പാക്കുന്നതിന് സർക്കാർ ഉത്തരവ് (സാ.ധാ) നം. 280/16/തസ്വഭവ തീയതി 25.01.2016 പ്രകാരം ഉത്തരവായിട്ടുണ്ട്. എന്നാൽ കൊച്ചി കോർപ്പറേഷനിൽ ഈ പദ്ധതി സംസ്ഥാന വനിതാ വികസന കോർപ്പറേഷനുമായി ചേർന്ന് സംയുക്തമായി നടപ്പാക്കിയില്ല. പകരം നേരിട്ട് നടപ്പാക്കുന്നതിനായി ഇ-ടെണ്ടർ വിളിക്കുകയും മരിയ ഹൈജീൻ സൊല്യൂഷൻസ്, മലപ്പുറം എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിക്കുകയും ചെയ്തു. പ്രാഥമിക കരാറുടമ്പടി അനുസരിച്ച് കരാറുകാരൻ കോർപ്പറേഷന് ദർഘാസ് സ്വീകരിച്ചുകൊണ്ടുള്ള നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാർ തുകയുടെ 5% തുക ജാമ്യ നിക്ഷേപമായി കെട്ടിവയ്ക്കുകയും കരാർ നടപടി ഒപ്പുവയ്ക്കുകയും ചെയ്യണം എന്നും ഗ്യാരണ്ടി പിരീഡിന്റെ കാലാവധിക്കു ശേഷം 3 മാസത്തിനുള്ളിൽ മാത്രമേ കോൺട്രാക്ടർക്ക് സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നല്കാവൂ എന്നും എഗ്രിമെന്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് വാങ്ങിയിട്ടില്ല.

13 സ്കൂളുകളിൽ മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. 23.11.2018, 06.12.2018, 17.12.2018 എന്നീ തീയതികളിൽ ഗവ. ഹയർസെക്കൻഡറി സ്കൂൾ ഇടപ്പള്ളി, ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ നോർത്ത് ഇടപ്പള്ളി, എസ്.ആർ.വി.ജി(എം) എച്ച്.എച്ച്.എസ്. എറണാകുളം, ഗവൺമെന്റ് എച്ച്.എച്ച്.എസ്. ഫോർ ഗേൾസ് എറണാകുളം, ഗവൺമെന്റ് എച്ച്.എസ്.എസ്. പനമ്പിള്ളിനഗർ, ജി.ആർ.എഫ്.റ്റി.വി.എച്ച്.എസ്.എസ്. തേവര എന്നീ സ്കൂളുകളിൽ ഓഡിറ്റ് നേരിട്ട് പരിശോധന നടത്തിയതിൽ എസ്.ആർ.വി.ജി(എം) എച്ച്.എച്ച്.എസ്. എറണാകുളത്തെ ഹൈസ്കൂൾ വിഭാഗം ഒഴികെ മറ്റെല്ലാ സ്കൂളുകളിലും നൽകിയിരുന്ന ഉപകരണങ്ങൾ പ്രവർത്തനരഹിതമാണെന്ന് കാണാൻ കഴിഞ്ഞു.

| | സ്കൂളിന്റെ പേര് | | ഹൈസ്കൂൾ വിഭാഗം | ഹയർസെക്കൻഡറി വിഭാഗം | വൊക്കേഷണൽ ഹയർസെക്കൻഡറി വിഭാഗം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|
| 1 | ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ നോർത്ത് ഇടപ്പള്ളി | സാനിറ്ററി നാപ്കിൻ വെന്റിംഗ് മെഷീൻ | 2 | 2 | 2 | പ്രവർത്തനരഹിതം |
| | | ഇൻസിനറേറ്റർ | 2 | 2 | 2 | പ്രവർത്തനരഹിതം |
| 2 | എസ്.ആർ.വി.ജി. (എം) എച്ച്.എച്ച്.എസ്. എറണാകുളം | സാനിറ്ററി നാപ്കിൻ വെന്റിംഗ് മെഷീൻ | - | 4 | 4 | പ്രവർത്തനരഹിതം |
| | | ഇൻസിനറേറ്റർ | 2 | 3 | 2 | പ്രവർത്തനരഹിതം |
| 3 | ഗവൺമെന്റ് എച്ച്.എച്ച്.എസ്. ഫോർ ഗേൾസ് എറണാകുളം | സാനിറ്ററി നാപ്കിൻ വെന്റിംഗ് മെഷീൻ | 3 | 3 | വിഭാഗം ഇല്ല | പ്രവർത്തനരഹിതം |
| | | ഇൻസിനറേറ്റർ | 3 | 3 | വിഭാഗം ഇല്ല | പ്രവർത്തനരഹിതം |
| 4 | ഗവൺമെന്റ് എച്ച്.എസ്.എസ്. പനമ്പിള്ളിനഗർ | സാനിറ്ററി നാപ്കിൻ | 2 | 3 | വിഭാഗം ഇല്ല | പ്രവർത്തനരഹിതം |

| | | | | | | |
|---|---|---|---|---|---|---|
| | | വെന്റിംഗ് മെഷീൻ | | | | |
| | | ഇൻസിനറേറ്റർ | 2 | 3 | വിഭാഗം ഇല്ല | പ്രവർത്തനരഹിതം |
| 5 | ജി.ആർ.എഫ്.റ്റി.വി.എച്ച്.എസ്.എസ്. തേവര | സാനിറ്ററി നാപ്കിൻ വെന്റിംഗ് മെഷീൻ | - | - | 4 | പ്രവർത്തനരഹിതം |
| | | ഇൻസിനറേറ്റർ | - | - | 4 | പ്രവർത്തനരഹിതം |
| 6 | ഗവ. ഹയർ സെക്കൻഡറി സ്കൂൾ, ഇടപ്പള്ളി | സാനിറ്ററി നാപ്കിൻ വെന്റിംഗ് മെഷീൻ | 2 | 2 | വിഭാഗം ഇല്ല | പ്രവർത്തനരഹിതം |
| | | ഇൻസിനറേറ്റർ | 2 | 2 | വിഭാഗം ഇല്ല | പ്രവർത്തനരഹിതം |

എസ്.ആർ.വി.ജി(എം) എച്ച്.എച്ച്.എസ്. & വി.എച്ച്.എസ്.എസ്.എറണാകുളത്തെ വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിലെ രേഖകൾ പ്രകാരം കൈപ്പറ്റിയിരിക്കുന്നത് മൂന്ന് സാനിട്ടറി നാപ്കിൻ വെന്റിംഗ് മെഷീനും മൂന്ന് ഇൻസിനറേറ്ററും ആണ്. എന്നാൽ നേരിട്ടുള്ള പരിശോധനയിൽ രണ്ട് ഇൻസിനറേറ്ററുകളും നാല് സാനിറ്ററി നാപ്കിൻ വെന്റിംഗ് മെഷീനുകളുമാണ് കാണുവാൻ കഴിഞ്ഞത്. അവയെല്ലാം പ്രവർത്തനരഹിതമായിരുന്നു. കൂടാതെ എസ്.ആർ.വി.ജി(എം) എച്ച്.എച്ച്.എസ്.ലെ ഹൈസ്കൂൾ വിഭാഗത്തിൽ ആൺകുട്ടികൾ മാത്രമാണ് പഠിക്കുന്നത്. എന്നാൽ ആൺകുട്ടികൾ മാത്രമുള്ള ഹൈസ്കൂൾ വിഭാഗത്തിലും രണ്ട് ഇൻസിനറേറ്ററും രണ്ട് വെന്റിംഗ് മെഷീനുകളും കൈപ്പറ്റിയതായി രേഖകളിൽ ഉണ്ട്. എന്നാൽ നേരിട്ടുള്ള പരിശോധനയിൽ രണ്ട് ഇൻസിനറേറ്റർ മാത്രമാണ് കണ്ടെത്തുവാൻ കഴിഞ്ഞത്. ഇവ ഉപയോഗിക്കാത്ത രീതിയിൽ ടോയ്‌ലെറ്റുകൾക്കുള്ളിൽ പൂട്ടി സൂക്ഷിച്ചിരിക്കുന്നതായാണ് കാണുവാൻ കഴിഞ്ഞത്. ഗവൺമെന്റ് എച്ച്.എസ്.എസ്. പനമ്പിള്ളിനഗർ-ലെ ഹൈസ്കൂൾ വിഭാഗത്തിലും സമാന സാഹചര്യമാണ് ഉള്ളത്. ഈ സ്കൂളിൽ 2017-18 കാലഘട്ടത്തിൽ രേഖകൾ പ്രകാരം ഒരു പെൺകുട്ടി മാത്രമാണ് പഠിച്ചിരുന്നത്. എന്നിട്ടും ഹൈസ്കൂൾ വിഭാഗത്തിന് രണ്ട് ഇൻസിനറേറ്ററും രണ്ട് സാനിട്ടറി നാപ്കിൻ വെന്റിംഗ് മെഷീനുകളും നൽകിയിട്ടുണ്ട്. അവ പ്രവർത്തനരഹിതമായിരുന്നു. സ്കൂൾ വിദ്യാർത്ഥിനികൾക്കായി നടപ്പിലാക്കിയ ഈ പദ്ധതി വിദ്യാർത്ഥിനികൾ ഇല്ലാത്ത സ്കൂളുകൾക്കുൾപ്പെടെ നൽകിയിട്ടുണ്ട്.

വെന്റിംഗ് മെഷീൻ ഉപയോഗിക്കുന്നതിൽ നിന്നും ലഭിക്കുന്ന തുകയുടെ വിനിയോഗം, ഇവയുടെ തുടർപരിപാലനം എന്നിവ പി.റ്റി.എയെ ഏല്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിനും, ഉപകരണങ്ങൾ കേടായ വിവരം മരിയ ഹൈജീനിക് സൊല്യൂഷൻസ് -നെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കുന്നതിനും 26.11.2018-ലെ 135-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിനുള്ള മറുപടി ലഭ്യമായിട്ടില്ല. ഒരു നാപ്കിൻ പാഡ് വെൻഡിംഗ് മെഷീന് (15291.2)രൂപ നിരക്കിൽ 72 നാപ്കിൻ പാഡ് വെൻഡിംഗ് മെഷീനും, ഒരു നാപ്കിൻ പാഡ് ഇൻസിനറേറ്ററിന് 18508/- രൂപ നിരക്കിൽ 72 നാപ്കിൻ പാഡ് ഇൻസിനറേറ്ററും ഒരു നാപ്കിൻ പാഡിന് 4/- രൂപ നിരക്കിൽ 7200 നാപ്കിൻ പാഡുകളും 2462342+ VAT തുകയായ 227708 രൂപയും ഉൾപ്പെടെ 2690050.93/- രൂപ ചെലവഴിച്ചിട്ടുണ്ട്. (ഇൻവോയ്സ് നം. 3/2.5.2017)

ലക്ഷങ്ങൾ മുടക്കി നടപ്പാക്കുന്ന ഇതുപോലുള്ള പദ്ധതികൾക്ക് കരാറിൽ മാത്രം സെക്യൂരിറ്റി ഡെപ്പോസിറ്റിനെക്കുറിച്ച് രേഖപ്പെടുത്തുകയും അത് വാങ്ങാതെ നടപ്പാക്കാൻ അനുവദിക്കുകയും ചെയ്യുന്നത് ഉദ്ദേശലക്ഷ്യങ്ങൾ പ്രാവർത്തികമാക്കുന്നതിന് തടസ്സം നിൽക്കും. കൂടാതെ ഇൻസ്റ്റാൾ ചെയ്ത ഉപകരണങ്ങൾ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തുകയും അവ കേടാവുന്ന സന്ദർഭങ്ങളിൽ യഥാസമയം ബന്ധപ്പെട്ട കമ്പനിയെ രേഖാമൂലം അറിയിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമായിരുന്നു. എന്നാൽ ഈ പദ്ധതി നടപ്പാക്കുന്നതിൽ അതുണ്ടായില്ല. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് ഇതിന്റെ തുടർപ്രവർത്തനങ്ങൾ നിരീക്ഷിക്കുകയോ ആവശ്യമായ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

13 സ്കൂളുകളിൽ സ്ഥാപിച്ചിട്ടുള്ള മെഷീനുകളിൽ പ്രാദേശിക പരിശോധന നടത്തിയ 7 സ്കൂളുകളിലും മെഷീനുകൾ പ്രവർത്തനരഹിതമാണ്. പദ്ധതി നടത്തിപ്പിന് വേണ്ടി ഉപയോഗിച്ച 26.9 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുകയും ഇത് സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുകയും ചെയ്യുന്നു.

# 3-18 ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലെ കമ്പ്യൂട്ടർ സപ്ലൈ പ്രയോജന രഹിതം

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | : | ഹയർസെക്കൻഡറി സ്കൂളിൽ ICT ലാബുകളിലേയ്ക്കുള്ള കമ്പ്യൂട്ടർ സപ്ലൈ |
| പ്രോജക്ട് നമ്പർ | : | എസ്.1015/18 |
| ഫയൽ നമ്പർ | : | CCPC7/23200/17 |
| അടങ്കൽ തുക | : | 15,00,000 |
| ചെലവ് വിവരം | : | 14,88,000 |
| ബിൽ നം. | | 1273686 തീയതി. 26.03.2018 |

ഹയർസെക്കൻഡറി സ്കൂളുകളിലെ ICT ലാബുകളിലേയ്ക്കുള്ള കമ്പ്യൂട്ടർ സപ്ലൈ എന്ന പ്രോജക്ട് പ്രകാരം 13 സ്കൂളുകളിലേയ്ക്ക് 48 ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്. സ്കൂളുകളിൽ നൽകിയ ലാപ്ടോപ്പുകൾ പരിശോധിക്കുന്നതിനായി 06.12.2018ൽ എസ്.ആർ.വി. എച്ച്.എച്ച്.എസ്, എറണാകുളത്ത് നടത്തിയ പ്രാദേശിക പരിശോധനയിൽ ഈ സ്കൂളിന് നൽകിയ 3 ലാപ്ടോപ്പുകളിൽ 2 എണ്ണം കവർ പോലും പൊട്ടിക്കാതെ സ്കൂളിൽ സൂക്ഷിച്ചിരിക്കുന്നതായി ബോദ്ധ്യപ്പെട്ടു. 20.03.2018ലാണ് ഈ ലാപ്ടോപ്പുകൾ സ്കൂളിൽ കൈപ്പറ്റിയിരിക്കുന്നത്. എന്നാൽ 9 മാസത്തോളം ഇത് ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നതായാണ് മനസ്സിലാക്കുവാൻ കഴിഞ്ഞത്. സർക്കാർ ഉത്തരവ് (സാധാ) നം. 97/2018/പൊ.വി.വ തീയതി 06.01.2018 അനുസരിച്ച് വിതരണക്കാർ, പ്രഥമാധ്യാപകനും സ്കൂൾ കോ-ഓർഡിനേറ്റർക്കും ഉപകരണങ്ങൾ പ്രവർത്തിപ്പിച്ച് കാണിക്കണം എന്നുണ്ടെങ്കിലും ഇവ പ്രവർത്തിപ്പിച്ച് കാണിച്ചതിനുശേഷമല്ല വിതരണം ചെയ്തിരിക്കുന്നത്. സ്കൂളുകൾക്ക് ആവശ്യമുള്ള ഉപകരണങ്ങൾ എന്തെന്നത് അനുസരിച്ചുള്ള പ്രോജക്ടുകൾ നടപ്പാക്കുവാൻ ശ്രമിച്ചാൽ ഈ രീതിയിൽ പ്രയോജന രഹിതമായി പണം ചെലവഴിക്കുന്നത് ഒഴിവാക്കാവുന്നതാണ്.

# 3-19 എ.എം.സി.- കമ്പ്യൂട്ടർ സർവ്വീസിംഗ് നടത്തിയ ബില്ലുകൾ ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | : | കമ്പ്യൂട്ടർ എ.എം.സി ഫോർ ഗവൺമെന്റ് സ്കൂൾ (കിഴക്കൻ മേഖല) |
| പ്രോജക്ട് നമ്പർ | : | എസ്. 569/18 |
| ഫയൽ നമ്പർ | : | CCPC7/28334/16 |
| അടങ്കൽ തുക | : | 2,50,000 |
| ചെലവ് വിവരം | : | 2,50,000 |
| ബിൽ നം. | | 1236761 തീയതി. 23.03.2018 |

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | : | കമ്പ്യൂട്ടർ എ.എം.സി ഫോർ ഗവൺമെന്റ് സ്കൂൾ (പടിഞ്ഞാറൻ മേഖല) |
| പ്രോജക്ട് നമ്പർ | : | എസ്. 570/18 |
| ഫയൽ നമ്പർ | : | CCPC7/28333/16 |
| അടങ്കൽ തുക | : | 2,50,000 |
| ചെലവ് വിവരം | : | 1,68,831 |
| ബിൽ നം. | | 1236770 തീയതി. 23.03.2018 |

സർക്കാർ സ്കൂളുകളിലെ കമ്പ്യൂട്ടറുകളുടെ എ.എം.സി. ഏർപ്പെടുന്നതിനും സ്കൂളുകളിൽ നെയിംബോർഡ്, ദിശാബോർഡ് എന്നിവ സ്ഥാപിക്കുന്നതിലേയ്ക്കുമായി 4,18,831രൂപ ചെലവഴിച്ചിട്ടുണ്ട്.

ടീം ഐ.ടി. കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിനാണ് എ.എം.സി നൽകിയിട്ടുള്ളത്. G.O(P) No. 26/2005/ITD തീയതി. 24.12.2005 അനുസരിച്ച് കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഒരു കമ്പനിയ്ക്ക് മാത്രമേ എ.എം.സി. നൽകാവൂ. എ.എം.സി. നൽകിയിട്ടുള്ള കമ്പനി Authorised Service Provider (ASP) for Original Equipment Manufacturer (OEM) brand equipments ആയിരിക്കണം. ഈ മേഖലയിൽ 3 വർഷത്തെയെങ്കിലും പ്രവൃത്തി പരിചയമുണ്ടായിരിക്കണം. എ.എം.സി. നൽകിയിട്ടുള്ള കമ്പനിക്ക് മതിയായ കമ്മ്യൂണിക്കേഷൻ ഫെസിലിറ്റികൾ ഉണ്ടായിരിക്കണം. മാസത്തിലൊരിക്കൽ സ്കൂളുകളിൽ കമ്പ്യൂട്ടറുകളുടെ പരിശോധന നടത്തണം. മൂന്നമാസത്തിലൊരിക്കൽ കമ്പ്യൂട്ടറുകളുടെ ക്ഷമത പരിശോധിക്കുകയും അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യണം എന്നീ നിർദ്ദേശങ്ങളുണ്ടെങ്കിലും ടീം ഐ.ടി. കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനം ഈ നിർദ്ദേശങ്ങളൊന്നും തന്നെ പാലിച്ചിട്ടില്ല. ടി സ്ഥാപനം നഗരസഭയുമായി ഏർപ്പെട്ടിട്ടുള്ള കരാർ കാലാവധി 2017 മാർച്ച് 1 മുതൽ 2018 ഫെബ്രുവരി 28 വരെയാണ്. ഈ കാലയളവിൽ ആറ് തവണ ( അതായത് രണ്ട് മാസത്തിൽ ഒരിക്കൽ) സ്കൂളുകളിൽ സന്ദർശനം നടത്തി കമ്പ്യൂട്ടറുകൾ പരിശോധിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ഒരു പരിശോധനാ റിപ്പോർട്ട് ഒരു സ്കൂളിൽ നിന്നും ലഭ്യമായില്ല. മാത്രമല്ല 23.11.2018-ൽ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ ഇടപ്പള്ളിയിലെ ഹയർസെക്കൻഡറി വിഭാഗത്തിലും, ഹൈസ്കൂൾ വിഭാഗത്തിലും, 23.11.2018-ൽ നടത്തിയ പ്രാദേശിക പരിശോധനയിലും ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ നോർത്ത് ഇടപ്പള്ളിയിലെ ഹൈസ്കൂൾ വിഭാഗത്തിലും, ഹയർസെക്കൻഡറി വിഭാഗത്തിലും, വൊക്കേഷണൽ ഹയർസെക്കൻഡറി വിഭാഗത്തിലും, 17.12.2018ൽ ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ ഫോർ ഗേൾസ്, എറണാകുളത്തിന്റെ ഹൈസ്കൂൾ വിഭാഗത്തിലും ഹയർ സെക്കൻഡറി വിഭാഗത്തിലും, 06.12.2018ൽ എസ്.ആർ.വി. വി.എച്ച്.എസ്.എസ്., എറണാകുളത്തും, ജി.ആർ.എഫ്.റ്റി ഹൈസ്കൂൾ, തേവരയിലും നടത്തിയ ഓഡിറ്റിന്റെ പ്രാദേശിക പരിശോധനാ സമയത്ത്, 2017-18 സാമ്പത്തിക വർഷത്തിൽ ഈ സ്കൂളുകളിൽ കമ്പ്യൂട്ടർ മെയിന്റനൻസ് നടത്തുന്നതിനുവേണ്ടിയോ പ്രവർത്തനക്ഷമത പരിശോധിക്കുന്നതിനുവേണ്ടിയോ ഈ സ്ഥാപനം സ്കൂളുകൾ സന്ദർശിച്ചിട്ടില്ല എന്ന് പ്രധാന അദ്ധ്യാപകർ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ആയതിനാൽ മെയിന്റനൻസ് കരാറിൽ ഏർപ്പെട്ട് കരാറുകാരന് പണം നൽകി എന്നതല്ലാതെ കരാർ കാര്യക്ഷമമായി പാലിക്കപ്പെടുന്നു എന്ന് നിർവ്വഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട വർക്കിങ് ഗ്രൂപ്പുകളും ഉറപ്പാക്കിയിട്ടില്ല എന്ന് വ്യക്തമാണ്. കരാറിന്റെ ഉറപ്പിലേക്കായി കരാർ തുകയുടെ 5% തുക സെക്യൂരിറ്റി നിക്ഷേപമായി വാങ്ങേണ്ടതായിരുന്നെങ്കിലും ആയത് വാങ്ങിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 26.11.2018ലെ 139-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി

ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ സ്കൂളുകളിലെ കമ്പ്യൂട്ടറുകളുടെ എ.എം.സി. സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുകയും പ്രോജക്റ്റ് നിർവ്വഹണത്തിന് വേണ്ടി വിനിയോഗിച്ച 4,18,831/- (250000+168831) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-20 പഠനമുറി നിർമ്മാണം - അപാകങ്ങൾ

| | | | |
|---|---|---|---|
| പ്രോജക്റ്റിന്റെ പേര് | : | പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം | |
| പ്രോജക്റ്റ് നമ്പർ | : | എസ് 564/18 | |
| അടങ്കൽ | : | 40,50,000/- | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | പട്ടികജാതി വികസന ഓഫീസർ | |
| ചെലവ് വിവരം | : | 300000/- | സി.ബി.08/17-18/18.9.17 |
| | | 200000/- | സി.ബി.10/17-18/24.10.17 |
| | | 150000/- | സി.ബി.14/17-18/06.01.18 |
| | | 400000/- | സി.ബി.21/17-18/17.2.18 |
| | | 150000/- | സി.ബി.42/17-18/27.3.18 |
| | | 1200000/- | |

സ്പിൽ ഓവർ പ്രോജക്ടായി പഠനമുറി നിർമ്മാണം പൂർത്തീകരിച്ച 24 ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി ആണ് ഈ തുക വിതരണം ചെയ്തിട്ടുള്ളത്. തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പിന്റെ 15.02.2016ലെ സർക്കാർ ഉത്തരവ് (സാധാ) നം. 626/2016/തസ്വഭവ പ്രകാരം പഠനമുറി നിർമ്മാണത്തിനായി എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തി നടത്തിയതിനുശേഷം അളവ് രേഖപ്പെടുത്തണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരം എഞ്ചിനീയർ മൂല്യനിർണ്ണയം നടത്താതെയാണ് തുക വിതരണം ചെയ്തിട്ടുള്ളത്.

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 19/11/2018-ലെ 115-ാം നമ്പർ എൻക്വയറി നൽകിയിട്ടുണ്ടെങ്കിലും മറുപടി ലഭ്യമായിട്ടില്ല. ഈ സാഹചര്യത്തിൽ 12ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-21 അംഗീകൃത ലൈബ്രറികൾക്ക് പുസ്തകവിതരണം - നിർവ്വഹണത്തിലെ അപാകതകൾ (ഫയൽ നമ്പർ.CCPC.4 / 21080 /17)

| | | | |
|---|---|---|---|
| പ്രോജക്റ്റിന്റെ പേര് | : | അംഗീകൃത ലൈബ്രറികൾക്ക് പുസ്തകവിതരണം | |
| പ്രോജക്റ്റ് നമ്പർ | : | എസ്.1802/18 | |
| അടങ്കൽ | : | 5,00,000/- വികസനഫണ്ട് (ജനറൽ) | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സെക്രട്ടറി, കോർപ്പറേഷൻ. | |
| ചെലവ് വിവരം | : | ബിൽ റഫറൻസ് നമ്പർ | തുക |
| | | 1711047000101290201/24.3.18 | 5,00,000/- |

കൊച്ചി നഗരസഭാപരിധിയിലുള്ള അംഗീകൃത ലൈബ്രറികൾക്കും നഗരസഭാലൈബ്രറികൾക്കും പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള പ്രോജക്ടാണിത്. ലൈബ്രറികളിൽ നിന്നും അപേക്ഷ ക്ഷണിച്ച് അവയുടെ ലിസ്റ്റ് കേരള സ്റ്റേറ്റ് ബുക്ക് മാർക്കിന് അയച്ചുകൊടുക്കുകയും ലൈബ്രറികൾക്ക് പുസ്തകങ്ങൾ നേരിട്ട് എത്തിച്ച് നൽകി അവരുടെ ആക്സെപ്റ്റൻസ് സർട്ടിഫിക്കറ്റ് സഹിതം ബില്ല് ഹാജരാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട് ( കത്ത് നം. CCPC.4/21080/17/ 17.03.2018). ഈ പ്രോജക്റ്റ് നിർവ്വഹണം സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ താഴെ ചേർക്കുന്നു.

**പുസ്തകങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല :** ബുക്ക്മാർക്കിന്റെ ഇൻവോയ്സിൽ പുസ്തകങ്ങൾ കൈപ്പറ്റി എന്ന് മാത്രമാണ് ലൈബ്രറികൾ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. ഈ പുസ്തകങ്ങൾ ലൈബ്രറിയുടെ പ്രധാന സ്റ്റോക്ക് രജിസ്റ്ററിൽ തുടർ നമ്പരുകളിട്ട് രേഖപ്പെടുത്തി ആയത് നഗരസഭാ അധികൃതർ ബോദ്ധ്യപ്പെട്ട് 2017-18 ലെ ജനകീയാസൂത്രണപ്രോജക്റ്റ് പ്രകാരം നൽകിയതാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതും പരിശോധനയ്ക്കായി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

**ബില്ലുകളിൽ ജി.എസ്.റ്റി.രജിസ്ട്രേഷൻ നമ്പർ ഇല്ല:** ബുക്ക്മാർക്ക് നൽകിയിട്ടുള്ള ബില്ലുകളിൽ ജി.എസ്.റ്റി. രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. ഈ സ്ഥാപനത്തിനെ ജി.എസ്.റ്റി. രജിസ്ട്രേഷനിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെങ്കിൽ ആ വിവരം ലഭ്യമാക്കണം.

**ഒരേ ബിൽ നമ്പരിൽ പല ലൈബ്രറികൾക്ക് പുസ്തകവിതരണം ചെയ്തു:** ബുക്ക് മാർക്ക്, നഗരസഭ നൽകിയ ലിസ്റ്റ് പ്രകാരം ലൈബ്രറികൾക്ക് പുസ്തകവിതരണം നടത്തി ,ലൈബ്രറികളുടെ കൈപ്പറ്റ് രേഖപ്പെടുത്തിയ ബില്ലുകൾ നഗരസഭയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ പല ലൈബ്രറികൾക്കും നൽകിയിട്ടുള്ള ബില്ലുകൾ ഒരേ നമ്പരും തീയതിയും (KSBM/2018/ 6.3.2018) ഉള്ളവയാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു. പല തുകകൾ ഒരേ ബിൽ നമ്പരിൽ ക്ലെയിം ചെയ്ത നടപടി ക്രമപ്രകാരമല്ല. ഓരോ ഇൻവോയ്സിനും പ്രത്യേകം നമ്പരുകൾ ഉണ്ടായിരിക്കണം എന്നിരിക്കെ 26 ലൈബ്രറികൾക്ക് ഒരേ നമ്പരുംതീയതിയും ഉള്ള ബില്ലുകൾ നൽകിയിട്ടുള്ളതിനാൽ ഇവയുടെ വിശ്വാസ്യത ഉറപ്പുവരുത്തുവാനാകുന്നില്ല.

| ലിസ്റ്റിലെ ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ബിൽ നം | പുസ്തകങ്ങളുടെ എണ്ണം | ആകെ മൂല്യം | ഡിസ്കൗണ്ട് | നെറ്റ് തുക |
|---|---|---|---|---|---|---|
| 1 | വീനസ് ക്ലബ്ബ് ലൈബ്രറി | KSBM/2018/ 6.3.2018 | 105 | 17145 | 5145 | 12000 |
| 2 | സഹൃദയ ഗ്രന്ഥശാല | KSBM/2018/ 6.3.2018 | 102 | 17148 | 5148 | 12000 |
| 3 | വിജ്ഞാനോദയ വായനശാല | KSBM/2018/ 6.3.2018 | 105 | 17148 | 5148 | 12000 |
| 6 | മൗലാന ആസാദ് ലൈബ്രറി | KSBM/2018/ 6.3.2018 | 106 | 17144 | 5144 | 12000 |
| 8 | കെ.എസ്.രാഘവൻ മെമ്മോറിയൽ ലൈബ്രറി, കൊച്ചി-16 | KSBM/2018/ 6.3.2018 | 105 | 17145 | 5145 | 12000 |
| 9 | യൂത്ത് ലീഗ് പബ്ലിക്ക് ലൈബ്രറി | KSBM/2018/ 6.3.2018 | 105 | 17145 | 5145 | 12000 |
| 10 | കൊച്ചിൻ ബ്രദേഴ്സ് ലൈബ്രറി | KSBM/2018/ 6.3.2018 | 105 | 17145 | 5145 | 12000 |
| 11 | ജോഷി സ്മാരക ഗ്രന്ഥശാല | KSBM/2018/ 6.3.2018 | 105 | 17145 | 5145 | 12000 |
| 12 | കലാകൈരളി ലൈബ്രറി & റീഡിങ്ങ് റൂം | KSBM/2018/ 6.3.2018 | 112 | 17151 | 5151 | 12000 |
| 14 | ജനകീയ ഗ്രന്ഥശാല | KSBM/2018/ 6.3.2018 | 105 | 17145 | 5145 | 12000 |
| 15 | സി.പി.കൃഷ്ണപിള്ള സ്മാരക വായനശാല | KSBM/2018/ 6.3.2018 | 105 | 17145 | 5145 | 12000 |
| 16 | സന്മാർഗ്ഗോദയ ലൈബ്രറി | KSBM/2018/ 6.3.2018 | 86 | 16749 | 4749 | 12000 |
| 17 | യുവകലാതരംഗ് ഗ്രന്ഥശാല | KSBM/2018/ 6.3.2018 | 117 | 17150 | 5150 | 12000 |
| 18 | ഗ്രാമീണ വായനശാല | KSBM/2018/ 6.3.2018 | 105 | 17145 | 5145 | 12000 |
| 19 | പ്രതിഭ വായനശാല | KSBM/2018/ 6.3.2018 | 105 | 17145 | 5145 | 12000 |
| 20 | വിനോദ ലൈബ്രറി | KSBM/2018/ 6.3.2018 | 105 | 17145 | 5145 | 12000 |
| 21 | പണ്ഡിറ്റ് കറുപ്പൻ മെമ്മോറിയൽ ലൈബ്രറി | KSBM/2018/ 6.3.2018 | 105 | 17145 | 5145 | 12000 |
| 23 | സോയൂസ് ക്ലബ്ബ് ലൈബ്രറി | KSBM/2018/ 6.3.2018 | 105 | 17145 | 5145 | 12000 |
| 24 | ഇക്ബാൽ ലൈബ്രറി | KSBM/2018/ 6.3.2018 | 105 | 17145 | 5145 | 10200 |
| 25 | സാരസ്വത് അസോസിയേഷൻ ലൈബ്രറി | KSBM/2018/ 6.3.2018 | 105 | 17145 | 5145 | 12000 |
| 26 | കൊച്ചിൻ മഹിളാ സമാജം ലൈബ്രറി | KSBM/2018/ 6.3.2018 | 93 | 17159 | 5159 | 12000 |
| 27 | യുവഭൂഷണം വായനശാല | KSBM/2018/ 6.3.2018 | 105 | 17145 | 5145 | 12000 |
| 30 | തിലക് ക്ലബ്ബ് ലൈബ്രറി | KSBM/2018/ 6.3.2018 | 105 | 17145 | 5145 | 12000 |

| | | | | | | |
|---|---|---|---|---|---|---|
| 31 | എറണാകളം പബ്ലിക്ക് ലൈബ്രറി | KSBM/2018/ 6.3.2018 | 171 | 28584 | 8584 | 20000 |
| 33 | കൊച്ചി നഗരസഭ ലൈബ്രറി പള്ളരത്തി | KSBM/2018/ 6.3.2018 | 171 | 28584 | 8584 | 20000 |
| 37 | എൽ.ജി.പൈ. മെമ്മോറിയൽ ലൈബ്രറി | KSBM/2018/ 6.3.2018 | 180 | 28580 | 8574 | 20000 |

**ബിൽ നമ്പർ തീയതി എന്നിവ രേഖപ്പെടുത്താതെയും കമ്പ്യൂട്ടർ ബില്ലിൽ ഭാഗികമായി എഴുതിച്ചേർത്തും പുസ്തക വിതരണം:**

ഏതാനം ലൈബ്രറികളിൽ ബുക്ക് മാർക്ക് നൽകിയിട്ടുള്ള ബില്ലിൽ നമ്പർ തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ രണ്ടു ലൈബ്രറികൾക്ക് നൽകിയിട്ടുള്ള ബില്ലിൽ ഭാഗികമായി എഴുതി ചേർത്തിട്ടുള്ളതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ലിസ്റ്റിലെ ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ബിൽ നം | പുസ്തകങ്ങളുടെ എണ്ണം | ആകെ മൂല്യം | ഡിസ്കൗണ്ട് | നെറ്റ് തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| 5 | ചങ്ങമ്പുഴ സ്മാരക ഗ്രന്ഥശാല | ഇല്ല | 76 | 17159 | 5159 | 12000 | |
| 7 | ഫ്രണ്ട്സ് ലൈബ്രറി | ഇല്ല | 64 | 17151 | 5151 | 12000 | |
| 13 | സമസ്തകേരള സാഹിത്യപരിഷത്ത് ഗ്രന്ഥശാല | ഇല്ല | 86 | 17160 | 5160 | 12000 | |
| 22 | ടാഗോർ ലൈബ്രറി | ഇല്ല | 39 | 17155 | 5155 | 12000 | അച്ചടിച്ച ബില്ലിൽ30മുതൽ 31 വരെയുള്ള ക്രമനമ്പർ എഴുതി ചേർത്തിരിക്കുന്നു. |
| 28 | കൊച്ചിൻ പോലീസ് ലൈബ്രറി | ഇല്ല | 86 | 17160 | 5160 | 12000 | |
| 29 | പി.കെ.എം. ലൈബ്രറി & റീഡിങ്ങ് റൂം | ഇല്ല | 103 | 17162 | 5162 | 12000 | അച്ചടിച്ച ബില്ലിൽ94മുതൽ 103 വരെയുള്ള ക്രമനമ്പർ എഴുതി ചേർത്തിരിക്കുന്നു. |
| 34 | കൊച്ചി നഗരസഭ ലൈബ്രറി വൈറ്റില | ഇല്ല | 141 | 28641 | 8641 | 20000 | |
| 36 | കെ.ജെ.ഹെർഷൽ മെമ്മോറിയൽ ലൈബ്രറി | ഇല്ല | 115 | 27242 | 7242 | 20000 | |

**അപേക്ഷ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയില്ല :**

പുസ്തകങ്ങൾ നൽകപ്പെട്ട ചില സ്ഥാപനങ്ങൾ പുസ്തകങ്ങൾ ആവശ്യപ്പെട്ട് ഗ്രന്ഥശാലാ സംഘത്തിൽ രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റ് സഹിതം നഗരസഭയ്ക്ക് അപേക്ഷ നൽകിയിട്ടുമില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ലിസ്റ്റിലെ ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ബിൽ നം | പുസ്തകങ്ങളുടെ എണ്ണം | ആകെ മൂല്യം | ഡിസ്കൗണ്ട് | നെറ്റ് തുക |
|---|---|---|---|---|---|---|
| 8 | കെ.എസ്.രാഘവൻ മെമ്മോറിയൽ ലൈബ്രറി, കൊച്ചി-16 | KSBM/2018/ 6.3.2018 | 105 | 17145 | 5145 | 12000 |
| 32 | സി ഹെഡ് ലൈബ്രറി | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | 20000 |
| 35 | കെ.എസ്.രാഘവൻ മെമ്മോറിയൽ ലൈബ്രറി | 4322-4330/ തീയതി ഇല്ല | 158 | 27031 | 7031 | 20000 |
| 37 | എൽ.ജി.പൈ.മെമ്മോറിയൽ ലൈബ്രറി | KSBM/2018/ 6.3.2018 | 180 | 28580 | 8574 | 20000 |

**ബില്ലിലെ പുസ്തകമൂല്യവും ബുക്ക്മാർക്ക് ഹാജരാക്കിയിട്ടുള്ള സ്റ്റേറ്റ്മെന്റും പൊരുത്തപ്പെടുന്നില്ല :**

ലൈബ്രറികൾക്ക് നൽകിയിട്ടുള്ള ബില്ലിലെ പുസ്തകമൂല്യവും ഡിസ്കൗണ്ട് തുകയും പണം ലഭിക്കുന്നതിനായി ബുക്ക്മാർക്ക് ഹാജരാക്കിയിട്ടുള്ള സ്റ്റേറ്റ്മെന്റിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. സ്റ്റേറ്റ്മെന്റ് പ്രകാരം ക്രമ നമ്പർ 1 മുതൽ 30 വരെ 17142 ആകെ പുസ്തകമൂല്യവും 5142 ഡിസ്കൗണ്ടു

തുകയും, ക്രമ നമ്പർ 31 മുതൽ 37 വരെ 28571 ആകെ പുസ്തകമൂല്യവും 8571 ഡിസ്കൗണ്ടു തുകയും ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഒരു ബില്ലിലും ഇത്തരം തുകകൾ ഇല്ല.

മേൽ പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 18.05.2018 ൽ 24-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ ബന്ധപ്പെട്ട ലൈബ്രറികളോടും കേരളാ ബുക്ക് മാർക്കിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ തൃപ്തികരമായ വിശദീകരണം ലഭ്യമാകുന്നതിന് വിധേയമായി 5 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-22 ഹെൽത്ത് സെന്ററുകൾക്ക് ഫർണിച്ചർ - സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായ വാങ്ങൽ (ഫയൽ നമ്പർ.ISO/CCPC.5 /021325 /17)

| | | | |
|---|---|---|---|
| പ്രോജക്ടിന്റെ പേര് | : | നഗരസഭവക ഹെൽത്ത് സെന്ററുകളിലേക്ക് ഫർണിച്ചർ | |
| പ്രോജക്ട് നമ്പർ | : | എസ്.0888/18 | |
| അടങ്കൽ | : | 7,00,000/- വികസനഫണ്ട് (ജനറൽ) | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ഹെൽത്ത് ഓഫീസർ, കോർപ്പറേഷൻ. | |
| ചെലവ് വിവരം | : | ബിൽ റഫറൻസ് നമ്പർ | തുക |
| | | 1711047015901193791/16.03.18 | 6,36,140/- |

കൊച്ചി നഗരസഭാപരിധിയിലുള്ള ഹെൽത്ത് സെന്ററുകളിലേക്ക് ഫർണിച്ചർ വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള പ്രോജക്ടാണിത്. ഫർണിച്ചർ കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കേർപ്പറേഷൻ ലിമിറ്റഡ് (ARTCO) യിൽ നിന്നും നേരിട്ടാണ് വാങ്ങിയിട്ടുള്ളത്. ഫർണിച്ചർ വിവിധ ഹെൽത്ത് സെന്ററുകളിൽ നേരിട്ട് എത്തിച്ച് നൽകി അവരുടെ ആക്സെപ്റ്റൻസ് സർട്ടിഫിക്കറ്റ് സഹിതം ബില്ല് ഹാജരാക്കിയതിന് വിധേയമായിട്ടാണ് തുക നൽകിയിട്ടുള്ളത്. ഈ പ്രോജക്ട് നിർവ്വഹണം സംബന്ധിച്ചുണ്ടായിട്ടുള്ള അപാകതകൾ താഴെ ചേർക്കുന്നു.

**സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായ വാങ്ങൽ :** സ്റ്റീൽ ഫർണിച്ചർ ARTCOയിൽ നിന്നും ടെണ്ടറോ ക്വട്ടേഷനോ കൂടാതെ നേരിട്ട് വാങ്ങുന്നതിന് സ്റ്റോർ പർച്ചേയ്സ് മാനുവലിന്റെ ഖണ്ഡിക 9.23 ഒരു വർഷത്തേക്ക് ഒഴിവാക്കിക്കൊണ്ട് 20.10.2017ൽ GO(Rt)59/2017/SPD നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്പെസിഫിക്കേഷൻ ഉള്ള ഫർണിച്ചർ അവയ്ക്ക് നിശ്ചയിച്ചിട്ടുള്ള നിരക്കിൽ അധികരിക്കാത്ത തരത്തിൽ നേരിട്ട് വാങ്ങുന്നതിനാണ് അനുവദിച്ചിട്ടുള്ളത്. ഈ ലിസ്റ്റിൽ ഉൾപ്പെടാത്തവ ടെണ്ടർ/ ക്വട്ടേഷൻ ക്ഷണിച്ചേ വാങ്ങാവൂ എന്ന് ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ട് പ്രകാരം വാങ്ങിയിട്ടുള്ള സാധനങ്ങൾ ഈ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്പെസിഫിക്കേഷനിൽ ഉള്ളവയല്ല.

| പ്രോജക്ടിൽ ഉൾപ്പെടുത്തി വാങ്ങിയ ഫർണിച്ചറുകളുടെ വിവരം<br>(Invoice No. KADCO/CRO/SALE/2017-18/141 dt.01.02.2018) | | | |
|---|---|---|---|
| 1 | Examination table MS with top SS-182 x53 x81cm | 11 Nos. | Rs.9600/ 1No. |
| 2 | Iron cot Angle Iron Tubular Frame – 180x90x60cm | 10 Nos. | Rs.6200/ 1No. |
| 3 | Steel office Table 3 Drawer & 1 Cupboard- 150x60x75cm | 14 Nos. | Rs.8700/ 1No. |
| 4 | Steel Slotted Angle Rack-180x90x45xcm 6 pannel | 34 Nos. | Rs.4800/ 1No. |
| 5 | Plastic Arm Chair | 120 Nos. | Rs.590/ 1No. |

**ഫർണിച്ചർ ARTCO നിർമ്മിച്ചിട്ടുള്ളവയാണെന്ന് ഉറപ്പാക്കിയിട്ടില്ല :** സ്റ്റോർ പർച്ചേയ്സ് മാനുവലിന്റെ ഖണ്ഡിക 9.24 പ്രകാരം സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്ന സാധനങ്ങൾ പ്രസ്തുത സ്ഥാപനങ്ങൾ തന്നെ നിർമ്മിച്ചിട്ടുള്ളവയാണെന്ന് വാങ്ങൽ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ്. എന്നാൽ ഈ പ്രോജക്ട് പ്രകാരം വാങ്ങിയിട്ടുള്ള ഫർണിച്ചർ ARTCO നിർമ്മിതമാണെന്നതിന്റെ തെളിവ് രേഖകൾ ഒന്നും ലഭ്യമല്ല.

**സ്റ്റോക്ക് എൻട്രി സാക്ഷ്യപ്പെടുത്തിയിട്ടില്ല:** സ്റ്റോർ പർച്ചേയ്സ് മാനുവലിന്റെ ഖണ്ഡിക 12.19 പ്രകാരം സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന് ശേഷം മാത്രമെ തുക നൽകാവൂ. ഫർണിച്ചർ വിവിധ ഹെൽത്ത് സെന്ററുകൾ കൈപ്പറ്റിയതായുള്ള സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിലാണ് തുക ARTCOയ്ക്ക് നൽകിയിട്ടുള്ളത്. ഹെൽത്ത് സെന്ററുകളിലെ ഫർണിച്ചർ രജിസ്റ്ററിൽ, ലഭിച്ച ഫർണിച്ചർ വിവരം രേഖപ്പെടുത്തി ആയത് നഗരസഭ അധികാരികൾ ബോദ്ധ്യപ്പെട്ടിട്ടില്ല.

മേൽ പരാമർശിച്ച അപാകതകൾ സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് 21.05.2018 ൽ 25-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ആയത് ഹാജരാക്കുന്നതിന് വിധേയമായി 6,36,140/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-23 മാലിന്യശേഖരണത്തിന് കൈവണ്ടികൾ വാങ്ങൽ - നിർവ്വഹണത്തിലെ അപാകതകൾ (ഫയൽ നമ്പർ.ISO/CCPC.5 /028017 /16)

| | | | |
|---|---|---|---|
| പ്രോജക്ടിന്റെ പേര് | : | മാലിന്യം ശേഖരിക്കുന്നതിന് 50 കൈവണ്ടികൾ | |
| പ്രോജക്ട് നമ്പർ | : | എസ്.0542/18 | |
| അടങ്കൽ | : | 15,00,000/- വികസനഫണ്ട് (ജനറൽ) | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ഹെൽത്ത് ഓഫീസർ, കോർപ്പറേഷൻ. | |
| ചെലവ് വിവരം | : | ബിൽ റഫറൻസ് നമ്പർ | തുക |
| | | 17110147015900523927/<br>7.10.17<br>തുക 57067325135 എന്ന എസ്.ബി.ടി. അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. | 14,98,000/-<br>(40 കൈവണ്ടികളുടെ സപ്ലൈക്ക് നൽകിയ തുക) |

**ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കാതെയുള്ള വാങ്ങൽ :** മാലിന്യശേഖരണത്തിനായി 50 കൈവണ്ടികൾ വാങ്ങുക എന്ന ലക്ഷ്യത്തോടെ 15 ലക്ഷം രൂപ ( 30000x50) അടങ്കൽ തുക നിശ്ചയിച്ച് നിർവ്വഹണം നടത്തിയ പ്രോജക്ടാണിത്. കൈവണ്ടികൾ വാങ്ങുന്നതിനായുള്ള ഇ-ടെണ്ടറിൽ ഏറ്റവും കറവ് നിരക്ക്(1372500/-രൂപ , ഒരെണ്ണത്തിന് 27450/-രൂപ) രേഖപ്പെടുത്തിയത് IOTA Engineering എന്ന സ്ഥാപനമാണ്. എന്നാൽ ഈ സ്ഥാപനം ടെണ്ടറിനോടൊപ്പം പ്രിലിമിനറി കരാർ സമർപ്പിച്ചില്ല എന്ന കാരണത്താൽ പ്രസ്തുത ടെണ്ടർ നിരസിക്കുകയും ഏറ്റവും കുറഞ്ഞ രണ്ടാമത്തെ നിരക്ക് ( 1872500/- രൂപ, ഒരെണ്ണത്തിന് 37450/-രൂപ ) രേഖപ്പെടുത്തിയ KSIE Ltdന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു (ഹെൽത്ത് സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ 4.3.17ലെ 02-ം നമ്പർ തീരുമാനം. 18.3.17 ലെ 74-ം നമ്പർ കൗൺസിൽ തീരുമാനം).

സ്റ്റോർ പർച്ചേയ്സ് മാനവലിലെ ഖണ്ഡിക 9.46 പ്രകാരം സപ്ലൈക്കായി കരാറിൽ ഏർപ്പെടുന്നതിന് മുമ്പ് നിരക്ക് ന്യായമായത് (reasonable) ആണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ന്യായവിലയല്ലെങ്കിൽ നെഗോസിയേഷൻ നടത്താവുന്നതും ആയതിൽ ന്യായവിലയിലേക്ക് നിരക്ക് താഴ്ത്താൻ സമ്മതിച്ചാൽ വാങ്ങാവുന്നതും അല്ലാത്തപക്ഷം റീടെണ്ടറിങ്ങ് നടത്തേണ്ടതാണെന്നും ഖണ്ഡിക 9.48 ൽ നിഷ്കർഷിച്ചിട്ടുമുണ്ട്. ആവശ്യപ്പെട്ട സാധനം ഏറ്റവും ന്യായമായ വിലയ്ക്ക് ലഭിക്കും എന്ന് IOTA Engineeringഎന്ന സ്ഥാപനത്തിന്റെ ടെണ്ടറിൽ നിന്നും വ്യക്തമായിട്ടും മേൽ ഖണ്ഡികകൾ പ്രാരമുള്ള നടപടികൾ സ്വീകരിക്കാതെ ഉയർന്ന നിരക്കിൽ ആണ് കൈവണ്ടി വാങ്ങിയിട്ടുള്ളത്. മാത്രമല്ല KSIE Ltdഒരു സർക്കാർ സ്ഥാപനം എന്ന നിലയിൽ ഖണ്ഡിക 9.23 പ്രകാരമുള്ള വിലമുൻഗണന (price preference) നൽകിയാൽ പോലും ഇത്രയും അധികം തുക നൽകേണ്ടിവരുമായിരുന്നില്ല. ചട്ടവിരുദ്ധമായ വാങ്ങൽ നടപടി സ്വീകരിച്ചതിനാൽ, നഗരസഭ ലക്ഷ്യമിട്ടിരുന്ന 50 കൈവണ്ടികൾക്ക് പകരം 40കൈവണ്ടികളേ വാങ്ങാൻ സാധിച്ചുള്ളു എന്ന് മാത്രമല്ല 1,25,500/-രൂപ അധികം നൽകേണ്ടിയും വന്നു.

**ടെണ്ടർ നോട്ടീസിൽ ആവശ്യപ്പെട്ട ഗ്യാരണ്ടി പിരീഡ് ലഭിച്ചില്ല:** ടെണ്ടർ നോട്ടീസിലെ ഏഴാം നമ്പർ വ്യവസ്ഥ പ്രകാരം എല്ലാ ഇനങ്ങൾക്കും കുറഞ്ഞത് 2 വർഷമെങ്കിലും ഗ്യാരണ്ടി പിരീഡ് ഉണ്ടായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ KSIE Ltd മായി 13.03.2017 ന് ഏർപ്പെട്ടിട്ടുള്ള 5-ം നമ്പർ കരാറിലെ ഒന്നാം വ്യവസ്ഥയിൽ, സപ്ലൈ തീയതി മുതൽ 12മാസം ആണ് ഗ്യാരണ്ടി നൽകിയിട്ടുള്ളത്.

മേൽ പരാമർശങ്ങൾ സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് 26/21.05.2018-ം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ 14,98,000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-24 ഗവൺമെന്റ് ആശുപത്രികൾക്കാവശ്യമായ മരുന്ന് വാങ്ങൽ- അപാകതകൾ

*(ഫയൽ നമ്പർ.CCPC.5 /021343 /17)*

| | | | |
|---|---|---|---|
| പ്രോജക്ടിന്റെ പേര് | : | ഗവൺമെന്റ് ആശുപത്രികൾക്കാവശ്യമായ മരുന്ന് വാങ്ങൽ | |
| പ്രോജക്ട് നമ്പർ | : | എസ്.0890/18 | |
| അടങ്കൽ | : | 50,00,000/- സംരക്ഷണഗ്രാന്റ് (റോഡിതരം) | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ഹെൽത്ത് ഓഫീസർ, കോർപ്പറേഷൻ. | |
| ചെലവ് വിവരം | : | ബിൽ റഫറൻസ് നമ്പർ | തുക |
| | | 17110147015901194051 | 71,50,000/- |

| | | | |
|---|---|---|---|
| | | /16.03.18 | |

**തുക കൈപ്പറ്റിയതിന്റെ രസീത് ലഭ്യമല്ല:** നഗരസഭാപരിധിയിലുള്ള ഗവൺമെന്റ് ആശുപത്രികൾക്കാവശ്യമായ മരുന്ന് വാങ്ങുന്നതിനായി താഴെപറയുന്ന സ്ഥാപനങ്ങൾക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ കൈപ്പറ്റ് രസീത് ലഭ്യമല്ല.

| | | |
|---|---|---|
| 1 | Kerala Medical Services Corporation Ltd | 18,00,000 |
| 2 | The Pharmaceutical Corporation IM Kerala Ltd | 50,00,000 |
| 3 | The Kerala State Homeopathic Co-operative Pharmacy Ltd | 3,50,000 |
| Total | | 71,50,000 |

**സ്റ്റോക്ക് എൻട്രി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയ ഇൻവോയ്സ് ലഭ്യമല്ല :** മരുന്ന് ലഭ്യമാക്കുന്നതിനായി പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ മുൻകൂറായാണ് കെ.എം.എസ്.സി.എൽ, ഔഷധി, ഹോംകോ എന്നീ സ്ഥാപനങ്ങൾക്ക് മേൽ വിവരിച്ച പ്രകാരം തുക നൽകിയിട്ടുള്ളത്. എന്നാൽ പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള സ്ഥാപനങ്ങൾക്ക് മരുന്ന് സപ്ലൈ ചെയ്തതിന്റെ ഇൻവോയ്സുകൾ സ്റ്റോക്ക് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി ഹാജരാക്കിയിട്ടില്ല. ഇത്തരത്തിൽ സ്റ്റോക്ക് എൻട്രി സാക്ഷ്യപ്പെടുത്തിയ ഇൻവോയ്സുകൾ ബന്ധപ്പെട്ട ആശുപത്രികളിൽ നിന്നും വാങ്ങി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| | ആശുപത്രിയുടെ പേര് | പ്രൊഫോർമ ഇൻവോയ്സ് നം. | തുക |
|---|---|---|---|
| **കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്** | | | |
| 1 | ഗവ.സി.എച്ച്.സി.ഹോസ്പിറ്റൽ പള്ളുരുത്തി | PRF 4004 / 3.2.18 | 6,28,028 |
| | | PRF 1253 / 3.2.18 | 1,71,972 |
| 2 | ഗവ.മഹാരാജാസ് ഹോസ്പിറ്റൽ കരുവേലിപ്പടി | PRF 3986 / 3.2.18 | 9,13,592 |
| | | PRF 1243 / 3.2.18 | 86,408 |
| **ആകെ** | | | **18,00,000** |
| **ദി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻഐ.എം.ലിമിറ്റഡ് (ഔഷധി)** | | | |
| 1 | ഗവ.ആയുർവേദ ഹോസ്പിറ്റൽ മട്ടാഞ്ചേരി | 38160/23.11.17 | 25,00,000 |
| 2 | ഗവ.ആയുർവേദ ഡിസ്പെൻസറി വെണ്ണല | 47372/2.3.18 | 8,00,000 |
| 3 | ഗവ.ആയുർവേദ ഡിസ്പെൻസറി പള്ളുരുത്തി | 47524/6.3.18 | 12,00,000 |
| 4 | ഗവ.ആയുർവേദ ഡിസ്പെൻസറി ഇടക്കൊച്ചി | 47536/6.3.18 | 500,000 |
| **ആകെ** | | | **50,00,000** |
| **ദി കേരള സ്റ്റേറ്റ് ഹോമിയോപതിക്ക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് (ഹോംകോ)** | | | |
| 1 | ഗവ. ഹോമിയോ ഡിസ്പെൻസറി കടവന്ത്ര | PF 1425/ 14.2.18 | 2,00,000 |
| 2 | ഗവ. ഹോമിയോ ഡിസ്പെൻസറി പീലിയാട് | PF 1460/ 22.2.18 | 50,000 |
| 3 | ഗവ. ഹോമിയോ ഡിസ്പെൻസറി വെണ്ണല | PF 1478/ 2.3.18 | 1,00,000 |
| **ആകെ** | | | **3,50,000** |

**അംഗീകൃത പ്രോജക്ട് അടങ്കലിനേക്കാൾ കൂടുതൽ തുകയുടെ ചെലവ്:** ഡി.പി.സി.അംഗീകൃത പ്രോജക്ടിന്റെ അടങ്കൽ 50 ലക്ഷം രൂപ (സംരക്ഷണഗ്രാന്റ് -റോഡിതരം) ആണ്. എന്നാൽ പ്രോജക്ട് നിർവ്വഹണത്തിനായി 71.5 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. അടങ്കൽ പുതുക്കിയത് സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ടോ ഡി.പി.സി. അംഗീകാരമോ ഫയലിൽ ലഭ്യമല്ല.

മേൽ വിവരിച്ച അപാകതകൾക്ക് വിശദീകരണം / രേഖകൾ ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/29.05.2018) രേഖകൾ ഹാജരാക്കുന്നതിന് ബന്ധപ്പെട്ട ആശുപത്രികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ രേഖകൾ ഹാജരാക്കുന്നതിന് വിധേയമായി 71.5 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-25 കൈമാറിക്കിട്ടിയ ഗവൺമെന്റ് ആശുപത്രികൾക്കാവശ്യമായ മരുന്ന് വാങ്ങൽ - അപാകതകൾ

*( ഫയൽ നമ്പർ.CCPC.5 /028016 /16)*

| | | | |
|---|---|---|---|
| പ്രോജക്ടിന്റെ പേര് | : | കൈമാറിക്കിട്ടിയ ഗവൺമെന്റ് ആശുപത്രികൾക്കാവശ്യമായ മരുന്ന് വാങ്ങൽ | |
| പ്രോജക്ട് നമ്പർ | : | എസ്.0539/18 സ്പിൽ ഓവർ | |
| അടങ്കൽ | : | 36,00,000/- സംരക്ഷണഗ്രാന്റ് (റോഡിതരം) | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ഹെൽത്ത് ഓഫീസർ, കോർപ്പറേഷൻ. | |
| ചെലവ് വിവരം | : | ബിൽ റഫറൻസ് നമ്പർ | തുക |
| | | 17110147015900815513/ 20.12.17 | 23,11,241/- |
| | | 17110147015901273905/ 24.03.18 | 11,00,000/- |
| | | ആകെ | 34,11,241/- |

1. **തുക കൈപ്പറ്റിയതിന്റെ രസീത് ലഭ്യമല്ല:** നഗരസഭാപരിധിയിലുള്ള ഗവൺമെന്റ് ആശുപത്രികൾക്കാവശ്യമായ മരുന്ന് വാങ്ങുന്നതിനായി താഴെപറയുന്ന സ്ഥാപനങ്ങൾക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ ഇതിൽ 6 ലക്ഷം രൂപയുടെ രസീത് മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്.

| | | |
|---|---|---|
| 1 | Kerala Medical Services Corporation Ltd | 23,11,241 |
| 2 | Kerala Medical Services Corporation Ltd | 6,00,000 |
| 3 | The Kerala State Homeopathic Co-operative Pharmacy Ltd | 5,00,000 |
| Total | | 34,11,241 |

1. **സ്റ്റോക്ക് എൻട്രി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയ ഇൻവോയ്സ് ലഭ്യമല്ല :** മരുന്ന് ലഭ്യമാക്കുന്നതിനായി പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ മുൻകൂറായാണ് കെ.എം.എസ്.സി.എൽ, ഹോംകോ എന്നീ സ്ഥാപനങ്ങൾക്ക് മേൽ വിവരിച്ച പ്രകാരം തുക നൽകിയിട്ടുള്ളത്. എന്നാൽ പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള സ്ഥാപനങ്ങൾക്ക് മരുന്ന് സപ്ലൈ ചെയ്തതിന്റെ ഇൻവോയ്സുകൾ സ്റ്റോക്ക് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി ഹാജരാക്കിയിട്ടില്ല. ആയതിനാൽ ആശുപത്രികൾക്ക് മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. ഇത്തരത്തിൽ സ്റ്റോക്ക് എൻട്രി സാക്ഷ്യപ്പെടുത്തിയ ഇൻവോയ്സുകൾ / സ്റ്റോക്ക് രജിസ്റ്ററുകൾ ബന്ധപ്പെട്ട ആശുപത്രികളിൽ നിന്നും വാങ്ങി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| | **ആശുപത്രിയുടെ പേര്** | **പ്രൊഫോർമ ഇൻവോയ്സ് നം.** | **തുക** |
|---|---|---|---|
| **കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്** | | | |
| 1 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി ഫോർട്ടുകൊച്ചി (ഡയാലിസിസ് യൂണിറ്റിലേക്കുള്ള റിയേജന്റുകൾ, മരുന്നുകൾ) | PRF 660 / 13.9.17 | 23,11,241 |
| 2 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി ഫോർട്ടുകൊച്ചി | PRF 5061 / 17.3.18 | 3,14,414 |
| | | PRF 1822/17.3.18 | 85,586 |
| 3 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ഇടപ്പള്ളി | PRF 1668/9.3.18 | 65,325 |

| | | | |
|---|---|---|---|
| | | PRF 4765/9.3.18 | 1,34,675 |
| ആകെ | | | 29,11,241 |
| ദി കേരള സ്റ്റേറ്റ് ഹോമിയോപതിക്ക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് (ഹോംകോ) | | | |
| 1 | ഗവ. ഹോമിയോ ഡിസ്പെൻസറി ഇടക്കൊച്ചി | PF 1445/ 22.2.18 | 5,00,000 |
| ആകെ | | | 5,00,000 |

മേൽ വിവരിച്ച അപാകതകൾക്ക് വിശദീകരണം / രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( 47/01.09.2018) നൽകിയതിന് 6 ലക്ഷം രൂപയുടെ കൈപ്പറ്റ് രസീതിന്റെ പകർപ്പ് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. മറ്റ് രേഖകൾ ഹാജരാക്കുന്നതിന് ബന്ധപ്പെട്ട ആശുപത്രികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ രേഖകൾ ഹാജരാക്കുന്നതിന് വിധേയമായി 34,11,241 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-26 സിറ്റിസെൻ ഡിജിറ്റൽ ഡയറി- പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

*(ഫയൽനമ്പർ.CCPC.1/ 038946 /16)*

| | | | |
|---|---|---|---|
| പ്രോജക്ടിന്റെ പേര് | : | സിറ്റിസെൻ ഡിജിറ്റൽ ഡയറി | |
| പ്രോജക്ട് നമ്പർ | : | എസ്.0551/18 | |
| അടങ്കൽ | : | 5,00,000/- വികസനഫണ്ട് (ജനറൽ) | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സെക്രട്ടറി, കോർപ്പറേഷൻ. | |
| ചെലവ് വിവരം | : | ബിൽ റഫറൻസ് നമ്പർ | തുക |
| | | 17110147000101257535/23.3.2018 | 4,47,500 |
| | | ഈ തുക ഇൻസ്റ്റിവിയ ടെക്നോളജിസ് പ്രൈ.ലിമിറ്റഡിന്റെ 089301601000185എന്ന അക്കൗണ്ടിലേക്ക് RTGS ആയി നിക്ഷേപിച്ചിട്ടുണ്ട്. | |

സിറ്റിസെൻ ഡിജിറ്റൽ ഡയറി എന്ന പ്രോജക്ടിന് 2016-17 വർഷം അംഗീകാരം ലഭിച്ചതാണ് ( നം. എസ്.1046/17). അംഗീകൃതപ്രോജക്ട് പ്രകാരം സ്ഥാപനങ്ങൾക്കാവശ്യമായ ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങുന്നതിനാണ് അഞ്ച് ലക്ഷം രൂപ അടങ്കലിൽ പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ കൊച്ചി നഗരസഭയിലെ നികുതി ദായകരുടെയും, നഗരസഭയുമായി ബന്ധപ്പെട്ട മറ്റ് പൊതുജനത്തിന്റെയും പേര്, അഡ്രസ്, ഫോൺ നമ്പർ, ഇ-മെയിൽ വിലാസം, വാട്ട്സ്അപ്പ് നമ്പർ എന്നിവ ശേഖരിച്ച് ഡിജിറ്റൽ ഡയറി തയ്യാറാക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ച് മെസ്സേഴ്സ്. ഇൻസ്റ്റിവിയ ടെക്നോളജീസ് പ്രൈ.ലിമിറ്റഡ് എന്ന സ്ഥാപനത്തെ ഏൽപിച്ചിരിക്കയാണ് (27.12.2017ലെ കരാർ 19.01.2018 ലെ വർക്ക് ഓഡർ). ടി സ്ഥാപനം ആയത് പൂർത്തീകരിച്ച് റിപ്പോർട്ട് 07.03.2018ൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ തുക നൽകിയിട്ടുണ്ട്. ഈ പ്രോജക്ട്നിർവ്വഹണം സംബന്ധിച്ച പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (40/20.07.2018) ലഭ്യമാക്കിയ മറുപടി പരിശോധിച്ച് താഴെ പറയുന്ന നിരീക്ഷണങ്ങൾ നടത്തുന്നു.

1. അംഗീകൃത പ്രോജക്ടിൽ വിഭാവനം ചെയ്ത, സ്ഥാപനങ്ങൾക്കാവശ്യമായ ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങുന്നതിന് എന്ന പ്രവൃത്തിയും യഥാർത്ഥത്തിൽ നടപ്പിലാക്കിയ പ്രവൃത്തിയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. എന്നാൽ നഗരസഭാ പരിധിയിലെ ജനങ്ങളുടെ അഡ്രസ്, ഫോൺ നമ്പർ, ഇ-മെയിൽ വിലാസം, വാട്ട്സ്അപ്പ് നമ്പർ എന്നിവ ശേഖരിച്ച് ഡിജിറ്റൽ ഡയറി തയ്യാറാക്കുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തി ട്ടുള്ളത് എന്നാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയത്. ഇത് പ്രോജക്ടുമായി പൊരുത്തപ്പെടുന്നില്ല.
2. തയ്യാറാക്കിയിട്ടുള്ള സിറ്റിസൺ ഡിജിറ്റൽ ഡയറക്ടറി വെബ് ആപ്ലിക്കേഷൻ "go live" ആക്കിയത് സംബന്ധിച്ച് വിവരങ്ങൾ ഒന്നും ലഭ്യമല്ല. വെബ് ആപ്ലിക്കേഷൻ ലൈവ് ആക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു എന്നാണ് മറുപടി നൽകിയത്.
3. തയ്യാറാക്കപ്പെട്ട ഈ ഡയറക്ടറി ഏത് തരത്തിലാണ് ജനങ്ങളും നഗരസഭയും ഉപയോഗപ്പെടുത്തുന്നത് എന്ന് വ്യക്തമല്ല. ഇത് നിലവിൽ വരുന്നതോടെ ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ/ സൗകര്യങ്ങൾ എന്തെല്ലാമെന്ന് നിർവചിക്കപ്പെട്ടിട്ടില്ല. നഗരസഭ ഇതിനോടകം ഈ വെബ് ആപ്ലിക്കേഷൻ ഉപയോഗപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഏത് ആവശ്യത്തിന് എപ്രകാരം ഉപയോഗപ്പെടുത്തുന്നു എന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടതിന് മറുപടിയായി നഗരസഭയുമായി ബന്ധപ്പെട്ട വാർത്തകളും വിവരങ്ങളും കൈമാറുന്നതിനും നികുതി അടയ്ക്കുന്നതിനുള്ള മുന്നറിയിപ്പുകൾ നൽകുന്നതിനും വേണ്ടിയാണ് ആപ്ലിക്കേഷൻ തയാറാക്കിയിട്ടുള്ളതെന്നാണ് അറിയിച്ചത്. എന്നാൽ ഇത് പ്രാവർത്തികമാക്കിയിട്ടില്ല.
4. കരാർ ഷെഡ്യൂൾ പ്രകാരം 275000രൂപ, ജനങ്ങളുടെ ഫോൺ നമ്പർ, ഇ-മെയിൽ വിലാസം, വാട്ട്സ്അപ്പ് നമ്പർ എന്നിവ ഉൾപ്പെടെ ഉള്ള ഡാറ്റ കളക്ഷന് വേണ്ടിയാണ് നൽകിയിട്ടുള്ളത്. എന്നാൽ 07.03.2018ൽ ഇൻസ്റ്റിവിയ ടെക്നോളജി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള ഡാറ്റ വോട്ടേഴ്സ് ലിസ്റ്റിന്റെ പകർപ്പ് ആണ്. തിരിച്ചറിയൽ കാർഡ് നമ്പർ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആധാർ നമ്പർ, മൊബൈൽ നമ്പർ, ഇമെയിൽ, വാട്ട്സാപ്പ് നമ്പർ എന്നിവ രേഖപ്പെടുത്തിക്കാണുന്നില്ല.
5. നഗരസഭയിലെ റവന്യൂ വിഭാഗത്തിന് വേണ്ടിയാണ് ഡിജിറ്റൽ ഡയറി ആപ്ലിക്കേഷൻ തയാറാക്കിയതെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും ഈ ഡിജിറ്റൽ ഡയറിയുടെ പ്രവർത്തനം, മോണിറ്ററിങ്ങ് തുടങ്ങിയവ നഗരസഭയിലെ ഏത് ഉദ്യോഗസ്ഥനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്, തുടർ

വെബ് മെയിന്റനൻസ്എങ്ങനെയാണ് നിർവ്വഹിക്കപ്പെടുക എന്നത് സംബന്ധിച്ച വിവരം ലഭ്യമാക്കിയില്ല.

6. 20.06.2017 ലെ ബജറ്റ് നിർദ്ദേശ പ്രകാരവും ബഹു. കൗൺസിലിന്റെ 29.07 2016 ലെ 1ാം നമ്പർ തീരുമാനപ്രകാരവുമാണ് പദ്ധതി നടപ്പിലാക്കിയതെന്ന് മറുപടിയിൽ അറിയിച്ചെങ്കിലും നഗരസഭയിലെ നികുതിദായകരെ സംബന്ധിക്കുന്ന വിവരങ്ങൾ നഗരസഭയ്ക്ക് വേണ്ടി ഐ.കെ.എം. തയ്യാറാക്കിയിട്ടുള്ള സോഫ്റ്റ് വെയറിൽ ലഭ്യമാണെന്നിരിക്കെയും ഇ-ഗവേണൻസിന്റെ ഭാഗമായി ടി.സി.എസ്. വികസിപ്പിച്ച സേഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇതിന് സമാന്തരമായി ഡിജിറ്റൽ ഡയറിയിലൂടെ നികുതിദായകരുടെ വിവരം ശേഖരിക്കുന്നതിലൂടെ ഉണ്ടാകുന്ന നേട്ടം എന്താണെന്ന് വിശദമാക്കപ്പെട്ടിട്ടില്ല.
7. ഇൻസ്റ്റിവിയ ടെക്നോളജിസ് പ്രൈ.ലിമിറ്റഡിന്റെ 07.03.2018ലെ 18IN180307-ാം നമ്പർ ഇൻവോയ്സ് പ്രകാരമുള്ള 447500/- രൂപയുടെ ക്ലെയിം തുക നൽകിയപ്പോൾ ആദായനികുതി നിയമം 194.സി. വകുപ്പ് പ്രകാരം ഉറവിടത്തിൽ കുറവ് ചെയ്യേണ്ട നികുതി ഈടാക്കിയിട്ടില്ല. ടി സ്ഥാപനത്തിൽ നിന്നും ( പാൻ നം.AADCI3551Q) 8950/- രൂപ ആദായനികുതിയിനത്തിൽ ഈടാക്കിയിട്ടില്ല.

ഈ സാഹചര്യത്തിൽ അംഗീകൃത പദ്ധതിയ്ക്ക് വിരുദ്ധമായ 447500/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

# 3-27 ഇ-ജാലകം (ഓൺ ലൈൻ സേവനങ്ങൾ) - പ്രോജക്ട് നിർവ്വഹണം

| | | | |
|---|---|---|---|
| പ്രോജക്ടിന്റെ പേര് | : | ഇ-ജാലകം (ഓൺ ലൈൻ സേവനങ്ങൾ) | |
| പ്രോജക്ട് നമ്പർ | : | എസ്.0553/18 | |
| അടങ്കൽ | : | 5,00,000/- വികസനഫണ്ട് (ജനറൽ)<br>5,00,000/- സന്നദ്ധസേവനം/ സംഭാവന | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സെക്രട്ടറി, കോർപ്പറേഷൻ. | |
| ചെലവ് വിവരം | : | ബിൽ റഫറൻസ് നമ്പർ | തുക |
| | | 1101/470/00101430/ 26.3.17 | 113640 |
| | | 1711014700100995939/09.02.2018 | 19200 |
| | | ആകെ | 132840/- |

<u>ചെലവിന്റെ വിശദവിവരം</u>

| | | | |
|---|---|---|---|
| 1. | സെന്റ് തെരേസൈസ് കോളേജ്, എറണാകുളം | 45940/- | ഇ-ജാലകം കൈപുസ്തകം തയ്യാറാക്കുന്നതും കോർപ്പറേഷന്റെ മാസ്റ്റർ ട്രെയിനിമാരെ പരിശീലിപ്പിക്കുന്നതിനുള്ള മാസ്റ്റർ ട്രെയിനികളെ സജ്ജരാക്കുന്നതും ഉൾപ്പെടെയുള്ള പ്രാരംഭപ്രവർത്തനങ്ങൾ നടത്തിയതിന് |
| | പീ ജീ പ്രിന്റേഴ്സ് | 32900/- | വിവര നിധി ഇ-ഗവേണൻസ് കൈപ്പുസ്തകം (300 എണ്ണം) പ്രിന്റ് ചെയ്തയിന് |
| | ശിക്ഷക് സദൻ കാന്റീൻ | 30000/- | 13.3.17, 14.3.17 എന്നീ ദിവസങ്ങളിൽ സെന്റ് തേരേസസ്, എസ്.എച്ച്.കോളേജ് എന്നിവിടങ്ങളിൽ നടന്ന പരിശീലനത്തിന് ഭക്ഷണം നൽകിയതിന് |
| | കെ.എം.സക്കീർ | 4800/- | ഫോട്ടോ എടുത്തതിന് |
| 2 | പീ ജീ പ്രിന്റേഴ്സ് | 19200/- | കോർപ്പറേഷൻ ഇ-സേവനങ്ങൾ കൈപ്പുസ്തകം (3000 എണ്ണം) പ്രിന്റ് ചെയ്തതിന് |
| | ആകെ | 132840/- | |

കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ 2016-17 വികേന്ദ്രീകൃതാസൂത്രണപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രോജക്ടാണിത് ( നം.എസ്.1048/17). ഇത് 17-18 വർഷത്തിൽ എസ്. 0553/18 നമ്പരായി സ്പിൽ ഓവർ പ്രോജക്ടായും ഏറ്റെടുത്തിട്ടുണ്ട്. വിവിധ ഓൺലൈൻ

സേവനങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനും അവ ജനങ്ങൾ ഉപയുക്തമാക്കുന്നു എന്ന് ഉറപ്പാക്കുന്നതിനും എല്ലാ ഡിവിഷനുകളും കേന്ദ്രീകരിച്ച് പൊതുജനങ്ങൾക്കായി പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുന്നതിനുമായി സെന്റ് തെരേസാസ് കോളേജ് വികസിപ്പിച്ചെടുത്ത ഇ-ജാലകം ഉപയോഗിച്ച് കോളേജിന്റെയും മറ്റ് സന്നദ്ധസംഘടനകളുടെയും സഹകരണത്തോടെ പദ്ധതി നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഈ പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച് ഓഡിറ്റ് പരാമർശങ്ങൾ താഴെ ചേർക്കുന്നു.

1. വിവിധ ഓൺലൈൻ സേവനങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനായി കോർപ്പറേഷന്റെ മാസ്റ്റർ ട്രെയിനിമാരെ രണ്ടു കേന്ദ്രങ്ങളിൽ വച്ച് പരിശീലിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇവരുടെ സേവനം സാധാരണ ജനങ്ങളിലേക്കെത്തിക്കുന്നതിനായി ഡിവിഷൻ തലത്തിൽ തുടർ പരിശീലനമോ മറ്റ് പരിപാടികളോ നടത്തിയിട്ടുള്ളതായി കാണുന്നില്ല. ഈ പരാമർശത്തിന്, വിവിധ ഡിവിഷൻ തലത്തിൽ കൂടുതൽ പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട് എന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഈ പരിശീലന പരിപാടികൾ സംബന്ധിച്ച തെളിവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ പ്രോജക്ടിന്റെ ലക്ഷ്യം നേടിയിട്ടില്ല എന്ന് കാണുന്നു.
2. വിവര നിധി ഇ-ഗവേണൻസ് കൈപ്പുസ്തകം 300 എണ്ണവും കോർപ്പറേഷൻ ഇ - സേവനങ്ങൾ കൈപ്പുസ്തകം 3000 എണ്ണവും അച്ചടിച്ചിട്ടുണ്ട്. ഈ പുസ്തകത്തിന് ഒരു കോപ്പിക്ക് 109 രൂപയും കോർപ്പറേഷൻ ഇ- സേവനങ്ങൾ കൈപ്പുസ്തകത്തിന് 6.4 രൂപയും ചെലവ് വന്നിട്ടുണ്ട്. രേഖാമൂലം ആവശ്യപ്പെട്ടതനുസരിച്ച് പരിശോധനയ്ക്ക് ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ കോപ്പി പ്രകാരം ഇവ സെന്റ് തെരേസാസ് കോളേജിന് കൈമാറി എന്നാണ് കാണുന്നത്. എന്നാൽ ഇതിന്റെ തുടർന്നുള്ള വിതരണ വിവരം ലഭ്യമാക്കിയിട്ടില്ല.
3. പ്രോജക്ട് അടങ്കലിന്റെ 50% തുക സന്നദ്ധസേവനം / സംഭാവനയായി കണ്ടെത്തുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ പ്രോജക്ട് നിർവ്വഹണത്തിനായി ഇത്തരത്തിലുള്ള സംഭാവനകൾ ലഭിച്ചിട്ടില്ല എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രോജക്ടിന്റെ ചെലവിലേക്ക് 50% സംഭാവന ആയി ലഭിക്കുന്ന തുകയാണ് വിനിയോഗിക്കേണ്ടത് എന്നിരിക്കെ ആയത് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കാതെ പൂർണ്ണമായും വികസന ഫണ്ട് ചെലവഴിച്ചത് അംഗീകരിക്കാവുന്നതല്ല. ആകെ ചെലവ് തുകയായ 132840 രൂപയുടെ 66420/- രൂപ സന്നദ്ധ സേവനം / സംഭാവനയായി കണ്ടെത്തേണ്ടതായിരുന്നു.
4. പ്രോജക്ട് നിർവ്വഹണം, ലക്ഷ്യം കൈവരിക്കൽ എന്നിവ ബന്ധപ്പെട്ട മോണിറ്ററിങ് സമിതി വിലയിരുത്തി റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കാത്ത സാഹചര്യത്തിൽ ആയത് രേഖാമൂലം ആവശ്യപ്പെട്ടതിന് ചെയർമാൻ മാത്രം ഒപ്പിട്ട പദ്ധതി തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയ സാക്ഷ്യപത്രത്തിന്റെ പകർപ്പാണ് ലഭ്യമാക്കിയിട്ടുള്ളത്. മോണിട്ടറിങ് സമിതി കൺവീനർ ഈ റിപ്പോർട്ട് കണ്ടിട്ടില്ല.

ഈ പരാമർശങ്ങൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (42 / 23.07. 2018) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ 132840/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-28 ചുഴലി പാലിയേറ്റീവ് രോഗികൾക്ക് പരിചരണം - നിർണയിക്കപ്പെട്ട രേഖകൾ സൂക്ഷിക്കുന്നില്ല

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | : | ചുഴലി പാലിയേറ്റീവ് രോഗികൾക്ക് പരിചരണം |
| പ്രോജക്ട് നമ്പർ | : | എസ്.05/18 |
| അടങ്കൽ | : | 40,00,000/-<br>വികസനഫണ്ട് (പൊതുവിഭാഗം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ഹെൽത്ത് ഓഫീസർ, കോർപ്പറേഷൻ. |

| ചെലവ് വിവരം: | | |
|---|---|---|
| ബിൽ റഫറൻസ് നമ്പർ | തുക | റിമാർക്ക്സ് |
| ലഭ്യമല്ല | 192224 | 06/2017 ലെ ചെലവ് |
| ലഭ്യമല്ല | 178765 | 07/2017 ലെ ചെലവ് |
| ലഭ്യമല്ല | 8400 | ഓണം ഉൽസവബത്ത |
| 17110147015900523930/7.10.17 | 182129 | 08/2017 ലെ ചെലവ് |
| 1711014701590052777/8.11.17 | 169405 | 09/2017 ലെ ചെലവ് |
| 17110147015900800109/18.12.17 | 165401 | 10/2017 ലെ ചെലവ് |
| 17110147015900891027/15.1.18 | 181836 | 11/2017 ലെ ചെലവ് |
| 17110147015901067350/24.2.18 | 164550 | 12/2017 ലെ ചെലവ് |
| 17110147015901194223/16.3.18 | 198226 | 01/2018 ലെ ചെലവ് |
| 17110147015901193795/16.3.18 | 205653 | ഓണറേറിയം കുടിശിക തുക |
| ലഭ്യമല്ല | 190439 | 02/2018 ലെ ചെലവ് |

| | | |
|---|---|---|
| 171101470159013338859/27.3.18 | 530291 | 03/17,04/17,05/17 മാസങ്ങളിലെ ചെലവ് തനത്ഫണ്ടിൽ നിന്നും വിനിയോഗിച്ചത് തിരികെ തനത് ഫണ്ടിലേക്ക് അടവാക്കുന്നതിനായുള്ള ചെലവ് |
| **ആകെ** | **2367319** | |

കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ അഞ്ച് ആശുപത്രികളിലായി ഏഴ് പാലിയേറ്റീവ് കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഈ യൂണിറ്റുകളിലെ നഴ്സുമാരുടെ ഓണറേറിയം, വാഹനചെലവ്, ഭക്ഷണ ചെലവ്, മരുന്ന്, ഉപകരണങ്ങൾ, സ്റ്റേഷനറി എന്നിവയ്ക്ക് വേണ്ടിയുള്ള ചെലവ് എന്നിവയാണ് ഈ പ്രോജക്ടിന്റെ ഭാഗമായി നടത്തിയിട്ടുള്ളത്. പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് പരിഷ്കരിച്ച മാർഗ്ഗരേഖ 29.10.2015 ലെ GO(Rt) 3845/ 2017/LSGD നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് അനുസരിച്ച് സൂക്ഷിക്കേണ്ട രേഖകൾ/ വിവരങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടു എങ്കിലും ആയവ ലഭ്യമാക്കിയിട്ടില്ല ( ഓഡിറ്റ് എൻക്വയറി 53/06.09.2018).ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാരാണ് രേഖകൾ സൂക്ഷിക്കുന്നതെന്നും അവരിൽ നിന്ന് അവ ലഭ്യമാക്കുവാൻ നിർദേശിച്ചിട്ടുണ്ടെന്നും ഹെൽത്ത് ഓഫീസർ അറിയിച്ചെങ്കിലും ആയവ ലഭ്യമാക്കിയില്ല.

1. **പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി(PMC) :** ഓരോ സാമ്പത്തിക വർഷാരംഭത്തിന് മുമ്പും നഗരഭരണ സ്ഥാപനം PMC നിർദ്ദിഷ്ട മാതൃകയിൽ രൂപീകരിക്കേണ്ടതും രണ്ടുമാസത്തിലൊരിക്കൽ PMC യോഗം ചേർന്ന് പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്. 2017-18 വർഷത്തിൽ PMC രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും , യോഗത്തിന്റെ മിനുട്ട്സ്, യോഗത്തിൽ അവതരിപ്പിച്ച പ്രതിമാസ പ്രവർത്തനാവലോകന റിപ്പോർട്ട്, വരവ്-ചെലവ് കണക്കുകൾ എന്നിവയും ലഭ്യമാക്കിയിട്ടില്ല.
2. **പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മറ്റി (PIC):** എല്ലാ മാസവും 5-ം തീയതിക്ക് മുമ്പായി കമ്മറ്റി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്. ഈ യോഗത്തിന്റെ മിനുട്ട്സ്, യോഗത്തിൽ അവതരിപ്പിച്ച വരവ് ചെലവ് കണക്കുകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.
3. **മറ്റ് രേഖകൾ:** പരിചരണം ആവശ്യമുള്ള രോഗികളുടെ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള Nominal Register, ഗൃഹപരിചരണം നൽകേണ്ട രോഗികളുടെ വിവരം രേഖപ്പെടുത്തിയ Follow up home care register,ഗൃഹ സന്ദർശനവിവരങ്ങൾ രേഖപ്പെടുത്തിയ Home care report book, വാട്ടർ ബെഡ്, വീൽ ചെയർ, മറ്റ് ഉപകരണങ്ങളുടെ എന്നിവയുടെ മൂവ്മെന്റ് രജിസ്റ്റർ എന്നിവ ലഭ്യമാക്കിയിട്ടില്ല. പാലിയേറ്റീവ് പരിചരണ പദ്ധതിക്കായി വാങ്ങുന്ന മരുന്നുകൾ, വീൽചെയർ, വാട്ടർ ബെഡ് ഉൾപ്പെടെയുള്ള ഉപകരണങ്ങൾ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്ററുകൾ, ഇത്തരം സാമഗ്രികൾ സംഭാവനയായി ലഭിച്ചിട്ടുണ്ടെങ്കിൽ ആയവയുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ ലഭ്യമാക്കിയിട്ടില്ല.
4. **പാലിയേറ്റീവ് പരിചരണ പദ്ധതി സംഭാവന അക്കൗണ്ട്:** രസീത് ബുക്കുകൾ, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.
5. **മോണിറ്ററിങ്ങ് റിപ്പോർട്ട്:** ആരോഗ്യവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ മോണിറ്റർ ചെയ്യുന്ന വർക്കിങ്ങ് ഗ്രൂപ്പാണ് പാലിയേറ്റീവ് പരിചരണ പ്രോജക്ട് മോണിറ്റർ ചെയ്യേണ്ടത്. ഈ പ്രോജക്ട് ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ് മോണിറ്റർ ചെയ്ത് റിപ്പോർട്ട് നൽകിയിട്ടുള്ളതായി കാണുന്നില്ല.
6. **കരാർ ഉടമ്പടികൾ :** നഗരസഭയിലെ പാലിയേറ്റീവ് പരിചരണ പദ്ധതിൽ ഏഴ് കമ്മ്യൂണിറ്റ് നേഴ്സ്മാരുടെ സേവനം അനുഷ്ഠിക്കുന്നുണ്ട്. ഓരോ വർഷത്തേക്കുള്ള കരാർ വ്യവസ്ഥയിലാണ് ഇവരുടെ സേവനം ഉപയോഗപ്പെടുത്തേണ്ടത്. 2017-18 വർഷത്തിലെ ഇവരുടെ കരാർ ഉടമ്പടികൾ ലഭ്യമാക്കിയിട്ടില്ല.

മേൽ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ 23,67,319രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-29 എസ്.സി./ എസ്.റ്റി. വിദ്യാർത്ഥികൾക്കുള്ള നൈപുണ്യ പരിശീലനം- നിർവ്വഹണത്തിലെ അപാകത

(ഫയൽ നമ്പർ.ISO/CCPC.7/23186/17)

| | | | |
|---|---|---|---|
| പ്രോജക്ടിന്റെ പേര് | : | സർക്കാർ സ്കൂളിലെ എസ്.സി./ എസ്.റ്റി. വിഭാഗത്തിൽപ്പെട്ട +1,+2 വിദ്യാർത്ഥികൾക്കുള്ള സോഫ്റ്റ് സ്കിൽ ട്രെയിനിങ്ങ്. | |
| പ്രോജക്ട് നമ്പർ | : | എസ്.1107/18 | |
| അടങ്കൽ | : | 13,00,000 (വികസന ഫണ്ട്- ജനറൽ) | |
| ചെലവ് വിവരം | : | <u>ബിൽ റഫറൻസ് നമ്പർ</u><br><u>തുക</u><br><u>ബിൽ റഫറൻസ് നമ്പർ</u> | <u>തുക</u> |
| | | 17110147021301281239 / 24.03.18 | 11,84,049/- |

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ഹെഡ്മാസ്റ്റർ ഗവൺമെന്റ് ഹൈസ്കൂൾ |

ഈ പ്രോജക്ടിന്റെ നിർവ്വഹണത്തിലുണ്ടായ അപാകതകൾ താഴെ കൊടുക്കുന്നു.

**1.അംഗീകാരം ലഭിക്കുന്നതിന് മുമ്പേയുള്ള പ്രോജക്ട് നിർവ്വഹണം :** 01/28.12.2017 -ം നമ്പർ പ്രകാരം സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ശുപാർശയും 3/ 21.03.2018 -ം നമ്പർ പ്രകാരം കൗൺസിൽ ഭരണാനുമതിയും അനുസരിച്ച്, 1107/01/CC/DEO/EKM/17-18-ം നമ്പർ പ്രകാരം 23.02.2018 ലാണ് പ്രോജക്ടിന് അംഗീകാരം ലഭിച്ചിട്ടുള്ളത്. എന്നാൽ 2017 നവംബർ മാസം തന്നെ പ്രോജക്ടിന്റെ നിർവ്വഹണം ആരംഭിച്ച് 2018 ജനവരി മാസത്തിൽ പൂർത്തീകരിച്ചു. ഡി.പി.സി.അംഗീകാരം ലഭിക്കുന്നതിനുമുമ്പേ പ്രോജക്ട് നിർഹണം പൂർത്തീകരിച്ചിട്ടുണ്ട്. തനത് ഫണ്ടിൽ നിന്നും 10ലക്ഷം രൂപ ( 5 ലക്ഷം ചെക്ക് നം. 686758 / 10.11.2017 + 5 ലക്ഷം ചെക്ക് നം. 686856 / 11.01.2018) മുൻകൂർ പിൻവലിച്ച് കൗൺസിൽ സെക്രട്ടറിക്ക് നൽകിയാണ് തുക വിനിയോഗിച്ചത്. പിന്നീട് ഈ തുക വികസനഫണ്ടിൽ നിന്നും പിൻവലിച്ച് തനത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടുണ്ട് എങ്കിലും ഈ നടപടി പ്രോജക്ട് നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

വികസന ഫണ്ട് ഉൾപ്പെടുത്തി തയ്യാറാക്കിയ പ്രോജക്ട് തനത് ഫണ്ടിൽ നിന്നും മുൻകൂർ തുക പിൻവലിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനല്ലാത്ത കൗൺസിൽ സെക്രട്ടറിക്ക് നൽകി നടപ്പിലാക്കിയത് ക്രമവിരുദ്ധമാണ് എന്നുള്ള പരാമർശത്തിന്, കാറ്റഗറി മാറിയതിനാൽ പ്രോജക്ടിന് അംഗീകാരം ലഭിച്ചില്ലെന്നും മുൻനിശ്ചയിച്ച പ്രകാരം പരിശീലനപരിപാടികൾ ക്രമീകരിച്ചിരുന്നതിനാൽ തനത് ഫണ്ടിൽ നിന്നും മുൻകൂർ തുക വിനിയോഗിച്ച് നടപ്പിലാക്കിയെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ നഗരസഭാ ജീവനക്കാരൻ അല്ലാത്തതിനാൽ ആണ് കൗൺസിൽ സെക്രട്ടറിക്ക് മുൻകൂർ തുക അനുവദിച്ചതെന്നും ഈ തുക വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെയും വർക്കിങ്ങ് ഗ്രൂപ്പിന്റെയും നേതൃത്വത്തിലാണ് ചെലവഴിച്ചതെന്നുമാണ് 25.01.2018ലെ 1ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ അംഗീകാരം ലഭിക്കുന്നതിന് മുമ്പേ പ്രോജക്ട് നടപ്പിലാക്കുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥനല്ലാതെ മറ്റൊരാൾക്കും പ്രോജക്ട് നിർവ്വഹണത്തിനായി തുക ചെലവഴിക്കുന്നതിനും അനുവാദമില്ലാത്തതാണ്. മാത്രമല്ല കേരള മുനിസിപ്പാലിറ്റി നിയമത്തിലോ ചട്ടങ്ങളിലോ ഉത്തരവുകളിലോ പ്രോജക്ട് നിർവ്വഹണത്തിനായി തുക ചെലവഴിക്കുന്നതിന് സ്റ്റാന്റിങ്ങ് കമ്മറ്റികൾക്കോ വർക്കിങ്ങ് ഗ്രൂപ്പിനോ അധികാരം നൽകിയിട്ടുമില്ല. ഇക്കാരണങ്ങളാൽ നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടി തൃപ്തികരമല്ല.

**2.എസ്.എസ്.എ. പദ്ധതിയുടെ ആവർത്തനമല്ല പ്രോജക്ട് എന്ന് ഉറപ്പാക്കിയിട്ടില്ല:** സ.ഉ.(എം.എസ്) 79/2017/ത.സ്വ.ഭ.വ / 03.04.2017 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ പ്രകാരം SSA, RMSA പരിപാടികളുടെ ആവർത്തനം അല്ല എന്ന് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുക, പഠന നിലവാരം ഉയർത്തുക, വിദ്യാർത്ഥികളുടെ സർഗ്ഗാത്മക ശേഷി വികസിപ്പിക്കുക തുടങ്ങിയ പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനം ഏറ്റെടുക്കാവൂ (ഖണ്ഡിക 12.9). എന്നാൽ ഇപ്രകാരമുള്ള ഒരു ഉറപ്പാക്കൽ ഇല്ലാതെയാണ് ഈ പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത്. 25.09.2018 ലെ 75ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ, SSA യും RMSA യും 2017-18 വർഷം ഈ പദ്ധതി നടപ്പാക്കിയിട്ടില്ലെന്ന് ബന്ധപ്പെട്ട ജില്ലാ പ്രോജക്ട് ഓഫീസർമാർ അറിയിച്ച വിവരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2017-18 വർഷത്തിൽ SSA പദ്ധതിയിലേക്കുള്ള നഗരസഭാവിഹിതമായി ഒരു കോടി രൂപ കൊച്ചി നഗരസഭ അടവാക്കിയിട്ടുണ്ട്.

**3.പരിശീലനപരിപാടിക്കായി കുസാറ്റിനെ തെരഞ്ഞെടുത്തതിന്റെ അടിസ്ഥാനം വ്യക്തമല്ല:** അംഗീകൃത പ്രോജക്ടിൽ നേരിട്ടുള്ള നിർവ്വഹണം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പരിശീലന പരിപാടി കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല മുഖാന്തിരമാണ് സംഘടിപ്പിച്ചിട്ടുള്ളത്. 2017നവംബർ 10,11,12 തീയതികളിലും 2018 ജനവരി 12,13,14 തീയതികളിലുമാണ് പരിശീലനം നടത്തിയിട്ടുള്ളത്. പരിശീലന പരിപാടി നടത്തുന്നതിനായി കുസാറ്റിനെ തെരഞ്ഞെടുത്തതിന്റെ അടിസ്ഥാനം എന്തെന്ന് വ്യക്തമല്ല. കുസാറ്റ് ടെക്നിക്കൽ യൂണിവേഴ്സിറ്റി ആയതിനാലാണ് ടി പ്രോജക്ട് നടപ്പിലാക്കുന്നതിന് നഗരസഭ കുസാറ്റിനെ സമീപിച്ചതെന്നാണ് മറുപടിയിൽ അറിയിച്ചത്.

**4.എസ്.സി.പി. വിഹിതം ലഭ്യമായിരിക്കെ പൊതുവിഭാഗം ഫണ്ട് വകയിരുത്തി:** സർക്കാർ സ്കൂളുകളിൽ +1,+2 ക്ലാസ്സുകളിൽ പഠിക്കുന്ന എസ്.സി/ എസ്.റ്റി വിഭാഗത്തിൽ ഉള്ള കുട്ടികൾക്കാണ് പരിശീല പരിപാടി സംഘടിപ്പിച്ചിട്ടുള്ളത്. നഗരസഭയ്ക്ക് പ്രത്യേക ഘടകപദ്ധതി വിഹിതം ലഭ്യമായിരിക്കെ പൊതുവിഭാഗം ഫണ്ടാണ് പ്രോജക്ടിൽ ഉൾപ്പെടുത്തി വിനിയോഗിച്ചിട്ടുള്ളത്. വർഷാന്ത്യ കണക്ക് പ്രകാരം എസ്.സി.പി.ഫണ്ട് 60.66% മാത്രമാണ് ഓഡിറ്റ് വർഷത്തിൽ നഗരസഭ വിനിയോഗിച്ചിട്ടുള്ളത്. എസ്.സി വിദ്യാർത്ഥികൾക്ക് പുറമെ എസ്.റ്റി വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയിരുന്നതു കൊണ്ടാണ് പൊതുവിഭാഗം ഫണ്ട് വകയിരുത്തിയതെന്നാണ് നിർവഹണോദ്യോഗസ്ഥ മറുപടി നൽകിയത്.

ഈ സാഹചര്യത്തിൽ 11,84,049 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-30 SSLC,+2 പരീക്ഷയിൽ 100% വിജയം നേടിയ സ്കൂളുകൾക്കും വിദ്യാർത്ഥികൾക്കും ആദരവ്- നിർവ്വഹണത്തിലെ അപാകതകൾ

(ഫയൽ നമ്പർ.MOH.6/18588/16)

നഗരസഭയിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ഒറ്റ വിഭാഗമായി പ്രവർത്തിച്ച സാഹചര്യത്തിൽ ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷത്തിൽ 100% വിജയം നേടിയ, നഗരസഭാതിർത്തിയിലുള്ള സ്കൂളുകളെയും മുഴുവൻ വിഷയങ്ങൾക്കും എ+ നേടിയ വിദ്യാർത്ഥികളെയും, വിജയം കൈവരിച്ച സ്പെഷ്യൽ സ്കൂൾ വിദ്യാർത്ഥികളെയും ആദരിക്കുന്നതിനുള്ള ചടങ്ങ് സംഘടിപ്പിക്കുന്നതിനായി

ഹെൽത്ത് വിഭാഗത്തിലെ ഡാറ്റാ എൻട്രി ഓപ്പറേറ്റർ ശ്രീ.ഷിബുകരുണാകരൻ കോ-ഓർഡിനേറ്ററായി ഒരു ലക്ഷം രൂപ മുൻകൂർ അനുവദിക്കുകയും ആയത് താഴെ പറയുന്ന രീതിയിൽ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| **മുൻകൂർ തുക** | | 1,00,000/- | ചെക്ക് നം. 494681/3.6.2017 |
| ക്രമീകരണം -ഇനം | തുക | | |
| കറണ്ട് ബുക്ക്സ് (ആൽകെമിസ്റ്റ്) (425 x150 = 63750 - 2125 Discount) | 61625 | | Bill No.10775/30.6.17 |
| JJ Metals & gift centre -Trophy<br><br>KN8160C : 240x125=30000 | 62240 | | Bill No.364/30.6.17 |

| | | | |
|---|---|---|---|
| RS2312-3 : 170x 130=22100<br>DM 573 C: 12x845 = 10140 | | | |
| Star events<br>Stage,light & sound: 12000<br>Cloth Banner 2Nos.: 3220<br>Sticker: 430 x20 : 8600 | 23820 | | Bill No.575/10.7.17 |
| Cinema Vision : Photography | 5500 | | Bill No.2668/10.7.17 |
| 24 Carrot: Tea & Snacks 550 x (9+9) | 9900 | | Bill No.841/11.7.17 |
| ആകെ | **163085** | | |
| മുൻകൂർ തുക ക്രമീകരിച്ച് ബാക്കി നൽകിയത് | | 63,085/- | ചെക്ക് നം.686717/6.11.2017 |
| ആകെ ചെലവ് | | **1,63,085/-** | |

പ്രസ്തുത ചെലവ് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ആവശ്യപ്പെട്ട് 09/23.03.2018 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയെങ്കിലും താഴെ രേഖപ്പെടുത്തുന്ന അപാകതകൾ നിലനിൽക്കുന്നതിനാൽ മറുപടി തൃപ്തികരമല്ല.

1. **സാധനങ്ങൾ വാങ്ങൽ - ആവശ്യകതാനിർണ്ണയം നടത്തിയതിന്റെ അടിസ്ഥാനം വ്യക്തമല്ല** എന്ന പരാമർശത്തിന് 10-ം ക്ലാസിൽ മോഡൽ ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളിലെ 12 കുട്ടികൾ ഉൾപ്പെടെ 223 പേരും ഹയർ സെക്കന്ററി തലത്തിൽ മോഡൽ ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളിലെ 16 കുട്ടികൾ ഉൾപ്പെടെ 166 പേരും ആണ് മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടി വിജയിച്ചവർ (ആകെ 389) എന്നും ഇവർക്ക് നൽകുന്നതിനായി 410 ട്രോഫികൾ (240+170) ട്രോഫികളാണ് വാങ്ങിയതെന്നും റീവാല്യവേഷനിൽ കൂടുതൽ കുട്ടികൾക്ക് മുഴുവൻ എ പ്ലസ് ആകാനുള്ള സാദ്ധ്യത കണക്കാക്കിയാണ് കൂടുതൽ ട്രോഫികൾ വാങ്ങിയതെന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കുട്ടികൾക്ക് സർട്ടിഫിക്കറ്റും ട്രോഫിയും ആൽകെമിസ്റ്റ് എന്ന പുസ്തകവുമാണ് വിതരണം ചെയ്തതെന്നും 9 കുട്ടികൾ ഹാജരാകാതിരുന്നതിനാൽ 9 ട്രോഫിയും 24 ആൽകെമിസ്റ്റ് പുസ്തകവും ബാക്കിയുണ്ടെന്നും ആയത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഈ വിശദീകരണം വസ്തുതകളുമായി പൊരുത്തപ്പെടുന്നില്ല. മറുപടിയോടൊപ്പം ഹാജരാക്കിയിട്ടുള്ള കുട്ടികളുടെ ലിസ്റ്റ് പ്രകാരം 10-ം ക്ലാസ്സിൽ 244 കുട്ടികളും ഹയർ സെക്കന്ററിയിൽ 166 കുട്ടികളും ( ആകെ 410) ഉൾപ്പെടുന്നുണ്ട്. ഇതിൽ ആർക്കൊക്കെയാണ് വിതരണം ചെയ്തതെന്നോ ഹാജരാകാത്ത കുട്ടികൾ ആരെല്ലാമെന്നോ രേഖപ്പെടുത്തിയിട്ടില്ല. ആദ്യ മറുപടി തൃപ്തികരമല്ലാത്തതിനെ തുടർന്ന് 28.09.2018 ൽ നൽകിയ 80ാം നമ്പർ എൻക്വയറിയ്ക്ക് മറുപടിയായി, മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടി വിജയിച്ചവർ ആകെ 389 ആണെന്നും സ്നേഹഭവനിലെയും മഹിളാമന്ദിരത്തിലെയും പത്താംതരം പാസ്സായ 21 കുട്ടികൾക്കു കൂടി ട്രോഫി നൽകിയെന്നും അങ്ങനെയാണ് ആകെ 410 ട്രോഫികൾ വാങ്ങിയതെന്നുമാണ് അറിയിച്ചത്. സാധനങ്ങൾ ലഭിക്കുമ്പോൾ തന്നെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിതരണ വിവരം രേഖപ്പെടുത്തണമെന്ന വ്യവസ്ഥ (ഖണ്ഡിക 12.19 സ്റ്റോർ പർച്ചേയ്സ് മാനവൽ)പാലിച്ചിട്ടില്ല എന്നത്- ബാക്കിവന്ന സാധനങ്ങൾ സ്റ്റോക്കിലെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന മറുപടിയിൽ നിന്നും വ്യക്തമാകുന്നു. ബാക്കിയുള്ള 9 ട്രോഫിയും 24 ആൽകെമിസ്റ്റ് പുസ്തകവും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ഭൗതിക പരിശോധനടത്തി സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. വിദ്യാർത്ഥികൾക്ക് വിതരണം ചെയ്ത സർട്ടിഫിക്കറ്റ് തയ്യാറാക്കിയത് സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല. ഇത്, ചെലവ് ചുരുക്കുന്നതിനായി കോർപറേഷൻ ജനറൽ സ്റ്റോറിൽ നിന്നുമാണ് തയാറാക്കി നൽകിയതെന്നാണറിയിച്ചത്.
2. **സ്റ്റോക്ക് രജിസ്റ്റർ, വിതരണവിവരം എന്നിവ ലഭ്യമല്ല** എന്ന പരാമർശത്തിന് സ്റ്റോക്കിലെടുക്കുവാൻ സാധിക്കാതെ വന്നത് തന്റെ അറിവില്ലായ്മ മൂലമാണെന്ന കോ ഒർഡിനേറ്ററുടെ മറുപടി സ്വീകാര്യമല്ല. മാത്രമല്ല, ഹെൽത്ത് വിഭാഗത്തിൽ പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിയ്ക്കുന്നില്ല എന്ന് ബന്ധപ്പെട്ട സെക്ഷൻ അറിയിച്ച എന്നും കോ ഓർഡിനേറ്ററുടെ മറുപടിയിലുണ്ട്.
3. **വാങ്ങൽ നടപടിക്രമം പാലിച്ചിട്ടില്ല** എന്ന പരാമർശത്തിന് ടെണ്ടർ നടപടികളിലൂടെ സാധനങ്ങൾ വാങ്ങണം എന്നുള്ളത് അറിയില്ലായിരുന്നു എന്ന മറുപടി സ്വീകാര്യമല്ല. പുസ്തകങ്ങൾക്ക് 63750 രൂപ മുഖവിലയുള്ള പുസ്തകങ്ങൾക്ക് 3.33% ഡിസ്കൗണ്ട് മാത്രമാണ് ലഭിച്ചത് എന്ന പരാമർശത്തിന് പുസ്തകങ്ങൾ വാങ്ങിയത് റെഡി ക്യാഷ് മുഖാന്തിരം അല്ലാതിരുന്നതിനാലാണ് കൂടുതൽ ഡിസ്കൗണ്ട് ലഭിക്കാതിരുന്നത് എന്ന വാദം മുൻകൂറായി ഒരു ലക്ഷം രൂപ കൈപ്പറ്റിയിട്ടുള്ളതിനാൽ അംഗീകരിക്കാവുന്നതല്ല.

പല പരാമർശങ്ങൾക്കും അറിയില്ലായിരുന്നു എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ഇത് അംഗീകരിക്കാവുന്നതല്ല. വകുപ്പ് തല ടെസ്റ്റുകൾ പാസായി സർക്കാർ നടപടിക്രമങ്ങൾ ശരിയായി അറിയാവുന്ന സൂപ്പർവൈസറി കേഡറിൽ ജോലിചെയ്യുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനെ ഇത്തരം പരിപാടികൾ നടത്തുന്നതിനായി ചുമതലപ്പെടുത്താതെ വകുപ്പ് തല ടെസ്റ്ററുകൾ ബാധകമല്ലാത്ത ഡാറ്റാ എൻട്രി ഓപ്പറേറ്റർക്ക് മുൻകൂർ തുക അനുവദിച്ച് പരിപാടിയുടെ ചുമതല ഏൽപ്പിച്ചതിനാലാണ് ഇത്തരം ക്രമ വിരുദ്ധനടപടിക്രമങ്ങൾ ഉണ്ടായിട്ടുള്ളത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം പരിപാടികൾ സൂപ്പർവൈസറി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

ഈ സാഹചര്യത്തിൽ പരാമർശങ്ങളുടെ സാധൂകരണത്തിന് വിധേയമായി 163085/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-31 സോളാർ സിറ്റി പ്രോജക്ട് - സമയബന്ധിതമായി പൂർത്തീകരിച്ചില്ല- നഗരസഭയ്ക്ക് ലഭിക്കേണ്ട കേന്ദ്രവിഹിതം നഷ്ടമാവാൻ സാദ്ധ്യത.

രാജ്യത്തെ 60 നഗരങ്ങൾ "സോളാർ/ ഹരിത നഗരങ്ങൾ" ആക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ 11-ം പദ്ധതിക്കാലത്ത് കേന്ദ്ര സർക്കാരിന്റെ New and Renewable Energy (MNRE) മന്ത്രാലയം നടപ്പിലാക്കിയ പദ്ധതിയാണ് "സോളാർ നഗരങ്ങളുടെ വികസനം ( Development of Solar Cities)". പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ ഒന്നാണ് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ. മൂന്ന് വർഷത്തിനുള്ളിൽ

ആയതിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിലേക്കായി 48,84,273/- രൂപ കണക്കാക്കി 19,42,000/-രൂപ ഒന്നാം ഗഡുവായി ANERT (Agency for Non Conventional Energy and Rural Technology ) മുഖാന്തിരം നഗരസഭയ്ക്ക് കൈമാറിയിട്ടുണ്ട്. കൊച്ചി നഗരസഭയിൽ നടപ്പാക്കുന്ന സോളാർ സിറ്റി പ്രോജക്ട് സംബന്ധിച്ചുള്ള അപാകതകൾ താഴെ ചേർക്കുന്നു.

1. **മാസ്റ്റർ പ്ലാൻ തയ്യാറാക്കിയതിൽ കാലതാമസം :** സോളാർ സിറ്റി പ്രോജക്ട് നടപ്പിലാക്കുന്നതിലേക്കായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി കേന്ദ്ര സർക്കാർ എംപാനൽ ചെയ്ത അംഗീകൃത സ്ഥാപനമായ ICLEI South Asia യെ ചുമതലപ്പെടുത്തി (കരാർ നം.28/13-14/19.09.2013) ആറുമാസത്തിനകം ഡ്രാഫ്റ്റ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുന്നതിന് 8,84,273/- രൂപ കരാർ തുക നിശ്ചയിച്ച് 2,65,232/- രൂപ മുൻകൂറായി ഈ സ്ഥാപനത്തിന് നൽകിയിട്ടുണ്ട് (ചെക്ക് നം.867804/15.10.2013). വർക്ക് ഓർഡർ (MOJ.1/897/12/04.10.2013) പ്രകാരം 06.10.2013 ന് പ്രവൃത്തി ആരംഭിച്ച് 06.04.2014 നകം പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ ഈ സ്ഥാപനം ഡി.പി.ആർ. സമർപ്പിച്ചിട്ടുള്ളത് 06.06.2015ൽ മാത്രമാണ്. എന്നാൽ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ആയതിന് അനുബന്ധകരാർ വയ്ക്കുകയോ ചെയ്തിട്ടില്ല. കരാർ പ്രകാരം ICLEI South Asiaയ്ക്ക് നൽകേണ്ട ബാക്കി തുകയായ 619041/-രൂപ നൽകിയിട്ടുള്ളതായി കാണുന്നില്ല. പ്രസ്തുത തുക അനുവദിക്കുമ്പോൾ പ്രവൃത്തി പൂർത്തീകരിക്കുവാൻ ഉണ്ടായ കാലതാമസത്തിന് നിയമപ്രകാരം ഉള്ള പിഴ ഈടാക്കേണ്ടതാണ്.

2. **സോളാർ സിറ്റി സെൽ നടത്തിപ്പ് - സീ ഹെഡ് എന്ന സ്ഥാപനത്തെ ഏൽപ്പിച്ചത് ക്രമപ്രകാരമല്ല :** MNRE നിർദ്ദേശപ്രകാരം സോളാർ സിറ്റി പ്രോജക്ട് നടത്തിപ്പിനായി Stake Holder's committeeയും സോളാർ സിറ്റി സെല്ലും 21.05.2012 ലെ 90-ം നമ്പർ കൗൺസിൽ തീരുമാന പ്രകാരം രൂപീകരിച്ച് അംഗീകരിച്ചിട്ടുണ്ട്. 25.07.2016 ലെ 125-ം നമ്പർ കൗൺസിൽ തീരുമാന പ്രകാരം സോളാർ സിറ്റി സെല്ലിന്റെ നടത്തിപ്പുചുമതല സീ ഹെഡ് എന്ന സ്ഥാപനത്തെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ഈ സ്ഥാപനത്തിനുള്ള ബൗദ്ധിക ഭൗതിക സാഹചര്യങ്ങൾ എന്തെന്ന് വ്യക്തമല്ല. കൊച്ചി നഗരസഭയുടെ അധീനതയിലുള്ള സ്മാരകങ്ങളുടെ സംരക്ഷണം, വികസനം, സമഗ്ര പൈതൃക സംരക്ഷണം എന്നിവ ലക്ഷ്യമാക്കി 1955 ലെ തിരുവിതാംകൂർ, കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്ട്രാക്കൽ നിയമത്തിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സ്ഥാപനമാണ് സി-ഹെഡ്. പ്രോജക്ട് നിർവ്വഹണത്തിനുള്ള അംഗീകൃത ഏജൻസിയായി ഈ സ്ഥാപനത്തെ സർക്കാർ അംഗീകരിച്ചിട്ടുമില്ല.

3. **കരാറിൽ ഏർപ്പെടാതെ തുക മുൻകൂർ അനുവദിച്ചു- ഒരു വർഷം കഴിഞ്ഞിട്ടും ഫലപ്രദമായി വിനിയോഗിച്ചിട്ടില്ല:** സോളാർ സിറ്റി പ്രോജക്ടിന്റെ ഭാഗമായി കച്ചേരിപ്പടിയിലുള്ള നഗരസഭാകെട്ടിടത്തിൽ ഒരു Solar City Information and Exhibit Cell ആരംഭിക്കുന്നതിന് 10,00,000/- എസ്റ്റിമേറ്റ് കണക്കാക്കി സീ ഹെഡ് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ നടത്തിപ്പിനായി ലഭിച്ച കേന്ദ്രവിഹിതത്തിൽ നിന്നും 6 ലക്ഷം രൂപ സീ ഹെഡിന് അനുവദിക്കുന്നതിന് 13.02.2017 ൽ മേയർ സെക്രട്ടറിക്ക് കുറിപ്പ് നൽകിയിട്ടുണ്ട്. ഇതനുസരിച്ച് 6,00,000/- രൂപ (ചെക്ക് നം 494970/24.06.2017) പ്രകാരം സീ-ഹെഡിന് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനവുമായി കരാറിൽ ഏർപ്പെടാതെയാണ് ഇത്തരത്തിൽ മുൻകൂർ അനുവദിച്ചിട്ടുള്ളത്. മാത്രമല്ല ഈ കേന്ദ്ര വിഹിതത്തിൽ നിന്നും അനുവദിക്കുന്നതിന് പകരം തനത് ഫണ്ടിൽ നിന്നുമാണ് അനുവദിച്ചിട്ടുള്ളത്. ഈ തുകയിൽ നിന്നും 2,00,775/- രൂപയാണ് 28.9.2018 വരെ ചെലവഴിച്ചിട്ടുള്ളത് (സീ ഹെഡ്/14/14/28.09.2018 നമ്പർ കത്ത്). ഈ തുക ചെലവഴിച്ചിരിക്കുന്നത് എഞ്ചിനീയറുടെ വേതനം, യാത്രബത്ത, പ്രിന്റിങ്ങ് ചാർജ്ജ്, ഇന്റർനെറ്റ് ചാർജ്ജ് എന്നിവയ്ക്ക് വേണ്ടിയാണ്. തുക കൈപ്പറ്റി ഒരു വർഷം കഴിഞ്ഞിട്ടും Solar City Information and Exhibit Cell ആരംഭിക്കുന്നതിനുള്ള പ്രധാന പ്രവർത്തനങ്ങളായ ക്ലീനിങ്ങ്, പെയിന്റിങ്ങ്, ഫർണിഷിങ്ങ്, ഇലക്ട്രിക്കൽ വർക്ക്, എക്സിബിഷൻ മോഡൽ തുടങ്ങിയവ പൂർത്തീകരിച്ചിട്ടില്ല. മുൻകൂർ തുകയ്ക്ക് ലഭിക്കുന്ന ബാങ്ക് പലിശ ഏത് ആവശ്യത്തിന് വിനിയോഗിക്കും എന്ന കാര്യത്തിലും വ്യക്തതയില്ല. സോളാർ സെൽ പ്രവർത്തനത്തിനായി ഒരു മുഴുവൻ സമയ എൻവയോൺമെന്റൽ എഞ്ചിനീയറുടെ സേവനം നിർബന്ധമായും മൂന്ന് വർഷത്തേയ്ക്ക് ആവശ്യമാണെന്ന് എം എൻ ആർ ഐ നിഷ്കർഷിച്ചതിന്റെ അടിസ്ഥാനത്തിൽ 1.11.2017 മുതൽ എഞ്ചിനീയറെ നിയമിച്ചതിനാലാണ് എഞ്ചിനീയറുടെ വേതനം എന്ന നിലയിൽ 6 ലക്ഷം രൂപ ആവശ്യപ്പെട്ടതും വേതനത്തിനും ബോധവൽകരണപരിപാടികൾക്കുമായി തുക ചെലവഴിച്ചതെന്നുമാണ് സി-ഹെഡ് , കോർപറേഷൻ മുഖേന മറുപടി ലഭ്യമാക്കിയത്. 2,00,775/- രൂപ 2018-19ൽ ചെലവഴിച്ചതായതിനാൽ ഈ പദ്ധതിയുടെ തുടർ നിരീക്ഷണം 2018-19, 2019-20 വർഷങ്ങളിൽ നടത്തുന്നതാണ്.

4. **സോളാർ മോണിറ്ററിങ്ങ് സെൽ പ്രവർത്തനം തൃപ്തികരമല്ല:** 25.07.2016 ലെ 125-ം നമ്പർ കൗൺസിൽ തീരുമാനം പ്രകാരം മേയർ, ഡെപ്യൂട്ടി മേയർ, ടൗൺ പ്ലാനിങ്ങ് സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ, സെക്രട്ടറി, അഡീഷണൽ സെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തി സോളാർ മോണിറ്ററിങ്ങ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഈ കമ്മറ്റി യോഗം ചേരുകയോ പ്രോജക്ട് നടത്തിപ്പ് മോണിറ്ററിങ്ങ് നടത്തി റിപ്പോർട്ട് തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

5. **പദ്ധതി നടത്തിപ്പിനുള്ള കേന്ദ്രവിഹിതം ബാക്കി തുക നഷ്ടപ്പെടുവാൻ സാധ്യത:** മൂന്ന് വർഷത്തിനുള്ളിൽ സോളാർ സിറ്റി പ്രോജക്ടിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിലേക്കായി 48,84,273/- രൂപ കണക്കാക്കി 19,42,000/-രൂപ ഒന്നാം ഗഡുവായി ANERT മുഖാന്തിരം നഗരസഭയ്ക്ക് കൈമാറിയിട്ടുണ്ട് (നം.5/22/2010-11/ST/ MNRE/ 13.03.2015). ഈ തുക ബാങ്ക് ഓഫ് ഇന്ത്യയുടെ എറണാകുളം ശാഖയിൽ നഗരസഭ സെക്രട്ടറിയുടെ പേരിൽ സേവിങ്ങ് ബാങ്ക് അക്കൗണ്ട് ആരംഭിച്ച് അതിൽ നിക്ഷേപിച്ചിട്ടുണ്ട്. പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം പ്രോജക്ട് നടപ്പിലാക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും ആദ്യ ഗഡുവിന്റെ വിനിയോഗ സാക്ഷ്യപത്രം നൽകുന്നതിനും ഉള്ള ചുമതല ANERTനാണ്. ഈ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ കേന്ദ്രവിഹിതത്തിന്റെ ബാക്കി തുക അനുവദിക്കുകയുള്ളൂ. എന്നാൽ ആദ്യ ഗഡു കൈപ്പറ്റി മൂന്നരവർഷം കഴിഞ്ഞിട്ടും തുക വിനിയോഗസാക്ഷ്യപത്രം ANERT കേന്ദ്രസർക്കാരിന് നൽകിയതായി കാണുന്നില്ല. ഇക്കാര്യത്തിൽ നഗരസഭയുടെ ഭാഗത്തുനിന്നും ആവശ്യമായ നടപടികൾ സ്വീകരിക്കപ്പെട്ടിട്ടില്ല. പദ്ധതി കാലയളവ് കഴിഞ്ഞിട്ടും മുൻകൂർ തുക പോലും വിനിയോഗിക്കാൻ സാധിക്കാത്തതിനാൽ ബാക്കി ലഭിക്കേണ്ട വിഹിതം നഗരസഭയ്ക്ക് നഷ്ടപ്പെടുവാനാണ് സാധ്യത എന്ന് ഓഡിറ്റ് കാണുന്നു.

6. **തനത് ഫണ്ടിൽ നിന്നുള്ള ചെലവ് തുക തിരികെ ഈടാക്കിയിട്ടില്ല:**

| ക്രമ | സ്ഥാപനത്തിന്റെ | തുക | ചെക്ക് നം/ |
|---|---|---|---|

| നം. | പേര് | | തീയതി |
|---|---|---|---|
| 1 | ICLEI South Asia | 2,65,232/- | 867804/15.10.2013 |
| 2 | സീ ഹെഡ് | 6,00,000/- | 494970/24.06.2017 |
| ആകെ | | 8,65,232/- | |

പ്രോജക്ടിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട താഴെ പറയുന്ന ചെലവുകൾ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്. എന്നാൽ പ്രോജക്ടിന്റെ ആദ്യ ഗഡുവായി 19,42,000/- ലഭിച്ചിട്ടും ഈ തുകകൾ തനത് ഫണ്ടിലേക്ക് തിരികെ അടവാക്കിയിട്ടില്ല.

# 3-32 അംഗീകൃത നിരക്കിനേക്കാൾ കൂടുതൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് നൽകി

6 വയസ്സുവരെയുള്ള കുട്ടികളുടെ പോഷണ നിലവാരം മെച്ചപ്പെടുത്തുക, കുട്ടികളിലും കൗമാരപ്രായക്കാരായ പെൺകുട്ടികളിലും പോഷണ വൈകല്യം പരിഹരിക്കുക, ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും ഉണ്ടാകുന്ന പോഷക കുറവ് പരിഹരിക്കുക, രോഗാതുരത കുറയ്ക്കുക, അമ്മമാരുടെയും കുട്ടികളുടെയും ശാരീരികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്തുക എന്നിവ ലക്ഷ്യം വെച്ച് സി.ഡി.പി.ഒ. നടപ്പിലാക്കിയ പ്രോജക്ട് നിർവ്വഹണത്തിലെ അപാകത ചുവടെ ചേർക്കുന്നു.

ജി.ഒ(ആർ.ടി) 883/2011/ത.സ്വ.ഭ.വ./26.03.2011 പ്രകാരം എല്ലാവിധ ഭക്ഷണ സാധനങ്ങളുടെയും ട്രാൻസ്പോർട്ടേഷൻ ഒരു കിലോയ്ക്ക് അൻപത് പൈസയാണ്. ഈ നിരക്കിൽ സാധനങ്ങൾ എത്തിക്കുന്നതിന് കഴിയുന്നില്ലെങ്കിൽ നിർവ്വഹണ ഉദ്യോഗസ്ഥന് ക്വട്ടേഷൻ ക്ഷണിക്കാവുന്നതും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ആളുടെ ക്വട്ടേഷന് തദ്ദേശ സ്വയംഭരണ സ്ഥാപന സമിതിയുടെ അംഗീകാരം നേടി അപ്രകാരം ചെലവഴിക്കാവുന്നതുമാണ്. എന്നാൽ പ്രസ്തുത പ്രോജക്ടിൽ നിന്നും തുക ചെലവഴിച്ചപ്പോൾ ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ വിവിധ ഏജൻസികൾക്ക് കിലോയ്ക്ക് അൻപത് പൈസ, 1.50 രൂപ എന്നിങ്ങനെ വ്യത്യസ്ത രീതിയിൽ തുക അനുവദിച്ച് നൽകി. ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ 1.50 രൂപ തുക അനുവദിച്ച് നൽകിയതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

(എ)

| | | |
|---|---|---|
| പ്രോജക്ട് നം. | : | എസ്. 0651/18 |
| പ്രോജക്ടിന്റെ പേര് | : | അങ്കണവാടി പോഷകാഹാരം |
| വികസന ഫണ്ട് | : | 50,00,000 |
| കേന്ദ്രാവിഷ്കൃത പരിപാടി | : | 50,00,000 |
| ആകെ അടങ്കൽ | : | 1,00,00,000 |
| നിർവ്വഹണ ഉദ്യോഗസ്ഥ | | സി.ഡി.പി.ഒ (അർബൻ.2) |

| ക്രമ നം. | ഫണ്ടിനം | ബിൽ നം./ തീയതി/ തുക | തുക നൽകിയ ഏജൻസിയുടെ പേര് | ബിൽ നം./ തീയതി | ഇനം | അളവ് (കി.ഗ്രാം) | നിരക്ക് | അനുവദിച്ച് നൽകിയ തുക | കിലോയ്ക്ക് .50 പൈസ നിരക്കിൽ അനുവദിക്കാവുന്ന തുക | അധികം അനുവദിച്ച് നൽകിയ തുക |
|---|---|---|---|---|---|---|---|---|---|---|
| 1 | കേന്ദ്രാവിഷ്കൃത ഫണ്ട് | Chq No. 147151/ തീയതി ലഭ്യമല്ല തുക 354354/- | സ്മാർട്ട് പ്ലസ്, അമൃതം ഫുഡ് പ്രോഡക്ട്സ് എടക്കാട്ടുവയൽ | 1006/ 29.4.17 | അമൃതം ഫുഡ് | 4956 | 1.50 | 7434 | 2478 | 4956 |
| 2 | കേന്ദ്രാവിഷ്കൃത ഫണ്ട് | Chq No. 147153/ തീയതി ലഭ്യമല്ല തുക 305019/- | " | 1009/ 15.6.17 | അമൃതം ഫുഡ് | 4266 | 1.50 | 6399 | 2133 | 4266 |
| 3 | വികസന ഫണ്ട് | CBNo. 2/ 17-18/ 21.8.17 തുക 1097108/- | " | 1022/ 28.7.17 | അമൃതം ഫുഡ് | 2160 | 1.50 | 3240 | 1080 | 2160 |
| 4 | വികസന ഫണ്ട് | CBNo. 4/ 17-18/ | " | 1030/ 28.8.17 | അമൃതം ഫുഡ് | 2681 | 1.50 | 4021.5 | 1340.5 | 2681 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | 10.10.17<br>തുക 225472/- | | | | | | | | |
| 5 | വികസന ഫണ്ട് | CBNo. 7/<br>17-18/<br>18.12.17<br>തുക 862138/- | " | 1036/<br>05.10.17 | അമൃതം ഫുഡ് | 2271 | 1 | 2271 | 1135.5 | 1135.5 |
| 6 | വികസന ഫണ്ട് | CBNo. 7/<br>17-18/<br>18.12.17<br>തുക 862138/- | സ്മാർട്ട് പ്ലസ്,<br>അമൃതം ഫുഡ് പ്രോഡക്ട്സ് എടക്കാട്ടുവയൽ | 1047/<br>14.11.17 | അമൃതം ഫുഡ് | 2334 | 1.50 | 3501 | 1167 | 2334 |
| 7 | വികസന ഫണ്ട് | CBNo.8/<br>17-18/<br>20.1.18<br>തുക 1441718 /- | " | 860/<br>6.12.17 | അമൃതം ഫുഡ്<br>- Arrear amount of transportation cost @.50 Paise vide bill no. 1036/<br>5.10.17 | 2271 | .50 | 1135.5 | 1135.5 | 0 |
| 8 | വികസന ഫണ്ട് | CBNo.8/<br>17-18/<br>20.1.18<br>തുക 1441718 /- | " | 857/<br>6.12.17 | അമൃതം ഫുഡ് | 2919 | 1.50 | 4378.5 | 1459.5 | 2919 |
| 9 | വികസന ഫണ്ട് | CBNo.8/<br>17-18/<br>20.1.18<br>തുക 1441718 /- | " | 871/<br>9.1.18 | " | 2529 | 1.50 | 3793 | 1264.5 | 2528.5 |
| 10 | വികസന ഫണ്ട് | CBNo.12/<br>17-18/<br>28.2.18<br>തുക 67851 /- | " | 881/<br>28.2.18 | " | 903 | 1.50 | 1354.5 | 451.50 | 903 |
| 11 | കേന്ദ്രാവിഷ്കൃത ഫണ്ട് | Chq No. 147161/<br>28.3.18<br>(SBT Broadway, Ernakulam)<br>തുക212577/- | " | 893/<br>27.2.18 | " | 2768.5 | 1.50 | 4152.75 | 1384.25 | 2768.5 |
| 12 | കേന്ദ്രാവിഷ്കൃത ഫണ്ട് | Chq No.<br>147159/<br>7.3.18<br>(SBT Broadway, Ernakulam)<br>തുക122398/- | സ്മാർട്ട് പ്ലസ്,<br>അമൃതം ഫുഡ് പ്രോഡക്ട്സ് എടക്കാട്ടുവയൽ | 884/<br>31.1.18 | അമൃതം ഫുഡ് | 1551 | 1.50 | 2326.5 | 775.50 | 1551 |
| ആകെ | | | | | | | | 44007.25 | 15804.75 | 28202.5 |

1 മുതൽ 12 വരെ ക്രമ നമ്പരിലുള്ള ബില്ലുകളിൽ നിന്ന് ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ അനുവദിക്കാമായിരുന്ന തുക 15804.75/- ആയിരിക്കെ 44007.25 രൂപ അനുവദിച്ച് നൽകി, 28202.5 രൂപ അധികമായി അനുവദിച്ചു. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 117/2017-18/19.11.2018) ലഭ്യമാക്കിയ മറുപടിയിൽ, 2015-16 സാമ്പത്തിക വർഷം ക്വട്ടേഷൻ ക്ഷണിച്ചതായി ഫയലിൽ കണ്ടതിന്റെ അടിസ്ഥാനത്തിലാണ് കൂടിയ നിരക്കിൽ ട്രാൻപോർട്ടേഷൻ ചാർജ്ജ് അനുവദിച്ചിട്ടുള്ളതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചത്. എന്നാൽ 2017-18 സാമ്പത്തിക വർഷത്തെ പ്രോജക്ട് നടപ്പിലാക്കുമ്പോൾ ക്വട്ടേഷൻ ക്ഷണിക്കാതെ കൂടിയ നിരക്കിൽ ട്രാൻപോർട്ടേഷൻ ചാർജ്ജ് അനുവദിച്ച് നൽകിയ നടപടി അംഗീകരിക്കാവുന്നതല്ല. ഈ സാഹചര്യത്തിൽ 28202.5 രൂപയുടെ അധിക ചെലവ് അംഗീകരിക്കുന്നില്ല.

(ഇതേ പ്രോജക്ടിൽ The Ernakulam District Wholesale Cooperative Consumer Stores Limited, Kakkanad -ൽ നിന്നും വാങ്ങിയ ഭക്ഷ്യ ഇനങ്ങൾക്ക് എല്ലാ ബില്ലുകളിലും ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് കിലോയ്ക്ക് 0.50 പൈസ നിരക്കിലാണ് നൽകിയിരിക്കുന്നത്.)

**(ബി)**

| | | |
|---|---|---|
| പ്രോജക്ട് നം. | : | എസ്. 0572/18 |
| പ്രോജക്ടിന്റെ പേര് | : | അനുപൂരക പോഷകാഹാരം സി.ഡി.പി.ഒ 2 |
| വികസന ഫണ്ട് | : | 18,60,652 |
| കേന്ദ്രാവിഷ്കൃത പരിപാടി | : | 50,00,000 |
| ആകെ അടങ്കൽ | : | 68,60,652 |
| നിർവ്വഹണ ഉദ്യോഗസ്ഥ | | സി.ഡി.പി.ഒ. (അർബൻ.2) |

| ക്രമ നം. | ഫണ്ടിനം | ബിൽ നം./ തീയതി/ തുക | തുക നൽകിയ ഏജൻസിയുടെ പേര് | ബിൽ നം./ തീയതി | ഇനം | അളവ് (കി.ഗ്രാം) | നിരക്ക് | അനുവദിച്ച് നൽകിയ തുക | കിലോയ്ക്ക് .50 പൈസ നിരക്കിൽ അനുവദിക്കാവുന്ന തുക | അധികം അനുവദിച്ച് നൽകിയ തുക |
|---|---|---|---|---|---|---|---|---|---|---|
| 1 | വികസന ഫണ്ട് | KDPB No.5/ 17-18/ 30.06.17 തുക 1494390 | സ്മാർട്ട് പ്ലസ്, അമൃതം ഫുഡ് പ്രോഡക്ട്സ് എടക്കാട്ടുവയൽ | 799/ 15.3.17 | അമൃതം ഫുഡ് | 4257 | 1.5 | 6385 | 2128.50 | 4256.50 |
| 2 | വികസന ഫണ്ട് | KDPB No.5/ 17-18/ 30.06.17 തുക 1494390 | ” | 786/ 16.2.17 | അമൃതം ഫുഡ് | 4840 | 1.5 | 7261 | 2420 | 4841 |
| ആകെ | | | | | | | | 13646 | 4548.50 | 9097.50 |

1 മുതൽ 2 വരെ ക്രമ നമ്പരിലുള്ള ബില്ലുകളിൽ നിന്ന് ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ അനുവദിക്കാമായിരുന്ന തുക 4548.5 ആയിരിക്കെ 13646/- രൂപ അനുവദിച്ച് നൽകി, 9097.5 രൂപ അധികമായി അനുവദിച്ചു. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 118/2017-18/19.11.2018) മറുപടിയിൽ, 2015-16 സാമ്പത്തിക വർഷം ക്വട്ടേഷൻ ക്ഷണിച്ചതായി ഫയലിൽ കണ്ടതിന്റെ അടിസ്ഥാനത്തിലാണ് കൂടിയ നിരക്കിൽ ട്രാൻപോർട്ടേഷൻ ചാർജ്ജ് അനുവദിച്ചിട്ടുള്ളതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചത്. എന്നാൽ 2017-18 സാമ്പത്തിക വർഷത്തെ പ്രോജക്ട് നടപ്പിലാക്കുമ്പോൾ ക്വട്ടേഷൻ ക്ഷണിക്കാതെ കൂടിയ നിരക്കിൽ ട്രാൻപോർട്ടേഷൻ ചാർജ്ജ് അനുവദിച്ച് നൽകിയ നടപടി അംഗീകരിക്കാവുന്നതല്ല. ഈ സാഹചര്യത്തിൽ 9097.5 രൂപയുടെ അധിക ചെലവ് അംഗീകരിക്കുന്നില്ല.

(ഇതേ പ്രോജക്ടിൽ The Ernakulam District Wholesale Cooperative Consumer Stores Limited, Kakkanad -ൽ നിന്നും വാങ്ങിയ ഭക്ഷ്യ ഇനങ്ങൾക്ക് എല്ലാ ബില്ലുകളിലും ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് കിലോയ്ക്ക് 0.50 പൈസ നിരക്കിലാണ് നൽകിയിരിക്കുന്നത്.)

**(സി)**

| | | |
|---|---|---|
| പ്രോജക്ട് നം. | : | എസ്. 0830/18 |
| പ്രോജക്ടിന്റെ പേര് | : | അങ്കണവാടി അനുപൂരക പോഷകാഹാരം ICDS - 3 |
| വികസന ഫണ്ട് | : | 45,00,000/- |
| കേന്ദ്രാവിഷ്കൃത പരിപാടി | : | 15,00,000/- |
| ആകെ അടങ്കൽ | : | 60,00,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | | സി.ഡി.പി.ഒ. (അർബൻ.3) |

| ക്രമ നം. | ഫണ്ടിനം | ബിൽ നം./ തീയതി/ തുക | തുക നൽകിയ ഏജൻസിയുടെ പേര് | ബിൽ നം./ തീയതി | ഇനം | അളവ് (കി.ഗ്രാം) | നിരക്ക് | അനുവദിച്ച് നൽകിയ തുക | കിലോയ്ക്ക് .50 പൈസ നിരക്കിൽ അനുവദിക്കാവുന്ന തുക | അധികം അനുവദിച്ച് നൽകിയ തുക |
|---|---|---|---|---|---|---|---|---|---|---|
| 1 | വികസന | CBNo. 2/ | സ്മാർട്ട് പ്ലസ്, | 1008/ | അമൃതം | 2509.500 | 1.5 | 3764 | 1254.75 | 2509.25 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | ഫണ്ട് | 17-18/<br>21.8.17<br>തുക 1097108/- | അമൃതം ഫുഡ് പ്രോഡക്ട്സ് എടക്കാട്ടുവയൽ | 22.5.17 | ഫുഡ് | | | | | |
| 2 | വികസന ഫണ്ട് | CBNo. 2/<br>17-18/<br>21.8.17<br>തുക 1097108/- | " | 1014/<br>30.6.17 | അമൃതം ഫുഡ് | 2205 | 1.5 | 3307.50 | 1102.50 | 2205 |
| 3 | വികസന ഫണ്ട് | CBNo. 2/<br>17-18/<br>21.8.17<br>തുക 1097108/- | " | 1022/<br>28.7.17 | അമൃതം ഫുഡ് | 2160 | 1.5 | 3240 | 1080 | 2160 |
| 4 | വികസന ഫണ്ട് | CBNo. 4/<br>17-18/<br>10.10.17<br>തുക 225472/- | " | 1030/<br>28.8.17 | അമൃതം ഫുഡ് | 2681 | 1.5 | 4021.50 | 1340.50 | 2681 |
| 5 | വികസന ഫണ്ട് | CBNo. 7/<br>17-18/<br>18.12.17<br>തുക 862138/- | " | 1036/<br>05.10.17 | അമൃതം ഫുഡ് | 2271 | 1 | 2271 | 1135.50 | 1135.50 |
| 6 | വികസന ഫണ്ട് | CBNo. 7/<br>17-18/<br>18.12.17<br>തുക 862138/- | സ്മാർട്ട് പ്ലസ്, അമൃതം ഫുഡ് പ്രോഡക്ട്സ് എടക്കാട്ടുവയൽ | 1047/<br>14.11.17 | അമൃതം ഫുഡ് | 2334 | 1.5 | 3501 | 1167 | 2334 |
| 7 | വികസന ഫണ്ട് | CBNo.8/<br>17-18/<br>20.1.18<br>തുക 1441718 /- | " | 860/<br>6.12.17 | അമൃതം ഫുഡ്<br>- Arrear amount of transportation cost @.50 Paise vide bill no. 1036/<br>5.10.17 | 2271 | .50 | 1135.50 | - | 1135.50 |
| 8 | വികസന ഫണ്ട് | CBNo.8/<br>17-18/<br>20.1.18<br>തുക 1441718 /- | " | 857/<br>6.12.17 | അമൃതം ഫുഡ് | 2919 | 1.5 | 4378.50 | 1459.50 | 2919 |
| 9 | വികസന ഫണ്ട് | CBNo.8/<br>17-18/<br>20.1.18<br>തുക 1441718 /- | " | 871/<br>9.1.18 | " | 2529 | 1.5 | 3793 | 1264.50 | 2528.50 |
| 10 | വികസന ഫണ്ട് | CBNo.12/<br>17-18/<br>28.2.18<br>തുക 67851 /- | " | 881/<br>28.2.18 | " | 903 | 1.5 | 1354.50 | 451.5 | 903 |
| 11 | കേന്ദ്രാവിഷ്കൃത ഫണ്ട് | Chq No. 147161/<br>28.3.18<br>(SBT Broadway, Ernakulam)<br>തുക212577/- | " | 893/<br>27.2.18 | " | 2768.500 | 1.5 | 4152.75 | 1384.25 | 2768.50 |
| 12 | കേന്ദ്രാവിഷ്കൃത ഫണ്ട് | Chq No.<br>147159/ | സ്മാർട്ട് പ്ലസ്, | 884/<br>31.1.18 | അമൃതം ഫുഡ് | 1551 | 1.5 | 2326.50 | 775.5 | 1551 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | 7.3.18<br>(SBT Broadway, Ernakulam)<br>തുക122398/- | അമൃതം ഫുഡ് പ്രോഡക്ട്സ് എടക്കാട്ടുവയൽ | | | | | | | |
| ആകെ | | | | | | | | 37245.75 | 12415.50 | 24830.25 |

1 മുതൽ 12 വരെ ക്രമ നമ്പരിലുള്ള ബില്ലുകളിൽ നിന്ന് ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ അനുവദിക്കാമായിരുന്ന തുക 12415.50/- ആയിരിക്കെ 37245.75 രൂപ അനുവദിച്ച് നൽകി, 24830.25 രൂപ അധികമായി അനുവദിച്ചു. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 98/2017-18/26.10.2018) മറുപടിയിൽ കൊച്ചി അർബൻ-1 സി.ഡി.പി.ഒ ക്വട്ടേഷൻ ക്ഷണിച്ച് കിലോഗ്രാമിന് 2രൂപ നിരക്ക് അംഗീകരിച്ചിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 29.07.2017 ലെ 14-ം നമ്പർ കൗൺസിൽ തീരുമാനം അനുസരിച്ച് കൊച്ചി അർബൻ-1 സി.ഡി.പി.ഒയുടെ കീഴിലുള്ള 136 അംഗനവാടികളിലേക്കാണ് കിലോഗ്രാമിന് 2 രൂപ നിരക്ക്അംഗീകരിച്ചിട്ടുള്ളത്. എന്നാൽ 2017-18 സാമ്പത്തിക വർഷത്തെ പ്രോജക്ട് നടപ്പിലാക്കുമ്പോൾ ക്വട്ടേഷൻ ക്ഷണിക്കാതെ ഇത്തരത്തിൽ കൂടിയ നിരക്കിൽ ട്രാൻപോർട്ടേഷൻ ചാർജ്ജ് അനുവദിച്ച് നല്കിയ നടപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ 62130.25 (28202.5+9097.5+24830.25) രൂപയുടെ ചെലവ് നിരാകരിക്കുന്നു. (ഇതേ പ്രോജക്റ്റിൽ The Ernakulam District Wholesale Cooperative Consumer Stores Limited, Kakkanad -ൽ നിന്നും വാങ്ങിയ ഭക്ഷ്യ ഇനങ്ങൾക്ക് എല്ലാ ബില്ലുകളിലും ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് കിലോയ്ക്ക് 0.50 പൈസ നിരക്കിലാണ് നൽകിയിരിക്കുന്നത്.)

# 3-33 വീട് വാസയോഗ്യമാക്കൽ - പദ്ധതി നടത്തിപ്പിൽ അപാകതകൾ - നഷ്ടം 42,215 രൂപ, 47,50,000 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | എസ്. 1071/18 |
| പ്രോജക്ടിന്റെ പേര് | വീട് വാസയോഗ്യമാക്കൽ ധനസഹായം |
| സ്രോതസ് | വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ആകെ അടങ്കൽ | 74,00,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | പ്രോജക്ട് ഓഫീസർ, യു.പി.എ.ഡി |

ഗുണഭോക്താക്കൾക്ക് വാസയോഗ്യമായ ഭവനം, ഭവന പുനരുദ്ധാരണത്തിന് ധനസഹായം എന്നിവയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. ഡി.പി.സി അംഗീകരിച്ച മേൽ പ്രോജക്ട് പ്രകാരം, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ ബി.പി.എൽ കുടുംബം, ഭവന പുനരുദ്ധാരണം അനിവാര്യമായിരിക്കണം, 6 വർഷം പഴക്കമുള്ള ഭവനമായിരിക്കണം എന്നിവയായിരുന്നു.

ഈ പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

**1. അംഗീകൃത ഗുണഭോക്തൃലിസ്റ്റ് ലഭ്യമല്ല:** 1994ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 45(c) പ്രകാരം, വ്യക്തിഗത പ്രോജക്ടുകൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത് വാർഡ് സഭ/ വാർഡ് കമ്മിറ്റിയാണ്. എന്നാൽ മുകളിൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തി, ഈ പ്രോജക്ടിനായി വാർഡ് സഭ/ വാർഡ് കമ്മിറ്റി തെരഞ്ഞെടുത്ത് നഗരസഭ കൗൺസിൽ അംഗീകരിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

**2. അർഹതയുള്ളതിലും അധികം തുക ധനസഹായമായി അനുവദിച്ചു:** സ.ഉ.(കൈ) 80/2017/ ത.സ്വ.ഭ.വ/ 03.04.2017 പ്രകാരം ഈ പ്രോജക്ടിന് അനുവദിക്കാവുന്ന ധനസഹായം ഗുൺഭോക്താവിന് ചെലവാകുന്ന യഥാർത്ഥ തുക പരമാവധി ഒരു ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി നൽകാം. എന്നാൽ താഴെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് പ്രവൃത്തിയുടെ വാല്യുവേഷനേക്കാൾ അധികം തുക ധനസഹായമായി അനുവദിച്ചിട്ടുണ്ട്. സബ്സിഡി മാനദണ്ഡത്തിനും കേരള ഫിനാൻഷ്യൽ കോഡ്, വാല്യം I, ആർട്ടിക്കിൾ 40(b)(1) പ്രകാരം സാഹചര്യം ആവശ്യപ്പെടുന്നതിലും അധികം തുക ചെലവഴിക്കുവാൻ പാടില്ല എന്ന ഫിനാൻഷ്യൽ പ്രൊപ്രൈറ്റിക്കും നിരക്കുന്നതല്ല ഈ നടപടി. അർഹതയുള്ളതിലും അധികമായി അനുവദിച്ച 42215/- രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | ബിൽ നം./ തീയതി/തുക | ബിൽഡിംഗ് ഇൻസ്പെക്ടർ കണക്കാക്കിയ ചെലവ് തുക | അനുവദിച്ച സബ്സിഡി തുക | അധികം അനുവദിച്ച തുക |
|---|---|---|---|---|---|
| 1 | നിർമ്മല, കുടുംബി കോളനി, കടവന്ത്ര പി.ഒ., എറണാകുളം | 23/210673/<br>21.3.18<br>തുക 10,00,000<br>39/1310543/28.03.18<br>തുക 4,50,000 | 57785 | 100000 | 42215 |
| ആകെ അധികമായി അനുവദിച്ച തുക | | | | | 42215 |

ഇതേ ഗുണഭോക്താവിന് പ്രോജക്ട് നം .എസ്.1043/18 പ്രകാരം വീട് അറ്റകുറ്റപ്പണിക്ക് ഈ സാമ്പത്തികവർഷം തന്നെ 25000/- രൂപ (ബിൽ നം. 37/1310540 / 28.3.2018 ) ധനസാഹായം അനുവദിക്കുകയും ആയത് 12.4.2018 ലെ കെ.എൽ.000384883201819 എം- നമ്പർ ചെലാൻ പ്രകാരം തിരികെ അടവാക്കുകയും ചെയ്തിട്ടുണ്ട്.

**3.പൂർത്തീകരണ / മോണിട്ടറിങ്ങ് സർട്ടിഫിക്കറ്റ് ലഭ്യമല്ല:** വീട് വാസയോഗ്യമാക്കിയതിന് ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധിച്ച പൂർത്തീകരണ സാക്ഷ്യപത്രമോ മോണിറ്ററിംഗ് സമിതി റിപ്പോർട്ടോ ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം./ തീയതി/തുക | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | 39/1310543/28.03.18<br>തുക 4,50,000 | ഡെൽസി ജോസഫ്<br>കണ്ണച്ചംമുറി വീട്, കിറ്റ്ക്യാറ്റ് റോഡ്,<br>ഫോർട്ട് കൊച്ചി - 1 | 50000 |
| 2 | ” | ലീല<br>പോളപ്പറമ്പിൽ വീട്, ജനതറോഡ്, വൈറ്റില | 50000 |
| 3 | 23/210673/21.3.18<br>തുക 10,00,000 | വസന്തകുമാരി<br>പൂപ്പാടിപ്പറമ്പ്<br>പള്ളംലൈൻ<br>ചുവപ്പാടം, കൊച്ചി | 50000 |
| 4 | ” | ഓമന ബാബു<br>കരിപ്പാലം, മട്ടാഞ്ചേരി | 50000 |
| 5 | ” | കെ.ഐ. റെജുല<br>തേപ്പറമ്പിൽ, നെല്ലുകടവ്, ഫോർട്ട് കൊച്ചി | 50000 |
| 6 | ” | മേരി ജോണി<br>വാഴക്കൂട്ടത്തിൽ വീട്<br>മുണ്ടംവേലി, കൊച്ചി | 50000 |
| 7 | ” | ശോഭ ജോർജ്ജ്<br>കല്ല് വീട്ടിൽ ഹൗസ്<br>നസ്രത്ത്, കൊച്ചി | 50000 |
| 8 | ” | ലിസി ജോസഫ്<br>ഉമ്മാതറ വീട് , കൊച്ചി | 50000 |
| 9 | ” | അമ്മിണി ടോമി<br>വാച്ചാക്കൽ വീട്<br>ബീച്ച് റോഡ്, കൊച്ചി-2 | 50000 |
| 10 | ” | റീന നിക്സൺ<br>പനക്കത്തറ വീട്<br>പാമ്പായിമൂല, ഇടക്കൊച്ചി | 50000 |

| | | | |
|---|---|---|---|
| 11 | " | കൊച്ചു ത്രേസ്യ ജേക്കബ്ബ്<br>കാട്ടുപുറത്ത് വീട്<br>പെരുമാനൂർ | 50000 |
| 12 | " | ശോഭ പി.വി.<br>പാണ്ടിക്കുടി വീട്<br>പറമ്പിത്തറ റോഡ്<br>പനമ്പിള്ളി നഗർ | 50000 |
| ആകെ | | | 600000 |

മേൽ 12 ഗുണഭോക്താക്കളും രജിസ്റ്റർ പ്രകാരം രണ്ടാം ഗഡു തുക കൈപ്പറ്റിയിട്ടുണ്ടെങ്കിലും രണ്ടാം ഗഡു തുക നൽകിയതിന്റെ ബിൽ വിവരം ലഭ്യമാക്കിയിട്ടില്ല.

**4.അപേക്ഷകളും അനുബന്ധ രേഖകളും ലഭ്യമല്ല:**

(എ) തുക പിൻവലിച്ച ട്രഷറി ബില്ലിനോടൊപ്പമുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം, ആനുകൂല്യം കൈപ്പറ്റിയ താഴെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധരേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ.നം. | ബിൽ നം./തീയതി/ തുക | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | 23/210673/21.03.18<br>തുക 10,00,000 | മിനി മായവൻ | 50000 |
| 2 | " | ഉമാവതി കെ.ബി. | 50000 |
| 3 | " | വിജയലക്ഷ്മി എസ്.ബി. | 50000 |
| 4 | " | കെ.എം. അഗസ്റ്റിൻ | 50000 |
| 5 | " | ലാലപ്പൻ | 50000 |
| 6 | " | റൂബി ഔസേഫ് | 50000 |
| 7 | " | തങ്കമണി | 50000 |
| 8 | " | സമീറ അസീസ് | 50000 |
| 9 | " | സാനിയ എം.എസ്. | 50000 |
| 10 | 18/068602/27.02.2018<br>തുക 1,00,000 | മേരി പാദുവ | 50000 |
| 11 | " | സുമംഗല | 50000 |
| 12 | 17/068600/27.2.18<br>തുക 2,00,000 | നൗഫൽ .എ.എം. | 50000 |
| 13 | " | മിനി മായവൻ | 50000 |
| 14 | " | ശോഭ എ.കെ. | 50000 |
| 15 | " | സുഹറ | 50000 |
| 16 | 33/210679/21.3.18<br>തുക 1,00,000 | സുഹറ | 50000 |
| 17 | " | ഇന്ദിര സോമൻ | 50000 |
| 18 | 24/210680/21.3.18<br>തുക 2,00,000 | സുജ | 50000 |
| 19 | " | സിബി. എം.എസ്. | 50000 |
| 20 | " | ലാൽ എം.പി. | 50000 |
| 21 | 40/1327142/28.3.18<br>തുക 3,50,000 | നൗഫൽ എ. എം. | 50000 |
| 22 | " | മേരി പാദുവ | 50000 |

| | | | |
|---|---|---|---|
| 23 | ” | ശോഭ എ.കെ. | 50000 |
| 24 | ” | ഉമാവതി കെ.ബി. | 50000 |
| 25 | ” | വിജയലക്ഷ്മി എസ്.ബി. | 50000 |
| 26 | ” | ജഗദമ്മ പി.എ. | 50000 |
| 27 | ” | ചന്ദ്രിക പുരുഷോത്തമൻ | 50000 |
| 28 | 39/1310543/28.03.18 തുക 4,50,000 | രാജമ്മ | 50000 |
| 29 | ” | റോസിലി ആന്റണി | 50000 |
| 30 | ” | നസീമ അഷ്റഫ് | 50000 |
| 31 | ” | അഗസ്റ്റിൻ പി.വി. | 50000 |
| ആകെ | | | 15,50,000 |

(ബി) ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പ്രകാരം, തുക കൈപ്പറ്റിയ താഴെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധരേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | വിന്ന ജോർജ്ജ് | 50000 |
| 2 | ഗിൽഡ പായ്വ | 50000 |
| 3 | ആരിഫ മുഹമ്മദ് | 50000 |
| 4 | സരോജിനി വാമനൻ | 50000 |
| 5 | മെറ്റിൽഡ തോമസ് | 50000 |
| 6 | ഫാത്തിമ ബാവ | 50000 |
| 7 | ട്രീസ ലോനപ്പൻ | 50000 |
| 8 | ജൂലിയറ്റ് ജേക്കബ്ബ് | 50000 |
| 9 | രാജമ്മ | 50000 |
| 10 | നസീമ ഷറഫ് | 50000 |
| 11 | സുമംഗല | 100000 |
| 12 | സമീറ അസീസ് | 100000 |
| 13 | കെ.എം. അഗസ്റ്റിൻ | 100000 |
| 14 | ചന്ദ്രിക ബാബു | 50000 |
| 15 | പ്രവീൺ | 50000 |
| 16 | കൃഷ്ണപ്രിയ | 50000 |
| 17 | രാധാകൃഷ്ണൻ | 100000 |
| 18 | ഭാസ്കരൻ | 50000 |
| 19 | മിനി ഫ്രാൻസിസ് | 100000 |
| 20 | അമ്മിണി വർഗ്ഗീസ് | 100000 |
| 21 | ജീനാമോൾ | 50000 |
| 22 | രത്നവല്ലി | 100000 |
| 23 | ഷീബ ബേബി | 100000 |
| 24 | റൂബി ഔസേഫ് | 100000 |
| 25 | അഗസ്റ്റിൻ പി.വി. | 100000 |
| 26 | സുജ പ്രതാപൻ | 100000 |
| 27 | സിബി. എം.എസ്. | 100000 |
| 28 | ജഗദമ്മ | 100000 |
| 29 | ലാൽ എം.പി. | 100000 |
| | | |

| | | |
|---|---|---|
| 30 | തങ്കമണി | 100000 |
| 31 | വിൻസി ബാബു | 50000 |
| 32 | ലീല ഫ്രാൻസിസ് | 100000 |
| 33 | ലീല പി.കെ. | 100000 |
| 34 | സുശീല സുബ്രഹ്മണ്യൻ | 50000 |
| 35 | സെബാസ്റ്റ്യൻ റ്റി.സി. | 50000 |
| ആകെ | | 26,00,000 |

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആരാഞ്ഞ് 21.11.2018ൽ നൽകിയ 126-ാം നമ്പ്ര ഓഡിറ്റ് അന്വേഷണത്തിന് യു.പി.എ.ഡി. പ്രോജക്റ്റ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ഗുണഭോക്തൃ ലിസ്റ്റ് മാത്രമാണ് ഹാജരാക്കിയത്. മതിയായ രേഖകളുടെ അഭാവത്തിൽ ക്രമ നം. 3ലെ 6,00,000/-, ക്രമനം. 4(എ)യിലെ 15,50,000/-, ക്രമ നം. 4(ബി)യിലെ 26,00,000/- എന്നിവ ചേർത്ത് ആകെ 47,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-34 കാർഷിക മേഖലയിലെ പ്രോജക്ടുകൾ - ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ ലഭ്യമായെന്ന് ഉറപ്പുവരുത്തുവാൻ സാധിക്കുന്നില്ല

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി കാർഷിക മേഖലയിൽ നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ താഴെകൊടുക്കുന്ന അപാകതകൾ കാണുന്നു.

1. എട്ട് പ്രോജക്ടുകൾക്കും കൂടി 5766620/-രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും 1975315/-രൂപ (34.25%) മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്.

| ക്രമ നം | പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | വകയിരുത്തിയ തുക | ചെലവാക്കിയ തുക | ശതമാനം |
|---|---|---|---|---|---|
| 1 | 584/18 | സമഗ്ര പച്ചക്കറി വികസനം | 400000 | 96696 | 24.17% |
| 2 | 586/18 | ഫലവൃക്ഷതൈ വിതരണം | 500000 | 73950 | 14.79% |
| 3 | 590/18 | കുറ്റികുരുമുളക് വിതരണം | 500000 | 313425 | 63% |
| 4 | 595/18 | പുഷ്പ കൃഷി വികസനം | 400000 | 101231 | 25% |
| 5 | 636/18 | കിഴങ്ങ് വർഗ്ഗ കൃഷി | 300000 | 40425 | 13.48% |
| 6 | 604/18 | ഗ്രോ ബാഗ് വിതരണം | 3000000 | 1087440 | 36.25% |
| 7 | 642/18 | തെങ്ങിൻ തൈ വിതരണം | 400000 | 28448 | 7.11% |
| 8 | സ്പിൽ ഓവർ PF S.547/18 S.753/18 | സ്പിൽ ഓവർ - ഗ്രോ ബാഗ് വിതരണം | 266620 | 233700 | 87.65% |
| ആകെ | | | 5766620 | 1975315 | 34.25% |

ടി മേഖലയിൽ പദ്ധതി വിഹിതത്തിന്റെ 34% തുക മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. കാർഷിക മേഖലയിൽ പുതുതായി നടപ്പിലാക്കാൻ സാധിക്കുന്ന പ്രോജക്ടുകളെക്കുറിച്ച് കൃത്യമായ സാധ്യതാ പഠനം നടത്തി കാർഷിക ഉൽപ്പാദന വർദ്ധനവിന് ഉണർവേകുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതും നടപ്പിലാക്കുന്ന പ്രോജക്ടുകൾ ടി മേഖലയിൽ എത്രമാത്രം പൊതുജനങ്ങൾക്ക് ഉപകാരപ്രദമായിട്ടുണ്ടെന്ന് മോണിറ്ററിംഗ് കമ്മിറ്റി വിലയിരുത്തേണ്ടതുമാണ്.

2. ഗുണഭോക്താക്കൾക്ക് തൈകൾ/വിത്തുകൾ വിതരണം ചെയ്ത ലിസ്റ്റിൽ ഏതൊക്കെ ഇനം തൈകൾ/വിത്തുകൾ എത്ര എണ്ണം വീതം വിതരണം ചെയ്തു എന്ന് രേഖപ്പെടുത്തുന്നില്ല. കൂടാതെ മാർഗ്ഗരേഖ പ്രകാരം വ്യക്തിഗതമായി നടപ്പിലാക്കേണ്ട പ്രോജക്ടുകളിൽ ഓരോ ഡിവിഷനിലെയും കൗൺസിലർ മൊത്തമായി തൈകൾ കൃഷി ഓഫീസറിൽ നിന്നും വാങ്ങി വിതരണം ചെയ്യുന്ന രീതിയാണ് തുടരുന്നത്.

മേൽ കാരണങ്ങളാൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ പൂർണ്ണമായും ലഭ്യമാകുന്നുണ്ടെന്നും ഗുണഭോക്താക്കൾക്ക് തന്നെയാണ് ആനുകൂല്യങ്ങൾ ലഭിച്ചതെന്നും ഓഡിറ്റിന് പരിശോധിക്കാൻ സാധിക്കുന്നില്ല.

3. പ്രോജക്ട് നം. എസ്.642/18 പ്രകാരം 508 ഗുണഭോക്താക്കൾക്ക് തെങ്ങിൻ തൈകൾ വിതരണം ചെയ്തതായി ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ വിതരണം ചെയ്തതിന്റെ ലിസ്റ്റിൽ 494 തെങ്ങിൻ തൈകൾ മാത്രമേ ഗുണഭോക്താക്കൾ കൈപ്പറ്റിയതായി കാണുന്നുള്ളൂ. 14 തെങ്ങിൻ തൈകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

4. പ്രോജക്ട് നം. 590/18ൽ 1393 ഗുണഭോക്താക്കൾക്ക് 3 കുരുമുളക് തൈകൾ വീതം വിതരണം ചെയ്തതായി ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ തൈകൾ വിതരണം ചെയ്ത ലിസ്റ്റ് പ്രകാരം 1371 പേർക്ക് 3 കുരുമുളക് തൈകൾ വിതരണം ചെയ്തതായേ കാണുന്നുള്ളൂ. 66 തൈകൾ (തൈക്ക് 75രൂപ വീതം 66 x 75 = 4950/- രൂപ) വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

5. പ്രോജക്ട് നമ്പർ എസ് 595/18 – പുഷ്പകൃഷി വികസനത്തിൽ 599 ഗുണഭോക്താക്കളിൽ നിന്നും 56/-രൂപ വീതം ആകെ 33544/-രൂപ ഗുണഭോക്തൃ വിഹിതമായി അടവാക്കേണ്ടതാണ്. എന്നാൽ 29950/-രൂപ മാത്രമേ അടവാക്കിയിട്ടുള്ളൂ [29750/-രൂപ (രസീത് നമ്പർ 23020തീ.27.02.18)+200/- രൂപ(രസീത് നമ്പർ 230207 തീ.13.03.2018) ]. ഗുണഭോക്തൃ വിഹിതത്തിൽ കുറവ് വന്ന 3594/-രൂപ തനത് ഫണ്ടിൽ അടവാക്കി രസീത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

മേൽ അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി നം. 74/2017-18 തീയതി. 24.09.2018 നൽകിയെങ്കിലും മറുപടിയോടൊപ്പം ഖണ്ഡിക (3), (4)-ൽ പറഞ്ഞ ഗുണഭോക്താക്കൾക്കായി അതാത് ഡിവിഷനിലെ കൗൺസിലർമാർ തൈകൾ കൈപ്പറ്റിയതിന്റെ രേഖയാണ് ഹാജരാക്കിയിരിക്കുന്നത്. വ്യക്തിഗതമായി നടപ്പിലാക്കേണ്ട പദ്ധതിയുടെ ആനുകൂല്യം കൗൺസിലർമാർ കൈപ്പറ്റിയത് ഉചിതമല്ല. ഖണ്ഡിക 5നുള്ള മറുപടിയായി ഗുണഭോക്തൃവിഹിതത്തിൽ കുറവ് വന്ന തുക നഗരസഭ ഫണ്ടിൽ അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ആയത് അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

# 3-35 മാനദണ്ഡങ്ങൾ പാലിക്കാതെ പൊതു സ്ഥലങ്ങളിലെ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് തുക ചെലവഴിക്കുന്നു

മരങ്ങൾ മുറിച്ച് മാറ്റുന്നതിന് വർഷംതോറും ഹെൽത്ത് ഇൻസ്പെക്ടർമാർ മുൻകൂർ കൈപ്പറ്റുന്ന തുകകൾ ക്രമീകരിച്ചിട്ടില്ലാത്തതും, റിപ്പോർട്ടുകൾ പൂർണ്ണമായി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതുമാണ്. കേരള മുനിസിപ്പൽ ആക്ട് വകുപ്പ് 429പ്രകാരമുള്ള ചട്ടങ്ങളും മാനദണ്ഡങ്ങളും പാലിക്കാതെയും, നികുതികൾ ഒടുക്കാതെയുമാണ് മരങ്ങൾ മുറിച്ച് നീക്കിയിരിക്കുന്നത്. ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചെങ്കിലും മരങ്ങൾ മുറിച്ച് നീക്കിയതിന് നഗരസഭ ഫണ്ടിൽ നിന്ന് പണം ചെലവഴിച്ചിട്ടുണ്ടെന്നല്ലാതെ നാളിതുവരെ ഒരു മരം പോലും ലേലം നടത്തി നഗരസഭയിൽ പണം ഒടുക്കിയിട്ടില്ല. ആയത് ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഭാഗത്തുള്ള വീഴ്ചയാണ്.

വൗച്ചർ നം. 21704813 പ്രകാരം 4.1.2018ൽ 50000/- രൂപ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. സ്റ്റാലിൻ ജോസഫിന്റെ പേരിൽ നഗരസഭ മുൻകൂർ നൽകിയിട്ടുണ്ട്. ഫയൽ നം. WZH3/1791/17 പ്രകാരം 1,27 എന്നീ വാർഡുകളിലെ 17 മരങ്ങളുടെ ചില്ലകൾ മുറിച്ച് മാറ്റിയതിന് 69500/-രൂപ ടിയാൻ ചെലവഴിച്ചിട്ടുണ്ട്. വിറക് ലേലം ചെയ്ത് നൽകാവുന്നതാണെന്ന് ഹെൽത്ത് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും ലേലം നടത്തിയതായി കാണുന്നില്ല. കൂടാതെ ഈ മരങ്ങളുടെ ശിഖരങ്ങൾ മുറിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതായോ, PWD നിരക്ക് പ്രകാരം ചെയ്തതായോ കാണുന്നില്ല.

WZH3/940/2017 പ്രകാരം മട്ടാഞ്ചേരി മേഖല ഓഫീസ് കോമ്പൗണ്ടിൽ നിൽക്കുന്ന മരം മുറിച്ച് നീക്കുവാൻ നിർദ്ദേശമുണ്ടായിട്ടും പാലിച്ചതായി കാണുന്നില്ലായെന്ന് സെക്രട്ടറി ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ മരം മറിഞ്ഞു വീണതിനു ശേഷം മുറിച്ച് മാറ്റിയപ്പോൾ 28000/- രൂപ ചെലവായിട്ടുണ്ട്. ഇവിടെയും വാല്യുവേഷൻ നടത്തിയിട്ടില്ല. മുറിച്ച് മാറ്റിയ മരം എന്തു ചെയ്തു എന്നും വ്യക്തമല്ല. സെക്രട്ടറി നിർദ്ദേശിച്ചിട്ടും യഥാസമയം മരം മുറിച്ച് നീക്കാതിരുന്ന ഉദ്യോഗസ്ഥനെതിരെ നടപടി ഒന്നും സ്വീകരിച്ചതായി ഫയലിൽ കാണുന്നില്ല.

WZH3/1409/17 ഫയൽ പ്രകാരം സർക്കിൾ 8ൽ മുറിച്ചു നീക്കിയ മരങ്ങൾ ലേലം ചെയ്യുന്നതിന് വില നിശ്ചയിച്ചു തരുവാൻ അസിസ്റ്റന്റ് ഫോറസ്ററ് കൺസർവേറ്റർക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പ് 12,371/-രൂപ വില നിശ്ചയിച്ച് നൽകിയിട്ടുള്ളതാണ്. 4.12.17ൽ ലേല നോട്ടീസ് പ്രസിദ്ധീകരിച്ചെങ്കിലും നാളിതുവരെ ലേലം നടത്തി തുക നഗരസഭയിൽ ഒടുക്കിയിട്ടില്ല. പുനർലേലം നടത്തിയിട്ടില്ല. കൂടാതെ ലേല നോട്ടീസിൽ അടവാക്കേണ്ട നികുതികൾ കാണിച്ചിട്ടില്ല. പ്രാദേശിക പരിശോധനയിൽ മുറിച്ച മരങ്ങളുടെ ഭാഗങ്ങൾ കാണാത്തതിനെകുറിച്ച് അന്വേഷിച്ചതിൽ മുറിച്ച് മരം വെട്ടുകാരൻ കൊണ്ടുപോയിട്ടുള്ളതായി അറിയിച്ചു.

മരം മുറിക്കുന്നതിന് നഗരസഭ തുക ചെലവ് ചെയ്യുന്നുണ്ടെങ്കിലും മുറിച്ച മരം ലേലം ചെയ്ത് ലേല തുക നഗരസഭയിൽ ഒടുക്കുന്നില്ല. മുറിച്ച മരങ്ങൾ ലേലം നടത്തി മതിയായ നികുതികൾ ലേലക്കാരനെക്കൊണ്ട് ഒടുക്കി ലേല തുക ഒടുക്കുവാൻ ഹെൽത്ത് ഇൻസ്പെക്ടർമാർ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

# 3-36 വിശാല കൊച്ചി വികസന അതോറിറ്റിയുടെ സ്ഥലത്ത് നഗരസഭ വികസന ഫണ്ട് ഉപയോഗിച്ച് ഹെൽത്ത് ക്ലബ് നിർമ്മിച്ചു.

| | | |
|---|---|---|
| വിഷയം | : | LIG റെസിഡൻസ് ഹെൽത്ത് ക്ലബ് - ഡിവിഷൻ 63 - പൂർത്തീകരണം - സംബന്ധിച്ച്. |
| പ്രോജക്ട് നം. | : | എസ്-1112/18 |
| ഫയൽ നം. | : | ISO/CCPC5/021292/17 |
| പ്രോജക്ട് അടങ്കൽ | : | 5,00,000 |
| | | |

| | | |
|---|---|---|
| അളവു പുസ്തകം | : | 171/2017-18 |

പശ്ചാത്തല വികസന മേഖലയിൽ ഉൾപ്പെടുത്തി എസ്-1112/18-ാം നമ്പരായി നടപ്പാക്കിയ ഹെൽത്ത് ക്ലബ് പൂർത്തീകരണം എന്ന പ്രോജക്ട് നഗരസഭ 2017-18 കാലയളവിൽ നടപ്പിലാക്കിയിട്ടുള്ളതാണ്. ഈ പ്രവൃത്തി നടപ്പിലാക്കിയ സ്ഥലവും കെട്ടിടവും കൊച്ചി കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ളതല്ല വിശാല കൊച്ചി വികസന അതോറിറ്റിയുടെ LIG പാർപ്പിട സമുച്ചയത്തിലാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയ ഹെൽത്ത് ക്ലബ് എന്ന കെട്ടിടം സ്ഥിതി ചെയ്യുന്നത്. ജി.സി.ഡി.എ യുടെ സ്ഥലത്ത് പ്രോജക്ട് നടപ്പാക്കുവാനുണ്ടായ സാഹചര്യം വ്യക്തമല്ല. നഗരസഭ ഹെൽത്ത് ക്ലബ് നവീകരണം നടപ്പിലാക്കിയ സ്ഥലവും കെട്ടിടവും ജി.സി.ഡി.എ നഗരസഭയ്ക്ക് വിട്ടുനൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 71/24.09.2018 നുള്ള മറുപടി ഹാജരാക്കിയിട്ടില്ല. കൂടാതെ പ്രോജക്ട് വിവരങ്ങൾ ഫയലിനോടൊപ്പം നൽകിയിട്ടില്ല. വിശദീകരണത്തിന്റെ അഭാവത്തിൽ ഈ പ്രവൃത്തിക്കുവേണ്ടി വിനിയോഗിച്ച 5,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-37 വൈപ്പിൻ - ഫോർട്ട് കൊച്ചി റോ -റോ ജങ്കാർ നിർമ്മാണം - മാനദണ്ഡങ്ങൾ പാലിച്ചില്ല

ഫയൽ നം. FCE1 – 1441/14

പശ്ചിമ കൊച്ചിയുടെ ജലഗതാഗത പ്രതിസന്ധി പരിഹരിക്കുന്നതിന് വേണ്ടി 'മിഷൻ കൊച്ചി' പദ്ധതിയിൽ ഉൾപ്പെടുത്തി വൈപ്പിൻ - ഫോർട്ട് കൊച്ചി റൂട്ടിൽ റോ-റോ (Roll On – Roll Off) യാനങ്ങൾ സർവ്വീസ് ആരംഭിക്കുന്നതിന് 25.09.2014ലെ 5-ാം നമ്പർ തീരുമാനം കൊച്ചി നഗരസഭ കൗൺസിൽ കൈക്കൊണ്ടിരുന്നു. റോ - റോ ഫെറി യാനങ്ങളുടെ നിർമ്മാണ പ്രവൃത്തിക്കാവശ്യമായ പദ്ധതി രേഖയും അടങ്കലും തയ്യാറാക്കി സമർപ്പിക്കുന്നതിന് കൊച്ചിൻ ഷിപ്പ് യാർഡിനെ ചുമതലപ്പെടുത്തുകയും തുടർന്ന് 23.12.2014ലെ 1-ാം നമ്പർ തീരുമാന പ്രകാരം റോ - റോ നിർമ്മിക്കുന്ന പ്രവൃത്തി കൊച്ചിൻ ഷിപ്പ് യാർഡിന് നൽകുകയും ചെയ്തു. 3.80 കോടി രൂപ വിലവരുന്ന രണ്ട് റോ-റോ യാനങ്ങൾ (സേതു സാഗർ 1,2)നിർമ്മിക്കുന്നതിനാണ് കരാർ. കൂടാതെ ഇതേ റൂട്ടിൽ 150 യാത്രക്കാർക്ക് സഞ്ചരിക്കാവുന്ന ഡബിൾ എഞ്ചിൻ ഫെറി ബോട്ട് - ഓപ്പൺ ഡെസ്ക്ക് വെസൽ വാട്ടർ ടൈറ്റ് ഡെക്ക് (ഫോർട്ട് ക്യൂൻ)നിർമ്മിക്കുന്നതിന് 24.02.2016ലെ 4-ാം നമ്പർ തീരുമാന പ്രകാരം കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡിനെ (KSINC) ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ആയതിലേക്ക് 13.04.2016ൽ 1,68,00,000/-രൂപ നഗരസഭ KSINC യ്ക്ക് നൽകിയിട്ടുള്ളതാണ്. ബാക്കി തുകയായ 8,40,000/-രൂപ 2016-17 പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയിട്ടുള്ളതാണ്. റോ - റോ ജങ്കാർ ജെട്ടി ഫോർട്ട് കൊച്ചിയിലും വൈപ്പിനിലും നിർമ്മിക്കുന്നതിന് 7.14 കോടി രൂപ ചെലവ് വരുന്ന പദ്ധതിയ്ക്കായി കൊച്ചിൻ പോർട്ട് ട്രസ്റ്റുമായി കരാർ വച്ചിട്ടുള്ളതും ആയതിലേക്ക് 5 കോടി രൂപ 16.01.2016ൽ നൽകിയിട്ടുള്ളതുമാണ്.

കേരള മുനിസിപ്പാലിറ്റി (പൊതു മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങൾ 1997 ചട്ടം 8(2) പ്രകാരം 70 ലക്ഷത്തിനു മേൽ ചെലവു വരുന്ന പ്രവൃത്തികൾക്ക് പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിക്കേണ്ടതാണ്. 2012ലെ പരിഷ്കരിച്ച കേരള പൊതു മരാമത്ത് വകുപ്പ് മാനുവൽ സെക്ഷൻ 2004 പ്രകാരം 5 കോടിയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടറുകൾ നിർബന്ധമായി വിളിക്കേണ്ടതാണ്. പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിക്കാതെ റോ - റോ പദ്ധതിയുടെ വിവിധ നിർമ്മാണ പ്രവൃത്തികൾ കൊച്ചിൻ ഷിപ്പിയാർഡ്, KSINC എന്നീ സ്ഥാപനങ്ങളെ ഏൽപ്പിക്കുവാനുണ്ടായ സാഹചര്യം അന്വേഷിച്ച് നൽകിയ 109ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ ഷിപ്പ് നിർമ്മാണത്തിൽ ഏറ്റവും പരിചയമുള്ള കേന്ദ്ര സർക്കാർ സ്ഥാപനമായ കൊച്ചിൻ ഷിപ്പ് യാർഡിനെ റോ-റോ നിർമ്മാണത്തിന് ഉചിതമെന്ന് 23-12-2014 ലെ ഒന്നാം നമ്പർ കൗൺസിൽ തീരുമാനിക്കുകയും, ആയതിന് 2.2.2015 ലെ സർക്കാർ ഉത്തരവ് (സാധ)നമ്പർ 333/2015/ത.സ്വ.ഭ.വ പ്രകാരം അംഗീകാരം ലഭിച്ചുവെന്നും അറിയിച്ചു. റോ-റോ, KSINC നിർമ്മിച്ച ബോട്ട് എന്നിവയുടെ നടത്തിപ്പ് ചുമതല KSINC യെയാണ് ഏൽപ്പിച്ചിട്ടുള്ളത്. ഇവയുടെ AMC ഏർപ്പെടുത്തിയിട്ടില്ല.

ടെണ്ടർ ക്ഷണിക്കാത്തതിനാൽ മത്സര സ്വഭാവം നഷ്ടപ്പെടുകയും ഇതിലും കുറഞ്ഞ തുകയ്ക്ക് റോ-റോ, ബോട്ട് എന്നിവയുടെ നിർമ്മാണം സാധ്യമാകുമോ എന്ന് പരിശോധിക്കുവാനുള്ള അവസരം നഷ്ടപ്പെടുകയും ചെയ്തു.

# 3-38 ലീസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ചെറുതും വലുതുമായ നിരവധി പ്ലോട്ടുകൾ ലീസിന് നൽകിയിട്ടുള്ളതാണ്. കണയന്നൂർ താലൂക്കിൽ രവിപുരത്ത് എറണാകുളം വില്ലേജിൽ സർവ്വേ നം. 950/5ൽ ഉൾപ്പെട്ടതും ആലപ്പാട്ട് ക്രോസ് റോഡിന്റെ കിഴക്ക് ഭാഗത്ത് റെയിൽ ലൈനിനോട് ചേർന്ന് കിടക്കുന്നതുമായ 7.40 സെന്റ് സ്ഥലം 30 വർഷത്തേയ്ക്ക് ലീസിന് നൽകുവാൻ 12.01.1994ലെ 44-ാം നമ്പർ തീരുമാനപ്രകാരം നഗരസഭ കൗൺസിൽ തീരുമാനിച്ചിട്ടുള്ളതാണ്. ഒരു സെന്റ് സ്ഥലത്തിന് 26,000 രൂപ വിപണി വില നിശ്ചയിച്ച് 7.40 സെന്റ് സ്ഥലത്തിന്റെ വിലയായ 1,92,400 രൂപ നഗരസഭയിൽ ഡെപ്പോസിറ്റ് ചെയ്യേണ്ടതും പ്രതിവർഷം 600 രൂപ ലീസ് തുകയായി ഒടുക്കേണ്ടതുമാണ് എന്നതാണ് പ്രധാന കരാർ വ്യവസ്ഥ. ആയത് പ്രകാരം എ. ശ്രീവാസൻ, എം.ഡി., മണികണ്ഠൻ ഓട്ടോ മൊബൈൽസ് എന്നയാൾ 21.01.1994ൽ 1,92,400 രൂപ നഗരസഭയിൽ അടവാക്കിയിട്ടുണ്ട്. ആയതിന്റെ കരാർ, ഫയൽ, മറ്റ് രേഖകൾ എന്നിവ പരിശോധനയ്ക്ക് ആവശ്യപ്പെട്ടിട്ടും നഗരസഭ ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.110/8.11.2018). നഗരസഭ ലീസിന് നൽകിയിട്ടുള്ള മറ്റ് സ്ഥലങ്ങളുടെയും ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും ഇത് സംബന്ധിച്ചുള്ള ഫയൽ ലഭ്യമല്ലയെന്നുള്ള മറുപടിയാണ് ലഭിച്ചത്. ലീസ് രജിസ്റ്റർ നഗരസഭ സൂക്ഷിക്കുന്നില്ല. മണികണ്ഠൻ ഓട്ടോ മൊബൈൽസ് എന്ന സ്ഥാപനം നഗരസഭ പാട്ടത്തിന് നൽകിയ വസ്തുവിൽ 4 നിലകളുള്ള 887.60എം$^2$ വാണിജ്യവിഭാഗത്തിൽ ഉൾപ്പെട്ട കെട്ടിടം പണിതിട്ടുള്ളതാണ്. ഈ കെട്ടിടം നഗരസഭ അസസ്സ് ചെയ്ത് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളതാണ്. 61/2433 മുതൽ 61/2437വരെയുള്ള നമ്പരുകളുള്ള കെട്ടിടങ്ങളാണിവ. ആയത് ശ്രീ. എ. ശ്രീനിവാസൻ എന്നയാളുടെ പേരിൽ അസ്സസ് ചെയ്തത് 2018-19 ഒന്നാം പാദം വരെ വസ്തു നികുതിയും ലൈബ്രറി സെസും നഗരസഭ ഈടാക്കിയിട്ടുണ്ട്. കൂടാതെ 7.2.2017ൽ 9 വർഷത്തെ ലീസ് തുകയായ 5400രൂപ നഗരസഭയിൽ ഒടുക്കിയിട്ടുണ്ട് (ഡി.ഡി. നം. 520806 തീയതി. 7.2.2017, കാനറാ ബാങ്ക്). മേൽ സ്ഥലം ലീസിന് നൽകിയത് സംബന്ധിച്ച ഫയൽ നഗരസഭയിൽ ഇല്ലായെന്നും ലീസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ലായെന്നും ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ അറിയിച്ചു. ലീസ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ലീസിന് നല്കിയിട്ടുള്ള

സ്ഥലങ്ങളുടെ വിവരവും തുടർനടപടികളും നിരീക്ഷിക്കുന്നതിന് സാധിക്കുന്നില്ല. ഇത് നഗരസഭയുടെ സ്ഥലങ്ങൾ അന്യാധീനപ്പെടുന്നതിന് ഇടയാക്കും.

# 3-39 പുതിയ ഓഫീസ് കെട്ടിട നിർമ്മാണപ്രവൃത്തിയിൽ കാലതാമസം

കൊച്ചി കോർപറേഷൻ മറൈൻ ഡ്രൈവിൽ പുതിയ ഓഫീസ് കെട്ടിടം നിർമിക്കുന്നതിനായി 2004 ലെ ഷെഡ്യൂൾ നിരക്ക് പ്രകാരം തയാറാക്കിയ 12.70 കോടി രൂപയുടെ എസ്റ്റിമേറ്റിന് 20.07.2005 ൽ ടി എസ് ജി 11/110/05 നമ്പരായി സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളതാണ്. എസ്റ്റിമേറ്റ് നിരക്കിനെക്കാൾ 8.5% അധിക നിരക്കിൽ ശ്രീ പി. കെ രാമചന്ദ്രൻ എന്നയാൾക്കാണ് കരാർ ലഭിച്ചത്. 04.04.2006 ലെ കരാർ പ്രകാരം 03.12.2007 നകം പൂർത്തീകരിക്കേണ്ട പ്രവൃത്തിക്ക് 17.04.2006 ൽ വർക്ക് ഓർഡർ നൽകിയിരുന്നു. എസ്റ്റിമേറ്റിൽ നിന്ന് വ്യതിചലിച്ച് കൂടുതൽ പ്രവൃത്തി ചെയ്യേണ്ടി വന്നതുമൂലമുള്ള തർക്കത്താൽ കരാറുകാരൻ നിർമാണ പ്രവത്തികൾ നിർത്തിവച്ചു. കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദചയ്ത് റീ ടെണ്ടർ ചെയ്യുന്നതിന് കൗൺസിൽ തീരുമാനിച്ചെങ്കിലും ബഹു. ഹൈക്കോടതി വിധിയെത്തുടർന്ന് 2004 ലെ നിരക്കിലും 80 % അധിക നിരക്കിൽ ഇതേ കരാറുകാരനെക്കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കുവാൻ സർക്കാർ തീരുമാനിച്ചു. കരാറുകാരന് ഇത് സ്വീകാര്യമല്ലാതിരുന്നതിനെ തുടർന്ന് സർക്കാർ തലത്തിൽ തീരുമാനമെടുത്ത്, ശേഷിക്കുന്ന പ്രവൃത്തികൾ 2012 ലെ ഷെഡ്യൂൾ നിരക്കിനെക്കാൾ 25% അധിക നിരക്കിൽ (ശേഷിക്കുന്ന പ്രവൃത്തികളുടെ അനുമതി തുക – 18,70,37,013 രൂപ) ഇതേ കരാറുകാരനെക്കൊണ്ട് ചെയ്യിക്കാൻ തീരുമാനിച്ച് സർക്കാർ ഉത്തരവായി.{സ.ഉ.(സാ)1411/2015/ത.സ്വ.ഭ.വ തി. 13.05.2015}.

ആദ്യ എസ്റ്റിമേറ്റിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിരുന്നു.

- യഥാർത്ഥത്തിൽ ആവശ്യമുള്ള കമ്പിയുടെ അളവ് ഉൾപ്പെടുത്തിയിരുന്നില്ല.
- പ്ലാസ്റ്ററിംഗ്, ആവശ്യത്തിനുള്ള അളവ് ഉൾപ്പെടുത്തിയിരുന്നില്ല.
- ചില കോൺക്രീറ്റിംഗ് ഇനങ്ങൾക്കുള്ള അളവ് കണക്കാക്കിയതിൽ തെറ്റ് സംഭവിച്ചിരുന്നു.
- ഫൗണ്ടേഷനിൽ മണ്ണ് നിറയ്ക്കുന്നതിനുള്ള നിരക്ക് കണക്കാക്കിയതിൽ പിശകുണ്ടായിരുന്നു.

ഇവ പരിഹരിച്ചും സാധാരണ പെയിന്റിംഗിന് പകരം പ്ലാസ്റ്റിക് എമൽഷൻ ഉൾപ്പെടുത്തിയും വിട്രിഫൈഡ് ടൈൽ ഫ്ലോറിംഗ് ഉൾപ്പെടുത്തിയും എസ്റ്റിമേറ്റ് പരിഷ്കരിച്ചു. ഇതനുസരിച്ച് 25,94,57,471 രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് (കരാർ പ്രകാരം 2012 ലെ നിരക്കിന്മേൽ 25% വർദ്ധനവ് വരുത്തിയ തുക) 24.10.2016 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ട്. തദ്ദേശ ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ, പുതുക്കിയ എസ്റ്റിമേറ്റ് പരിശോധിച്ച് ശേഷിക്കുന്ന പ്രവൃത്തികൾക്ക് 24,71,21,894 രൂപയുടെ അനുമതിക്കായി 30.01.2018 ൽ ഡി.ബി 2-6515/2010/സി.ഇ/ത.സ്വ.ഭ.വ നമ്പരിൽ സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. ആയതിന് സ.ഉ.(സാധാ) നം.1817/2018/ ത.സ്വ.ഭ.വ , തി. 03.07.2018 പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അളവുപുസ്തകപ്രകാരം നാളിതുവരെ 14,03,63,255 രൂപയുടെ പണികളേ നടത്തിയിട്ടുള്ളൂ. 9 പാർട്ട് ബില്ലുകളിലായി 11,53,99,736 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റിൽ, കെട്ടിടത്തിനാവശ്യമായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് ,ഇന്റീരിയർ ഫർണിഷിംഗ് എന്നിവയുടെ കണക്കുകൾ ഉൾപ്പെട്ടിട്ടില്ല.ഇവയുടെ എസ്റ്റിമേറ്റ് തയാറാക്കിയിട്ടുമില്ല. 12.70 കോടി രൂപ ചെലവഴിച്ച് 03.12.2007 നകം പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തിക്ക് നാളിതുവരെ 11,53,99,736 രൂപ ചെലവഴിച്ചിട്ടും 60 % പോലും പണി പൂർത്തീകരിച്ചിട്ടില്ല. ശരിയായി എസ്റ്റിമേറ്റ് തയാറാക്കാതെ പണി ആരംഭിച്ചതും കോർപറേഷന്റെ കെടുകാര്യസ്ഥതയുമാണ് ഈ ദുരവസ്ഥയ്ക്ക് കാരണം.

# 3-40 സൂപ്പറാനുവേഷനുശേഷവും സേവനത്തിൽ തുടർന്നു

**(എ)** 18.06.2005ൽ കണ്ടിജന്റ് വർക്കറായി സേവനത്തിൽ പ്രവേശിച്ച ശ്രീ.സി.വി.ബാബുവിന്റെ ജനനത്തീയതി 1.7.1957 ആണ്. ആയതിനാൽ ടിയാൻ സേവനത്തിൽ നിന്നും വിരമിക്കേണ്ടത് 30.06.2017 ആണ്. എന്നാൽ ടിയാൻ വിരമിച്ചത് 31.07.2017 ൽ മാത്രമാണ്. ആയതിനാൽ ടിയാൾക്ക് ഒരു മാസത്തെ വേതനം അധികമായി അനുവദിച്ചിട്ടുണ്ട്. ഈ തുക ടിയാൻ സേവനത്തിൽ തുടരുന്നതിന് കാരണക്കാരായ, കൊച്ചി മുനിസിപ്പൽ കോർപറേഷൻ സെക്രട്ടറിയുടെ 28.12.2015 തീയതിയിലെ ISO/PD1/15240/12 നമ്പർ നടപടിക്രമത്തിലൂടെ ചുമതലകൾ ഏൽപിച്ചിട്ടുള്ള, ജൂൺ 2017ൽ ചുമതലയിലുള്ള എം.ഒ.എച്ച്16 സെക്ഷൻ ക്ലാർക്ക്, സൂപ്രണ്ട് 3, ഹെൽത്ത് ഓഫീസർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

സർക്കാർ ഉത്തരവ് (എം.എസ്)നം.153/2007/ത.സ്വ.ഭ.വ. തീയതി.7.6.2007 പ്രാബല്യം 1.7.2004 പ്രകാരം. നിലവിൽ അനുവദിച്ചിട്ടുള്ള സിക്ക് ലീവ് സമ്പ്രദായം അവസാനിപ്പിച്ച് നഗരസഭ കണ്ടിജന്റ് ജീവനക്കാർക്കും കെ.എസ്.ആർ. ലെ ബന്ധപ്പെട്ട ചട്ടങ്ങൾക്ക് അനുസൃതമായി അർദ്ധവേതനാവധി, ഉത്തരവ് തീയതി മുതൽ ബാധകമാക്കിയിട്ടുണ്ട്. ആയതിനാൽ 7.6.2007 ന ശേഷം സിക്ക് ലീവ് അനുവദനീയമല്ല. എന്നാൽ സേവനപുസ്തകത്തിലെ ലീവ് അക്കൗണ്ട് പ്രകാരം 7.6.2007 മുതൽ 20.07.2007 വരെയുള്ള കാലയളവിൽ ടിയാന് 18 ദിവസം സിക്ക് ലീവ് അനുവദിച്ച് നൽകി. വിരമിക്കൽ തീയതിക്ക് ശേഷവും ഒരു മാസം അധിക സേവനം ചെയ്യാനിടയായതിന്റെ കാരണവും ലീവ് അനുവദിച്ച് നൽകിയതിലെ അപാകതക്ക് വിശദീകരണവും ആവശ്യപ്പെട്ട് 141/27.11.2018 നമ്പർ ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

**(ബി)** 24.09.1982ൽ കണ്ടിജന്റ് വർക്കറായി സേവനത്തിൽ പ്രവേശിച്ച ശ്രീ.രവീന്ദ്രൻപിള്ളയുടെ ജനനത്തീയതി 1.6.1958 ആണ്. ആയതിനാൽ ടിയാൻ സേവനത്തിൽ നിന്നും വിരമിക്കേണ്ടത് 31.05.2018 ആണ്. എന്നാൽ ടിയാൻ വിരമിച്ചത് 30.06.2018 ൽ മാത്രമാണ്. ആയതിനാൽ ടിയാന് ഒരു മാസത്തെ വേതനം അധികമായി അനുവദിച്ചിട്ടുണ്ട്. ഈ തുക ടിയാൻ സേവനത്തിൽ തുടരുന്നതിന് കാരണക്കാരായ, മേൽനോട്ട ചുമതലയുള്ള കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 28.12.2015തീയതിയിലെ ISO/PD1/15240/12 നമ്പർ നടപടിക്രമത്തിലൂടെ ചുമതലകൾ ഏൽപ്പിക്കപ്പെട്ടിട്ടുള്ള എം.ഒ.എച്ച്16 സെക്ഷൻ ക്ലാർക്ക്, സൂപ്രണ്ട് 3, ഹെൽത്ത് ഓഫീസർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. വിരമിക്കൽ തീയതിക്ക് ശേഷവും ഒരു മാസം അധികസേവനം ചെയ്യാൻ ഇടയായതിന്റെ കാരണം ആരാഞ്ഞ് 11.12.2018തീയതിയിൽ നൽകിയ 147/11.12.2018 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

**(സി)** 23.10.2017 ൽ കണ്ടിജന്റ് സേവനത്തിൽ പ്രവേശിച്ച കുമാരി.റോസി.കെ.ജെ., സാനിട്ടേഷൻ വർക്കറുടെ സേവനപുസ്തകത്തിൽ ജനനതീയതി രേഖപ്പെടുത്തിയിരിക്കുന്നത് 5.2.1958 എന്നാണ്. എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ നിന്നും ഹാജരാക്കിയിട്ടുള്ള സർട്ടിഫിക്കറ്റിലെ ജനനതീയതി 30.1.1958 ആണ്. എന്നാൽ ആയതിൽ രേഖപ്പെടുത്തിയിട്ടുള്ള ബാപ്റ്റിസം തീയതിയായ 5.2.1958 ആണ് സേവനപുസ്തകത്തിൽ ജനനതീയതിയായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ 31.1.2018 ൽ സർവ്വീസിൽ നിന്നും

വിരമിക്കേണ്ടതിനു പകരമായി 28.2.18 ലാണ് ജീവനക്കാരി വിരമിച്ചിട്ടുള്ളത്. ഇക്കാര്യം രേഖാമൂലം ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരു മാസം അധികമായി കൈപ്പറ്റിയ വേതനം തിരികെ ഈടാക്കുന്നതാണ് എന്ന് ഹെൽത്ത് ഓഫീസർ 29.8.18 തീയതിയിൽ ISO/MOH-18/3753/18 നമ്പർ കത്തിനുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഒരു മാസം കൂടുതൽ ഇവർ ജോലി ചെയ്തിട്ടുള്ളതിനാൽ വേതനത്തിന് അർഹതയുള്ളതും ആ തുക തിരികെ ഈടാക്കാവുന്നതുമല്ല. ഈ തുക സേവനപുസ്തകത്തിൽ ജനനത്തീയതി തെറ്റായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയ 23.10.2007 തീയതിയിൽ ചുമതലയിലുള്ള എം.ഒ.എച്ച്18 സെക്ഷൻ ക്ലാർക്ക്, സൂപ്രണ്ട് 3, ഹെൽത്ത് ഓഫീസർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് 26.11.2018ൽ നൽകിയ 138-ം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് കുമാരി.റോസി.കെ.ജെ., സാനിട്ടേഷൻ വർക്കർ 02/2018ൽ കൈപ്പറ്റിയ ശമ്പള വിവരം ലഭ്യമാക്കിയത് പ്രകാരം, ടിയാൾ കൈപ്പറ്റിയ 22055രൂപ എം.ഒ.എച്ച്18 സെക്ഷൻ ക്ലാർക്ക്, സൂപ്രണ്ട് 3, ഹെൽത്ത് ഓഫീസർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

# 3-41 അധിക ശമ്പളം അനുവദിച്ചതുവഴി നഗരസഭയ്ക്ക് നഷ്ടം

(എ) നഗരസഭയിലെ സൂപ്രണ്ട് ശ്രീ. എസ്.കെ. പങ്കജാക്ഷന്റെ സേവനപുസ്തകം 28 കൊല്ലമായിട്ടും ഓഡിറ്റിന്റെ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ലാത്തതായിരുന്നു. ഓഡിറ്റ് വേളയിൽ സേവനപുസ്തകം പരിശോധിച്ചതിൽ ടിയാന് 24.07.2011ൽ 22 വർഷത്തെ ഗ്രേഡ് അനുവദിച്ചപ്പോൾ സൂപ്രണ്ടിന്റെ ശമ്പള സ്കെയിലിന് തുല്യമായ ഹയർ ഗ്രേഡിൽ ശമ്പളം നിർണ്ണയിച്ചിരുന്നു. എന്നാൽ 20.12.2012ൽ സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭിച്ചപ്പോൾ വീണ്ടും ആ തസ്തികയിൽ ശമ്പള നിർണ്ണയം നടത്തിയതു വഴി രണ്ട് അധിക ഇൻക്രിമെന്റുകൾ അനുവദിച്ചു. കൂടാതെ 27 വർഷത്തെ ഹയർ ഗ്രേഡ് അനുവദിച്ചപ്പോൾ ഒരു അധിക ഇൻക്രിമെന്റും നൽകി. മേൽ അപാകതകൾ പരിഹരിക്കുന്നതിനും ഡ്യൂ ഡ്രോൺ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി അധികം വാങ്ങിയ ശമ്പളം തിരികെ ഈടാക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നഗരസഭ തയ്യാറാക്കിയ ഡ്യൂ ഡ്രോൺ സ്റ്റേറ്റ്മെന്റ് പ്രകാരം 97514രൂപ അധികം ശമ്പളം ശ്രീ. എസ്.കെ. പങ്കജാക്ഷൻ കൈപ്പറ്റിയതായി കണ്ടെത്തിയിട്ടുണ്ട്. ആയത് ടിയാനിൽ നിന്നും ഈടാക്കേണ്ടതാണ്.

(ബി) കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നും 31.07.2018ൽ വിരമിച്ച സൂപ്രണ്ട് ശ്രീ. സുധീർ ടി.ടി. യുടെ സേവനപുസ്തകം പരിശോധിച്ചതിൽ ശമ്പള നിർണ്ണയം നടത്തിയതിൽ അപാകത കാണുന്നു. ടിയാൻ സൂപ്രണ്ടായി പ്രൊമോഷൻ ലഭിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ശമ്പള നിർണ്ണയം നടത്തിയ ഉത്തരവിൽ 01.01.2014ലെ ശമ്പളം 20240/-രൂപയായി നിജപ്പെടുത്തി ആയതിന്റെ രേഖപ്പെടുത്തലുകൾ സേവനപുസ്തകത്തിൽ (വാല്യം II പേജ് 15-ൽ) വരുത്തിയിട്ടുണ്ട്. അടുത്ത ഇൻക്രിമെന്റ് തീയതിയായ 01.01.2015ൽ ശമ്പളം 20740/-രൂപയായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സേവനപുസ്തകത്തിലെ പേജ് 16ൽ 01.01.2014 മുതൽ ടിയാന്റെ ശമ്പളം 20240/- ന് പകരം 20740/- എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. നവംബർ 2014 മുതൽക്കുള്ള ശമ്പള സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ജനുവരി 2015 മുതൽ 20740/-ന് പകരം 21240/- രൂപ ശമ്പളം നൽകിയിട്ടുണ്ട്.

ഇത്തരത്തിൽ ശമ്പള നിർണ്ണയത്തിൽ ഉണ്ടായ അപാകതമൂലം 01.01.2015 മുതൽ 31.07.2018 വരെ അധികം നൽകിയ 53,272/- രൂപ ടിയാനിൽ നിന്നും തിരിച്ചു പിടിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. 2014 ശമ്പള പരിഷ്കരണ കുടിശ്ശികയും കാലാകാലങ്ങളിൽ അനുവദിച്ചിട്ടുള്ള ഡിഎ കുടിശ്ശികയും ടിയാന് നൽകിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിന് നഗരസഭയ്ക്ക് 15.12.2018 തീയതിയിൽ നം. കെ.എസ്.എ-കെ.സി.സി (എസ്-4) 1074/2018 കത്ത് നൽകിയിട്ടുള്ളതാണ്. എന്നാൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

# 3-42 മാലിന്യ ശേഖരണത്തിനായുള്ള കവചിത വാഹനങ്ങളിലേക്ക് ഡ്രൈവർമാരെ സപ്ലൈ ചെയ്യൽ - അപാകതകൾ

*(ഫയൽ നമ്പർ.MOH.4/ 029480 / 2014)*

കൊച്ചി നഗരസഭയിലെ മാലിന്യശേഖരണത്തിനായുള്ള കവചിത വാഹനങ്ങളിലേക്കുള്ള ഡ്രൈവർമാരെ സപ്ലൈ ചെയ്യുന്നതിനായി ശ്രീ.ജുനൈദ് എന്ന ആളുമായി 2015 ജനവരി 20 ന് കരാറിൽ ഏർപ്പെട്ടിരുന്നു. ഇതിന്റെ കാലാവധി 2016 മാർച്ച് 31 ന് അവസാനിച്ചു. 2016-17 വർഷത്തിലേക്ക് ഈ ആവശ്യത്തിലേക്കായുള്ള ടെണ്ടർ, നിയമസഭാ തെരഞ്ഞെടുപ്പുമൂലം വൈകിയതിനാൽ നിലവിലെ കരാറുകാരനെത്തന്നെ തുടരുന്നതിന് മേയർ മുൻകൂർ അനുമതി നൽകുകയും ആയത് 25.07.2016 ലെ 61-ം നമ്പർ തീരുമാനപ്രകാരം കൗൺസിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ തീരുമാനം അനുസരിച്ച് 2016 ഏപ്രിൽ ഒന്നിന് കരാർ പുതുക്കിയിട്ടുണ്ട്. ഈ കരാറിന് പുതിയ ടെണ്ടർ നിലവിൽ വരുന്ന തീയതി വരെ കാലാവധി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 2016-17, 2017-18 വർഷങ്ങളിൽ ഈ കരാറുകാരൻ തന്നെയാണ് ഡ്രൈവർമാരെ സപ്ലൈ ചെയ്യുന്നത്. എന്നാൽ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം കഴിഞ്ഞിട്ടും, ചീഫ് ഇലക്ടറൽ ഓഫീസറുടെ 13.04.2016 ലെ 1080 (1191) / EL.4 / 2016/Elec. നമ്പർ കത്ത് പ്രകാരം ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതിന് അനുമതി ലഭ്യമായിട്ടും , ടെണ്ടർ നടപടിപടികൾ പൂർത്തീകരിക്കാതെ നിലവിലെ കരാറുകാരനെ തന്നെ രണ്ടുവർഷമായി തുടരാനനുവദിച്ചത് ക്രമ വിരുദ്ധമാണ്.

നഗരസഭയുടെ, ഡ്രൈവർമാർ ഇല്ലാത്ത വാഹനങ്ങളിൽ ഡ്രൈവർമാരെ നിയമിക്കേണ്ടത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ആണ് എന്നിരിക്കെ ഡ്രൈവർമാരെ സപ്ലൈ ചെയ്യുന്നതിന് കരാർ നൽകിയ നടപടി ക്രമവിരുദ്ധമാണ്. ദിവസവേതന / കരാർ അടിസ്ഥാനത്തിലുള്ള നിയമനങ്ങൾക്ക് അനുവദിക്കേണ്ട ദിവസ/കരാർ വേതനം 01.04.2016, 01.04.2017എന്നീ തീയതികൾ പ്രാബല്യത്തിൽ പുതുക്കി നിശ്ചയിച്ചുകൊണ്ട് യഥാക്രമം GO(P) 28/2016/Fin/ 26.02.2016, GO(P)56/2017/Fin/ 28.04.2017 ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവുകൾ പ്രകാരം ഡ്രൈവർക്ക് അനുവദനീയമായ ദിവസവേതനം യഥാക്രമം 650/-രൂപ , 685/-രൂപ എന്നിങ്ങനെയാണ്. എന്നാൽ ഡ്രൈവർമാരെ സപ്ലൈ ചെയ്യുന്നതിന് നൽകിവരുന്ന ദിവസവേതനം LDV ഡ്രൈവർക്ക് 665/- രൂപ, HDV ഡ്രൈവർക്ക് 765/-രൂപ, JCB ഡ്രൈവർക്ക് 910/-രൂപ എന്നീ നിരക്കുകളിലാണ്. ദിവസവേതന അടിസ്ഥാനത്തിൽ ഡ്രൈവർമാരെ നിയമിച്ചിരുന്നെങ്കിൽ ഡ്രൈവർ വേതനം ഇനത്തിൽ നഗരസഭ ഫണ്ടിൽ നിന്നുള്ള ചെലവ് കുറയ്ക്കാമായിരുന്നു. എന്നു മാത്രമല്ല ഡ്രൈവർമാർ നഗരസഭയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ആയതിനാൽ കൂടുതൽ ഉത്തരവാദിത്വത്തോടെ വാഹനങ്ങൾ പരിപാലിക്കുക കൂടി ചെയ്യുമായിരുന്നു. കരാറുകാരൻ സപ്ലൈചെയ്യുന്ന ഡ്രൈവർമാരിൽ നഗരസഭയ്ക്കുള്ള നിയന്ത്രണം പരിമിതമാണ്. ഡ്രൈവർമാരെ സപ്ലൈ ചെയ്തതിന് 2017-18 വർഷത്തിൽ ശ്രീ.ജുനൈദ് എന്ന ആൾക്ക് ഇതുവരെ നൽകിയിട്ടുള്ള തുക താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 01.04.2017-30.04.2017 | 3,56,441/- | Ch.No. |
| 01.05.2017 – 31.05.2017 | 3,63,139/- | Ch.No.495050/01.07.2017 |
| 01.06.2017-30.06.2017 | 3,63,854/- | Ch.No.097226/31.7.2017 |
| 01.07.2017-31.07.2017 | 3,41,775/- | Ch.No.686011/29.8.2017 |
| 01.08.2017- | 3,50,903/- | Ch.No.686334/4.10.2017 |

| | | |
|---|---|---|
| 31.08.2017 | | |
| 01.09.2017-30.09.2017 | 3,59,704/- | Ch.No.686534/23.10.2017 |
| 01.10.2017-31.10.2017 | 3,65,991/- | Ch.No.98758/6.12.2017 |
| 01.11.2017-30.11.2017 | 3,96,136/- | Ch.No.98780/22.12.2017 |
| 01.12.2017-31.12.2017 | 3,67,970/- | Ch.No.413124/30.01.2018 |
| ആകെ | 32,65,913/- | |

മേൽ പരാമർശങ്ങൾക്ക് സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് 16.03.2018ൽ 8-ാം നമ്പർ ആയി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

# 3-43 കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ അംഗീകാരത്തിനായി രേഖകൾ ലഭ്യമാക്കുന്നതിലും പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിലും കാലതാമസം.

ഓഡിറ്റ് കാലയളവിൽ ഈ ഓഫീസിൽ നിന്നും പെൻഷൻ വെരിഫിക്കേഷൻ റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുള്ള കണ്ടിജന്റ് ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്തത് സംബന്ധിച്ച് വിശദവിവരങ്ങൾ ആവശ്യപ്പെട്ടിരുന്നു. ലഭ്യമാക്കിയ മറുപടി പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടായിട്ടുള്ളതായി കാണുന്നു. വിരമിച്ച തീയതിക്ക് ശേഷം വളരെ താമസിച്ചാണ് പെൻഷൻ ആനുകൂല്യങ്ങൾ അംഗീകരിക്കുന്നതിനായി രേഖകൾ ഓഡിറ്റിന് സമർപ്പിക്കുന്നത്. വെരിഫിക്കേഷൻ റിപ്പോർട്ട് പുറപ്പെടുവിച്ചതിന് ശേഷവും ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുന്നു.ഇതിന്റെ ഫലമായി ഒരു ജീവനക്കാരൻ വിരമിക്കുമ്പോൾതന്നെ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ഇത് തടസ്സമാകുന്നു. വിശദവിവരങ്ങൾ താഴെ പട്ടികപ്പെടുത്തുന്നു.

| ക്രമ നം. | പേര് | വിരമിച്ച/ മരിച്ച തീയതി | പെൻഷൻ അംഗീകാരത്തിനായി ലഭിച്ച തീയതി | വെരിഫിക്കേഷൻ റിപ്പോർട്ട് അംഗീകരിച്ച തീയതി | പെൻഷൻ ആനുകൂല്യങ്ങൾ നൽകിയ തീയതി | വെരിഫിക്കേഷൻ റിപ്പോർട്ട് അംഗീകരിച്ച നൽകി കഴിഞ്ഞ് ആനുകൂല്യങ്ങൾ നൽകുവാനുണ്ടായ കാലതാമസം |
|---|---|---|---|---|---|---|
| 1 | കുമാരി പളനി | 30.10.16 | 01.04.17 | 18.05.17 | 07.05.18 | 1 വർഷം |
| 2 | കെ. ആർ. അജയൻ | 30.11.16 | 24.10.17 | 24.10.17 | 26.10.18 | 1 വർഷം |
| 3 | എ. സരസമ്മ | 31.12.17 | 10.11.17 | 13.11.17 | 28.11.18 | 1 വർഷം |
| 4 | എം.എസ്. സുരേഷ് കുമാർ | 30.09.16 | 16.11.17 | 17.11.17 | 04.12.18 | 1 വർഷം |
| 5 | റ്റി.വി. മേരി | 30.12.16 | 01.04.17 | 18.05.17 | 08.08.17 | 3 മാസം |
| 6 | പി.വി. ഗോപി | 30.06.17 | 28.09.17 | 28.09.17 | 15.12.17 | 3 മാസം |
| 7 | റ്റി.റ്റി. ജോയി | 31.10.16 | 12.10.17 | 13.10.17 | 07.03.18 | 5 മാസം |
| 8 | കെ.കെ. ചിന്നപ്പൻ (മരണപ്പെട്ടു) | 25.05.14 | 23.10.17 | 30.10.17 | 12.03.18 | 5 മാസം |
| 9 | പി.ജെ. സെബാസ്റ്റ്യൻ | 31.01.17 | 07.11.17 | 13.11.17 | 14.02.18 | 3 മാസം |
| 10 | വർഗ്ഗീസ് മത്തായി | 31.05.17 | 08.11.17 | 13.11.17 | 06.03.18 | 4മാസം |
| 11 | എം.ഡി. തോമസ് | 31.01.16 | 25.11.17 | 25.11.17 | 05.03.18 | 3 1/2 മാസം |
| 12 | കെ.കെ. ജയ | 30.06.17 | 25.11.17 | 05.12.17 | 07.03.18 | 3 മാസം |
| 13 | നാരായണൻ സുധ | 31.12.16 | 28.11.17 | 05.12.17 | 06.03.18 | 3 മാസം |

| | | | | | | |
|---|---|---|---|---|---|---|
| 14 | റ്റി.ഒ. ജോർജ്ജ് (മരണപ്പെട്ടു) | 03.12.14 | 07.12.17 | 07.12.17 | 22.03.18 | 3 1/2 മാസം |
| 15 | കെ.കെ. അർജ്ജുനൻ | 31.07.17 | 22.12.17 | 22.12.17 | 05.03.18 | 3 മാസം |
| 16 | എസ്. രമേഷ് | 31.07.17 | 22.12.17 | 23.12.17 | 05.03.18 | 3 മാസം |
| 17 | രാജൻ കുമാരി | 28.02.17 | 12.02.18 | 15.07.18 | 27.02.18 | 7 മാസം |
| 18 | പി.റ്റി. സേവ്യർ | 31.01.18 | 02.06.18 | 02.06.18 | 26.09.18 | 3 1/2 മാസം |
| 19 | ആന്റണി ഫ്രാൻസിസ് (മരണപ്പെട്ടു) | 28.12.16 | 28.06.18 | 29.06.18 | 27.09.18 | 3 മാസം |
| 20 | വി.പി. ജോസഫ് | 26.06.16 | 28.06.18 | 29.06.18 | 26.09.18 | 3 മാസം |
| 21 | റ്റി.എ. മേരി | 31.07.15 | 28.06.18 | 29.06.18 | 27.09.18 | 3 മാസം |
| 22 | എൻ.എസ്. നാരായണൻ | 30.11.17 | 28.06.18 | 29.06.18 | 27.09.18 | 3 മാസം |
| 23 | എ.റ്റി. വർഗ്ഗീസ് | 31.10.17 | 28.06.18 | 29.06.18 | 27.09.18 | 3 മാസം |
| 24 | ലക്ഷ്മി ചിന്നാൾ | 15.09.16 | 28.06.18 | 30.06.18 | 27.09.18 | 3 മാസം |
| 25 | ശ്രീധരൻ മണി | 31.12.17 | 28.06.18 | 30.06.18 | 27.09.18 | 3 മാസം |

മേൽ സൂചിപ്പിച്ച ജീവനക്കാരിൽ പലരുടെയും പെൻഷൻ പേപ്പറുകൾ വിരമിച്ച് വർഷങ്ങൾ കഴിഞ്ഞാണ് അംഗീകാരത്തിനായി ഓഡിറ്റിൽ സമർപ്പിക്കുന്നത്. (ക്രമ നം. 2, 3, 4, 7, 8, 11, 14, 17, 19, 20, 21, 24, കാണുക). ഇത് നഗരസഭയുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ച്ചയാണ്. കേരള സർവ്വീസ് ചട്ടങ്ങൾ പാർട്ട് 3, ചട്ടം 114, 115 എന്നിവ അനുസരിച്ച് ജീവനക്കരുടെ പെൻഷൻ ആനുകൂല്യങ്ങൾ താമസം കൂടാതെ നൽകുന്നതിന് ജീവനക്കരൻ വിരമിക്കുന്നതിന് ഒരു വർഷം മുമ്പായിത്തന്നെ പെൻഷൻ പേപ്പറുകൾ ഓഫീസ് മേധാവി തയ്യാറാക്കേണ്ടതും ആയത് ഓഡിറ്റിന് അയച്ചു കൊടുക്കേണ്ടതുമാണ്. ചട്ടം ഇതായിരിക്കെ കൊച്ചി നഗരസഭയിൽ നിന്നും വിരമിക്കുന്ന കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ പെൻഷൻ പേപ്പറുകൾ അംഗീകാരത്തിനായി ഈ ഓഫീസിൽ ലഭ്യമാക്കുന്നതിൽ വളരെയധികം കാലതാമസമുണ്ടാക്കുന്നു. കാലതാമസം ഒഴിവാക്കുന്നത് സംബന്ധിച്ച് സ്വികരിക്കേണ്ട നടപടികൾ ഈ ഓഫിസിൽ നിന്നും കെ.എസ്.എ.കെ.സി.സി.(എസ്.6)813/2016 തീയതി 29.09.2016, കെ.എസ്.എ-കെ.സി.സി.(എസ്.6) 98/2017 തീയതി 10.02.2017പ്രകാരം രണ്ട് കത്തുകൾ അയച്ചെങ്കിലും കത്തിലെ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതും, പെൻഷൻ രേഖകൾ സമയബന്ധിതമായി ഓഡിറ്റിൽ സമർപ്പിക്കേണ്ടതുമാണ്.

<u>കോടതി വിധിയുടെ അടിസ്ഥാനത്തിൽ പെൻഷൻ ആനുകൂല്യം നൽകിയത് - വക്കീൽ ഫീസിനത്തിൽ നഗരസഭയ്ക്ക് അധികചെലവ്</u>

2017-18 സാമ്പത്തിക വർഷം കണ്ടിജന്റ് ജീവനക്കാർക്ക് കോടതി വിധിയുടെ അടിസ്ഥാനത്തിൽ പെൻഷൻ ആനുകൂല്യങ്ങലൾ ലഭിച്ചവരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരുടെ പേര് |
|---|---|
| 1 | എം.ജെ. ജോർജ്ജ് |
| 2 | എൻ.പി. ജോബ് |
| 3 | എ.കെ. ഗിരിജ |
| 4 | കെ.ആർ. അജയൻ |
| 5 | എം.എസ്. സുരേഷ് ബാബു |
| 6 | കെ എ. കാർത്തികേയൻ |
| 7 | പോൾ അന്ന |
| 8 | ദാമോദരൻ വിക്രമൻ |
| 9 | പി.സി. മേബിൾ |
| 10 | എസ്. രാജൻ |

| | |
|---|---|
| 11 | കെ.വി. ദിവാകരൻ |
| 12 | പി.റ്റി. അശോകൻ |
| 13 | എൻ. വിശ്വനാഥൻ |
| 14 | എൻ.ഒ. ഗോപി |
| 15 | കുപ്പമ്മനാച്ചിമുത്തു |
| 16 | കെ.വി. ജോയി |

കേസ്സിന്റെ നടത്തിപ്പിനായി നഗരസഭ ഫണ്ടിൽ നിന്നും വക്കീൽ ഫീസ് ഉൾപ്പടെ ചിലവായ തുകകളുടെ വിശദവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കണമെന്ന് ആവശ്യപ്പെട്ട് 29/10/2018ന് ഓഡിറ്റ് എൻക്വയറി നം.102/2017-18 നൽകിയ മറുപടിയിൽ ഇതുവരെ വക്കീൽ ഫീസ് നൽകിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. പെൻഷൻ പ്രമാണങ്ങൾ യഥാസമയം തയ്യാറാക്കാത്തതിനാലാണ് വിരമിച്ച ജീവനക്കാർ കോടതിയെ സമീപിച്ചത്. ആയതിനാൽ ഈയിനത്തിൽ ചെലവുണ്ടാകുന്നമുറയ്ക്ക് ബാദ്ധ്യത നിർണ്ണയിച്ച് ഉത്തരവാദികളായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-44 റെഗുലർ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കുന്നില്ല

നഗരസഭയിലെ റെഗുലർ ജീവനക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നത് 1996ലെ കേരള മുനിസിപ്പാലിറ്റി എംപ്ലോയീസ് DCR ബെനിഫിറ്റ് റൂൾസ് പ്രകാരമാണ്. ഇതനുസരിച്ച് നഗരസഭ സെക്രട്ടറി ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കേണ്ടതാണ്. (ചട്ടം 8). പെൻഷൻ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ തുക നഗരകാര്യ ഡയറക്ടർ ബന്ധപ്പെട്ട നഗരസഭയ്ക്ക് അനുവദിക്കേണ്ടതുമാണ്. (ചട്ടം 9).

കൊച്ചി നഗരസഭയിൽ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ശമ്പള ബില്ലിൽ കണക്കാക്കുന്ന തുകകൾ സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കാതെ നഗരസഭ ഫണ്ടിൽ തന്നെ നിലനിർത്തുകയും പെൻഷൻ ആനുകൂല്യങ്ങൾ ഇതിൽ നിന്നും നേരിട്ട് വിതരണം ചെയ്യുകയും ചെയ്യുന്നു. 04/2016നു ശേഷം പെൻഷൻ കോൺട്രിബ്യൂഷൻ സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കിയിട്ടില്ല. 8.3.2018ൽ 19,63,35,382രൂപ നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും നഗരസഭയ്ക്ക് പെൻഷൻ ആനുകൂല്യ വിതരണത്തിനായി ലഭിച്ചിട്ടുണ്ട്. ടി തുക SBI അക്കൗണ്ട് നം. 33430200347ൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. 30.3.2018ൽ ടി അക്കൗണ്ടിൽ 17,07,32,017.5 രൂപ നീക്കിയിരിപ്പുണ്ട്. 9.10.2018ൽ നഗരകാര്യ ഡയറക്ടർക്കയച്ച കത്ത് നം. ISO/MOA8/18430/91(3) പ്രകാരം 65,44,51,274 രൂപ നഗരസഭയ്ക്ക് നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും ലഭിക്കുവാനുണ്ട്. ഇതിൽ നിന്നും നഗരസഭ അടവാക്കാനുള്ള പെൻഷൻ കോൺട്രിബ്യൂഷൻ തുക കിഴിച്ച് ബാക്കി തുക അനുവദിക്കണം എന്ന് അപേക്ഷിച്ചാണ് കത്ത് നൽകിയിട്ടുള്ളത്.

നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും ലഭിക്കുവാനുള്ള തുക ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 3-45 പങ്കാളിത്ത പെൻഷൻ

(എ) <u>റഗുലർ ജീവനക്കാർ</u>

01.04.2013ന് ശേഷം സേവനത്തിൽ പ്രവേശിച്ച 110 റഗുലർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ വിഹിതം ശമ്പളത്തിൽ നിന്നും ഈടാക്കി ഇതിനായി സിൻഡിക്കേറ്റ് ബാങ്കിൽ അക്കൗണ്ട് നം. 43002140000210 ൽ അടവാക്കുന്നു. ഇതിൽ 84 പേർക്ക് മാത്രമാണ് PRAN അംഗത്വം എടുത്തിട്ടുള്ളത്. അക്കൗണ്ട്സ് വിഭാഗത്തിൽ നിന്നും വിവിധ വകുപ്പ് മേധാവികൾക്ക് കത്ത് നൽകിയിരുന്നുവെങ്കിലും നടപടി ഉണ്ടായിട്ടില്ല. ഇനിയും PRAN അംഗത്വം എടുത്തിട്ടില്ലാത്ത എല്ലാ ജീവനക്കാർക്കും അംഗത്വം എടുക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**(ബി) <u>കണ്ടിജന്റ് ജീവനക്കാർ</u>**

- **പെൻഷൻ വിഹിതം എൻ.പി.എസ്. അക്കൗണ്ടിൽ അടവാക്കുന്നതിൽ കാലതാമസം**

സർക്കാർ ഉത്തരവ് (അച്ചടി) 20/2013/ധന / 07.01.2013-ാം നമ്പർ ഉത്തരവ് അനുസരിച്ച് 01.04.2013 മുതൽ സേവനത്തിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് നാഷണൽ പെൻഷൻ സിസ്റ്റം (എൻ.പി.എസ്.) പ്രകാരമുള്ള കോൺട്രിബ്യൂട്ടറി പെൻഷൻ ആണ് ബാധകമായിട്ടുള്ളത്. 01.04.2013 മുതൽ സേവനത്തിൽ പ്രവേശിച്ച കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ വിഹിതം ശമ്പളത്തിൽ നിന്നും ഈടാക്കുന്നുണ്ടെങ്കിലും ഈ തുക എൻ.പി.എസ്. അക്കൗണ്ടിൽ യഥാസമയം അടവാക്കുന്നില്ല.

പങ്കാളിത്ത പെൻഷൻ ബാധകമായ 295 കണ്ടിജന്റ് ജീവനക്കാർ നഗരസഭയിൽ ജോലിചെയ്യുന്നുണ്ട്. സർക്കിൾ തിരിച്ചുള്ള ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെൽത്ത് സർക്കിൾ (പടിഞ്ഞാറൻ മേഖല) | പങ്കാളിത്ത പെൻഷൻ ജീവനക്കാരുടെ എണ്ണം | ഹെൽത്ത് സർക്കിൾ (കിഴക്കൻ മേഖല) | പങ്കാളിത്ത പെൻഷൻ ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 16 | 11 | 08 |
| 2 | 14 | 12 | 14 |
| 3 | 14 | 13 | 17 |

| | | | |
|---|---|---|---|
| 4 | 25 | 14 | 07 |
| 5 | 12 | 15 | 07 |
| 6 | 10 | 16 | 14 |
| 7 | 08 | 17 | 29 |
| 8 | 14 | 18 | 27 |
| 9 | 06 | 19 | 20 |
| 10 | 06 | 20 | 15 |
| | | 21 | 05 |
| | | 22 | 07 |
| ആകെ | 125 | ആകെ | 170 |

ഈ ജീവനക്കാരിൽ നിന്നും 2017-18 സാമ്പത്തിക വർഷം 53,88,488 രൂപ പെൻഷൻ വിഹിതമായി ഈടാക്കിയിട്ടുണ്ട്. ജീവനക്കാരുടെ വിഹിതവും നഗരസഭ വിഹിതവും ചേർത്ത് എൻ.പി.എസ് അക്കൗണ്ടിൽ യഥാസമയം അടവാക്കാത്തതിനാൽ, പെൻഷൻ ഫണ്ടിന്റെ ഗ്രോത്ത് ജീവനക്കാർക്ക് ലഭിക്കാതെ പോവുകയും പെൻഷൻ ആനുകൂല്യങ്ങളിൽ കുറവ് വരുന്ന അവസ്ഥ ഉണ്ടാവുകയും ചെയ്യും. 2015 നവംബർ മുതൽ 2018 ഏപ്രിൽ വരെ എൻ.പി.എസ്. അക്കൗണ്ടിൽ 51 ജീവനക്കാരുടെ വിഹിതമായി 18,69,424രൂപ അടവാക്കിയിട്ടുണ്ട്.

- <u>PRAN എടുക്കുന്നതിൽ കാലതാമസം</u>

01.04.2013 ന് ശേഷം നിയമനം ലഭിച്ച കണ്ടിജന്റ് ജീവനക്കാർക്ക് PRAN (Permanent Retirement Account Number) എടുക്കേണ്ടതുണ്ട്. 03.04.2013 ലെ സ.ഉ.(പി) നം.149/2013/ ഫിൻ. പ്രകാരം, 01.04.2013 നോ അതിന് ശേഷമോ നിയമനം ലഭിച്ച കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ വിഹിതവും നഗരസഭ വിഹിതവും ചേർത്ത് എൻ.പി.എസ്. അക്കൗണ്ടിൽ അടവാക്കേണ്ടതാണ്. നിലവിൽ 119 പേരാണ് PRAN എടുത്തിട്ടുള്ളത്. അവരുടെ സർക്കിൾ തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **ഹെൽത്ത് സർക്കിൾ (പടിഞ്ഞാറൻ മേഖല)** | **പങ്കാളിത്ത പെൻഷൻ ജീവനക്കാരുടെ എണ്ണം** | **ഹെൽത്ത് സർക്കിൾ (കിഴക്കൻ മേഖല)** | **പങ്കാളിത്ത പെൻഷൻ ജീവനക്കാരുടെ എണ്ണം** |
|---|---|---|---|
| 1 | 03 | 11 | 01 |
| 2 | 02 | 12 | 05 |
| 3 | 01 | 13 | 07 |
| 4 | 16 | 14 | 05 |
| 5 | 01 | 15 | 06 |
| 6 | 03 | 16 | 13 |
| 7 | 01 | 17 | 16 |
| 8 | 01 | 18 | 10 |
| 9 | 0 | 19 | 10 |
| 10 | 0 | 20 | 12 |
| | | 21 | 04 |
| | | 22 | 02 |
| ആകെ | 28 | ആകെ | 91 |

120 അപേക്ഷകൾ ലഭിച്ചതിൽ അപേക്ഷയുടെ "മാതൃക" മാറിയതിനാൽ പുതിയ മാതൃകയിൽ അപേക്ഷിക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്.

- <u>സ്ഥാപന സോഫ്റ്റ് വെയറിൽ വിവരങ്ങൾ അപ് ലോഡ് ചെയ്യുന്നതിൽ കാലതാമസം</u>

ഐ.കെ.എം. വികസിപ്പിച്ചിട്ടുള്ള സ്ഥാപന സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ വിവരങ്ങൾ സൂക്ഷിക്കുന്നത്. പടിഞ്ഞാറൻ മേഖലയിലുള്ള കണ്ടിജന്റ് ജീവനക്കാരുടെ ഡേറ്റാ സ്ഥാപനയിൽ അപ്‌ലോഡ് ചെയ്യിട്ടില്ലാത്തതിനാൽ 1 മുതൽ 10 വരെയുള്ള സർക്കിളുകളിലെ ജീവനക്കാരിൽ PRAN എടുത്തിട്ടുള്ളവരുടെ റിക്കവറി തുക എൻ.പി.എസ് ൽ അടവാക്കാൻ കഴിഞ്ഞിട്ടില്ല. ഇത് സംബന്ധിച്ച് അക്കൗണ്ട്സ് വിഭാഗത്തിൽ നിന്നും ഹെൽത്ത് ഓഫീസർക്ക് കുറിപ്പ് നൽകിയിട്ടുണ്ടെങ്കിലും നടപടി ഉണ്ടായിട്ടില്ല.

കിഴക്കൻ മേഖലയിലുള്ള 91 ജീവനക്കാരിൽ 51 പേരുടെ റിക്കവറി തുക എൻ.പി.എസ്. അക്കൗണ്ടിൽ അടവാക്കി വരുന്നു. ബാക്കിയുള്ള 40 പേരുടെ PRAN 2018 സെപ്റ്റംബറിൽ ലഭിച്ചിട്ടുണ്ടെങ്കിലും സോഫ്റ്റ്‌വെയറിലെ അപാകത കാരണം കുടിശ്ശിക സഹിതമുള്ള റിക്കവറി തുക എൻ.പി.എസ്. ലേക്ക് അടവാക്കാൻ കഴിഞ്ഞിട്ടില്ല.

- <u>വിരമിച്ച ജീവനക്കാർക്ക് ആനുകൂല്യം ലഭിച്ചിട്ടില്ല</u>

01.04.2013ന് ശേഷം സേവനത്തിൽ പ്രവേശിച്ച കണ്ടിജന്റ് ജീവനക്കാരിൽ 5 പേർ വിരമിച്ചു. ഇവരിൽ 3 പേർ വിരമിച്ചതിനു ശേഷമാണ് PRAN നുള്ള അപേക്ഷ നൽകിയത്. ആയതിനാൽ 3 പേരുടെയും PRAN അപേക്ഷ എൻ.പി.എസ്. ൽ നിന്നും നിരസിച്ചതായി നഗരസഭയെ അറിയിച്ചിട്ടുണ്ട്. മറ്റ് രണ്ട് പേർക്ക് PRAN അംഗത്വം ഉണ്ടെങ്കിലും സോഫ്റ്റ്‌വെയറിലെ അപാകത കാരണം റിക്കവറി തുക എൻ.പി.എസ്. അക്കൗണ്ടിലേക്ക് അടവാക്കിയിട്ടില്ല.

പങ്കാളിത്ത പെൻഷൻ ഇനത്തിലുള്ള റിക്കവറി കൃത്യമായി എൻ.പി.എസ്. അക്കൗണ്ടിൽ അടവാക്കേണ്ടതാണ്. PRAN അംഗത്വം എടുക്കാത്ത ജീവനക്കാർക്ക് അടിയന്തിരമായി അംഗത്വം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സ്ഥാപന സോഫ്റ്റ്വെയറിൽ വിവരങ്ങൾ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്. വിരമിച്ച ജീവനക്കാരുടെ കാര്യത്തിൽ സർക്കാർ നിർദ്ദേശമനുസരിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

# 3-46 കണ്ടിജന്റ് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് സൂക്ഷിപ്പിലെ അപാകതകൾ- തുക നൽകുന്നതിൽ കാലതാമസം

നഗരസഭയിൽ നിന്നും വിരമിച്ചതോ,സേവനത്തിൽ തുടരവെ മരണമടഞ്ഞതോ ആയ കണ്ടിജന്റ് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് തീർപ്പാക്കിയതുമായി ബന്ധപ്പെട്ട് ഫയലുകൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

(എ) <u>വിരമിച്ച/മരിച്ച ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് തുക നൽകുന്നതിൽ കാലതാമസം</u>

വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | ജീവനക്കാരുടെ പേര് | വിരമിച്ച/ മരിച്ച തീയതി | Closureന് അപേക്ഷ സമർപ്പിച്ച തീയതി | നഗരസഭാ ഡയറക്ടർക്ക് അയച്ച തീയതി | ജീവനക്കാർക്ക് ചെക്ക് നൽകിയ തീയതി | അപേക്ഷ നൽകിയതും തുക ലഭ്യമായതും തമ്മിലുള്ള കാലതാമസം |
|---|---|---|---|---|---|---|
| 1 | പി.സി. മേബിൾ | 30.11.15 | 29.6.15 | 9.8.17 | 25.7.18 | 3 വർഷവും 1 മാസവും |
| 2 | നാരായണൻ സുധ | 31.12.16 | 22.6.16 | 10.7.17 | 5.2.18 | 1വർഷവും 7 മാസവും |
| 3 | കെ.എ. ഗോപി | 27.7.16 | 30.7.16 | 24.12.16 | 12.2.18 | 1 വർഷവും 7 മാസവും |
| 4 | പി.ജെ. ജോസ് | 31.5.15 | 21.1.17 | 21.3.17 | 5.2.18 | 2 വർഷവും 9 മാസവും |
| 5 | കെ.കെ. ബാബു | 31.9.14 | 22.3.13 | 5.7.14 | 5.2.18 | 5 വർഷവും 0 മാസവും |
| 6 | ആർ. അപ്പുക്കുട്ടൻ | 30.6.16 | 7.1.16 | 19.3.16 | 5.2.18 | 2 വർഷവും 9 മാസവും |
| 7 | റ്റി. പുഷ്കരൻ | 31.7.16 | 4.6.15 | 11.11.15 | 3.2.18 | 2വർഷവും 7 മാസവും |
| 8 | എൻ.പി. ജോബ് | 31.5.16 | 3.6.15 | 21.1.16 | 6.2.18 | 2 വർഷവും 9 മാസവും |
| 9 | വർഗ്ഗീസ് കുഞ്ഞപ്പൻ | 30.6.13 | 9.1.13 | 29.3.14 | 12.2.18 | 5 വർഷവും 1 മാസവും |
| 10 | കെ എസ്. സുബ്രമണ്യൻ | 6.8.15 | 10.12.15 | 5.4.16 | 1.2.18 | 3 വർഷവും 2 മാസവും |
| 11 | എ.സി. ഹരിയപ്പൻ | 27.8.11 | 4.5.17 | 3.6.17 | 28.2.18 | 2 വർഷവും 9 മാസവും |
| 12 | എം.എ. ഉർമ്മീസ് | 1.4.13 | 26.2.14 | 5.7.14 | 9.2.18 | 4 വർഷവും 0 മാസവും |
| 13 | സുകുമാരൻ ചന്ദ്രിക | 28.2.17 | 25.8.16 | 29.3.17 | 5.2.18 | 1 വർഷവും 6 മാസവും |
| 14 | കെ. എം. ആന്റണി | 30.11.14 | 25.6.14 | 24.11.15 | 6.2.18 | 3 വർഷവും 8 മാസവും |
| 15 | വള്ളിയമ്മാൾ | 30.4.17 | 25.11.16 | 8.3.17 | 16.2.18 | 1 വർഷവും 3 മാസവും |

| | | | | | | |
|---|---|---|---|---|---|---|
| 16 | എസ്. മുരളി | 30.4.15 | 30.6.14 | 7.12.15 | 7.2.18 | 3 വർഷവും 7 മാസവും |
| 17 | വി.പി. ജോസഫ് | 26.6.16 | 29.12.16 | 4.3.17 | 17.2.18 | 1 വർഷവും 2 മാസവും |
| 18 | കെ. വി. സണ്ണി | 31.3.16 | 24.6.16 | 1.7.17 | 6.2.18 | 1 വർഷവും 8 മാസവും |
| 19 | പോൾ അന്ന | 31.8.15 | 16.6.14 | 7.12.15 | 5.2.18 | 3 വർഷവും 8 മാസവും |
| 20 | വർഗ്ഗീസ് മത്തായി | 31.5.17 | 4.7.16 | 3.3.17 | 5.2.18 | 1 വർഷവും 7 മാസവും |
| 21 | പുരുഷോത്തമൻ | 28.2.15 | 19.9.14 | 24.11.15 | 19.2.18 | 3 വർഷവും 5 മാസവും |
| 22 | പി.സി. കുഞ്ഞപ്പൻ | 28.12.13 | 22.8.14 | 20.8.15 | 12.2.18 | 3 വർഷവും 6 മാസവും |
| 23 | കെ.കെ. സുകുമാരൻ | 31.12.16 | 27.7.16 | 4.4.17 | 6.2.18 | 1 വർഷവും 7 മാസവും |
| 24 | റ്റി.യു. സ്റ്റാലിൻ | 31.5.17 | 14.11.16 | 19.12.16 | 5.2.18 | 1 വർഷവും 3 മാസവും |
| 25 | എ. കലേശൻ | 30.4.15 | 16.7.14 | 21.1.18 | 17.2.18 | 3 വർഷവും 7 മാസവും |
| 26 | എസ്. എ. ശിവദാസൻ | 28.2.13 | 15.11.12 | 4.3.14 | 21.2.18 | 5 വർഷവും 3 മാസവും |
| 27 | എം.വി. ഫ്രാൻസിസ് | 26.4.11 | 21.3.13 | 6.2.15 | 22.2.18 | 4 വർഷവും 11മാസവും |
| 28 | കെ. പി. രാജപ്പൻ | 30.4.15 | 20.10.14 | 21.1.16 | 15.3.18 | 3 വർഷവും 5 മാസവും |
| 29 | റ്റി.റ്റി. ജോയ് | 31.10.16 | 9.3.16 | 25.8.17 | 15.3.18 | 2 വർഷവും 0 മാസവും |
| 30 | എം.എം. തങ്കപ്പൻ | 30.9.15 | 21.5.15 | 16.8.17 | 15.3.18 | 2 വർഷവും 10മാസവും |
| 31 | എ.കെ. ഗിരിജ | 31.5.16 | 2.11.15 | 14.8.17 | 9.3.18 | 2 വർഷവും 4 മാസവും |
| 32 | എം.സി. ഗോപാലൻ | 30.6.13 | 27.12.12 | 28.3.14 | 20.6.18 | 5 വർഷവും 6 മാസവും |
| 33 | കെ.വി. ശിശുപാലൻ | 28.2.12 | 17.11.16 | 14.2.17 | 22.6.18 | 1 വർഷവും 7 മാസവും |
| 34 | കെ.വി. ജോയി | 31.1.16 | 12.3.15 | 7.7.17 | 27.2.18 | 2 വർഷവും 3 മാസവും |

കൊച്ചി നഗരസഭയിൽ നിന്നും പ്രോവിഡന്റ് ഫണ്ട് അവസാനിപ്പിക്കുന്നതിനായി അയക്കുന്ന കത്തുകൾ എല്ലാം തന്നെ പ്രോവിഡന്റ് ഫണ്ട് റിക്കവറി നടത്തിയതിലെ അപാകത, അരിയർ രേഖപ്പെടുത്തിയതിലെ അപാകത എന്നിങ്ങനെ പല കാരണങ്ങളാൽ നഗരസഭാ ഡയറക്ടറേറ്റിൽ നിന്നും മടക്കി അയക്കുന്നത് പതിവാണ്. അപേക്ഷകൾ തയ്യാറാക്കുമ്പോൾ ശ്രദ്ധാപൂർവ്വം തയ്യാറാക്കാത്തതുകൊണ്ടാണ് പ്രോവിഡന്റ് ഫണ്ട് തുകകൾ യഥാസമയം അതിന്റെ അവകാശികൾക്ക് ലഭിക്കാൻ തടസ്സമാകുന്നത്. ശമ്പള ബില്ല് തയ്യാറാക്കുമ്പോൾ എച്ച്.എം.മാർക്ക് പറ്റിയ പിഴവാകാം എന്ന സ്ഥിരം കാരണങ്ങൾ തന്നെയാണ് മറുപടിയിൽ അറിയിക്കുന്നത്. ഇക്കാരണത്താൽ പല തവണ നഗരസഭാ ഡയറക്ടറേറ്റിൽ നിന്നും അപേക്ഷ മടക്കിഅയക്കുന്നു. ഇതാണ് അപേക്ഷകൾ സ്വീകരിച്ച് വർഷങ്ങൾ കഴിഞ്ഞ് തുകൾ വിതരണം ചെയ്യുവാനുള്ള പ്രധാന കാരണം. ഇതിനു പുറമെ ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ പ്രോവിഡന്റ് ഫണ്ട് തുകകൾ കൈമാറിയ കേസ്സുകൾ പലതുണ്ട്.

കേരള മുനിസിപ്പൽ പെൻഷണബിൾ എംപ്ലോയീസ് സെൻട്രൽ പ്രോവിഡന്റ് ഫണ്ട് റൂൾസ് 1981 ലെ റൂൾ 26(2) പ്രകാരം സർവ്വീസിലിരിക്കെ മരണമടഞ്ഞ ജീവനക്കാരുടെ അപേക്ഷ സ്വീകരിച്ച് 14 ദിവസത്തിനുള്ളിൽ പ്രോവിഡന്റ് ഫണ്ട് തീർപ്പാക്കുന്നതിനായി നഗരസഭാ ഡയറക്ടർക്ക് അയച്ചുകൊടുക്കേണ്ടതാണ്. എന്നാൽ അപേക്ഷകൾ സ്വീകരിച്ച് ഒരു വർഷം കഴിഞ്ഞതിനു ശേഷമാണ് പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട് അവസാനിപ്പിക്കുന്നതിനായി നഗരസഭാ ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുള്ളത്. ഇത് നഗരസഭയുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. ഇതിനുള്ള വിശദീകരണം ഉടൻ ലഭ്യമാക്കേണ്ടതാണ്.

**(ബി) ശമ്പള പരിഷ്കരണ കുടിശ്ശികയും ഡി.എ. കുടിശ്ശികയും അനുവദിച്ചു നൽകിയിട്ടില്ല.**

പെൻഷൻ പറ്റിയ കണ്ടിജന്റ് ജീവനക്കാർക്ക് അവർക്ക് ലഭിക്കേണ്ടതായ ശംബള പരിഷ്കരണ കുടിശ്ശികയും ഡി.എ. കുടിശ്ശികയും യഥാസമയം അനുവദിച്ചു നൽകിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേര് | അവസാനമായി ഡി.എ. അരിയർ ക്രഡിറ്റ് ചെയ്ത വിവരം (ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്) | അവസാനമായി ശമ്പള പരിഷ്കരണ കുടിശ്ശിക നൽകിയത് (ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്) |
|---|---|---|---|
| 1 | കെ.പി. രാജപ്പൻ | രേഖപ്പെടുത്തിയിട്ടില്ല | 2001-02 |
| 2 | റ്റി.റ്റി.ജോയ് | 2008-09 | രേഖപ്പെടുത്തിയിട്ടില്ല |
| 3 | എം.എം.തങ്കപ്പൻ | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |
| 4 | എ.കെ. ഗിരിജ | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |
| 5 | കെ.ആർ. പ്രകാശൻ | 2008-09 | 1995-96,2001-02 |
| 6 | എ.റ്റി. വർഗ്ഗീസ് | രേഖപ്പെടുത്തിയിട്ടില്ല | 1995-96,2001-02 |
| 7 | വി.വി. അശോകൻ | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |
| 8 | എം.സി. ഗോപാലൻ | 2009-10 | 2001-02 |
| 9 | കെ.വി. ശിശുപാലൻ | രേഖപ്പേടുത്തിയിട്ടില്ല | 1995-96,2001-02 |
| 10 | പീറ്റർ ലോപ്പസ് | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |
| 11 | കെ.വി. ജോയി | 2008-09 | 1995-96,2001-02 |
| 12 | നാരയണൻ സുധ | രേഖപ്പെടുത്തിയിട്ടില്ല | 1995-96,2001-02 |
| 13 | സി.കെ. രാജൻ | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |
| 14 | സുകുമാരൻ | 2008-09 | 1995-96,2001-02 |
| 15 | കെ.എ. കാർത്തികേയൻ | 2009-10 | രേഖപ്പെടുത്തിയിട്ടില്ല |
| 16 | പി.ജെ. ജോസ് | 2008-09 | 1995-96,2001-02 |
| 17 | കെ.കെ. അർജ്ജുനൻ | 2008-09 | രേഖപ്പെടുത്തിയിട്ടില്ല |
| 18 | ഗോപി (മരണമടഞ്ഞ) | 2008-09 | 1995-96,2001-02 |
| 19 | പി.വി. നടരാജൻ | 2008-09 | രേഖപ്പെടുത്തിയിട്ടില്ല |
| 20 | കെ.കെ. ബാബു | 2008-09 | 1995-96,2001-02 |
| 21 | ആർ അപ്പുക്കുട്ടൻ | 2008-09 | 2001-02 |
| 22 | പുഷ്കരൻ | രേഖപ്പെടുത്തിയിട്ടില്ല | 1995-96,2001-02, 2012-13 |
| 23 | വർഗ്ഗീസ് കുഞ്ഞപ്പൻ | 2008-09,2009-10 | 1995-96,2001-02 |
| 24 | എൻ.പി. ജോബ് | 1995-96,2008-09 | രേഖപ്പെടുത്തിയിട്ടില്ല |
| 25 | കെ.എസ്. സുബ്രമണ്യൻ (മരണമടഞ്ഞ) | 2008-09,2012-13 | രേഖപ്പെടുത്തിയിട്ടില്ല |
| 26 | എ.സി. ഹരിയപ്പൻ | 2008-09 | 1995-96,2001-02 |
| 27 | എം.എ. ഉർമ്മീസ് | 1995-96,2001-02, | രേഖപ്പെടുത്തിയിട്ടില്ല |

| | | | |
|---|---|---|---|
| | | 2009-10 | |
| 28 | പി.കെ. അശോകൻ | 2008-09 | 2001-02 |
| 29 | സുകുമാരൻ ചന്ദ്രിക | രേഖപ്പെടുത്തിയിട്ടില്ല | 1995-96,2001-02 |
| 30 | കെ.എം. ആന്റണി | 1995-96,2001-02 | രേഖപ്പെടുത്തിയിട്ടില്ല |
| 31 | വള്ളിയമ്മാൾ | 2008-09 | 1995-96,2001-02 |
| 32 | വി.പി. ജോസഫ് (മരണമടഞ്ഞ) | 2008-09,2001-02 | 2001-02 |
| 33 | കെ.വി. സണ്ണി | 2008-09 | 1995-96.2001-02 |
| 34 | പോൾ അന്ന | 2008-09 | 1995-96,2001-02 |
| 35 | വർഗ്ഗീസ് മത്തായി | 2008-09 | 1995-96,2001-02 |
| 36 | പുരുഷോത്തമൻ | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |
| 37 | പി.സി. കുഞ്ഞപ്പൻ (മരണമടഞ്ഞ) | 2005-06,2010-11 | 1994-95,1995-96, 2001-02 |
| 38 | കെ.കെ. സുകുമാരൻ | രേഖപ്പെടുത്തിയിട്ടില്ല | 1995-96,2001-02 |
| 39 | റ്റി.വി. സ്റ്റാലിൻ | 1995-96,2009-10 | 2001-02 |
| 40 | എ. കലേശൻ | 2008-09 | 1995-96,2001-02 |
| 41 | ഇറ്റാമൻ അശോകൻ | 2008-09,2009-10 | 1995-96,2001-02 |
| 42 | എം.ജെ. ജോർജ്ജ് | 2008-09 | 1995-96 |
| 43 | എസ്.എ. ശിവദാസൻ | 2008-09 | 2001-02 |
| 44 | എം.വി. ഫ്രാസിസ് (മരണമടഞ്ഞ) | 2008-09 | രേഖപ്പെടുത്തിയിട്ടില്ല |
| 45 | എൻ. എസ്. നാരായണൻ | 2008-09 | 1995-96,2001-02 |
| 46 | പി.കെ. സദാശിവൻ | രേഖപ്പെടുത്തിയിട്ടില്ല | 1995-96,2001-02 |
| 47 | എൻ.ഒ. ഗോപി | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |

മിക്ക ജീവനക്കാരുടെയും 1995-96 വർഷത്തിലെ G.O(MS) No.214/92/LSGD Dt. 25.08.1992 പ്രകാരമുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക തുക മാത്രമാണ് പ്രോവിഡന്റ് ഫണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. കൂടാതെ ചില ജീവനക്കാർക്ക് 2008-09 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു കാണുന്നു തുടർന്നുള്ള ക്ഷാമബത്ത കുടിശ്ശിക പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചതായി കാണുന്നില്ല. GO(MS)NO.118/2016/LSGD Dt.17.08.2015 പ്രകാരമുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക നാളിതുവരെയായും പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചതായി കാണുന്നില്ല. ആയതിന് കാലതാമസം വരുത്തിയതിനുള്ള വിശദീകരണം, കുടിശ്ശികയായിട്ടുള്ള ക്ഷാമബത്ത പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനു പകരം പണമായി നൽകിയിട്ടുണ്ടോ തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.107/2.11.2018നുള്ള മറുപടി തൃപ്തികരമല്ല.

**(സി) <u>സ്ഥാപന സോഫ്റ്റ് വെയറിന്റെ ഉപയോഗം</u>**

IKM വികസിപ്പിച്ചിട്ടുള്ള സ്ഥാപന എന്ന സോഫ്റ്റ്‌വെയറിലൂടെയാണ് കണ്ടിജന്റ് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട് വിവരങ്ങൾ സൂക്ഷിക്കുന്നത്. ഈ സോഫ്റ്റ് വെയറിന്റെ ഉപയോഗം നഗരസഭാ കാര്യക്ഷമമായി നടപ്പിലാക്കുന്നില്ല. നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് വരിസംഖ്യാ വിവരങ്ങളും അതുപോലെ വായ്പ്പാ തിരിച്ചടവ് വിവരങ്ങളും സ്ഥാപനയിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും കണ്ടിജന്റ് ജീവനക്കാർ പിൻ നമ്പർ ഉപയോഗിച്ച് വിവരങ്ങൾ പരിശോധിക്കുന്നില്ല. കേരള മുനിസിപ്പൽ പെൻഷണബിൾ എംപ്ലോയീസ് സെൻട്രൽ പ്രോവിഡന്റ് ഫണ്ട് റൂൾസ് 1981 ലെ റൂൾ 30 പ്രകാരം എല്ലാ വർഷവും ജൂലൈ ഒന്നിനു മുമ്പായി എല്ലാ പ്രോവിഡന്റ് ഫണ്ട് വരിക്കാർക്കും ക്രെഡിറ്റ് സ്റ്റേറ്റ്മെന്റ് നൽകുന്നില്ല. പല ജീവനക്കാരുടെയും അടവ് /വായ്പ് തിരിച്ചടവ് വിവരപ്പട്ടികയിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

# 3-47 നിരീക്ഷണകാലം പൂർത്തീകരിക്കുന്നതിന് മുൻപ് സ്ഥാനക്കയറ്റം നൽകുന്നു

കൊച്ചി നഗരസഭയിൽ ജോലി ചെയ്യുന്ന നല്ലൊരു വിഭാഗം ജീവനക്കാരുടെയും നിരീക്ഷണകാലം (Probation) പൂർത്തീകരിച്ച് പ്രഖ്യാപിക്കുന്നതിന് മുൻപ്

തന്നെ സ്ഥാനക്കയറ്റം നൽകുന്നതായി കാണുന്നു. 3.3.2018ലെ നഗരകാര്യ ഡയറക്ടറുടെ ഇ3/2439/2017 നമ്പർ ഉത്തരവ് പ്രകാരം 91 ക്ലാർക്ക്മാർക്ക് സീനിയർ ക്ലാർക്കായി സ്ഥാനകയറ്റം നൽകിയതിൽ നഗരസഭയിലെ 7 ജീവനക്കാരുടെ നിരീക്ഷണകാലം പൂർത്തീകരിച്ചിട്ടില്ലാത്തതാണ്. നിരീക്ഷണകാലം പൂർത്തീകരിക്കാതെ സ്ഥാനകയറ്റം നൽകുന്നത് കെഎസ്എസ്ആർ ചട്ടം 28 a(1) ജനറൽ റൂൾസ് പാർട്ട് II ന് വിരുദ്ധമാണ്.

നഗരസഭയിലെ ക്ലാർക്കുമാർ മുതൽ സൂപ്രണ്ട് വരെയുള്ള നിരവധി ജീവനക്കാർ നിരീക്ഷണകാലം യഥാസമയം പൂർത്തിയാക്കാത്തവരാണ്. ക്ലാർക്ക് തസ്തികയിൽ നിരീക്ഷണകാലം പൂർത്തിയാക്കാത്തവർ സൂപ്രണ്ട് വരെയായി സ്ഥാനകയറ്റം ലഭിച്ചിട്ടുള്ളതായി സേവനപുസ്തകപരിശോധനയിൽ കാണുന്നു. നഗരസഭയിൽ നിന്നും നിരവധി തവണ നിരീക്ഷണകാലം പൂർത്തീകരിക്കണമെന്നാവശ്യപ്പെട്ട് ജീവനക്കാരുടെ രേഖകൾ നഗരകാര്യ ഡയറക്ടറേറ്റിലേക്ക് അയക്കുന്നുണ്ടെങ്കിലും മിക്ക ജീവനക്കാരുടെയും നിരീക്ഷണകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചിട്ടില്ല. നിരീക്ഷണകാലം പൂർത്തീകരിക്കാതെ എല്ലാ ഇൻക്രിമെന്റുകളും അനുവദിക്കുന്ന പ്രവണതയും നഗരസഭ തുടർന്നുപോകുന്നു. ഇത്തരം സന്ദർഭങ്ങളിൽ ജീവനക്കാരുടെ സേവനപുസ്തകം പരിശോധിക്കുമ്പോൾ അധികം നൽകിയ തുക തിരികെ ഈടാക്കുവാൻ ഓഡിറ്റിന് നിർദ്ദേശിക്കേണ്ടി വരുന്നു. പല സേവനപുസ്തകങ്ങളും പരിശോധനയ്ക്ക് വിധേയമാക്കുന്നത് റിട്ടയർമെന്റിനോടടുത്തോ, റിട്ടയർമെന്റിന് ശേഷമോ ആണ്. തന്മൂലം നിരീക്ഷണകാലം പൂർത്തീകരിക്കാത്ത ജീവനക്കാർക്ക് അനർഹമായി നൽകിയ ഇൻക്രിമെന്റ് തിരികെ ഈടാക്കുവാൻ നിർദ്ദേശിക്കുന്നത് പ്രായോഗികമല്ല. ആയതിനാൽ യഥാസമയം ജീവനക്കാരുടെ നിരീക്ഷണകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 3-48 ജീവനക്കാരുടെ അവധികൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തയിട്ടില്ല, അവധികൾ പരിഗണിക്കാതെ ശമ്പളം നൽകിയതിനാൽ നഷ്ടം

നഗരസഭയിലെ വിവിധ സെക്ഷനുകളിലെ ഹാജർ പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള ആകസ്മികാവധി ഒഴികെയുള്ള അവധികൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തി അതാത് ലീവ് അക്കൗണ്ടുകൾ ക്രമീകരിക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേര്, തസ്തിക | അനുവദിച്ച ലീവിന്റെ വിവരം (ഹാജർ പുസ്തകത്തിലുള്ളത്) | | | ലീവിന്റെ കാലയളവിൽ ജോലി ചെയ്തിരുന്ന സെക്ഷൻ | റിമാർക്സ് |
|---|---|---|---|---|---|---|
| | | തുടക്കം | ഒടുക്കം | അവധിയുടെ വിവരം | | |
| 1 | എ.പി.ജോർജ്ജ് , സൂപ്രണ്ട് | 7.9.17 | 8.9.17 | പരിവർത്തിത അവധി | മട്ടാഞ്ചേരി ,റവന്യൂ | ഈ അവധികൾ ആർജ്ജിതാവധി കണക്കാക്കിയതിനുള്ള സേവന കാലയളവിൽ നിന്നും കുറവ് വരുത്തിയിട്ടില്ല. |
| 2 | രശ്മി വി, സൂപ്രണ്ട് | 27.6.17 | 30.6.17 | പരിവർത്തിത അവധി | മട്ടാഞ്ചേരി , ഹെൽത്ത് | ഈ അവധികൾ ആർജ്ജിതാവധി കണക്കാക്കിയതിനുള്ള സേവന കാലയളവിൽ നിന്ന് കുറവ് വരുത്തിയിട്ടില്ല. |
| 3 | കെ. എസ്. റാൻസൺ, റവന്യൂ ഇൻസ്പെക്ടർ | 3.1.17 | 18.1.17 | ആബ്സന്റ് | മട്ടാഞ്ചേരി ,റവന്യൂ | ഈ അവധികൾ ആർജ്ജിതാവധി കണക്കാക്കിയതിനുള്ള സേവന കാലയളവിൽ നിന്ന് കുറവ് വരുത്തിയിട്ടില്ല. |
| 4 | ഹണി വി.എസ്, സീനിയർ ക്ലർക്ക് | 27.3.17 | 01.4.17 | അർദ്ധവേതനാവധി | മെയിൻ റവന്യൂ | പരിവർത്തിതാവധിയോട് ചേർന്ന് 01.4.17 ന് (ഹാജർ പുസ്തകത്തിൽ) ആകസ്മികാവധിയാണ് ടിയാരി എടുത്തിട്ടുള്ളത്, ഇത് ചട്ടവിരുദ്ധമാണ് |
| 5 | ഹണി വി.എസ്, സീനിയർ ക്ലർക്ക് | 7.12.17 മുതൽ 11.12.17, 19.12.17 & 26.12.17 | | പരിവർത്തിത അവധി | മെയിൻ റവന്യൂ | സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ലീവ് അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| 6 | ശ്രീകല എസ്. ക്ലാർക്ക് | 7.2.17 | 8.2.17 | അർദ്ധവേതനാവധി | മെയിൻ റവന്യൂ | സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ലീവ് അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| 7 | വി.എസ്. സുധീഷ് കുമാർ, ക്ലാർക്ക് | 3.2.17 | 10.2.17 | പരിവർത്തിത അവധി | മട്ടാഞ്ചേരി ,റവന്യൂ | ഈ അവധികൾ ആർജ്ജിതാവധി കണക്കാക്കിയതിനുള്ള സേവന കാലയളവിൽ നിന്ന് കുറവ് വരുത്തിയിട്ടില്ല. |
| 8 | കെ.എം.സനീഷ്, ബിൽ കളക്ടർ | 5.6.17 | 9.6.17 | പരിവർത്തിത അവധി | പച്ചാളം റവന്യൂ | ഈ അവധികൾ ആർജ്ജിതാവധി കണക്കാക്കുന്നതിനുള്ള സേവന |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | കാലയളവിൽ നിന്ന് കുറവ് വരുത്തിയിട്ടില്ല. |
| 9 | ജോസഫ് പി.എ, ബിൽ കളക്ടർ . | 24.6.17 | 14.7.17 | അവധി ഒന്നും രേഖപ്പെടുത്തിയിട്ടില്ല | ഇടപ്പള്ളി റവന്യൂ | സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ലീവ് അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| 10 | സുനിൽ കുമാർ കെ.എ., ക്ലർക്ക് | 1.8.17 | 3.8.17 | പരിവർത്തിത അവധി | ഇടപ്പള്ളി എഞ്ചിനീയറിംഗ് | ഈ അവധികൾ ആർജ്ജിതാവധി കണക്കാക്കുന്നതിനുള്ള സേവന കാലയളവിൽ നിന്ന് കുറവ് വരുത്തിയിട്ടില്ല. |
| 11 | ജയ കെ.ബി., ബിൽ കളക്ടർ | 11.7.17 | 5.8.17 | ശമ്പളമില്ലാത്ത അവധി (എൽ.ഡബ്ള്യൂ.എ.) | പച്ചാളം റവന്യൂ | ഈ അവധികൾ ആർജ്ജിതാവധി കണക്കാക്കുന്നതിനുള്ള സേവന കാലയളവിൽ നിന്ന് കുറവ് വരുത്തിയിട്ടില്ല. |
| 12 | ശ്രീജ പി.എ. ബി.സി. | 7.11.17 | 31.1.18 | ശമ്പളമില്ലാത്ത അവധി (എൽ.ഡബ്ള്യൂ.എ.) | പച്ചാളം റവന്യൂ | സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ലീവ് അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| 13 | ബീന ദേവി വി.എസ്, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | 1.3.17 | 8.317 | പരിവർത്തിത അവധി | മട്ടാഞ്ചേരി റവന്യൂ | ഈ അവധികൾ ആർജ്ജിതാവധി കണക്കാക്കുന്നതിനുള്ള സേവന കാലയളവിൽ നിന്ന് കുറവ് വരുത്തിയിട്ടില്ല. |
| 14 | അംബിക കെ. , ഓഫീസ് അറ്റന്റന്റ് | 25.8.17 | 31.8.17 | പരിവർത്തിത അവധി | മട്ടാഞ്ചേരി ഹെൽത്ത് | പരിവർത്തിതാവധിയോട് ചേർന്ന് 24.8.17 ന് ആകസ്മികാവധിയാണ് ടിയാരി എടുത്തിട്ടുള്ളത്, ഇത് ചട്ടവിരുദ്ധമാണ് |
| | | 1.9.17 | 12.9.17 | പരിവർത്തിത അവധി | | പരിവർത്തിത അവധി അനുവദിക്കുമ്പോൾ ലീവ് കാലയളവിന് ഇടയിൽ വരുന്ന പൊതുഅവധികളും ചട്ടപ്രകാരം ലീവിൽ ഉൾപ്പെടുത്തേണ്ടതാണ്, എന്നാൽ ഇക്കാലയളവിൽ വരുന്ന അവധി ദിവസങ്ങളായ 3,4,5,6 എന്നീ തീയതികളിലെ അവധി സേവന പുസ്തകത്തിൽരേഖപ്പെടുത്തിയിട്ടില്ല |

ജീവനക്കാർ എടുത്തിട്ടുള്ള അവധികൾ പരിഗണിക്കാതെ ശമ്പളം കൊടുത്തത് മൂലം നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരിയുടെ പേര്, തസ്തിക, അടിസ്ഥാന ശമ്പളം | എടുത്തിട്ടുള്ള അവധിയുടെ വിവരം (ഹാജർ പുസ്തകത്തിലുള്ളത്) | | സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയതിന്റെ വിവരം | അർഹമായ അവധിക്കാലത്തെ ശമ്പളം | നൽകിയിരിക്കുന്ന ശമ്പളം (പേ-ബിൽ രജിസ്റ്ററിലുള്ളത്) | തിരിച്ചടച്ചത് | അധികമായി നൽകിയ ശമ്പളം |
|---|---|---|---|---|---|---|---|---|
| | | ഇനം | കാലയളവ് | | | | | |
| 1 | ശ്രീജ പി.എ. (ബി.സി.) 19500 | എൽ.ഡബ്ള്യൂ.എ. | 7.11.17 മുതൽ 30.11.18 വരെ | പേജ് നം. 132 | 0 | 19120 (15600+2184+1200+136) | 15844 (rt.no. 7020118856, 18.1.18) | 3726 |
| 2 | ഹണി വി.എസ്, സീനിയർ ക്ലർക്ക് 29900 | അർദ്ധ വേതനാവധി | 27.3.17 | 31.3.17 | 3573 (2411+ 675+ 488) | 5497 (4822+675) | 0 | 1924 |
| 3 | ശ്രീകല എസ്., ക്ലർക്ക്, 22800 | അർദ്ധ വേതനാവധി | 7.2.17 | 8.2.17 | 1206 | 1856 (1628+228) | 0 | 650 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | 6300 |

അധികം നൽകിയ ശമ്പളം തിരികെ ഈടാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ജീവനക്കാർ എടുക്കുന്ന ആകസ്മികാവധി ഒഴികെയുള്ള അവധികളുടെ വിവരങ്ങൾ സെക്ഷനുകളിൽ നിന്ന് വകുപ്പ് മേധാവികൾ അതാത് എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനെയും സേവനപുസ്തകങ്ങൾ സൂക്ഷിക്കുന്ന സെക്ഷനെയും താമസംവിനാ അറിയിച്ച് അതാത് ജീവനക്കാരുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തി ലീവ് അക്കൗണ്ടുകൾ ക്രമീകരിക്കുന്നുണ്ടെന്നും ശമ്പളം നൽകുമ്പോൾ അവധികൾ പരിഗണിക്കുന്നുണ്ടെന്നും സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

# 3-49 വാഹനങ്ങളുടെ പരിപാലനവും കൈയൊഴിയലും - അപാകതകൾ

__ലോഗ് ബുക്ക്__

വാഹനങ്ങളുടെ ലോഗ് ബുക്ക് പരിശോധിച്ചതിൽ കസ്റ്റോഡിയൻ ഓഫീസർ കാലാകാലങ്ങളിൽ ലോഗ് ബുക്ക് പരിശോധിക്കുന്നതായി കാണുന്നില്ല (2000ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളിലെ ചട്ടം 7(2)). ചട്ടം 8 പ്രകാരമുള്ള ഇന്ധന ക്ഷമത പരിശോധന നടത്തുന്നില്ല. 6 മാസത്തിലൊരിക്കൽ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയ സർട്ടിഫിക്കറ്റ് ലോഗിൽ ചേർക്കേണ്ടതും ഇതേ ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം ഇന്ധന ഉപയോഗത്തിന്റെ കൃത്യത പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതുമാണ്.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 324 വിവരിക്കും പ്രകാരം വാഹനം ഓടുന്ന ദൂരത്തിന്റെ അടിസ്ഥാനത്തിൽ ബോദ്ധ്യപ്പെട്ടിരിക്കണം. വാഹനത്തിന്റെ ആവശ്യങ്ങൾക്കായി ചെലവ് ചെയ്യുന്ന ഉദ്യോഗസ്ഥൻ വാഹനം ഉപയോഗിച്ചതിന് അധികൃതമായ ആവശ്യങ്ങൾക്കാണ് എന്ന് ലോഗ് ബുക്ക് പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതുമാണ്. ലോഗ് ബുക്ക് പരിപാലിക്കുന്നത് സംബന്ധിച്ച പ്രാബല്യത്തിലുള്ള എല്ലാ വ്യവസ്ഥകളും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

__വാഹനലേലം__

നഗരസഭ ലേലം ചെയ്ത് കൈയൊഴിഞ്ഞ 38 വാഹനങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചു. (ഫയൽ നം. MOV1-2269/08, MOV1-4750/08, MOV1-(E6)12494/00 VOL-2, MOV1-20908/12 – ഇൻസ്പെക്ഷൻ റിപ്പോർട്ട് തീയതി 11.11.2009 എ.എക്സ്.ഇ.പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ ഡിവിഷൻ, ചാലക്കുടി).

ഓഡിറ്റ് കണ്ടെത്തലുകൾ

- ലേലം ചെയ്ത വാഹനങ്ങളിൽ 19 വാഹനങ്ങൾ മാത്രമേ ഉപയോഗിക്കാനാവാത്ത സ്ഥിതിയിലുള്ളതായി കണക്കാക്കി പി.ഡബ്ല്യു.ഡി. മൂല്യ നിർണ്ണയം നടത്തി സാക്ഷ്യപ്പെടുത്തിയിട്ടുള്ളൂ. അതായത് ബാക്കി 19 വാഹനങ്ങൾ ഉപയോഗിക്കാവുന്ന സ്ഥിതിയിലാണ്. ഉപയോഗയോഗ്യമായ വാഹനങ്ങൾ ലേലം ചെയ്ത് കൈയൊഴിഞ്ഞതിന് യുക്തമായ സാഹചര്യങ്ങൾ കാണുന്നില്ല.
- ലേലം ചെയ്ത് കൈയൊഴിഞ്ഞ വാഹനങ്ങൾ ലേലം കൊണ്ടയാളുടെ പേരിൽ കൈമാറ്റം ചെയ്യപ്പെട്ടിട്ടില്ല എന്ന് മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റിൽ പരിശോധിച്ചപ്പോൾ കാണപ്പെട്ടു.
- പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ ഡിവിഷൻ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 26.09.2007ലെ ഡി3/706/89/Vol-32131 പരിശോധന റിപ്പോർട്ട് പ്രകാരം 14 വാഹനങ്ങൾ (ഫയൽ നം. MOV1-(E6)12494/ 00 VOL-2) deteriorated condition due to the lying at exposed weather എന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു. യഥാവിധി വാഹനങ്ങൾ സംരക്ഷിക്കുന്നില്ല എന്നത് മേൽ റിപ്പോർട്ടിൽ നിന്നും ബോദ്ധ്യപ്പെടുന്നു.

02.05.2002ൽ രജിസ്റ്റർ ചെയ്ത KL 7 AH 3955 എന്ന വാഹനം 5 വർഷം പഴക്കമായപ്പോൾ 26.09.2007ലെ റിപ്പോർട്ട് പ്രകാരം റിപ്പയർ ചെയ്ത് ഉപയോഗിക്കാൻ കഴിയാത്ത വിധം ഉപയോഗ ശൂന്യമായതായി റിപ്പോർട്ട് ചെയ്തു. ലേലം ചെയ്ത നാല് വാഹനങ്ങൾ കൈയൊഴിയുന്നതിനുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല.

ഓഡിറ്റ് ശുപാർശകൾ

- നഗരസഭയുടെ വാഹനങ്ങൾ ലേലം ചെയ്ത് ഉടമസ്ഥത കൈമാറ്റം നടത്തേണ്ടത് 1989ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 57 (ഫാറം നമ്പർ 32) പ്രകാരമാണ്. വാഹനലേലം നടത്തുമ്പോൾ ബന്ധപ്പെട്ട വ്യവസ്ഥകൾ ശ്രദ്ധിക്കേണ്ടതാണ്.
- ലേല നടപടികളുടെ ഭാഗമായിട്ടുള്ള പി.ഡബ്ല്യു.ഡി.യുടെ പരിശോധന റിപ്പോർട്ടിൽ നിന്നും വാഹനങ്ങൾ യഥാവിധി പരിപാലിക്കപ്പെടുന്നില്ല എന്നും കൈയൊഴിയേണ്ട സാഹചര്യം ഇല്ലാത്ത വാഹനങ്ങൾ പോലും ലേലം ചെയ്ത് കൈയൊഴിയാൻ നടപടി കൈക്കൊണ്ടിരുന്നു എന്നും ബോദ്ധ്യപ്പെടുന്നു. വാഹനങ്ങൾ അർഹിക്കുന്ന പ്രാധാന്യത്തോടുകൂടി പരിപാലിക്കേണ്ടതും വാഹനങ്ങൾ കൈയൊഴിയുന്ന നടപടികൾ സാമ്പത്തിക ഔചിത്യത്തോടുകൂടിയും സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും ആയിരിക്കേണ്ടതാണ്.

# 3-50 ജനറം കുടിവെള്ള പദ്ധതി (JNNURM) - നഗരസഭാവിഹിതം - പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല.

*(ഫയൽ നമ്പർ.CCPC.7/ 003631 /18)*

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | : | ജനറം കുടിവെള്ള പദ്ധതി |
| പ്രോജക്ട് നമ്പർ | : | എസ്.1803/18 |
| അടങ്കൽ | : | 2,51,02,008/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സെക്രട്ടറി, കോർപ്പറേഷൻ. |
| | | |

| | | | |
|---|---|---|---|
| ചെലവ് വിവരം | : | ബിൽ റഫറൻസ് നമ്പർ | തുക |
| | | 17110147000100974048/3.2.18 | 1,58,25,227 |
| | | 1711047000101079488/27.2.18 | 92,76,781 |
| | | ആകെ | 2,51,02,008 |
| | | ഈ തുക എസ്.എസ്.എ. പ്രോജക്ട് കോ-ഓർഡിനേറ്ററുടെ 67080215607 എന്ന എസ്.ബി.ഐ. അക്കൗണ്ടിലേക്ക് RTGS ആയി മാറ്റിയിട്ടുണ്ട്. | |

ജനറം കുടിവെള്ള പദ്ധതിയിലേക്കുള്ള നഗരസഭാ വിഹിതമായിട്ടാണ് തുക അടവാക്കിയിട്ടുള്ളത്. രണ്ടുതവണയായി അടവാക്കിയ ഈ തുകകളുടെ കൈപ്പറ്റ് രസീത്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതിന് രേഖാമൂലം (ഓഡിറ്റ് എൻക്വയറി 21/16.05.2018) ആവശ്യപ്പെട്ടിരുന്നു. ആയവ പ്രോജക്ട് കോഓർഡിനേറ്ററിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. ധനവിനിയോഗ സാക്ഷ്യപത്രം അനുസരിച്ച് താഴെ ചേർക്കും പ്രകാരം 1,85,97,859/- വിനിയോഗിക്കാതെ അവശേഷിക്കുന്നു. ഈ തുക പദ്ധതിയുടെ തുടർ നടത്തിപ്പിന് ആവശ്യമാണെങ്കിൽ ആയതിന്റെ വിനിയോഗം മോണിറ്റർ ചെയ്യേണ്ടതും അല്ലാത്തപക്ഷം തുക തിരികെ ഈടാക്കി വികസനഫണ്ടിൽ അടവാക്കേണ്ടതാണ്.

| ക്രമ നം. | നഗരസഭാ വിഹിതം | വിനിയോഗവിവരം | | | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| | | തീയതി | കൈപ്പറ്റിയ വിവരം | തുക | |
| 1 | 158,25,227/- | 27.2.18 | നോബിൾ ടെക്ക് എഞ്ചിനീയറിങ്ങ് പ്രൈ.ലി. | 14,36,250/- | 143,88,977/- |
| 2 | 92,76,781/- | 5.3.18 | ശ്രീറാം ഇ.പി.സി. പാർട്ട് ബിൽ | 194,56,876/- | 10180095/- |
| | | | | ആകെ | 24569072/- |

# 3-51 അമൃത് പദ്ധതി നഗരസഭ വിഹിതം - വിനിയോഗിക്കപ്പെടാതെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ സൂക്ഷിക്കുന്നു

*(ഫയൽ നമ്പർ.CCPC.2/ 003902 /18)*

| | | | |
|---|---|---|---|
| പ്രോജക്ടിന്റെ പേര് | : | അമൃത് പദ്ധതി നഗരസഭ വിഹിതം | |
| പ്രോജക്ട് നമ്പർ | : | എസ്.1812/18 | |
| അടങ്കൽ | : | 4,00,00,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സെക്രട്ടറി, കോർപ്പറേഷൻ. | |
| ചെലവ് വിവരം | : | ബിൽ റഫറൻസ് നമ്പർ | തുക |
| | | 17110147000100986021/07.02.18 | 4,00,00,000/- |

അമൃത് പദ്ധതിയിൽ 68.24 കോടി രൂപയുടെ പ്രോജക്ട് ടെണ്ടർ ചെയ്തിട്ടുണ്ടെന്നും 100കോടിരൂപയുടെ പ്രോജക്ട് ഉടനെ ടെണ്ടർ ചെയ്യപ്പെടുമെന്നും ഈ പ്രോജക്ടുകളുടെ പൂർത്തീകരണത്തിനായി നഗരസഭ വിഹിതമായി 22 കോടി രൂപ വരുമെന്നും ആയത് അനുവദിക്കണമെന്നും 02.02.2018 ലെ കത്ത് മുഖാന്തിരം അമൃത് മിഷൻ കൊച്ചി, അർബൻ പ്ലാനർ ആവശ്യപ്പെട്ടതനുസരിച്ച് മേൽ വിവരിച്ചത് പ്രകാരം 4 കോടി രൂപ പദ്ധതിപണം പിൻവലിച്ച് നഗരസഭ സെക്രട്ടറിയുടെ STSB അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ 30.01.2018ലെ 08/2018-ാം നമ്പർ സർക്കുലർ പ്രകാരം സാമ്പത്തിക വർഷത്തിന്റെ അവസാനം STSB അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക മുന്നറിയിപ്പില്ലാതെ തിരിച്ചെടുക്കുമെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്. അമൃത് പദ്ധതിക്കായി നഗരസഭാവിഹിതമായി അനുവദിച്ച 4 കോടി രൂപ വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരവും സർക്കാർ തുക തിരിച്ചെടുത്തെങ്കിൽ അത് സംബന്ധിച്ച വിവരവും ഓഡിറ്റിൽ എത്രയും വേഗം ലഭ്യമാക്കുന്നതിന് രേഖാമൂലം ആവശ്യപ്പെട്ടെങ്കിലും ( ഓഡിറ്റ് എൻക്വയറി നം.45/30.08.2018). ആയത് ലഭ്യമാക്കാത്ത സാഹചര്യത്തിൽ 4 കോടി രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-52 കൊച്ചി സ്മാർട്ട് സിറ്റി

കേന്ദ്രസർക്കാരിന്റെ സ്മാർട്ട് സിറ്റി പദ്ധതിയിൽ ആദ്യത്തെ 20 നഗരങ്ങളിൽ ഒന്നായി കൊച്ചി നഗരവും തെരഞ്ഞെടുക്കപ്പെട്ടിരുന്നു. തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങൾക്ക് 2015-16 വർഷം മുതൽ 2019-20 വർഷം വരെയുള്ള കാലയളവിൽ ആകെ 500 കോടിയുടെ ധനസഹായമാണ് നൽകി വരുന്നത്.

കൊച്ചി നഗരസഭയ്ക്കാണ് തുടക്കത്തിൽ സ്മാർട്ട് സിറ്റി പദ്ധതിയുടെ ചുമതല ഉണ്ടായിരുന്നത്. പിന്നീട് പദ്ധതി ഗൈഡ് ലൈൻ പ്രകാരം ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിച്ചാണ് സ്മാർട്ട് സിറ്റിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. 2016 മാർച്ച് 16ന് കൊച്ചി സ്മാർട്ട് സിറ്റി മിഷൻ

ലിമിറ്റഡ് (CSML) എന്ന പേരിൽ കമ്പനി രജിസ്റ്റർ ചെയ്യുകയും, കമ്പനിയുടെ CEO ആയി ശ്രീ. മുഹമ്മദ് ഹനീഷ് IASനെ നിയമിക്കുകയും ചെയ്തു. അതോടെ സ്മാർട്ട് സിറ്റി പദ്ധതിയിൽ നഗരസഭയ്ക്ക് നേരിട്ട് പങ്കാളിത്തമില്ലാത്ത അവസ്ഥയായി. സ്മാർട്ട് സിറ്റി പദ്ധതിയ്ക്കായി ഇതിനോടകം ആകെ 399.72 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | നഗരസഭാ വിഹിതം |
|---|---|---|
| 196,00,00,000 | 200,00,00,000 | 3,72,51,413 |
| ആകെ | | 399.72 കോടി |

സ്മാർട്ട് സിറ്റി പദ്ധതിയ്ക്കായി ഇതിനോടൊപ്പം ആകെ 399.72 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കേന്ദ്രവിഹിതമായി 196 കോടി രൂപയും സംസ്ഥാന വിഹിതമായി 200 കോടി രൂപയും, നാളിതുവരെ സ്മാർട്ട് സിറ്റി മിഷൻ ലിമിറ്റഡിന് ലഭിച്ചിട്ടുണ്ട്. നഗരസഭാവിഹിതം 1-ാം ഗഡുവായി 14751413/- രൂപയും 2017-18 വർഷം എസ്-1103/18 നമ്പർ പദ്ധതി പ്രകാരം 2-ാം ഗഡുവായി 25,00,000/- രൂപയും 2017-18 വർഷത്തിൽ തന്നെ എസ്-1815/18 നമ്പർ പദ്ധതി പ്രകാരം 3-ാം ഗഡുവായി 2 കോടി രൂപയും ഉൾപ്പെടെ ആകെ 3,72,51,413/- രൂപ കൊച്ചി സ്മാർട്ട് സിറ്റി മിഷൻ ലിമിറ്റഡിന്റെ പേരിൽ അടച്ചിട്ടുണ്ട്. സ്മാർട്ട് സിറ്റി പദ്ധതിയുടെ പ്രൊജക്ട് മാനേജിംഗ് കൺസൾട്ടന്റായ M/s IPE Global Pvt. Ltd യുമായി 07.09.2017ൽ കരാർ ഒപ്പുവെച്ചിട്ടുണ്ട്.

പദ്ധതിയുടെ വിവിധ പ്രോജക്ടുകളുടെ വിശദ രൂപരേഖ തയ്യാറാക്കുവാനും ടെൻഡർ ചെയ്യുവാനുമുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. ഇതിൽ ഏകദേശം 424 കോടി രൂപയുടെ ടെൻഡറാണ് ഇതുവരെ വിളിച്ചിട്ടുള്ളതായാണ് പുരോഗതി റിപ്പോർട്ടിൽ കാണുന്നത്. ഇന്റഗ്രേറ്റഡ് ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം (ITMS), സർക്കാർ സ്കൂളുകളിലെ സ്മാർട്ട് ക്ലാസ് റൂമുകൾ, എൽ.ഇ.ഡി. ലൈറ്റുകൾ, പബ്ലിക് ബൈസിക്കിൾ ഷെയറിംഗ്, റോഡുകളുടെ വികസനം തുടങ്ങിയ പദ്ധതികൾക്കാണ് ടെൻഡർ ചെയ്തിട്ടുള്ളത്. താലൂക്ക് ആശുപത്രികൾ, മറ്റ് ആശുപത്രികൾ എന്നിവയുടെ വികസനം തുടങ്ങിയ പദ്ധതികൾ നാമനിർദ്ദേശാടിസ്ഥാനത്തിൽ നൽകാൻ ഉദ്ദേശിക്കുന്നതായും പുരോഗതി റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു.

CSMLന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കുന്നതിനുമുള്ള പങ്കാളിയായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെയാണ് നിയോഗിച്ചിരിക്കുന്നത്. ആയതിന്റെ ഭാഗമായി പ്രവർത്തനം ആരംഭിച്ച കൊച്ചി വൺ സ്മാർട്ട് കാർഡിനെയും മൊബൈൽ ആപ്പിനെയും യാത്ര ഇതര പൊതുജന സേവനങ്ങളുമായി സംയോജിപ്പിക്കുന്നതിനായുള്ള നടപടികൾ പുരോഗമിക്കുന്നു.

കൊച്ചി മെട്രോ ജലഗതാഗത പദ്ധതിയായ വാട്ടർ മെട്രോ പ്രോജക്ടിന്റെ ഭാഗമായി സ്മാർട്ട് സിറ്റിയിൽ ഉൾപ്പെടുന്ന ഫോർട്ട്കൊച്ചി, മട്ടാഞ്ചേരി, സിറ്റി സെൻട്രൽ തുടങ്ങിയ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന ജലഗതാഗത പദ്ധതി പ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുന്നതായി പുരോഗതി റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.

യന്ത്രേതര ട്രാൻസ്പോർട്ട് (non-motorized transport) പദ്ധതിയുടെ ഭാഗമായി മഹാരാജാസ് മെട്രോ സ്റ്റേഷൻ മുതൽ എറണാകുളം ബോട്ട് ജെട്ടി വരെയുള്ള ഹോസ്പിറ്റൽ റോഡിന്റെ വിവിധ നിർമ്മാണ പ്രവർത്തന പദ്ധതികൾ ത്വരിത ഗതിയിൽ പുരോഗമിക്കുന്നു എന്നു റിപ്പോർട്ടിൽ പ്രതിപാദിക്കുന്നു.

സ്മാർട്ട് സിറ്റി പദ്ധതിക്കായി ഫോർട്ട്കൊച്ചി ഏരിയ ഡീറ്റയിൽഡ് ടൗൺപ്ലാനിംഗ് സ്കീം നഗരസഭയുടെ ടൗൺപ്ലാനിംഗ് വിഭാഗം തയ്യാറാക്കിയത് നഗരസഭാ കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. ആയത് പൊതുജന ശ്രദ്ധയ്ക്കായി കേരള ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നതിനായി പ്ലാനിംഗ് ഡിപ്പാർട്ട്മെന്റ് ഡയറക്ടർക്ക് അയച്ചു കൊടുത്തിട്ടുള്ളതായി പുരോഗതി റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ പ്രസ്താവിച്ച ഘടക പദ്ധതിയിൽ മാത്രമാണ്. സ്മാർട്ട് സിറ്റി പദ്ധതിയുമായി ബന്ധപ്പെട്ട് കൊച്ചി നഗരസഭയ്ക്ക് പങ്കാളിത്തമുള്ളത്. കൊച്ചി നഗരസഭയുടെ ഭാഗത്ത് നിന്നുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങൾ കൗൺസിൽ യോഗം ചർച്ച ചെയ്ത് CSML ഡയറക്ടർ ബോർഡ് മെമ്പർമാർ കൂടിയായ നഗരസഭാ മേയർ, നഗരസഭാ സെക്രട്ടറി എന്നിവർ മുഖേന തുടർന്നും സമർപ്പിക്കാൻ ശ്രമം ഉണ്ടാകേണ്ടതാണ്.

# 3-53 രാജീവ് ആവാസ് യോജന (RAY)

'ചേരി രഹിത ഭാരതം' എന്ന ലക്ഷ്യം മുൻ നിർത്തി കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് RAY. നഗര പ്രദേശത്ത് നിലവിലുള്ള എല്ലാ ചേരി സമാന പ്രദേശങ്ങളെയും വികസനത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഉയർത്തുന്ന തരത്തിൽ ആസൂത്രണം ചെയ്യുന്ന സമയബന്ധിത കർമ്മ പരിപാടിയാണ് RAY.2010-ൽ ആണ് കേന്ദ്ര സർക്കാർ RAY പദ്ധതി പ്രഖ്യാപിച്ചത്. ടി പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചത് 2013 ഡിസംബറിലാണ്.

നഗരസഭയിലെ ഉരുത്തികോളനിയിലെ 755 ഗുണഭോക്താക്കളെയാണ് RAY പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവരിൽ 83 പേർക്ക് വ്യക്തിഗത വീടുകളും; 180 പേർക്ക് റോ ഹൗസുകളും ; 6 ഗുണഭോക്താക്കൾക്ക് G+2 ഫ്ലാറ്റുകളുമാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. ചുവടെ ചേർക്കുന്ന പ്രകാരമുള്ള വീടുകളാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്.

| വ്യക്തിഗത വീടുകൾ | റോ ഹൗസുകൾ | G+2 ഫ്ലാറ്റുകൾ | G+11 ഫ്ലാറ്റുകൾ |
|---|---|---|---|
| 83 | 180 | 6 | 486 |

പദ്ധതിയ്ക്കായി അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കേന്ദ്ര വിഹിതം (കോടി) | സംസ്ഥാന വിഹിതം (കോടി) | നഗരസഭാ വിഹിതം (കോടി) | ഗുണഭോക്തൃ വിഹിതം (കോടി) | ആകെ (കോടി) |
|---|---|---|---|---|
| 18.80 | 20.12 | 20.34 | 8.34 | 67.60 |

കേന്ദ്ര വിഹിതത്തിൽ 7 കോടി രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്. സംസ്ഥാന വിഹിതമായി നാളിതുവരെയായി തുകയൊന്നും ലഭിച്ചിട്ടില്ല. നഗരസഭാ വിഹിതമായി 6.19 രൂപയും ഗുണഭോക്തൃ വിഹിതമായി 55,00,000/- രൂപയും പദ്ധതിയ്ക്കായി ലഭിച്ചിട്ടുണ്ട്.

| | ആകെ അടങ്കൽ തുക (ലക്ഷത്തിൽ) | ചെലവ് തുക (ലക്ഷത്തിൽ) | അംഗീകരിച്ച വീടുകളുടെ എണ്ണം | നിർമ്മാണം ആരംഭിച്ച വീടുകളുടെ എണ്ണം | നിർമ്മാണം പൂർത്തീകരിച്ച വീടുകളുടെ എണ്ണം | നിർമ്മാണം ആരംഭിക്കാത്ത വീടുകളുടെ എണ്ണം |
|---|---|---|---|---|---|---|
| വ്യക്തിഗത വീടുകൾ | 373-40 | 112.67 | 83 | 29 | 19 | 54 |
| റോ ഹൗസുകൾ | 736-42 | 198.06 | 180 | 50 | 35 | 130 |
| G+2 | 29.31 | 29.67 | 6 | 6 | - | - |
| G+11 | 3458.03 | 698.49 | 398 | 199 | - | 199 |

83 ഗുണഭോക്താക്കൾക്കായി അനുവദിച്ചുനൽകിയ വ്യക്തിഗത വീടുകളിൽ 19 എണ്ണം മാത്രമാണ് നിർമ്മാണം പൂർത്തിയാക്കിയത്. റോ ഹൗസുകളിൽ 180 എണ്ണം അനുവദിച്ചതിൽ 35 വീടുകൾ മാത്രമാണ് നിർമ്മാണം പൂർത്തീയാക്കിയത്. G+2, G+11 ഫ്ലാറ്റുകളുടെ നിർമ്മാണം നാളിതുവരെയായി പൂർത്തീകരിച്ചിട്ടില്ല.

2015 മുതൽ RAY പദ്ധതി PMAY പദ്ധതിയിൽ ലയിച്ചിട്ടുണ്ട്. RAY പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന വീടുകളുടെയും, ഫ്ലാറ്റുകളുടെയും നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ നഗരസഭയുടെ ഭാഗത്ത് നിന്ന് പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

# 3-54 പ്രധാന മന്ത്രി ആവാസ് യോജന (പി.എം.എ.വൈ)

2015-2022വർഷത്തിനിടയ്ക്ക് രാജ്യത്തെ എല്ലാവർക്കും വീട് എന്ന ലക്ഷ്യവുമായി നിലവിൽ വന്ന പി.എം.എ.വൈ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരുമായി സംയോജിച്ച് നഗരസഭകൾ വഴി നടപ്പിലാക്കുന്നു. നാല് വ്യത്യസ്തങ്ങളായ ഘടകങ്ങൾ സംയോജിപ്പിച്ചുകൊണ്ടാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

| | | | |
|---|---|---|---|
| 1 | ചേരി വികസനം | : | 300 കുടുംബങ്ങൾ / 60-70 കുടുംബങ്ങൾ ഉള്ള ചേരിയിലുള്ളവർക്ക് ഭവനം നിർമ്മിച്ചു നൽകുന്നു. |
| 2 | ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി | : | താഴ്ന്ന വരുമാനമുള്ളവർക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും ഭവനം നിർമ്മിക്കുന്നതിനായി/ഭവനം വാങ്ങുന്നതിനായി ഭവനത്തിന്റെ നിലവാരം വർദ്ധിപ്പിക്കുന്നതിനായി പരമാവധി 6 ലക്ഷം രൂപ വായ്പയായി നൽകുന്നു. |
| 3 | അഫോർഡബിൾ ഹൗസിംഗ് സ്കീം | : | കുറഞ്ഞ നിരക്കിൽ വീടുകൾ ലഭ്യമാക്കി ആയത് വാങ്ങുന്നതിനുള്ള പദ്ധതി. |
| 4 | വ്യക്തിഗത ഭവന നിർമ്മാണത്തിനുള്ള ധനസഹായം | : | സ്വന്തമായി സ്ഥലമുള്ള ഭവനരഹിതരായ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്ന പദ്ധതി. |

ജി.ഒ.(എം.എസ്) നമ്പർ. 640/18/എൽ.എസ്.ജി.ഡി തീയതി. 28.02.2018 പ്രകാരം പി.എം.എ.വൈ പദ്ധതിയിൽ വ്യക്തിഗത ഭവന നിർമ്മാണത്തിനുള്ള യൂണിറ്റ് നിരക്ക് 01.04.2017 മുതൽ 4 ലക്ഷം രൂപ ആയി ഉയർത്തിയിട്ടുണ്ട്. കേന്ദ്ര - സംസ്ഥാന വിഹിതം യഥാക്രമം 1,50,000/-രൂപയും 50,000/- രൂപയുമാണ്. നഗരസഭാ വിഹിതമായി 2,00,000/- രൂപയാണ് പദ്ധതിയ്ക്ക് നൽകുന്നത്. 5 ഘട്ട ഡിപിആറുകളിലായാണ് പി.എം.എ.വൈ പദ്ധതിയുടെ വ്യക്തിഗത ഭവന നിർമ്മാണത്തിനുള്ള തുക അനുവദിച്ചിട്ടുള്ളത്.

| ഡിപിആർ | അംഗീകരിച്ച ഗുണഭോക്താക്കളുടെ എണ്ണം | ലഭിച്ച തുക (ലക്ഷം) | | | നിർമ്മാണം പൂർത്തിയാക്കിയ വീടുകളുടെ എണ്ണം | നിർമ്മാണം ആരംഭിച്ച വീടുകളുടെ എണ്ണം | നിർമ്മാണം പൂർത്തീകരിക്കാത്ത വീടുകളുടെ എണ്ണം | നിർമ്മാണം ആരംഭിക്കാത്ത വീടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|---|
| | | കേന്ദ്രം | സംസ്ഥാനം | നഗരസഭ | | | | |
| I | 1528 | 855.6 | 305.6 | 990.96 | 368 | 845 | 477 | 683 |
| II | 713 | 127.5 | 42.5 | - | 40 | 271 | 231 | 442 |
| III | 1358 | 105 | 35 | - | 04 | 276 | 272 | 1082 |
| IV | 451 | 75 | 25 | - | - | 104 | 104 | 347 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| V | 734 | - | - | - | - | 132 | - | 602 |
| ആകെ | 4784 | 1163.1 | 408.1 | 990.96 | 412 | 1628 | 1084 | 3156 |

**1-ാം ഘട്ട ഡിപിആർ**

1-ാം ഘട്ട ഡിപിആർ നുള്ള അംഗീകാരം 18.01.2017നാണ് ലഭിച്ചത്.

| | | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | അംഗീകാരം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | 1528 |
| 2 | കരാർ ചമച്ചവർ | 845 |
| 3 | 4 ഗഡുക്കളും കൈപ്പറ്റി വീട് പണി പൂർത്തിയാക്കിയവർ | 368 |
| 4 | പണി പൂർത്തീകരിക്കുവാൻ ബാക്കിയുള്ളവർ | 477 |
| 5 | 1-ാം ഗഡു കൈപ്പറ്റി പണി ആരംഭിക്കാത്തവർ | 683 |

**2-ാം ഘട്ട ഡിപിആർ**

2-ാം ഘട്ട ഡിപിആർ നുള്ള അംഗീകാരം 27.09.2017നാണ് ലഭിച്ചത്.

| | | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | അംഗീകാരം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | 713 |
| 2 | കരാർ ചമച്ചവർ | 288 |
| 3 | 4 ഗഡുക്കളും കൈപ്പറ്റി വീട് പണി പൂർത്തിയാക്കിയവർ | 40 |
| 4 | പണി പൂർത്തീകരിക്കുവാൻ ബാക്കിയുള്ളവർ | 231 |
| 5 | 1-ാം ഗഡു കൈപ്പറ്റി പണി ആരംഭിക്കാത്തവർ | 442 |

**3-ാം ഘട്ട ഡിപിആർ**

3-ാം ഘട്ട ഡിപിആർ നുള്ള അംഗീകാരം 29.11.2017നാണ് ലഭിച്ചത്.

| | | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | അംഗീകാരം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | 1358 |
| 2 | കരാർ ചമച്ചവർ | 301 |
| 3 | 4 ഗഡുക്കളും കൈപ്പറ്റി വീട് പണി പൂർത്തിയാക്കിയവർ | 4 |
| 4 | പണി പൂർത്തീകരിക്കുവാൻ ബാക്കിയുള്ളവർ | 272 |
| 5 | 1-ാം ഗഡു കൈപ്പറ്റി പണി ആരംഭിക്കാത്തവർ | 1082 |

**4-ാം ഘട്ട ഡിപിആർ**

4-ാം ഘട്ട ഡിപിആർ നുള്ള അംഗീകാരം 07.02.2018നാണ് ലഭിച്ചത്.

| | | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | അംഗീകാരം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | 451 |
| 2 | കരാർ ചമച്ചവർ | 108 |
| | | |

| | | |
|---|---|---|
| 3 | 4 ഗഡുക്കളും കൈപ്പറ്റി വീട് പണി പൂർത്തിയാക്കിയവർ | - |
| 4 | പണി പൂർത്തീകരിക്കുവാൻ ബാക്കിയുള്ളവർ | 104 |
| 5 | 1-ാം ഗഡു കൈപ്പറ്റി പണി ആരംഭിക്കാത്തവർ | 347 |

**5-ാം ഘട്ട ഡിപിആർ**

5-ാം ഘട്ട ഡിപിആർ നുള്ള അംഗീകാരം 07.02.2018നാണ് ലഭിച്ചത്.

| | | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | അംഗീകാരം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | 734 |
| 2 | കരാർ ചമച്ചവർ | 145 |
| 3 | 4 ഗഡുക്കളും കൈപ്പറ്റി വീട് പണി പൂർത്തിയാക്കിയവർ | - |
| 4 | പണി പൂർത്തീകരിക്കുവാൻ ബാക്കിയുള്ളവർ | 132 |
| 5 | 1-ാം ഗഡു കൈപ്പറ്റി പണി ആരംഭിക്കാത്തവർ | 602 |

വ്യക്തിഗത ഭവന നിർമ്മാണ പദ്ധതി കൂടാതെ ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി എന്ന ഘടക പദ്ധതിയും പി.എം.എ.വൈ പദ്ധതിയുമായി ബന്ധപ്പെട്ട് കൊച്ചി നഗരസഭയിൽ നടന്നു വരുന്നുണ്ട്. ടി പദ്ധതിയിൽ ആകെ 11075 ഗുണഭോക്താക്കളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവരിൽ 1470 ഗുണഭോക്താക്കൾക്ക് ലോൺ അനുവദിച്ചിട്ടുണ്ട്. ദേശസാത്കൃത ബാങ്കുകൾ, പ്രൈവറ്റ് ബാങ്കുകൾ എന്നിവയിൽ നിന്നുമാണ് ലോൺ അനുവദിച്ചിരിക്കുന്നത്. 381 ഗുണഭോക്താക്കൾ മാത്രമാണ് സബ്സിഡി തുക കൈപ്പറ്റിയിരിക്കുന്നത്.

2022 വർഷത്തോടെ 'രാജ്യത്തെ എല്ലാവർക്കും വീട് ' എന്ന ലക്ഷ്യവുമായി നിലവിൽ വന്ന പി.എം.എ.വൈ പദ്ധതിയുടെ നഗരസഭയിലെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ തുടരുന്നുണ്ട്. വ്യക്തിഗത ഭവനനിർമ്മാണ പദ്ധതിയിൽ പൂർത്തിയാക്കാനുള്ള വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-55 ലൈഫ് മിഷൻ പദ്ധതി - Livelihood Inclusion & Financial Empowerment (LIFE)

'എല്ലാവർക്കും സുരക്ഷിത ഭവനം' എന്ന ലക്ഷ്യം മുൻ നിർത്തി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതിയാണ് ലൈഫ് മിഷൻ Livelihood Inclusion & Financial Empowerment (LIFE)

1. മുൻ പദ്ധതികളിൽ ആരംഭിച്ച് പണി പൂർത്തീകരിക്കാനാകാത്ത ഭവനങ്ങളുടെ പൂർത്തീകരണം.
2. സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണ ധനസഹായം
3. ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിന് പൊതു ഉടമസ്ഥതയിലുള്ള ഭവന സമുച്ചയ നിർമ്മാണം.
4. വാസയോഗ്യമല്ലാത്ത വീടുകളുടെ നവീകരണത്തിനുള്ള സഹായം.

മേൽപ്പറഞ്ഞ 4 ഘട്ടങ്ങളായാണ് ലൈഫ് മിഷൻ പദ്ധതിയിൽ നിർവ്വഹണം ചിട്ടപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയുടെ രണ്ടാം ഘട്ടമായി ഭൂമിയുള്ള ഭവനരഹിതർക്കുള്ള ഭവന നിർമ്മാണ ധനസഹായവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് നഗരസഭയിൽ 2017-18 വർഷം മുതൽ തുടക്കം കുറിച്ചിരിക്കുന്നത്.

സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) നമ്പർ. 34/18/തസ്വഭവ തീയതി 16.03.2018 പ്രകാരം ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്ന ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപയാണ് ധനസഹായമായി നൽകുന്നത്. ടി തുകയിൽ കേന്ദ്ര – സംസ്ഥാന വിഹിതം യഥാക്രമം 1,50,000/- രൂപയും 50,000/- രൂപയുമാണ്. നഗരസഭാ വിഹിതമായി 2,00,000/- രൂപയാണ് അനുവദിച്ചിരിക്കുന്നത്. ടി പദ്ധതിയുടെ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | നഗരസഭാ വിഹിതം |
|---|---|---|
| 1,50,000 | 1,50,000 | 2,00,000 |
| ആകെ | | 4 ലക്ഷം |

ധനസഹായം 4 ഗഡുക്കളായാണ് വിതരണം ചെയ്യുന്നത്. ഒന്നാം ഗഡു വിതരണം ചെയ്ത തീയതി മുതൽ 6 മാസം കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. 400 ചതുരശ്ര അടി തറവിസ്തീർണ്ണമുള്ള ഭവനമാണ് ലൈഫ് പദ്ധതിയിൽ നിർമ്മിക്കുന്നത്.

കൊച്ചി നഗരസഭയിൽ ആകെ 523 ഗുണഭോക്താക്കളെയാണ് ലൈഫ് പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നഗരസഭയിലെ യുപി.എ.ഡി. വിഭാഗമാണ് ലൈഫ് മിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. നാളിതുവരെയായി 36 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ 1-ാം ഗഡു തുക അനുവദിച്ചിട്ടുണ്ട്. ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ടിരിക്കുന്ന ബാക്കി വരുന്ന ഗുണഭോക്താക്കൾക്ക് 1-ാം ഗഡു തുക അനുവദിക്കുന്നതിനായുള്ള പ്രാരംഭ നടപടികൾ തുടങ്ങിയതായി ഫയലിൽ നിന്നും വ്യക്തമാകുന്നു.

ലൈഫ് മിഷനുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ നഗരസഭയിൽ മന്ദഗതിയിലാണ് നടക്കുന്നത്. ആയതിനാൽ പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് നഗരസഭയുടെ ഭാഗത്ത് നിന്ന് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

# 3-56 സ്വച്ഛ്ഭാരത് മിഷൻ [SBM] ODF (open defecation free) മിഷൻ - പ്രഖ്യാപനം വൈകുന്നു.

മഹാത്മാഗാന്ധിയുടെ 150- ാം ജന്മദിനമായ 2019 ഒക്ടോബർ 2 ന് ഇന്ത്യയെ ഒരു സമ്പൂർണ്ണ ശുചിത്വ രാജ്യമായി പ്രഖ്യാപിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ആവിഷ്കരിക്കപ്പെട്ടിട്ടുള്ള കേന്ദ്രാവിഷ്കൃതപദ്ധതിയാണ് സ്വഛ് ഭാരത് മിഷൻ. ഇതിനായി വ്യക്തിഗത ഗുണഭോക്താക്കൾക്കും കമ്മ്യൂണിറ്റി തലത്തിലും നഗരപ്രദേശങ്ങളിൽ പൊതു ഇടങ്ങളിലും ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നു.

2017 ഒക്ടോബർ 2ന് നഗരപ്രദേശങ്ങൾ ഉൾപ്പെടെ കേരള സംസ്ഥാനം മൊത്തമായി ODF സംസ്ഥാനമായി പ്രഖ്യാപിക്കുക എന്നത് കേരള സർക്കാരിന്റെ ലക്ഷ്യമായിരുന്നു. എന്നാൽ കൊച്ചി നഗരസഭയ്ക്ക് ലോക്കൽ ബോഡി തലത്തിൽ ഈ ലക്ഷ്യം കൈവരിക്കാനായിട്ടില്ല.

കൊച്ചി നഗരസഭയിലെ ആകെയുള്ള 74 ഡിവിഷനുകളിൽ 73-ലും ODF പ്രഖ്യാപനത്തിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ 63-ാം ഡിവിഷനിൽ മാത്രമാണ് ODF പ്രഖ്യാപനത്തിനുള്ള നടപടികൾ പൂർത്തിയാകാതെ അവശേഷിക്കുന്നത്. അതിനാലാണ് നഗരസഭയുടെ ODF പ്രഖ്യാപനം വൈകുന്നത്. 63-ാം ഡിവിഷനിലെ ഗാന്ധിനഗർ, പേരണ്ടൂർ കനാൽ പി&ടി കോളനിയിൽ താമസിക്കുന്ന 87 കുടുംബങ്ങൾക്ക് മതിയായ ടോയ്‌ലെറ്റ് സൗകര്യം ഇല്ലാത്തതിനാലാണ് ODF പ്രഖ്യാപനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കാത്തത് എന്ന് അറിയിച്ചിട്ടുണ്ട്. ഇത് ശുചിത്വ മിഷന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ശുചിത്വ മിഷന്റെ റിപ്പോർട്ട് പ്രകാരം ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിരുന്നു. ആയത് പ്രകാരം ജിസിഡിഎ അനുവദിച്ച സ്ഥലത്ത് ബഹു. കേരള മുഖ്യമന്ത്രി 31.07.18ൽ തറക്കല്ലിടീൽ കർമ്മം നിർവ്വഹിച്ചിട്ടുള്ളതാണെന്ന് നഗരസഭ അറിയിച്ചിട്ടുണ്ട്.

കൊച്ചി നഗരസഭയിൽ വ്യക്തിഗത ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് ആകെ കരാർ ഒപ്പുവച്ചിരിക്കുന്നത് 1950 ഗുണഭോക്താക്കളാണ്. 1950 ഗുണഭോക്താക്കളിൽ 1683 പേർ പണി പൂർത്തീകരിച്ചിട്ടുള്ളതും, 267 ഗുണഭോക്താക്കൾ ഒന്നാം ഘട്ട തുക കൈപ്പറ്റിയെങ്കിലും പണി ആരംഭിക്കാതിരുന്നതിനാൽ അന്വേഷണം നടത്തിയപ്പോൾ ഇവർക്ക് മതിയായ ടോയ്‌ലെറ്റ് സൗകര്യം ഉണ്ടെന്ന ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇവരെ ലിസ്റ്റിൽ നിന്നും നീക്കം ചെയ്ത് തുക തിരികെ അടവാക്കുന്നതിന് നോട്ടീസ് നൽകുകയും ആയത് പ്രകാരം തുക ഡിഡി/ചെക്കായും, നെഫ്റ്റ് (NEFT) ട്രാൻസ്ഫർ വഴിയും തിരികെ നഗരസഭയിൽ ഒടുക്കിയിട്ടുള്ളതുമാണ്.

വെള്ളക്കെട്ട് ഭീഷണി നേരിടുന്ന ഡിവിഷൻ 22-ലെ സാന്തോം കോളനിയിലെ 16 ഗുണഭോക്താക്കൾക്കും ഡിവിഷൻ 74-ലെ താന്തോന്നി തുരുത്തിലെ 60 ഗുണഭോക്താക്കൾക്കും ഉൾപ്പെടെ 76 ഗുണഭോക്താക്കൾക്ക് ബയോ ടോയ്‌ലെറ്റുകൾ സ്ഥാപിക്കുന്നതിന് ബി-കംഫോർട്ട് (Be-comfort) എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകിയിരുന്നു. ഡിവിഷൻ 74ലെ താന്തോന്നി തുരുത്തിൽ 51 ടോയ്‌ലെറ്റുകൾ പൂർത്തീകരിച്ച് 7 ഗുണഭോക്താക്കൾക്ക് ഉപയോഗപ്രദമായ ടോയ്‌ലെറ്റുകൾ ഉള്ളതിനാൽ ടിയാളുകൾക്ക് അനുവദിച്ച തുക തിരികെ അടയ്ക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. 22-ാം ഡിവിഷനിലെ 16 ടോയ്‌ലെറ്റുകളിൽ 12 എണ്ണം പണി പൂർത്തീകരിച്ചിട്ടുണ്ട്. രണ്ട് ഡിവിഷനുകളിലെയും പണി പൂർത്തിയാക്കുവാനുള്ള ബയോ ടോയ്‌ലെറ്റുകളുടെ നിർമ്മാണം എത്രയും വേഗം തീർക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

അന്യ സംസ്ഥാന തൊഴിലാളികൾ കൂട്ടമായി താമസിക്കുന്ന ഡിവിഷൻ 30 വാത്തുരുത്തി കോളനിയിലെ 24 കമ്മ്യൂണിറ്റി ടോയ്‌ലെറ്റ് സീറ്റുകൾ നവീകരിക്കുന്നതിനായി 9,40,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിൽ അംഗീകരിച്ച് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് DPR തയ്യാറാക്കുന്നതിന് സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന ഏജൻസിയെ നിയോഗിച്ച് വർക്ക് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്.

നഗരസഭാ പരിധിയിലെ നഗരസഭ വക സാമൂഹിക/ പൊതു ശൗചാലയങ്ങൾ, പെട്രോൾ പമ്പുകൾ, പാർക്കുകൾ, റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാന്റ്, മാളുകൾ, ഓഡിറ്റോറിയങ്ങൾ, സർക്കാർ ഓഫീസുകൾ, ഹോസ്പിറ്റലുകൾ, ഹോട്ടലുകൾ എന്നിവിടങ്ങളിലെ ശൗചാലയങ്ങൾ നഗരത്തിൽ എത്തുന്ന യാത്രക്കാർക്കും, ടൂറിസ്റ്റുകൾക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ഗൂഗിൾ മാപ്പിംഗിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് ക്യു.സി.ഐക്ക് വർക്ക് ഓർഡർ നൽകിയിരുന്നു. ആയത് പ്രകാരം 112 ശൗചാലയങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിരുന്നു. ബാക്കിയുള്ളവയുടെ വിശദാംശങ്ങൾ കൂടി രേഖപ്പെടുത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2017 ഒക്ടോബറിൽ കൊച്ചിയിൽ നടന്ന ഫിഫ അണ്ടർ 17 ലോക കപ്പ് ഫുട്ബോൾ മത്സരങ്ങളുടെ ഭാഗമായി താൽക്കാലിക ടോയ്‌ലെറ്റുകൾ നിർമ്മിക്കുന്നതിന് ശുചിത്വ മിഷനിൽ നിന്ന് തുക അനുവദിച്ച് നൽകിയിരുന്നു. പ്രസ്തുത തുക ഉപയോഗിച്ച് ടോയ്‌ലെറ്റുകൾ നിർമ്മിക്കുന്നതിനായ ബി കംഫോർട്ട് (Be Comfort) എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകിയതിന്റെ അടിസ്ഥാനത്തിൽ 33 താൽക്കാലിക ടോയ്‌ലെറ്റുകൾ നിർമ്മിച്ചിട്ടുണ്ട്.

സ്വച്ഛ്ഭാരത് മിഷനുമായി ബന്ധപ്പെട്ട എല്ലാ ഘടക പദ്ധതികളും പ്രവർത്തനങ്ങളും അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നഗരസഭയുടെ ഭാഗത്ത് നിന്ന് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

# 3-57 മുൻകൂറായി നല്കുന്ന തുകകൾ യഥാസമയം ക്രമീകരിച്ചിട്ടില്ല

കൊച്ചി നഗരസഭ ഫണ്ടിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി മുൻകൂറായി നല്കുന്ന തുകകൾ യഥാസമയം ക്രമീകരിക്കുകയോ, ക്രമീകരിക്കാത്ത തുകകൾ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും യഥാസമയം തിരികെ ഈടാക്കുന്നതിന് നടപടികളെടുക്കുകയോ ചെയ്തതായി കാണുന്നില്ല. 2003-04 മുതൽ 2017-18 വരെ മുൻകൂറായി നൽകിയ തുകകളിൽ 2,07,20,579/-രൂപ നാളിതുവരെയും ക്രമീകരിച്ചിട്ടില്ല.

കേരള സർക്കാരിന്റെ 04.10.2011ലെ ജി.ഒ(പി)419/2011/ഫിൻ ഉത്തരവ് പ്രകാരം മുൻകൂറായി കൈപ്പറ്റിയ തുകകൾ മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണം. ഈ സമയ പരിധിക്കകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചില്ലെങ്കിൽ മുഴുവൻ അഡ്വാൻസ് തുകയും 18% പലിശ സഹിതം തുക കൈപ്പറ്റിയ വ്യക്തികളിൽ നിന്നും തിരിച്ചു പിടിക്കേണ്ടതാണ്. നഗരസഭയിലെ നിലവിലുള്ള ജീവനക്കാരിൽ നിന്നും സ്ഥലം മാറ്റം ലഭിച്ച ജീവനക്കാരിൽ നിന്നും

മുൻകൂറായി നൽകിയ തുകകൾ ഈടാക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്. ക്രമീകരിക്കാത്ത മുൻകൂറുകളുടെ വിവരം അനുബന്ധം. 5 ആയി ചേർത്തിട്ടുണ്ട്.

മുൻകൂർ രജിസ്റ്ററുകൾ പരിശോധിച്ചപ്പോൾ 2003-04 മുതൽ 2017-18 സാമ്പത്തിക വർഷം വരെ ക്രമീകരിക്കാനുള്ള തുക 20720579രൂപ ആണ്. എന്നാൽ 2017-18 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി -18 പ്രകാരം ക്രമീകരിക്കാത്ത മുൻകൂറുകൾ 24229377.50രൂപ ആണ്. ക്രമീകരിക്കാനുള്ള മുൻകൂർ തുകകൾ നഗരസഭയുടെ അസറ്റാണ്. നഗരസഭയുടെ ആസ്തി പെരുപ്പിച്ച് കാണിക്കുന്നതിന് തുല്യമാണിത്. 3508798.50രൂപയുടെ വ്യത്യാസം വന്നതിന് വിശദീകരണം നൽകുന്നതിന് 04.9.2018ന് 49-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിട്ടുണ്ട്.

# 3-58 ഡെപ്പോസിറ്റ് ജോലികൾ പൂർത്തീകരിച്ചിട്ടില്ല- 2,28,80,931/- ചെലവ് തടസ്സപ്പെടുത്തുന്നു

2017-18 സാമ്പത്തിക വർഷം കൊച്ചിൻ കോർപ്പറേഷൻ ഡെപ്പോസിറ്റ് വർക്കിനു വേണ്ടി കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്, പൊതുമരാമത്ത് വകുപ്പ്, കേരള വാട്ടർ അതോറിറ്റി, ബി.എസ്.എൻ.എൽ തുടങ്ങിയ വകുപ്പുകൾക്ക് വിവിധ പ്രവൃത്തികൾക്കായി നൽകിയ തുക വിനിയോഗിച്ചതിന്റെയോ, പ്രവൃത്തി പൂർത്തീകരിച്ചതിന്റേയോ യാതോരു രേഖകളും ഹാജരാക്കിയിട്ടില്ലാത്തതിനാൽ 2,28,80,931രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.86/2017-18 തീയതി 08.10.2018 ന് നാളിതുവരെയായിട്ടും മറുപടി ലഭ്യമാക്കിയിട്ടില്ല.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

**ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകകളുടെ വിവരങ്ങൾ:**

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ തിയതി | നൽകിയ തുക |
|---|---|---|---|---|
| 1 | KSEB | 58-ം ഡിവിഷനിലെ ഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | UTR No.383919978 dt.26.3.18<br>Dist.Treasury Ernakulam | 4,99,994 |
| 2 | KSEB | 15-ാം ഡിവിഷനിലെ പട്ടികജാതിക്കാർ താമസിക്കുന്ന സ്ഥലത്ത് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | UTR No.378927880,<br>UTR No.378924346 dt.13.06.17 | 1,00,000<br>64,910 |
| 3 | PWD | 68ാം ഡിവിഷനിലെ പട്ടികജാതി വനിതകൾക്ക് ലേഡീസ് ഹോസ്ററൽ ഇലക്ട്രിക്കൽ വർക്ക് | Treasury Refrence No. 171104702100<br>104275 | 83,18,250 |
| 4 | KWA | വിവിധ ഡിവിഷനുകളിൽ പഴകിയ കടിവെള്ള പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കൽ Project No. S.1303/18 | UTR No. 0000000370038418 | 1,16,13,477 |
| 5 | KWA | PVS ഹോസ്പിറ്റലിന് സമീപം കലുങ്ക് നിർമ്മാണവുമായി ബന്ധപെട്ട് 300mm CI പൈപ്പ് ഇടുന്നതിന് | Chq.No.097505 dt.01.08.2017 | 17,00,000 |
| 6 | BSNL | PVS ഹോസ്പിറ്റലിന് സമീപം കലുങ്ക് നിർമ്മാണവുമായി ബന്ധപെട്ട് U G Cable നീക്കം ചെയ്യുന്നതിന് | Chq.No.097505<br>dt.01.08.2017 | 5,84,300 |
| | | | ആകെ | **2,28,80,931** |

കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന് ചെക്ക് നം.097504 തീയതി 01.08.2017പ്രകാരം 2800000/-രൂപ നല്കുകയും 13.12.2017 ന് വർക്ക് പൂർത്തിയാക്കുകയും ആയതിന് Asst.Engineer, 66kv GIS Subststion, Marine Drive, dt.14.02.2018 പ്രകാരം വിനിയോഗ സാക്ഷ്യപത്രം നൽകുകയും ചെയ്തിട്ടുണ്ട്.

ഡെപ്പോസിറ്റ് വർക്കിനായി നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി നം. 86തീയതി. 08/10/2018 മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭിച്ചില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ഇതിനായി നൽകിയ തുക 2,28,80,931രൂപ തടസ്സപ്പെടുത്തുന്നു.

# 3-59 മുൻകൂർ അടച്ചിട്ടും തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിയ്ക്കാത്തതിനാൽ വൈദ്യുതി ചാർജിനത്തിൽ അധികച്ചെലവ്

നഗരസഭ പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള തെരുവു വിളക്കുകളുടെ ഉപഭോഗത്തിനനുസരിച്ച് വൈദ്യുതി ചാർജ് ഒടുക്കുന്നതിന് ആവശ്യമായ മീറ്ററുകൾ സ്ഥാപിയ്ക്കുന്നതിന് കൊച്ചി നഗരസഭ 2012-13 വാർഷിക പദ്ധതിയിലുൾപ്പെടുത്തി (പ്രോജക്ട് നം S 661/2013) എസ്റ്റിമേറ്റ് തുകയായ 94,55,244രൂപയിൽ സബ്സിഡി കിഴിച്ച് 47,27,622 രൂപ താഴെ പറയും പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ അടച്ചിട്ടുണ്ട്.

| ഇലക്ട്രിക്കൽ ഡിവിഷന് | അടച്ച തുക ₹ | ഡി ഡി നം /തിയതി |
|---|---|---|
| തൃപ്പൂണിത്തുറ | 7,95,000 | 551624/14.03.2013 |
| എറണാകുളം | 7,95,000 | 551623/14.03.2013 |
| മട്ടാഞ്ചേരി | 17,10,000 | 551625/14.03.2013 |
| | 14,27,622 | ചെക്ക് നം. 13677/11.03.2013 |
| ആകെ | 47,27,622 | |

എന്നാൽ നാളിതുവരെ മീറ്റർ സ്ഥാപിച്ചതായി കാണുന്നില്ല. നിലവിലും ബൾബുകളുടെ എണ്ണം അടിസ്ഥാനമാക്കി നിശ്ചിത തുകയാണ് എല്ലാ മാസവും കറന്റ് ചാർജിനത്തിൽ അടച്ചുകൊണ്ടിരിയ്ക്കുന്നത്. ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ 27.08.2014 ലെ 2379 നമ്പർ വിജ്ഞാപന പ്രകാരം 16.08.2014മുതലും കെ എസ് ഇ ബി യുടെ 10.05.2017 ലെ സർക്കുലർ KSEB/TRAC/TARRIF REVISION/2017-18/3909 പ്രകാരം 18.04.2017മുതലും മീറ്റർ സ്ഥാപിയ്ക്കാത്ത തെരുവു വിളക്കുകൾക്കുള്ള വൈദ്യുതി ചാർജ് നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിനെത്തുടർന്ന് വർദ്ധിപ്പിച്ച നിരക്കിലുള്ള തുകയാണ് കറന്റ് ചാർജിനത്തിൽ അടച്ചുകൊണ്ടിരിയ്ക്കുന്നത്. മീറ്റർ സ്ഥാപിയ്ക്കുന്നതിന് കോർപറേഷൻ പണമടച്ചിട്ടും കെ എസ് ഇ ബി മീറ്റർ സ്ഥാപിയ്ക്കാത്തത് മൂലം കോർപറേഷന്റേതല്ലാത്ത കാരണം കൊണ്ട് അധിക തുക എല്ലാ മാസവും അടവാക്കേണ്ടി വരുന്നു. ഇക്കാര്യത്തിൽ കോർപറേഷൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിനെ അറിയിയ്ക്കേണ്ടതാണ് എന്ന് 13.04.2018 ലെ 12 ാംനമ്പർ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടതിന്, കെ എസ് ഇ ബി യുമായി ഇക്കാര്യത്തിൽ ബന്ധപ്പെട്ടുകൊണ്ടിരിയ്ക്കുന്നുണ്ടെന്നും മീറ്ററുകൾ സ്ഥാപിച്ചു വരികയാണെന്ന് അവർ അറിയിച്ചിട്ടുണ്ടെന്നുമാണ് മറുപടി നൽകിയത്.

കെ എസ് ഇ ബി യുടെ 10.05.2017 ലെ സർക്കുലർ പ്രകാരം 45 W എൽ ഇ ഡി ബൾബിന് പ്രതിമാസം 45 രൂപ മാത്രമാണ് വൈദ്യുതി ചാർജ്. അതേ സമയം കോർപറേഷൻ പരിധിയിൽ വ്യാപകമായി ഉപയോഗിച്ചിട്ടുള്ള 250W സോഡിയം വേപ്പർ ലാമ്പിന് 447 രൂപയും 70W സോഡിയം വേപ്പർ ലാമ്പിന് 125 രൂപയും വീതമാണ് പ്രതിമാസം വൈദ്യുതി ചാർജ്. നിലവിലുള്ള ലൈറ്റുകൾ എൽ ഇ ഡി ലൈറ്റുകളായി മാറ്റിയാൽ വൈദ്യുതി ചാർജിനത്തിൽ കോർപറേഷന് വലിയ തുക ലാഭിയ്ക്കാവുന്നതാണ്. ഇതിനായി കോർപറേഷൻ എന്തെങ്കിലും പദ്ധതി തയാറാക്കിയിട്ടുണ്ടെങ്കിൽ ഓഡിറ്റിനെ അറിയിയ്ക്കേണ്ടതാണെന്നും മേൽ സൂചിപ്പിച്ച ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടെങ്കിലും എത്ര സോഡിയം വേപ്പർ ലാമ്പുകൾ മാറ്റി എൽ ഇ ഡി ലൈറ്റുകൾ സ്ഥാപിച്ചു എന്ന മറുപടി ലഭിച്ചില്ല.

തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിയ്ക്കുവാൻ മുൻകൂർ അടച്ചിട്ടുള്ള സാഹചര്യത്തിൽ അടിയന്തിരമായി മുഴുവൻ മീറ്ററുകളും സ്ഥാപിയ്ക്കുവാൻ കെ.എസ്. ഇ. ബിയോട് ആവശ്യപ്പെടേണ്ടതും അല്ലാത്ത പക്ഷം നിയമ നടപടികൾ സ്വീകരിയ്ക്കേണ്ടതുമാണ്. നിലവിലുള്ള ലൈറ്റുകൾ എൽ ഇ ഡി ലൈറ്റുകളായി മാറ്റുന്നതിനുള്ള നടപടികളും ത്വരിതപ്പെടുത്തേണ്ടതാണ്.

# 3-60 ബിറ്റുമിൻ വാങ്ങിയതിന്റെ വിവരം ലഭ്യമാക്കിയില്ല. ചെലവ് തടസ്സപ്പെടുത്തുന്നു

2017-18 സാമ്പത്തിക വർഷത്തിൽ താഴെ പറയും പ്രകാരം 2,25,74,630/- രൂപ, ബിറ്റുമിനും ബിറ്റുമിൻ എമൽഷനും വാങ്ങിയ്ക്കുവാനായി കോർപ്പറേഷൻ ചെലവഴിച്ചിട്ടുണ്ട്.

സൂപ്രണ്ടിംഗ് എഞ്ചിനീയർ - 99761 രൂപ

എക്സിക്യൂട്ടിവ് എഞ്ചിനീയർ 1 – 10607448 രൂപ

എക്സിക്യൂട്ടിവ് എഞ്ചിനീയർ 2 -11867421 രൂപ

**ആകെ - 22574630 രൂപ**

ചെലവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

സൂപ്രണ്ടിംഗ് എഞ്ചിനീയർ - 99761 രൂപ - ബിൽ നമ്പർ 119980/09.03.2018

എക്സിക്യൂട്ടിവ് എഞ്ചിനീയർ 1 – 10607448 രൂപ

| തുക ₹ | ബിൽ നമ്പർ & തിയതി |
|---|---|
| 469630 | 163064/16.03.2018 |
| 289179 | 163050/16.03.2018 |

| | |
|---|---|
| 533068 | 163005/16.03.2018 |
| 615458 | 163009/16.03.2018 |
| 749908 | 163018/16.03.2018 |
| 1140220 | 163012/16.03.2018 |
| 421787 | 163021/16.03.2018 |
| 764803 | 163027/16.03.2018 |
| 1129928 | 163032/16.03.2018 |
| 954185 | 163043/16.03.2018 |
| 199964 | 163037/16.03.2018 |
| 635945 | 163028/16.03.2018 |
| 546827 | 163047/16.03.2018 |
| 652513 | 163077/16.03.2018 |
| 403359 | 163085/16.03.2018 |
| 307855 | 163089/16.03.2018 |
| 171186 | 163072/16.03.2018 |
| 79663 | 163099/16.03.2018 |
| 344683 | 163101/16.03.2018 |
| 78495 | 163109/16.03.2018 |
| 118792 | 163059/16.03.2018 |
| **ആകെ - 1,06,07,448 രൂപ** | |

എക്സിക്യൂട്ടിവ് എഞ്ചിനീയർ 2 -11867421 രൂപ

| **തുക ₹** | **ബിൽ നമ്പർ & തിയതി** |
|---|---|
| 206582 | 171175/17.03.2018 |
| 972710 | 171136/17.03.2018 |
| 327221 | 171178/17.03.2018 |
| 708756 | 171159/17.03.2018 |
| 651510 | 171163/17.03.2018 |
| 324815 | 171182/17.03.2018 |
| 1001118 | 171193/17.03.2018 |
| 14687 | 171132/17.03.2018 |
| 330761 | 171150/17.03.2018 |
| 843976 | 171151/17.03.2018 |
| 429389 | 171130/17.03.2018 |
| 371460 | 171137/17.03.2018 |
| 181699 | 171137/17.03.2018 |
| 726427 | 171143/17.03.2018 |
| 622441 | 171146/17.03.2018 |
| 173846 | 171192/17.03.2018 |
| 1007321 | 171189/17.03.2018 |
| 450281 | 171128/17.03.2018 |
| 111498 | 171161/17.03.2018 |
| 196094 | 171147/17.03.2018 |
| 483020 | 171154/17.03.2018 |
| 117651 | 171141/17.03.2018 |
| 169014 | 171165/17.03.2018 |

| | |
|---|---|
| 1120329 | 171170/17.03.2018 |
| 324815 | 171186/17.03.2018 |
| ആകെ - 1,18,67,421 രൂപ | |

മേൽ പ്രകാരം 2,25,74,630/- രൂപ ചെലവഴിച്ച് വാങ്ങിയ ബിറ്റുമിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് റിക്വിസിഷനും 27.11.2018 ൽ നൽകിയ 142-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്കും മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങളുടെ അഭാവത്തിൽ 2,25,74,630/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ബിറ്റുമിൻ ലഭിച്ചതിന്റെ വിവരവും വിനിയോഗ വിവരവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 3-61 തൊഴിൽരഹിത വേതന വിതരണം - അപാകതകൾ

1. **രണ്ട് തവണയിൽ കൂടുതൽ വേതനം കൈപ്പറ്റാത്തവരെ രജിസ്റ്ററിൽ നിന്ന് ഒഴിവാക്കാതെ നിലനിർത്തിയിരിക്കുന്നു.**

   കൈപ്പറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചില ഗുണഭോക്താക്കൾ 3 തവണ (മെഡിക്കൽ സർട്ടിഫിക്കറ്റ് കൂടാതെ) വേതനം കൈപ്പറ്റാത്തതായി കാണുന്നു. (ഉദാഃ- റോൾ നം. 2131, 2183, 2242) തൊഴിൽരഹിതരായവർക്ക നൽകുന്ന വേതനം 2 തവണയിൽ കൂടുതൽ കൈപ്പറ്റിയിട്ടില്ലെങ്കിൽ റദ്ദാകുന്നതും ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറുടെ പ്രത്യേക ഉത്തരവൊന്നുമില്ലെങ്കിൽ അവ റദ്ദാക്കിയതായി അക്വിറ്റൻസ് രജിസ്റ്ററിൽ കാണിക്കുകയും വേണം. തൊഴിൽരഹിത വേതന വിതരണവുമായി ബന്ധപ്പെട്ട സെക്ഷനുമായി സംസാരിച്ചതിൽ കമ്പ്യൂട്ടറിൽ ഉൾപ്പെടുത്തപ്പെട്ട ലിസ്റ്റ് പ്രകാരമാണ് വേതനം നൽകുന്നതെന്നും അതിൽ ഒഴിവാക്കേണ്ടവരെ ഒഴിവാക്കിയായി രിക്കും അടുത്ത തവണ ലിസ്റ്റ് തയ്യാറാക്കുകയെന്നും അറിയിച്ചു. ഇങ്ങനെ ഒഴിവാക്കേണ്ടവരെ ഒഴിവാക്കി ലിസ്റ്റ് തയ്യാറാക്കുമ്പോൾ ഗുണഭോക്താളുടെ പേര് അക്വിറ്റൻസ് രജിസ്റ്ററിൽ നിന്നും ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. **തൊഴിൽ രഹിതവേതനത്തിന് അപേക്ഷിച്ചിട്ട് ഒരു തവണപോലും വാങ്ങാത്തവരുടെ രജിസ്ട്രേഷൻ റദ്ദാക്കിയിട്ടില്ല**

   തൊഴിൽരഹിത വേതനതത്തിന് അപേക്ഷിച്ചിട്ട് നടപടിക്രമമെല്ലാം പൂർത്തിയാക്കിയതിനു ശേഷം ഒരു തവണ പോലും വേതനം കൈപ്പറ്റാത്ത നിരവധി പേർ രജിസ്റ്ററിൽ കാണുകയുണ്ടായി. അവരുടെ രജിസ്ട്രേഷൻ റദ്ദാക്കപ്പെട്ടതായി കാണുന്നില്ല. തൊഴിൽരഹിത വേതനത്തിന് തൃപ്തികരമായ വിശദീകരണം ഉണ്ടായിട്ടില്ല.

3. **അക്വിറ്റൻസ് രജിസ്റ്ററിൽ തുക രേഖപ്പെടുത്തുന്നില്ല**

   അക്വിറ്റൻസ് രജിസ്റ്റർ പരിശോധിച്ചതിൽ, കൈപ്പറ്റിയ തുക എത്രയെന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതായി കാണുന്നില്ല. ഗുണഭോക്താക്കളെക്കൊണ്ട് അക്വിറ്റൻസ് രജിസ്റ്ററിൽ ഒപ്പിട്ടുവിക്കുമ്പോൾ എത്ര തവണത്തെ തുകയാണ് എന്ന് രേഖപ്പെടുത്തി അതിനനുസൃതമായി വിതരണം ചെയ്ത തുകയും രേഖപ്പെടുത്തേണ്ടതാണ്. തുക രേഖപ്പെടുത്താത്തത് എന്തു കൊണ്ടെന്ന് തൃപ്തികരമായ വിശദീകരണം നൽകിയിട്ടില്ല.

4. **പ്രായപരിധി കഴിഞ്ഞവരെപ്പോലും പട്ടികയിൽ നിലനിർത്തിയിരിക്കുന്നു.**

   35 വയസ്സ് പൂർത്തിയായി 2 വർഷത്തിനുമേൽ കഴിഞ്ഞിട്ടും ഒഴിവാക്കപ്പെടാത്ത (ഉദാഃ- റോൾ നം. 2358, 20.11.2015 ൽ പ്രായപരിധി കഴിഞ്ഞു) ഏതാനും പേർ കമ്പ്യൂട്ടർ ലിസ്റ്റിൽ നിലവിലുണ്ട്. അവരുടെ പേരുകൾ ഒഴിവാക്കാതെ നിലനിർത്തിയിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

തൊഴിൽരഹിതവേതനം കൈപ്പറ്റുന്നവരുടെ രജിസ്റ്ററുകൾ പരിശോധിച്ചതിൽ പ്രായപരിധി കഴിഞ്ഞവരും, രണ്ടു തവണയിൽ കൂടുതൽ വേതനം വാങ്ങാത്തവരുമായ ഗുണഭോക്താക്കളുടെ വിവരങ്ങൾ അനുബന്ധം 6 ആയി ചേർക്കുന്നു.

# 3-62 സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം - അപാകതകൾ

2017-18 വർഷത്തിൽ രണ്ടു ലിസ്റ്റുകളിലായി (I & II Lists) സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായമായ 30,000/- രൂപ വീതം 69 പേർക്കായി അവരവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. 20,70,000/- രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്. വിവാഹധനസഹായം അനുവദിക്കുന്നതിനായി സമർപ്പിച്ച പ്രസ്തുത അപേക്ഷകൾ പരിശോധിച്ചതിൽ പൊതുവായി കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. **വാർഡു കൗൺസിലറുടെയും ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെയും ശുപാർശയില്ലാത്ത അപേക്ഷകൾ**

   വാർഡു കൗൺസിലറുടെ ശുപാർശയില്ലാത്ത പല അപേക്ഷകളും പരിശോധനയിൽ കണ്ടെത്തി. കൂടാതെ ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ അന്വേഷണ റിപ്പോർട്ടും ശുപാർശയും അപേക്ഷയോടൊപ്പം കാണുന്നില്ല. ഉദാഃ- 4, 26, 32, 35, 38, 42 (I list) എന്നീ ക്രമ നമ്പരുകളിലുള്ള ഗുണഭോക്താക്കളുടെ അപേക്ഷയിൽ വളരെയധികം പോരായ്മകൾ ഉണ്ട്. ആയത് പരിഹരിക്കാൻ നഗരസഭ ശ്രദ്ധിച്ചിട്ടില്ല.

2. **അപേക്ഷകളിൽ പതിക്കുന്ന കോർട്ട് ഫീ സ്റ്റാംപ് റദ്ദ ചെയ്യുന്നില്ല.**

   നഗരസഭയിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ വലിയൊരു വിഭാഗം അപേക്ഷകളും കോർട്ട് ഫീ സ്റ്റാംപ് പതിക്കാതെയാണ് സ്വീകരിച്ചിട്ടുള്ളത്. എന്നാൽ കോർട്ട് ഫീ സ്റ്റാംപ് പതിച്ചിട്ടുള്ള അപേക്ഷയിലെ സ്റ്റാംപുകൾ യഥാവിധി റദ്ദ ചെയ്യുന്നതായി കാണുന്നില്ല. അപേക്ഷ സ്വീകരിക്കുമ്പോൾ തന്നെ പ്രസ്തുത അപേക്ഷയിലെ സ്റ്റാംപ് റദ്ദ ചെയ്യേണ്ടതാണ്. അല്ലെങ്കിൽ അത് പിന്നീട് പുനരുപയോഗിക്കുവാൻ സാധ്യതയുണ്ട്. കേരള സ്റ്റാംപ് ആക്ട് 1959 chapter II section 12 പ്രകാരം അപേക്ഷയിൽ പതിക്കപ്പെടുന്ന കോർട്ട് ഫീ സ്റ്റാംപുകൾ

സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ ആയതിനാൽ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷകളിലുള്ള സ്റ്റാമ്പുകൾ പുനരുപയോഗിക്കാൻ കഴിയാത്ത വിധം റദ്ദ് ചെയ്യേണ്ടതാണ്.

3. **ഭൂരിഭാഗം അപേക്ഷകളിലും സമർപ്പിച്ച തീയതി രേഖപ്പെടുത്തുന്നില്ല.**

വിവാഹ ധനസഹായത്തിന് ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ചതിൽ ചുരുക്കം ചില അപേക്ഷകളൊഴികെ ഭൂരിഭാഗം അപേക്ഷകളിലും ഗുണഭോക്താക്കൾ തീയതി രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷാ തീയതി അടിസ്ഥാനമാക്കിയാണ് അപേക്ഷകളുടെ സാധുത നിർണ്ണയിക്കപ്പെടുന്നതെന്നി രിക്കെ തീയതി രേഖപ്പെടുത്താത്ത അപേക്ഷകൾ സ്വീകരിക്കുന്നത് നഗരസഭയുടെ വീഴ്ചയായേ കാണാനാവൂ. അപേക്ഷ നഗരസഭയിൽ സമർപ്പിക്കുന്ന സമയം തന്നെ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ അപേക്ഷയിൽ തീയതി ഉണ്ടോ എന്ന പരിശോധിച്ച് ഉറപ്പ് വരുത്തി രസീത് നൽകേണ്ടതാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന്(ഓഡിറ്റ് എൻക്വയറി നം.82/2017-18 തീയതി 5.10.2018), സോണൽ ഓഫീസുകളിൽ അപേക്ഷകൾ സ്വീകരിക്കുന്ന ദിവസം തന്നെ തീയതി രേഖപ്പെടുത്തിയ സീൽ പതിക്കുമെന്നും മെയിൻ ഓഫീസിലാണ് അപേക്ഷ സമർപ്പിക്കുന്നതെങ്കിൽ രസീതിന്റെ കോപ്പി അപേക്ഷയോടൊപ്പം അറ്റാച്ച് ചെയ്യുമെന്നും അതിൽ നിന്ന് തീയതി അറിയാമെന്നുമായിരുന്ന മറുപടി നൽകിയത്. എന്നാൽ ഒരുപാട് അപേക്ഷകൾ ഒരു തരത്തിലും തീയതി രേഖപ്പെടുത്താത്തവ ഉണ്ടായിരുന്നു. എന്നാണ് ഇവർ അപേക്ഷ സമർപ്പിച്ചതെന്നറിയാൻ യാതൊരു നിർവ്വാഹവുമില്ലാത്ത അവസ്ഥയാണ്. മാത്രമല്ല, തീയതി രേഖപ്പെടുത്താതെ അപേക്ഷ സമർപ്പിക്കുന്നതു കൂടാതെ വൈകിയ അപേക്ഷകളിൽ മാപ്പപേക്ഷ സമർപ്പിക്കുന്നതും തീയതി രേഖപ്പെടുത്താതെയാണ്. ഉദാഃ- 22, 27, 29, 39, 44 ക്രമ നമ്പരുകളിലുള്ള അപേക്ഷകർ നൽകിയ മാപ്പപേക്ഷയിലും തീയതി രേഖപ്പെടുത്തിയിട്ടില്ല. ഈ രീതി തുടരുന്നത് വൈകിയെത്തിയ പല അപേക്ഷകളിലും നിയമാനുസൃത നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് കഴിയാതെ വരുവാനും അനർഹർ സഹായധനം കൈപ്പറ്റാൻ ഇടവരാനും സാദ്ധ്യതയുണ്ട്.

4. **മരണപ്പെട്ടത് ഗുണഭോക്താവിന്റെ നിയമാനുസൃത ഭർത്താവ് ആയിരുന്നുവെന്നും ഗുണഭോക്താവ് പുനർവിവാഹം ചെയ്തിട്ടില്ലായെന്നുമുള്ള സാക്ഷ്യപത്രം ചില അപേക്ഷകളിൽ ഇല്ല.**

സാധുക്കളായ വിധവകൾക്കുള്ള പെൺമക്കൾക്കുള്ള വിവാഹധനസഹായം ലഭിക്കുവാൻ മരണപ്പെട്ടത് ഗുണഭോക്താവിന്റെ നിയമാനുസൃത ഭർത്തവായിരുന്നെന്നും ഗുണഭോക്താവ് പുനർവിവാഹം ചെയ്തിട്ടില്ലായെന്നും ടിയാൾ അധിവസിക്കുന്ന പ്രദേശത്തെ കൗൺസിലർമാർ/ പള്ളിക്കമ്മിറ്റികൾ/ ക്ഷേത്ര – സമുദായ അധികാരികൾ എന്നിവരിലാരെങ്കിലും സാക്ഷ്യപ്പെടുത്തി നൽകുന്ന കത്ത് ഹാജരാക്കിയിരിക്കണം. അല്ലാത്തപക്ഷം ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നും പുനർവിവാഹിതയല്ല എന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം പലരും പാലിച്ചു കാണുന്നില്ല. (ഉദാഃ- ക്രമ നം. 9, ട്രീസാ ജോബ് I list – പുനർവിവാഹം ചെയ്തിട്ടില്ലായെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല) ചില കൗൺസിലർമാർ നൽകുന്ന സർട്ടിഫിക്കറ്റുകളിൽ ഗുണഭോക്താവിനെ പരിചയമുണ്ടെന്നും ധനസഹായത്തിന് അർഹതയുണ്ടെന്നും മാത്രമേ രേഖപ്പെടുത്തിക്കാണുന്നുള്ളൂ. അതിനാൽ സാക്ഷ്യപത്രം നൽകാൻ ചുമതലപ്പെട്ട അധികാരികൾ പ്രസ്തുത സർട്ടിഫിക്കറ്റുകൾ നൽകുമ്പോൾ മരണപ്പെട്ട വ്യക്തി ഗുണഭോക്താവിന്റെ നിയമാനുസൃത ഭർത്താവായിരുന്നെന്നും ഗുണഭോക്താവ് പുനർവിവാഹം ചെയ്തിട്ടില്ലായെന്നുമുള്ള കാര്യം വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന പരിശോധിക്കേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ തിയതി | നൽകിയ തുക |
|---|---|---|---|---|
| 1 | കേരള സംസ്ഥാന വൈദ്യുതി ബോർഡ് | 58-ാം ഡിവിഷനിലെ ഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | UTR നം. 383919978<br>തീയതി. 26.3.18<br>ജില്ലാ ട്രഷറി,<br>എറണാകുളം | 4,99,994 |
| 2 | കേരള സംസ്ഥാന വൈദ്യുതി ബോർഡ് | 15-ാം ഡിവിഷനിലെ പട്ടികജാതിക്കാർ താമസിക്കുന്ന സ്ഥലത്ത് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | UTR നം. 378927880,<br>UTR നം. 378924346<br>തീയതി. 13.06.17 | 1,00,000<br>64,910 |
| 3 | പൊതുമരാമത്ത് വകുപ്പ് | 68ാം ഡിവിഷനിലെ പട്ടികജാതി വനിതകൾക്ക് | ട്രഷറി റഫറൻസ് നം. 171104702100<br>104275 | 83,18,250 |

| | | | | |
|---|---|---|---|---|
| | | ലേഡീസ് ഹോസ്റ്റൽ ഇലക്ട്രിക്കൽ വർക്ക് | | |
| 4 | കേരള വാട്ടർ അതോറിറ്റി | വിവിധ ഡിവിഷനുകളിൽ പഴകിയ കുടിവെള്ള പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കൽ Project No. S.1303/18 | UTR നം. 0000000370038418 | 1,16,13,477 |
| 5 | കേരള വാട്ടർ അതോറിറ്റി | PVS ഹോസ്പിറ്റലിന് സമീപം കലുങ്ക് നിർമ്മാണവുമായി ബന്ധപെട്ട് 300mm CI പൈപ്പ് ഇടുന്നതിന് | ചെക്ക് നം. 097505 തീയതി. 01.08.2017 | 17,00,000 |
| 6 | ബി.എസ്. എൻ. എൽ | PVS ഹോസ്പിറ്റലിന് സമീപം കലുങ്ക് നിർമ്മാണവുമായി ബന്ധപെട്ട് U G Cable നീക്കം ചെയ്യുന്നതിന് | ചെക്ക് നം. 097505 തീയതി. 01.08.2017 | 5,84,300 |
| | | | ആകെ | 2,28,80,931 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

# 4-4 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 37870071.35 |
| തൻവർഷം നിക്ഷേപിച്ച തുക (term deposit) | 22531000.00 |
| ആകെ | 60401071.35 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 60401071.35 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം**

| നിക്ഷേപത്തിന്റെ വിവരം | തുക | തുക |
|---|---|---|
| Equity share | | 12600000.00 |
| Fixed deposits<br>സിൻഡിക്കേറ്റ് ബാങ്ക് നിക്ഷേപങ്ങൾ<br>വികാസ് ക്യാഷ് സർട്ടിഫിക്കറ്റ് നം.43004050029428/1<br>വികാസ് ക്യാഷ് സർട്ടിഫിക്കറ്റ് നം.43004050020807/1<br>വികാസ് ക്യാഷ് സർട്ടിഫിക്കറ്റ് നം.43004580000018/1 | 3010485.00<br>5461535.00<br>16798051.00 | 25270071.00 |
| തൻവർഷം നിക്ഷേപിച്ച തുക (term deposit) | | 22531000.00 |
| സിൻഡിക്കേറ്റ് ബാങ്ക്<br>അക്കൗണ്ട് നം. 43002140000210 | 14406000 | |
| എസ്.ബി.ടി. ബ്രോഡ് വേ<br>അക്കൗണ്ട് നം. 67082747448 | 8125000 | |
| ആകെ | | 60401071.00 |

# 4-5 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 25,000/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ / തീയതി |
|---|---|---|---|---|
| 2010-11 | 2.2.എ(2) | 25,000 | ശ്രീ. സുനിൽ തോമസ് ഈസ്റ്റ് സി.ഡി.എസ് മെമ്പർ സെക്രട്ടറി | രസീത് നം. 61/117010105494 തീയതി. 16.6.17 |
| | ആകെ | 25,000 | | |

# 4-6 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ 10,00,00,000/- രൂപ വരവുണ്ട്. മുൻ ബാക്കി 10,88,03,363/-രൂപയടക്കം 20,88,03,363 രൂപയിൽ 14,92,36,318/- രൂപ അടയ്ക്കുവാൻ ബാക്കിയുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കുവാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്, ഉദ്ദേശ്യം | ഉത്തരവ് തീയതി നം. | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| HUDCO ലോൺ (ബ്രഹ്മപുരം പ്ലാന്റ്) MOj2/27265/05 Scheme No.19136 | | 1,56,500,000 | 62355301 | 12182045 | 4988421 | 50173256 |
| Loan for the payment of work bill 16-17 Loan A/c No. 43009890000010 | GO(Rt) No. 2421/ 2016/ LSGD 11.08.16 | 10,00,00,000 | 46448062 | 46448062 | 944000 | - |
| Loan for the payment of work bill 17-18 | GO(Rt) No. 3195/ 2017/ LSGD 4.10.17 | 10,00,00,000 | 10,00,00,000 | 936938 | 1,00,00,000 | 99063062 |
| ആകെ | | 35,65,00,000 | 208803363 | 59567045 | 15932421 | 149236318 |

# 4-7 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 318,08,53,446 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 306,74,87,761 |
| *വരവിനങ്ങളിലുള്ള നഷ്ടം ₹ | 1,11,87,096 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക ₹ | 1,03,58,296.75 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക ₹ | 14,43,37,678 |

(*ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

**(ബി) <u>നഗരസഭാഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

**<u>വരവിനങ്ങളിലെ നഷ്ടം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ ചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-8 | 6638 | സിജി ഗോപി, റവന്യൂ ഇൻസ്പെക്ടർ, വൈറ്റില |
| 2-9(എ) | 4422 | ബി.എം. ജമീല, റവന്യൂ ഇൻസ്പെക്ടർ, വൈറ്റില |
| 2-9(ബി) | 1255 | മായ ഒ.വി., റവന്യൂ ഇൻസ്പെക്ടർ, ഫോർട്ടുകൊച്ചി |
| 2-9(സി) എ | 166 | മായ ഒ.വി., റവന്യൂ ഇൻസ്പെക്ടർ, ഫോർട്ടുകൊച്ചി |
| 2-9(സി) ബി | 166 | മായ ഒ.വി., റവന്യൂ ഇൻസ്പെക്ടർ, ഫോർട്ടുകൊച്ചി |
| 2-12 | 4084 | എൻ. വി. ബിന്ദു, റവന്യൂ ഇൻസ്പെക്ടർ, മട്ടാഞ്ചേരി (13.01.2014 – 28.6.2014)<br>കെ.ജെ. അഗസ്റ്റിൻ, റവന്യൂ ഇൻസ്പെക്ടർ, ഐലന്റ്, മട്ടാഞ്ചേരി<br>(1.7.2014-8.1.2015)<br>കെ. മോഹനൻ, (9.1.2015 - .5.2015)<br>എസ്. മോഹനൻ(.3.15ൽ ചാർജ്ജ് വഹിച്ചു) |
| 2-16 എ | 65518.00 | റവന്യൂ ഓഫീസർ <u>(ഒന്നാം അർദ്ധ വർഷം</u>)<br>പോൾ എം. ഫിലിപ്പ് (01.04.2017 – 24.04.2017)<br>പി.പി. മോഹനൻ (24.04.2017 – 30.06.2017)<br>ശിവദാസൻ<br>റവന്യൂ ഓഫീസർ <u>(രണ്ടാം അർദ്ധ വർഷം</u>)<br>മുഹമ്മദ് തമീം പി.ജി. (23.10.2017-30.11.2017) |

| | | |
|---|---|---|
| | | എൻ.വി. ബിന്ദു (അഡീഷണൽ ചാർജ്ജ് (1.12.2017 മുതൽ 5.2.2018 വരെ)<br>എ.ജെ. ഫ്രാൻസിസ് സേവ്യർ (6.02.2018 – 28.2.2018)<br>എൻ.വി. ബിന്ദു (അഡീഷണൽ ചാർജ്ജ് (01.03.2018 – 31.03.2018) |
| | 12045.00 | ആന്റണി ലയണൽ അത്രുജ, ഇടപ്പള്ളി മേഖലാ ഓഫീസ്<br>വസന്തൻ, സൂപ്രണ്ട്, ഇടപ്പള്ളി മേഖലാ ഓഫീസ് |
| | 9093.00 | ബിന്ദു ആർ., സൂപ്രണ്ട്, ഫോർട്ട് കൊച്ചി മേഖലാ ഓഫീസ്<br>ദാസൻ എ.എസ്., സൂപ്രണ്ട്, ഫോർട്ട് കൊച്ചി മേഖലാ ഓഫീസ് |
| | 2640.00 | ശ്യാമള കെ.ഡി., സൂപ്രണ്ട്, പച്ചാളം മേഖലാ ഓഫീസ് |
| | 22450.00 | മാത്യു കെ.എ., അസിസ്റ്റന്റ് റവന്യൂ ഓഫീസർ, മട്ടാഞ്ചേരി |
| | 70760.00 | മിനിമോൾ വി.ആർ, സൂപ്രണ്ട്, പള്ളുരുത്തി |
| | **ആകെ : 182506** | |
| 2-17 | 10385659 | റവന്യൂ ഓഫീസർ (<u>ഒന്നാം അർദ്ധ വർഷം</u>)<br>പോൾ എം. ഫിലിപ്പ് (01.04.2017 – 24.04.2017)<br>പി.പി. മോഹനൻ (24.04.2017 – 30.06.2017)<br>ശിവദാസൻ<br>റവന്യൂ ഓഫീസർ (<u>രണ്ടാം അർദ്ധ വർഷം</u>)<br>മുഹമ്മദ് തമീം പി.ജി. (23.10.2017-30.11.2017)<br>എൻ.വി. ബിന്ദു (അഡീഷണൽ ചാർജ്ജ് (1.12.2017 മുതൽ)<br>എ.ജെ. ഫ്രാൻസിസ് സേവ്യർ (6.02.2018 – 28.2.2018)<br>(01.03.2018 – 31.03.2018) ലഭ്യമാക്കിയിട്ടില്ല |
| 2-21 | 10293 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, ഫോർട്ടുകൊച്ചി |
| 2-22 | 95020 | റവന്യൂ ഓഫീസർ, മെയിൻ ഓഫീസ് |
| | 26990 | ഹെൽത്ത് ഓഫീസർ, മട്ടാഞ്ചേരി മേഖലാ ഓഫീസ് |
| | 3000 | ഹെൽത്ത് ഓഫീസർ, പള്ളുരുത്തി |
| | **ആകെ : 125010** | |
| 2-27 | 9000 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 10.03.2017 |
| 2-29 | 419239 (2017-18) | മിനിമോൾ വി.ആർ, സൂപ്രണ്ട്, പള്ളുരുത്തി |

| | | |
|---|---|---|
| 2-36 | 38658 | മാതൃ കെ.എ., അസിസ്റ്റന്റ് റവന്യൂ ഓഫീസർ, മട്ടാഞ്ചേരി |
| ആകെ | 11187096 | |

<u>സർചാർജ് ചെയ്യാവുന്നവ</u>

<u>ചെലവിനങ്ങളിലെ നഷ്ടം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 44,63,431 | ശ്രീ.കെ.എസ്.ശശികുമാർ, സൂപ്രണ്ടിങ്ങ് എഞ്ചിനീയർ,<br>ശ്രീമതി ജെസ്സി ഇ.എസ്,<br>( എക്സിക്യൂട്ടീവ് എഞ്ചിനീയർ)<br>ശ്രീ രാജേഷ് എസ് ഡി,<br>(അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ)<br>ശ്രീമതി അതുല്യ ഐ. ആർ ,<br>( അസിസ്റ്റന്റ് എഞ്ചിനീയർ) |
| 3-2 (എ) | 33,30,000 | ശ്രീമതി എ.എസ്. അനൂജ, സെക്രട്ടറി<br>കൗൺസിൽ അംഗങ്ങളും (73 പേർ) |
| 3-4 | 2,63,289 | ശ്രീമതി എ.എസ്.അനൂജ, സെക്രട്ടറി,<br>ശ്രീമതി ഹൈറുന്നീസ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3-16 | 1721377 | കെ. ഉണ്ണി, എക്സിക്യൂട്ടിവ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, |
| 3-26 | 447500 | ശ്രീമതി.എ.എസ്.അനൂജ, സെക്രട്ടറി |
| 3-30 | 163085 | ശ്രീമതി.എ.എസ്.അനൂജ, സെക്രട്ടറി |
| 3-32 (എ) | 28202.5 | ശ്രീമതി പി.കെ. ഖദീജമ്മ, സി.ഡി.പി.ഒ, അർബൻ II |
| 3-32 (ബി) | 9097.50 | ശ്രീമതി പി.കെ. ഖദീജമ്മ, സി.ഡി.പി.ഒ അർബൻ II |
| 3-32 (സി) | 24830.25 | ശ്രീമതി ആശ സുമന (റിട്ട.), സി.ഡി.പി.ഒ, അർബൻ III |
| 3-33 | 42215 | ശ്രീമതി എ.നിസ, പ്രോജക്ട് ഓഫീസർ, യു.പി.എ.ഡി |
| 3-40(സി) | 7351.50 | എം.ഒ.എച്ച്18 സെക്ഷൻ ക്ലാർക്ക് (ഹെൽത്ത് വിഭാഗം)<br>( 23.10.2007 തീയതിയിൽ ചുമതലയിലുള്ള) |
| | 7351.50 | സൂപ്രണ്ട് 3 (ഹെൽത്ത് വിഭാഗം)<br>( 23.10.2007 തീയതിയിൽ ചുമതലയിലുള്ള) |
| | 7351.50 | ഹെൽത്ത് ഓഫീസർ<br>( 23.10.2007 തീയതിയിൽ ചുമതലയിലുള്ള) |
| 3-48 | 6300 | സൈഫുദ്ദീൻ, അഡീഷണൽ സെക്രട്ടറി, അഡ്മിനിസ്ട്രേഷൻ |
| **ആകെ** | | |

| | | |
|---|---|---|
| | 10358296.75 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 3,17,33,111 | |
| | 2,02,694 | |
| | ആകെ:3,19,35,805 | ശ്രീമതി എ.എസ്. അനുജ, സെക്രട്ടറി<br>ശ്രീമതി ഹൈറുന്നീസ, അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ, പള്ളുരുത്തി<br>ശ്രീ. ജയകുമാർ കെ.ആർ,<br>ബിൽഡിംഗ് ഇൻസ്പക്ടർ, പള്ളുരുത്തി |
| 3-14 | 5,07,892 | ശ്രീ.കെ.എസ്.ശശികുമാർ, സൂപ്രണ്ടിങ്ങ് എഞ്ചിനീയർ |
| 3-17 | 2690000 | ശ്രീ ജിജോ ജോൺ, പ്രിൻസിപ്പാൾ, എസ്.ആർ.വി. വൊക്കേഷണൽ എച്ച്.എസ്.എസ് |
| 3-19 | 4,18,831 | ശ്രീ ജിജോ ജോൺ, പ്രിൻസിപ്പാൾ, എസ്.ആർ.വി. വൊക്കേഷണൽ എച്ച്.എസ്.എസ് |
| 3-20 | 12,00,000 | കെ.എച്ച്.ഷാജഹാൻ, പട്ടികജാതി വികസന ഓഫീസർ |
| 3-21 | 5,00,000 | ശ്രീമതി.എ.എസ്.അനുജ, സെക്രട്ടറി |
| 3-22 | 6,36,140 | ശ്രീ. ബാലസുബ്രഹ്മണ്യൻ വി.സി., ഹെൽത്ത് ഓഫീസർ |
| 3-23 | 14,98,000 | ശ്രീ. സുധീർകുമാർ, ഹെൽത്ത് ഇൻസ്പക്ടർ II |
| 3-24 | 71,50,000 | ശ്രീ. ബാലസുബ്രഹ്മണ്യൻ വി.സി., ഹെൽത്ത് ഓഫീസർ |
| 3-25 | 34,11,241 | ശ്രീ. ബാലസുബ്രഹ്മണ്യൻ വി.സി., ഹെൽത്ത് ഓഫീസർ |
| 3-26 | 4,47,500 | ശ്രീമതി.എ.എസ്.അനുജ, സെക്രട്ടറി |
| 3-27 | 1,32,840 | ശ്രീമതി.എ.എസ്.അനുജ, സെക്രട്ടറി |
| 3-28 | 23,67,319 | ശ്രീ. സുധീർകുമാർ, ഹെൽത്ത് ഇൻസ്പക്ടർ II<br>ശ്രീ. ബാലസുബ്രഹ്മണ്യൻ വി.സി., ഹെൽത്ത് ഓഫീസർ |
| 3-29 | 11,84,049 | പി.വി. ഷൈലജ<br>ഹെഡ് മിസ്ട്രസ്, ഗവ. ഗേൾസ് ഹൈസ്കൂൾ |
| 3-30 | 1,63,085 | ശ്രീമതി.എ.എസ്.അനുജ, സെക്രട്ടറി |
| | | |

| | | |
|---|---|---|
| 3-33 | 47,50,000 | എ.നിസ, പ്രോജക്ട് ഓഫീസർ, യു.പി.എ.ഡി |
| 3-36 | 5,00,000 | രാധിക<br>അസിസ്റ്റന്റ് എഞ്ചിനിയർ, വൈറ്റില |
| 3-51 | 4,00,00,000 | ശ്രീമതി.എ.എസ്.അനുജ, സെക്രട്ടറി |
| 3-58 | 2,28,80,931 | ശ്രീമതി.എ.എസ്.അനുജ, സെക്രട്ടറി |
| 3-60 | 2,25,74,630 | സൂപ്രണ്ടിംഗ് എഞ്ചിനീയർ - 99761 രൂപ<br>എക്സിക്യൂട്ടിവ് എഞ്ചിനീയർ 1 – 10607448 രൂപ<br>എക്സിക്യൂട്ടിവ് എഞ്ചിനീയർ 2 -11867421 രൂപ |
| **ആകെ** | **14,43,37,678** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

| **ഖണ്ഡിക നം.** | **തുക** | **ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും** |
|---|---|---|
| 3-1 | വാറ്റ് –3,96,299 രൂപ<br>ആദായനികുതി -1,63,709 രൂപ<br>നിർമാണതൊഴിലാളി ക്ഷേമനിധി വിഹിതം – 99,074 രൂപ | ശ്രീ.കെ.എസ്.ശശികുമാർ, സൂപ്രണ്ടിങ്ങ് എഞ്ചിനിയർ<br>ശ്രീ.കെ.എസ്.ശശികുമാർ, സൂപ്രണ്ടിങ്ങ് എഞ്ചിനീയർ,<br>ശ്രീമതി ജെസ്സി ഇ.എസ് ( എക്സിക്യൂട്ടിവ് എഞ്ചിനീയർ)<br>ശ്രീ രാജേഷ് എസ് ഡി,<br>(അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ)<br>ശ്രീമതി അതുല്യ ഐ. ആർ ( അസിസ്റ്റന്റ് എഞ്ചിനീയർ) |

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല.

**(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| **പേരും ഉദ്യോഗപ്പേരും** | **ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം** | **സ്ഥിരം മേൽവിലാസം** |
